അവിയ്ക്ക് aviykkə *(vt),* cook by boiling; അവർ മരച്ചീനി അവിച്ചു തിന്നു

അവിയൽ aviyal *(nn),* side dish prepared in kerala; മലയാളികൾക്ക് ഏറ്റവും പ്രധാനപ്പെട്ട ഭക്ഷണപദാർത്ഥം ആണ് അവിയൽ

അവിരാമം aviraamaM *(nn),* continuity; അയാളുടെ പ്രവൃത്തി അവിരാമ മായിരുന്നു

അവിവാഹിതരായ avivaahita *(adj),* unmarried; അവിവാഹിതരായ ചെറുപ്പക്കാർ ഇവിടെയുണ്ട്

അവിവേകം aviveekaM *(nn),* indiscretion; അവൻ അവിവേകം കാണിച്ചു

അശേഷം aSee$aM *(adj)*, wholy; അശേഷം പോലും അവനിൽ നന്മയില്ലായിരുന്നു

അശ്രദ്ധ asRaddha *(adj)*, carelessness; ഡോക്ടറുടെ അശ്രദ്ധകൊണ്ട് രോഗി മരിച്ചു

അഷ്ടം a$TaM *(nn,num)*, eight; അഷ്ടദിക്ക് പാലകന്മാർ ഉള്ള അമ്പലമാണിത്

അസംഖ്യം asaMkhyaM *(adj)*, innumerable; അസംഖ്യം പേർ പരിപാടിയിൽ പങ്കെടുത്തു

അസംതൃപ്തി asaMtRəpti *(nn)*, discontent; എനിക്ക് വല്ലാത്ത അസംതൃപ്തി തോന്നി

അസഭ്യം asabhyaM *(nn)*, foul language; അയാൾ അസഭ്യം പറഞ്ഞു

അസഭ്യമായ asabhyamaaya *(adj)*, vulgar; വളരെ അസഭ്യമായ വാക്കുകൾ എന്നോടു പറഞ്ഞു.

അസമയം asmayaM *(nn)*, untime; അയാൾ അസമയത്ത് കയറി വന്നു

അസാധാരണമായ asaadhaaraNa *(adj)*, extra ordinary; വളരെ അസാധാരണമായ ഒരു വിചാരണ ആയിരുന്നു അവന്റേത്

അസാധു asaadhu *(adj, nn)*, invalid; അയാളുടെ വോട്ട് അസാധുവായി

അസുഖം asuKhaM *(nn)*, uneasiness; അസുഖം മൂലം അയാൾ വന്നില്ല

അസൂയ asuuya *(nn)*, envy; അസൂയയ്ക്ക് മരുന്നില്ല

അസ്തമനം astamanaM *(nn)*, sunset; അസ്തമനത്തിനു മുമ്പ് നമുക്കു മടങ്ങണം

അസ്ഥി asthi *(nn)*, bone; മനുഷ്യന്റെ അസ്ഥിയിൽ ഫോസ്ഫറസ് അടങ്ങിയിട്ടുണ്ട്

അസ്വാസ്ഥ്യം asvaasthyaM *(nn)*, discomfort; എനിക്ക് ഇപ്പോൾ വല്ലാത്ത അസ്വാസ്ഥ്യം അനുഭവപ്പെടുന്നു

അഹങ്കരിക്ക് ahaŋkarikkə *(vi)*, proud; അയാൾ എന്തിനാണ് അഹങ്കരിക്കുന്നത്?

അഹങ്കാരം ahaŋkaaraM *(nn)*, arrogance; അഹങ്കാരം ആർക്കും നല്ലതല്ല

അഹങ്കാരിയാവ് ahaŋkaariyaavə *(vi)*, be arrogant; അവൻ ജോലി ലഭിച്ചപ്പോൾ പെട്ടെന്നുതന്നെ ഒരു അഹങ്കാരിയാവുന്നു

അളക്ക് aLakkə *(vt)*, measure; ടേപ്പു കൊണ്ട് തുണി അളക്കുന്നു

അലറ് aLaRə *(vi)*, cry aloud in fear; കുട്ടി രാത്രിയിൽ സ്വപ്നം കണ്ട് അലറുന്നു

അളവ് aLavə *(nn)*, measurement; ഈ മേശയുടെ ആകെ അളവ് എത്രയാണ്

അളവ് aLavə *(nn),* measure; അളവിൽ കൃത്രിമം കാണിക്കരുത്

അളിയ് aLiyə *(vi),* decay; ഈ വൃത്തികേടുകൾ ഇവിടെ കിടന്ന് അളിയുന്നു

അഴക് aZakə *(nn),* beauty; അഴകുള്ള പെൺകുട്ടിയ്ക്ക് എന്തിന് ആഭരണം

അഴിക്ക് aZikkə *(vt),* take off; സീത വനവാസത്തിനു പുറപ്പെടും മുമ്പെ ആഭരണങ്ങൾ അഴിച്ചു വച്ചു

അഴിച്ചുപണിയ് aZiccupaNiyə *(nn),* repair; പഴയ കെട്ടിടം മുഴുവൻ അഴിച്ചു പണിയുന്നു.

അഴിമതി aZimati *(nn),* corruption; അഴിമതിയുടെ കഥകൾ പുറത്തുവന്നു

അഴിയ് aZiyə *(vi),* get loose; പശുവിനെ കെട്ടിയിരുന്ന കയർ അഴിഞ്ഞു.

അഴകുള്ള aZakuLLa *(adj),* pretty; അഴകുള്ള വസ്തുക്കൾ എല്ലാവരും ഇഷ്ടപ്പെടുന്നു

അഴുക്ക് aZukkə *(nn),* filth; ശരീരത്തിൽ മുഴുവൻ അഴുക്കായിരുന്നു

അഴുക്ക് iZukkə *(nn),* soiled clothes; അഴുക്കു വസ്ത്രങ്ങൾ അയാൾ കഴുകി

അറ aRa *(nn),* room; അറയിൽ നെല്ലു സൂക്ഷിച്ചിരിക്കുന്നു

അറക്ക് aRakkə *(vt),* cut; അയാൾ മരം അറക്കുന്നു

അറപ്പുവാൾ aRappuvaL *(nn),* saw; അവർ അറപ്പുവാളു കൊണ്ട് മരം അറുത്തു

അറപ്പ് aRappə *(nn),* sawing; മരം അറപ്പ് നിർത്തി വച്ചു

അറപ്പ് aRappə *(nn),* contempt; അറപ്പുളവാക്കുന്ന ദൃശ്യം ആയിരുന്നു ഈ ഹോസ്പിറ്റലിലെ മുറികൾ

അറയ്ക്ക് aRaykkə *(vi),* detest; അങ്ങോട്ടു നോക്കാൻ അവൾ അറച്ചു

അറിയിക്ക് aRiyikkə *(vt),* inform; എല്ലാ വിവരങ്ങളും അയാളെ അറിയിക്കാറുണ്ടായിരുന്നു

അറിയിക്ക് aRiyikkə *(vt),* announce; ആ വിവരം നേരത്തെ അറിയിക്കണം

അറിയിപ്പ് aRiyippə *(nn),* notice; അറിയിപ്പ് കേട്ട് വന്നതാണ് അയാൾ

അറിയ് aRiyə *(vt),* know; എല്ലാ കാര്യങ്ങളും അവൻ അറിയാറില്ല.

അറിവ് aRivə *(nn),* knowledge; അറിവ് ആയുധമാണ്

അറുകൊല aRuKola *(nn),* merciless killing; അറുകൊലയിൽ അയാൾക്കു പങ്കില്ല

അറുപത് aRupatə *(nn,num),* sixty; അറുപത് വയസ്സായപ്പോൾ മരിച്ചു.

അറ്റം aRRaM *(nn),* edge; ബ്ലയിഡിന്റെ അറ്റത്തിനു മൂർച്ചയില്ല

അറ്റം aRRaM *(nn),* end; ബെഞ്ചിന്റെ അറ്റത്തിരുന്ന കുട്ടി തറയിൽ വീണു

ആ aa *(nn,pron),* that; ആ പുസ്തകം എന്റേതാണ്

ആംഗ്യം aaMgyaM *(nn),* gesture; അവൻ ആംഗ്യത്തിലൂടെ സംസാരിച്ചു

ആകയാൽ aakayaal *(cond),* therefore; ആകയാൽ കർത്താവ് അരുളി ചെയ്യുന്നു

ആകർഷകം aakaR$akaM *(nn),* attraction; അയാളുടെ പെരുമാറ്റം ആകർഷകമാണ്

ആകർഷകമായ aakaR$akamaaya *(adj),* charming; ആകർഷകമായ മുഖം പ്രസാദമുള്ളതാണ്

ആകർഷിക്ക് aakaR$ikkə *(vt),* attract; ആരെയും ആകർഷിക്കുന്നതാണ് അയാളുടെ പെരുമാറ്റം

ആകാംക്ഷ aakaaMk$a *(nn),* strong desire; ആകാംക്ഷ കൊണ്ട് അയാൾ പെട്ടി പൊട്ടിച്ചു നോക്കി

ആകാംക്ഷിക്ക് aakaaMk$ikkə *(vt),* long for; ദീർഘനാളത്തെ വേർപാടിനുശേഷം ആകാംക്ഷയോടെ അവൾ ഭർത്താവിനു വേണ്ടി കാത്തിരുന്നു

ആകാശം aakaaSaM *(nn),* sky; ആകാശത്തിന്റെ നിറം നീലയാണ്

ആകൃതി aakRəti *(nn),* shape; വീടിന്റെ ആകൃതി പുതുമയുള്ളതായിരുന്നു

ആകെ aake *(in),* total; ആകെ എത്ര ശതമാനം പോളിംഗ് നടന്നു

ആക് aakə *(vi),* become; വെള്ളം ചൂടായി

ആക് aakə *(vi),* be; അയാൾ ഒരു അധ്യാപകൻ ആകുന്നു

ആക്ക് aakkə *(vt),* make; ഞാൻ വെള്ളം ചൂടാക്കി

ആക്രമം aakRamaM *(nn),* attack; കെട്ടിടത്തിനു നേരെ ആക്രമം ഉണ്ടായി

ആക്രമിക്ക് aakRamikkə *(vt),* attack; ജനക്കൂട്ടം പോലീസ് സ്റ്റേഷൻ ആക്രമിച്ചു.

ആക്ഷേപിക്ക് aak$eepikkə *(vt),* make fun of; അവൾ എന്നെ ആക്ഷേപിച്ചു

ആഗമനം aagamanaM *(nn),* arrival; അയാളുടെ ആഗമനം എന്തിനായിരുന്നു

ആഗസ്റ്റ് aagasRRə *(nn),* august; ആഗസ്റ്റ മാസത്തിൽ ഈ ചെടികളെല്ലാം പൂക്കുന്നു

ആഗ്രഹിക്ക് aagRahikkə *(vt),* wish for; എല്ലാവരും ഉയർന്ന പദവികൾ ആഗ്രഹിക്കുന്നു

ആഗ്രഹം aagrahaM *(nn),* wish; ഞാൻ എന്റെ ആഗ്രഹം പ്രകടിപ്പിച്ചു

ആഘാതം aaghaataM *(nn),* blow; എനിക്ക് അത് വലിയൊരു ആഘാതമായിത്തീർന്നു

ആഘോഷം aaghoo$aM *(nn),* celebration; ജീവിതത്തിൽ ആഘോഷങ്ങൾക്ക് ഒരു പ്രധാന സ്ഥാനമുണ്ട്.

ആഘോഷിക്ക് aaghoo$ikkə *(vt),* celebrate; അവൻ ഓണം ആഘോഷിക്കുന്നു

ആചാരം aacaaraM *(nn),* ritual; ഓരോ സമൂഹത്തിനും വ്യത്യസ്തമായ ആചാരങ്ങൾ ഉണ്ട്

ആചാരം aacaaraM *(nn),* custom; പഴയ ആചാരങ്ങൾ നാം മാറ്റിമറിക്കണം

ആജീവനാന്തം aajiivanaM *(nn),* life long; അയാൾ ആജീവനാന്തം രോഗിയായിരുന്നു

ആജ്ഞ aaj~a *(nn),* order; അയാളുടെ ആജ്ഞ ഞാൻ അനുസരിച്ചില്ല

ആജ്ഞാപിക്ക് aaj~aapikkə *(vt),* order; അയാൾ എപ്പോഴും ആജ്ഞാപിക്കുന്നു

ആട് aaTə *(nn),* goat; ആട് ഒരു വളർത്തു മൃഗമാണ്.

ആട് aaTə *(vi),* swing; കുട്ടികൾ ഊഞ്ഞാലിൽ ആടുന്നു

ആട് aaTə *(vi),* oscillate; പെൻഡുലം ആടുന്നു

ആട്ടം aaTTaM *(nn),* oscillation; പെൻഡുലത്തിന്റെ ആട്ടം നിന്നു

ആട്ടം aaTTaM *(nn),* dance; അവിടെ കഥകളിയുടെ ആട്ടം നടക്കുന്നു

ആട്ടക്കഥ aaTTakkatha *(nn),* literary work, meant for staging katha kali; ഉണ്ണായിവാര്യർ ആട്ടക്കഥ എഴുതി

ആട്ടിടയൻ aaTTiTayan *(nn),* shephered; ആട്ടിടയൻ ആടുകളെ മേയ്ക്കുന്നു

ആട്ടിറച്ചി aaTTiRacci *(nn),* mutton; എനിക്ക് ആട്ടിറച്ചി ഇഷ്ടമല്ല

ആട്ടുകല്ല് aaTTukallə *(nn),* grinding stone; ആട്ടുകല്ലിൽ അരി ആട്ടുന്നു

ആട്ടെ aaTTe *(in),* ok; ആട്ടെ, അകത്തേക്കു വരൂ

ആട്ട് aaTTə *(vt),* shake; കുട്ടിയെ തൊട്ടിലിൽ ആട്ടി

ആഡംബരം aaDaMbaraM *(nn),* luxury; ആഡംബരങ്ങളിൽ അയാൾക്ക് താൽപര്യമില്ല

ആണ aaNa *(nn),* oath; അയാൾ ദൈവത്തിന്റെ നാമത്തിൽ ആണയിട്ടു

ആണി aaNi *(nn),* nail; അവൻ ചുവരിൽ ആണി തറയ്ക്കുന്നു

ആണ് aaNə *(nn)*, male; ആണിന് ആണത്തം വേണം

ആൺകുട്ടി aaNkuTTi *(nn)*, boy; ആൺകുട്ടി പുസ്തകം വായിക്കുന്നു

ആൺ aaN *(nn)*, male; ആൺ മയിൽ നൃത്തമാടുന്നു.

ആതിഥേയൻ aatitheeyan *(nn)*, host; കേരളീയർ നല്ല ആതിഥേയരാണെന്ന് ചിലർ പറയുന്നു.

ആതുരം aaturam *(nn)*, illness; അവൻ ആതുരസംരക്ഷണസേനയിൽ പ്രവർത്തിക്കുന്നു

ആത്മകഥ aatmakatha *(nn)*, autobiography; അദ്ദേഹം ആത്മകഥ എഴുതാൻ തുടങ്ങി

ആത്മജ്ഞാനം aatmaj~aanaM *(nn)*, self realisation; ആത്മജ്ഞാനമാണ് പ്രധാനമായി ഉണ്ടായിരിക്കേണ്ടത്

ആത്മത്യാഗം aatmatyaagaM *(nn)*, self sacrifice; അദ്ദേഹം ഈ പ്രസ്ഥാനത്തിനു വേണ്ടി ആത്മത്യാഗം ചെയ്തവനാണ്

ആത്മദർശനം aatmadaRSanaM *(nn)*, spiritual knowledge; ആത്മദർശനത്തിന്റെ അഭാവമായിരുന്നു അയാളിൽ കണ്ടത്

ആത്മനാ aatmana *(adj)*, whole heartedly; അദ്ദേഹം പരിപാടിയോട് ആത്മനാ സഹകരിച്ചു

ആത്മനിന്ദ aatmaninda *(nn)*, self reproach; എന്റെ പ്രവൃത്തിയേക്കുറിച്ച് ഓർത്തപ്പോൾ എനിക്ക് ആത്മനിന്ദ തോന്നി

ആത്മനിയന്ത്രണം aatmaniyantRaNaM *(nn)*, self control; അവന് ആത്മനിയന്ത്രണം പാലിക്കാൻ കഴിഞ്ഞില്ല

ആത്മനിവേദനം aatmaniveedanaM *(nn)*, self dedication; അവൾ എല്ലാം അവന് ആത്മനിവേദനം ചെയ്തു

ആത്മനിഷ്ഠം aatmani$ThaM *(adj)*, subjective; ആത്മനിഷ്ഠമായ ഒരു കാര്യമാണിത്

ആത്മപരിത്യാഗം aatmaparityaagaM *(nn)*, renunciation; അവൾ ആത്മപരിത്യാഗം നടത്തി സന്യാസിനിയായി

ആത്മപ്രശംസ aatmapRaSaMsa *(nn)*, self praise; ആത്മപ്രശംസ മറ്റുള്ളവർക്ക് അറപ്പുളവാക്കുന്നതാണ്

ആത്മബന്ധു aatmabandhu *(nn)*, ones own kith & kin; അവൻ എന്റെ ആത്മബന്ധുവാണ്

ആത്മബോധം aatmaboodhaM *(nn)*, spiritual knowledge; ആത്മബോധം അവശ്യം ഉണ്ടായിരിക്കണം

ആത്മഭാവം aatmabhaavaM *(nn)*, gist of soul; ആത്മഭാവം അറിയുകയാണ് യഥാർഥ ജ്ഞാനം

ആത്മരക്ഷ aatmarak$a *(nn),* self protection; ആത്മരക്ഷയ്ക്കുവേണ്ടി അയാൾ ആയുധം സൂക്ഷിച്ചു

ആത്മവഞ്ചന aatmava~cana *(nn),* self deception; ആത്മവഞ്ചനയാണ് ഏറ്റവും വലിയ തിന്മ

ആത്മവിശ്വാസം aatmaviSvaasaM *(nn),* self confidence; ആത്മവിശ്വാസമില്ലാത്ത ഒരു കുട്ടിയാണ് അവൻ

ആത്മസംയമനം aatmasaMyamanaM *(nn),* self control; നേതാവ് ജനങ്ങളോട് ആത്മസംയമനം പാലിക്കാൻ പറഞ്ഞു

ആത്മഹത്യ aatmahatya *(nn),* suicide; അവൾ ആത്മഹത്യ ചെയ്തു

ആത്മാവ് aatmaavu *(nn),* soul; സ്വന്തം ആത്മാവിന്റെ അന്വേഷണം നടത്തണം

ആത്മാർപ്പണം aatmaaRppaNaM *(nn),* self dedication; അദ്ദേഹം ആത്മാർപ്പണം നടത്തി വളർത്തിയതാണ് ഈ പ്രസ്ഥാനം

ആദരം aadaram *(nn),* respect; അയാൾ എല്ലാവരുടേയും ആദരം പിടിച്ചു പറ്റി

ആദരിക്ക് aadarikkə *(vt),* respect; അവൻ അദ്ദേഹത്തെ ആദരിക്കുന്നു

ആദർശം aadaRSaM *(nn),* ideology; ആദർശത്തിനു വേണ്ടി ജീവൻ കളയാൻ പോലും അവൻ തയ്യാറായി

ആദായം aadaayaM *(nn),* profit; നല്ല ആദായം കിട്ടുന്ന പറമ്പാണിത്

ആദി aadi *(nn),* beginning of the world; ആദിയിൽ വചനമുണ്ടായിരുന്നു

ആദിത്യൻ aadityan *(nn),* sun; ആദിത്യൻ ഉദയഗിരിയിൽ തലകാണിച്ചു

ആദിമ aadima *(adj),* early; ആദിമ മനുഷ്യൻ കല്ലുകൾകൊണ്ട് ആയുധങ്ങളുണ്ടാക്കി

ആദേശം aadeeSam *(nn),* substitution; ആ വസ്തുക്കൾ അവിടെ ആദേശം ചെയ്തു

ആദ്ധ്യാത്മിക aaddhyaatmika *(adj),* metaphysical; ആദ്ധ്യാത്മിക ജീവിതം അയാൾ വെറുത്തു

ആദ്യ aadya *(adj),* initial; ആദ്യ ദർശനത്തിൽ തന്നെ വെറുപ്പു തോന്നി

ആദ്യം aadyaM *(adv),* first; ആദ്യമായിട്ടാണ് ഞങ്ങൾ ഇവിടെ വരുന്നത്

ആദ്യത്തെ aadyatte *(nn),* first; ആദ്യത്തെ തെരഞ്ഞെടുപ്പിൽ തന്നെ അയാൾ തോറ്റുപോയി

ആധാരം aadhaaraM *(nn),* record; ആധാരം വക്കീലിനെ ഏൽപ്പിച്ചു

ആധാരമെഴുത്തുകാരൻ aadhaaramezuttukaaran *(nn),* document

writer; ആധാരം എഴുത്തുകാരൻ ആധാരം എഴുതി

ആധികാരികമായ aadhikaarikamaaya *(adj)*, authoritative; അയാൾക്ക് ആ വിഷയത്തിൽ ആധികാരികമായ ജ്ഞാനമുണ്ട്

ആധിക്യം aadhikyaM *(nn)*, abundance; ജനങ്ങളുടെ ആധിക്യം കൊണ്ട് അങ്ങോട്ടു പോകാൻ കഴിയുന്നില്ല

ആധിപത്യം aadhipatyaM *(nn)*, supremacy; അയാൾ എപ്പോഴും ആധിപത്യം പുലർത്തി

ആധുനികം aadhunikaM *(adj)*, modern; ആധുനികമായ പല സജ്ജീകരണങ്ങളും അവിടെയുണ്ട്

ആന aana *(nn)*, elephant; ആന മദം ഇളകി ഓടുന്നു

ആന aana *(adj)*, huge; ആ വീടിന് ഒരു ആനച്ചന്തം ഉണ്ട്

ആനന്ദം aanandaM *(nn)*, joy; കലകൾ ആനന്ദത്തിനുവേണ്ടിയുള്ളതാണ്

ആനന്ദിക്ക് aanandikkə *(vi)*, enjoy; പൂക്കൾ നോക്കി എല്ലാവരും ആനന്ദിക്കുന്നു

ആനുകാലിക aanukaalika *(adj)*, periodical; ആനുകാലിക സംഭവങ്ങൾ അവർ വിലയിരുത്തി

ആനുകൂല്യം aanukuuliyaM *(nn)*, favour; ആനുകൂല്യങ്ങൾ അനുഭവിക്കുക എന്നത് നിന്ദ്യമാണ്

ആന്തരിക aandarika *(adj)*, internal; ആന്തരികാവയവങ്ങൾ പുറത്തു വന്നു

ആമ്പൽ aambal *(nn)*, water lily; കുളത്തിൽ ആമ്പൽ വിരിഞ്ഞു

ആപത്ത് aapattə *(nn)*, danger; ആപത്തിൽ സഹായിക്കുന്നവൻ ആണ് യഥാർത്ഥ സുഹൃത്ത്

ആഫീസർ aaphiisaR *(nn)*, officer; ആഫീസർ അയാളോട് കയർത്തു സംസാരിച്ചു.

ആഫീസ് aaphiisə *(nn)*, office; ഇന്ന് ആഫീസിന് അവധിയാണ്

ആഭാസം aabhaasaM *(nn)*, vulgarity; അയാൾ കുറെ ആഭാസങ്ങൾ കാണിച്ചു

ആഭിചാരം aabhicaaraM *(nn)*, black magic; മന്ത്രവാദി ആഭിചാരം നടത്തി

ആഭിജാത്യം aabhijaatyaM *(nn)*, nobility; നല്ല ആഭിജാത്യമുള്ള കുടുംബത്തിൽ പിറന്നവൻ ആണ് അവൻ

ആഭിമുഖ്യം aabhimukhyaM *(nn)*, auspices; സംഘടനയുടെ ആഭിമുഖ്യത്തിൽ പരിപാടി നടന്നു

ആഭിമുഖ്യം aabhimukhyaM *(nn)*, favourable disposition; ആ പാർട്ടിയോട് ആഭിമുഖ്യമുള്ളവർ പാർട്ടിയിൽ ചേർന്നു

ആഭ്യന്തര aabhyantara *(adj)*, internal; ആഭ്യന്തര കലഹങ്ങൾ അടിച്ചമർത്തപ്പെട്ടു

ആമ aama *(nn)*, tortoise; ആമ മുയലിനെ തോൽപ്പിച്ചുവത്രേ

ആമം aamaM *(nn)*, hand cuff; കൈയ്യിൽ ആമം വച്ചു

ആമം aamaM *(nn)*, fetters; ഭ്രാന്തനെ കാൽ ആമം വച്ചു തളച്ചിട്ടു

ആമാശയം aamaaSayaM *(nn)*, stomach; ആമാശയത്തിൽ ഭയങ്കരമായ വേദന അനുഭവപ്പെട്ടു.

ആമുഖം aamuKhaM *(nn)*, preface; നിരൂപകൻ കവിതയ്ക്ക് ആമുഖമെഴുതി

ആമോദം aamoodaM *(nn)*, cheerfulness; കുട്ടികൾ ആമോദത്തിൽ ആറാടി

ആമ്യൻ aamyan *(nn)*, Ameen; ആമ്യൻ ജപ്തി നോട്ടീസ് പതിച്ചു

ആയാസം aayaasaM *(nn)*, fatigue; ആയാസമുള്ള ജോലികൾ നാം ചെയ്യാറില്ല

ആയിരം aayiraM *(nn)*, Thousand; നൂറുകിട്ടുമ്പോൾ ആയിരം കിട്ടാനാവും മനുഷ്യനാഗ്രഹം

ആയുക aayuka *(vi)*, start out; അങ്ങോട്ടുപോകാൻ അയാൾ ആഞ്ഞു

ആയുധം aayudhaM *(nn)*, arms; ആയുധങ്ങൾ നിർമ്മിക്കാൻ കഴിവുള്ള ഒരേ ഒരു ജീവിയാണ് മനുഷ്യൻ

ആയുർവേദം aayuRveedaM *(nn)*, ayurveda; ആയുർ വേദത്തിന്റെ ഉത്ഭവം ഇന്ത്യയിലാണ്

ആയുസ്സ് aayussə *(nn)*, duration of life; ആയുസ്സ് നീട്ടിക്കിട്ടാൻ അയാൾ പ്രാർഥിച്ചു

ആയോധനം aayoodhanaM *(nn)*, battle tactics; ആയോധനകലകൾ അയാൾ പഠിച്ചു

ആരം aaraM *(nn)*, cart wheel; തേരിന്റെ ആരം തകർക്കപ്പെട്ടു.

ആരംഭം aaraMbhaM *(adv)*, beginning; ഒന്നിന്റെ അവസാനം മറ്റൊന്നിന്റെ ആരംഭമായിരുന്നു

ആരംഭിക്ക് aarambhikkə *(vi)*, begin; പുതുതായി ഒന്നും ആരംഭിക്കുന്നില്ല എല്ലാം പഴയതിന്റെ തുടർച്ചമാത്രം

ആരതി നടത്ത് aarati naTattu *(vt)*, worship by waving of lamps to an idol; അച്ഛൻ ഗണപതിക്ക് ആരതി നടത്തി

ആരവം aaravaM *(nn)*, noise due to hawling and hooting; വളരെ ഭയങ്കരമായ ഒരു ആരവം കേട്ടു

ആരാച്ചാർ aaraccaaR *(nn),* executioner; ആരാച്ചാർ കുറ്റവാളിയെ തൂക്കിക്കൊന്നു

ആരാധന aaraadhana *(nn),* worship; അന്ധമായ ആരാധന അപകടകരമാണ്

ആരാധിക്ക് aaraadhikkə *(vt),* worship; എല്ലാവരാലും ആരാധിക്കപ്പെടുന്ന വ്യക്തിയായിരുന്നു അദ്ദേഹം.

ആരായ് aaraayə *(vt),* enquire; സംശയങ്ങളെല്ലാം അയാൾ അപ്പോഴപ്പോൾ ആരായാറുണ്ട്

ആരോ ഒരാൾ aaroo oraL *(NP),* someone; ആരോ ഒരാൾ ഇങ്ങോട്ടു വരുന്നു

ആരോഗ്യം aaroogyaM *(nn),* health; ആരോഗ്യമാണ് സമ്പത്ത്

ആരോഹണം aaroohaNaM *(nn),* ascend; ആരോഹണം കഴിഞ്ഞാൽ അവരോഹണം ആയി

ആര് aarə *(pron),* who; നിങ്ങൾ ആര് ആണ്

ആരോ aaroo *(pron),* whoever; നിങ്ങളുടെ അച്ഛൻ ആരോ അദ്ദേഹം വരട്ടെ

ആര് aarə *(nn),* thin piece of wood; കൈയ്യിൽ ഒരു ആരു കുത്തിക്കയറി

ആർക്ക് aaRkkə *(vi),* cry aloud; കുട്ടികൾ ഉച്ചത്തിൽ ആർക്കുന്നു

ആർജ്ജവം aaRjjavaM *(nn),* straight forwardness; നല്ല ആർജ്ജവമുള്ള കുട്ടിയ്ക്കാണ് സമ്മാനം കിട്ടിയത്

ആർത്തവം aaRttavaM *(nn),* menses; ആർത്തവസംബന്ധമായ അസുഖങ്ങൾ അവൾക്കുണ്ട്

ആർദ്ര aaRdra *(adj),* wet; ആർദ്രമായ ഹൃദയം ഉള്ള കാരണം അവനു ദു:ഖമുണ്ടായി

ആർപ്പ് aaRppə *(nn),* howling; കുട്ടികളുടെ ആർപ്പുവിളികൾ അവിടെയെല്ലാം നിറഞ്ഞു

ആര്യമായ aaryamaaya *(adj),* noble; ആര്യമായ പെരുമാറ്റമായിരുന്നു ദിവാകരന്റേത്

ആല aala *(nn),* workshop; ആലയിൽ കൊല്ലൻ ജോലി ചെയ്യുന്നു

ആലയം aalayaM *(nn),* home; അയാളുടെ ആലയത്തിലേക്ക് അയാൾ മടങ്ങിയെത്തി

ആലവട്ടം aalavaTTaM *(nn),* ornamental fan made of peacocks feather used chiefly in processions; ആലവട്ടവും വെഞ്ചാമരവും വീശി ആനപ്പുറത്ത് രാജാവ് വന്നു

ആലസ്യം aalasyaM *(nn),* laziness; ആലസ്യം കൊണ്ട് അവൾ കിടന്നു

ആലാപനം aalaapanaM *(nn),* elaborating a tune; അയാളുടെ ആലാപനം എനിക്കിഷ്ടമല്ല

ആലിംഗനംചെയ്യ് aalimganam *(vt),* embrace; ധൃതരാഷ്ട്രർ ഭീമനെ ആലിംഗനം ചെയ്യാൻ നോക്കി

ആലേഖനം aaleekhanaM *(nn),* writing; അവന്റെ ആലേഖനം എനിക്ക് ഇഷ്ടപ്പെട്ടു

ആലോചന aaloocana *(nn),* thinking; അയാൾ ആലോചനയില്ലാതെ പെരുമാറി

ആലോചിക്ക് aaloocikkə *(vi),* consult; അയാളോട് ആലോചിക്കാതെ അവൻ അതു ചെയ്തു

ആലോലം aaloolaM *(adj),* fickleness; ആലോല നീല വിലോചനങ്ങൾ നടുങ്ങി

ആല് aalə *(nn),* banian tree; ആലിന്റെ ചുവട്ടിൽ കുറേ പേർ ഇരിക്കുന്നുണ്ടായിരുന്നു

ആൽ aal *(in),* by; രാമനാൽ രാവണൻ കൊല്ലപ്പെട്ടു.

ആവണം aavaNaM *(nn),* market; മാധവൻ ആവണത്തിലേക്ക് പുറപ്പെട്ടു

ആവരണം aavaraNaM *(nn),* cover; ആ കായ്കളെ ആവരണം ചെയ്തിരുന്ന തോട് എടുത്തു

ആവർത്തനം aavaRttanaM *(nn),* repetition; ആവർത്തനത്തിന്റെ മുഷിപ്പ് ഭയങ്കരമാണ്

ആവലാതി aavalaati *(nn),* complaint; അവൻ അവളോട് ആവലാതി പറഞ്ഞു

ആവശ്യം aavaSyaM *(nn),* need; മനുഷ്യന് ലോകത്ത് ജീവിക്കുമ്പോൾ പല ആവശ്യങ്ങളുണ്ട്

ആവശ്യം aavaSyaM *(nn),* want; അവന്റെ ആവശ്യങ്ങൾ ഒന്നും നടന്നില്ല

ആവശ്യപ്പെട് aavaSyappeTə *(vt),* demand; കുട്ടി പുസ്തകം ആവശ്യപ്പെട്ടു

ആവാഹിക്ക് aavaahikkə *(vt),* invoke the deity and evil sprits; മന്ത്രവാദി ദുർദേവതയെ ആവാഹിച്ചു

ആവി aavi *(nn),* vapour; ആവികൊണ്ട് ഓടുന്ന വണ്ടി തീവണ്ടിയാണ്

ആവിധം aavidhaM *(adj),* in that manner; ആ വിധത്തിൽ ഞാൻ പലതും ചെയ്തു നോക്കി

ആവിർഭവിക്ക് aaviRbhavikkə *(vi),* appear; അവിടെ പുതുതായി ഒരു വഴി ആവിർഭവിച്ചു

ആവിർഭാവം aaviRbhaavaM *(nn),* incarnation; മഹാവിഷ്ണു വാമനന്റെ രൂപത്തിൽ ആവിർഭവിച്ചു

ആവിഷ്കരണം aavi$karaNaM *(adj),* manifestation; ആ ശില്പത്തിന്റെ

ആവിഷ്ക്കരണത്തിൽ ഞാൻ ശ്രദ്ധിച്ചു

ആവിഷ്ക്കരിക്ക് aavi$kkarikkə *(vt)*, reveal; ഒരു പുതിയ സിദ്ധാന്തം ആവിഷ്ക്കരിച്ചു

ആവേശം aaveeSaM *(nn)*, over enthusiasm; എന്തിനാണ് ഇങ്ങനെ ആവേശം കൊള്ളുന്നത്

ആവോളം aavooLaM *(adv)*, as much as possible; കുട്ടി തേൻ ആവോളം ഭക്ഷിച്ചു

ആശ aaSa *(nn)*, desire; ആശയാണ് എല്ലാ ദുഃഖങ്ങൾക്കും കാരണം

ആശംസ aaSaMsa *(nn)*, blessing; അമ്മാവൻ ആശംസകൾ നല്കി

ആശങ്ക aaSaŋka *(nn)*, apprehension; ഇനി ആശങ്കയ്ക്ക് വകയൊന്നുമില്ല

ആശയം aaSayaM *(nn)*, idea; ആ ആശയം എനിക്കിഷ്ടമായി

ആശാൻ aaSaan *(nn)*, teacher; ആശാൻ ഒന്നു പിഴച്ചാൽ കുട്ടികൾ പത്തു പിഴക്കും

ആശാരി aaSaari *(nn)*, carpenter; ആശാരി വീടു പണിതു

ആശിക്ക് aaSikkə *(vt)*, desire; കുട്ടി ഒരു പുതിയ ഉടുപ്പുകിട്ടിയിരുന്നെങ്കിൽ എന്ന് ആശിക്കുന്നു

ആശീർവാദം aaSiiRvaadaM *(nn)*, blessing; അച്ഛന്റെ ആശീർവ്വാദം വാങ്ങൂ

ആശീർവദിക്ക് aaSiiRvadikkə *(vt)*, bless; കുട്ടിയെ എല്ലാവരും ആശീർവ്വദിച്ചു

ആശുപത്രി aaSupatRi *(nn)*, hospital; ആശുപത്രിയിൽ രോഗികൾ നിറഞ്ഞു

ആശ്ചര്യം aaScaryaM *(nn)*, astonishment; കുട്ടികൾക്ക് മാജിക്ക് കണ്ടപ്പോൾ വളരെ ആശ്ചര്യം തോന്നി

ആശ്ചര്യപ്പെട് aaScaryappeTə *(vt)*, be surprised; അവർ ജോഗ് ഫാൾസ് കണ്ട് ആശ്ചര്യപ്പെട്ടു

ആശ്രമം aaSRamaM *(nn)*, hermitage; ആശ്രമത്തിൽ പക്ഷിമൃഗാദികൾ സൈര്യം വിഹരിച്ചു

ആശ്രയം aaSRayaM *(nn)*, dependence; ആശ്രയമില്ലാത്തവർക്ക് ആശ്രയം നൽകണം

ആശ്രയിക്ക് aaSRayikkə *(vt)*, depend; മനുഷ്യർ പലപ്പോഴും മറ്റുള്ളവരെ ആശ്രയിക്കേണ്ടിവരുന്നു.

ആശ്രിതൻ aaSRitan *(nn)*, one who depends on another; അദ്ദേഹത്തിന്റെ ആശ്രിതനായിരുന്നു അവൻ

ആശ്ലേഷം aaSlee$aM *(nn)*, embrace; അച്ഛന്റെ ആശ്ലേഷത്തിൽ നിന്ന് അവൻ മോചിതനായി

ആശ്ലേഷിക്ക് aaSlee$ikkə *(vi),* embrace; അമ്മ മകനെ ആശ്ലേഷിച്ചു

ആശ്വസിക്ക് aaSvasikkə *(vi),* be comforted; അപകടത്തിൽപ്പെട്ടവരെ ആശ്വപ്പിസിക്കണം

ആശ്വസിപ്പിക്ക് aaSvasippikkə *(vt),* console; അവനെ ആശ്വസിപ്പിക്കാൻ എനിക്കു കഴിഞ്ഞില്ല

ആശ്വാസം aaSvaasaM *(nn),* consolation; ആശ്വാസത്തിനു വകയൊന്നും കാണുന്നില്ല

ആസകലം aasakalaM *(adv),* entire; എന്റെ ശരീരം ആസകലം വേദനിക്കുന്നു

ആസനം aasanaM *(nn),* seat; രാജാവ് ആസനത്തിൽ ഇരിപ്പുറപ്പിച്ചു

ആസനം aasanaM *(nn),* buttocks; നാണമില്ലാത്തവന്റെ ആസനത്തിൽ ആലുമുളച്ചാൽ അതും അവന് തണലാണ്

ആസന്നമായ aasannamaaya *(adj),* impending; ആസന്നമായ തിരഞ്ഞെടുപ്പിനു വേണ്ടിയുള്ള ഒരുക്കങ്ങൾ നടന്നു

ആസൂത്രണം aasuutRaNaM *(nn),* planning; പദ്ധതിയുടെ വിജയത്തിന് ആസൂത്രണം നടത്തി

ആസ്തമ aasthma *(nn),* asthma; അമ്മാവന് ആസ്തമ ഉണ്ടായിരുന്നു

ആസ്ഥാനം aasthaanaM *(nn),* head quarters; സംഘടനയുടെ ആസ്ഥാനം ദൽഹിയിലാണ്

ആസ്പദം aaspadaM *(adj),* basis; അതിന് ആസ്പദമായ കാര്യങ്ങൾ ഞങ്ങൾ ചർച്ച ചെയ്തു

ആസ്വദിക്ക് aasvadikkə *(vt),* enjoy; അവർ ആ സൌന്ദര്യം ആസ്വദിച്ചു

ആസ്വാദകൻ aasvaadakan *(nn),* one who tastes; നല്ല ആസ്വാദകനാണ് കവിയുടെ ഹൃദയം കണ്ടെത്തുന്നത്

ആസ്വാദനം aasvaadanaM *(nn),* act of tasting; ആസ്വാദനത്തിൽ ഒട്ടേറെ തലങ്ങളുണ്ട്

ആഹാരം aahaaraM *(nn),* food; കുട്ടി ശരിയായി ആഹാരം കഴിച്ചില്ല

ആഹ്ലാദം aahlaadaM *(nn),* joy; ആഹ്ലാദത്തിനു വേണ്ടി മാത്രമാണോ ജീവിതം

ആഹ്ലാദിക്ക് aahlaadikkə *(vi),* rejoice; കുട്ടികൾ ആഹ്ലാദിക്കുന്നു

ആഹ്വാനം aahvaanaM *(nn),* calling; നേതാവ് ജനങ്ങളോട് ആഹ്വാനം നടത്തി

ആളുകൾ aaLukaL *(nn),* people; ആളുകൾ പല തരക്കാരാണ്

ആള് aaLə *(nn),* person; പുതുതായി വന്ന ആൾ ആരാണ്

ആള് aaLə *(vt),* rule or govern; രാജാവ് ആളുന്ന കാലത്ത് ജനങ്ങൾ ഭയന്നിരുന്നു

ആൾമാറാട്ടം aaLmaaRaaTTaM *(nn),* impersonation; ആൾമാറാട്ടം ശിക്ഷാർഹമാണ്

ആൾ aaL *(nn),* people; നേതാവിനെ കണ്ടപ്പോൾ ആളുകൾ ചുറ്റും കൂടി.

ആഴം aaZaM *(nn),* depth; അതിന്റെ ആഴം എനിക്കറിയില്ലായിരുന്നു

ആഴമില്ലാത്ത aaZamillaatta *(adj),* shallow; തീരെ ആഴമില്ലാത്ത ഒരു കിണറായിരുന്നു അത്

ആഴമുള്ള aaZamuLLa *(adj),* deep; വളരെ ആഴമുള്ള ഒരു കുളമാണ് അതെന്ന് ആർക്കും അറിയില്ലായിരുന്നു.

ആഴി aaZi *(nn),* ocean; ആഴിയിൽ നിന്നു മുത്തുകൾ ലഭിക്കുന്നു

ആഴ് aaZə *(vi),* sink; തൊട്ടി കിണറ്റിൽ ആഴുന്നു

ആഴ്ച aaZca *(adv),* week; ഓരോ ആഴ്ചയും പെട്ടെന്ന് കടന്നുപോകുന്നു

ആറാട് aaRaaTə *(vi),* bathe; രാജ്ഞി നീരിൽ ആറാടുന്നു

ആറ് aaRə *(nn),* six; ആറു പേർക്ക് ഇരിക്കാനുള്ള സ്ഥലമില്ല

ആറ് aaRə *(vi),* become cool; വെള്ളം ആറി തണുത്തു

ആറ് aaRə *(nn),* river; ആറിലെ വെള്ളത്തിൽ കുളിച്ചു.

ആറ്റൽ aaRRal *(nn),* cooling; അയാളുടെ ചായ ആറ്റൽ വളരെ രസകരമായിരുന്നു

ഇംഗിതം iMgitaM *(nn),* liking; അവന്റെ ഇംഗിതം അവൻ അറിയിച്ചു

ഇക്കിളിയാക്ക് ikkiLiyaakkə *(vt),* titillate; കുട്ടികൾ അവനെ ഇക്കിളിയാക്കുന്നു

ഇക്കിൾ ikkiL *(nn),* hiccup; അവന് ഇക്കിൾ എടുക്കുന്നു

ഇങ്കുലാബ് iŋkulaabə *(nn),* revolution; ഇങ്കുലാബ് സിന്ദാബാദ്!

ഇച്ഛ iccha *(nn),* desire; തന്റെ ഇച്ഛയ്ക്കൊത്ത് അയാൾ പെരുമാറിയില്ല

ഇച്ഛിക്ക് icchikkə *(vt),* wish; അവൻ ഒന്നും ഇച്ഛിക്കുന്നില്ല

ഇട iTa *(nn),* space between; ഇവിടെ വേണ്ടത്ര ഇടമില്ല

ഇടം iTaM *(nn),* space; ഈ ഇടത്തുനിന്നു എല്ലാവരും പുറപ്പെടും

ഇടംവലം iTaMvalaM *(adv),* left & right; ഇടംവലം തിരിഞ്ഞുനോക്കാതെ അയാൾ നടന്നു

ഇടകലർ iTakalarə *(comp vb),* inter mingle; കുട്ടികൾ ഇടകലർന്ന് കളിക്കുന്നു

ഇടങ്ങഴി iTaŋŋaZi *(nn),* measure of quantity; ഒരു ഇടങ്ങഴി അരിവേണം

ഇടച്ചിൽ iTaccil *(nn),* conflict; അവന്റെ ഇടച്ചിലാണ് എനിക്ക് പിടിക്കാത്തത്

ഇടത്തരം iTattaraM *(adj),* middle class; ഒരു ഇടത്തരം കുംടുംബത്തിൽ പിറന്നവനാണ് അയാൾ

ഇടത്തെ iTatte *(adj),* left; ഇടത്തെ കണ്ണു തുടിച്ചു

ഇടനാഴി iTanaaZi *(nn),* passage between two rooms; ഇടനാഴികളിൽ ഒരു കാലൊച്ച കേട്ടു

ഇടനിലക്കാരൻ iTanilakkaaran *(nn),* intermediary; ഇടനിലക്കാരൻ ഇന്നലെയും വന്നു

ഇടനേരം iTaneeraM *(nn),* interval; ഇടനേരത്തിൽ ഒരു ലഘുഭക്ഷണം കഴിഞ്ഞു

ഇടപാടുകാർ iTapaaTukaaR *(nn),* customers; ഇടപാടുകാർ ആരും ഇന്നു വന്നിട്ടില്ല

ഇടപാട് iTapaaTə *(nn),* transaction; ഇടപാട് തീർത്ത് വിട്ടു

ഇടപെട് iTapeTə *(vi),* intervene; മറ്റുള്ളവരുടെ കാര്യങ്ങളിൽ അനാവശ്യമായി ഇടപെടരുത്

ഇടപെട് iTapeTə *(vi),* interfere in others affairs; ഞാൻ അതിൽ ഇടപെടാൻ ആഗ്രഹിക്കുന്നില്ല

ഇടയാൾ iTayaaL *(nn),* broker; ഇടയാളോട് ഞാൻ ചോദിച്ചു

ഇടയിടെ iTayiTe *(in),* again and again; ഇടയിടെയിൽ തിങ്ങി വരും ഇളവെയിൽ തത്തി

ഇടയിൽ iTayil *(in),* among; തിരക്കിനിടയിൽപെട്ട് സുഹൃത്തിനെ കാണാതായി

ഇടയ്ക്ക iTaykka *(nn),* musical instrument; ഇടയ്ക്കയിൽ നിന്ന് സംഗീതമുയരുന്നു

ഇടവക iTavaka *(nn),* parish; ഇടവകയിലെ എല്ലാ കുംടുംബങ്ങളും ക്ഷണിക്കപ്പെട്ടു

ഇടവരമ്പ് iTavarambə *(nn),* foot path; ഇടവരമ്പിലൂടെ അയാൾ നടന്നു

ഇടവഴി iTavaZi *(nn),* mid way lane; ഇടവഴിയിലൂടെ അയാൾ വേഗം നടന്നു

ഇടി iTi *(nn),* thunder; ഇടിയുടെ ശബ്ദം കേട്ട് ഞെട്ടിപ്പോയി

ഇടി iTi *(nn),* blow; ആ ഇടി ശക്തിയേറിയതായിരുന്നു

ഇടിക്ക് iTikkə *(vt),* hit; ആ വാഹനം ഒരു മരത്തിൽ ചെന്ന് ഇടിച്ചു

ഇടിയ് iTiyə *(vi),* falling (of the prices); അരിവില ഇടിയുന്നു

ഇടുക്കി വയ്ക്ക് iTukki vaykkə *(nn)*, keep under the armpit; കുട്ടി പുസ്തകം കക്ഷത്തിൽ ഇടുക്കിവച്ചു

ഇടുങ്ങിയ iTuṉṉiya *(adj)*, narrow; ഒരു ഇടുങ്ങിയ വാതിലാണിത്

ഇടുങ്ങിയ iTuṉṉiya *(adj)*, narrow minded; ഇടുങ്ങിയ മനസ്സാണ് അയാളുടേത്

ഇടുപ്പ് iTuppə *(nn)*, hip; ഇടുപ്പിൽ വേദനിക്കുന്നു

ഇട് iTə *(vt)*, put down; അദ്ദേഹം സാധനങ്ങളെല്ലാം വലിച്ച് പുറത്തേക്ക് ഇട്ടു

ഇട് iTə *(vt)*, deposit; ബാങ്കിൽ പണം ഇട്ടു

ഇട് iTə *(vt)*, wear; അവൻ പാന്റ് ഇട്ടു

ഇട്ടുകളയ് iTTukaLayə *(vt)*, drop; ആ പുസ്തകം നിലത്തേക്ക് ഇട്ടുകളഞ്ഞു

ഇഡ്ഡലി iDDali *(nn)*, iddly; ഇഡ്ഡലിയുടെ പാത്രം കഴുകി

ഇണ iNa *(nn)*, pair; ആ ഇണകൾ തമ്മിൽ നല്ല ചേർച്ചയുണ്ടായിരുന്നു

ഇണക്കം iNakkaM *(nn)*, agreement; നല്ല ഇണക്കമുള്ള വളർത്തുമൃഗം മനുഷ്യനു കൂട്ടാണ്

ഇണക്ക് iNakkə *(vt)*, tame; കുട്ടി കിളിയെ ഇണക്കി

ഇണങ്ങ് iNaṉṉə *(vi)*, get adjusted; അവൻ പെട്ടെന്ന് ഇവിടവുമായി ഇണങ്ങി

ഇതര itara *(adj)*, other; വിദ്യാഭ്യസേതര കാര്യങ്ങൾ അവർ ചർച്ച ചെയ്യാറില്ല

ഇതൾ itaL *(nn)*, petal; കാറ്റിൽ പൂവിന്റെ ഇതൾ അടർന്നു

ഇതിവൃത്തം itivRəttaM *(nn)*, plot of story; ഇതിവൃത്തത്തിൽ സാരമായ മാറ്റങ്ങൾ കണ്ടു

ഇതിഹാസം itihaasaM *(nn)*, epic; രാമായണം ഒരു ഇതിഹാസമാണ്

ഇതുപോലെ itupoole *(adv)*, similarity; ഇതുപോലെ എത്രയോ കപടനാട്യക്കാരെ ഞാൻ കണ്ടിരുന്നു

ഇതുവരെ ituvare *(adv)*, still; ഇതുവരെ നിങ്ങൾ എവിടെ ആയിരുന്നു

ഇതുവഴി ituvaZi *(in)*, this way; ഇതുവഴി പോയാൽ പോസ്റ്റോഫീസിലെത്തുമോ

ഇത് itə *(pron)*, this; ഇത് നമ്മുടെ വിദ്യാലയമാണ്

ഇത് itə *(pron)*, it; ഇത് നല്ലതാണ്

ഇത്തരം ittaraM *(adj)*, of this sort; ഇത്തരം കാര്യങ്ങൾ ഞങ്ങൾ സംസാരിക്കാറില്ല

ഇത്തിരി ittiri *(nn)*, a little; ഇത്തിരി ആശ്വാസം തേടിയാണ് ഞാൻ വന്നത്

ഇത്തിൾ ittiL *(nn)*, parasite plant; ഇത്തിൾ ഒരു പരാന്ന ഭോജിയാണ്

ഇത്ര itRa *(adj)*, this much; ഇത്രകാലം താൻ എവിടെയായിരുന്നു

ഇനം inaM *(nn)*, kind; ഒരു പ്രത്യേക ഇനത്തിൽപ്പെട്ട ജീവിയാണ് അത്

ഇനി ini *(adv)*, after this; ഇനി എങ്ങോട്ടാണ് യാത്ര?

ഇനിപ്പ് inippə *(nn)*, sweetness; ഇനിപ്പ് എനിക്കിഷ്ടമല്ല

ഇന്ദു indu *(nn)*, moon; ഇന്ദുവിന്റെ മുഖത്ത് കലയുണ്ട്

ഇന്ദ്രജാലം indrajaalaM *(nn)*, magic; അയാൾക്ക് ഇന്ദ്രജാലം അറിയാമായിരുന്നു

ഇന്ദ്രൻ indran *(nn)*, lord Indra; ഇന്ദ്രൻ ദേവന്മാരുടെ രാജാവാണ്

ഇന്ദ്രിയം indriyaM *(nn)*, any of the five senses; ഇന്ദ്രിയങ്ങളുടെ സുഖത്തിനു വേണ്ടി മാത്രം ജീവിക്കുന്നവരുണ്ട്

ഇന്ധനം indhanaM *(nn)*, fuel; വാഹനങ്ങൾ പ്രവർത്തിക്കാൻ ഇന്ധനം ആവശ്യമാണ്

ഇന്ന inna *(adj)*, such and such; ഇന്ന കാര്യങ്ങൾ ചെയ്യുമെന്ന് തീരുമാനിക്കണം

ഇന്നലെ innale *(adv)*, yesterday; ഇന്നലെ അയാൾ ഇവിടെ വന്നു

ഇന്നുരാത്രി innuraatRi *(comp n)*, tonight; ഇന്നുരാത്രി അയാൾ എന്റെ വീട്ടിലേക്കു വരുന്നു

ഇന്നുരാവിലെ innuraavile *(comp n)*, this morning; ഇന്നു രാവിലെ ഞാൻ ഉണരാൻ അല്പം വൈകി

ഇന്നുവൈകിട്ട് innuvaikiTTə *(comp n)*, this evening; ഇന്നു വൈകിട്ട് അഞ്ചുമണിക്ക് ഒരു പൊതുയോഗമുണ്ട്

ഇന്ന് innə *(adv)*, today; ഇന്നു ഞാൻ , നാളെ നീ

ഇമ്പമേറിയ inpameeRiya *(adj)*, joyful; ഇമ്പമേറിയ സംഗീതം എല്ലാവരും ഇഷ്ടപ്പെടുന്നു

ഇപ്പുറം ippuraM *(adv)*, this side; അപ്പുറവും ഇപ്പുറവും രണ്ടുപേർ നിൽക്കുന്നു

ഇപ്പോൾ ippooL *(adv)*, now; ഇപ്പോൾ തന്നെ പോയിക്കളയാം

ഇപ്പോൾ ippooL *(adv)*, present; ഇപ്പോൾ ഇവിടെ വല്ലാത്ത തണുപ്പാണ്

ഇപ്രകാരം ipRaKaaraM *(adv)*, in this manner; ഇപ്രകാരം അയാൾ ഓരോന്ന് പറഞ്ഞുകൊണ്ടിരുന്നു

ഇമവെട്ട് imaveTTə *(comp vb)*, wink; അയാൾ ഇമ വെട്ടി

ഈയ്യം iyyaM *(nn)*, lead; ഈയ്യം പൂശിയ പാത്രത്തിൽ പലഹാരം ഉണ്ടാക്കി

ഇയ്യിടെ iyyiTe *(adv)*, very recently; ഇയ്യിടെ അയാളെ ഇവിടെ കാണാറില്ല

ഇര ira *(nn)*, prey; കഴുകൻ ഇരയെ തേടി അലഞ്ഞു

ഇര ira *(nn)*, victim; മാൻ പുലിയുടെ ഇരയായി തീർന്നു

ഇര ira *(nn)*, food; എലി പൂച്ചയുടെ ഇരയായി

ഇരക്ക് irakkə *(vi)*, beg; ഭിക്ഷക്കാരൻ ഇരക്കുന്നു

ഇരട്ട iraTTa *(nn)*, twins; ചില ഇരട്ടകളെ കണ്ടാൽ തിരിച്ചറിയാനേ പറ്റില്ല

ഇരട്ടിക്ക് iraTTikkə *(vi)*, double; ബാങ്കിലിട്ട പണം ഇരട്ടിച്ചു

ഇരണ്ട iraNTa *(nn)*, wild duck; ആകാശത്തു കൂടി ഇരണ്ടകൾ പറക്കുന്നു

ഇരമ്പൽ irambal *(nn)*, roar; ലോറിയുടെ ഇരമ്പൽ അകലെ നിന്ന് കേൾക്കുന്നുണ്ട്

ഇരപ്പൻ irappan *(nn)*, beggar; അയാൾ ഒരു ഇരപ്പനാണ്

ഇരപ്പ് irappə *(nn)*, begging; അയാളുടെ ഇരപ്പ് ഒരു നാണം കെട്ട ഏർപ്പാടാണ്

ഇരയ്ക്ക് iraykkə *(vi)*, making loud hoarse noise; മലയിലൂടെ ഒരു ലോറി ഇരച്ച് വരുന്നു

ഇരവ് iravə *(nn)*, night; ഇരവും പകലും അയാൾ അദ്ധ്വാനിച്ചു

ഇരിക്കപ്പൊറുതി irikkappoRuti *(nn)*, peace of mind; അയാൾ ഇവിടെ വന്നാൽ ഇരിക്കപ്പൊറുതി ഇല്ല

ഇരിക്ക് irikkə *(vi)*, sit; രാമൻ കസേരയിൽ ഇരിക്കുന്നു

ഇരിപ്പിടം irippiTaM *(nn)*, seat; അതിഥികൾ തങ്ങളുടെ ഇരിപ്പിടത്തിൽ ഇരുന്നു

ഇരിപ്പ് irippə *(nn)*, sitting posture; അയാളുടെ ഇരിപ്പ് മനോഹരമായിരിക്കുന്നു

ഇരിയ് iriyə *(vt)*, pluck fruit from a bunch; കുട്ടി പഴം ഇരിഞ്ഞു

ഇറുക്ക് iRukkə *(vt)*, tie tightly; അയാൾ ബെൽട്ട് ഇറുക്കി കെട്ടി

ഇറുക്ക് iRukkə *(vt)*, press; കുട്ടി പൂച്ചയെ ഇറുക്കി പിടിച്ചു

ഇറുക്ക് iRukkə *(vt)*, pluck the flower; കുട്ടി പൂക്കൾ ഇറുക്കിയെടുത്തു

ഇരുട്ടുള്ള iruTTuLLa *(adj)*, dark; വല്ലാതെ ഇരുട്ടുള്ള ഒരു മുറിയാണത്

ഇരുട്ട് iruTTə *(vi)*, grow dark; ഇപ്പോൾ ഇവിടെ നേരത്തെ ഇരുട്ടുന്നു

ഇരുന്നൂറ് irunnuuRə *(nn,num)*, two hundred; ഇരുന്നൂറ് പേർക്കു മാത്രമേ സദ്യ ഒരുക്കിയിട്ടുള്ളൂ

ഇരുമ്പ് irumpə *(nn)*, iron; ഇരുമ്പ് ഭൂമിയിൽ സുലഭമായിട്ടുള്ള ലോഹമാണ്.

ഇരുപതാമത്തെ iruptaamatte *(nn,num)*, twentieth; ഇരുപതാമത്തെ മുറി എന്റേതാണ്

ഇരുപത് irupatə *(nn,num)*, twenty; രണ്ടു പത്തു ചേർന്നാൽ ഇരുപത് ആകുന്നു

ഇരുവശവും iruvaSavuM *(comp n)*, both side; റോഡിന്റെ ഇരുവശവും ജനം തടിച്ചുകൂടിയിരുന്നു

ഇരുൾ iruL *(nn)*, darkness; ഇരുളിൽ ആരുടെയോ കാൽപ്പെരുമാറ്റം കേട്ടു

ഇരുൾ iruL *(nn)*, tree; ഇരുൾ കട്ടി കൂടിയ മരമാണ്

ഇല ila *(nn)*, leaf; മരത്തിൽ ഇലയുണ്ട്

ഇലഞ്ഞി ila~~i *(nn)*, tree (mimusops elengi); ഇലഞ്ഞി മരത്തിൽ നിന്ന് ഇലകൾ പൊഴിഞ്ഞു

ഇലത്താളം ilattaaLaM *(nn)*, musical instrument; ഇലത്താളം ശബ്ദമുണ്ടാക്കി

ഇല്ല illa *(neg)*, not; എനിക്ക് പ്രതീക്ഷ ഇല്ല

ഇല്ലം illaM *(nn)*, namboodiri's house; ഇല്ലത്തു നിന്നു പുറപ്പെട്ടു അമ്മാത്ത് എത്തിയതുമില്ല

ഇല്ലാതാക്ക് illaataakkə *(vt)*, annihilate; അയാൾ ശത്രുക്കളെയെല്ലാം ഇല്ലാതാക്കി

ഇല്ലാതെ illaate *(neg.V.P)*, without; അയാൾ ഇല്ലാതെ അവൾ വരില്ല

ഇല്ലാത്ത illaatta *(neg.R.P)*, non existent; മരങ്ങൾ ഇല്ലാത്ത കുന്നുകൾ കാണാം.

ഇല്ലാത്തവർ illaattavaR *(nn)*, have nots; ഒന്നും ഇല്ലാത്തവർ ചുരുക്കം

ഇല്ലി illi *(nn)*, cluster of bamboo growing together; ഇല്ലിക്കാടുകൾ പൂത്തു

-ഇൽ il *(in)*, in; അവൻ വീട്ടിൽ ഉണ്ട്

ഇവ iva *(Pron)*, these ones; ഇവ അയാളുടെ പുസ്തകങ്ങളാണ്

ഇവൻ ivan *(Pron)*, he (non honoriific); ഇവൻ എന്റെ അടുത്ത സുഹൃത്താണ്

ഇദ്ദേഹം iddeehaM *(Pron)*, he (honorific); ഇദ്ദേഹം അച്ഛന്റെ സഹപാഠിയാണ്

ഇവർ ivaR *(Pron)*, she (honorific); ഇവർ എന്റെ അധ്യാപികയാണ്

ഇവർ ivaR *(Pron)*, they; ഇവർ എന്റെ അമ്മാവന്റെ മക്കളാണ്

ഇവൾ ivaL *(Pron)*, she (non honoriific); ഇവൾ നന്നായി പാടും.

ഇവിടെ iviTe *(adv),* here; അയാളുടെ വീട് ഇവിടെയാണ്

ഇവ്വണ്ണം ivvaNNaM *(adv),* thus; ഇവ്വണ്ണം അയാൾ ഓരോന്ന് ചോദിക്കുന്നു

ഇഷ്ടം i$TaM *(nn),* like; അയാൾക്ക് പായസം ഇഷ്ടമാണ്

ഇഷ്ടക്കേട് i$TakkeeTə *(nn),* displeasure; എനിക്ക് ചില ഇഷ്ടക്കേടുകൾ തോന്നി

ഇഷ്ടദാനം i$TadaanaM *(nn,comp),* gift (one given with pleasure or love); അമ്മാവൻ മരുമകന് ഇഷ്ടദാനം നൽകി

ഇഷ്ടപ്പെട് i$TappeTə *(vt),* like; എല്ലാവരും കുട്ടികളെ ഇഷ്ടപ്പെടുന്നു.

ഇഷ്ടമാക് i$Tamaakə *(vi),* become fond of; എനിക്ക് പുതിയ വീട് ഇഷ്ടമായില്ല

ഇസ്തിരി istiri *(nn),* iron box; അയാൾ ഷർട്ട് ഇസ്തിരി ഇടുന്നു

ഇളംചൂടാക്ക് iLaMcuuTaakkə *(vt),* warm; അടുപ്പിൽ വെച്ച് വെള്ളം ഇളം ചൂടാക്കി.

ഇളംചൂടുള്ള iLaMcuuTuLLa *(adj),* warm; ഇളംചൂടുള്ള കാപ്പിയാണ് ഞങ്ങൾ കുടിച്ചത്

ഇളംനീല iLaMniila *(adj),* sky blue; ആകാശത്തിന്റെ നിറം ഇളം നീലയാണ്

ഇളംപ്രായം iLaMpRaayaM *(nn,comp),* tender age; ഈ ഇളം പ്രായത്തിൽ അവൻ എല്ലാം നേടിയെടുത്തു

ഇളംബുദ്ധി iLaMbuddhi *(nn),* immature mind; അയാളുടെ ഇളംബുദ്ധികൊണ്ടാണ് ഇതു സംഭവിച്ചത്

ഇളക് iLakə *(vi),* move; മരത്തിൽ ഇലകൾ ഇളകി

ഇളക്കം iLakkaM *(nn),* shaking; ആ സ്ഥലത്ത് ചെറുതായി ഇളക്കം തട്ടി

ഇളക്ക് iLakkə *(vi),* shake; കുടിക്കും മുമ്പ് മരുന്ന് നന്നായി ഇളക്കണം

ഇളനീര് iLaniirə *(nn),* tender coconut; ഞാൻ ഒരു ഇളനീര് കുടിച്ചു

ഇളപ്പം iLappaM *(adj),* state of being of a tender age; അവന്റെ ഇളപ്പമാണ് ഇതിനു കാരണം

ഇളയ iLaya *(adj),* young; എന്റെ ഇളയ ജ്യേഷ്ഠന്റെ പുസ്തകമാണ് ഇത്

ഇളം iLaya *(adj),* soft; ഇളം മനസ്സായിരുന്നു അയാളുടേത്

ഇളയകുട്ടി iLayakuTTi *(comp n),* younger child; അമ്മയ്ക്ക് ഇളയ കുട്ടിയോട് വലിയ സ്നേഹമാണ്

ഇളവെയിൽ iLaveyil *(nn,comp),* morning sunlight; ഇളവെയിലിൽ ഇലകളിലെ മഞ്ഞുരുകുന്നു

ഇളി iLi *(nn),* vulgar laughter; അവന്റെ ഇളി കാണേണ്ടതു തന്നെ

ഇഴ iZa *(nn),* yarn; മുടിയുടെ ഒരു ഇഴ പൊട്ടിച്ചെടുത്തു

ഇഴയ് iZayə *(vi),* crawl; പാമ്പ് ഇഴഞ്ഞു മാളത്തിലേക്ക് പോയി

ഇഴയ് iZayə *(vi),* move; കുട്ടി നിലത്തുകൂടി ഇഴയുന്നു

ഇഴുകൽ iZukal *(nn),* closeness; അവളുടെ അവനുമായുള്ള ഇഴുകൽ അത്ര നന്നല്ല

ഇഴുക്ക് iZukkə *(vi),* be soiled; അവന്റെ വസ്ത്രങ്ങൾ ഇഴുകി

ഇഴുങ്ങ് iZuŋŋə *(vi),* become soiled; അയാളുടെ വസ്ത്രങ്ങളെല്ലാം ഇഴുങ്ങി

ഇറക്ക് iRakkə *(vt),* unload; ബസ്സിൽ നിന്ന് സാധനങ്ങളെല്ലാം ഇറക്കി

ഇറക്കം iRakkaM *(nn),* descent; ഇറക്കത്തു വച്ച് രണ്ടു വണ്ടികൾ കൂട്ടിമുട്ടി

ഇറക്കുമതി iRakkumati *(nn),* import; ഇറക്കുമതിക്ക് ചുങ്കം കൊടുത്തു

ഇറങ്ങ് iRaŋŋə *(vi),* alight; എനിക്ക് ഇവിടെ ഇറങ്ങണം

ഇറച്ചി iRacci *(nn),* meat; ഇറച്ചി, മുട്ട, പാൽ എന്നിവയിൽ ധാരാളം കൊഴുപ്പ് അടങ്ങിയിരിക്കുന്നു.

ഇറമ്പ് iRambə *(nn),* edge; വയലിന്റെ ഇറമ്പത്തു കൂടി അയാൾ നടന്നു

ഇറയം iRayaM *(nn),* verandah; ഇറയത്ത് മഴത്തുള്ളികൾ വീണു

ഇറുക് iRukə *(vi),* become tight; വസ്ത്രങ്ങളെല്ലാം ഇറുകി തുടങ്ങി

ഇറുക്കം irukkaM *(nn),* tightness; ഈ വസ്ത്രങ്ങളെല്ലാം ഇറുക്കമുള്ളതാണ്

ഇറ്റിക്ക് iRRikkə *(vt),* cause to fall drop by drop; എന്റെ കണ്ണിൽ കുറച്ച് മരുന്ന് ഇറ്റിക്കൂ

ഇറ്റുവീഴ് iRRuviiZə *(comp vb),* fall drop by drop; ഇലകളിൽ നിന്ന് ജലകണങ്ങൾ ഇറ്റു വീണു

ഇറ്റ് iRRə *(vi),* drip; മരത്തിൽ നിന്ന് വെള്ളം ഇറ്റു വീഴുന്നു.

ഇറ്റ് iRRə *(nn),* drop; എനിക്ക് ഒരിറ്റു വെള്ളം തരൂ

ഈ ii *(Pron),* this; ഈ പുസ്തകം ആരുടേതാണ്

ഈച്ച iicca *(nn),* fly; പഴത്തിൽ നിറയെ ഈച്ചകൾ പൊതിഞ്ഞിരുന്നു

ഈടാക്ക് iiTaakkə *(vt)*, get back one's debt; അയാൾ എന്നിൽ നിന്ന് പണം ഈടാക്കി

ഈടാധാരം iiTaadhaaraM *(nn,comp)*, mortgage; അമ്മാവൻ വീടും പറമ്പും ഈടാധാരം കൊടുത്തു

ഈടാർന്ന iiTaaRnna *(adj)*, strong; ഈടാർന്ന ഒരു കെട്ടിടമാണത്

ഈടുറ്റ iiTuRRa *(adj)*, substantive; ഈടുറ്റ ശക്തിയാണ് ഇതിന്റെ ഗുണം

ഈടുനില്ക്ക് iiTunilkkə *(comp vb)*, be durable; ഈ പാത്രം കുറേനാൾ ഈടു നിൽക്കുന്നു

ഈട്കൊടുക്ക് iiTəkoTukkə *(comp vb)*, give as security; ഞാൻ ഒരു മാല ഈടു കൊടുത്തു

ഈട്ടി iiTTi *(nn)*, rose wood; ഈട്ടി കട്ടി കൂടിയ മരമാണ്

ഈത്ത iitta *(nn)*, date palm; ഈത്തയിൽ ഈന്തപ്പഴം ഉണ്ടാകുന്നു

ഈനാംപേച്ചി iinaaMpeecci *(nn)*, ghost; കുട്ടി ഒരു ഈനാംപേച്ചിയെ സ്വപ്നം കണ്ടു

ഈ മാസം iimaasaM *(NP)*, this month; ഈ മാസം മുതൽ ഇവിടെ ക്ലാസു തുടങ്ങുന്നു

ഈയം iiyaM *(nn)*, metal - lead; ഈയം പൂശിയ പാത്രമാണിത്

ഈയ്യിടെ iiyyiTa *(adv)*, quite recently; ഈയ്യിടെ അയാൾ ഇവിടെ വരാറില്ല

ഈ ആഴ്ച iiaaZca *(NP)*, this week; ഈ അഴ്ചയിൽ വീട്ടിലേക്ക് വരില്ല.

ഈര് iirə *(vt)*, saw; അറപ്പുമില്ലിൽ മരം ഈരുന്നു

ഈര് iirə *(nn)*, small louse; അവളുടെ തലയിൽ പേനും ഈരുമുണ്ട്

ഈർക്കിൽ iiRkkil *(nn)*, vein of coconut leaf; ഒരു ഈർക്കിൽ കൊണ്ടു വരൂ

ഈർച്ച iiRcca *(nn)*, sawing; അറപ്പുമില്ലിൽ ഈർച്ച മുറയ്ക്കു നടക്കുന്നു

ഈർച്ച iiRcca *(nn)*, displeasure; എനിക്ക് വല്ലാത്ത ഈർച്ച അനുഭവപ്പെട്ടു

ഈർപ്പം iiRppaM *(nn)*, dampness; ഈർപ്പം തട്ടിയാൽ ഈ ഉപകരണം കേടാകും

ഈ വർഷം ii vaR$aM *(NP)*, this year; ഈ വർഷം അവസാനം അയാൾ ഇവിടുന്ന് പോകും

ഈശ്വരൻ iiSvaran *(nn)*, God; ഈശ്വരനെ തേടി ഞാനലഞ്ഞു

ഈഴവൻ iiZavan *(nn)*, ezhava (a caste among Hindus); അയാൾ ഒരു ഈഴവനാണ്

ഈറൻ iiRan *(adj)*, wet; അവൾ ഈറൻ തുണികൾ ഉടുത്തു

ഈറ്റ iiRRa *(nn),* japan cedart; ഈറ്റ വെട്ടി വട്ടി ഉണ്ടാക്കി

ഈറ്റില്ലം iiRRillaM *(nn),* apartment; ഈറ്റില്ലത്തിൽ നിന്ന് കുട്ടിയുടെ നിലവിളി ഉയർന്നു

ഈറ്റ് iiRRə *(nn),* child birth; ഈറ്റ് കഴിഞ്ഞ് അമ്മ മടങ്ങിവന്നു

-ഉം uM *(conj M),* and; അച്ഛനും അമ്മയും നാളെ വരും

-ഉം uM *(in),* word denoting consent like yes; ഉം, പൊയ്ക്കോളൂ

ഉഗ്ര ugra *(adj),* dreadful; ഉഗ്രമായ ഒരു അട്ടഹാസം ഞാൻ കേട്ടു

ഉചിത ucita *(adj),* proper; ഉചിതമായ ചില മറുപടികൾ അയാൾ കൊടുത്തു

ഉചിതമാക് ucitamaakə *(vi),* be suitable; എല്ലാം ഉചിതമായി ചെയ്യാൻ അയാൾക്കറിയാം

ഉച്ച ucca *(adv),* noon; ഉച്ചയ്ക്ക് ഒരു മണിക്ക് അയാൾ വരും

ഉച്ചയ്ക്കുശേഷം uccaykkuSee$aM *(adv),* afternoon; ഉച്ചയ്ക്കു ശേഷം മൂന്നുമണിക്ക് അയാൾ വരും

ഉച്ചം uccaM *(nn),* zenith; അതിന്റെ ഉച്ചത്തിലാണ് അങ്ങനെ സംഭവിച്ചത്

ഉച്ചഭക്ഷണം uccabhak$aNaM *(comp n),* lunch; അയാൾ ഇന്ന് ഉച്ചഭക്ഷണം കഴിക്കുന്നില്ല

ഉച്ചഭാഷിണി uccabhaa$iNi *(nn),* loud speaker; ഉച്ചഭാഷിണിയിലൂടെ ഗാനം കേട്ടു

ഉച്ചരിക്ക് uccarikkə *(vi),* pronounce; വാക്കുകൾ ശരിയായി ഉച്ചരിക്കുക

ഉച്ചാരണം uccaaraNaM *(nn),* pronounciation; കുട്ടിയുടെ ഉച്ചാരണം ശരിയായിരുന്നില്ല

ഉച്ചി ucci *(nn),* middle part of the head; അയാളുടെ ഉച്ചിയിൽ ഒരു കല്ലു വീണു

ഉജ്ജ്വലമായ ujjvalamaaya *(adj),* bright; ഉജ്ജ്വലമായ കാന്തിയോടെ പ്രകാശിച്ചു

ഉടയാട uTayaaTa *(nn),* dress; ഞാൻ ഉടയാടകൾ ധരിച്ചു

ഉടക്ക് uTakkə *(nn),* hook; കയറിൽ ഒരു ഉടക്ക് ഉണ്ടാക്കി

ഉടക്ക് uTakkə *(vt),* obstacle; അയാൾ അതിന് ഒരു ഉടക്കുണ്ടാക്കി

ഉടങ് uTaŋŋə *(vi),* catch hold of; അത് ഇടയ്ക്ക് ഉടങ്ങിപ്പോയി

ഉടനടി uTanaTi *(adv),* immediately; ഉടനടി എന്തെങ്കിലും ചെയ്തേ തീരൂ

ഉടനീളം uTaniiLaM *(nn),* through out; ചിത്രത്തിലുടനീളം ഗാനങ്ങളായിരുന്നു

ഉടമ്പടി uTambaTi *(nn),* agreement; ഞാൻ ഒരു ഉടമ്പടിയിൽ ഒപ്പുവച്ചു

ഉടൻ uTan *(adv),* soon; അയാൾ ഉടൻ തന്നെ ഇവിടെ വന്നു

ഉടപ്പിറപ്പ് uTappiRappə *(nn),* of the same parentage; അവൻ എന്റെ ഉടപ്പിറപ്പാണ്

ഉടമ uTama *(nn),* owner; ഈ വീടിന്റെ ഉടമയാണ് അയാൾ

ഉടയക്കാരൻ uTayakkaaran *(nn),* owner; അയാളാണ് ഇതിന്റെ ഉടയക്കാരൻ

ഉടയ് uTayə *(vi),* break; പാത്രങ്ങളെല്ലാം നിലത്ത് വീണ് ഉടഞ്ഞു

ഉടയ്ക്ക് uTaykkə *(vt),* be broken; ആ പാത്രം ഉടച്ചു കളഞ്ഞു

ഉടവാൾ uTavaaL *(nn),* royal sword; രാജാവ് ഉടവാൾ പുറത്തെടുത്തു

ഉടവ് uTavə *(nn),* injury; ശരീരത്തിൽ ഉടവ് പറ്റി

ഉടുക്ക് uTukkə *(vt),* wear; അവൻ ദോത്തി ഉടുക്കുന്നു

ഉടുക്ക് uTukkə *(nn),* musical instrument; അയാൾ ഉടുക്കു കൊട്ടി ഉപജീവനം നടത്തുന്നു

-ഉടെ uTe *(in),* of; അത് മന്ത്രിയുടെ വീടാണ്

ഉഡ്യാണം uDyaaNaM *(nn),* ornament worn on the waist; അവൾ ഉഡ്യാണം അണിഞ്ഞിരുന്നു

ഉണക്ക uNakka *(adj),* dried; ഒരു ഉണക്ക മരം അവിടെ നിൽക്കുന്നു

ഉണക്ക് uNakkə *(vt),* dry; വസ്ത്രങ്ങൾ വെയിലത്ത് ഉണക്കുന്നു

ഉണങ്ങ് uNaŋŋə *(vi),* dry; തോട്ടത്തിലെ ചെടികളെല്ലാം ഉണങ്ങിപ്പോയി

ഉണർ uNarə *(vi),* wake up; അന്ന് വളരെ താമസിച്ചാണ് ഞാൻ ഉണർന്നത്

ഉണർത്ത് uNaRttə *(vt),* wake up; പാട്ടുകാർ എല്ലാവരേയും ഉണർത്തി

ഉണ്ടാക് uNTaakə *(vi),* come to existence; അഗ്നിപർവതം പൊട്ടിത്തെറിച്ചതു കാരണം കടലിൽ ഒരു ദ്വീപ് ഉണ്ടായി

ഉണ്ടാക്ക് uNTaakkə *(vt),* make; ഞാൻ ഒരു പുതിയ വീട് ഉണ്ടാക്കുന്നു

ഉണ്ണ് uNNə *(vi),* eat; എല്ലാവരും ചോറു ഉണ്ണുന്നു

ഉണ്ണാക്ക് uNNaakkə *(nn),* uvula; എന്റെ ഉണ്ണാക്കിൽ വേദന യെടുക്കുന്നു

ഉണ്ണി uNNi *(nn),* wart; അയാളുടെ നെറ്റിയിൽ ഒരു ഉണ്ണി ഉണ്ടായിരുന്നു

ഉണ്ണി uNNi *(nn),* male child; ഉണ്ണികൾക്കായി ഒരു കഥ പറയാം

ഉണ്ണിമാങ്ങ unnimaaŋŋa *(nn,comp),* tender mango; ഉണ്ണിമാങ്ങ കൊണ്ട് ഉപ്പിലിട്ടത് ഉണ്ടാക്കി

ഉണ്ണിയപ്പം unniyappaM *(nn,comp),* kind of sweet cake; അയാൾ ഉണ്ണിയപ്പം തിന്നു

ഉണ്മ uNma *(nn),* reality; ഞാൻ പറഞ്ഞത് ഉണ്മയാണ്

ഉതിര് utirə *(vi),* fall; ചെടികളിൽ നിന്ന് ഇലകൾ ഉതിരുന്നു

ഉതിര് utirə *(nn),* falling off; ഇലകളുടെ ഉതിര് നോക്കി അവൻ നിന്നു

ഉത്തമം uttamaM *(adj),* best; അത് ഏറ്റവും ഉത്തമമായ ഔഷധം ആണ്

ഉത്തമവിശ്വാസം uttamaviSvaasaM *(nn,comp),* bonafides; എനിക്ക് ഉത്തമവിശ്വാസമുള്ള കാര്യമായതു കൊണ്ടാണു പറഞ്ഞത്

ഉത്തരം uttaraM *(nn),* answer; ആ ചോദ്യത്തിന് ശരിയായ ഉത്തരമില്ല

ഉത്തര uttara *(adj),* northern; ഉത്തരദിക്കിൽ നിന്നു വന്ന പണ്ഡിതൻ ആണ് അദ്ദേഹം

ഉത്തരവ് uttaravə *(nn),* order; ജഡ്ജി കുറ്റവാളിയെ അറസ്റ്റ് ചെയ്യാൻ ഉത്തരവിട്ടു

ഉത്തരീയം uttariiyaM *(nn),* upper garment; അയാളുടെ ഉത്തരീയം കാറ്റിൽ പറന്നു പോയി

ഉത്ഭവം ulbhavaM *(nn),* origin; നദിയുടെ ഉത്ഭവം ആ മലയിൽ നിന്നാണ്

ഉത്സവം ulsavaM *(nn),* festival; കേരളത്തിൽ ഉത്സവങ്ങളുടെ കാലമാണിപ്പോൾ

ഉത്സവദിവസം ulsavadivasaM *(nn),* festival day; ഉത്സവദിവസത്തിൽ ആരൊക്കെയോ വീട്ടിൽ വന്നു

ഉത്സാഹം utsaahaM *(nn),* enthusiasm; അവന് പഠിക്കാനുള്ള ഉത്സാഹം നഷ്ടപ്പെട്ടു

ഉത്സാഹിക്ക് ulsaahikkə *(vt),* urge; അവൻ പഠിക്കാൻ നന്നായി ഉത്സാഹിക്കുന്നു

ഉദയം udayaM *(nn),* rising of the sun; ഉദയം കഴിഞ്ഞ് പുറപ്പെട്ടു

ഉദരം udaraM *(nn),* stomach; അയാൾ ഉദരവേദന കാരണം ഡോക്ടറെ സമീപിച്ചു

ഉദാത്ത udaatta *(adj),* noble; ഉദാത്തമായ ഒരു കൃതിയാണിത്

ഉദാഹരണം udaaharaNaM *(nn),* example; അതിന് എത്ര വേണമെങ്കിലും ഉദാഹരണങ്ങൾ തരാം

ഉദാഹരണം udaaharaNaM *(nn),* example; ഉദാഹരണങ്ങളിലൂടെ കാര്യങ്ങൾ പെട്ടെന്നു മനസ്സിലാക്കാൻ കഴിയുന്നു

ഉദാഹരണമായി udaaharaNamaayi *(in),* for example; ഉദാഹരണമായി, നല്ല പെരുമാറ്റം എല്ലാവരും ഇഷ്ടപെടുന്നു

ഉദിക്ക് udikkə *(vi),* rise; കിഴക്ക് സൂര്യൻ ഉദിക്കുന്നു

ഉദ്ഗമം udgamaM *(nn),* going out; വായുവിന്റെ ഉദ്ഗമം തടസ്സപ്പെടുത്തി

ഉദ്ഘാടനം udghaaTanaM *(nn),* inauguration; മന്ത്രി പാലം ഉദ്ഘാടനം ചെയ്തു

ഉദ്ദീപനം uddiipanaM *(nn),* stimulus; മനസ്സിന്റെ ഉദ്ദീപനങ്ങൾക്ക് അനുസ്യൂതമായി കൈകാലുകൾ ചലിക്കുന്നു

ഉദ്ദേശിക്ക് uddeeSikkə *(vi),* intend; എന്ത് ഉദ്ദേശിച്ചാണ് അയാൾ അതു പറഞ്ഞത്

ഉദ്ദേശ്യം uddeeSyaM *(nn),* that which is intended; അതായിരുന്നു അയാളുടെ ഉദ്ദേശ്യം

ഉദ്ധരണി uddharaNi *(nn),* passage or matter quoted; ഉദ്ധരണിയിൽ കൊടുത്ത വാക്കുകൾ വായിക്കൂ

ഉദ്ധരിക്ക് uddharikkə *(vt),* improve; പാവങ്ങളെ ഉദ്ധരിക്കാൻ അയാൾ പുറപ്പെട്ടു

ഉദ്ധരിക്ക് uddharikkə *(vt),* quote; അയാൾ ഒരു കവിത ഉദ്ധരിച്ചു

ഉദ്ബോധനം udboodhanaM *(nn),* instruction; അധ്യാപകന്റെ ഉദ്ബോധനം വിദ്യാർഥികൾ അനുസരിച്ചു

ഉദ്ബോധിപ്പിക്ക് udboodippikkə *(vt),* advice; അധ്യാപകൻ കുട്ടികളെ ഉദ്ബോധിപ്പിച്ചു.

ഉദ്യമം udyamaM *(nn),* attempt; അയാളുടെ ഉദ്യമം പരാജയപ്പെട്ടു

ഉദ്യാനം udyaanaM *(nn),* park; ആ ഉദ്യാനം വളരെ മനോഹരമായിരുന്നു

ഉദ്യോഗം udyoogaM *(nn),* profession; അയാൾ ഉദ്യോഗം രാജിവച്ചു

ഉദ്യോഗസ്ഥൻ udyoogasthan *(nn),* officer; ആ ഉദ്യോഗസ്ഥൻ അപമര്യാദയായി പെരുമാറി

ഉന്ത് untə *(vt),* push; കുട്ടികൾ തമ്മിൽ ഉന്തുന്നു

ഉന്നം unnaM *(nn),* aim; അയാൾക്ക് ഉന്നം തെറ്റി

ഉന്നത unnata *(adj),* high; അദ്ദേഹം ഉന്നതമായ ചില ആദർശങ്ങൾ വച്ചു പുലർത്തി

ഉന്നമനം unnamanaM *(nn),* prosperity; പാവപ്പെട്ടവരുടെ ഉന്നമനത്തിനുവേണ്ടി അയാൾ സമയം ചിലവഴിച്ചു

ഉന്നയിക്ക് unnayikkə *(vt),* bring forward; മന്ത്രിക്കു നേരെ ചിലർ ആരോപണം ഉന്നയിച്ചു

ഉന്മത്തം unmattaM *(nn),* madness; അയാൾക്ക് അപ്പോൾ ഉന്മത്തമായിരുന്നു

ഉന്മാദം unmaadaM *(nn)*, madness; ആനയ്ക്ക് അപ്പോൾ ഉന്മാദമായിരുന്നു

ഉന്മൂലനം unmuulanaM *(nn)*, eradication; സകലതും ഉന്മൂലനം ചെയ്യാൻ അയാൾ ആഗ്രഹിച്ചു

ഉന്മേഷം unmee$aM *(nn)*, cheerfulness; ഉന്മേഷത്തിനു വേണ്ടി ഒരു ചായ കുടിക്കാം

ഉപകരണം upakaraNaM *(nn)*, tool; എന്തെങ്കിലും ഒരു ഉപകരണം വേണം

ഉപകരിക്ക് upakarikkə *(vi)*, be useful for the purpose; ആ മൊട്ടുസൂചി എന്തിന് ഉപകരിക്കും

ഉപക്രമം upakRamaM *(nn)*, preface; അതിന്റെ ഉപക്രമം വായിച്ചു നോക്കട്ടെ

ഉപഗ്രഹം upagrahaM *(nn)*, satellite; ചന്ദ്രൻ ഭൂമിയുടെ ഉപഗ്രഹമാണ്

ഉപചരിക്ക് upacarikkə *(vt)*, serve; മന്ത്രിയെ ഉദ്യോഗസ്ഥന്മാർ ഉപചരിച്ചില്ല

ഉപജാതി upajaati *(nn)*, sub caste; ജാതികളും ഉപജാതികളും നിറഞ്ഞതാണ് എല്ലാ മതങ്ങളും

ഉപജാപം upajaapaM *(nn)*, conspiracy; അയാൾ നടത്തിയ ഉപജാപം പരാജയപ്പെട്ടു

ഉപജീവനം upajiivanaM *(nn)*, career; ഉപജീവനമാർഗ്ഗം തേടി ജനങ്ങൾ അന്യരാജ്യങ്ങളിൽ പോകുന്നു

ഉപജീവനം upajiivanaM *(nn)*, liveli hood; അയാൾ കാർഷികവൃത്തിയിലൂടെയാ ണ് ഉപജീവനം നടത്തിയത്

ഉപജ്ഞാതാവ് upaj~aataavə *(nn)*, inventor; റേഡിയോയുടെ ഉപജ്ഞാതാവ് ആരാണ്

ഉപദേശം upadeeSaM *(nn)*, advise; എനിക്ക് ആരുടേയും ഉപദേശം ആവശ്യമില്ല

ഉപദേശിക്ക് upadeeSikkə *(vt)*, advise; എന്നെ അയാൾ ഉപദേശിച്ചു

ഉപദ്രവം upadravaM *(nn)*, trouble; കുരങ്ങന്മാരെ കൊണ്ട് ഇവിടെ വലിയ ഉപദ്രവമാണ്

ഉപദ്രവം upadravaM *(vt)*, torment; അവളുടെ ഭർത്താവ് സ്ത്രീധനത്തിനു വേണ്ടി വളരെയധികം ഉപദ്രവിക്കുന്നു

ഉപദ്രവം upadravaM *(vt)*, harass; മേലുദ്യോഗസ്ഥൻമാർ കീഴുദ്യോഗസ്ഥരെ വല്ലാതെ ഉപദ്രവിക്കുന്നു

ഉപദ്രവിക്ക് upadravikkə *(vt)*, trouble; മുതിർന്ന കുട്ടി ഇളയകുട്ടിയെ ഉപദ്രവിച്ചു

ഉപദ്വീപ് upadviipə *(nn)*, peninsula; ഉപദ്വീപിലെ പ്രശ്നങ്ങൾ ചർച്ചയിലൂടെ പരിഹരിക്കാം

ഉപനയനം upanayanaM *(nn),* investiture with the brahminical string; ഇന്ന് ഉണ്ണിയുടെ ഉപനയനമാണ്

ഉപന്യസിക്ക് upanyasikkə *(vt),* expatiate on; അയാൾ ആ കാര്യങ്ങളെല്ലാം ഉപന്യസിച്ചു

ഉപന്യാസം upanyaasaM *(nn),* essay; അവൻ ഒരു ഉപന്യാസം എഴുതി

ഉപഭോക്താവ് upabhooktaavə *(nn),* consumer; ഉപഭോക്താവിന്റെ സംതൃപ്തിയാണ് ഉൽപ്പാദകന്റെ ലക്ഷ്യം

ഉപഭോഗം upabhoogaM *(nn),* consumption; അത്തരം മരുന്നുകളുടെ ഉപഭോഗം നിർത്തിവയ്ക്കാൻ ആവശ്യപ്പെട്ടു

ഉപമ upama *(nn),* comparison; അവനെ കഴുതയോട് ഉപമിക്കാം

ഉപയുക്തം upayuktaM *(nn),* useful; അവയൊന്നും ഇവിടെ ഉപയുക്തമാകുന്നില്ല

ഉപയോഗം upayoogaM *(nn),* use; കൃത്രിമ പദാർത്ഥങ്ങളുടെ ഉപയോഗം നിർത്തിവച്ചു

ഉപയോഗിക്ക് upayoogikkə *(vt),* use; രമേശ് വിലകൂടിയ വാച്ച് ഉപയോഗിക്കുന്നു

ഉപയോഗിക്ക് upayoogikkə *(vt),* utilize; തന്റെ നന്മയ്ക്ക് വേണ്ടി എല്ലാവരെയും അയാൾ ഉപയോഗിക്കുന്നു.

ഉപരി upari *(adv),* above; എല്ലാറ്റിനും ഉപരി മനുഷ്യ സ്നേഹമാണ് വേണ്ടത്

ഉപരിതലം uparitalaM *(nn),* surface; ചന്ദ്രന്റെ ഉപരിതലത്തിൽ പാറകളുണ്ട്

ഉപരിപ്ലവമായ upariplavamaaya *(adj),* superficial; ഇവയെല്ലാം ഉപരിപ്ലവമായ വിലയിരുത്തലാണ്

ഉപരോധം uparoodhaM *(nn),* siege; അയൽ രാജ്യങ്ങൾ ഉപരോധം നടത്തി

ഉപരോധിക്ക് uparoodhikkə *(vt),* besiege; അയൽ രാജ്യങ്ങൾ നാലുഭാഗത്തു നിന്നും ഉപരോധിച്ചു

ഉപലബ്ധി upalabdhi *(nn),* profit; എന്താണ് അതിന്റെ ഉപലബ്ധി

ഉപലബ്ധി upalabdhi *(nn),* mind; എന്റെ ഉപലബ്ധിയിൽ ഒന്നും കടന്നു വന്നില്ല

ഉപവനം upavanaM *(nn),* garden; സീത ഉപവനത്തിൽ ഇരിക്കുന്നു

ഉപവസിക്ക് upavasikkə *(vi),* fast; സീത ഉപവസിക്കുന്നു

ഉപവാസം upavaasaM *(nn),* fasting; മന്ത്രി ഇന്നലെ ഉപവാസം നടത്തി

ഉപസംഗ്രഹിക്ക് upasaMgrahikkə *(nn)*, conclude; അധ്യക്ഷൻ തന്റെ പ്രസംഗം ഉപസംഗ്രഹിച്ചു

ഉപസംഹരണം upasaMharaNaM *(nn)*, conclusion; അദ്ദേഹം ഉപസംഹരണത്തിൽ എല്ലാം ചുരുക്കി പറഞ്ഞു

ഉപസംഹരിക്ക് upasaMharikkə *(vt)*, conclude; മുഖ്യമന്ത്രി പ്രസംഗം ഉപസംഹരിച്ചു

ഉപഹസിതം upahasitaM *(nn)*, laughter; ഈ രാഷ് ട്രീയം ഉപഹസിതമാണ്

ഉപഹാരം upahaaraM *(nn)*, gift; മന്ത്രിക്ക് ജനങ്ങൾ ഉപഹാരം നല്കി

ഉപാധി upaadhi *(nn)*, medium; ഭാഷ ആശയവിനിമയത്തിനുള്ള ഉപാധിയാണ്

ഉപാധി upaadhi *(nn)*, condition; യഥാർഥ സ്നേഹത്തിന് ഉപാധികളില്ല

ഉപായം upaayaM *(nn)*, trick; കുട്ടി ഒരു ഉപായം പ്രയോഗിച്ചു

ഉപേക്ഷ upeek$a *(nn)*, disregard; ഉപേക്ഷ വിചാരിക്കാതെ ചെയ്യണമെന്ന് അഭ്യർത്ഥിച്ചു

ഉപേക്ഷിക്ക് upeeK$iKKə *(vb)*, cast away; രാമൻ സീതയെ ഉപേക്ഷിച്ചു

ഉപേക്ഷിക്ക് upeek$ikkə *(vt)*, leave; അയാൾ എല്ലാം ഉപേക്ഷിച്ച് സന്യാസത്തിന് പോയി

ഉപോല്പ്പന്നം upoolppannaM *(nn)*, by product; വെളിച്ചെണ്ണ ആട്ടിയെടുക്കുമ്പോൾ കിട്ടുന്ന ഒരു ഉപോൽപ്പന്നമാണ് പിണ്ണാക്ക്

ഉപ്പൻ uppan *(nn)*, kind of bird; ഒരു ഉപ്പൻ തൊടിയിൽ വന്നു

ഉപ്പിലിട്ടത് uppiliTTatə *(nn)*, pickles; എനിക്ക് ഉപ്പിലിട്ടത് വേണം

ഉപ്പുമാവ് uppumaavə *(nn)*, pudding like preparation; ഉപ്പുമാവ് അവൻ കഴിക്കാറില്ല

ഉപ്പുള്ള uppuLLa *(adj)*, salty; ഉപ്പുള്ള വെള്ളമേ അവിടെ കിട്ടുകയുള്ളൂ

ഉപ്പൂറ്റി uppuuRRi *(nn)*, heel; ഉപ്പൂറ്റിയിൽ വേദനിക്കുന്നു

ഉപ്പേരി uppeeri *(nn)*, chips or vegetables fried in oil; അമ്മ ഉപ്പേരി വറുത്തു

ഉപ്പ് uppə *(nn)*, salt; ഉപ്പ് വെള്ളത്തിലലിഞ്ഞു

ഉഭയ ubhaya *(adj)*, in two ways; തവള ഒരു ഉഭയജീവിയാണ്

ഉമി umi *(nn)*, husk of paddy; നെല്ലിന്റെ ഉമി കണ്ണിൽ വീണു

ഉമിക്കരി umikkari *(nn)*, burnt husk of paddy used for cleaning teeth; അവൻ ഉമിക്കരി കൊണ്ട് പല്ലുതേച്ചു

ഉമിനീർ uminiiR *(nn)*, saliva; വായിൽ ഉമിനീർ വറ്റിപ്പോയി

ഉമ്മ umma *(nn)*, kiss; അമ്മ കുട്ടിക്ക് ഉമ്മ കൊടുത്തു

ഉമ്മ umma *(nn)*, mother (muslim dialect); പാത്തുമ്മയുടെ ഉമ്മ വന്നു

ഉമ്മം ummaM *(nn)*, kind of herb datura; അവൻ ഉമ്മത്തിന്റെ കായ് തിന്നു

ഉമ്മവയ്ക്ക് ummavaykkə *(comp vb)*, kiss; അമ്മ കുട്ടിയെ ഉമ്മവച്ചു

ഉമ്മറം ummaRaM *(nn)*, door way; ഉമ്മറത്ത് ആരോ വന്നിട്ടുണ്ട്

ഉമ്മിണി ummiNi *(adv)*, little; ഉമ്മിണി വല്യ ഒന്ന്!

ഉയരം uyaraM *(nn)*, height; ഈ മാളികയുടെ ഉയരം എത്രയാണെന്ന് പറയാമോ?

ഉയർ uyarə *(vi)*, rise; ആ പക്ഷി മേൽപോട്ട് ഉയരുന്നു

ഉയർച്ച uyaRcca *(nn)*, well being; അയാളുടെ ഉയർച്ച കണ്ട് എല്ലാവർക്കും അസൂയ തോന്നിയത്രെ.

ഉയർത്തെഴുന്നേല്പ്പ്

uyaRtteZunneelppə *(nn)*, resurrection; ഉയർത്തെഴുന്നേൽപ്പുനാൾ സമുചിതമായി ആഘോഷിച്ചു

ഉയർന്ന uyaRnna *(adj)*, high; അവിടെ ഉയർന്ന ഒരു പ്രദേശമുണ്ട്

ഉയിർ uyirə *(nn)*, life; ഉയിരിൽ കൊതിയുള്ളവർ അടുക്കരുത്

ഉയിർക്ക് uyiRkkə *(vi)*, resurrect; അയാൾ മരിച്ച് ഉയിർക്കുമെന്ന് ആരോ പ്രവചിച്ചു

ഉര ura *(nn)*, speech; രാജാവ് അപ്രകാരം ഉര ചെയ്തു

ഉരകല്ല് urakallə *(nn)*, grinding stone; ഉരകല്ലിൽ ഇട്ട് അരി അരച്ചു

ഉരയ് urayə *(vi)*, mash; ദീർഘകാലത്തെ ഉപയോഗം കൊണ്ട് പാത്രം ഉരയുന്നു

ഉരയ്ക്ക് uraykkə *(vt)*, rub; രാജൻ വാളിന്റെ മൂർച്ച കൂട്ടാൻ കല്ലിൽ ഉരയ്ക്കുന്നു

ഉരയ്ക്ക് uraykkə *(vi)*, speak; എന്താണ് നിങ്ങൾ ഉരയ്ക്കുന്നത്

ഉരയ്ക്ക് uraykkə *(vt)*, rub against each other; കത്തി നന്നായി ഉരച്ച് മൂർച്ച കൂട്ടി

ഉരൽ ural *(nn)*, mortar; ഉരലിൽ ഉലക്ക കൊണ്ട് ഇടിച്ചു

ഉരിയാട് uriyaaTə *(vt)*, speak; അവൻ ഒന്നും ഉരിയാടിയില്ല

ഉരുള് uruLə *(vi)*, roll; മേശപ്പുറത്ത് പന്ത് ഉരുളുന്നു

ഉരുക് urukə *(vi)*, melt; ഹിമപർവതത്തിലെ മഞ്ഞ് ഉരുകി

ഉരുട്ട് uruTTə *(nn)*, deceit; അയാളുടെ ഉരുട്ടു വിദ്യകളിൽ അവൻ വീണില്ല

ഉരുട്ട് uruTTə *(nn)*, rolling; പോലീസുകാരുടെ ഉരുട്ട് ഭീകരമായിരുന്നു

ഉരുപ്പടി uruppaTi *(nn),* finished products; ഇവിടെ മരം ഉരുപ്പടികൾ വില്പനയ്ക്കു ലഭ്യമാണ്

ഉരുപ്പടി uruppaTi *(nn),* ornaments; ഉരുപ്പടികൾ പണയം വച്ചു

ഉരുമ്മൽ urummal *(nn),* rubbing; അയാളുടെ ഉരുമ്മൽ എനിക്കിഷ്ടമായില്ല

ഉരുവം uruvaM *(nn),* shape; ആ ഉരുവത്തിൽ പ്രതിമ വാർത്തെടുത്തു

ഉരുവിട് uruviTə *(vi),* repeat; മുനിമാർ മന്ത്രം ഉരുവിടുന്നു

ഉരുളക്കിഴങ്ങ് uruLakkiZaŋŋə *(nn),* potato; അവൻ ഉരുളക്കിഴങ്ങ് ധാരാളം ഭക്ഷിക്കും

ഉരുളൻ uruLan *(adj),* roll shaped; ഒരു ഉരുളൻ കല്ലെടുത്ത് അവൻ എറിഞ്ഞു

ഉരുളി uruLi *(nn),* vase made of bell metal; ഒരു ഉരുളി നിറയെ പായസം ഉണ്ടാക്കി

ഉരുള് uruLə *(vi),* roll; ഭക്തജനങ്ങൾ നിലത്ത് വീണ് ഉരുളുന്നു

ഉരുൾപൊട്ട് uruLpoTTə *(vi),* landslide; ഉരുൾപൊട്ടി കുറേപ്പേർ മരിച്ചു

ഉരുൾ uruL *(nn),* wheel; വണ്ടിയുടെ ഉരുൾ നഷ്ടപ്പെട്ടു

ഉർവര uRvara *(adj),* fertile; ഉർവ്വരമായ മണ്ണിൽ അയാൾ വിത്തു വിതച്ചു

ഉർവി uRvi *(nn),* earth; ഉർവ്വിയിൽ മനുഷ്യർ പിറന്നു

ഉല ula *(nn),* furnace; കൊല്ലൻ ഉലയിൽ ഇരുമ്പു ചൂടാക്കുന്നു

ഉലച്ചിൽ ulaccil *(nn),* shaking; അവരുടെ ബന്ധത്തിന് ഉലച്ചിൽ തട്ടി

ഉലത്ത് ulattə *(vt),* drain out water; അമ്മ കറി ഉലത്തുന്നു

ഉലയ് ulayə *(vi),* shake; അവരുടെ ബന്ധം ഉലഞ്ഞു

ഉലാത്ത് ulaattə *(vi),* walk about leisurely; രാജാവ് മട്ടുപ്പാവിൽ ഉലാത്തുന്നു

ഉലാവ് ulaavə *(nn),* leisurely walk; രാജാവിന്റെ ഉലാവ് കഴിഞ്ഞു

ഉലുവ uluva *(nn),* frigonella foenum; ഉലുവ വളരെ ഔഷധ ഗുണമുള്ളതാണ്

ഉല്കൃഷ്ടമായ ulkRə$Tamaaya *(adj),* excellent; ഉൽകൃഷ്ടമായ ഒരു കൃതിയാണിത്

ഉൽക്ക ulkka *(nn),* meteor; ആകാശത്തു കൂടി ഒരു ഉല്ക്ക കടന്നുപോയി

ഉൽക്കർഷം ulkkaR$aM *(nn),* prosperity; അയാൾ എന്നും ഉൽക്കർഷം ആഗ്രഹിക്കുന്നു

ഉല്പ്പാദനം ulppaadanaM *(nn),* production; ഫാക്ടറിയിൽ ഉൽപ്പാദനം നിർത്തിവച്ചു

ഉല്പ്പാദിപ്പിക്ക് ulppaadippikkə *(vt),* produce; ഈ ഫാക്ടറിയിൽ എന്താണ് ഉൽപ്പാദിപ്പിക്കുന്നത്

ഉല്പ്പാദിക്ക് ulppaadikkə *(vt),* reason out; അതിൽ എല്ലാം ഉൽപ്പാദിക്കുന്നുണ്ട്

ഉല്ലംഘനം ullaMghanaM *(nn),* trespass; അയാൾ ആ സ്ഥലം ഉല്ലംഘനം ചെയ്തു

ഉല്ലസിക്ക് ullasikkə *(vt),* rejoice; പാർക്കിൽ കുട്ടികൾ ഉല്ലസിക്കുന്നു

ഉല്ലാസം ullaasaM *(nn),* enjoyment; കുട്ടികൾക്ക് ഉല്ലാസത്തിന്റെ ദിവസങ്ങളാണ് അവധിക്കാലം

ഉവ്വ് uvvə *(in),* yes; ഉവ്വ്, അയാൾ അവിടെ പോയിരുന്നു

ഉഷസ്സ് u$assə *(nn),* dawn; നന്നെ ഉഷസ്സിൽ അയാൾ പുറപ്പെട്ടു

ഉഷാർ u$aaR *(nn),* smartness; അവന് ഒരു ഉഷാർ ഇല്ല

ഉഷ്ണം u$NaM *(nn),* heat; ഉഷ്ണംകൊണ്ട് മുറിയിൽ ഇരിക്കാനാകുന്നില്ല

ഉഷ്ണമാപിനി u$Namaapini *(nn),* thermometer; ഉഷ്ണമാപിനിയിൽ പനിയുടെ അളവു കാണിച്ചു

ഉളവാക് uLavaakə *(vi),* come into being; അയാളുടെ പ്രവൃത്തി അറപ്പുളവാക്കുന്നതായിരുന്നു

ഉളി uLe *(nn),* chisel; ആശാരി ഉളികൊണ്ട് ജോലി ചെയ്യുന്നു.

ഉളിപ്പല്ല് uLippallə *(nn,comp),* canine teeth; എന്റെ ഉളിപ്പല്ലിൽ വല്ലാത്ത വേദന ഉണ്ട്

ഉളുക്ക് uLukkə *(nn),* sprain; കുട്ടിയുടെ കാലിന് ഉളുക്കുണ്ട്

ഉളുക്ക് uLukkə *(vi),* cause sprain; കുട്ടിയുടെ കാൽ ഉളുക്കി

ഉളുപ്പ് uLuppə *(nn),* feeling of shame or abashment; യാതൊരു ഉളുപ്പുമില്ലാതെയാണ് അയാൾ അങ്ങനെ പറഞ്ഞത്

ഉൾക്കടൽ uLkkaTal *(nn,comp),* gulf; ഉൾക്കടലിൽ എപ്പോഴും ശക്തമായ കാറ്റടിക്കുന്നു

ഉൽക്കണ്ഠ uLkkaNTha *(nn),* anxiety; എനിക്ക് ഉൽക്കണ്ഠ ഒഴിവാക്കാൻ കഴിഞ്ഞില്ല

ഉൾക്കണ്ണ് uLkkaNNə *(nn,comp),* inner eye; ഉൾക്കണ്ണിലൂടെ അയാൾ എല്ലാം കണ്ടു

ഉൾക്കനം uLkkanaM *(nn,comp),* firmness of mind; അവൻ ഉൾക്കനം കുറഞ്ഞ മനുഷ്യനാണ്

ഉൾക്കരുത്ത് uLkkaruttə *(nn,comp),* intrinsic strength; ഉൾക്കരുത്തു കൊണ്ട് നേടിയെടുത്തതാണ് ഇതെല്ലാം

ഉൾക്കൊള്ള് uLkkoLLə *(vi),* contain; എന്തൊക്കെ പദാർത്ഥങ്ങളാണ് ഈ ലോഹത്തിൽ ഉൾക്കൊള്ളുന്നത്

ഉൾച്ചിരി uLcciri *(nn,comp),* hypocritic laughter; അവന് എല്ലാം കണ്ട് ഉൾച്ചിരി വന്നു

ഉൾച്ചെവി uLccavi *(nn,comp),* inner ear; ഉൾച്ചെവിയിൽ കേടുപാടുകളുണ്ട്

ഉൾപ്പക uLppaKa *(nn,comp),* grudge; അയാൾക്ക് അവനോട് ഉൾപ്പകയുണ്ടായിരുന്നു

ഉൾപ്പോര് uLppoorə *(nn,comp),* rivalry; സംഘടനയിൽ എപ്പോഴും ഉൾപ്പോരുകൾ നടക്കാറുണ്ട്

ഉള്ള uLLa *(nn),* being; ഉള്ള കാര്യം ഉള്ളതുപോലെ പറഞ്ഞു

ഉള്ളം uLLaM *(nn),* mind; ഉള്ളത്തിൽ ഉല്ലാസം തോന്നി

ഉള്ളംകാൽ uLLaMkaal *(nn),* sole of the feet; ഉള്ളംകാൽ മുതൽ നെറുക വരെ വേദനിച്ചു

ഉള്ളംകൈ uLLaMkai *(nn,comp),* palm; ഉള്ളം കൈയ്യിൽ മുറിവേറ്റു

ഉള്ളടക്കം uLLaTakkaM *(nn),* contents; പുസ്തകത്തിന്റെ ഉള്ളടക്കം വായിച്ചു

ഉള്ളടക്കം uLLaTakkaM *(nn),* control of the mind; മനുഷ്യന് ഉള്ളടക്കം വേണം

ഉള്ളടക്കം uLLaTakkaM *(nn),* volume; ആ വസ്തുവിന്റെ ഉള്ളടക്കം എത്രയാണ്

ഉള്ളറ uLLaM *(nn,comp),* inner apartment with in a building; കൊട്ടാരത്തിന്റെ ഉള്ളറകളിൽ ആരുടെയൊക്കെയോ തേങ്ങൽ കേട്ടു

ഉള്ളിരുപ്പ് uLLirippə *(nn),* thought that is not disclosed; അയാൾക്ക് അവന്റെ ഉള്ളിരുപ്പ് മനസ്സിലായിപോലും

ഉള്ളിൽ uLLil *(adv),* interior; വീട്ടിനുള്ളിൽ സൌകര്യങ്ങൾ കുറവാണ്

ഉള്ളുരുക്കം uLLurukkaM *(nn,comp),* mental agony; അവളുടെ ഉള്ളുരുക്കം ആരും അറിഞ്ഞില്ല

ഉള്ള് uLLə *(nn),* mind; ഉള്ളിൽ എന്തെല്ലാമോ പുകയുന്നു

ഉൾ uL *(vi),* have; എന്റെ കൈയിൽ പ്രസിദ്ധസാഹിത്യകാരൻമാരുടെ പുസ്തകങ്ങൾ ഉണ്ട്

ഉൾനാക്ക് uLnaakkə *(nn,comp),* uvula; ഉൾനാക്ക് മുറിഞ്ഞു

ഉഴക്ക് uZakkə *(nn),* measure, 1/4 part of a nazhi; ഒരു ഉഴക്ക് പാലു വാങ്ങി

ഉഴല് uZalə *(vi),* wander; അവർ ജീവിക്കാൻ ഉഴലുന്നു

ഉഴറ് uZaRə *(vi),* be in a hurry; അയാൾ സ്വാതന്ത്യത്തിനു വേണ്ടി ഉഴറി

ഉഴിച്ചിൽ uZiccil *(nn)*, massaging; അയാൾക്ക് ഉഴിച്ചിൽ നടത്തേണ്ടിവന്നു

ഉഴിയ് uZiyə *(vt)*, stroke; അയാൾ കുട്ടിയെ ഉഴിഞ്ഞു

ഉഴുനിലം uZunilaM *(nn,comp)*, ploughed field; ഉഴുനിലത്ത് വിത്തു വിതച്ചു

ഉഴ് uZə *(vt)*, plough; കൃഷിക്കാരൻ വയൽ ഉഴുന്നു

ഉറ uRa *(nn)*, butter milk added to milk for curdling; പാലിൽ ഉറ ഒഴിച്ചു

ഉറക്കം uRakkaM *(nn)*, sleep; ഉറക്കത്തിൽ കുട്ടി സ്വപ്നം കണ്ടു

ഉറക്കംതൂങ്ങുന്ന uRakkaMtuuṉṉunna *(adj)*, sleepy; എപ്പോഴും ഉറക്കം തൂങ്ങുന്ന സ്വഭാവമാണ് അവന്റേത്

ഉറക്കപ്പിച്ച് uRakkappiccə *(nn)*, incoherent utterances while asleep; അവൻ ഉറക്കത്തിൽ ഉറക്കപ്പിച്ച് പറഞ്ഞു

ഉറക്കമിളയ്ക്ക് uRakkamiLaykkə *(comp vb)*, keep awake; കുട്ടികൾ ഉറക്കമിളച്ച് പഠിക്കുന്നു

ഉറക്കുപാട്ട് uRakkupaaTTə *(nn)*, lullaby; അമ്മ കുട്ടിയെ ഉറക്കുപാട്ടു പാടി ഉറക്കി

ഉറക്കെ uRakke *(adv)*, aloud; അവൻ ഉറക്കെ സംസാരിച്ചു

ഉറക്ക് uRakkə *(vt)*, put to sleep; അമ്മ കുട്ടിയെ ഉറക്കുന്നു

ഉറങ്ങ് uRaṉṉə *(vi)*, sleep; രാത്രിയിൽ എല്ലാവരും ഉറങ്ങുന്നു

ഉറച്ചൽ uRaccal *(nn)*, dancing as a worship to goddess in temples; ഞാൻ വെളിച്ചപ്പാടിന്റെ ഉറച്ചൽ കണ്ടു നിന്നു

ഉറച്ചിൽ uRaccil *(nn)*, curdling milk; പാലിന്റെ ഉറച്ചിലിന് താമസം നേരിടും

ഉറഞ്ഞമഞ്ഞ് uRa~~ama~~ə *(nn)*, frost; ഉറഞ്ഞ മഞ്ഞിൽ കാൽ വഴുതി വീണു

ഉറപ്പാക്ക് uRappaakkə *(vi)*, decide; അയാൾ പോകേണ്ടെന്ന് ഉറപ്പാക്കി

ഉറപ്പിക്ക് uRappikkə *(vt)*, fix; മുറ്റത്ത് പന്തലിന് വേണ്ടി തൂൺ ഉറപ്പിക്കുന്നു

ഉറപ്പ് uRappə *(nn)*, strength; അയാൾ വീടിന്റെ ഉറപ്പ് പരിശോധിച്ചു

ഉറയ് uRayə *(vi)*, solidify; വെള്ളം ഉറഞ്ഞ് മഞ്ഞുകട്ടിയായി

ഉറവ uRava *(nn)*, spring; ഉറവയിലൂടെ വെള്ളം വരുന്നു

ഉറവിടം uRaviTaM *(nn)*, place of origin; ഇതാണ് പുണ്യനദിയുടെ ഉറവിടം

ഉറിഞ്ച് uRi~cə *(vt)*, suck; പിഞ്ചു കുഞ്ഞ് വിരൽ ഉറിഞ്ചുന്നു.

ഉറുക്ക് uRukkə *(nn)*, armlet worn on the waist; അയാൾ കൈയ്യിൽ ഒരു ഉറുക്കു കെട്ടി

ഉറുമ്പ് uRumbə *(nn)*, ant; ഉറുമ്പുകൾ വരിവരിയായി നീങ്ങുന്നു

ഉറുപ്പിക uRuppika *(nn)*, rupee; എനിക്ക് അയാൾ പത്ത് ഉറുപ്പിക തന്നു

ഉറുമാൽ uRumaal *(nn)*, handkerchief; അവൾ തലയിൽ ഒരു ഉറുമാൽ കെട്ടി

ഉറുമി uRumi *(nn)*, damascene blade; ഉറുമി കൊണ്ട് ഒതേനൻ യുദ്ധം ചെയ്തു

ഉറ്റ uRRa *(adj)*, close; അയാൾ എന്റെ ഉറ്റ സ്നേഹിതനായിരുന്നു

ഉറ്റവൻ uRRavan *(nn)*, initmate; അയാൾ അവന്റെ ഉറ്റവനാണ്

ഉറ്റിക്ക് uRRikkə *(vt)*, dropping; അയാൾ കണ്ണിൽ മരുന്ന് ഉറ്റിച്ചു

ഊക്കം uukkaM *(nn)*, force; അയാളുടെ ഊക്കം കൊണ്ട് മറിഞ്ഞു വീണില്ല

ഊക്കൻ uukkan *(nn)*, strong person; അവൻ ഒരു ഊക്കൻ കുട്ടിയാണ്

ഊക്ക് uukkə *(nn)*, strength; കൈയ്യൂക്ക് ഉള്ളവൻ കാര്യക്കാരൻ

ഊഞ്ഞാൽ uu~~aal *(nn)*, swing; അവൾ ഊഞ്ഞാലിൽ ആടുന്നു

ഊടുവഴി uuTuvaZi *(comp n)*, narrow lane; അയാൾ ആ ഊടുവഴിയിലൂടെ നടന്നു

ഊടെ uuTe *(case.M)*, through; വഴിയിലൂടെ ആരോ നടന്നു വരുന്നു

ഊട് uuTə *(nn)*, woof; തുണിയിൽ ഊടും പാവും നെയ്തു

ഊടുപാടുകൾ uuTupaaTukal *(nn)*, inner secret; അതിന്റെ ഊടുപാടുകൾ എനിക്കറിയില്ല

ഊട്ടുകാർ uuTTukaaR *(nn)*, cooks; ഊട്ടുകാർ വന്നിട്ടുണ്ട് പാചകം തുടങ്ങാം

ഊട്ടുപുര uuTTupura *(nn,comp)*, dining hall; ഊട്ടുപുരയിൽ എല്ലാവരും ഊണിനിരുന്നു

ഊട്ട് uuTTə *(nn)*, feast; ഊട്ടുകഴിഞ്ഞ് എല്ലാവരും മടങ്ങി

ഊട്ട് uuTTə *(vt)*, feed; അമ്മ മകനെ ഊട്ടി

ഊണ് uuNə *(nn)*, meal; ഊൺ റെഡിയായി കഴിക്കാം

ഊതം uutaM *(nn)*, purple; ഊത വർണ്ണത്തിലുള്ള ഒരു പുഷ്പമായിരുന്നു അത്

ഊത് uutə *(vi)*, blow; അടുപ്പിൽ തീ ഊതുന്നു

ഊന് uunə *(nn)*, gum; കുട്ടിയുടെ ഊനിൽ നോവുന്നു

ഊന്നൽ uunnal *(nn),* supporting; അയാൾ അതിന് ഊന്നൽ കൊടുത്തു

ഊന്നൽ uunnal *(nn),* emphasize; അയാൾ അക്കാര്യത്തിന് ഊന്നൽ കൊടുത്തു സംസാരിക്കുന്നു

ഊന്നുകാരൻ uunnukaaran *(nn,comp),* boatman; വള്ളത്തിൽ ഊന്നുകാരൻ ഊന്നുന്നു

ഊന്നുകാല് uunnukaalə *(nn,comp),* prop or a support fixed to a post; അവൻ ഊന്നുകാലിൽ പിടിച്ച് ഇരുന്നു

ഊന്ന് uunnə *(nn),* support; മച്ചിന് ഒരു ഊന്ന് കൊടുത്തു

ഊന്ന് uunnə *(vt),* move a boat by plying a pole; വള്ളം ഊന്നുകാരൻ ഊന്നി

ഊന്ന് uunnə *(vt),* stamp; അയാൾ തറയിൽ കാലൂന്നിയപ്പോൾ തെന്നി വീണു

ഊമ്പൽ uumbal *(nn),* sipping; അവന്റെ ഐസ് ഊമ്പൽ എനിക്കിഷ്ടമായില്ല

ഊപ്പ uuppa *(nn),* small fish; കുട്ടികൾ ഊപ്പ പെറുക്കാൻ ഓടി വന്നു

ഊപ്പാട് uuppaaTə *(vb),* fatigue; ജോലി ചെയ്ത് അവന്റെ ഊപ്പാട് വന്നു

ഊമ uuma *(nn),* dumb; കമലഹാസൻ ഊമയായി അഭിനയിച്ച സിനിമ വളരെ നന്നായിരുന്നു

ഊയൽ uuyal *(nn),* swing; അവൾ ഊയൽ ആടുന്നു

ഊര uura *(nn),* hinder part of thigh; എന്റെ ഊര വേദനിക്കുന്നു

ഊരാളൻ uuraaLan *(nn),* manager of a temple; ഊരാളൻമാർ ഉത്സവകാര്യങ്ങൾ ചർച്ച ചെയ്തു

ഊർ uurə *(vt),* take out; അവൾ വള ഊരി

ഊർ uurə *(nn),* place; പിറന്നൊരൂരിൽ പോകേണം

ഊർജ്ജം uuRjjaM *(nn),* energy; സൂര്യൻ ഊർജ്ജത്തിന്റെ സ്രോതസ്സാണ്

ഊർജ്ജതന്ത്രം uuRjjatantRaM *(nn),* physics; അവൾ ഊർജ്ജതന്ത്രം പഠിക്കുന്നു

ഊർജ്ജസ്വലമായി uuRjjasvalamaayi *(adv),* energetically; അവൻ വളരെ ഊർജ്ജസ്വലമായി പ്രവൃത്തിച്ചു

ഊർജ്ജിത uuRjjita *(adj),* vigorous; ഊർജ്ജിത ഗ്രാമ വികസന പരിപാടി മന്ത്രി ഉൽഘാടനം ചെയ്തു

ഊർജ്ജസ്വലം uuRjvasvalaM *(nn),* vigour; അയാളുടെ പ്രവൃത്തി വളരെ ഊർജ്ജസ്വലമായിരുന്നു

ഊർദ്ധ്വ uuRddhva *(adj)*, raised; അയാൾ ഊർദ്ധ്വ വായു പുറപ്പെടുവിച്ചു

ഊർവ്വരത uuRvvarata *(nn)*, fertility; ഊർവ്വരതയും അമ്മദൈവസങ്കല്പനവും തമ്മിൽ നല്ല ബന്ധമുണ്ട്

ഊശിയാക്ക് uuSiyaakkə *(vt)*, belittle; അയാൾ കുട്ടിയെ ഊശിയാക്കി

ഊഹം uuhaM *(nn)*, guess; അവന്റെ ഊഹം ശരിയായിരുന്നു

ഊഹാപോഹം uuhaapoohaM *(nn,comp)*, speculation; അയാൾ ഊഹാപോഹങ്ങൾ വിശ്വസിച്ചു

ഊഹിക്ക് uuhikkə *(vt)*, guess; അവൾ പെട്ടെന്ന് ഊഹിച്ചു

ഊളൻ uuLan *(nn)*, jackal; പുറത്ത് ഊളൻ കൂകുന്നു

ഊളി uuLi *(nn)*, howling; കുറുക്കന്റെ ഊളി കേട്ട് ഞാൻ ഉറക്കമുണർന്നു

ഊളിയിട് uuLiyiTə *(vi)*, howl; കുറുക്കൻ ഊളിയിടുന്നു

ഊഴം uuZaM *(nn)*, turn; ഞാൻ എന്റെ ഊഴം കാത്തു നിന്നു

ഊഴി uuZi *(nn)*, earth; ഊഴിയെക്കുറിച്ച് കുട്ടികൾക്കായുള്ള പുസ്തകമാണിത്

ഊറ uuRa *(nn)*, tanning matter; പശുവിന്റെ തോൽ ഊറയ്ക്കിട്ടു

ഊറയ്ക്കിട് uuRaykkiTə *(comp vb)*, tan leather; തുകൽ ഊറയ്ക്കിട്ടു

ഊറൽ uuRalə *(nn)*, seepage; കുടത്തിന്റെ അടിയിൽ ഊറൽ കാണപ്പെട്ടു

ഊറ് uuRə *(vi)*, ooze out; ഉറവയിൽ വെള്ളം ഊറുന്നു

ഊറ്റം uuRRaM *(nn)*, strength; അയാൾ തന്റെ ഊറ്റം കൊണ്ടു വിജയിച്ചു

ഊറ്റ് uuRRə *(nn)*, hotspring; ഊറ്റിൽ നിന്നു കിട്ടുന്ന വെള്ളത്തിന് എന്തൊരു സ്വാദായിരുന്നു

ഊറ്റ് uuRRə *(nn)*, water spring; വെള്ളത്തിന്റെ അടിയിൽ ഊറ്റു കാണപ്പെട്ടു

ഊറ്റ് uuRRə *(vt)*, filter; പാത്രത്തിൽ നിന്ന് വെള്ളം ഊറ്റിയെടുക്കുന്നു

ഋഗ്വേദം RəgveedaM *(nn)*, first veda - the rig veda; ഋഗ്വേദമാണ് നാലു വേദങ്ങളിൽ പ്രഥമവും പ്രധാനവുമായിട്ടുള്ളത്

ഋണം RəNaM *(nn)*, debt; ഋണം ഒരു ധനമല്ല

ഋണബാധ്യത RəNabaadhyata *(nn,comp)*, indebtness; അച്ഛന്റെ ഋണബാധ്യത മകൻ വീട്ടി

ഋതു Rətu *(nn),* season; ഋതുക്കൾ മാറുന്നതനുസരിച്ച് വൃക്ഷങ്ങളുടെ നിറവും മാറുന്നു

ഋതുചര്യ Rətucarya *(nn),* routine of diet; ഋതുചര്യകളിൽ മുനി വ്യാപൃതനായി

ഋതുമതി Rətumati *(nn),* girl who has attained puberty; ഋതുമതിയായ പെൺകുട്ടിക്ക് സമ്മാനങ്ങൾ കൊടുത്തു

ഋഷഭം Rə$abhaM *(nn),* bull; ഋഷഭം കുത്താൻ വന്നു

ഋഷഭം Rə$abhaM *(nn),* second of the seven notes in music; യേശുദാസ് ഋഷഭസ്വരത്തിലാണ് ഇപ്പോൾ പാടുന്നത്

ഋഷി Rə$i *(nn),* ascetic or holy sage; ഋഷി മകനെ അനുഗ്രഹിച്ചു

ഋഷിപ്രോക്തമായ

Rə$ipRooktamaaya *(adj),* propounded by rishis; ഋഷിപ്രോക്തമായ വേദങ്ങളിൽ നിന്ന് അയാൾ പാഠങ്ങൾ ഉൾക്കൊണ്ടു

എകരം ekaraM *(nn),* height; ആ കെട്ടിടത്തിന്റെ എകരമെത്രയാണ്?

എക്കൽ ekkal *(nn),* soil cast on the shore by the current of a river; നദീ തീരത്ത് എക്കൽ മണ്ണ് വീണടിഞ്ഞു

എക്കളിക്ക് ekkaLikkə *(vi),* hiccup; കുട്ടിക്ക് എക്കളിക്കുന്നു

എങ്കിലും eŋkiluM *(cond M),* even then; പ്രശ്നം ഗുരുതരമാണ്, എങ്കിലും ഒരു പരിഹാരം കണ്ടുപിടിക്കണം

എങ്കിലും eŋkiluM *(cond),* however; അയാൾ വേണ്ടെന്നു പറഞ്ഞു എങ്കിലും ഞാൻ പോയി

എങ്കിൽ eŋkil *(cond),* if so; എങ്കിൽ ഞാൻ പറയുമായിരുന്നില്ല

എങ്ങനെ eŋŋane *(int),* how; എങ്ങനെയാണ് അയാൾ ഇവിടെ വന്നത്?

എങ്ങനെയെങ്കിലും

eŋŋaneyeŋkiluM *(ind.pron),* some how; എങ്ങിനെയെങ്കിലും അയാളെ രക്ഷിക്കണം

എങ്ങാണ്ട് eŋŋaaNTə *(ind.pron),* some where; എങ്ങാണ്ട് നിന്ന് വന്ന ഒരാൾ എന്നോടു ചോദിച്ചു

എങ്ങുനിന്ന് eŋŋuninnə *(adv),* from where; എങ്ങുനിന്ന് എഴുന്നള്ളി ഈ മഹാൻ

എങ്ങോട്ട് eŋŋooTTə *(int.pron),* where; അയാൾ എങ്ങോട്ടു പോകുന്നു

എച്ചം eccaM *(nn),* exereta of house lizard; പല്ലി കുട്ടിയുടെമേൽ എച്ചമിട്ടു

എച്ചി ecci *(nn),* mean person; അയാൾ ഒരു എച്ചിയാണ്

എച്ചിത്തരം eccittaraM *(nn,comp)*, meanness; അയാളുടെ എച്ചിത്തരം ആർക്കും പിടിക്കില്ല

എച്ചിൽക്കുപ്പ eccilkkuppa *(nn,comp)*, heap of rubbish material; എച്ചിൽക്കുപ്പയിൽ നിന്ന് അയാൾ ആ സാധനങ്ങൾ പെറുക്കിയെടുത്തു

എച്ചിൽ eccil *(nn)*, remains; അവൻ എച്ചിൽ വാരിക്കളഞ്ഞു

എച്ചിൽ eccil *(nn)*, saliva; കുട്ടിയുടെ വായിൽ എച്ചിൽ വന്നു

എടങ്ങേറ് eTaṇṇeeRə *(nn)*, trouble; അയാൾ എപ്പോഴും എടങ്ങേറ് ഉണ്ടാക്കുന്നു

എടപാട് eTapaaTə *(nn)*, transaction; അയാളുമായിട്ടുള്ള എടപാടുകൾ തീർത്തും അവസാനിപ്പിച്ചു

എടാ eTaa *(voc)*, used for calling an inferior; എടാ, ഒന്നിങ്ങു വാ.

എടുക്ക് eTukkə *(vt)*, pick up; നിലത്തു വീണു കിടന്ന നാണയം എടുത്തു

എടുക്ക് eTukkə *(vt)*, take; കുട്ടികൾ പുസ്തകം എടുത്തു

എടുക്ക് eTukkə *(vt)*, carry; അമ്മ കുട്ടിയെ എടുത്തു

എടുത്തപടി eTuttapaTi *(adv)*, without forethought; അയാൾ എടുത്തപടി അങ്ങനെ പറഞ്ഞു

എടുത്തുകൊണ്ടുപോക്

eTuttukoNTupookə *(vt)*, take away; ആരോ വന്ന് ഒരു പുസ്തകം എടുത്തു കൊണ്ടു പോയി

എടുപ്പിക്ക് eTuppikkə *(v caus)*, cause to take; അമ്മ കുട്ടിയെക്കൊണ്ട് പുസ്തകം എടുപ്പിച്ചു

എടുപ്പ് eTuppə *(nn)*, arrogance; അയാളുടെ എടുപ്പ് ഞാൻ ശ്രദ്ധിച്ചു

എട്ട് eTTə *(nn,num)*, eight; എട്ട് ദിക്കുകളും വിറച്ചു

എണ്ണ eNNa *(nn)*, oil; എണ്ണ തേച്ച് കുളിച്ചു

എണ്ണം eNNaM *(nn)*, number; ഈ കുട്ടയിൽ ഓറഞ്ച് എത്ര എണ്ണമുണ്ട്?

എണ്ണകാച്ച് eNNakaaccə *(comp vb)*, prepare medicated oil; അമ്മ എണ്ണകാച്ചുന്നു

എണ്ണക്കാരൻ eNNakkaaran *(nn,comp)*, oil monger; എണ്ണക്കാരൻ ഇന്നലെ വന്നില്ല

എണ്ണക്കിണർ eNNakkiNaR *(nn,comp)*, oil well; എണ്ണക്കിണറിനു തീപിടിച്ചു

എണ്ണക്കുരുക്കൾ eNNakkurukkaL *(nn)*, oil seeds; എണ്ണക്കുരുക്കൾക്ക് തറവില പ്രഖ്യാപിച്ചു

എണ്ണക്കറുപ്പ് eNNakkaRuppə *(nn,comp),* shining black colour; എണ്ണക്കറുപ്പുള്ള ശരീരമായിരുന്നു അയാളുടേത്

എണ്ണഖനി eNNakhani *(nn,comp),* mine; എണ്ണഖനിയിൽ നിന്ന് എണ്ണ കുഴിച്ചെടുക്കുന്നു

എണ്ണച്ചായം eNNaccaayaM *(nn,comp),* oil colour; അയാൾ എണ്ണച്ചായത്തിൽ ചിത്രം വരച്ചു

എണ്ണ് eNNə *(vi),* count; കുട്ടയിൽ എത്ര പഴങ്ങളുണ്ടെന്ന് എണ്ണിനോക്കൂ?

എൺപത് eNpatə *(nn,num),* eighty; എൺപതു വയസ്സുള്ള ഒരു വൃദ്ധൻ പന്ത്രണ്ടു വയസ്സുകാരിയെ വിവാഹം ചെയ്തത്രെ

എതിരായി etiraayi *(adv),* against; നിയമത്തിന് എതിരായി പ്രവർത്തിക്കുന്നത് കുറ്റകരമാണ്

എതിരെ etiree *(adv),* opposingly; എതിരെ വരുന്ന കാറിൽ രണ്ടുപേർ ഉണ്ടായിരുന്നു

എതിരേല്ക്ക് etireelkkə *(vt),* welcome ceremoniously; മന്ത്രിയെ ജനങ്ങൾ എതിരേൽക്കുന്നു

എതിരായിട്ടുള്ള etiraayiTTuLLa *(adj),* opposing; എതിരായിട്ടുള്ള അഭിപ്രായമൊന്നും അയാൾ പറഞ്ഞില്ല

എതിര് etirə *(nn),* opposite; അയാളുടെ എതിരിൽ മറ്റെയാൾ ഇരുന്നു

എതിർക്ക് etiRkkə *(vt),* protest; പ്രതിപക്ഷം ഭരണപക്ഷത്തെ എതിർക്കുന്നു

എതിർക്ക് etiRkkə *(vt),* oppose; തെരഞ്ഞെടുപ്പിൽ അമ്മ മകനെ എതിർക്കുന്നു

എതിർക്ക് etiRkkə *(vt),* confront; അയാളെ എതിർക്കാൻ ആരും ഉണ്ടായിരുന്നില്ല

എതിർപ്പ് etiRppə *(nn),* opposition; അയാളുടെ എതിർപ്പു വകവയ്ക്കാതെ അവൻ നടന്നു നീങ്ങി

എതിർവശം etiRvaSaM *(adv),* opposite side; വീടിന്റെ എതിർ വശത്ത് ഒരു വായനശാലയുണ്ട്

എതിർവാക്ക് etiRvaakkə *(comp n),* contrary word; അവൻ അയാളോട് എതിർവാക്ക് പറഞ്ഞു

എതിർവാദം etiRvaadaM *(comp n),* expostulation; വക്കീലിന്റെ എതിർവാദം ജഡ്ജി കേട്ടു

എതിർവിസ്താരം etiRvistaaraM *(comp n),* cross examination; എതിർ വിസ്താരം കഴിഞ്ഞ് പ്രതികൾ മടങ്ങിയെത്തി

എത്തൽ ettalə *(nn),* reaching; അയാളുടെ എത്തൽ നോക്കി ഞാൻ കാത്തിരുന്നു

എത്തിച്ചേർ etticceerə *(vi)*, arrive; അച്ഛൻ രാത്രി എട്ടു മണിക്ക് എത്തിച്ചേരും

എത്ത് ettə *(vi)*, reach out; എനിക്ക് മുകളിൽ എത്തില്ല

എത്ര etRa *(int)*, how many; എത്രപേരാണ് ഇങ്ങോട്ടു വരുന്നത് ?

എന്തിന് entinə *(int)*, for what; എന്തിന് ഇത്ര വിഷമിച്ച് ഇവിടെ വരെ വന്നു ?

എന്തിന് entinə *(int)*, why; എന്തിനുവേണ്ടി അയാൾ അതു ചെയ്തു

എന്തുകൊണ്ടെന്നാൽ entukoNTennaal *(cond)*, because; അവർ തമ്മിൽ സംസാരിക്കാറില്ല. എന്തുകൊണ്ടെന്നാൽ അവർ ശത്രുതയിലാണ്.

എന്തെങ്കിലും enteŋkiluM *(ind.pron)*, something; അവന് എപ്പോഴും എന്തെങ്കിലും ചെയ്തുകൊണ്ടിരിക്കണം

എന്ത് entə *(int)*, what; അവൻ നിങ്ങളോട് എന്ത് ചെയ്തു?

എന്ന enna *(comp)*, which is called (named); രാമൻ എന്ന കുട്ടി ചോദിച്ചു

എന്നാലും ennaaluM *(cond)*, although; അവൻ അവിടെ വന്നില്ല എന്നാലും പരിപാടി നടന്നു.

എപ്പോൾ eppoL *(int)*, when; അയാൾ എപ്പോൾ വരും?

എപ്പോഴും eppooZuM *(adv)*, always; എപ്പോഴും അയാൾ ഇവിടെ വരുന്നു

എപ്പോഴെങ്കിലും eppoZeŋkiluM *(adv)*, some day; ഇനി എപ്പോഴെങ്കിലും ഇവിടെ വരുമ്പോൾ എന്നെ കണ്ടിട്ടു പോകണം

എയ്ത്ത് eyttə *(nn)*, shooting arrows; കുട്ടിയുടെ എയ്ത്തു നോക്കി അച്ഛൻ നിന്നു

എയ്യ് eyyə *(vt)*, shoot; കുട്ടി അമ്പ് എയ്യുന്നു

എരികൊള്ളി erikoLLi *(nn,comp)*, burning ember; അയാൾ എരികൊള്ളി വലിച്ചെറിഞ്ഞു

എരിക്ക് erikkə *(vt)*, burn; അയാൾ തീപ്പെട്ടിയുരച്ച് എല്ലാം എരിക്കുന്നു

എരിഞ്ഞ് eri~~ə *(adv)*, burning; തീയെല്ലാം എരിഞ്ഞടങ്ങി

എരിതീയ് eritiiyə *(nn,comp)*, blazing fire; എരിതീയിൽ എണ്ണ ഒഴിക്കരുത്

എരിയ് eriyə *(vi)*, have a pungent taste; ഈ കറികൾ വല്ലാതെ എരിയുന്നു

എരിവ് erivə *(nn)*, hot; ഗുണ്ടൂർ മുളകിന് ഭയങ്കര എരിവാണ്

എരുത് erutə *(nn),* bullock; എരുതിനെ തൊഴുത്തിൽ കെട്ടി

എരുത്തിൽ eruttil *(nn),* place for cattle to sleep; പശുക്കളെ എരുത്തിൽ കെട്ടി

എലി eli *(nn),* rat; എലി പുസ്തകം കരണ്ടു തിന്നുന്നു

എലുമ്പ് elumbə *(nn),* bone; അവന്റെ എലുമ്പുകളെല്ലാം പുറത്തു കാണാം

എല്ലാം ellaaM *(qua),* whole; എല്ലാം ഞാൻ മറന്നുപോയി

എല്ലാം ellaaM *(qua),* completely; അവൻ പറഞ്ഞതെല്ലാം ഞാൻ കേട്ടു

എല്ലാം ellaaM *(qua),* all; അയാൾ എല്ലാം എന്നോടു പറഞ്ഞു

എല്ലായിടത്തും ellaayiTattuM *(NP),* all places; അവൻ എല്ലായിടത്തും പരിശോധിച്ചു

എല്ലായിടവും ellaayiTavuM *(NP),* every where; എല്ലായിടവും ഞാൻ പരിശോധിച്ചു കണ്ടില്ല

എല്ലാസന്ധ്യയും ellaasandhyayuM *(NP),* every evening; എല്ലാ സന്ധ്യയും ഇവിടെ വിളക്കുവയ്ക്കാറുണ്ട്

എല്ല് ellə *(nn),* bone; എല്ലു മുറിയെ പണിയെടുത്താൽ പല്ലു മുറിയെ തിന്നാം.

എവിടെ eviTe *(int.pron),* where; അയാൾ എനിക്കു തന്ന പുസ്തകം എവിടെ?

എവിടെയും eviTeyuM *(ind.pron),* anywhere; നിനക്ക് എവിടെയും പോകാം, എന്തും ചെയ്യാം

എവിടെയെങ്കിലും eviTeyeŋkiluM *(ind.pron),* some where; അയാൾ എവിടെയെങ്കിലും അലഞ്ഞു നടക്കുന്നുണ്ടാകും

എളിമ eLima *(nn),* humbleness; എളിമ നല്ല ഗുണമാണ്

എളിയ eLiya *(adj),* humble; ഒരു എളിയ മനസ്സാണ് അവന്റേത്

എളുപ്പം eLuppaM *(adv),* soon; കാര്യങ്ങൾ എല്ലാം എളുപ്പം മനസ്സിലാക്കണം

എള്ള് eLLə *(nn),* gingelly plant or its seed; എള്ളിൽ നിന്ന് എള്ളെണ്ണ കിട്ടുന്നു

എഴുന്ന eZunna *(adj),* that which is raised; തണുപ്പുകൊണ്ട് എഴുന്ന രോമങ്ങൾ കണ്ടു

എഴുത് eZutə *(vi),* write; ശകുന്തള താമരയിൽ എഴുതുന്നു

എഴുത്താണി eZuttaaNi *(nn),* writing styles; കവികൾ എഴുത്താണികൊണ്ട് ഓലയിൽ കവിതകളെഴുതി

എഴുത്തുകാരൻ eZuttukaaran *(nn),* writer; ബർനാഡ്ഷാ നല്ല എഴുത്തുകാരനാണ്

എഴുത്തുകാരി eZuttukaari *(nn),* writer; സുഗതകുമാരി ഒരു നല്ല എഴുത്തുകാരിയാണ്

എഴുത്തോല eZuttoala *(comp n), palm leaf used for writing;*

വാൽമീകി എഴുത്തോലയിൽ എഴുതി

എഴുന്നെള്ളു eZunneLLə *(vi),* march in procession; രാജാവ് എഴുന്നെള്ളുന്നു

എഴുന്നേല്ക്ക് eZunneelkkə *(vi),* stand up; അധ്യാപകൻ വന്നപ്പോൾ കുട്ടികൾ എഴുന്നേറ്റു.

എഴുപത് eZupatə *(nn,num),* seventy; എഴുപതു വയസ്സായ ഒരു ബ്രാഹ്മണൻ അതാ പോകുന്നു

എറിയ് eRiyə *(vt),* throw; കുട്ടികൾ പന്ത് എറിയുന്നു

ഏക eeka *(adj),* single; അയാളുടെ ഏകമകനായിരുന്നു അത്

ഏകം eekaM *(nn),* one; അവൻ ഏകനായി എപ്പോഴും അലഞ്ഞുതിരിഞ്ഞു നടക്കുന്നു.

ഏകകം eekakaM *(nn),* unit; അളവിന്റെ ഏകകമാണ് മീറ്റർ

ഏകതാനത eekataanata *(nn),* symphony; സ്വരങ്ങളുടെ ഏകതാനതയാണ് സംഗീതത്തിന്റെ ആത്മാവ്

ഏകത്വം eekatvaM *(nn),* unity; രാജ്യത്തിന്റെ ഏകത്വമാണ് വളരെ പ്രധാനപ്പെട്ടത്

ഏകദേശം eekadeeSaM *(adj),* about; ഏകദേശം രണ്ടായിരം കൊല്ലം മുമ്പാണ് ക്രിസ്തു ജനിച്ചത്

ഏകൻ eekan *(nn),* alone; അവൻ എപ്പോഴും ഏകനായിരുന്നു

ഏകാകി eekaaki *(nn),* solitary person; അവൻ എപ്പോഴും ഏകാകിയായിരുന്നു

ഏകാഗ്രത eekaagRata *(nn),* concentration; എനിക്ക് ഇവിടെ ഏകാഗ്രത നഷ്ടപ്പെടുന്നു

ഏകാത്മത eeKaatmata *(nn),* unity; ആ സുഹൃത്തുക്കളുടെ ഏകാത്മത പ്രശംസനീയമാണ്

ഏകാധിപത്യം eekaadhipatyaM *(nn),* autocracy; രാജാവിന്റെ ഏകാധിപത്യം അവസാനിപ്പിക്കണം

ഏകാന്തം eekaantaM *(nn),* solitude; ആസ്ഥലം എപ്പോഴും ഏകാന്തമായിരുന്നു

ഏകാന്തമായ eekaantamaaya *(adj),* lonely; ഏകാന്തമായ ജീവിതം മടുപ്പുളവാക്കുന്നതാണ്

ഏകീകരണം eekiikaraNaM *(nn),* unification; ഇറ്റലിയുടെയും ജർമ്മനിയുടെയും ഏകീകരണം ഒരു ചരിത്രസംഭവമാണ്

ഏകീകൃതമായ eekiikRətamaaya *(adj),* unified; ഏകീകൃതമായ ഒരു സിവിൽ കോഡ് ഇന്ത്യയിൽ അത്യാവശ്യമാണ്

ഏകീഭവിക്ക് eekiibhavikkə *(vi),* unite; കഥാപാത്രങ്ങളുമായി വായനക്കാരൻ ഏകീഭവിക്കുന്നു

ഏകോപിക്ക് eekoopikkə *(vt),* collaborate; രണ്ടു സംഘടനകൾ

ഏകോപിച്ച് നടത്തിയതാണ് ആ പരിപാടി

ഏക് eekə *(vt)*, give; അവൻ അവൾക്ക് ഒരു പുസ്തകം ഏകി

ഏക്കം eekkaM *(nn)*, hard breathing; കുട്ടി ഉറങ്ങുമ്പോൾ ഏക്കം വലിക്കുന്നു

ഏക്കർ eekkaR *(nn)*, acre; ഒരു ഏക്കർ നിലത്തിൽ വാഴ നട്ടു

ഏച്ചുകെട്ട് eeccukettə *(vt)*, join together; ഏച്ചുകെട്ടിയാൽ മുഴച്ചിരിക്കും

ഏങ്കോണിക്ക് eeŋkooNikkə *(adv)*, be irregular; കസേര ഏങ്കോണിച്ച് കിടക്കുന്നു

ഏങ്കോണായി eeŋkooNaayi *(adv)*, not in order; ആ കസേര ഏങ്കോണായി കിടക്കുന്നു

ഏങ്ങല് eeŋŋalə *(nn)*, panting for breath; കുട്ടിയുടെ ഏങ്ങല് ഇവിടെ കേൾക്കാം

ഏങ്ങിഏങ്ങികരയ് eeŋŋieeŋŋikkarayə *(vi)*, sob; രാമൻ ഏങ്ങി ഏങ്ങി കരയുന്നു

ഏച്ചുകെട്ട് eeccukeTTə *(nn)*, tying together; ആ ഏച്ചുകെട്ട് എനിക്ക് ഇഷ്ടമായില്ല

ഏച്ച് eeccə *(adj)*, joined; ആ വീട് ഏച്ചുകെട്ടിയുണ്ടാക്കിയതാണ്

ഏടാകൂടം eeTaakuuTaM *(nn,comp)*, precarious situation; അയാൾ ഓരോ ഏടാകൂടങ്ങളിൽ ചെന്നു വീണു

ഏട് eeTə *(nn)*, page of a book; അയാൾ പുസ്തകത്തിന്റെ ഓരോ ഏടുകളായി വായിച്ചു

ഏട് eeTə *(nn)*, dry leaves of palmyra for writing; അയാൾ ഓരോ ഏടുകൾ മറിച്ചുനോക്കി

ഏട്ടത്തം eeTTattaM *(nn)*, wickedness; അയാളുടെ ഏട്ടത്തം എനിക്കിഷ്ടമായില്ല

ഏട്ടൻ eeTTan *(nn,ks)*, elder brother; ലക്ഷ്മണന്റെ ഏട്ടനാണ് രാമൻ

ഏണി eeNi *(nn)*, ladder; അയാൾ ഏണി വച്ച് മരത്തിൽ കയറി

ഏതാണ്ട് eetaaNTə *(in)*, roughly; ഏതാണ്ട് പതിനായിരം പേരെങ്കിലും പ്രകടനത്തിൽ പങ്കെടുത്തു.

ഏതാണ്ട് eetaaNTə *(in)*, approximately; ഏതാണ്ട് പത്തു വർഷം മുമ്പ് അയാൾ ജോലിയിൽ പ്രവേശിച്ചു

ഏതുതരം eetutaraM *(int)*, which kind of; ഏതുതരം പുസ്തകങ്ങളാണ് നിങ്ങൾ ഏറ്റവും കൂടുതൽ വായിക്കുന്നത്

ഏതെങ്കിലുംഒന്ന് eeteŋkiluMonnə *(nn)*, any one; ഏതെങ്കിലും ഒന്ന് എടുത്താൽ ഒന്ന് വെറുതെ കിട്ടും

ഏത് eetə *(int)*, which; നിങ്ങളുടെ സ്വന്തം സ്ഥലം ഏത് ആണ്?

ഏത്തം eettaM *(nn),* punishment causing physical strain; കുട്ടി ഏത്തം ഇടുന്നു

ഏന്ത് eentə *(vi),* stand on one's toes; അയാൾ ഏന്തി വലിഞ്ഞു നോക്കി

ഏന്ത് eentə *(vi),* carry on shoulder; കൃഷിക്കാരൻ കലപ്പ തോളിൽ ഏന്തിക്കൊണ്ടു പോയി

ഏമ്പക്കം eembakkaM *(nn),* burp; അയാൾ ഊണു കഴിച്ച് ഏമ്പക്കം വിടുന്നു

ഏപ്രിൽ eepril *(nn),* april; ഏപ്രിൽ മാസത്തിൽ മധ്യവേനലവധിക്കാലം ആരംഭിക്കും

ഏയ് eeyə *(voc),* hello; ഏയ് ഒന്നു നിലക്കണെ

ഏർപ്പാട് eeRppaaTə *(nn),* dealings; അയാളുമായിട്ടുള്ള എല്ലാ ഏർപ്പാടുകളും അവസാനിപ്പിച്ചു.

ഏർപ്പെടുത്ത് eeRppeTuttu *(vt),* engage; അയാൾ അവനെ ആ ജോലിക്ക് ഏർ പ്പെടുത്തി

ഏലം eelaM *(nn),* cardamom; ഏലം ഒരു സുഗന്ധവ്യഞ്ജനമാണ്

ഏൽക്ക് eelkkə *(vt),* undertake; അവൻ പുതിയ ജോലി ഏൽക്കുന്നു

ഏൽപ്പിക്ക് eelppikkə *(vt),* entrust; അയാളെ അദ്ദേഹം ജോലി ഏൽപ്പിക്കുന്നു

ഏവ eeva *(int),* which all things; ഏവയെല്ലാമാണ് അയാളുടെ പുസ്തകങ്ങൾ ?

ഏവ eeva *(int),* what; വീട്ടിൽ വളർത്താറുള്ള മൃഗങ്ങൾ ഏവ?

ഏശൽ eeSal *(nn),* touch; അയാളുടെ ഏശൽ അവനിഷ്ടമായില്ല

ഏശ് eeSə *(vi),* take effect; ആ ഉപദേശങ്ങളൊന്നും അവനിൽ ഏശിയില്ല

ഏഷണി ee$aNi *(nn),* tale bearing calumny; അവൾ എല്ലാവരോടും ഏഷണി പറഞ്ഞു

ഏഴിലംപാല eeZilaMpaala *(nn),* alstonia scholaris; ഏഴിലം പാല പൂത്തു

ഏഴ് eeZə *(nn,num),* seven; ഏഴു പ്രാവശ്യം പറഞ്ഞിട്ടും മനസ്സിലായില്ല

ഏറുകണ്ണിട് eeRukaNNiTə *(comp vb),* eye askance; അവൻ ഏറുകണ്ണിട്ട് നോക്കുന്നു

ഏറുപടക്കം eeRupaTakkam *(nn,comp),* cracker; അവൻ ഏറുപടക്കം എറിഞ്ഞു പൊട്ടിച്ചു

ഏറുമാടം eeRumaaTaM *(nn),* fence work on stakes on top of trees to watch and escape from wild beasts; കൃഷിസ്ഥലങ്ങളിൽ പലയിടത്തും ഏറുമാടങ്ങൾ കാണാം

ഏറെ eeRe *(ind.pron)*, much more; ഏറെ വിഷമം പിടിച്ച ജോലിയാണിത്

ഏറെക്കുറെ eeRekkuRe *(adv)*, more or less; ഏറെക്കുറെ നന്നായി മഴപെയ്തു

ഏറ് eeRə *(nn)*, throw; കുട്ടികളുടെ ഏറു സഹിക്കാനാകുന്നില്ല

ഏറ് eeRə *(vi)*, mounting; ഭക്തന്മാർ മല ഏറുന്നു

ഏറ്റം eeRRaM *(nn)*, ascent; മലയുടെ ഏറ്റം കഴിഞ്ഞു, ഇനി ഇറക്കമാണ്

ഏറ്റവുംചുരുങ്ങിയത് eeRRavuMcuruṉṉiyatə *(nn)*, at least; ഏറ്റവും ചുരുങ്ങിയത് പത്തുപേരെങ്കിലുമില്ലാതെ പരിപാടി നടക്കില്ല

ഏറ്റവുംനല്ല eeRRavumnalla *(adj)*, best; ഏറ്റവും നല്ലനടൻ എന്ന സ്ഥാനം അയാൾക്ക് ലഭിച്ചു.

ഏറ്റവുംനല്ലത് eeRRavumnallatə *(nn)*, best; നിങ്ങൾ വായിക്കുന്ന കഥ ഏറ്റവും നല്ലതാണ്

ഏറ്റവുംമോശമായത് eeRRavuMmooSamaayatə *(nn)*, worst; പുസ്തകങ്ങളുടെ കൂട്ടത്തിൽ ഏറ്റവും മോശമായത് ഇതാണ്

ഏറ്റെടുക്ക് eeRReTukkə *(vt)*, undertake; അവനെ പഠിപ്പിക്കാനുള്ള ചുമതല അദ്ദേഹം ഏറ്റെടുത്തു

ഏറ്റ് eeRRə *(vt)*, carry; അയാൾ അത് തലയിൽ ഏറ്റി

ഐക്യം aikyaM *(nn)*, unity; രാജ്യത്തിന്റെ ഐക്യം കാത്തു സൂക്ഷിക്കണം

ഐകകണ്ഠ്യേന aikakaNThyeena *(adj)*, unanimously; ഉപരാഷ്ട്രപതിയെ ഐകകണ്ഠ്യേന തിരഞ്ഞെടുത്തു

ഐക്യമത്യം aikyamatyaM *(nn)*, union; ഐക്യമത്യം മഹാബലം

ഐതിഹാസികമായ aitihaasikamaaya *(adj)*, fabulous; വളരെ ഐതിഹാസികമായ ഒരു വിജയമായിരുന്നു അത്

ഐതിഹ്യം aitihyaM *(nn)*, legend; ഐതിഹ്യങ്ങളിൽ സത്യത്തിന്റെ ചില അംശങ്ങൾ കാണാം

ഐരാവതം airaavataM *(nn)*, white elephant of India; ഐരാവതം ഇന്ദ്രന്റെ ആനയാണ്

ഐശ്വര്യം aiSvaryaM *(nn)*, glory; അയാളുടെ മുഖത്ത് ഒരു ഐശ്വര്യം ഉണ്ടായിരുന്നു

ഐശ്വര്യമായ aiSvaryamaaya *(adj)*, prosperous; ഐശ്വര്യമായ ഒരു പ്രദേശമാണ് അത്

ഒക്കെ okke *(adj)*, whole; ഞാൻ ജോലികൾ ഒക്കെ തീർത്തു

ഒക്ക് okkə *(vi)*, tally; ആ ദമ്പതികൾ തമ്മിൽ ഒക്കും

ഒക്ടോബർ okToobaR *(nn)*, october; ഒക്ടോബർ മാസം അയാൾക്കു വലിയ തിരക്കാണ്

ഒച്ച occa *(nn)*, noise; ഒച്ച കേട്ട് ഞാൻ തിരിഞ്ഞുനോക്കി

ഒച്ചപ്പാട് occappaaTə *(nn)*, clamour; അയാൾ ഭയങ്കരമായ ഒച്ചപ്പാട് ഉണ്ടാക്കി

ഒച്ചയുണ്ടാക്കുന്ന occayuNTaaKKunna *(adj)*, noisy; വല്ലാതെ ഒച്ചയുണ്ടാക്കുന്ന ഈ കാട് എന്നെ ഭയപ്പെടുത്തുന്നു

ഒടിവ് oTivə *(nn)*, fracture; മരത്തിൽ നിന്ന് വീണ് കുട്ടിയുടെ കാലിന് ഒടിവു സംഭവിച്ചു

ഒടിയ് oTiyə *(vi)*, break; കുട്ടിയുടെ കാല് ഒടിഞ്ഞു

ഒടുക്കം oTukkaM *(nn)*, last; ഒടുക്കം അവർ പിരിഞ്ഞു പോയി

ഒടുങ്ങ് oTuŋŋə *(vi)*, come to an end; യുദ്ധം ഒടുവിൽ ഒടുങ്ങി

ഒടുവിൽ oTuvil *(adv)*, in the end; ഒടുവിൽ ആരും അവിടെ ഇല്ലായിരുന്നു

ഒട്ടകം oTTakaM *(nn)*, camel; ഒട്ടകം മരുഭൂമിയിലെ വാഹനമാണ്

ഒട്ടകപ്പക്ഷി oTTakappaK$i *(nn)*, ostrich; ഒട്ടകപ്പക്ഷി വലിയ ഇനം പക്ഷിയാണ്

ഒട്ടിക്ക് oTTikkə *(vt)*, paste; കുട്ടികൾ പരസ്യം ഒട്ടിക്കുന്നു

ഒട്ട് oTTə *(vi)*, stick; രണ്ട് കടലാസുകൾ ഒട്ടിപ്പിടിച്ച് ഇരിക്കുന്നു

ഒതുക്കമുള്ള otukkamuLLa *(adj)*, humility; വളരെ ഒതുക്കമുള്ള കുട്ടിയാണ് അവൻ

ഒതുക്ക് otukkə *(vt)*, subdue; അവർ വഴക്കുകളെല്ലാം പറഞ്ഞ് ഒതുക്കി

ഒത്ത otta *(adj)*, agreeable; അയാൾക്ക് ഒത്ത ശരീരമായിരുന്നു

ഒത്തപോലെ ottapoole *(adv)*, proper manner; ഒത്തപോലെയെല്ലാം അവൻ ചെയ്തു വച്ചു

ഒത്തുനോക്ക് ottunookkə *(vi)*, compare; കുട്ടികൾ പേന ഒത്തുനോക്കി

ഒത്തൊരുമ ottoruma *(nn,comp)*, union; അവരുടെ ഒത്തൊരുമ പ്രശംസിക്കപ്പെട്ടു

ഒന്നാക്ക് onnaakkə *(vt)*, become one; അവൻ എല്ലാം ഒന്നാക്കി മാറ്റി

ഒന്നിച്ച് onniccə *(adv)*, together; ഞങ്ങൾ ഒന്നിച്ച് പഠിച്ചവരാണ്

ഒന്നുകിൽ onnukil *(adv)*, either; ഒന്നുകിൽ നീ അല്ലെങ്കിൽ ഞാൻ

ഒന്ന് onnə *(nn,num)*, one; പുസ്തകം ഒന്ന് മതി

ഒമ്പത് onpatə *(nn)*, Nine; ഒന്ന് തെറ്റിയാൽ ഒമ്പത്

ഒപ്പം oppaM *(adv)*, equal; അവൻ എന്റെ ഒപ്പം നടന്നു വന്നു

ഒപ്പന oppana *(nn)*, dance form of muslims; അവൾ ഒപ്പന കളിച്ചു

ഒപ്പ് oppə *(nn)*, signature; അയാൾ എല്ലാ കടലാസിലും ഒപ്പ് ഇടുന്നു

ഒരിക്കലും orikkaluM *(adv)*, never; ഒരിക്കലും അവൻ തിരിച്ചു വരില്ല

ഒരിക്കൽ orikkal *(adv)*, once upon a time; ഒരിക്കൽ ഞാൻ അവനോട് പറഞ്ഞു

ഒരു oru *(adj)*, a; ഒരു പുസ്തകം നിലത്തു വീണു

ഒരുക്കൂട്ട് orukkuuTTə *(vt)*, prepare; അവൻ എല്ലാം ഒരുക്കൂട്ടുന്നു

ഒരുക്കൂട്ട് orukkuuTTə *(vt)*, assemble; അവൾ യാത്രക്ക് ഒരുക്കൂട്ടുന്നു

ഒരുമ്പെട് orumbeTə *(vi)*, venture; അവൻ ഒരുമ്പെട്ടിറങ്ങിയവനാണത്രേ

ഒരുപക്ഷേ orupak$e *(adv)*, perhaps; ഒരു പക്ഷേ ഞാൻ മറന്നു പോയേക്കാം

ഒരുപോലെയുള്ള orupoleyuLLa *(adj)*, similar; ഒരുപോലെയുള്ള രണ്ടു കുട്ടികൾ വന്നു

ഒരുപ്പൂ oruppuu *(nn)*, harvest only once in a year; ഈ വയൽ ഒരുപ്പൂ വിതയ്ക്കുന്ന നിലമാണ്

ഒരുഭാഗം orubhaagaM *(NP)*, one side; സ്ഥലത്തിന്റെ ഒരു ഭാഗം ആർക്കു കൊടുക്കണമെന്ന് തർക്കമായി

ഒരുമ oruma *(nn)*, unity; ഒരുമയുണ്ടെങ്കിൽ ഉലക്കമേലും കിടക്കാം

ഒരുമിച്ച് orumiccə *(adv)*, together; ഞങ്ങൾ ഒരുമിച്ച് യാത്ര ചെയ്തിട്ടുണ്ട്

ഒരുമിയ്ക്ക് orumiykkə *(vi)*, gather; ഒരു കൂട്ടം ജനങ്ങൾ മൈതാനത്തിൽ ഒരുമിച്ചു കൂടിയിരുന്നു

ഒരേപോലെ ഇരിക്ക് oreepoole irikkə *(vi)*, look alike; ആ ഇരട്ടകൾ ഒരേ പോലെ ഇരിക്കുന്നു

ഒലിക്ക് olikkə *(vi)*, ooze out; അയാളുടെ കൈയ്യിൽ നിന്ന് ചോര ഒലിക്കുന്നു

ഒലിപ്പ് olippə *(nn)*, path; അയാളുടെ കൈയ്യിലെ ചോര ഒലിപ്പ് നിന്നു

ഒസ്യത്ത് osyattə *(nn)*, will; അയാളുടെ ഒസ്യത്ത് നഷ്ടപ്പെട്ടു

ഒളി oLi *(nn)*, light; ഇപ്പോൾ പുറത്ത് പുലരൊളിയുണ്ട്

ഒളി oLi *(nn)*, concealment; അവൻ ഒളിസ്ഥലങ്ങളിൽ താമസിച്ചു

ഒളിക്ക് oLikkə *(vt)*, hide oneself; എന്തിനാണ് എന്നിൽ നിന്ന് ഇതൊക്കെ നീ ഒളിക്കുന്നത്

ഒളിച്ചുകളി oLiccukaLi *(comp n)*, game of hide and seek; അവരുടെ ഒളിച്ചുകളി അവസാനിച്ചു

ഒളിപ്പോർ oLippooR *(nn)*, guerilla warfare; ശിവാജി ഒളിപ്പോർ യുദ്ധം ചെയ്തു

ഒളിയമ്പ് oLiyambə *(nn)*, arrow shot from a secret place; ഒളിയമ്പ് ഏറ്റ് അയാൾ മറിഞ്ഞു വീണു

ഒളിയ്ക്ക് oLiykkə *(vi)*, conceal (place); എന്തിനാണ് നിങ്ങൾ പലകാര്യങ്ങളും ഒളിക്കുന്നത്

ഒഴികഴിവ് oZikaZivə *(nn)*, excuse; അവൻ വരാതിരിക്കാൻ ഒഴികഴിവ് പറഞ്ഞു

ഒഴിക്ക് oZikkə *(vt)*, pour; കുറച്ച് വെള്ളം ഒഴിക്കൂ

ഒഴിഞ്ഞ oZi~~a *(adj)*, empty; ഒഴിഞ്ഞ ഒരു പാത്രത്തിലേക്ക് ദ്രാവകം പകർന്നു

ഒഴിഞ്ഞ oZi~~a *(adj)*, vacant; ഒഴിഞ്ഞ സ്ഥലത്ത് കെട്ടിടം കെട്ടി

ഒഴിപ്പിക്കൽ oZippikkal *(nn)*, evacuation; അയാൾ ഒഴിപ്പിക്കൽ നടപടി എടുത്തു

ഒഴിപ്പിക്ക് oZippikkə *(vt)*, remove; അയാളെ ഇവിടെ നിന്ന് ഒഴിപ്പിച്ചു

ഒഴിയ് oZiyə *(vi)*, vacate; അവൻ പഴയ വീട് ഒഴിഞ്ഞു

ഒഴിവാക്കൽ oZivaakkal *(nn)*, exemption; അവന് ഫീസ് ഒഴിവാക്കൽ ഉണ്ടായിരുന്നു

ഒഴിവാക്ക് ozivaakkə *(vt)*, exempt; അയാൾ അവനെ ജോലിയിൽ നിന്ന് ഒഴിവാക്കി

ഒഴിവാക്ക് oZivaakkə *(vt)*, avoid; ഞാൻ അവനെ മനഃപൂർവ്വം ഒഴിവാക്കി

ഒഴിവ് oZivə *(nn)*, holiday; അവന് ഇന്ന് ഒഴിവായിരുന്നു

ഒഴിവ്കഴിവ് പറയ് ozivəkaziveparayə *(vi)*, escape from work; അവൻ ജോലി ചെയ്യുന്നതിൽ നിന്ന് രക്ഷപ്പെടാൻ വേണ്ടി ഓരോ ഒഴിവ് കഴിവുകൾ പറഞ്ഞു

ഒഴിവ് പറയ് ozivə paRay *(vi)*, tell excuse; അവൻ പോകാതിരിക്കാൻ ഒഴിവ് പറഞ്ഞു

ഒഴിവ് oZivə *(nn)*, leisure; അധ്വാനിക്കുന്നവനു മാത്രമേ ഒഴിവു സമയം ആവശ്യമുള്ളൂ

ഒഴിവ്ഉണ്ടാക് oZivəuNTaaKə *(vi)*, become vacant; ആ ഓഫീസിൽ ഒരു ക്ലാർക്കിന്റെ പോസ്റ്റ് ഒഴിവുണ്ടായിരുന്നു

ഒഴുകൽ oZukal *(nn)*, flowing; പുഴയുടെ ഒഴുകൽ നോക്കി അയാൾ ഇരുന്നു

ഒഴുക് oZukə *(vi),* float; വെള്ളത്തിൽ കളിവഞ്ചി ഒഴുകുന്നു

ഒഴുക്കുനീർ oZukkuniirə *(nn,comp),* flowing water; ഒഴുക്കുനീരിൽ അഴുക്കില്ല

ഒഴുക്ക് oZukkə *(nn),* current; ശക്തമായ ഒഴുക്കുള്ളതുകൊണ്ട് വള്ളം പതുക്കെ നീങ്ങി

ഒഴുക്ക് oZukkə *(vt),* pour; അയാൾ വെള്ളം ഒഴുക്കി കളഞ്ഞു

ഒഴുക്ക് oZukkə *(vt),* float; കുട്ടി വെള്ളത്തിൽ കളിവെള്ളം ഒഴുക്കി വിട്ടു

ഒറ്റ oRRa *(adj),* single; ഒറ്റ മനുഷ്യൻ പോലും അവിടെ ഇല്ലായിരുന്നു

ഒറ്റതിരിയ് oRRatiriyə *(vi),* wander alone; അയാൾ എപ്പോഴും ഒറ്റ തിരിഞ്ഞു നടന്നു

ഒറ്റമൂലി oRRamuuli *(nn),* panacea; അദ്ദേഹം ഏതോ ചില ഒറ്റമൂലികൾ പ്രയോഗിച്ചു

ഒറ്റയടിപ്പാത oRRayaTippaata *(comp n),* foot path; അവൻ മലയിൽ കയറിയപ്പോൾ ഒരു ഒറ്റയടിപ്പാതയിലൂടെ നടന്നു

ഒറ്റയാൻ oRRayaan *(nn),* lone tusker; ഒറ്റയാൻ കാട്ടാറിലെ വെള്ളം കുടിക്കുന്നു

ഒറ്റാൽ oRRaal *(nn),* fishing weel; അയാൾ ഒറ്റാൽ കൊണ്ട് മീമ്പിടിച്ചു

ഒറ്റി oRRi *(nn),* mortgage of real property; അച്ഛൻ ഒറ്റി കൊടുത്തിരിക്കുന്ന ആധാരത്തിൽ ഒപ്പുവച്ചു

ഒറ്റിയാധാരം oRRiyaadhaaraM *(comp n),* hypothecation deed; അയാൾ ഒറ്റിയാധാരം കൊടുത്തു

ഒറ്റുകാരൻ oRRukaaran *(nn),* betrayer; യൂദാസിനെ ഒറ്റുകാരൻ എന്നു വിളിക്കുന്നു

ഒറ്റ് കൊടുക്ക് oRRə koTukkə *(vt),* betray; ക്രിസ്തുവിനെ യൂദാസ് ഒറ്റ് കൊടുത്തു

ഓം ooM *(nn),* pranava mantra; ഓം എന്നത് പ്രണവ മന്ത്രമാണ്

ഓക്കാനം ookkaanaM *(nn),* vomiting sensation; അവൾക്ക് ആ വസ്തുകണ്ട് ഓക്കാനം വന്നു

ഓക്കാനിക്ക് ookkaanikkə *(vi),* feel inclined to vomit; എനിക്ക് അതു കണ്ടിട്ട് ഓക്കാനിക്കാൻ വന്നു

ഓങ്ങൽ ooŋŋal *(nn),* holding against to strike; അയാളുടെ കൈ ഓങ്ങൽ അവൻ തടുത്തു

ഓങ്ങ് ooŋŋə *(vi),* hold against for striking; അയാൾ വടികൊണ്ട് അടിക്കാൻ ഓങ്ങി

ഓച്ചാനിക്ക് ooccaanikkə *(vi),* responding humbly to a superior as a mark of devotion and reverence;

അവർ അയാളുടെ മുന്നിൽ ഓച്ചാനിച്ചു നിന്നു.

ഓജസ്സ് oojassə *(nn)*, vital energy; അയാൾക്ക് ജോലിചെയ്യാനുള്ള ശക്തിയും ഓജസ്സും നഷ്ടപ്പെട്ടു

ഓട ooTa *(nn)*, drain; ഓടയിൽ നിന്ന് ഒരു നായ എഴുന്നേറ്റു വരുന്നു

ഓട ooTa *(nn)*, kind of reed; ഓടകൊണ്ട് ഓടക്കുഴൽ ഉണ്ടാക്കുന്നു

ഓടം ooTaM *(nn)*, boat; അവൻ ഒരു ഓടത്തിൽ സഞ്ചരിച്ചു

ഓടക്കുഴൽ ooTakkuZal *(nn)*, flute; അവൻ നന്നായി ഓടക്കുഴലൂതുമായിരുന്നു

ഓടാമ്പൽ ooTaambal *(nn)*, bolt; വാതിലിന്റെ ഓടാമ്പൽ ഇട്ടിരുന്നില്ല

ഓടിക്ക് ooTikkə *(vt)*, chase; അയാൾ കാളയെ ഓടിച്ചു

ഓടിക്ക് ooTikkə *(vt)*, drive; അമ്മാവൻ വണ്ടി ഓടിക്കുന്നു

ഓട് ooTə *(vi)*, run; ആന വിരണ്ട് ഓടുന്നു

ഓട് ooTə *(nn)*, bell metal; ഓടുകൊണ്ട് പാത്രം നിർമ്മിക്കുന്നു

ഓട് ooTə *(nn)*, tile; ഓടുകൊണ്ടുള്ള വീടാണ് അത്

ഓട്ടം ooTTaM *(nn)*, race; അവന്റെ ഓട്ടം കണ്ട് എനിക്കു ചിരി വന്നു

ഓട്ടന്തുള്ളൽ ooTTantuLLal *(comp n)*, dance form of Kerala; ഓട്ടൻ തുള്ളൽ ഒരു കേരളീയ ദൃശ്യകലയാണ്

ഓണം ooNaM *(nn)*, national festival of Kerala during August & September; ഓണം വന്നു, പൂക്കൾ വിരിഞ്ഞു

ഓണംകേറാമൂല ooNaMkeeRaamuula *(comp n)*, remote place; അത് ഒരു ഓണംകേറാമൂലയായിരുന്നു

ഓണക്കോടി ooNakkooTi *(comp n)*, new dress presented during onam; കുട്ടികൾക്ക് ഓണത്തിന് ഓണക്കോടി സമ്മാനിച്ചു

ഓണപ്പുടവ ooNappuTava *(nn)*, new dress presented during onam; ഓണപ്പുടവയുടുത്ത് അവൾ ഊഞ്ഞാലാടി

ഓതിരം ootiraM *(nn)*, one of the various forms of wielding weapons; ഒതേനൻ ഓതിരം മറിഞ്ഞു

ഓത്ത് ootə *(vi)*, chant mantra; അദ്ദേഹം മന്ത്രങ്ങൾ ഓതുന്നു

ഓത്തുപള്ളി oottupaLLi *(comp n)*, madrassa; ഓത്തുപള്ളിയിൽ നമ്മൾ അന്നു പോയിരുന്ന കാലം ഓർമ്മയുണ്ടോ

ഓത്ത് ootə *(nn)*, chanting of vedas; കുട്ടികളുടെ ഓത്തിന്റെ ശബ്ദം ഇവിടെ കേൾക്കാം

ഓപ്പ ooppa *(nn,ks)*, elder brother; ഓപ്പ ഇന്നലെ വന്നു

ഓഫീസർ oofiisaR *(nn),* officer; ഓഫീസർ ഓഫീസിലേക്കു പോകുന്നു

ഓമന oomana *(nn),* dear one; അയാളുടെ ഓമനയാണ് അവൾ

ഓമനത്തം oomanattaM *(nn),* dearness; കുട്ടിയുടെ മുഖത്ത് ഓമനത്തം തുളുമ്പുന്നു

ഓമനിക്ക് oomanikkə *(vt),* fondle; അമ്മ കുട്ടിയെ ഓമനിക്കുന്നു

ഓമയ്ക്ക oomaykka *(nn),* papaya; ഓമയ്ക്ക പഴുത്ത് നിലത്തു വീണു

ഓരായം ooraayaM *(nn),* process in carpentry of joining so that the components become indistinguishable; വീടിന്റെ ഓരായം പണി തീർന്നു

ഓരോ ooroo *(adj),* each; ഓരോ പൂവിലും വണ്ടു സഞ്ചരിച്ചു

ഓരോരുത്തരും oorooruttaruM *(in),* each one; ഓരോരുത്തരും അവരവരുടെ കാര്യം മാത്രം ശ്രദ്ധിക്കുന്നു.

ഓർ oorə *(nn),* muddy particles; ആ ഗ്ലാസ്സിലെ വെളളത്തിൽ ഓർ ഉണ്ട്

ഓർക്ക് ooRKkə *(vi),* remember; അവൻ പഴയ കാര്യങ്ങളെല്ലാം ഓർക്കുന്നു

ഓർമ്മിപ്പിക്ക് ooRmmippikkə *(vt),* remind; ഞാൻ മറന്നുപോയ കാര്യം അവൻ എന്നെ ഓർമ്മിപ്പിച്ചു

ഓർമ്മക്കേട് ooRmakkeeTə *(nn,comp),* loss of memory; ഓർമ്മക്കേടു കൊണ്ട് അയാൾ വീണ്ടും ചോദിച്ചു

ഓർമ്മ ooRmma *(nn),* memory; ഓർമ്മയിൽ ഒരു ഓണക്കാലം തിരിച്ചു വന്നു

ഓർമ്മക്കുറിപ്പ് ooRmmakkuRippə *(nn,comp),* jottings from memory; അദ്ദേഹം തന്റെ ഓർമ്മക്കുറിപ്പിൽ അപ്രകാരം എഴുതി

ഓർമ്മിക്ക് ooRmmikkə *(vi),* remember; മകൻ ചിലപ്പോഴൊക്കെ അമ്മയെപ്പറ്റി ഓർക്കുന്നു

ഓർമ്മിപ്പിക്ക് ooRmmippikkə *(vt),* remind; അധ്യാപകനെ വിദ്യാർഥി ഓർമ്മിപ്പിച്ചു

ഓല oola *(nn),* coconut leaf; ഓല കൊണ്ട് വീട് മേഞ്ഞു

ഓലഞ്ഞാലി oola~~aali *(nn),* bird foundswinging on coconut leaves; ഓലഞ്ഞാലി കിളിയുടെ കൂട്ടിൽ വസന്തം വന്നു

ഓലപ്പാമ്പ് oolappaambə *(nn,comp),* imitation snake made with palm leaf; കുട്ടിക്ക് ഞാൻ ഒരു ഓലപ്പാമ്പിനെ ഉണ്ടാക്കികൊടുത്തു

ഓവുചാൽ oovucaal *(nn,comp),* drainage; ഓവുചാൽ നന്നാക്കാൻ ആരും വന്നില്ല

ഓവ് oovə *(nn)*, channel for draining water; ഓവിലൂടെ വെള്ളം പോകുന്നില്ല

ഓശാന ooSaana *(nn)*, christian festival in common; ഓശാനപ്പെരുന്നാളിന് പള്ളിയിൽ പോയി

ഓശാരം ooSaaraM *(nn)*, free gift; ഇത് എനിക്ക് ഓശാരമായി കിട്ടിയതാണ്

ഓഷ്ഠം oo$ThaM *(nn)*, lip; ഓഷ്ഠങ്ങൾ വിറച്ചുകൊണ്ടിരുന്നു

ഓഹരി oohari *(nn)*, share; അയാൾ തനിക്കുള്ള ഓഹരി തിരിച്ചുവാങ്ങി

ഓഹരിക്കമ്പോളം ooharikkambooLaM *(nn,comp)*, share market; ഓഹരിക്കമ്പോളത്തിൽ അയാൾ പരാജയപ്പെട്ടു

ഓഹരിക്കാരൻ ooharikkaaran *(nn,comp)*, share holder; ഓഹരിക്കാരൻ ഓഹരി തിരിച്ചുവാങ്ങി

ഓഹരിവില ooharivila *(nn,comp)*, share value; ഓഹരിവില കുറഞ്ഞതോടെ ഓഹരിക്കമ്പോളം അടച്ചു പൂട്ടി

ഓഹരിവീതം oohariviitaM *(nn,comp)*, share dividend; ഓഹരി വീതം എല്ലാവർക്കും ലഭിച്ചു

ഓളം ooLaM *(nn)*, ripples; പുഴയിലെ ഓളങ്ങൾ ശാന്തമായിരുന്നു

ഓളം ooLaM *(adv)*, until; അവൾ വരുവോളം അയാൾ അവിടെ നിന്നു.

ഓളി ooLi *(nn)*, howling of dog or fox; കുറുക്കന്റെ ഓളികേട്ട് അവൻ ഞെട്ടി വിറച്ചു.

ഔൺസ് auNsə *(nn)*, ounce; ഒരു ഔൺസ് മരുന്നു കഴിക്കൂ

ഔദാര്യം audaaryaM *(nn)*, liberality; ഔദാര്യങ്ങൾ സ്വീകരിക്കരുത്, അത് നിങ്ങളെ വെറും പട്ടിയാക്കി മാറ്റും

ഔദ്ധത്യം auddhatyaM *(nn)*, pride; അയാളുടെ ഔദ്ധത്യം എല്ലാവരുടേയും വെറുപ്പിന് കാരണമായി

ഔന്നത്യം aunnatyaM *(nn)*, greatness; ചിന്തയിലെ ഔന്നത്യം കാരണം, അയാൾ എല്ലാവർക്കും പ്രിയപ്പെട്ടവനായി

ഔപചാരികത aupacaarikata *(nn)*, formality; ഈ ഔപചാരികത എനിക്ക് ഇഷ്ടമില്ല

ഔപചാരികമായ aupacaarikamaaya *(adj)*, formal; ഔപചാരികമായ ഒരു ചടങ്ങിൽ അപമര്യാദയോടെ സംസാരിക്കരുത്

ഔൽസുക്യം aulsukyaM *(nn)*, anixety; കുട്ടിക്ക് പഠനത്തിലുള്ള ഔൽസുക്യം നഷ്ടപ്പെട്ടു

ഔഷധ au$adha *(adj)*, medicinal; ഔഷധസസ്യങ്ങൾക്ക് വംശനാശം സംഭവിച്ചു കൊണ്ടിരിക്കുന്നു

ഔഷധം au$adhaM *(nn),* medicine; ഔഷധംകൊണ്ട് രോഗം സുഖപ്പെടുത്തുന്നു

ഔഷധഗുണമുള്ള au$adhaguNamuLLa *(nn,comp),* medicinal property; ഔഷധഗുണമുള്ള ഒരു സസ്യമാണ് തുളസി

കാഷ്ഠം kaa$ThaM *(nn),* dung excrements; കാക്കകളുടെ കാഷ്ഠം പ്രതിമയെ വിരൂപമാക്കി

കക്ക kakka *(nn),* lime shell; അവർ സമുദ്രത്തിൽ നിന്ന് കക്ക വാരിയെടുത്തു

കക്കൽ kakkal *(nn),* vomiting; അയാളുടെ കക്കൽ കണ്ട് എനിക്കു വെറുപ്പു തോന്നി

കക്കൽ kakkal *(nn),* stealing; കക്കൽ ഒരു ചീത്ത പ്രവൃത്തിയാണ്

കക്കൂസ് kakkuusə *(nn),* latrine; കക്കൂസും കുളിമുറിയും വീടിനു പുറത്താണ്

കക്ക് kakkə *(vi),* vomit; അവൻ അവിടെ കക്കുന്നു

കക്ക് kakkə *(vi),* steal ; അയാൾ ഒരു പുസ്തകം കക്കുന്നു

കക്ഷം kak$aM *(nn),* arm pit; കക്ഷത്തിൽ വച്ചിരുന്നതു പോയി ഉത്തരത്തിലിരുന്നതു കിട്ടിയതുമില്ല

കക്ഷി kak$i *(nn),* party; കക്ഷി ഇന്നലെ വരാതിരുന്നതിനാൽ വക്കീൽ ദേഷ്യപ്പെട്ടു

കക്ഷിരാഷ്ട്രീയം kak$iraa$TRiiyaM *(nn,comp),* power politics; കക്ഷി രാഷ് ട്രീയക്കാരൻ എപ്പോഴും വാഗ്ദാനങ്ങൾ നല്കുന്നു.

കങ്കണം kaṇkaNaM *(nn),* bracelet; അവൾ കങ്കണം അണിഞ്ഞു. ഉപനയനം കഴിഞ്ഞു

കങ്ങൽ kaṇṇal *(nn),* cooked stuff getting burnt due to over heating; ഭക്ഷണത്തിന്റെ കങ്ങൽ മണം ഇവിടെ എത്തി

കച്ച kacca *(nn),* kind of cora cloth; അയാൾ ഒരു കച്ച സമ്മാനിച്ചു

കച്ചകെട്ട് kaccakeTTə *(nn),* training; മത്സരത്തിന് എല്ലാവരും കച്ചകെട്ട് നടത്തുന്നു

കച്ചവടം kaccavaTaM *(nn),* trade; അയാൾ കച്ചവടം ചെയ്യുന്നു

കച്ചി kacci *(nn),* straw; കച്ചികൊണ്ട് കുടിൽ മേഞ്ഞിരിക്കുന്നു

കച്ചി kacci *(nn),* hay; പശുവിനു തിന്നാൻ കച്ചികൊടുത്തു

കച്ചേരി kacceeri *(nn),* court; കച്ചേരി പതിനൊന്നു മണിക്ക് ആരംഭിച്ചു

കഞ്ചാവ് ka~caavə *(nn),* ganja; അയാൾ കഞ്ചാവിന്റെ അടിമയായി തീർന്നു

കഞ്ഞി ka~~i *(nn)*, boiled rice with gruel; അവർ കഞ്ഞി കുടിക്കുന്നു

കഞ്ഞിക്കലം ka~~ikkalaM *(nn,comp)*, pot in which rice gruel is prepared; കഞ്ഞിക്കലത്തിൽ കഞ്ഞി വച്ചു

കഞ്ഞിപ്പശ ka~~ippaSa *(nn,comp)*, starch; തുണിക്ക് കഞ്ഞിപ്പശ മുക്കി

കഞ്ഞിവെള്ളം ka~~iveLLaM *(nn,comp)*, water content of gruel; അയാൾ കുറേ കഞ്ഞിവെള്ളം കുടിച്ചു

കഞ്ഞുണ്ണി ka~~uNNi *(nn)*, medicinal herb (edipta prostrata); കഞ്ഞുണ്ണി ഒരു ഔഷധസസ്യമാണ്

കട kaTa *(nn)*, foot or stump of a tree; മരത്തിന്റെ കടയ്ക്കൽ കോടാലി വച്ചു

കട kaTa *(nn)*, shop; അയാൾ കടയിൽ നിന്നു സാധനം വാങ്ങി

കടം kaTaM *(nn)*, debt; ഞാൻ അവനോട് കടം വാങ്ങി

കടംകഥ kaTaṇkatha *(nn)*, riddle; കുട്ടികൾ കടംകഥകൾ പറയുന്നു

കടംകൊടുക്ക് kaTaMkoTukkə *(vt)*, lend; അയാൾ പലർക്കും കടം കൊടുക്കുന്നു

കടംകൊടുക്ക് kaTaMkoTukkə *(vt)*, lend; ഞാൻ അയാൾക്കു കടം കൊടുത്തു

കടക്കാരൻ kaTakkaaran *(nn,comp)*, debtor; ഞാൻ അയാൾക്കു കടക്കാരനായി തീർന്നു

കടംപെട് kaTaMpeTə *(comp vb)*, get involved in debt; ആർക്കും കടംപെടാൻ അവന് ഇഷ്ടമായിരുന്നില്ല

കടംമേടിക്ക് kaTammeeTikkə *(vt)*, borrow; അയാൾ എന്നോട് കടം മേടിക്കാറില്ല

കടംവാങ്ങ് kaTaMvaaṇṇə *(vt)*, borrow; അയാൾ എന്നോട് കടം വാങ്ങി

കടം kaTamvaaypa *(nn)*, borrowing; അയാൾ കടം വാങ്ങുന്നത് ഇഷ്ടപ്പെട്ടില്ല

കടംവീട്ട് kaTaMviiTTə *(vb, comp)*, repay debts; ഞാൻ അച്ഛന്റെ കടം വീട്ടി

കടകം kaTakaM *(nn)*, bracelet of gold; അവൻ കടകം അണിഞ്ഞു

കടകം kaTakaM *(nn)*, unit of mudra; അവൾ ഒരു കടകം കാണിച്ചു

കടകട kaTakaTa *(nn)*, rattling; വണ്ടി കടകട ശബ്ദം പുറപ്പെടുവിക്കുന്നു

കടക്കണ്ണ് kaTakkaNNə *(nn)*, corner of the eye; അവൻ കടക്കണ്ണുകൊണ്ട് കടാക്ഷിച്ചു

കടക്കാരൻ kaTakkaaran *(nn,comp)*, shop keeper; കടക്കാരൻ കടയടച്ച് മടങ്ങിപ്പോയി

കടക്ക് katakkə *(nn),* pass over; അയാൾ അതു വഴി പുറത്തു കടന്നു

കടക്ക് kaTakkə *(vi),* cross; നദി കടക്കാൻ അവൻ ഏറെ വിഷമിച്ചു

കടച്ചക്ക kaTaccakka *(nn),* bread fruit; എനിക്ക് കടച്ചക്ക ഇഷ്ടമായിരുന്നു

കടച്ചി kaTacci *(nn),* female calf; വീട്ടിൽ ഒരു കടച്ചിപ്പശു ഉണ്ടായിരുന്നു

കടച്ചിൽ kaTaccil *(nn),* acute pain with rheumatism; അവന് കാലുംകൈയും കടച്ചിൽ എടുക്കുന്നു

കടതല kaTatala *(nn,comp),* begining and end; അയാൾ കടതല ഇല്ലാതെ ഓരോന്നു പറയുന്നു

കടത്തൽ kaTattal *(nn),* transportation; ഇതുവഴി സാധനങ്ങളുടെ കടത്തൽ നിരോധിച്ചിരിക്കുന്നു

കടത്തുകാരൻ kaTattukaaran *(nn,comp),* boatman in a ferry; കടത്തുകാരൻ കടവിൽ യാത്രക്കാരെ കാത്തു നിന്നു

കടത്തുകൂലി kaTattukuuli *(nn,comp),* ferryfare; കടത്തുകാരൻ കടത്തു കൂലി ചോദിച്ചു

കടത്തുതോണി kaTattutooNi *(nn,comp),* ferry-boat; ഞങ്ങൾ കടത്തുതോണിയിൽ അക്കരെ കടന്നു

കടത്ത് kaTattə *(nn),* ferrying stand; അവൻ ആ കടത്തു നോക്കി നിന്നു

കടത്ത് kaTattə *(vt),* transport across the river; ഇതു വഴി സാധനങ്ങൾ അക്കരെ കടത്തി

കടന്നൽ kaTannal *(nn),* wasp; അയാളെ ഒരു കടന്നൽ കുത്തി

കടമ്പ kaTamba *(nn),* wicket door in a fence; അയാൾ കടമ്പ ചാടി കടന്നു

കടമ്പ് kaTambə *(nn),* tree eugenia racemosa; കടമ്പ് പൂത്ത് മണം പരന്നു

കടപ്പത്രം kaTappatRaM *(nn,comp),* debenture bond; കടപ്പത്രത്തിൽ അയാൾ ഒപ്പുവച്ചു

കടപ്പാട് kaTappaaTə *(nn),* obligation; എനിക്ക് ആരോടും കടപ്പാടില്ല

കടപ്പിലാവ് kaTappilaavə *(nn),* bread fruit tree; കടപ്പിലാവിൽ കടച്ചക്ക ഉണ്ടായിരുന്നു

കടപ്പുറം kaTappuRaM *(nn,comp),* seashore; കടപ്പുറത്ത് ആരോ ചിലർ കൂടി നിൽക്കുന്നു.

കടമാൻ kaTamaan *(nn),* fallow deer; ഈ മൃഗശാലയിൽ കടമാൻ ഉണ്ടായിരുന്നു

കടയ് kaTayə *(vt),* churn; അമ്മ തൈര് കടയുന്നു

കടയ് kaTayə *(vt)*, churn out a vessel; അയാൾ പാത്രം കടഞ്ഞെടുക്കുന്നു

കടല kaTala *(nn)*, bengal gram; അവൻ കടല വിറ്റു നടന്നു

കടലാടി kaTalaaTi *(nn)*, medicinal plant; കടലാടി ഒരു ഔഷധ സസ്യമാണ്

കടലാമ kaTalaama *(nn,comp)*, sea tortoise; ഒരു കടലാമ തീരത്ത് അടിഞ്ഞു

കടലാസ് kaTalaasə *(nn)*, paper; ഞാൻ കടലാസിൽ എഴുതുന്നു

കടലെടുപ്പ് kaTaleTuppə *(nn,comp)*, sea-erosion; കടലെടുപ്പു തടയാൻ ഇവിടെയെല്ലാം കല്ലിട്ടു

കടൽക്കാക്ക kaTalkaakka *(nn,comp)*, seagul; കടലിൽ കടൽക്കാക്കകൾ വട്ടമിട്ടു പറക്കുന്നു

കടൽക്കര kaTalkkara *(nn,comp)*, sea- shore; കടൽക്കരയിൽ കുറെ കാക്കകൾ പറക്കുന്നു

കടൽക്കാറ്റ് kaTalkkaaRRə *(nn,comp)*, sea breeze; കടൽക്കാറ്റിന്റെ തണുപ്പേറ്റ് ഞങ്ങൾ കുറേനേരം അവിടെയിരുന്നു

കടൽക്കുതിര kaTalkkutira *(nn,comp)*, sea horse; കടൽക്കുതിരകൾ വെള്ളത്തിൽ പൊങ്ങിയും താണും സഞ്ചരിക്കുന്നു

കടൽക്കോള് kaTalkkooLə *(nn,comp)*, storm in the sea; കടൽക്കോളിൽ അയാളുടെ തോണി തകിടം മറിഞ്ഞു.

കടൽത്തിര kaTalttira *(nn,comp)*, sea wave; കടൽത്തിരകളിൽപ്പെട്ട തോണിയും യാത്രക്കാരനും മറഞ്ഞു

കടൽത്തീരം KaTalttiiraM *(nn)*, beach; കടൽത്തീരത്ത് ഒട്ടേറെ വള്ളങ്ങൾ നിർത്തിയിട്ടിരുന്നു

കടൽപ്പാലം kaTalppalaM *(nn)*, warf; ഇവിടെ അടുത്ത് ഒരു കടൽപ്പാലമുണ്ട്

കടൽ kaTal *(nn)*, sea; വെള്ളായിപ്പൻ ആദ്യമായി കടൽ കാണുകയായിരുന്നു

കടവാതിൽ kaTavaatil *(nn)*, bat; ഒരു കടവാതിൽ ശബ്ദം വച്ച് ഓടി വന്നു

കടവായ് kaTavaayə *(nn)*, corner of the mouth; അവൻ കടവായ് കോട്ടി കാണിച്ചു

കടവിറങ്ങ് kaTaviRannə *(comp vb)*, go to defecate; അയാൾ കടവിറങ്ങാൻ പോയി

കടവ് kaTavə *(nn)*, bathing ghat; ഞാൻ കടവിൽ കുളിക്കാൻ പോകുന്നു.

കടവടുപ്പിക്ക് kaTavaTuppikkə *(nn,comp)*, reach shore; തോണി തോണിക്കാരൻ കടവടുപ്പിച്ചു

കടാക്ഷം kaTak$aM *(nn),* side glance; അവളുടെ കടാക്ഷം കാത്ത് അവർ നിന്നു

കടാക്ഷിക്ക് kaTaak$ikkə *(vt),* look through the corner of eye; അവൾ അവനെ കടാക്ഷിച്ചു

കടി kaTi *(nn),* biting; ശരീരമെല്ലാം കടികൊണ്ട് അയാൾ പുളഞ്ഞു

കടി kaTi *(nn),* hip & loins; അവളുടെ കടി പ്രദേശങ്ങൾ വസ്ത്രങ്ങൾ കൊണ്ട് മറയ്ക്കപ്പെട്ടിരുന്നു

കടികൂട് katikuuTə *(comp vb),* bite each other; നായ്ക്കൾ കടി കൂടുന്നു

കടിക്ക് kaTikkə *(vt),* bite; പട്ടി കടിക്കും സൂക്ഷിക്കുക

കടിഞ്ഞാൺ kaTi~~aaN *(nn),* bridle; കുതിരയുടെ കടിഞ്ഞാൺ പൊട്ടിപ്പോയി

കടിഞ്ഞൂൽ kaTi~~uul *(nn),* first born; അവൻ കടിഞ്ഞൂൽ സന്തതി ആയിരുന്നു

കടിപിടി kaTipiTi *(nn),* scuffle; പട്ടികൾ തമ്മിൽ കടിപിടി കൂടുന്നു

കടിവായ് kaTivaayə *(nn,comp),* wound caused by a bite; കടിവായിലൂടെ രക്തം ചിതറി വീണു

കടും kaTum *(adj),* strong; കടുംകാപ്പി അവന് ഇഷ്ടമാണ്

കടും kaTum *(adj),* dark; കടുംനിറത്തിലുള്ള വസ്ത്രങ്ങൾ അയാൾ ധരിക്കുന്നു

കടുംവാക്ക് kaTumvaakkə *(nn,comp),* hard and cruel word; അയാൾ അവനോട് കടും വാക്കുകൾ പറഞ്ഞു

കടുക് kaTukə *(nn),* mustard; അമ്മ കടുകു വറുക്കുന്നു.

കടുക്ക kaTukka *(nn),* medicinal fruit; കടുക്ക ഒരു ഔഷധ ഫലമാണ്

കടുക്കൻ kaTukkan *(nn),* ear ring for males; അയാൾ ചെവിയിൽ കടുക്കൻ ധരിച്ചിരുന്നു

കടുപ്പം kaTuppaM *(nn),* state of being hard; അയാൾ കല്ലിന്റെ കടുപ്പം പരിശോധിച്ചു

കടുവ kaTuvaa *(nn),* tiger; കടുവായെ കിടുവ പിടിച്ചു

കട്ട kaTTa *(nn),* lump soil; അയാൾ മണ്ണിന്റെ ഒരു കട്ട എടുത്തു

കട്ടവണ്ടി kaTTavaNTi *(nn,comp),* load cart; ആ കട്ടവണ്ടി റോഡിലൂടെ മെല്ലെ നീങ്ങി

കട്ടള kaTTaLa *(nn),* frame work of a door; വീടിന്റെ കട്ടളകൾ ഇളക്കിയെടുത്തു

കട്ടായം kaTTaayaM *(nn),* definitenss; ഞാൻ വരില്ലെന്ന് കട്ടായം പറഞ്ഞു

കട്ടിയുള്ള kaTTi *(adj),* solid; കട്ടിയുള്ള ഒരു പലകയായിരുന്നു അത്

കട്ടിയാക് kaTTiyaakə *(vi)*, become hard; ഇവിടെ വെള്ളം കട്ടിയാകുന്നു

കട്ടിയായ kaTTiyaaya *(adj)*, hard; വെള്ളം കട്ടിയായതാണ് ഐസ്

കട്ടിയായ kaTTiyaaya *(adj)*, thick; ഒരു കട്ടിയായ ഒരു കടലാസു കൊണ്ട് നിർമ്മിച്ചതാണത്

കട്ടിൽ kaTTil *(nn)*, cot; അയാൾ കട്ടിലിൽ കിടന്നു ഉറങ്ങി

കട്ടുറുമ്പ് kaTTuRumbə *(nn)*, large black ant; എന്നെ ഒരു കട്ടുറുമ്പ് കടിച്ചു.

കഠിനമായ kaTinamaaya *(adj)*, hard; കഠിനമായ തലവേദനകൊണ്ട് അയാൾ പുളഞ്ഞു

കഠോര kaThoora *(adj)*, hard; കഠോര വാക്കുകൾകൊണ്ട് എന്റെ മനസ്സ് വേദനിച്ചു

കഠോരത kaThoorata *(nn)*, cruelity; അയാളുടെ കഠോരത ആർക്കും ഇഷ്ടപ്പെട്ടില്ല

കണ kaNa *(nn)*, children`s disease; കുട്ടിക്ക് കണ ബാധിച്ചു

കണ kaNa *(nn)*, shoot of bamboo; മുളയുടെ കണകൊണ്ട് ചുമരു കെട്ടി

കണക്കെഴുത്തുകാരൻ kaNakkeZuttukaaran *(nn)*, accountant; അയാൾ ഒരു കണക്കെഴുത്തുകാരനായിരുന്നു

കണക്കാക്ക് kaNakkaakkə *(vb)*, take into account; അയാൾ പറഞ്ഞതൊന്നും കണക്കാക്കേണ്ടതില്ല

കണക്കാക്ക് kaNakkaakkə *(nn,comp)*, consider; ഞാൻ അയാൾ പറഞ്ഞത് കണക്കാക്കി

കണക്കിന് kaNakkinə *(adv)*, well & good; അയാൾ കണക്കിന് മറുപടി കൊടുത്തു

കണക്കുതീർക്ക് kaNakkutiiRkkə *(comp vb)*, settle account; കണക്കു തീർക്കാൻ ഇനിയും സമയമായിട്ടില്ല

കണക്കെഴുത്ത് kaNakkeZuttə *(nn,comp)*, writing account; കണക്കെഴുത്തായിരുന്നു അയാളുടെ ജോലി

കണക്കോല kaNakkoola *(nn)*, accounts; അയാൾ കണക്കോല പരിശോധിക്കുന്നു

കണക്ക് kaNakkə *(nn)*, mathematics; കുട്ടി കണക്കു ചെയ്യുന്നു

കണക്ക് kaNakkə *(nn)*, accounts; ക്ലാർക്ക് കണക്കു പരിശോധിച്ചു

കണങ്കാൽ kaNaŋkaal *(nn)*, ankle; എന്റെ കണങ്കാലിൽ ശക്തമായ വേദന തോന്നുന്നു

കണങ്കൈ kaNaŋkai *(nn)*, wrist; അയാളുടെ കണങ്കൈയിൽ ചതവു പറ്റി

കണമ്പ് kaNmbə *(nn)*, fish; കണമ്പ് മത്സ്യം അവന് ഇഷ്ടമായിരുന്നു

കണവ kaNava *(nn),* squid; കണവ ഒരു തരം മത്സ്യമാണ്

കണി kaNi *(nn),* first sight on waking up in the morning on vishu day; വിഷുവിന് വീട്ടിൽ കണി ഒരുക്കി

കണിക kaNika *(nn),* particle; പദാർത്ഥത്തിന്റെ ഏറ്റവും ചെറിയ കണികയാണ് അണു

കണികാണ് kanikaaNə *(comp vb),* see auspicious signs; അവൾ കണികണ്ടുണർന്നു

കണിക്കൊന്ന kaNikkonna *(nn,comp),* species of cassia whose flowers are considered an auspicious sight; കണിക്കൊന്നയിൽ പൂക്കൾ വിടർന്നു

കണിശം kaNiSaM *(nn),* definiteness; ഇവിടെ വരാമെന്ന് അവൻ കണിശം പറഞ്ഞിരുന്നു

കൺകാണിക്ക് kaNkaaNikkə *(comp vb),* wink; അങ്ങോട്ടു വരേണ്ടന്ന് അവൻ കൺകാണിച്ചു

കൺകുരു kaNkuru *(nn,comp),* boil on the eye; എന്റെ കണ്ണിൽ ഒരു കൺകുരു വന്നു

കൺകെട്ടുവിദ്യ kaNkeTTuvidya *(nn,comp),* art of hypnotism; അയാൾ കൺകെട്ടുവിദ്യകൾ കാണിക്കുന്നു

കൺകെട്ട് kaNkeTTə *(nn,comp),* hypnotism; അയാൾക്ക് പല കൺകെട്ടു വിദ്യകളും അറിയാമായിരുന്നു

കണ്ട kaNTa *(nn),* underground stem; തെങ്ങിന്റെ കണ്ടയിൽ ഒരു പൊത്തുണ്ടായിരുന്നു

കണ്ടകശ്ശനി kaNTakaSSni *(nn),* period of extreme calamity & grief; കണ്ടകശ്ശനി പിടിച്ചവൻ പിച്ചപ്പാത്രം എടുത്തു

കണ്ടൻ kaNTan *(nn,adj),* male cat; കണ്ടൻ കലമുടച്ചു

കണ്ടമാനം KaNTamaanaM *(adv),* recklessly; അയാൾ എന്നോട് കണ്ടമാനം കടം വാങ്ങി

കണ്ടൽ kaNTal *(nn),* marsh plant; കണ്ടൽ വനങ്ങൾ തീ വെച്ചു നശിപ്പിച്ചു

കണ്ടവൻ kaNTavan *(nn),* anybody; കണ്ടവൻ ഇവിടെ കയറി വരുന്നത് എനിക്കിഷ്ടമല്ല

കാണ്ടാമൃഗം kaNTaamRəgaM *(nn),* rhinocerous; കാണ്ടാമൃഗത്തിന് കട്ടിയുള്ള തോലുണ്ട്

കണ്ടിക്ക് kaNTikkə *(vt),* cut; അയാൾ വടി ചെറിയ കഷണങ്ങളായി കണ്ടിക്കുന്നു

കണ്ടുകെട്ട് kaNTukeTTə *(vt),* forfeit; അയാളുടെ വീടും സ്വത്തുക്കളും കോടതി കണ്ടുകെട്ടി

കണ്ടുപിടിക്ക് kaNTupiTikkə *(vt),* invent; അദ്ദേഹം പുതിയ ഒരു യന്ത്രം കണ്ടുപിടിച്ചു

കണ്ടുപിടിത്തം kaNTupiTittaM *(nn),* invention; ഗ്രഹാം ബെൽ

ടെലഫോണിന്റെ
കണ്ടുപിടുത്തം നടത്തി

കണ്ടുമുട്ട് kaNTumuTTə *(vt),* meet; ഞങ്ങൾ അവിടെ വച്ച് കണ്ടുമുട്ടി

കണ്ടെടുക്ക് kaNTeTuKKə *(vb),* reclaim a lost thing; നഷ്ടപ്പെട്ടു പോയ വസ്തുക്കൾ കണ്ടെടുത്തു

കണ്ടെത്ത് kaNTettə *(vt),* find; അന്വേഷിക്കുവിൻ കണ്ടെത്തും

കണ്ടെഴുത്ത് kaNTeZuttə *(vt),* surveying of lands and assesing taxes; അയാൾക്ക്
കണ്ടെഴുത്തായിരുന്നു ജോലി

കണ്ഠം kaNThaM *(nn),* throat; പാമ്പ് ശിവന്റെ കണ്ഠാഭരണമാണ്

കണ്ഠച്ഛേദം kaNThacheedaM *(nn,comp),* cutting the throat; അയാളുടെ കണ്ഠച്ഛേദം നടത്തി

കണ്ഠനാദം kNThanaadaM *(nn,comp),* voice; അവളുടെ കണ്ഠനാദം
കർണ്ണാനന്ദകരമാണ്

കണ്ഠമാല kaNThamaala *(nn,comp),* scrofula (disease round the neck); ആ കുട്ടിക്ക് കണ്ഠമാല എന്ന അസുഖം പിടിപെട്ടു

കണ്ഠാഭരണം kaNThaabharaNaM *(nn,comp),* ornament for neck; അവൾ കണ്ഠാഭരണം അണിഞ്ഞു

കണ്ണട kaNNaTa *(nn),* spectacles; അയാൾ കണ്ണട ഊരിവച്ചു

കണ്ണൻ kaNNaN *(nn),* lord krishna; കണ്ണൻ വെണ്ണ കട്ടു

കണ്ണൻ പഴം kaNNaN paZaM *(nn,comp),* species of plantain; കണ്ണൻ പഴവും കദളിപ്പഴവും തിന്നു

കണ്ണാടി kaNNaTi *(nn),* mirror; ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട

കണ്ണാടി kaNNaaTi *(nn),* spectacles; മുഖത്തിനു
ചേരുന്നതായിരിക്കണം
കണ്ണാടി

കണ്ണാടി kaNNaaTi *(nn),* glass; കണ്ണാടിയിൽ നോക്കി മുഖം മിനുക്കി

കണ്ണി kaNNi *(nn),* link of a chain; അയാൾ ചരിത്രത്തിലെ ഒരു കണ്ണി മാത്രം

കണ്ണിമയ്ക്ക് kaNNimayəkkə *(vi),* wink; അവൾ കണ്ണിമയ്ക്കുന്നു

കണ്ണുകടി kaNNuKaTi *(nn,comp),* jealousy; ഈ കണ്ണുകടിക്ക് ഒരു മരുന്നു പറയൂ

കണ്ണുകെട്ട് kaNNukeTTə *(vt),* blind fold; കള്ളനെ കണ്ണുകെട്ടി കൊണ്ടു പോയി

കണ്ണുതുറിക്ക് kaNNutuRikkə *(vi),* stare; അയാൾ ഉണർന്ന് കണ്ണുതുറിച്ചു നോക്കി.

കണ്ണുനീർ kaNNuniiR *(nn),* tear; കണ്ണുകളിൽ കണ്ണുനീർ നിറഞ്ഞു

കണ്ണുരുട്ട് kaNNuruTTə *(vb, comp),* look angrily with eyes popping; അയാൾ അവനെ കണ്ണുരുട്ടി കാണിച്ചു

കണ്ണുവയ്ക്ക് kaNNuvaykkə *(comp vb),* cast an eye on; അയാൾ അവളുടെമേൽ കണ്ണുവച്ചിരുന്നു.

കണ്ണെഴുത് kaNNaZutə *(comp vb),* collyrium of eye; അവൾ കണ്ണെഴുതി,പൊട്ടുതൊട്ടു

കണ്ണേറ് kaNNeeRə *(vi),* casting of the evil eye; കണ്ണേറു കൊണ്ടാണത്രേ വിളവു നശിച്ചത്

കണ്ണ് kaNNə *(nn),* eye; കണ്ണുള്ളപ്പോൾ കണ്ണിന്റെ കാഴ്ച അറിയില്ല

കൺപീള kaNpiiLa *(nn,comp),* pus gathering in the eye; കണ്ണിൽ കൺപീളകൾ നിറഞ്ഞിരുന്നു

കൺപീലി kaNpiili *(nn),* eye lash; അയാളുടെ കൺപീലികൾ പോലും നരച്ചിരുന്നു

കൺപോള kaNpooLa *(nn,comp),* eye lid; അയാളുടെ കൺപോളകൾ വേദനിച്ചു

കതക് katakə *(nn),* door; കതക് അടയ്ക്കൂ

കതിന katina *(nn),* very thick iron tube into which gun powder is packed for explosion; അവൻ കതിനയ്ക്കു തീ കൊടുത്തു

കതിര് katirə *(nn),* ear of corn; നെല്ലിന് കതിര് വച്ചു

കതിർക്ക് katiRkkə *(vi),* shooting up of ears in corns; നെല്ല് കതിർത്തു

കതിർമണ്ഡപം katiRmaNDapaM *(nn),* decorated dias specially erected for wedding ceremony; അവർ കതിർമണ്ഡപത്തിൽ വച്ച് വിവാഹിതരായി

കതിർ katiR *(nn),* ray of light; പ്രഭാതത്തിൽ സൂര്യന്റെ ചെങ്കതിരുകൾ തെളിഞ്ഞു

കത്തനാർ kattanaaR *(nn),* christian priest; കത്തനാർ വന്നില്ല, പ്രാർത്ഥന മുടങ്ങി

കത്തൽ kattal *(nn),* burning; വയറ്റിൽ ഒരു കത്തൽ അനുഭവപ്പെട്ടു

കത്തി katti *(nn),* knife; അവൾ കത്തികൊണ്ട് പഴം മുറിച്ചു

കത്തി katti *(nn),* type of face make up in Kathakali depicting cruel characters; ദുര്യോധനന് കത്തി വേഷമാണ്

കത്തിക്ക് kattikkə *(vt),* make a fire; അയാൾ കടലാസുകൾ എല്ലാം കത്തിക്കുന്നു

കത്തിക്ക് kattikkə *(vt),* lit; അമ്മ വിളക്ക് കത്തിക്കുന്നു

കത്തിടപാട് kattiTapaaTə *(nn),* correspondence; ഞങ്ങൾ തമ്മിൽ ഇപ്പോൾ യാതൊരു കത്തിടപാടുമില്ല

കത്തിരിക്ക kattirikka *(nn),* brinjal; കത്തിരിക്കകൊണ്ടുള്ള കറി അയാൾക്കിഷ്ടമല്ല

കത്തിവാൾ kattivaaL *(nn),* bill hook; അമ്മ കത്തിവാൾകൊണ്ട് പഴം മുറിച്ചു

കത്ത് kattə *(nn),* letter; എനിക്ക് ഇന്നലെ ഒരു കത്തുവന്നു

കത്ത് kattə *(vi),* burn; ആ വീട് കത്തുന്നു

കത്രിക്ക് kaTRika *(vt),* cut by means of scissors; അയാൾ കത്രികകൊണ്ട് കത്രിക്കുന്നു.

കത്രിക katRika *(nn),* scissors; കത്രിക കൊണ്ട് കടലാസുകൾ മുറിച്ചു

കഥ katha *(nn),* story; മുത്തശ്ശി കഥ പറയുന്നു

കഥകഴിക്ക് kathakaZikkə *(comp vb),* kill; ആരൊക്കെയോ ചേർന്ന് അവന്റെ കഥ കഴിച്ചു

കഥകഴിയ് kathakaZiyə *(comp vb),* die; അയാളുടെ കഥ കഴിഞ്ഞു

കഥാകാരൻ kathaakaaran *(nn,comp),* story writer; കഥാകാരൻ ഇന്നലെ വന്നു

കഥാതന്തു kathaatantu *(nn,comp),* plot of a story; നാടകത്തിന്റെ കഥാതന്തു എന്താണ്

കഥാപാത്രം kathapaatRaM *(nn),* character in a story; ഈ നാടകത്തിലെ കഥാപാത്രങ്ങളെല്ലാം വ്യത്യസ്ത ടൈപ്പുകളാണ്

കഥാപുരുഷൻ kathaapuru$an *(nn,comp),* hero (of the story or biography); കഥാപുരുഷൻ അവിടെ നിന്ന് ഓടി രക്ഷപ്പെട്ടു

കഥാപ്രസംഗം kathapRasaMgaM *(nn),* narration of a story with music; എനിക്ക് കഥാപ്രസംഗം ഇഷ്ടമല്ല

കഥാസാരം kathaasaaraM *(nn,comp),* gist of a story; എന്താണ് കഥാസാരമെന്നു മനസ്സിലായില്ല

കദനം kadanaM *(nn),* grief; അവളുടേത് ഒരു കദനത്തിന്റെ കഥയാണ്

കദളി kadaLi *(nn),* species of plantain; കദളിയിൽ കായ് പഴുത്തു

കരണം kanaM *(nn),* cheek; ഒരു കരണത്തടിച്ചാൽ മറ്റേ കരണവും കാണിച്ചു കൊടുക്കുക

കനം kanaM *(nn),* thickness; തീരെ കനമില്ലാത്ത ഒരു വസ്തുവാണത്

കനക kanaka *(adj),* pertaining to (made of) gold; കനകമണി ഹർമ്മ്യങ്ങൾ നിറഞ്ഞതാണ് കുബേരപുരി

കനകാംബരം kanakaambaraM *(nn),* flowering plant; മുറ്റത്ത് കനകാംബരം പൂത്തു നിൽക്കുന്നു

കനക്കെ kanakke *(adj),* intense; നാളെ ഇവിടെ കനക്കെ മഴയുണ്ടാകാൻ സാധ്യതയുണ്ട്

കനക്ക് kanakkə *(vi)*, grow stout; ശരീരം വല്ലാതെ കനത്തു വരുന്നു

കനത്ത kanatta *(adj)*, heavy; ഇന്നലെ കനത്ത മഴ പെയ്തു

കനപ്പ് kanappə *(nn)*, disagreeable taste by the action of certain fungi; എണ്ണയ്ക്ക് കനപ്പ് മണം വരുന്നു

കനല് kanalə *(nn)*, live coal fire; അടുപ്പിൽ നിന്ന് കുറച്ചു കനലെടുക്കൂ

കനവ് kanavə *(nn)*, dream; അവൾ കനവുകൾ കാണുന്നു

കനി kani *(nn)*, ripe fruit; കാട്ടിൽ കനികൾ ഭക്ഷിച്ച് അവൻ ജീവിച്ചു

കനിച്ചിൽ kaaniccil *(nn)*, oozing; തേനിന്റെ കനിച്ചിൽ നിന്നു

കനിഞ്ഞ് kani~~ə *(adv)*, compassion; അവളുടെ ദയനീയ സ്ഥിതി കണ്ടു അദ്ദേഹം കനിഞ്ഞ് അവിടെ വന്നു

കനിയ് kaniyə *(vi)*, feel sympathy; എന്നിട്ടും ആ ദുഷ്ടന്റെ ഹൃദയം കനിഞ്ഞില്ല

കനിവ് kanivə *(nn)*, sympathy; അയാൾക്ക് അവളോട് കനിവ് തോന്നി

കന്നം kannaM *(nn)*, cheek; അവൻ അയാളുടെ കന്നത്തടിച്ചു

കന്നത്തരം kannattaraM *(nn)*, meanness; അവന്റെ കന്നത്തരം ആർക്കും ഇഷ്ടമായില്ല

കന്നൽമൊഴി kannalmoZi *(nn)*, woman with sweet voice; അവൾ ഒരു കന്നൽ മൊഴിയായിരുന്നു.

കന്നുകാലി kannukaali *(nn)*, cattle; കന്നുകാലികളെ നന്നായി പരിപാലിക്കണം

കമ്പനി kambani *(nn)*, company; കമ്പനിയുടെ ഉൽഘാടനം ഗംഭീരമായി നടന്നു

കമ്പി kambi *(nn)*, string; ഇരുമ്പ് കമ്പി കൊണ്ട് മുറുക്കെ കെട്ടി

കമ്പി kambi *(nn)*, telegram; താൻ പുറപ്പെട്ടു കഴിഞ്ഞെന്ന് അയാൾ കമ്പി കൊടുത്തു

കമ്പിയില്ലാകമ്പി kambiyillaa kambi *(NP)*, wireless; എന്റെ കമ്പ്യൂട്ടറിൽ പുതിയ കമ്പിയില്ലാകമ്പി മൌസുകൾ ഉപയോഗിക്കുന്നു

കമ്പിളിപ്പുതപ്പ് kambiLi putappə *(nn)*, shawl; നല്ല തണുപ്പത്ത് ഒരു കമ്പിളിപ്പുതപ്പു വേണം

കമ്പിളി kambiLi *(nn)*, wool; അത് കമ്പിളി കൊണ്ടുള്ള പുതപ്പാണ്

കന്യക kanyaka *(nn)*, virgin; പന്ത്രണ്ടു വയസ്സുള്ള കന്യകയെ മാതാപിതാക്കൾ വിറ്റുവത്രേ

കപ്പൽ kappal *(nn)*, ship; കപ്പൽ കടലിൽ ഇറക്കി

കപ്പ് kappə *(nn)*, cup; ഒരു കപ്പ് കാപ്പി കുടിച്ചു

കഫം kaphaM *(nn)*, phlegm; അയാൾക്കു വല്ലാത്ത കഫം ഉണ്ടായിരുന്നു

കമുക് kamukə *(nn)*, arecanut tree; കമുകിൽ അടയ്ക്ക പറിക്കാൻ ഒരാൾ കയറുന്നു

കമ്മൽ kammal *(nn)*, ear ring; രമ കമ്മൽ അണിഞ്ഞു

കയർ kayaR *(nn)*, rope; ചകിരികൊണ്ട് കയർ ഉണ്ടാക്കുന്നു

കയറ് kayaRə *(vi)*, climb; കള്ളൻ തെങ്ങിൽ കയറി

കയ്പയ്ക്ക kayppaykka *(nn)*, bitter gourd; കയ്പയ്ക്കയുടെ കയ്പ് എനിക്കിഷ്ടമാണ്

കയ്പുള്ള kayppuLLa *(adj)*, bitter; കാഞ്ഞിരത്തിന്റെ കുരു കയ്പുള്ളതാണ്

കയ്യേറ്റംചെയ്യ് kayyeeRRaMceyyə *(vt)*, assault; അക്രമികൾ യാത്രക്കാരെ കൈയ്യേറ്റം ചെയ്തു.

കരംഗ്രഹിക്ക് karaMgrahikkə *(comp vb)*, hold one`s hand(marriage); അവൾ അയാളുടെ കരം ഗ്രഹിച്ചു

കരച്ചിൽ Karaccil *(nn)*, crying; അവന് വല്ലാതെ കരച്ചിൽ വന്നു

കരടി karaTi *(nn)*, bear; കരടിക്ക് കറുത്ത രോമങ്ങളുണ്ട്

കരണ്ടി karaNTi *(nn)*, spoon; ഒരു കരണ്ടി നിറയെ പഞ്ചസാര തിന്നു

കരപ്പൻ karappan *(nn)*, scabies; കുട്ടിക്ക് കരപ്പൻ വന്നു

കരയ് karayə *(vi)*, cry; എന്തിനാണ് ഇങ്ങനെ കരയുന്നത്?

കരയേറ്റം karayeeRRaM *(nn,comp)*, landing ashore; അവിടെ നിന്ന് പിന്നീട് കരയേറ്റമായിരുന്നു

കരൾ karaL *(nn)*, liver; മഞ്ഞപിത്തം കരളിനെ ബാധിക്കുന്നു

കരി kari *(nn)*, soot; കരിയിൽ നിന്ന് കണ്ണിലെഴുതാനുള്ള കൺമഷിയുണ്ടാക്കുന്നു

കരിമ്പ് karimbə *(nn)*, sugar cane; ഞാൻ കരിമ്പ് നട്ടു

കരിപ്പട്ടി karippaTTi *(nn)*, palm gur; ഞാൻ കരിപ്പട്ടികൊണ്ടുള്ള കാപ്പി കുടിച്ചിട്ടുണ്ട്.

കരിവേപ്പില kariveeppila *(nn)*, curry leaf; കരിവേപ്പില കറിയിലിടുന്നു

കരിവേപ്പ് kariveeppə *(nn)*, curry leaf tree; കരിവേപ്പിന്റെ ഇല കറിയിലിടുന്നു

കരു karu *(nn)*, dice in chess; അവൻ അടുത്തൊരു കരു കൂടി നീക്കി

കരുകരുക്ക് karukarukkə *(comp vb)*, have irritation in the eyes; എന്റെ കണ്ണ് കരുകരുക്കുന്നു

കരുകരുപ്പ് karukaruppə *(nn),* irritation; കണ്ണിലെ കരുകരുപ്പ് ഇതുവരെ മാറിയില്ല

കരുണ karuNa *(nn),* mercy; കരുണ ചെയ്യുവാനെന്തു താമസം

കരുണരസം karuNarasaM *(nn),* pathos; നടന്റെ മുഖത്ത് കരുണ രസം വരുന്നില്ല

കരുണാകടാക്ഷം karuNaakaTaak$aM *(nn,comp),* look of compassion; അയാളുടെ കരുണാകടാക്ഷം അവന്റെ മേൽ പതിഞ്ഞില്ല

കരുണാമയം karuNaamayaM *(nn,comp),* full of mercy; അപ്പോൾ അദ്ദേഹത്തിന്റെ മുഖം കരുണാമയമായിരുന്നു

കരുതൽ karutal *(nn),* reserve fund; അയാൾ കരുതൽ നിധി ദുർവിനിയോഗം ചെയ്തു

കരുതൽ karutal *(nn),* consideration; എന്റെ മേൽ യാതൊരു കരുതലും ഉണ്ടായിരുന്നില്ല,

കരുത് karutə *(vi),* believe; ഞാൻ വരുമെന്ന് അയാൾ കരുതി

കരുതി വയ്ക്ക് karuti vaykkə *(vi),* keep safely; കരുതി വച്ചിരുന്ന പണം മുഴുവൻ നഷ്ടമായി

കരുത്തൻ karuttan *(nn),* powerful person; അയാൾ ഒരു കരുത്തനായിരുന്നു

കരുത്തുള്ള karuttuLLa *(adj),* strong; കരുത്തുള്ള ഒരു മനുഷ്യനാണയാൾ

കരുത്ത് karuttə *(nn),* strength; അയാളുടെ കരുത്തും ബുദ്ധിശക്തിയും അപാരം തന്നെ

കരുനീക്ക് karuniikkə *(comp vb),* move the dice in game; ആനന്ദ് അടുത്ത കരുനീക്കി

കരുവൻ karuvan *(nn),* measles; കുട്ടിക്ക് കരുവൻ വന്നു

കരുവാളിക്ക് karuvaaLikkə *(vi),* grow black from sun or fire; അയാളുടെ മുഖം കരുവാളിച്ചു കിടന്നിരുന്നു

കരുവാളിപ്പ് karuvaaLippə *(nn),* growing black; അയാളുടെ മുഖത്തെ കരുവാളിപ്പ് മാഞ്ഞില്ല

കരയേറ് karayeeRə *(comp vb),* ascend; അയാൾ ആ കഷ്ടപാടിൽനിന്ന് കരയേറി

കർക്കശം kaRkkaSaM *(nn),* harshness; അയാളുടെ പെരുമാറ്റം എപ്പോഴും വളരെ കർക്കശമാണ്

കർക്കശമായ kaRkkaSamaya *(adj),* harsh; വളരെ കർക്കശമായ പെരുമാറ്റമായിരുന്നു അയാളുടെത്

കർണ്ണം kaRNNaM *(nn),* ear; കർണ്ണന്റെ കർണ്ണാഭരണം തിളങ്ങുന്നുണ്ടായിരുന്നു

കർണ്ണനാളം kaRNNannaaLaM *(nn,comp),* ear canal; കർണ്ണനാളത്തിലൂടെ ശബ്ദം കർണ്ണപുടത്തിലെത്തുന്നു

കർണ്ണപാളി KaRNNapaaLi *(nn,comp),* passage to the inner ear; അവന്റെ കർണ്ണപാളികളിൽ വലിയ ശബ്ദം വന്നലിച്ചു

കർണ്ണപുടം kaRNNapuTaM *(nn,comp),* ear drum; ശബ്ദം ബാഹ്യകർണ്ണത്തിലൂടെ പ്രവഹിച്ച് കർണ്ണപുടത്തിലെത്തിക്കുന്നു

കർത്തവ്യം KaRttavyaM *(nn),* duty; അയാൾ അയാളുടെ കർത്തവ്യങ്ങൾ നിറവേറി

കർത്താവ് kaRttaavə *(nn),* author; ആരാണ് ഈ ഗ്രന്ഥത്തിന്റെ കർത്താവ്

കർത്താവ് kaRttaavə *(nn),* lord ; കർത്താവേ ഇവർ ചെയ്യുന്നത് എന്താണെന്ന് ഇവർ അറിയുന്നില്ല

കർത്താവ് kaRttaavə *(nn),* subject; കർത്താവും കർമ്മവും ക്രിയയും വാക്യത്തിന്റെ പ്രധാന അംഗങ്ങളാണ്

കല kala *(nn),* art; കല ജീവിതം തന്നെ

കലം kalaM *(nn),* earthenware pot with a broad mouth; കലത്തിൽ കഞ്ഞി വച്ചു

കലക്ക് kalakkə *(vt),* stir up; അയാൾ ആ വെള്ളം കലക്കി

കലക്ക് kalakkə *(vt),* confuse; ആ വീട് എല്ലാവരും കൂടി കലക്കി

കലക്ക് kalakkə *(vt),* do abortion; ഗർഭം കലക്കി

കലക്ക് kalakkə *(vt),* good perfomance; അവൻ ഗാനമേള കലക്കി

കലങ്ങൽ kalaŋŋaL *(nn),* muddy; കലങ്ങൽ ഒരിക്കൽ തെളിയും

കലങ്ങ് kalaŋŋal *(vi),* turbid; മഴക്കാലത്തു കുളത്തിലെ വെള്ളം കലങ്ങുന്നു

കലണ്ടർ kalaNTaR *(nn),* calendar; ഈ കലണ്ടർ ഈ വർഷത്തെതാണ്

കലമ്പൽ kalambal *(nn),* uproar; അവൻ എപ്പോഴും കലമ്പൽ കൂട്ടുന്നു

കലമ്പ് കൂട്ട് kalambə kuuTTə *(vi),* make disturbance; അവൻ എപ്പോഴും കലമ്പ് കൂട്ടുന്നു

കലപ്പ kalappa *(nn),* plough; കാള കലപ്പ വലിച്ചുകൊണ്ടുപോകുന്നു

കലമാൻ kalaman *(nn),* horned deer; കലമാന്റെ കൊമ്പ് ഒടിഞ്ഞു പോയി

കലർ kalarə *(vi),* get mixed up; രണ്ടു പദാർത്ഥങ്ങൾ അങ്ങനെ കൂടിക്കലരുന്നു

കലർത്ത് kalaRttə *(vt),* mix; ഭക്ഷണപദാർത്ഥങ്ങളിൽ മായം കലർത്തി

കലർപ്പ് kalaRppə *(nn),* mixture; രണ്ടു രാസപദാർഥങ്ങളുടെ കലർപ്പാണിത്

കലശം kalaSaM *(nn),* water pot; ചിതാഭസ്മം ഒരു കലശത്തിൽ എടുത്തു കൊണ്ടുവന്നു

കലശൽ കൂട്ട് kalaSalkuuTTə *(vb, comp),* create tumult; അയാൾ എപ്പോഴും കലശൽ കൂട്ടുന്നു

കലശൽ kalaSSal *(nn),* confusion; അയാൾ എപ്പോഴും കലശൽ ഉണ്ടാക്കുന്നു

കലഹം kalahaM *(nn),* fight; കലഹം മൂലം ദുഃഖം ഉണ്ടാവുന്നു

കലഹക്കാരൻ kalahakkaaran *(nn),* rebel; അവൻ ഒരു കലഹക്കാരനാണ്.

കലഹപ്രിയൻ kalahapRiyan *(nn,comp),* quarrel monger; അയാൾ ഒരു കലഹപ്രിയൻ ആണ്.

കലഹിക്ക് kalahikkə *(vi),* get in to fight; അവർ തമ്മിൽ എപ്പോഴും കലഹിക്കുന്നു.

കലാകാരൻ kalaakaaran *(nn),* artist; ഉറൂബ് ഒരു കലാകാരനായിരുന്നു

കലാപം kalaapaM *(nn),* revolt; കലാപം അടിച്ചമർത്തപ്പെട്ടു

കലാവിദ്യ kalaavidya *(comp n),* practice of arts; അയാളുടെ കലാവിദ്യ എല്ലാവരാലും പ്രശംസിക്കപ്പെട്ടു

കലാശം kalaaSaM *(nn),* end; യുദ്ധത്തിന്റെ കലാശമായിരുന്നു അത്

കലാശിക്ക് kalaaSikkə *(vb),* come to end; എല്ലാം സമാധാനപരമായി കലാശിച്ചു

കലി kali *(nn),* feeling of anger; അയാൾക്ക് കലി വന്നു

കലി kali *(nn),* god of evilness; കലി വരുത്തി വച്ച വിന

കലികയറ് kalikayaRə *(comp vb),* make one angry; അയാൾ കലി കയറി എന്തൊക്കെയോ ചെയ്തു

കലികാലം kalikaalaM *(nn,comp),* time of kali; കലികാലത്തിൽ എല്ലാം ഇങ്ങനെയാണത്രേ

കലിക്ക് kalikkə *(vi),* have a feeling of distinterest; കുറെ നാൾ കഴിഞ്ഞപ്പോൾ അയാൾക്ക് എല്ലാം കലിച്ചു തുടങ്ങി

കലിപ്പ് kalippə *(nn),* distaste; എല്ലാത്തിനോടും ഒരു കലിപ്പ് അയാൾക്കനുഭവപ്പെട്ടു

കലിയുഗം kaliyugaM *(nn,comp),* yuga or age of kali; കലിയുഗം അവസാനിക്കാറായി

കലുഷത kalu$ata *(nn),* impurity; അയാളുടെ കലുഷത എല്ലാവരുടേയും വെറുപ്പിനു കാരണമായി

കലുഷമായ kalu$amaaya *(adj),* confused and clearless; വളരെ കലുഷമായ ഒരന്തരീക്ഷമായിരുന്നു അപ്പോൾ

കലോപാസകൻ kaloopaasakan *(nn,comp),* devotee of the arts; അദ്ദേഹം ഒരു കലോപാസകനായിരുന്നു

കൽക്കണ്ടം kalkkaNTaM *(nn),* sugar candy; കല്ക്കണ്ടം മധുരമുള്ളതാണ്

കൽക്കരി kalkkari *(nn),* coal; കൽക്കരി ഉപയോഗിക്കുന്ന തീവണ്ടികൾ ഇപ്പോൾ കുറവാണ്

കൽക്കി kalkki *(nn),* Tenth incarnation of lord vishnu; കല്കി വിഷ്ണുവിന്റെ പത്താമത്തെ അവതാരമാണ്

കൽപ്പന kalppana *(nn),* command; രാജാവ് കല്പന പുറപ്പെടുവിച്ചു

കൽപ്പനാശക്തി kalppanaaSakti *(nn,comp),* power of imagination; അദ്ദേഹത്തിന്റെ കല്പനാശക്തിയുടെ വൈഭവമാണത്

കല്പവൃക്ഷം kalpavRək$aM *(nn,comp),* tree in indra`s garden; തെങ്ങ് ഒരു കല്പവൃക്ഷമായി കരുതപ്പെടുന്നു

കല്പാന്ത kalpaanta *(nn),* end of universe; കല്പാന്ത കാലത്തോളം അദ്ദേഹത്തിന്റെ നാമം സ്മരിക്കപ്പെടും

കല്പിക്ക് kalpikkə *(vi),* order; രാജാവ് കല്പിക്കുന്നു

കല്പിതം kalpitaM *(nn),* falsehood; ഈ കഥ കല്പിതമാണ്

കടൽപ്പായൽ kaTalppayal *(nn,comp),* sea weed; കടൽപ്പായലിന്റെ പച്ച നിറം ആ പ്രദേശം മുഴുവൻ വ്യാപിച്ചിരുന്നു

കല്യാണം kalyaaNaM *(nn),* marriage; അവരുടെ കല്യാണം കഴിഞ്ഞു.

കല്യാണപ്പെണ്ണ് kalyaaNappeNNə *(nn),* bride; കല്യാണപ്പെണ്ണിനെ അണിയിച്ചൊരുക്കി

കല്യാണപ്പൊരുത്തം kalyaaNapporuttaM *(nn,comp),* auspicious affinity of horoscopes; അവർക്കു തമ്മിൽ കല്യാണപ്പൊരുത്തമില്ലായിരുന്നു

കല്യാണി kalyaaNi *(nn),* beautiful married woman; അവൾ ഒരു കല്യാണിയാണ്

കല്ലൻ kallan *(nn),* stone hearted person; അയാൾ ഒരു കല്ലനാണ്

കല്ലറ kallaRa *(nn),* tomb; മരിച്ചയാളെ കല്ലറയിൽ അടക്കി

കല്ലാശാരി kallaaSaari *(nn,comp),* stone mason; കല്ലാശാരി വീടു പണിയുന്നു

കല്ലിക്ക് kallikkə *(vi),* wound hard as stone; ശരീരത്തിൽ ചോര കല്ലിച്ച പാടുകൾ കണ്ടു

കല്ലിടുക്ക് kalliTukkə *(nn,comp),* narrow crack between rocks or stones; ഈ കല്ലിടുക്കിലൂടെ നോക്കൂ

കല്ലിപ്പ് kallippə *(nn),* becoming hard and solid; കുട്ടിയുടെ മുഖത്ത് കല്ലിപ്പ് കാണപ്പെട്ടു.

കല്ലുമട kallumaTa *(nn,comp),* stone quary; കല്ലുമടയിൽ നിന്ന് കല്ല് വെട്ടിയെടുക്കുന്നു

കല്ലുളി kalluLi *(nn,comp),* chisel for grinding stone or granite; കല്ലാശാരി കല്ലുളികൊണ്ട് കല്ലു ചെത്തി

കല്ലോലിനി kallolini *(nn),* river; കല്ലോലിനിയുടെ തീരങ്ങളിൽ കവി ഇരുന്നു

കല്ല് kallə *(nn),* stone; കല്ലെടുത്ത് കുട്ടി മാവിലേക്ക് എറിഞ്ഞു

കൽഹാരം kalhaaraM *(nn),* mythical flower; കൽഹാര പുഷ്പം തേടി അയാൾ അലഞ്ഞു

കവചം kavacaM *(nn),* armour; പട്ടാളക്കാരൻ കവചം ധരിച്ചു

കവടി kavaTi *(nn),* cowry; അയാൾ കവടി നിരത്തി

കവടിക്കാരൻ kavaTikkaaran *(nn),* astrologer; അയാൾ കവടിക്കാരനാണ്

കവട്ട kavaTTa *(nn),* fork formed by a tree branch; അയാൾ മരത്തിന്റെ ഒരു കവട്ട ഒടിച്ചെടുത്തു

കവണ kavaNa *(nn),* string used for pelting stones; കുട്ടി കവണകൊണ്ട് എയ്തു

കവണി kavaNi *(nn),* kind of cloth worn by Muslims; അമ്മൂമ്മ ഒരു കവണി ചുറ്റി

കവനം kavanaM *(nn),* composing poetry; അയാളുടെ കവനം എല്ലാവരും അംഗീകരിച്ചു

കവയിത്രി kavayiTRi *(nn),* poetess; കവയിത്രി കവിത എഴുതുന്നു

കവയ്ക്ക് kavaykkə *(vi),* set legs apart; അവൻ കാലു കവച്ചു

കവരം kavaraM *(nn),* fork; മരത്തിന്റെ കവരത്തിൽ കുരങ്ങൻ ചാടിക്കളിച്ചു

കവരംപൊട്ട് kavaraMpoTTə *(vb),* shoot a branch out; മരത്തിന്റെ ഒരു പുതിയ കവരം പൊട്ടി

കവർ kavarə *(vt),* rob; ആ ചിത്രം മനസ്സു കവരുന്നതായിരുന്നു

കവർക്ക് kavaRkkə *(vi),* experience acrid taste; ആ പലഹാരം കവർക്കുന്നു

കവർച്ച kavaRcca *(nn),* robbery; പട്ടാപ്പകൽ ബാങ്ക് കവർച്ച നടത്തി

കവർച്ചക്കാരൻ kavaRccakkaaran *(nn),* burglar; അയാൾ ഒരു കവർച്ചക്കാരനാണ്

കവർ kavaR *(nn),* envelope; ആ കത്ത് ഒരു കവറിൽ ഇട്ടു തരൂ

കവല kavala *(nn),* place where two or more roads meet; കവലയിൽ വച്ച് ഞാനൊരു സുഹൃത്തിനെ കണ്ടുമുട്ടി

കവലച്ചട്ടമ്പി kavalaccaTTambi *(nn,comp),* knight of the road; കവലച്ചട്ടമ്പി കവലയിൽ വഴക്കിടുന്നു

കവാടം kavaaTaM *(nn),* door; കൊട്ടാരത്തിന്റെ കവാടം മലർക്കെ തുറക്കപ്പെട്ടു

കവാത്ത് kavaattə *(nn),* military march; ഡ്യൂട്ടിപോലീസുകാരൻ കവാത്തു നടത്തുന്നു

കവി kavi *(nn),* poet; കവി കവിത എഴുതുന്നു

കവിഞ്ഞൊഴുക് kavi~~oZukə *(comp vb),* overflow; പാത്രത്തിൽ നിന്ന് വെള്ളം കവിഞ്ഞൊഴുകുന്നു

കവിത kavita *(nn),* poem; എനിക്ക് കവിത ഇഷ്ടമാണ്

കവിതാസമാഹാരം kavitaasamaahaaraM *(comp n),* collection of poetry; കവി ഒരു കവിതാസമാഹാരം പുറത്തിറക്കി

കവയത്രി kavaiyatRi *(nn),* poetess; കമലാദാസ് ഒരു ഇൻഡോ-ആംഗ്ലിയൻ കവയത്രിയാണ്

കവിയശഃപ്രാർത്ഥി kaviySahpRaRtthi *(nn,comp),* aspirant to poetic fame; അവൻ ഒരു കവിയശഃപ്രാർത്ഥിയാണ്

കവിയ് kaviyə *(vi),* exceed; ഇവിടെ ജനങ്ങളുടെ എണ്ണം കവിയുന്നു

കവിൾത്തടം kaviLttaTaM *(nn,comp),* cheek region; കുട്ടിയുടെ കവിൾത്തടത്തിൽ ഉമ്മ വച്ചു

കവിൾ kaviL *(nn),* cheek; അമ്മ കുട്ടിയുടെ കവിളിൽ ഉമ്മ വച്ചു

കവിഴ് (കമിഴ്) kaviZə (kamiZə) *(vi),* be overturned; കുട്ടി കവിഴ്ന്നു വീണു

കവിഴ്ത്ത് kaviZəttə *(vt),* turn upside down; അയാൾ പാത്രം കവിഴ്ത്തി വച്ചു

കശകശപ്പ് kaSakaSappə *(nn),* bitterness; ആ പലഹാരത്തിന് വല്ലാത്ത കശകശപ്പു തോന്നി

കശക്ക് kaSakkə *(vt),* shuffle; അയാൾ ചീട്ടുകൾ കശക്കി

കശപിശ kaSapiSa *(nn),* commotion; അവർ തമ്മിൽ എപ്പോഴും കശപിശകൂടുന്നു

കശാപ്പുകാരൻ kaSaappukaaran *(n),* butcher; കശാപ്പുകാരൻ കശാപ്പു നടത്തി

കശാപ്പ് kaSaappə *(nn),* slaughter; ഇറച്ചിവെട്ടുകാരൻ കശാപ്പു നടത്തി

കശുമാങ്ങ kaSumaaṉṉa *(nn),* cashew fruit; കശുമാങ്ങയുടെ

ചുവട്ടിൽ കശുവണ്ടി നിൽക്കുന്നു

കശുമാവ് kaSumaavə *(nn),* cashew nut tree; കശുമാവ് പൂത്തു

കശുവണ്ടി kaSuvaNTi *(nn),* cashew nut; കശുവണ്ടി കയറ്റുമതി ചെയ്യുന്നു

കശേരു kaSeeru *(nn),* vertebra; കശേരു ഇല്ലാത്ത ഒരു ജീവിയാണ് പാമ്പ്

കശ്മലത kaSəmalata *(nn),* wickedness; അയാളുടെ കശ്മലത എല്ലാവരാലും വെറുക്കപ്പെട്ടു

കശ്മലൻ kaSəmalan *(nn),* wicked person; അവൻ ഒരു കശ്മലനാണത്രേ

കഷ്ണം ka$NaM *(nn),* bit; ഒരു കഷ്ണം ഉപ്പെടുത്ത് വെള്ളത്തിലിട്ടു

കഷ്ണിക്ക് ka$aNikkə *(vt),* cut into piece; അയാൾ ആ പച്ചക്കറി കഷ്ണിച്ചു

കഷണ്ടി ka$aNTi *(nn),* baldness; കഷണ്ടിക്ക് മരുന്നില്ല

കഷണ്ടിക്കാരൻ ka$aNTikkaaran *(nn),* bald - headed person; കഷണ്ടിക്കാരൻ മറ്റൊരു കഷണ്ടിക്കാരനെ കാണുന്നു

കഷായം k$aayaM *(nn),* ayurvedic decoction; വൈദ്യൻ കഷായത്തിന് കുറിച്ചു തന്നു

കഷ്ടം ka$TaM *(nn),* pain; അവൻ കുറെ കഷ്ടമനുഭവിച്ചു

കഷ്ടം ka$TaM *(nn),* pity; അയ്യോ കഷ്ടം എത്ര ദുസ്സഹമാണ് അവന്റെ സ്ഥിതി

കഷ്ടകാലം ka$TakaalaM *(nn,comp),* time of misfortue; കഷ്ട കാലം വരുമ്പോൾ ഒന്നായിട്ട് നില്ക്കണം

കഷ്ടപ്പെട് ka$TappeTə *(vi),* be affected; അയാൾ വല്ലാതെ കഷ്ടപ്പെടുന്നു

കഷ്ടപ്പാട് ka$TappaaTə *(nn),* trouble; അയാൾ കഷ്ടപ്പാടറിയാതെ വളർന്നതാണ്

കഷ്ടപ്പെടുത്ത് ka$TappeTuttə *(vt),* afflict; അയാളെ എല്ലാവരും കഷ്ടപ്പെടുത്തുന്നു

കഷ്ടാനുഭവം ka$TaanubhavaM *(nn),* experience of affliction; ഇതൊക്കെ ജീവിതത്തിലെ ചില കഷ്ടാനുഭവങ്ങളാണ്

കഷ്ടി ka$Ti *(nn),* shortage; ഇപ്പോൾ ഇവിടെ അരി കഷ്ടിയാണ്

കഷ്ടിച്ച് ka$Ticcə *(adv),* hardly; അയാൾ കഷ്ടിച്ച് അവിടെ വരെ വന്നു

കഷ്ടിപിഷ്ടി ka$Tipi$Ti *(nn),* scantiness; ഇവിടെ എല്ലാം ഇപ്പോൾ കഷ്ടിപിഷ്ടിയാണ്

കസർത്ത് kasaRttə *(nn),* bodily exercise; അയാൾ രാവിലെ കുറെ കസർത്ത് നടത്തി

കസവുകര kasavukara *(nn,comp),* border on fringe embroidery on clothes;

സാരിയുടെ കസവുകര കാണാൻ നല്ല ചന്തം ആണ്

കസവുനേര്യത് kasavuneeryatə *(nn,comp),* nice cloth decorated on borders with kasavu`; വല്യമ്മ കസവുനേര്യത് ധരിച്ചു

കസവുപണി kasavupaNi *(nn,comp),* gold or silver embroidery on cloth; അയാൾ കസവു പണികൾ ചെയ്യുന്ന ആളായിരുന്നു

കസവ് kasavə *(nn),* gold or silver thread; സാരിയുടെ കസവ് മനോഹരമായിരുന്നു

കസേര kaseera *(nn),* chair; അവൻ കസേരയിൽ ഇരുന്നു

കസ്തൂരി kastuuri *(nn),* musk; കസ്തൂരി ഒരു സുഗന്ധ ദ്രവ്യമാണ്

കസ്തൂരിമഞ്ഞൾ kastuurima~~aL *(nn,comp),* plant; കസ്തൂരി മഞ്ഞൾ അവൾ മുഖത്തു പുരട്ടി

കസ്തൂരിമാൻ kastuurimaan *(nn,comp),* musk deer; അയാൾ ഒരു കസ്തൂരി മാനിനെ പിടിച്ചു

കള kaLa *(nn),* weed; വയലിൽ കളകൾ നിറഞ്ഞിരുന്നു

കളം kaLaM *(nn),* threshing floor; ഈ കളത്തിൽ കുറെ നെല്ലുണ്ടായിരുന്നു

കളകണ്ഠം kaLakaNThaM *(nn,comp),* sweet voice; അവളുടെ കളകണ്ഠത്തിൽ നിന്ന് സംഗീതം പ്രവഹിച്ചു

കളകളം kaLakaLaM *(nn,comp),* sweet melodious voice; പുഴ കളകളം പൊഴിച്ചു

കളങ്കം kaLaŋaM *(nn),* blemish; അയാൾ ഈ വംശത്തിനു തന്നെ കളങ്കമാണ്

കളപ്പുര kaLappura *(nn),* granary; കിളികൾ കളപ്പുരകളിൽ ശേഖരിക്കുന്നില്ല

കളപ്പുരവിചാരിപ്പുകാരൻ kaLappuravicaarippukaaran *(nn),* care taker; അയാൾ അവിടുത്തെ കളപ്പുര വിചാരിപ്പുകാരനായിരുന്നു

കളമെഴുത്ത് kaLameZutə *(vi),* drawing of tantric designs; ഉത്സവത്തോടനുബന്ധിച്ച് കളമെഴുതി

കളമൊഴി kaLamoZi *(nn,comp),* woman's sweet voice; കളമൊഴി പാടി

കളയ് kaLayə *(vt),* loose; അയാൾ പുസ്തകം കളഞ്ഞു

കളയ് kaLayə *(vt),* lost an opportunity; അവൻ ഒരു അവസരം കളഞ്ഞു

കളരി kaLari *(nn),* school for dual fight; അവൻ കളരിയിൽ പഠിക്കുന്നു

കളവ് kaLavə *(nn),* theft; അയാൾ പല കളവുകളും ചെയ്തു

കളി kaLi *(nn)*, play; കുട്ടി കളി കഴിഞ്ഞ് മടങ്ങിയെത്തി

കളിക്കാരൻ kaLikkaaran *(nn)*, player; അയാൾ നല്ല കളിക്കാരനായിരുന്നു

കളിക്കോപ്പ് kaLikkooppə *(nn,comp)*, toys; കുട്ടി കളിക്കോപ്പ് വലിച്ചെറിഞ്ഞു

കളിക്ക് kaLikkə *(vi)*, play; എപ്പോഴും കളിച്ചാൽ മതിയോ?

കളിത്തട്ട് kaLittaTTə *(nn,comp)*, play ground; അവർ കളിത്തട്ടിൽ കളിക്കുന്നു

കളിത്തട്ട് kaLittaTTə *(nn)*, stage; കളിത്തട്ടിൽ അവൻ കയറി നിന്നു

കളിപ്പാവ kaLippaava *(nn,comp)*, doll; കുട്ടിക്ക് ഒരു കളിപ്പാവ വാങ്ങിക്കൊടുത്തു

കളിപ്പിക്കൽ kaLippikkal *(nn)*, cheating; പറഞ്ഞു കളിപ്പിക്കൽ നടന്നിരുന്നു

കളിമണ്ണ് kaLimaNNə *(nn)*, clay; ശില്പി കളിമണ്ണുകൊണ്ട് ശില്പമുണ്ടാക്കി

കളിയാക്ക് kaLiyakkə *(vt)*, make fun; അവനെ എല്ലാവരും കളിയാക്കി

കളിയാട് kaLiyaaTə *(vi)*, play (by children); കുട്ടികൾ മുറ്റത്ത് കളിയാടുന്നു

കളിയാട്ടം kaLiyaaTTaM *(nn)*, religious play; കാവിൽ ഇന്ന് കളിയാട്ടമായിരുന്നു

കളിവള്ളം kaLiveLLaM *(nn,comp)*, long narrow boat used in boat race; പുഴക്കടവിൽ കളിവെള്ളം കെട്ടിയിട്ടു

കളിവാക്ക് kaLivaakkə *(nn,comp)*, joke; അവൻ അവളോട് കളിവാക്കു പറഞ്ഞു

കള്ളം kaLLaM *(nn)*, lie; അയാൾ ഒരു കള്ളം പറഞ്ഞു

കള്ളം ചെയ്ത് kaLLaM *(nn)*, stealing; അവൻ ബാങ്കിലെ അക്കൌണ്ടിൽ കള്ളം ചെയ്തു

കള്ളച്ചൂത് kaLLaccuutə *(nn,comp)*, false play in dice; ധർമ്മപുത്രർ കള്ളച്ചൂതിൽ തോറ്റു

കള്ളത്തരം kaLLattaraM *(nn,comp)*, falsehood; കുട്ടികൾ കള്ളത്തരം കാണിച്ചു

കള്ളത്താക്കോൽ kaLLattaakkool *(nn,comp)*, false key; അയാൾ മുറി ഒരു കള്ളത്താക്കോലിട്ടു തുറന്നു

കള്ളൻ kaLLan *(nn)*, thief; കള്ളൻ മാല മോഷ്ടിച്ചു

കള്ളപ്പണം kaLLappaNaM *(nn)*, black money; അയാൾ കള്ളപ്പണം വെളുപ്പിച്ചു

കള്ളപ്പണി kaLLappaNi *(nn,comp)*, fake work; അവൻ കള്ളപ്പണി ചെയ്യുന്നു

കള്ളി kaLLi *(nn)*, column; പത്രത്തിൽ ഒരു കള്ളിയിലാണ് ആ വാർത്ത വന്നത്

കള്ളി kaLLi *(nn)*, female thief; അവൾ കള്ളിയായതു കൊണ്ട് അറസ്റ്റു ചെയ്യപ്പെട്ടു

കള്ളിച്ചെടി kaLLicceTi *(nn)*, cactus; അയാൾ കള്ളിച്ചെടി നട്ടു

കള്ളുകുടിയൻ kaLLukuTiyan *(nn,comp)*, drunkard; അയാൾ ഒരു കള്ളുകുടിയനാണ്

കള്ളുഷാപ്പ് kaLLu$aappə *(nn,comp)*, toddy shop; കള്ളുഷാപ്പിൽ കള്ളു വിൽക്കുന്നു

കള്ള് kaLLə *(nn)*, toddy; അയാൾ കള്ള് കുടിക്കുന്നു

കഴ kaZa *(nn)*, pole; വള്ളം ഊന്നാൻ കഴ ഉപയോഗിക്കുന്നു

കഴഞ്ച് kaZa~cə *(nn)*, unit of weight used in olden days; എനിക്ക് ഒരു കഴഞ്ച് ജീരകം വേണം

കഴമ്പ് kuZambə *(nn)*, substance; ഇത് യാതൊരു കഴമ്പുമില്ലാത്ത പുസ്തകമാണ്

കഴി kaZi *(nn)*, dirty water; അയാൾ ഒരു കഴിയിലേക്ക് വീണു

കഴിക്ക് kaZikkə *(vt)*, perform; അയാൾ പൂജ കഴിക്കുന്നു

കഴിക്ക് kaZikkə *(vt)*, eat; അയാൾ ഭക്ഷണം കഴിക്കുന്നു

കഴിക്ക് kaZikkə *(vt)*, kill; അവന്റെ കഥ കഴിച്ചു

കഴിഞ്ഞ kaZi~~a *(adj)*, bygone; കഴിഞ്ഞാഴ്ച അയാൾ വന്നില്ല

കഴിഞ്ഞകാലം kaZi~~akaalaM *(nn)*, olden days; കഴിഞ്ഞ കാലങ്ങളെപറ്റിയോർക്കുമ്പോൾ മനസ്സിൽ വിഷമം തോന്നുന്നുണ്ടോ

കഴിഞ്ഞതിന്റെ മുമ്പത്തെ വർഷം kaZi~~atinRemumbattevarR$aM *(NP)*, two year`s back; കഴിഞ്ഞതിന്റെ മുമ്പത്തെ വർഷമാണ് അയാൾ ഇവിടെ വന്നത്

കഴിഞ്ഞുപോക് kaZi~~upookə *(vi)*, elapse; അയാൾ വിചാരിച്ചതിലും കൂടുതൽ കഴിഞ്ഞുപോയി അവന്റെ പ്രവർത്തനം

കഴിഞ്ഞമാസം kaZi~~amaasaM *(NP)*, last month; കഴിഞ്ഞമാസം അയാൾ പോയി

കഴിഞ്ഞരാത്രി kaZi~~araatRi *(NP)*, last night; കഴിഞ്ഞരാത്രി എനിക്ക് ഭയങ്കര തലവേദനയായിരുന്നു

കഴിഞ്ഞവർഷം kzi~~avaR$aM *(adv)*, last year; കഴിഞ്ഞവർഷം ഞങ്ങൾ തമ്മിൽ കണ്ടതാണ് പിന്നീട് കണ്ടിട്ടേയില്ല

കഴിപ്പിക്ക് kaZippikkə *(vt caus)*, feed; അമ്മ കുട്ടിയെ കഴിപ്പിക്കുന്നു.

കഴിവ് kaZivə *(nn),* ability; അവന് യാതൊരു കഴിവുമില്ല

കഴുകൻ kaZukan *(nn),* vulture; കഴുകൻ ആകാശത്തു കൂടി വട്ടമിട്ടു പറക്കുന്നു

കഴുക് kaZukə *(vi),* wash; ഞാൻ വസ്ത്രങ്ങളെല്ലാം കഴുകി

കഴുക്കോൽ kaZukkool *(nn),* rafter; വീടിന്റെ കഴുക്കോൽ ഇളകി നിൽക്കുന്നു

കഴുത kaZuta *(nn),* donkey; കഴുത ഭാരം ചുമക്കുന്നു

കഴുത്തുനീട്ട് kaZuttəniiTTə *(comp vb),* stick one`s neck out; അയാൾ കഴുത്തു നീട്ടി ചോദിച്ചു

കഴുത്ത് kaZuttə *(nn),* neck; കഴുത്ത് നീട്ടി അയാൾ നോക്കി

കഴുമരം kaZumaraM *(nn,comp),* impaling stake; കുറ്റവാളിയെ കഴുമരത്തിലേറ്റി

കഴുവേറി kaZuveeRi *(nn,comp),* rogue; അയാൾ ഒരു കഴുവേറിയാണ്

കറ kaRa *(nn),* stain spot; അവന്റെ ഷർട്ടിൽ കറപറ്റി

കറകളയ് kaRakaLayə *(vt),* remove the stain; അവൾ ഷർട്ടിലെ കറ കളയുന്നു

കറക്ക് kaRakkə *(vt),* milk`the cow; അമ്മ പാൽ കറക്കുന്നു

കറക്ക് kaRakkə *(vt),* rotate; അവൻ ചക്രം കറക്കുന്നു

കറങ്ങ് kaRaŋŋə *(vi),* rotate by itself; ആ ചക്രം കറങ്ങുന്നു

കറവ kaRava *(nn),* milking; പശുവിന്റെ കറവ നിന്നു

കറവക്കാരൻ kaRavakkaaran *(nn,comp),* milkman; കറവക്കാരൻ പാൽ കറക്കുന്നു

കറി KaRi *(nn),* curry; അമ്മ ഇന്നലെ കറി വച്ചു

കറിക്കത്തി kaRikkatti *(nn,comp),* knife used to cut vegetables etc; അവൻ കറിക്കത്തികൊണ്ട് പച്ചക്കറി നുറുക്കുന്നു

കറിയുപ്പ് kaRiyuppə *(nn,comp),* common salt; കറിയുപ്പ് വെള്ളത്തിൽ അലിഞ്ഞുപോയി

കറിവേപ്പില kaRiveeppila *(nn),* curry leaf; കറിയിൽ കറിവേപ്പിലയിട്ടില്ല

കറിവേപ്പ് kaRiveeppə *(nn),* curry leaf tree; കറിവേപ്പിലയില്ലാത്ത കറിയില്ല

കറുക kaRuka *(nn),* kind of grass; കറുകപ്പുല്ലിന്റെ മണം വരുന്നു

കറുകറേ kaRukaRee *(adv),* intensely; അവൻ ആപ്പിൾ കറുകറേ തിന്നുന്നു

കറുക്ക് kaRukkə *(vi),* become dark; ചൂടുകൊണ്ട് കുട്ടിയുടെ മുഖം കറുക്കുന്നു

കറുത്ത kaRutta *(adj),* black; കറുത്ത പശു പുല്ലു തിന്നുന്നു

കറുത്തീയം kaRuttiiyaM *(nn),* lead; കറുത്തീയം കൊണ്ട് പാത്രം അടച്ചു

കറുപ്പ് kaRuppə *(nn),* black colour; അവന് കറുപ്പ് ഇഷ്ടമായിരുന്നു

കറുപ്പ് kaRuppə *(nn),* opium; കറുപ്പ് ആരോഗ്യത്തിന് ഹാനികരമാണ്

കറുവാ kaRuvaa *(nn),* cinnamon; ഞാൻ കറുവാ മരത്തിൽ കയറി

കറ്റ kaRRa *(nn),* sheaf of corn; നെല്ലിന്റെ കറ്റകൾ സ്ത്രീകൾ ചുമന്നു കൊണ്ടു പോകുന്നു

കറ്റകെട്ട് kaRRakeTTə *(nn,comp),* tie in sheaves; കർഷകസ്ത്രീ കറ്റ കെട്ടുന്നു

കാംക്ഷ kaaMk$a *(nn),* desire; അവന് അതിന്മേൽ കാംക്ഷയുണ്ടായിരുന്നു

കാംക്ഷിക്ക് kaMk$ikkə *(vi),* have desire; അയാൾ പലതും കാംക്ഷിച്ചിരുന്നു

കാകളി kaakaLi *(nn),* melodious metre; അവൾ കാകളി വൃത്തമുള്ള പദ്യം പാടി

കാക്ക kaakka *(nn),* crow; കാക്ക അപ്പം തട്ടിയെടുത്തു

കാക്കപ്പൂവ് kaakkappuuvə *(nn,comp),* black colour flower (sisparra creeper); പൂക്കളമിടാൻ അവൾ കാക്കപ്പൂവ് പറിച്ചു

കാക്കി kaakki *(nn),* kaki colour; പോലീസുകാരൻ കാക്കിയുടുപ്പിട്ടു

കാക്ക് kaakkə *(vt),* look after; അമ്മ കുട്ടിയെ കാക്കുന്നു

കാക്ക് kaakkə *(vt),* watch over; പോലീസുകാരൻ ജഡം കാക്കുന്നു

കാച്ചിൽ kaaccil *(nn),* heat; കാച്ചിലുള്ളപ്പോൾ പുറത്തേയ്ക്കിറങ്ങണ്ട

കാച്ചിൽ kaaccil *(nn),* small yam (dioscorea alata); അമ്മ കാച്ചിൽ പുഴുങ്ങി

കാച്ച് kaaccə *(vt),* boil the oil; അമ്മ എണ്ണ കാച്ചുന്നു

കാച്ച് kaaccə *(vt),* warm up the water; കുളിക്കാൻ വെള്ളം കാച്ചി

കാഞ്ചനം kaa~canaM *(nn),* gold; അവൾ കാഞ്ചന മാല അണിഞ്ഞു

കാഞ്ചി kaa~ci *(nn),* trigger; അയാൾതോക്കിന്റെ കാഞ്ചി വലിച്ചു

കാഞ്ചി kaa~ci *(nn),* girdle; അവൻ കാഞ്ചിയണിഞ്ഞു

കാഞ്ഞ kaa~~ *(adj),* warm; ഈ കാഞ്ഞവെയിലിൽ പുറത്തേക്ക് പോകണമോ

കാഞ്ഞിരം kaa~~iraM *(nn),* strychnos nux vomica; കാഞ്ഞിരത്തിനു കയ്പാണ്

കാട kaaTa *(nn),* quail; ആയിരം കോഴിക്ക് അരക്കാട തിന്നാൽ മതി

കാടൻ kaaTan *(nn),* jungle dweller; കാടരെ പുനരധിവസിപ്പിക്കാൻ സർക്കാർ ഭൂമി നല്കി

കാടി kaaTi *(nn),* water in which rice has been washed; അമ്മ കാടി പശുവിനു കൊടുത്തു

കാട് kaaTə *(nn),* forest; കാട് വെട്ടിത്തെളിക്കുന്നു

കാട്ടാന kaaTTaana *(nn,comp),* wild elephant; അയാളെ കാട്ടാന കുത്തി

കാട്ടാളൻ kaaTTaaLan *(nn),* jungle dweller; കാട്ടാളൻ പക്ഷിയെ അമ്പെയ്തു

കാട്ടുജന്തു kaaTTujantu *(nn,comp),* wild beast; കാട്ടുജന്തുക്കൾ സ്വൈര്യം വിഹരിക്കുന്നു

കാട്ടുതീ kaaTTutii *(nn),* forest fire; കാട്ടുതീയിൽപെട്ട് കിളിക്കൂടു ചാമ്പലായി

കാട്ടുപോത്ത് kaaTTupoottə *(nn),* wild bison; കാട്ടുപോത്ത് പുല്ലു മേയുന്നു

കാട്ടുമുല്ല kaaTTumulla *(nn),* wild jasmine; കാട്ടുമുല്ല തേന്മാവിനെ ചുറ്റിപ്പടർന്നു

കാട്ട് kaaTTə *(vt),* show; അവനെ ചിത്രം കാട്ടി

കാട്ട് kaaTTə *(vt),* point out; അയാൾ ഒരു തെറ്റു ചൂണ്ടിക്കാട്ടി

കാഠിന്യം kaaThinyaM *(nn),* hardness; വളരെ കാഠിന്യമുള്ള ഒരു കല്ലാണിത്

കാണം kaaNaM *(nn),* property; കാണം വിറ്റും ഓണം ഉണ്ണണം

കാണപ്പെട് kaaNappeTə *(vi),* it seems; ഇവിടെ കുറഞ്ഞ തോതിൽ കണ്ണു രോഗം കാണപ്പെടുന്നു

കാണാപ്പാഠം kaaNaappaaThaM *(nn,comp),* lesson learnt by heart; അവൻ എല്ലാം കാണാപ്പാഠം പഠിച്ചു

കാണി kaaNi *(nn),* spectator; പരിപാടി കഴിഞ്ഞ് കാണികൾ മടങ്ങി

കാണിക്ക് kaNikkə *(vb),* show; ആ പുസ്തകങ്ങളെല്ലാം എന്നെ കാണിക്കൂ

കാണ് kaaNə *(vt),* see; ഞാൻ പലതും കാണുന്നു

കാണ്ടാമൃഗം kaaNTaamRəgam *(nn),* Rhinoceros; ഞങ്ങൾ കാഴ്ചബംഗ്ലാവിൽ കാണ്ടാമൃഗത്തെ കണ്ടു

കാണ്ഡം kaaNDaM *(nn),* stem; മരത്തിന്റെ കാണ്ഡത്തിൽ വെട്ടേറ്റു

കാണ്ഡം kaaNDaM *(nn),* chapter; രാമായണത്തിൽ പതിനെട്ട് കാണ്ഡങ്ങൾ ഉണ്ട്

കാതം kaataM *(nn),* distance equal to 5 miles; അയാൾ ഒരു കാതം കൂടി മുന്നോട്ടു നടന്നു

കാതൽ kaatal *(nn),* heart of a tree; മരത്തിന്റെ കാതൽ പുറത്തുകാണുന്നു

കാതൽ kaatal *(nn),* core; ആ കഥയുടെ കാതൽ എന്താണ്?

കാതില kaatila *(nn),* ear ring; അവൾ കാതില അണിഞ്ഞു

കാതുകുത്ത് kaatukuttə *(comp vb),* boring the ears; അവളുടെ കാതുകുത്തി

കാത് kaatə *(nn),* ear; കാതുണ്ടായിട്ടും കേട്ടില്ല

കാത്തിരിക്ക് kaattirikkə *(vt),* wait for; അവൻ ആരെയോ കാത്തിരിക്കുന്നു

കാഥികൻ kaathikan *(nn),* story teller; കാഥികൻ കഥ പറഞ്ഞു

കാന kaana *(nn),* channel; പുഴയ്ക്കരികെ ഒരു കാന തോണ്ടി

കാനനം kaananaM *(nn),* forest; കാനനത്തിൽ ആടു മേയ്ക്കാൻ പോയി

കാനൽജലം kaanaljalaM *(nn),* mirage; അവൻ കാനൽ ജലം തേടി പോകുന്നു

കാനേഷുമാരി kaanee$umari *(nn),* census; കഴിഞ്ഞവർഷം കാനേഷുമാരി കണക്കെടുത്തു

കാന്ത kaanta *(adj),* beautiful; കാന്തമായ ഒരു പർവ്വതമാണിത്

കാന്ത kaanta *(nn),* wife; അവൾ അയാളുടെ കാന്തയാണ്

കാന്തം kaantaM *(nn),* magnet; ഞാൻ കാന്തം കൊണ്ട് സൂചിയെടുത്തു

കാന്താരി kaantaari *(nn),* small pungent chilly; അമ്മ കാന്താരി മുളക് അരയ്ക്കുന്നു

കാന്തി kaanti *(nn),* beauty; സൂര്യന്റെ കാന്തിക്ക് മങ്ങലേറ്റു

കാമ്പ് kaambə *(nn),* bud; ചെടിയിൽ കാമ്പ് പൊടിച്ചു

കാമ്പ് kaambə *(nn),* core; എന്തെങ്കിലും കാമ്പുള്ള കാര്യമല്ല ഇത്

കാപട്യം kaapaTyaM *(nn),* deceitfulness; കവിയുടെ കാപട്യം എല്ലാവരും തിരിച്ചറിഞ്ഞു

കാപാലികൻ kaapaalikan *(nn),* follower of siva who carries with him human skulls; കാപാലികന്മാർ ശിവനെ ചെന്നു കണ്ടു

കാപാലികൻ kaapaalikan *(nn),* very cruel person; അയാൾ ഒരു കാപാലികനാണ്

കാപ്പി kaappi *(nn),* coffee; ഞാൻ കാപ്പി കുടിക്കുന്നു

കാപ്പിരി kaappiri *(nn),* negro; ആഫ്രിക്കയാണ് കാപ്പിരിയുടെ നാട്

കാപ്പുകെട്ട് kaappukeTTə *(comp vb),* be ready ; അയാൾ എന്തിനും കാപ്പുകെട്ടി ഇറങ്ങുന്നവനാണ്

കാപ്പ് kaappə *(nn),* armlet; സീത കൈയ്യിൽ കാപ്പിടുന്നു

കാപ്പ് kaappə *(nn),* bracelet; രമ കാപ്പ് അണിഞ്ഞു

കാഫിർ kaaphiR *(nn),* Non believer of Mohammedanism; അയാൾ ഒരു കാഫിറാണത്രേ

കാബേജ് kaabeejə *(nn),* cabbage; കാബേജ് അവനിഷ്ടമായിരുന്നു

കാമം kaamaM *(nn),* lust; കാമത്തിന് കണ്ണില്ല

കാമക്രീഡ kaamakRiiDa *(nn,comp),* sexual play; അവർ കാമക്രീഡയിൽ ഏർപ്പെട്ടു

കാമാതുരൻ kaamaturan *(nn,comp),* lustful person; അയാൾ ഒരു കാമാതുരനായിരുന്നു

കാമധേനു kaamadheenu *(nn),* cow belonging to Indra; ഇന്ദ്രന്റെ പശുവാണ് കാമധേനു

കാമൻ kaaman *(nn),* Lord kama; കാമൻ കാമ ബാണമെയ്തു

കാമവികാരം kaamavikaaraM *(nn,comp),* lust; കാമവികാരം എല്ലാവർക്കുമുണ്ട്

കാമശാസ്ത്രം kaamaSasətRaM *(nn,comp),* science of amorous pursuits; കാമശാസ്ത്രത്തിൽ അവൾ വിദഗ്ദ്ധയാണ്

കാമില kaamaala *(nn),* jaundice; അവന് കാമില വന്നു

കാമിനി kaamini *(nn),* lover (fem); അവൾ അയാളുടെ കാമിനിയാണ്

കാമുകൻ kaamukan *(nn),* lover (m); കാമുകൻ കാമുകിയോട് സംസാരിക്കുന്നു

കാമുകി kaamuki *(nn),* lover (fem); കാമുകനും കാമുകിയും ഒളിച്ചോടി

കായം kaayaM *(nn),* asafoetida; അമ്മ കറിയിൽ കായം ചേർത്തു

കായൽ kaayal *(nn),* warming; തീ കായൽ അവർക്കിഷ്ടമായിരുന്നു

കായൽ kaayal *(nn),* lagoon; കായലിൽ നിറയെ പായൽ വളരുന്നു

കായൽ kaayal *(nn),* lake; കായലോരത്ത് താമസിക്കുന്നവർ മീൻ പിടിക്കുന്നു

കായികം kaayikaM *(adj),* pertaining to body (physical sports); കായിക ലോകത്ത് അവൾ ഒരു അത്ഭുതമായിരുന്നു.

കായ് kaayə *(nn),* fruit; മരത്തിൽ കായകളുണ്ടായി

കായ് kaayə *(vi),* become warm; അരി വെയിലത്തു കായുന്നു

കായ്കറി kaaykaRi *(nn),* vegetable; അമ്മ കായ്കറി അരിയുന്നു

കായ്ക്ക് kaaykkə *(vi),* bear fruits; ചെടിയിൽ ഫലങ്ങൾ കായ്ച്ചു തുടങ്ങി

കാര kaara *(nn),* thorny bush; കാലിൽ ഒരു കാരകൊണ്ടു കയറി

കാര kaara *(nn),* metal vessel; കാരയിൽ ആപ്പമുണ്ടാക്കി

കാര kaara *(nn),* one kind of fish; കാരമീൻ കൊണ്ടു കറി വച്ചു

കാരണം kaaraNaM *(nn),* reason; അയാൾ അതിനു കാരണം പറഞ്ഞു

കാരണം kaaraNaM *(nn),* cause; എല്ലാത്തിനും അടിസ്ഥാനമായി ഒരു കാരണമുണ്ടാവും

കാരണവർ kaaraNavaR *(nn),* head of a family; കാരണവർ കുടുംബം ഭരിക്കുന്നു

കാരറ്റ് kaaraRRə *(nn),* carrot; കാരറ്റ് നല്ല പച്ചക്കറിയാണ്

കാരാഗൃഹം kaaragruhaM *(nn),* jail; കാരാഗൃഹങ്ങൾ തുറക്കപ്പെടുന്നു

കാർക്കശ്യം kaaRkkaSyaM *(nn),* harshness; അയാളുടെ കാർക്കശ്യം ആർക്കും ഇഷ്ടപ്പെട്ടില്ല

കാർക്കിക്ക് kaaRkkikkə *(vb),* eject phlegm from the throat; അയാൾ കാർക്കിച്ചു തുപ്പി

കാർട്ടൂൺ kaaRTTuuN *(nn),* cartoon; അവൻ ഒരു കാർട്ടൂൺ വരയ്ക്കുന്നു

കാർഡ് kaaRDə *(nn),* card; ഞാൻ കാർഡിൽ എഴുതുന്നു

കാർത്തിക kaaRttika *(nn),* eight lunar month in Hindu calendar; കാർത്തിക മാസത്തിൽ ദീപം തെളിച്ചു

കാർബൺ kaaRbaN *(nn),* carbon; അന്തരീക്ഷത്തിൽ കാർബണിന്റെ അളവ് കൂടി വരുന്നു

കാർമേഘം kaaRmeeghaM *(nn,comp),* black cloud; കാർമേഘം നിറഞ്ഞ ആകാശത്തേക്ക് അവർ നോക്കി

കാർമ്മികൻ kaaRmmikan *(nn),* worker; അയാൾ ഒരു കാർമ്മികനാണ്

കാര്യം kaaryaM *(nn),* fact; ഞാൻ ഒരു കാര്യം പറഞ്ഞു

കാര്യം kaaryaM *(nn),* work; ഞാൻ ഒരു കാര്യം ചെയ്തു

കാര്യം kaaryaM *(nn),* action; കാര്യമില്ലാത്ത കാര്യം ചെയ്യരുത്

കാര്യക്ഷമത kaaryak$amata *(nn),* efficiency; അയാളുടെ കാര്യക്ഷമത ആരും ചോദ്യം ചെയ്തില്ല

കാര്യഗൗരവം kaaryagauravaM *(nn,comp),* insightful; അയാൾ

കാര്യഗൌരവമുള്ള കാര്യങ്ങളേ ചോദിക്കാറുള്ളൂ

കാര്യദർശി kaaryadaRSi *(nn,comp),* secretary; അയാൾ ആയിരുന്നു അതിന്റെ കാര്യദർശി

കാര്യപരിപാടി kaaryaparipaaTi *(nn),* programme; കാര്യപരിപാടിയിലെ അടുത്തയിനം നാടകമാണ്

കാര്യമാക്ക് kaaryamaakkə *(comp vb),* take seriously; അയാൾ പറഞ്ഞതൊന്നും ആരും കാര്യമാക്കിയില്ല

കാര്യലാഭം kaaryalaabhaM *(nn,comp),* purpose; കാര്യ ലാഭത്തിനുവേണ്ടി മാത്രം മനുഷ്യൻ മറ്റുള്ളവരെ സഹായിക്കുന്നു

കാര്യസാദ്ധ്യം kaaryasaaddhyaM *(nn,comp),* success; കാര്യ സാദ്ധ്യത്തിന് കഴുതക്കാലും പിടിക്കാം.

കാര്യസ്ഥൻ kaaryasthan *(nn),* manager; അയാൾ കാര്യസ്ഥനോട് ദേഷ്യപ്പെട്ടു

കാര്യാലയം kaaryaalayaM *(nn,comp),* office; അയാൾ കാര്യാലയത്തിലേക്ക് പുറപ്പെട്ടു

കാർവർണ്ണൻ kaaRvaRNNan *(nn,comp),* Lord Krishna; കാർവർണ്ണന്റെ നിറം കറുപ്പാണ്

കാർ kaaR *(adj, pfx),* black; അവളുടെ കാർവേണി തലോടി

കാർ kaaR *(nn),* cloud; മാനത്ത് കാറുണ്ട്

കാർ kaaR *(nn),* car; അയാൾ ഒരു കാർ വാങ്ങി

കാലം kaalaM *(nn),* time; ഈ കാലത്ത് ഇങ്ങനെയും മനുഷ്യരുണ്ടോ?

കാലം kaalaM *(nn),* season; ഇത് വസന്തകാലമാണ്

കാലം kaalaM *(nn),* death; അയാൾ കാലം ചെയ്തു

കാലം കഴിയ് kaklaMkaZiyə *(comp vb),* die; അയാളുടെ കാലം കഴിഞ്ഞു

കാലക്കേട് kaalakkeeTə *(nn,comp),* misfortune; അവന്റെ കാലക്കേട് എന്നു പറഞ്ഞാൽ മതിയല്ലോ

കാലക്ഷേപം kaalak$eepaM *(nn),* livelihood; അവർ കൂട ഉണ്ടാക്കി കാലക്ഷേപം കഴിക്കുന്നു

കാലഗതി kaalagati *(nn,comp),* course of time; കാലഗതിയിൽ എല്ലാം മായ്ക്കപ്പെട്ടു

കാലചക്രം kaalacakRaM *(nn,comp),* wheel of time; കാലചക്രം ഉരുളുന്നു

കാലടി kaalaTi *(nn,comp),* imprint of the foot; രാമന്റെ കാലടികളെ ലക്ഷ്മണൻ പിന്തുടർന്നു

കാലടി kaalaTi *(nn)*, inside of the foot; കാലടിയിൽ ഒരു മുള്ളു തറച്ചു

കാലടി kaalaTi *(nn)*, foot step; പുറത്ത് ആരുടേയോ കാലടി കേൾക്കുന്നു

കാലൻ kaalan *(nn)*, lord yama; കാലൻ കയറുമായി വരുന്നു

കാലപുരി kaalapuri *(nn,comp)*, Yama's place; ദുര്യോധനനെ കാലപുരിയ്ക്കയച്ചു

കാലയവനിക kaalayavanika *(nn,comp)*, death; അങ്ങനെ അവരും കാലയവനികയിൽ മറഞ്ഞു

കാലാനുക്രമം kaalaanukRamaM *(nn,comp)*, chronological order; രാഷ്ട്രപതിമാരുടെ കാലാനുക്രമമായ പട്ടിക തരൂ

കാലാന്തരം kaalaantaraM *(nn,comp)*, another time; കാലാന്തരത്തിൽ ആരും ഇവിടെയുണ്ടാവില്ല

കാലാവധി kaalaavadhi *(nn,comp)*, term; കാലാവധി കഴിഞ്ഞ് ഗവർണ്ണർ തിരിച്ചു പോയി

കാലാവസ്ഥ kaalaavastha *(nn)*, weather; ഇപ്പോഴത്തെ കാലാവസ്ഥ സുഖമുള്ളതല്ല

കാലാൾ kaalaaL *(nn)*, foot soldier; അയാൾ ഒരു കാലാളിനെ നീക്കി

കാലുകുത്ത് kaalukuttə *(vi)*, tread; നീൽആംസ്ട്രോംഗ് ആദ്യമായി ചന്ദ്രനിൽ കാലുകുത്തി

കാലുപിടിക്ക് kaalupiTikkə *(comp vb)*, request humbly; അയാൾ ജന്മിയുടെ കാലു പിടിച്ചു

കാലുപിടിക്ക് kaalupiTikkə *(comp vb)*, prostrate before a superior; അവൻ ആരുടേയും കാലു പിടിക്കാറില്ല

കാലുഷ്യം kaalu$yaM *(nn)*, wickedness; അയാളുടെ കാലുഷ്യം നിറഞ്ഞ മുഖം നിന്ദ്യമായിരുന്നു

കാലുറ kaaluRa *(nn,comp)*, socks; അയാൾ കാലുറ ധരിക്കുന്നു

കാലുറപ്പിക്ക് kaluRappikkə *(vb)*, have a firm foot hold; അവർ ഇവിടെ കാലുറപ്പിക്കുന്നു

കാല് kaalə *(nn)*, leg; അയാളുടെ കാൽ ഉളുക്കി

കാൽകഴക്ക് kaalkuZakkə *(comp vb)*, spasmic pain in the leg; കുട്ടിക്ക് കാൽകഴയ്ക്കുന്നു

കാൽച്ചട്ട kalccaTTa *(nn)*, trousers; അവന്റെ കാൽച്ചട്ട കാണാൻ നന്നായിട്ടുണ്ട്

കാൽച്ചിലമ്പ് kaalccilambə *(nn,comp)*, anklet; അവൾ കാൽച്ചിലമ്പ് അഴിക്കുന്നു

കാൽതെറ്റ് kaalteRRə *(comp vb)*, slip; അവന്റെ കാൽ തെറ്റി

കൽപ്പനിക kaalppanika *(adj)*, imaginary; കാൽപ്പനികമായ ഒരു സ്വപ്നമാണിത്

കാൽപ്പനികകഥ kaalppanikakatha *(nn,comp),* romantic story; ഒരു കാല്പനിക കഥയാണ് ഇത്

കാൽപ്പനികയുഗം kaalppanikayugaM *(nn,comp),* romantic age; കാൽപ്പനികയുഗത്തിൽ കുറേ കവികളുണ്ടായി

കാൽപിണയ്ക്ക് kaalpiNyəkkə *(comp vb),* cross the legs; അവൻ കസേരയിൽ കാൽപിണച്ച് ഇരുന്നു

കാൽപ്പെരുമാറ്റം KaalpperumaaRRaM *(nn,comp),* the noise of the foot steps; പുറത്ത് ആരുടെയോ കാൽപ്പെരുമാറ്റം കേൾക്കുന്നു

കാൽഭാഗം kalbhaagaM *(nn),* quarter; സ്ഥലത്തിന്റെ കാൽഭാഗം വീതം മക്കൾ ഓരോരുത്തരും എടുത്തു

കാല്മാറ് kaalmaaRə *(vb, comp),* shift one`s ideology; രാഷ്ട്രീയക്കാരൻ കാലു മാറുന്നു

കാൽമുട്ട് kalmuTTə *(nn),* knee; കാൽമുട്ടുകൾ നിലത്തു കുത്തിനിർത്തി

കാൽവണ്ണ kaalvaNNa *(nn,comp),* muscle of the leg; കാൽവണ്ണയിൽ വല്ലാതെ വേദനിക്കുന്നു

കാൽവയ്ക്ക് kaalvayəkkə *(comp vb),* stamp; അയാൾ ഈ മണ്ണിൽ കാൽവയ്ക്കും

കാൽവഴുത് kaalvaZutə *(comp vb),* slip; അവന്റെ കാൽ വഴുതി

കാൽഇടറ് kaaliTaRə *(comp vb),* slip; അവൻ കാൽ ഇടറി വീണു

കാവടി kaavaTi *(nn),* decorated arch like structure used to carry offerings to Lord Subramanya; ക്ഷേത്രത്തിനു മുന്നിൽ കാവടിയാടുന്നു

കാവൽ kaaval *(nn),* watch; പോലീസുകാരൻ ജഡത്തിനു കാവൽ നിന്നു

കാവൽക്കാരൻ kaavalkkaaran *(nn),* guard; മന്ത്രിയുടെ വസതിക്കു മുന്നിൽ കാവൽക്കാരൻ നിൽക്കുന്നു

കാവി kaavi *(nn),* saffron; കാവി പരിത്യാഗത്തിന്റെ നിറമാണ്

കാവിവസ്ത്രം kaavivasətRaM *(nn,comp),* garment of an ascetic dyed with ochre; സന്യാസി കാവിവസ്ത്രം ധരിച്ചിരുന്നു

കാവ് kaavə *(nn),* temple of kali; കാവിൽ ഉത്സവം കൊണ്ടാടുന്നു

കാവ്യ kaavya *(adj),* pertaining to poem; കാവ്യസൌന്ദര്യമുള്ള കവിതയാണ് അത്

കാവ്യം kaavyaM *(nn),* poem; കാവ്യം എഴുതുന്നയാൾ കവി

കാവ്യരചന kaavyaracana *(nn,comp),* writing of poetry; കവി കാവ്യ രചനയിൽ വ്യാപൃതനായി

കാശി kaaSi *(nn),* place of pilgrimage; അച്ഛൻ കാശിക്കു പോയി

കാശിനുകൊള്ളാത്ത kaasinəkoLLaatta *(adj),* useless; കാശിനു കൊള്ളാത്ത ഒരു സിനിമയാണത്

കാശ് KaaSə *(nn),* small coin (old); അയാൾ കാശ് വലിച്ചെറിഞ്ഞു

കാഷായം kaa$aayaM *(nn),* ochre coloured clothes worn by sanyasins; അയാൾ കാഷായം ധരിച്ചു

കാഷ്ഠിക്ക് kaa$əThikkə *(vi),* excrete; കാക്കകൾ പ്രതിമയുടെ മേൽ കാഷ്ഠിച്ചു

കാസ kaasa *(nn),* nice cup; കാസയിൽ വീഞ്ഞു നിറച്ചു

കാസം kaasaM *(nn),* cough; അയാൾക്ക് കഠിനമായ കാസമായിരുന്നു

കാഹളം kaahaLaM *(nn),* trumpet; പടയാളികൾ കാഹളം മുഴക്കി

കാള kaaLa *(nn),* bull; കാള വണ്ടി വലിക്കുന്നു

കാളം kaaLaM *(nn),* pipe; അയാൾ കാളം വിളിച്ചു

കാളം kaaLaM *(nn),* black colour; കാളത്തിന്റെ നിറമുള്ള കഴുത്തോടുകൂടിയവൻ കാളകണ്ഠൻ

കാളകണ്ഠൻ kaaLakaNəThan *(nn,comp),* Siva; കാളകണ്ഠന്റെ കഴുത്തിൽ കറുപ്പുനിറമാണ്

കാളകളി kaaLkaLi *(nn,comp),* idling; അയാൾ കാളകളി കളിക്കുന്നു

കാളകൂടം kaaLakuuTaM *(nn,comp),* deadly poison; ശിവൻ കാളകൂടം കുടിച്ചു

കാളക്കിടാവ് kaaLakkiTaavə *(nn,comp),* calf bull; കാളക്കിടാവ് ഓടി നടന്നു

കാളരാത്രി kaaLaraatRi *(nn,comp),* fearful night; ഇന്നലെ ഒരു കാളരാത്രിയായിരുന്നു

കാളവണ്ടി kaaLavaNTi *(nn,comp),* bullock- cart; രാമൻ കാളവണ്ടി ഓടിക്കുന്നു

കാളി kaaLi *(nn),* durga; കാളിയുടെ അനുഗ്രഹം വാങ്ങി

കാളി kaaLi *(nn),* type of plantain tree; കണ്ണൻ ചുവട്ടിൽ കാളിയുണ്ടാകുമോ

കാളിമ kaaLima *(nn),* black colour; മുഖത്ത് വല്ലാത്തൊരു കാളിമ പരന്നു

കാള് kaaLə *(vi),* burn brightly; മണ്ണെണ്ണ ശക്തമായി കാളി

കാൾ kaaL *(in),* than; അതിനേക്കാൾ വലിയ സംഭവമായിരുന്നു ഇത്

കാഴ്ച kaaZəccann *(nn),* sight; അവിടെ പല കാഴ്ച കളും കണ്ടു

കാഴ്ചക്കാരൻ kaaZəccakkaran *(nn),* viewer; കാഴ്ചക്കാരൻ കാഴ്ചകൾ കണ്ടുനിന്നു

കാഴ്ചദ്രവ്യം kaaZəccadRavyaM *(nn,comp),* gift; രാജാവിന് കാഴ്ച ദ്രവ്യം സമ്മാനിച്ചു

കാഴ്ചബംഗ്ലാവ് kaaZəccabaMglaavə *(nn,comp),* museum; കാഴ്ചബംഗ്ലാവിൽ കുട്ടികൾ വന്നു

കാറ്റാടി kaaRRaaTi *(nn,comp),* wind mill; കാറ്റാടി കാറ്റിലാടി

കാറ്റാടി kaaRRaaTi *(nn,comp),* casuarina tree; കാറ്റാടി മരം ശീൽക്കാരം പുറപ്പെടുവിച്ചു

കാറ്റുകൊള്ളു kaaRRukoLLə *(comp vb),* get fresh air; അവർ കാറ്റു കൊള്ളാൻ ഇറങ്ങി

കാറ്റുവീഴ്ച kaaRRuviiZəcca *(nn,comp),* disease of the coconut tree; തെങ്ങിന് കാറ്റുവീഴ്ച ബാധിച്ചു

കാറ്റ് kaaRRə *(nn),* wind; കാറ്റു വന്നു കള്ളനെപ്പോലെ

കാറ്റ് kaaRRə *(nn),* wind; കാറ്റ് അടിച്ചപ്പോൾ പൂക്കൾ കൊഴിഞ്ഞു

കിംവദന്തി kiMvadanti *(nn),* rumour; പ്രധാനമന്ത്രി കൊല്ലപ്പെട്ടെന്ന് നാട്ടിൽ കിംവദന്തി പ്രചരിച്ചു

കിക്കിളി kikkiLi *(nn),* tickling; അവൻ കുട്ടിയെ കിക്കിളിയാക്കി

കിക്കിളിപ്പെടുത്ത് kikkiLippeTuttə *(vb),* titillating; കിക്കിളിപ്പെടുത്തുന്ന സിനിമകൾ ജനങ്ങളെ വഴിതെറ്റിക്കുന്നു

കിങ്കരൻ kiṇkaran *(nn),* servant; രാജാവിന്റെ കിങ്കരന്മാർ വന്നു

കിങ്ങിണി kiṇṇiNi *(nn),* little bells; കുട്ടിയുടെ കാലിൽ ഒരു കിങ്ങിണി കെട്ടി

കിച്ചടി kiccaTi *(nn),* kind of side dish; അമ്മ കിച്ചടി ഉണ്ടാക്കി

കിട kiTa *(nn),* equal; അതിന് കിട നിൽക്കുന്ന ഒന്നുമില്ല

കിടക്ക kiTakka *(nn),* bed; അവൾ കിടക്കയിൽ കിടന്നു

കിടപ്പാടം kiTappaaTaM *(nn),* dwelling; അയാൾ കിടപ്പാടം വിറ്റ് നാടുകടന്നു

കിടക്ക് kiTakkə *(vi),* lie down; അച്ഛൻ കട്ടിലിൽ കിടക്കുന്നു

കിടങ്ങ് kiTaṇṇə *(nn),* trench; അയാൾ കിടങ്ങ് ചാടിക്കടന്നു

കിടന്നുരുൾ kiTannuruLə *(vi),* toss; വേദനകൊണ്ട് അയാൾ കിടന്നുരുളുന്നു

കിടപിടിക്ക് kiTapiTikkə *(vb, comp),* become equal; എല്ലാറ്റിനോടും കിടപിടിക്കുന്ന ഒരു കെട്ടിടമായിരുന്നു അത്

കിടയറ്റ kiTayaRRa *(adj),* matchless; കിടയറ്റ സ്നേഹത്തിന്റെ പ്രതീകമായിരുന്നു അവൻ

കിടയ് kiTayə *(vi),* quarrel; അവർ തമ്മിൽ കിടയുന്നു

കിടാത്താൻ kiTattaan *(nn),* small boy; ഒരു കിടാത്താൻ വെള്ളം കോരിക്കുടിക്കുന്നു

കിടാവ് kiTaavə *(nn),* young cattle; പശുവിന്റെ കിടാവ് ഓടി നടക്കുന്നു

കിടിലം kiTilaM *(nn),* tremor; ഒരു കിടിലം സിനിമയായിരുന്നു അത്

കിടുകിടുക്ക് kiTukiTukkə *(comp vb),* tremble; അകത്ത് ചില പാത്രങ്ങൾ കിടുകിടുക്കുന്നു

കിടുങ്ങ് kiTuŋŋə *(vi),* make a sound by knocking vessels together; അകത്ത് പാത്രങ്ങൾ കിടുങ്ങുന്നു

കിട്ടാക്കുറ്റി kiTTaakkuRRi *(nn,comp),* irrecoverable debt; ആ പണം കിട്ടാക്കുറ്റിയാണത്രേ

കിട്ട് kiTTə *(vt),* obtain; എനിക്ക് ഒരു പുസ്തകം കിട്ടി

കിണയ് kiNyə *(vt),* quarrel; അവർ തമ്മിൽ എപ്പോഴും കിണയുന്നു

കിണർ kiNaR *(nn),* well; അമ്മ കിണറ്റിൽ നിന്ന് വെള്ളം കോരി

കിണുങ്ങ് kiNuŋŋə *(vi),* uttering the rough nose; കുട്ടി നിന്നു കിണുങ്ങുന്നു

കിണ്ടംപിണയ് kiNTaMpiNayə *(comp vb),* be in trouble; കിണ്ടം പിണഞ്ഞു എന്നു പറഞ്ഞാൽ മതിയല്ലോ

കിണ്ടി kiNTi *(nn),* goblet; അമ്മ കിണ്ടിയിൽ വെള്ളം കൊണ്ടു വന്നു

കിണ്ണം kiNNaM *(nn),* metal plate; ഒരു കിണ്ണത്തിൽ കഞ്ഞി കോരി കുടിച്ചു

കിണ്ണാണം kiNNaaNaM *(nn),* asking again & again; അവൻ കിണ്ണാണം പറയാൻ നിന്നില്ല

കിണ്വനം kiNvanaM *(nn),* fermentation; മുന്തിരിച്ചാറിൽ കിണ്വനം നടന്നു

കിതയ്ക്ക് kitayəkkə *(vi),* pant; കുട്ടി ഓടി കിതച്ചു വന്നു

കിതാബ് kitaabə *(nn),* book; അയാൾ കിതാബ് തുറന്നു നോക്കാറില്ല

കിനാവള്ളി kinaavaLLi *(nn),* octopus; ഒരു കിനാവള്ളി പിടിച്ചതു പോലെയായി ഇത്

കിനാവ് kinaavə *(nn),* dream; അവൾ ഒരു കിനാവുകണ്ടു

കിനിയ് kiniyə *(vi),* dissolve; പൂക്കളിൽ മഞ്ഞു കിനിയുന്നു

കിന്നരൻ kinnaran *(nn),* semi-god heavenly musician; ഒരു കിന്നരൻ പാടുന്നു.

കിരാതൻ kiraatan *(nn),* jungle dweller; കിരാതന്റെ കൈയ്യിൽ അവൾ അകപ്പെട്ടു

കിരീടം kiriiTaM *(nn),* crown; രാജാവ് കിരീടം വച്ചിരുന്നു

കിരുകിരുക്ക് kirukirukkə *(vi)*, rustle; തലയിൽ എന്തോ ഒരു കിരുകിരുപ്പുപോലെ തോന്നുന്നു

കിലുകില kilukila *(nn)*, merry noise; ആ കുട്ടികൾ കിലുകില ശബ്ദത്തിൽ സംസാരിക്കുന്നു

കിലുകിലുക്കം kilukilukkam *(nn)*, tinkling merry noise; പാദസരങ്ങളുടെ കിലുകിലുക്കം കേൾക്കുന്നു

കിലുക്ക് kilukkə *(vt)*, rattle; കുട്ടി മണി കിലുക്കി

കിസ്മിസ്സ് kisəmissə *(nn)*, dried grape; അമ്മ കിസ്മിസ്സ് വാങ്ങി

കിള kiLa *(nn)*, digging; അയാളുടെ കിള ശരിയല്ല

കിളയ്ക്ക് kiLykkə *(vt)*, digging work with spade; കൃഷിക്കാരൻ മണ്ണു കിളയ്ക്കുന്നു

കിളരം kiLaraM *(nn)*, height; അവൾക്ക് നല്ല കിളരമുണ്ടായിരുന്നു

കിളി kiLi *(nn)*, bird; കിളി ഒരു നെന്മണി കൊത്തിപ്പറന്നു

കിളിക്കൂട് kiLikkuuTə *(nn,comp)*, nest; കിളി കിളിക്കൂടു കെട്ടി

കിളിവാതിൽ kiLivaatil *(nn,comp)*, window; അയാൾ കിളിവാതിലിലൂടെ എത്തിനോക്കി

കിളുകിളുപ്പ് kiLukiLuppə *(nn)*, viscous; പശയുടെ കിളുകിളുപ്പു കാരണം പലതും ഒട്ടിപ്പിടിക്കുന്നു

കിളിർക്ക് kiLiRkkə *(vi)*, sprout; ചെടിയിൽ മൊട്ടും കിളുർത്തു

കിള്ള് kiLLə *(nn)*, pinch; കുട്ടി കൂട്ടുകാരിയെ കിള്ളി

കിഴക്കൻ kiZakkan *(adj)*, eastern; കിഴക്കൻ മലകളിൽ കോട മഞ്ഞാണ് ഇപ്പോൾ

കിഴക്ക് kiZakkə *(nn)*, east; സൂര്യൻ കിഴക്കുദിക്കുന്നു

കിഴങ്ങ് kiZaŋŋə *(nn)*, tuber; അയാൾ ചില കിഴങ്ങുകൾ പറിച്ചു

കിഴവൻ kiZavan *(nn)*, old man; ആ കിഴവൻ അതു വഴി പോയി

കിഴി kiZi *(nn)*, rice money etc tied up in a piece of cloth; അയാൾ ഒരു കിഴിയിൽ പണം സൂക്ഷിച്ചിരുന്നു

കിഴിക്ക് kiZikkə *(vt)*, subtract; പത്തിൽ നിന്ന് രണ്ടു കിഴിച്ചാൽ ബാക്കി എത്ര?

കിഴിത്ത kiZitta *(nn)*, small hole; ഒരു കിഴിത്തയിലൂടെ പണം ഇട്ടു

കിഴിയ് kiZiyə *(vi)*, have a hole; പണക്കിഴി കിഴിഞ്ഞു

കിഴിവ് kiZivə *(nn)*, discount; വസ്ത്രങ്ങൾക്ക് ഇരുപത്തഞ്ച് ശതമാനം കിഴിവ് ഗവൺമെന്റു പ്രഖ്യാപിച്ചു

കിഴുക്ക് kiZukkə *(vt),* knock on the head; കുട്ടിയുടെ തലയിൽ ആരോ കിഴുക്കി

കിഴുക്കാംതൂക്കം kiZukkaaMtuukkaM *(nn,comp),* topsyturvy; അയാൾ കിഴുക്കാം തൂക്കത്തിൽ കിടന്നു

കിറുകിറുക്ക് kiRukiRukkə *(vi),* creak; വണ്ടി കിറുകിറുക്കുന്നു

കിറുക്ക് kiRukkə *(nn),* lunacy; അയാൾക്ക് കിറുക്കാണത്രേ

കിറുക്കൻ kiRukkə *(nn),* madness; അവൻ കിറുക്കനാണെന്ന് എല്ലാവരും പറയുന്നു

കിറുക്കി എഴുത് kiRukki eZutə *(vb comp),* scribble; അയാൾ എന്തോ കിറുക്കി എഴുതുന്നു

കിടം kiiTaM *(nn),* worm; ഒരു ചെറിയ കീടത്തിനുപോലും ജീവിക്കാനുള്ള അവകാശമുണ്ട് .

കിരി kiiri *(nn),* mangoose; കിരി പാമ്പിനെ കടിച്ചു കീറി

കിർത്തനം kiiRttanaM *(nn),* singing in loud tune in praise of God; അമ്മ കിർത്തനങ്ങൾ ആലപിച്ചു

കിർത്തി kiiRtti *(nn),* fame; അയാൾ കിർത്തി ആഗ്രഹിക്കുന്നില്ല

കിർത്തികേട്ട kiiRttikeeTTa *(adj),* famous; അമ്പലങ്ങൾക്കു കിർത്തികേട്ട സ്ഥലമാണ് കാഞ്ചീപുരം

കിൽ kiil *(nn),* tar; റോഡിൽ കിൽ ഇട്ടു

കിഴ്കാത് kiiZkaatə *(nn),* ear lobe; അവന്റെ കിഴ്കാത് വല്ലാതെ വേദനിച്ചു

കിശ (പോക്കറ്റ്) kiiSa (pooKKaRRə) *(nn),* pocket; എന്റെ കിശയിൽ പണമില്ല

കിഴടങ്ങ് kiiZaTaŋŋə *(nn),* surrender; രാജാവ് ഒടുവിൽ ശത്രുക്കൾക്ക് കീഴടങ്ങി

കിഴോട്ട് kiiZooTTə *(adv),* downwards; അയാൾ എപ്പോഴും കീഴോട്ടു നോക്കി ഇരിക്കുന്നു

കിഴ് kiiZə *(adv),* below; അലമാരിയുടെ കിഴ്ത്തട്ടിലുള്ള വലിപ്പിൽ പുസ്തകം ഉണ്ട്

കിഴ്ചുണ്ട് kiiZəcuNTə *(nn,comp),* lower lip; കിഴ്ചുണ്ടിൽ മുറിവുപറ്റി

കിഴ്വഴക്കം kiiZvazakkaM *(nn,comp),* traditional practice; ചിലർ കിഴ്വഴക്കം പാലിക്കുന്നു

കിഴ്മേൽ kiiZmeel *(adj),* topsy turvy; കുട്ടി കിഴ്മേൽ മറിഞ്ഞു വീണു

കിറൽ kiiRal *(nn),* tearing; പുസ്തകത്തിന്റെ കിറൽ ഒട്ടിച്ചുവച്ചു

കിറ് kiiRə *(vb),* tear; ആ പത്രം കിറരുത്

കീറ്റ് kiiRRə *(nn,adj)*, piece; ഒരു കീറ്റ് വസ്ത്രം അയാൾ ഉടുത്തിരുന്നു

കുംഭം kumbhaM *(nn)*, malayalam month; കുംഭത്തിൽ വിതച്ച് എടവത്തിൽ കൊയ്തു

കുംഭം kumbhaM *(nn)*, pot; കുംഭത്തിൽ വെള്ളം നിറച്ചു.

കുക്കൂൺ kukkuuN *(nn)*, cocoon; കുക്കൂൺ ചിത്രശലഭങ്ങളുടെ സമാധിദശയാണ്

കുക്ഷി kuk$i *(nn)*, abdomen; അയാൾ കുക്ഷിയിൽ പലതും നിറച്ചു

കുഗ്രാമം kugramaM *(nn)*, country side; ഒരു കുഗ്രാമത്തിലാണ് അവൻ ജനിച്ചത്

കുങ്കുമം kuŋkumaM *(nn)*, saffron; അവൾ കുങ്കുമം അണിഞ്ഞു

കുച്ചരിപ്പല്ല് kuccarippallə *(nn,comp)*, very small tooth; കുഞ്ഞിന്റെ കുച്ചരിപ്പല്ലുകൾ മനോഹരമാണ്

കുഞ്ചലം ku~calaM *(nn)*, tassels for the hair; അവൾ മുടിയിൽ കുഞ്ചലം അണിഞ്ഞു

കുഞ്ചി ku~ci *(nn)*, nape of neck; കുതിരയുടെ കുഞ്ചിയിൽ രോമമുണ്ട്

കുഞ്ചിരോമം ku~ciroomaM *(nn)*, mane; കുതിരയുടെ കുഞ്ചിരോമങ്ങൾ നഷ്ടപ്പെട്ടു

കുഞ്ജം ku~cjaM *(nn)*, bower; അവൾ മരത്തിന്റെ കുഞ്ജത്തിൽ ഇരുന്നു

കുഞ്ഞുക്കിളി ku~~ukkiLi *(nn)*, honey bird; കുഞ്ഞുക്കിളി ജനാലയിൽ വന്നിരുന്നു

കുഞ്ഞ് ku~~ə *(nn)*, infant; കാക്കയ്ക്കും തൻകുഞ്ഞ് പൊൻകുഞ്ഞ്

കുഞ്ഞ് ku~~ə *(nn)*, baby; അവൾ കുഞ്ഞിനെ താരാട്ടുപാടി ഉറക്കി

കുട kuTa *(nn)*, umbrella; മഴയത്ത് കുട പിടിച്ചു നടക്കുന്നു

കുടം kuTaM *(nn)*, pot; കുടത്തിൽ വെള്ളം കൊണ്ടു വന്നു

കുടമുല്ല kuTamulla *(nn)*, jasmine flower (jasminum sambac); കുടമുല്ല പൂവിന് എന്തൊരു ചന്തം

കുടയ് kuTayə *(vt)*, shake; കുരങ്ങൻ ശരീരം കുടയുന്നു

കുടല kuTala *(nn)*, prostitute; അവൾ ഒരു കുടലയാണത്രേ

കുടൽ kuTal *(nn)*, intestine; അവന്റെ കുടലിൽ വ്രണം വന്നു

കുടവയർ kuTavayaR *(nn)*, pot belly; അയാൾ കുടവയർ കുലുക്കി നടന്നു

കുടി kuTi *(nn)*, hut; അയാൾ കുടിയിലേക്ക് മടങ്ങിപ്പോയി

കുടികിടപ്പ് kuTikiTappə *(nn),* tenancy; അയാളുടെ കുടികിടപ്പ് അവസാനിപ്പിച്ചു

കുടിക്കാൻ kuTikkaan *(nn),* for drinking; വല്ലാതെ ദാഹിക്കുന്നു, കുടിക്കാൻ എന്തെങ്കിലും വേണം

കുടിക്ക് kuTikkə *(vi),* drink; അയാൾ എപ്പോഴും വെള്ളം കുടിക്കുന്നു

കുടിക്ക് kuTikkə *(vi),* consume alcohol; അയാൾ ഇന്നലെയും കുടിച്ചു വന്നു

കുടിനീർ kuTiniiR *(nn,comp),* drinking water; കുടിനീരിന് ഇവിടെ വലിയ ക്ഷാമമാണ്

കുടിപ്പക kuTippaka *(nn,comp),* heriditary enemity; അവരുടെ കുടിപ്പക ഇതുവരെയും തീർന്നിട്ടില്ല

കുടിയായ്മ kuTiyayma *(nn),* tenantship; കുടിയായ്മ പ്രശ്നത്തിൽ നാട്ടുകാർ കുടിയിറക്കി

കുടികിടപ്പുകാരൻ kuTikiTappukaaran *(nn),* tenant; അവനാണ് എന്റെ പുതിയ കുടികിടപ്പുകാരൻ

കുടിയേറ് kuTiyeeRə *(vi),* migrate; ആരൊക്കെയോ അവിടെ കുടിയേറി

കുടില kuTila *(adj),* crooked; അയാൾ ഒരു കുടില ബുദ്ധിയുള്ളവനായിരുന്നു

കുടിൽ kuTil *(nn),* hut; ഒരു കൊച്ചു കുടിലിലാണ് അവൻ താമസിക്കുന്നത്

കുടിവയ്ക്ക് kuTivaykkə *(vt),* start life in a house with wife; അയാൾ അടുത്ത് ഒരു വീടെടുത്തു കുടിവച്ചു

കുടിവഴക്ക് kuTivaZakkə *(nn,comp),* family conflict; ഈ കുടിവഴക്ക് എന്ന് അവസാനിക്കും?

കുടിശ്ശിക kuTiSSika *(nn),* arrears; എനിക്ക് കിട്ടാനുള്ള കുടിശ്ശിക കിട്ടിയില്ല

കുടുസ്സായ kuTussaaya *(adj),* narrow; ഒരു കുടുസ്സായ ഇട നാഴിയാണ് ഇത്

കുടുംബം kuTumbaM *(nn),* family; ഞങ്ങളുടെ കുടുംബം അവിടെ നിന്നു താമസം മാറി

കുടുംബിനി kuTumbini *(nn),* house holder; അവൾ ഒരു കുംടുംബിനിയായിരുന്നു

കുടുകുടുക്ക് kuTukuTukkə *(nn),* make a rattling sound; അകത്ത് എന്തോ ഒരു കുടുകുടുപ്പു കേൾക്കുന്നു

കുടുക്ക kuTukka *(nn),* small vessel; അയാൾ കുടുക്കയിൽ പണം നിക്ഷേപിച്ചു

കുടുക്കം kuTukkaM *(nn),* rumbling; ആ പാത്രത്തിന്റെ കുടുക്കം നിന്നു

കുടുക്ക് kuTukkə *(nn)*, trap; അയാൾ എലിയെ പിടിക്കാൻ കുടുക്കു വച്ചു

കുടുക്ക് kuTukkə *(vt)*, entangle; പുലിയെ വലയിൽ കുടുക്കി

കുടുങ്ങ് kuTuŋŋə *(vi)*, get entrapped; എലി വലയിൽ കുടുങ്ങി

കുടുമ kuTuma *(nn)*, tuft of hair; സുബ്രഹ്മണ്യന് കുടുമയുണ്ടായിരുന്നു

കുടുസ്സ് kuTussə *(adj)*, narrow; കുടുസ്സായ ഒരു വഴിയിലൂടെ ഞങ്ങൾ നടന്നു

കുട്ട kuTTa *(nn)*, basket; അയാൾ കുട്ടയിൽ കുറേ പൂക്കൾ കൊണ്ടു വന്നു

കുട്ടകം kuTTakaM, kuTTakaM *(nn)*, cauldron; ഞാൻ ഒരു കുട്ടകം നിറയെ നെല്ലു നിറച്ചു

കുട്ടി kuTTi *(nn)*, child; കുട്ടി പൊട്ടിക്കരഞ്ഞു

കുട്ടിക്കാലം kuTTikkaalaM *(nn)*, child hood; കുട്ടിക്കാലം എത്ര സുന്ദരമായിരുന്നു

കുട്ടിത്തം kuTTittaM *(nn)*, childishness; കുട്ടിത്തം വിട്ടുമാറാത്ത സ്വഭാവമാണവന്റേത്

കുണുക്കം kuNukkaM *(nn)*, wagging; മീനിന്റെ കുണുക്കം കാണാൻ നല്ല രസമായിരുന്നു

കുണുക്ക് kuNukkə *(nn)*, ear ring worn by christain women; വല്യമ്മ കുണുക്ക് അണിഞ്ഞിട്ടുണ്ടായിരുന്നു

കുണുങ്ങ് kuNuŋŋə *(vi)*, way; അവൾ കുണുങ്ങി കുണുങ്ങി നടന്നു

കുണ്ടി kuNTi *(nn)*, buttock; അവന്റെ കുണ്ടിയിൽ വേദനിക്കുന്നു

കുണ്ട് kuNTə *(nn)*, pit; അവൻ ഒരു കുണ്ടിൽ വീണു

കുണ്ഠിതം kuNThitaM *(nn)*, sadness; അവന്റെ മുഖത്തു കുണ്ഠിത മുണ്ടായിരുന്നു

കുണ്ഡലം kuNDalaM *(nn)*, ear-ring; കർണ്ണൻ കുണ്ഡലം ഊരി നൽകി

കുത kuta *(nn)*, notch cut in trees; അയാൾ മരത്തിൽ കുത വെട്ടിയുണ്ടാക്കി

കുതറ് kutaRə *(vi)*, shake off; അവൾ അയാളുടെ പിടിയിൽ നിന്ന് കുതറി മാറി

കുതറൽ kutaRal *(nn)*, shaking off; അവളുടെ കുതറൽ ശക്തമായിരുന്നു

കുതി kuti *(nn)*, leap; ഒറ്റ കുതിക്ക് അയാൾ അവിടെ എത്തി ചേർന്നു

കുതികാൽ kutikaal *(comp n)*, heel; അയാൾ കുതികാലിൽ നിന്നു

കുതിക്ക് kutikkə *(vi)*, gallop; കുതിര വേഗത്തിൽ കുതിക്കുന്നു

കുതിപ്പ് kutippə *(nn),* galloping; അയാളുടെ കുതിപ്പും കിതപ്പും നിന്നു

കുതിര kutira *(nn),* horse; കുതിരകൾ ഓടുന്നു

കുതിരകയറ് kutirakayaRə *(comp vb),* create problems; അയാൾ എപ്പോഴും അവന്റെ മേൽ കുതിരകയറുന്നു

കുതിരച്ചേണം kutiracceeNaM *(nn),* saddle; കുതിരക്കാരൻ കുതിരച്ചേണത്തിൽ ഇരുന്നു

കുതിരപ്പട kuTirappaTa *(nn,comp),* cavalry; രാജാവിന്റെ കുതിരപ്പട ദുർബലമായിരുന്നു

കുതിരലാടം kutiralaaTaM *(nn),* horseshoe; കുതിരയ്ക്ക് കുതിരലാടം തറച്ചു

കുതിരൽ kutiral *(nn),* soaking; അരിയുടെ കുതിരൽ നടക്കുന്നില്ല

കുതിർ kutirə *(vi),* be soaked; അയാൾ പാത്രം കുതിരാൻ വച്ചു

കുതുകം kutukam *(nn),* curiosity; എനിക്ക് അതിന്റെ മേൽ കുതുകം തോന്നി

കുതൂഹലം kutuuhalaM *(nn),* happiness; കുട്ടികൾ കുതൂഹലത്തോടെ ഓടിനടന്നു

കുത്തക kuttaka *(nn),* monopoly; എല്ലാം അയാളുടെ കുത്തകയാണെന്നാണ് ഭാവം

കുത്തിക്കുറിക്ക് kuttikkuRikkə *(comp vb),* write with difficulty; അവൻ എന്തൊക്കെയോ കുത്തിക്കുറിച്ചു

കുത്തിക്കെട്ട് kuttikkeTTə *(comp vb),* stitch up; അവൻ സാധനങ്ങളെല്ലാം ചാക്കിൽ കയറ്റി കുത്തിക്കെട്ടി

കുത്തിക്കൊല kuttikkola *(nn,comp),* murder; ആ കുത്തിക്കൊലയിൽ അവനു പങ്കുണ്ടായിരുന്നു

കുത്തിച്ചാക് kutticaakə *(comp vb),* commit suicide; അയാൾ സ്വയം കുത്തിച്ചത്തു

കുത്തിച്ചെലുത്ത് kutticeluttə *(comp vb),* cram in; അയാൾ എല്ലാം ചാക്കിൽ കുത്തിച്ചെലുത്തി

കുത്തുപാളയെടുക്ക് kuttupaaLayeTukkə *(comp vb),* became a beggar; ഇങ്ങനെ ചെലവു ചെയ്താൽ കുറച്ചുനാൾ കഴിഞ്ഞ് കുത്തുപാള എടുക്കേണ്ടി വരും

കുത്തിപ്പറയ് kuttippaRyə *(nn,comp),* family conflict; അയാൾ എപ്പോഴും അവളെ കുത്തിപ്പറഞ്ഞു

കുത്തിപ്പൊക്ക് kuttippokkə *(comp vb),* rake up; വെറുതെ ഓരോന്ന് അയാൾ കുത്തിപ്പൊക്കുന്നു

കുത്തിപ്പൊട്ടിക്ക് kuttippoTTikkə *(comp vb),* open forcibly; അവൾ വ്യണം കുത്തിപ്പൊട്ടിച്ചു

കുത്തിപ്പൊളിക്ക് kuttippoLikkə *(comp vb)*, force open; അയാൾ കമ്പികൊണ്ട് ഭിത്തി കുത്തിപ്പൊളിക്കുന്നു

കുത്തിയിരിക്ക് kuttiyirikkə *(comp vb)*, remain idle; അവൻ വെറുതെ കുത്തിയിരിക്കുന്നു

കുത്തിയിരിപ്പ് kuttiyirippə *(nn)*, dharna; അവർ അവിടെ കുത്തിയിരുപ്പുനടത്തി

കുത്തിയിറക്ക് kuttiyiRakkə *(vi)*, pierce; രമേശ് അയാളുടെ നെഞ്ചിലേക്ക് കത്തി കുത്തിയിറക്കി

കുത്തിവയ്ക്ക് kuttivayəkkə *(comp vb)*, inject; കുട്ടികൾക്ക് കുത്തിവയ്ക്കുന്നു

കുത്തിവയ്പ് kuttivayppə *(comp vb)*, vaccination; കുട്ടിക്ക് കുത്തിവയ്പുനടത്തി

കുത്തുവാക്ക് kuttuvaakkə *(comp vb)*, use taunting words; അവൾ എപ്പോഴും കുത്തുവാക്കു പറയുന്നു

കുത്ത് kuttə *(vt)*, push with a pole; അയാൾ വടികൊണ്ട് കുത്തി

കുത്ത് kuttə *(vb)*, pound; അമ്മ നെല്ല് കുത്തുന്നു

കുനിയ് kuniyə *(vb)*, bend; അവൻ നിലത്തു വീണതെടുക്കാൻ കുനിഞ്ഞു

കുനിയ് kuniyə *(vb)*, bow; അയാൾ അധ്യാപകന്റെ മുമ്പിൽ കുനിഞ്ഞ് നിന്നു

കുനുകുനേ kunukunee *(adv)*, in small size; അവൾ കുനുകുനേ എഴുതി

കുന്തം kuntaM *(nn,comp)*, lance; അയാൾ കുന്തംകൊണ്ടു കുത്തി

കുന്തളം kuntaLaM *(nn)*, hair; അവൾ കുന്തളം ചീകി മിനുക്കി

കുന്താണി kuntaaNi *(nn)*, thumb; അവൻ കുന്താണിയിൽ കടിച്ചുകൊണ്ടിരിക്കുന്നു

കുന്തിക്ക് kuntikkə *(comp vb)*, walk on tip toe; അവൾ കുന്തിച്ചു നടന്നു

കുന്തിരിക്കം kunturukkaM *(nn)*, resin of boswella (oblibanum thurifera); വീട്ടിൽ കുന്തിരിക്കം പുകയ്ക്കാറുണ്ട്

കുന്ദം kuntaM *(nn)*, white lotous; കുന്ദത്തിൽ മൊട്ടു വിരിഞ്ഞു

കുന്നി kunni *(nn)*, abrus precatorius; കുന്നിയിൽ ഇലകൾ പൊടിച്ചു തുടങ്ങി

കുന്നിക്കുരു kunnikkuru *(nn,comp)*, specked seed; കുന്നിക്കുരു കൊണ്ട് കുട്ടികൾ കളിക്കുന്നു

കുന്ന് kunnə *(nn)*, hill; കുന്നിനപ്പുറം പട്ടണമാണ്

കുമ്പ kumba *(nn)*, belly; അയാൾ ഊണു കഴിഞ്ഞ് കുമ്പ തലോടി

കുമ്പസാരം kumbasaaraM *(nn)*, confession; അയാൾ പിന്നീട് കുമ്പസാരം നടത്തി

കുമ്പളങ്ങ kumbaLaṇṇa *(nn)*, ash gourd; കുമ്പളങ്ങ കൊണ്ട് ഒരു കറി വച്ചു

കുമ്പിൾ kumbiL *(nn)*, temporary vessel made of stitched plantain leaf; ഒരു കുമ്പിളിൽ ജലം കൊണ്ട് വന്ന് അയാൾക്ക് കൊടുത്തു

കുപ്പ kuppa *(nn)*, garbage; അയാൾ കുപ്പയിലേക്ക് എച്ചിൽ വാരിയിട്ടു

കുപ്പക്കുഴി kuppakkuZi *(nn)*, pit for garbage; കുപ്പക്കുഴിയിൽ നിന്ന് ഒരു പന്നി എഴുന്നേറ്റു വരുന്നു

കുപ്പായം kuppayaM *(nn)*, shirt; എന്റെ കുപ്പായത്തിൽ അഴുക്കു പുരണ്ടു

കുപ്പി kuppi *(nn)*, bottle; ഒരു കുപ്പിയിൽ വെള്ളം കുടിച്ചു

കുബുദ്ധി kubuddhi *(nn)*, wickedness; അയാൾ ഒരു കുബുദ്ധിക്കാരനായിരുന്നു

കുബേരൻ kubeeran *(nn)*, rich man; ബിർള ഒരു കുബേരനാണ്

കുമാരൻ kumaran *(nn)*, heir apparent; രാജകുമാരൻ അപകടത്തിൽ മരിച്ചു

കുമാരൻ kumaran *(nn)*, son; അവൻ എന്റെ കുമാരനാണ്

കുമാരൻ kumaran *(nn)*, boy; കുമാരൻമാർക്ക് താമസിക്കാൻ വേണ്ടി പ്രത്യേകം സ്ഥലം ഒരുക്കി

കുമാരി kumari *(nn)*, miss; രാജകുമാരി ഉദ്യാനത്തിൽ ഉലാത്തുന്നു

കുമിയ് kumiyə *(comp vb)*, pile up; അവിടെ പ്രശ്നങ്ങൾ കുമിഞ്ഞു

കുമിള kumiLa *(nn)*, bubble; കുളത്തിൽ കുമിളകൾ നിറഞ്ഞു

കുമിള kumiLa *(nn)*, boil; പൊള്ളലേറ്റ് മുഖത്ത് കുമിളകൾ പൊങ്ങിവന്നു

കുമിൾ kumiL *(nn)*, mushroom; ആ തൊടിയിൽ നിറയെ കുമിളായിരുന്നു

കുമുദം kumudaM *(nn)*, water lily; അവൾ ഒരു കുമുദം പറിച്ചു

കുമ്മട്ടി kummaTTi *(nn)*, cucumis (colocynthus); അവൾ കുമ്മട്ടിയുടെ ഇല പറിച്ചു

കുമ്മായം kummayaM *(nn)*, lime; ആ വീടിന് കുമ്മായമടിച്ചു

കുമ്മി kummi *(nn)*, play by woman with clapping of hands; സ്ത്രീകൾ കുമ്മി കളിക്കുന്നു

കുയിൽ kuyil *(nn)*, Indian cuckoo; കുയിൽ മധുരമായി പാടി

കുര kura *(nn)*, barking; രാത്രി മുഴുവൻ നായയുടെ കുര കേട്ടു

കുര kura *(nn)*, cough; അവന് ഇന്നലെ ഭയങ്കര കുരയായിരുന്നു

കുരങ്ങ് kuraṇṇə *(nn)*, monkey; കുരങ്ങ് പല്ലിളിച്ചു കാട്ടി

കുരങ്ങ്കളിപ്പിക്ക്

kuraṇṇəkaLippikkə *(comp vb)*, trouble a person by making him obey one's words; അയാൾ പലരേയും കുരങ്ങു കളിപ്പിക്കാറുണ്ട്.

കുരണ്ടി kuraNTi *(nn)*, board used as a seat; വല്യമ്മ ഒരു കുരണ്ടിയിൽ ഇരുന്നു

കുരയ്ക്ക് kuraykkə *(vi)*, bark; കുരയ്ക്കും പട്ടി കടിക്കില്ല

കുരൽ kural *(nn)*, sound; എനിക്ക് അവന്റെ കുരൽ കേൾക്കാൻ കഴിഞ്ഞില്ല

കുരൽ kural *(nn)*, throat; എന്റെ കുരലിൽ വേദന തോന്നുന്നു

കുരവ kurava *(nn)*, sound made by women on auspicious occasions; സ്ത്രീകൾ കല്യാണത്തിന് കുരവയിട്ടു

കുരിശ് kuriSə *(nn)*, cross; ക്രിസ്തുകുരിശിൽ മരിച്ചു

കുരു kuru *(nn)*, pimple; അയാളുടെ മുഖത്ത് ഒരു വലിയ കുരു ഉണ്ടായിരുന്നു

കുരു kuru *(nn)*, seed; മണ്ണിൽ ഒരു കുരു നട്ടു

കുരികിൽ kurukil *(nn)*, sparrow; മരത്തിൽ ഒരു കുരികിൽ ഇരിക്കുന്നു

കുരുക്ക് kurukkə *(nn)*, rope knot; അയാൾ ഒരു കുരുക്കിട്ടു

കുരുക്ക് kurukkə *(vi)*, sprout; മരത്തിൽ ഇലകൾ കുരുത്തു

കുരുടൻ kuruTan *(nn)*, blind man; കുരുടൻ വഴിയിലൂടെ തപ്പിത്തപ്പി നടക്കുന്നു

കുരുടിക്ക് kuruTikkə *(vt)*, stunt; അവൻ വീണ്ടും കുരുടിച്ചു വന്നു

കുരുടിക്ക് kuruTikkə *(vt)*, become blind; അവന്റെ കണ്ണും കുരുടിക്കുന്നു

കുരുട്ടുന്യായം kuruTTunyaayaM *(nn,comp)*, lame excuse; അയാൾ എപ്പോഴും ഒരോ കുരുട്ടുന്യായങ്ങൾ പറയുന്നു

കുരുട്ടുവഴി kuruTTuvaZi *(nn,comp)*, short way; ഒരു കുരുട്ടു വഴിയിലൂടെ അയാൾ അകത്തു കയറി

കുരുട്ടുവിദ്യ kuruTTuvidya *(nn)*, simple trick; അവൻ ഓരോ കുരുട്ടു വിദ്യകൾ കാണിച്ചു

കുരുതി kuruti *(nn)*, sacrificial offering; അവിടെ ഒരു ആടിനെ കുരുതി കഴിക്കുന്നു

കുരുതികഴിക്ക് kurutikaZikkə *(vt)*, sacrifice; മന്ത്രവാദി കോഴിയെ കുരുതി കഴിച്ചു

കുരുത്ത് kuruttə *(nn)*, sprout; ഇലയുടെ കുരുത്ത് അവൻ ഒടിച്ചെടുത്തു

കുരുത്തം kuruttaM *(nn),* disobedience; അവൻ കുരുത്തമില്ലാത്തവനാണ്

കുരുത്തുവർ kuruttuvarə *(vi),* sprout; അവൻ വിതച്ച വിത്തുകളെല്ലാം കുരുത്തുവരുന്നു

കുരുത്തോല kuruttoola *(nn,comp),* tender leaf of coconut; കുരുത്തോലകൊണ്ട് അലങ്കരിച്ചു

കുരുന്ന് kurunnə *(nn),* shoot; ഒരു കുരുന്ന് അവൻ അടർത്തിയെടുത്തു

കുരുന്ന് kurunnə *(nn),* tender age; അവന്റെ കുരുന്നു മനസ്സിനെ നോവിക്കരുത്

കുരുമുളക് kurumuLakə *(nn),* pepper; കുരുമുളക് മരത്തിൽ പടർന്നു കയറി

കുരുവി kuruvi *(nn),* sparrow; കുരുവി മരക്കൊമ്പിൽ ഇരിക്കുന്നു

കുർബാന kuRbaana *(nn),* holly mass; കുർബാന കഴിഞ്ഞ് എല്ലാവരും മടങ്ങി

കുല kula *(nn),* bunch of flowers and plantain; പൂവിന്റെ ഒരു കുല പൊട്ടിച്ചെടുത്തു

കുലം kulaM *(nn),* race; കുലം നല്ലതായാൽ ബന്ധു ക്കൾക്കു സമ്മതം

കുലകർമ്മം kulakRmmaM *(nn,comp),* Hereditory work of a family; അവർ അവരുടെ കുലകർമ്മം അനുഷ്ഠിക്കുന്നു.

കുലദൈവം kuladaivaM *(nn,comp),* household god; കുലദൈവ ങ്ങളെയെല്ലാം ഒതേനൻ പ്രാർത്ഥിച്ചു

കുലപതി kulapati *(nn,comp),* head of a family; കുലപതിയായ കണ്വൻ ശകുന്തളയെ യാത്രയാക്കി

കുലയ്ക്ക് kulykkə *(vt),* string a bow; രാമൻ വില്ലു കുലയ്ക്കുന്നു

കുലയ്ക്ക് kulykkə *(vi),* bear fruit; രാമന്റെ വാഴ കുലച്ചു

കുലവാഴ kulavaaZa *(nn),* plantain with fruit cluster used for decoration; കുലവാഴ അലങ്കരിക്കാൻവേണ്ടി വെട്ടിയെടുത്തു

കുലീന kuliina *(adj),* of noble descent; അവൾ കുലീനയായ സ്ത്രീയായിരുന്നു

കുലുക്കുഴിയ് kulukkuZiyə *(vi),* gargle; അച്ഛൻ കുലുക്കുഴിഞ്ഞ് മുറ്റത്തേക്കു തുപ്പി

കുലുക്ക് kulukkə *(vt),* shake; പാത്രം ശക്തിയായി കുലുക്കി

കുലുങ്ങ് kuluṉṉə *(adv),* shake; അയാൾ കുലുങ്ങിച്ചിരിച്ചു

കുവലയം kuvalayaM *(nn),* blue lotus; കുവലയത്തിൽ പൂക്കളുണ്ടായി

കുശം kuSaM *(nn),* kind of grass used in religious observances; വാമനൻ ഒരു കുശംകൊണ്ട് കിണ്ടി വാലിൽ കുത്തി

കുശുമ്പ് kuSumbə *(nn),* envy; അവന് അവളോട് കുശുമ്പായിരുന്നു

കുശവൻ kuSavan *(nn),* potter; കുശവൻ പാത്രമുണ്ടാക്കുന്നു

കുശാഗ്രബുദ്ധി kuSaagRabuddhi *(nn),* very keen intelligence; അയാൾ ഒരു കുശാഗ്രബുദ്ധിയുള്ളവനായിരുന്നു

കുശാൽ kuSaal *(nn),* happiness; അവർക്ക് കുശാലാണ്

കുശിനി kuSini *(nn),* kitchen; കുശിനിക്കാരൻ കുശിനിയിൽ കയറി

കുശുകുശുക്ക് kuSukuSukkə *(vi),* whisper; എല്ലാവരും എന്തൊക്കെയോ കുശുകുശുക്കുന്നു

കുശുമ്പൻ kuSumban *(nn),* envious person; അവൻ ഒരു കുശുമ്പനാണ്

കുഷ്ഠം ku$ThaM *(nn),* leprosy; കുഷ്ഠം മാരകമായ ഒരു രോഗമാണ്

കുസുമം kuSumaM *(nn),* flower; ചെടികളിൽ കുസുമം വിടർന്നു

കുസൃതി kusRti *(nn),* mischief; അവൻ പല കുസൃതികളും കാണിക്കുന്നു

കുളം kuLaM *(nn),* pond; കുളത്തിൽ താമരകൾ വിടർന്നു നിൽക്കുന്നു

കുളംകോര് kuLaMkoorə *(comp vb),* destroy; അയാൾ തറവാട് കുളം കോരും

കുളക്കടവ് kuLakkaTavə *(nn,comp),* steps of the pond; കുളക്കടവിൽ ഞങ്ങൾ സംസാരിച്ചുകൊണ്ടിരുന്നു

കുളക്കോഴി kuLakkooZi *(nn),* water fowl; കുളക്കോഴി മുട്ടയിട്ടു

കുളമ്പടി kuLambaTi *(nn),* trotting of the horse; കുതിരയുടെ കുളമ്പടികേട്ട് കാവൽക്കാരൻ ഉണർന്നു

കുളമ്പ് kuLambə *(nn),* hoot of animals; കുതിരയുടെ കുളമ്പിൽ രോഗം ബാധിച്ചു

കുളമ്പുദീനം kuLambudiinaM *(nn,comp),* disease on hoof of the animals; പശുവിന് കുളമ്പുദീനം പിടിപെട്ടു

കുളപ്പുര kuLappura *(nn,comp),* bathroom; കുളപ്പുരയിൽ അവൾ കുളിക്കുന്നു

കുളയട്ട kuLayaTTa *(nn,comp),* leech; കുളയട്ട കുളത്തിൽ വളരുന്നു

കുളി kuLi *(nn),* bath; അയാൾ കുളി കഴിഞ്ഞു വന്നു

കുളിക്ക് kuLikkə *(vi),* bath; അവൾ വെള്ളത്തിൽ കുളിക്കുന്നു

കുളിമുറി kuLimuRi *(nn,comp),* bathroom; അവൻ കുളിമുറിയിൽ കുളിക്കുന്നതിനിടെ കാലുതെറ്റി വീണു

കുളിര് kuLirə *(vi),* feel cold; എനിക്ക് ഇപ്പോൾ വല്ലാതെ കുളിരുന്നു

കുളിർനീര് kuLiRniirə *(nn,comp),* cold water; അവൻ കുളിർ നീര് കോരിയെടുത്തു

കുളിർമ്മ kuLiRmma *(nn),* coldness; ഈ മഞ്ഞിന്റെ കുളിർമ്മയിൽ ഞങ്ങളിരുന്നു

കുളിർ kuLiR *(nn),* cold; ഈ കുളിരിൽ ഇവിടെയിരിക്കാൻ നല്ല സുഖം

കുള്ളൻ kuLLan *(nn),* dwarf; അയാൾ ഒരു കുള്ളനായിരുന്നു

കുഴ kuZa *(nn),* handle of the vessels; പാത്രത്തിന്റെ കുഴ പൊട്ടിപ്പോയി

കുഴതെറ്റ് kuZateRRə *(vi),* bone dislocated at the ankle or wrist; കാലിന്റെ കുഴ തെറ്റിപ്പോയി

കുഴമ്പ് kuZambə *(nn),* ayurvedic semi solid state medicine; വൈദ്യൻ ഒരു കുഴമ്പ് പുരട്ടാൻ പറഞ്ഞു

കുഴമ്പ് kuZambə *(nn),* paste; എല്ലാം കുഴമ്പുരൂപത്തിലാക്കിയാണ് ഇവിടെ ഉപയോഗിക്കാറുള്ളത്

കുഴപ്പം kuZappaM *(nn),* confusion; അവിടെ എന്തോ കുഴപ്പം പിണഞ്ഞു

കുഴയ് kuZayə *(vi),* get mixed; ഈ ഗോതമ്പുമാവ് നന്നായി കുഴയുന്നില്ല

കുഴയ്ക്ക് kuZakkə *(vt),* disarrange; അയാൾ എല്ലാം കുഴച്ചു മറിച്ചു കളഞ്ഞു

കുഴൽ kuZal *(nn),* flute; അയാൾ കുഴൽ വായിക്കുന്നതിൽ വിദഗ്ദ്ധനാണ്

കുഴൽ kuZal *(nn),* curly hair; അവന്റെ കുറുകുഴൽ നെറ്റിയിൽ വീണു കിടന്നു

കുഴൽ kuZal *(nn),* pipe; ഒരു കുഴലിലൂടെ വെള്ളം ഇവിടെ എത്തുന്നു

കുഴൽഊത് kuZaluutə *(vb, comp),* blow the flute; കുട്ടി കുഴൽ ഊതുന്നു

കുഴവി kuZavi *(nn),* small rolling stone used to grind; അമ്മിയുടെ കുഴവി അവന്റെ കാലിൽ വീണു

കുഴി kuZi *(nn),* pit ; തോട്ടത്തിൽ വാഴ നടാൻ കുഴിയെടുത്തു

കുഴികുത്ത് kuZikuttə *(vt),* making a pit or hole; അച്ഛൻ മൺവെട്ടികൊണ്ട് കുഴികുത്തി

കുഴിക്ക് kuZikkə *(vt),* dig; അയാൾ അവിടമെല്ലാം കുഴിക്കുന്നു

കുഴിച്ചിട് kuZicciTə *(vt)*, put in a pit; അയാൾ വിത്ത് കുഴിച്ചിട്ടു

കുഴിച്ചുമൂട് kuZiccumuuTə *(vt)*, put in a pit; ചത്ത എലിയെ മണ്ണിൽ കുഴിച്ചു മൂടി

കുഴിച്ചെടുക്കൽ kuZicceTukkal *(nn,comp)*, excavation; സ്വർണ്ണം കുഴിച്ചെടുക്കൽ തുടർന്നു

കുഴിതോണ്ട് kuZitooNTə *(comp vb)*, plot against; അയാൾ സ്വന്തം കുഴിതോണ്ടി വച്ചു

കുഴിനഖം kuzinakhaM *(nn,comp)*, disease affecting the corner of the nail; അയാൾക്ക് കുഴിനഖമുണ്ടായിരുന്നു

കുഴിമടിയൻ kuZimaTiyan *(nn,comp)*, extremly lazy person; അവൻ ഒരു കുഴിമടിയനാണ്

കുഴിമാടം kuZimaaTaM *(nn,comp)*, tomb; സുഹൃത്തിന്റെ കുഴിമാടത്തിൽ ഞങ്ങൾ പൂക്കൾ വിതറി

കുഴിയാന kuZiyaana *(nn,comp)*, ant lion; ഉപ്പൂപ്പാന്റെ ആന കുഴിയാനയായിരുന്നു

കുഴിയ് kuZiyə *(vi)*, become hollow; ആ നിലം കൂടുതൽ കുഴിഞ്ഞു

കുഴിവെട്ട് kuZiveTTə *(comp vb)*, make a pit; ചത്ത എലിയെ കുഴിവെട്ടി മൂടി

കുഴിവ് kuZivə *(nn)*, dent; പാത്രത്തിന് ഒരു കുഴിവുണ്ടായിരുന്നു

കുറച്ച് kuRaccə *(adj)*, very little; എനിക്ക് കുറച്ച് പഞ്ചസാര വേണം

കുറച്ച് kuRaccə *(adj)*, some; എനിക്ക് കുറച്ച് പുസ്തകങ്ങൾ വേണം

കുറച്ച് kuRaccə *(adj)*, some; എനിക്കു കുടിക്കാൻ കുറച്ച് വെള്ളം വേണം

കുറത്തി kuRatti *(nn)*, gypsywoman; കുറത്തി പാട്ടുപാടുന്നു

കുറി kuRi *(nn)*, vermilion mark; നെറ്റിയിൽ ഒരു കുറിയുണ്ടായിരുന്നു

കുറി kuRi *(nn)*, chit plan; ഞാൻ ചിട്ടിയുടെ ഒരു കുറിയെടുത്തു

കുറയ് kuRayə *(vi)*, abate; ഇപ്പോൾ പനി കുറഞ്ഞു വരുന്നു

കുറയ് kuRayə *(vi)*, reduce; ഇപ്പോൾ വെളിച്ചം കുറയുന്നു

കുറയ് kuRayə *(vi)*, decrease; കാലങ്ങളായി മഴ കുറഞ്ഞുവരുന്നു

കുറവൻ kuRavan *(nn)*, wandering tribe of basket making; കുറവനും കുറത്തിയും നൃത്തം ചെയ്യുന്നു

കുറവാക് kuRavaakə *(vi)*, become less; സാധനങ്ങൾക്ക് ഇനി വില കുറവാകില്ല

കുറവ് kuRavə *(nn),* shortage; അവിടെ ഒന്നിനും ഒരു കുറവുമില്ലായിരുന്നു.

കുറവ് kuRavə *(nn),* lacking; എന്തിന്റെ കുറവാണ് തനിക്കിവിടെ?

കുറവ് kuuRavə *(nn),* short comings; ആ കെട്ടിടത്തിന് ചില കുറവുകളുണ്ട്

കുറിക്ക് kuRikkə *(vi),* note; അയാൾ അത് കുറിച്ചുവച്ചു

കുറിക്ക്കൊള്ളു kuRikkəkoLLə *(nn,comp),* hit the mark; അയാൾ കുറിക്കുകൊള്ളുന്ന വാക്കുകൾ പലതും പറഞ്ഞു

കുറിച്ച് kuRiccə *(in),* about; ഞാൻ എന്നെ കുറിച്ച് പലതും പറഞ്ഞിട്ടുണ്ട്.

കുറിഞ്ഞി kuRi~~i *(nn),* barlecria plant; കുറിഞ്ഞിയിൽ മൊട്ടുകൾ വിടർന്നു

കുറിപ്പ് kuRippə *(nn),* prescription; വൈദ്യൻ ഒരു കുറിപ്പെഴുതി വച്ചു

കുറിമാനം kuRimaanaM *(nn),* note relating to jatakam; ജോത്സ്യൻ ഒരു കുറിമാനം എഴുതി

കുറു kuRu *(adj),* short; ഒരു കുറുവടികൊണ്ട് അയാൾ ആക്രമിച്ചു

കുറുകുറുപ്പ് kuRukuRuppə *(nn),* wheezing; ഒരു കുറുകുറുപ്പ് ശബ്ദം അവിടെ കേൾക്കാനുണ്ടായിരുന്നു

കുറുകെ kuRuke *(adv),* across; ഒരു പശു വേലിക്കു കുറുകെ ചാടി

കുറുക് kuRukə *(vi),* boiled down; പാത്രത്തിൽ വെള്ളം കുറുകി

കുറുക്കം kuRukkaM *(nn),* state of thickness; നല്ല കുറുക്കമുള്ള ചായയാണിത്

കുറുക്കൻ kuRukkan *(nn),* fox; കുറുക്കൻ ഓലിയിടുന്നു

കുറുക്കിപ്പറയ് kuRukkippaRayə *(comp vb),* say briefly; അയാൾ പലതും കുറുക്കിപ്പറഞ്ഞു

കുറുക്കുവഴി kuRukkuvaZi *(nn,comp),* short cut; ഞാൻ രക്ഷപ്പെടാനുള്ള കുറുക്കുവഴികൾ അന്വേഷിക്കുകയായിരുന്നു

കുറുനാക്ക് kuRunaakə *(nn),* disease of the tongue; എനിക്ക് കുറുനാക്കു വന്നു

കുറുനിര kuRunira *(nn,comp),* curl of hair falling on the forehead; കുട്ടിയുടെ കുറുനിരകൾ നെറ്റിയിൽ പടർന്നു കിടന്നു

കുറുന്തോട്ടി kuRuntooTTi *(nn),* medicinal plant (pabonia odorate); ഞാൻ ഒരു കുറുന്തോട്ടി പറിച്ചെടുത്തു

കുറുമ്പ് kuRumbə *(nn),* mischeif; കുട്ടി ഓരോ കുറുമ്പ് കാണിച്ചു കൊണ്ടിരുന്നു

കുറെ kuRe *(adv),* little; ഞാൻ കുറെ സമയം അവിടെ കാത്തുനിന്നു

കുറേശ്ശേ kuReeSSee *(adv),* little by little; വെള്ളം കുറേശ്ശേയായി ഒലിച്ചു പോയിക്കൊണ്ടിരുന്നു

കുറ്റം kuRRaM *(nn),* crime; കുറ്റം ചെയ്തവൻ ശിക്ഷിക്കപ്പെടും

കുറ്റം kuRRaM *(nn),* fault; എല്ലാം അവന്റെ കുറ്റമാണെന്ന് ഞാൻ സമ്മതിച്ചു

കുറ്റപത്രം kuRRapatRaM *(nn,comp),* chargesheet; അയാൾ പ്രതികളെ കുറ്റപത്രം വായിച്ചു കേൾപ്പിച്ചു

കുറ്റവാളി kuRRavaLi *(nn),* culprit; കുറ്റവാളി ശിക്ഷിക്കപ്പെട്ടു

കുറ്റാകുറ്റിരിട്ട് kuRRakuRRiriTTə *(nn,comp),* dense darkness; ഈ കുറ്റാ കുറ്റിരിട്ടിൽഞാൻ നടക്കാനില്ല

കുറ്റി kuRRi *(nn),* stake; ബീഡിയുടെ കുറ്റി അയാൾ വലിച്ചെറിഞ്ഞു.

കുറ്റി kuRRi *(nn),* stump; അയാൾ പശുവിനെ ഒരു കുറ്റിയിൽ കെട്ടി

കുറ്റിക്കാട് kuTTikkaTə *(nn,comp),* bush; അയാൾ ഒരു കുറ്റിക്കാട്ടിലൂടെ നടന്നുവരുന്നു

കുറ്റിനാട്ട് kuRRinaaTTə *(comp vb),* fix a stake; അയാൾ അവിടെ ഒരു കുറ്റിനാട്ടി

കൂക്കാവിളി kuukkaaviLi *(nn,comp),* howling; കുറുക്കന്മാരുടെ കൂക്കാ വിളി തീർന്നില്ല

കൂക്ക് kuukkə *(vi),* howling; ബാലന്റെ കൂക്കുകേട്ട് ഗ്രാമീണർ ഓടിവന്നു

കൂച്ചുവിലങ്ങ് kuccuvilaŋŋə *(nn,comp),* fetters put on the leg of an elephant; അയാൾ ആനയെ കൂച്ചുവിലങ്ങിട്ടു

കൂച്ച് kuccə *(nn),* binding hands and legs; അയാളെ ശരീരത്തിൽ കൂച്ചുവിലിങ്ങിട്ടു

കൂട kuuTa *(nn),* basket; ഒരു കൂട നിറയെ പൂക്കൾ കൊണ്ടുവന്നു

കൂടം kuuTaM *(nn),* moutain peak; പർവ്വതത്തിന്റെ കൂടത്തിൽ എല്ലാവരും എത്തിച്ചേർന്നു

കൂടം kuuTaM *(nn),* hammer; കല്ലുപണിക്കാരൻ കൂടം കൊണ്ട് കല്ലു പൊട്ടിച്ചു

കൂടാരം kuuTaaraM *(nn),* tent; ജിപ്സികൾ അവിടെ കൂടാരമടിച്ചു താമസിക്കുന്നു

കൂടി kuuTi *(in),* also; ഞാനും കൂടി നിന്റെ കൂടെ വരട്ടോ?

കൂടിക്കാഴ്ച kuuTikkaZcca *(nn,comp),* meeting; ഇന്ത്യ പാക്കിസ്ഥാൻ പ്രശ്നത്തിൽ സെക്രട്ടറി തലത്തിൽ കൂടിക്കാഴ്ച നടത്തി

കൂടിച്ചേര് kuuTicceerə *(vi),* mingle; അയാൾ ആരോടും എളുപ്പം കൂടിച്ചേരുന്നു

കൂടിയാട്ടം kuuTiyaaTTaM *(nn),* dance form of kerala; കൂടിയാട്ടം കഴിഞ്ഞ് വേഷക്കാർ വേഷമഴിച്ചു

കൂടിയാലോചന kuuTiyaaloocana *(nn,comp),* consultation; കൂടിയാലോചനകൾക്കു ശേഷം ഒരു തീരുമാനമെടുത്തു

കൂട്വിട് kuuTəviTə *(comp vb),* leave mortal body; അയാൾ കൂടുവിട്ടു പരലോകം പൂകി

കൂട്വിട് kuuTəviTə *(comp vb),* fly away; പക്ഷികൾ കൂടുവിട്ടു പറന്നുയർന്നു

കൂട്വിട് kuuTəviTə *(comp vb),* change shelter; പക്ഷികൾ കൂടുവിട്ടു കൂടുമാറി

കൂടുതൽ kuuTutal *(nn),* increase; ഞാൻ കൂടുതൽ ശമ്പളം ചോദിച്ചു

കൂടെ kuuTe *(in),* along with; എന്റെ കൂടെ ആരും വന്നില്ല

കൂട് kuuTə *(nn),* cage (enclosure for birds); കുട്ടി കൂടു തുറന്നു വിട്ടു

കൂട് kuuTə *(vb),* meet; ഞങ്ങൾ അവിടെ കൂടി

കൂട് kuuTə *(vb),* increase; സാധനങ്ങളുടെ വില കൂടി

കൂട് kuuTə *(nn),* nest; സന്ധ്യാസമയത്ത് പക്ഷി കൂട്ടിലേക്കു മടങ്ങി

കൂട്ടം kuuTTaM *(nn),* crowd; കൂട്ടം തെറ്റി മേയുന്ന ഒരു ആടാണിത്

കൂട്ടം kuuTTaM *(nn),* group; ഒരു കൂട്ടം ആളുകൾ അങ്ങോട്ടു നടന്നടു ക്കുന്നു

കൂട്ടക്കൊല kuuTTakkola *(nn,comp),* carnage; കൂട്ടക്കൊല നടക്കുമ്പോൾ അവിടെ ആരുമുണ്ടായിരുന്നില്ല

കൂട്ടർ kuuTTaR *(nn),* companions; ഞങ്ങളിൽ ഒരു കൂട്ടർ മറ്റേ ഭാഗത്തു ചേർന്നു

കൂട്ടവിളി kuuTTaviLi *(nn,comp),* uproar; അവിടെ നിന്ന് ഒരു കൂട്ടവിളി ഉയർന്നു

കൂട്ടാക്ക് kuuTTaakkə *(vt),* consider with regard; ഞാൻ പറഞ്ഞതൊന്നും അയാൾ കൂട്ടാക്കിയില്ല

കൂട്ടാൻ kuuTTaan *(nn),* curry; അമ്മ കുറേ കൂട്ടാനുകൾ ഉണ്ടാക്കി

കൂട്ടാൻ kuuTTaan *(nn),* side dish; ഭക്ഷണത്തിനു കൂട്ടാൻ ഒന്നുമില്ല

കൂട്ടായ്മ kuuTTaayma *(nn),* companionship; ഞങ്ങളുടെ കൂട്ടായ്മയുടെ ഫലമായിരുന്നു അത്

കൂട്ടാളി kuuTTaaLi *(nn),* companion; അവൻ എന്റെ കൂട്ടാളി ആയിരുന്നു

കൂട്ടിക്കലർത്ത് kuuTTikkalaRtt∂ *(comp vb),* mixing; ഞാൻ അതിന്റെ കൂടെ പലതും കൂട്ടിക്കലർത്തി

കൂട്ടിക്കൊടുക്ക് kuuTTikkoTukk∂ *(comp vb),* increase; അയാൾ പലർക്കും ശമ്പളം കൂട്ടിക്കൊടുക്കുന്നു

കൂട്ടിക്കൊടുക്ക് kuuTTikkoTukk∂ *(comp vb),* act as a pimp; അവൻ ആ ഹോട്ടലിലെ കൂട്ടിക്കൊടുപ്പുകാരൻ ആണ്

കൂട്ടിച്ചേർക്ക് kuuTTicceeRkk∂ *(comp vb),* add; ഞങ്ങൾ രുചിയുണ്ടാക്കാൻ അതിനോടൊപ്പം പലതും കൂട്ടിച്ചേർത്തു

കൂട്ടിമുട്ട് kuuTTimuTT∂ *(comp vb),* crash each other; വാഹനങ്ങൾ തമ്മിൽ കൂട്ടി മുട്ടി

കൂട്ടിയിടിക്ക് kuuTTiyiTikk∂ *(vt),* collide with; രണ്ടു വാഹനങ്ങൾ തമ്മിൽ കൂട്ടിയിടിച്ചു

കൂട്ടിവയ്ക്ക് kuaTTivay∂kk∂ *(comp vt),* store up; അവൻ പലതും കൂട്ടി വച്ചു

കൂട്ടിവയ്ക്ക് kuuTTivaykk∂ *(comp vt),* pile up; വൈക്കോൽ കൂനയിൽ കൂട്ടി വച്ചു

കൂട്ടുകച്ചവടം kuuTTukaccavaTaM *(nn,comp),* joint trade; ഞങ്ങൾ പല കൂട്ടുകച്ചവടവും നടത്തിയിട്ടുണ്ട് .

കൂട്ടുകാരൻ kuuTTukaaran *(nn),* friend; അവൻ എന്റെ കൂട്ടുകാരനായിരുന്നു

കൂട്ടുകൃഷി kuuTTukR$i *(nn,comp),* collective farming; ഞങ്ങൾ ഒരു കൂട്ടുകൃഷി നടത്തി

കൂട്ടുകെട്ട് kuuTTukeTT∂ *(nn,comp),* associations; ഞങ്ങളുടെ കൂട്ടുകെട്ട് ഇവിടെ അവസാനിച്ചു

കൂട്ടുപലിശ kuuTTupaliSa *(nn,comp),* compound interest; അയാൾ പലരോടും കൂട്ടുപലിശ വാങ്ങി

കൂട്ട് kuuTT∂ *(nn),* companion; അവൻ എപ്പോഴും എന്റെ കൂട്ടായിരുന്നു

കൂട്ട് kuuTT∂ *(vt),* add; മരുന്നിൽ പല സാധനങ്ങളും കൂട്ടി

കൂൺ kuuN∂ *(nn),* mushroom; ഞങ്ങൾ കൂൺ ഭക്ഷിക്കാറില്ല

കൂൺ kuuN *(vi),* mushroom; പല സ്ഥാപനങ്ങളും കൂണുപോലെ മുളച്ചുവന്നു

കൂതി kuuti *(nn),* private parts of a woman (pudendum muliebre); അവളുടെ കൂതിയിൽ വേദന വന്നു

കൂത്തച്ചി kuuttacci *(nn),* prostitute; അവൾ ഒരു കൂത്തച്ചിയാണെന്ന് എല്ലാവരും പറഞ്ഞു

കൂത്തമ്പലം kuuttambalaM *(nn,comp),* dance hall attached to a

temple; കൂത്തമ്പലത്തിൽ നൃത്തം നടക്കുന്നു

കൂത്താടി kuuttaaTi *(nn),* larvae of mosquito; ഈ വൃത്തികെട്ട വെള്ളത്തിൽ കൂത്താടി വളരുന്നു

കൂത്താടി kuuttaaTi *(nn),* dancing girl; അവൾ ഒരു കൂത്താടിയാണ്

കൂത്താട് kuuttaaTə *(vb, comp),* dance; സുന്ദരിമാർ കൂത്തമ്പലത്തിൽ കൂത്താടുന്നു

കൂത്തി kuutti *(nn),* bitch; ഒരു കൂത്തിപ്പട്ടി മോങ്ങി കൊണ്ടുനടക്കുന്നു

കൂത്തിത്തെരുവ് kuttitteruvə *(nn,comp),* harlot street; കൂത്തിത്തെരുവിൽ എല്ലാ അശ്ലീലങ്ങളും നടക്കുന്നു

കൂത്ത് kuuttə *(nn),* temple art of Kerala (a kind of story telling by chakyar community); അമ്പലത്തിൽ കൂത്തു നടന്നു

കൂദാശ kuudaaSa *(nn),* sacrament; ഞാൻ കൂദാശകൾ ഒന്നും ചെയ്യാറില്ല.

കൂനകൂട്ട് kuuankuuTTə *(vi),* accumulate; ധാന്യങ്ങളെല്ലാം ഇവിടെ കൂനകൂട്ടി

കൂനൻ kuunan *(nn),* hunch back man; അവൻ ഒരു കൂനനാണ്

കൂന് kuunə *(nn),* hunch; അയാൾക്ക് ഒരു കൂനുണ്ടായിരുന്നു

കൂന് kuunə *(vi),* bend the back; അയാൾ നടക്കുമ്പോൾ കൂനുന്നു

കൂന്തൽ kuuntal *(nn),* woman`s hair; സുന്ദരി കൂന്തൽ മിനുക്കി

കൂന്തൽ kuuntal *(nn),* fish; ഞാൻ കൂന്തൽ മീൻ ഭക്ഷിച്ചു

കൂന്താണി kuntaaNi *(nn),* pick axe; അച്ഛൻ കൂന്താണി കൊണ്ട് കല്ലെടുത്തു

കൂമ്പൻ kuumban *(adj),* peaked; ഒരു കൂമ്പൻ കൊമ്പുകൊണ്ട് കാള കുത്തി

കൂമ്പാരം kuumbaaraM *(nn,comp),* anything heaped; അഴുക്കു തുണികൾ ഒരു കൂമ്പാരമായി ഇട്ടിരിക്കുന്നു

കൂമ്പ് kuumbə *(nn),* tender edge of the plantain; വാഴയുടെ കൂമ്പില നിന്നു പൂക്കൾ ഉതിർത്തു തേൻ കുടിച്ചു

കൂമ്പ് kuumbə *(nn),* heart; അവന്റെ കൂമ്പിൽ ഒരു നൊമ്പരം ഉണ്ടായി

കൂപ്പുകൈ kuuppukai *(nn,comp),* folded hands; അവൾ കൂപ്പുകൈയോടെ നിന്നു

കൂപ്പ് kuuppə *(vi),* join both hands together in adoration; അവൾ ആദരപൂർവ്വം കൈകൂപ്പി

കൂപ്പ് kuuppə *(nn),* salutation; അവന്റെ കൈകൂപ്പ് രസകരമായിരുന്നു

കൂമൻ kuuman *(nn)*, owl; മാവിൻമേൽ ഒരു കൂമൻ മൂളുന്നു

കൂര kuura *(nn)*, small hut; അവൻ തന്റെ കൂരയിൽ താമസിക്കുന്നു

കൂരി kuuri *(nn)*, fish; കൂരി കൊണ്ട് ഒരു കറിവച്ചു

കൂരി kuuri *(nn)*, name of the bird; പറമ്പിലെ ഒരു മരത്തിൽ കൂരി കൂടു വച്ചു

കൂർക്ക kuuRkka *(nn)*, small kind of yam like potato; കൂർക്ക ഔഷധഗുണമുള്ള ഒരു കിഴങ്ങാണ്

കൂർക്കം kuuRkkaM *(nn)*, snoring; അയാൾ ശാന്തമായി കൂർക്കം വലിച്ചുറങ്ങുന്നു

കൂർക്കം വലിക്ക് kuuRkkaMvalikkə *(vi)*, snore; അയാളുടെ കൂർക്കം വലി കാരണം എനിക്ക് ഉറങ്ങാനേ കഴിഞ്ഞില്ല

കൂർത്ത kuuRtta *(adj)*, sharp; അവന്റെ കാലിൽ ഒരു കൂർത്ത മുള്ളു കയറി

കൂർപ്പം kuuRppaM *(nn)*, sharpness; പെൻസിലിന്റെ കൂർപ്പം കുറഞ്ഞുപോയി

കൂർമ്മം kuuRmaM *(nn)*, tortoise; മഹാവിഷ്ണുവിന്റെ രണ്ടാമത്തെ അവതാരം കൂർമ്മമായിരുന്നു

കൂർമ്മ ബുദ്ധി kuuRmmabuddhi *(nn,comp)*, person of acute intellect; അയാൾ വളരെ കൂർമ്മബുദ്ധിയുള്ളവനാണ്

കൂലങ്കഷമായ kuulaŋka$maaya *(adj)*, thorough; വളരെ കൂലങ്കഷമായ ചർച്ചയായിരുന്നു

കൂലി kuuli *(nn)*, wages of a daily labourer; തൊഴിലാളികൾക്ക് കൂലി വർദ്ധിപ്പിച്ചു

കൂലിപ്പണി kuulippaNi *(nn,comp)*, casual labour; അയാൾ കൂലിപ്പണിയെടുത്താണ് പഠിച്ചത്

കൂവ kuuva *(nn)*, Indian arrow root; അമ്മ കൂവ പൊടിക്കുന്നു

കൂവപ്പൊടി kuuvappoTi *(nn)*, arrow-root powder; കൂവപ്പൊടി ഗുണമുള്ളതാണ്

കൂവളം kuuvaLaM *(nn)*, Aegle marmelos (leaf used for Shiva puja); കൂവളത്തിന്റെ വേര് ചീഞ്ഞ്പോയി

കൂവ് kuuvə *(vi)*, howl; കുട്ടികൾ ഉച്ചത്തിൽ കൂവുന്നു

കൂജ kuuja *(nn)*, water bowl; അവൻ കൂജയിൽ വെള്ളം നിറച്ചു

കൂസൽ kuusal *(nn)*, bashfulness; അവൻ യാതൊരു കൂസലുമില്ലാതെ ഉത്തരം പറഞ്ഞു

കൂസ് kuusə *(vb)*, be shy; ആരെയും കൂസാത്ത സ്വഭാവമാണ് അവന്റേത്

കൂളി kuuLi *(nn)*, demon; അവൻ കൂളിയെ കണ്ടു പേടിച്ചുവത്രേ

കൂറ kuuRa *(nn)*, ragged clothes; അവൾ കൂറകളെല്ലാം കഴുകാനെടുത്തു

കൂറ kuuRa *(nn)*, cockroach; വീടുനിറയെ കൂറകളായിരുന്നു

കൂറ് kuuRə *(nn)*, affection; അവന് ആരോടും കൂറുണ്ടായിരുന്നില്ല

കൂറ് kuuRə *(vi)*, speak; അവൾ യാതൊന്നും കൂറിയില്ല

കൂറ്റൻ kuuRRan *(nn)*, Huge; അതു ഒരു കൂറ്റൻ കെട്ടിടമാണ്

കൂറ്റൻ kuuRRan *(nn)*, bull at rampage; ഒരു കൂറ്റൻ ഓടി വരുന്നു

കൃതകൃത്യൻ kRtakRtyan *(nn)*, one who has accomplished what he undertook; അയാൾ കൃതകൃത്യനായിരുന്നു

കൃതഘ്നത kRtaghnata *(nn)*, ingratitudeness; അയാളുടെ കൃതഘ്നത എല്ലാവരും കുറ്റപ്പെടുത്തി

കൃതഘ്നൻ kRtaghnan *(nn)*, ungrateful person; അവനെ കൃതഘ്നനെന്ന് പലരും തെറ്റിദ്ധരിച്ചു

കൃതജ്ഞത kRtja~ta *(nn)*, thankfullness; സെക്രട്ടറി യോഗത്തിൽ കൃതജ്ഞത രേഖപ്പെടുത്തി

കൃതജ്ഞൻ kRtaj~n *(nn)*, grateful person; അയാൾക്കു ജോലി നല്കിയ ആളിനോടു കൃതജ്ഞനായിരുന്നു

കൃതാവ് kRtaavə *(nn)*, whiskers; അയാളുടെ മുഖത്ത് കൃതാവു വന്നു

കൃതി kRəti *(nn)*, literary work; സാഹിത്യകാരന്റെ ആത്മാവിഷ്ക്കാരമാണ് അവന്റെ കൃതികൾ

കൃതി kRəti *(nn)*, musical composition; കർണ്ണാടക സംഗീതത്തിൽ ത്യാഗരാജന്റെ കൃതികൾ വളരെ പ്രസിദ്ധമാണ്

കൃത്യം kRtyaM *(adv)*, exactly; കൃത്യം മൂന്നു മണിക്ക് യോഗം ആരംഭിക്കും

കൃത്യം kRtyaM *(nn)*, act; കൃത്യം നടക്കുമ്പോൾ അവിടെ ആരുമുണ്ടായിരുന്നില്ല

കൃത്യം kRətyaM *(nn)*, function; ആ കൃത്യം നടന്നത് ഇന്നലെ അർദ്ധരാത്രിയാണ്

കൃത്യത kRətyata *(nn)*, exactitude; വിനോദിന്റെ കൃത്യതയെ എല്ലാവരും പ്രശംസിച്ചു

കൃത്യനിർവ്വഹണം kRthyaniRvahaNaM *(nn,comp)*, discharge of one`s duties; കൃത്യനിർവ്വഹണത്തിന് തടസ്സമുണ്ടാകരുതെന്ന് അയാൾ അഭ്യർത്ഥിച്ചു

കൃത്യവിലോപം kRtyaviloopaM *(nn),* failure in discharge of one's duties; കൃത്യവിലോപം കാട്ടിയതിന് ഹരിയെ പുറത്താക്കി

കൃത്യസമയത്തെത്തത് kRətyasamayattə *(vi),* be in time; രഘു ക്ലാസ്സിൽ കൃത്യസമയത്തെത്തി

കൃത്രിമം kRtRimaM *(nn),* artificial; ആ പൂവ് കൃത്രിമമാണ്

കൃത്രിമത്വം kRtRimatvaM *(nn),* artificiality; വളരെ കൃത്രിമത്വമുള്ള ഒരു നാടകമായിരുന്നു അത്

കൃത്രിമമായ kRətRimamaaya *(adj),* artifical; കൃത്രിമമായ മുഖം മൂടി വച്ചു അവൻ ജനങ്ങളെ കളിപ്പിച്ചു

കൃപ kRpa *(nn),* kindness; അയാളുടെ കൃപ കാരണമാണ് അനാഥരായ കുട്ടികൾ ജീവിച്ചു പോകുന്നത്

കൃമി kRmi *(nn),* worm; മണ്ണിൽ ധാരാളം കൃമികൾ വളരുന്നു

കൃശത kRSata *(nn),* leaness; അവളുടെ കൃശത മനോഹരമായിരുന്നു

കൃശൻ kRSan *(nn),* lean person; അയാൾ ഒരു കൃശനായിരുന്നു

കൃഷി kR$i *(nn),* agriculture; മാധവൻ കൃഷി ചെയ്യുന്നു

കൃഷി kRə$i *(nn),* cultivation; കൃഷിയാണ് ഇന്ത്യക്കാരുടെ പ്രധാനപ്പെട്ട തൊഴിൽ

കൃഷിക്കാരൻ kR$ikkaaran *(nn,comp),* farmer; മാധവന്റെ അച്ഛൻ കൃഷിക്കാരനായിരുന്നു

കൃഷിക്കാർ kRə$ikkaaR *(nn),* farmers; കൃഷിക്കാർ വയലിൽ വിത്തു വിതയ്ക്കുന്നു

കൃഷിചെയ്യ് kRə$iceyyə *(vi),* cultivate; കൃഷിക്കാരൻ വയലിൽ കൃഷിചെയ്യുന്നു

കൃഷിപ്പണി kR$ippaNi *(nn,comp),* farming; കേശവന് കൃഷിപ്പണി അറിയില്ല

കൃഷിഭൂമി kRə$ibhuumi *(nn,comp),* land used for cultivation; കൃഷിഭൂമി കർഷകനു വിട്ടുകിട്ടാൻസമരം നടത്തി

കൃഷിസ്ഥലം kRisthalaM *(nn,comp),* agricultural land; കൃഷിസ്ഥലത്തു വച്ച് ഞാൻ രാമനെ കണ്ടുമുട്ടി

കൃഷ്ണം kR$əNaM *(nn),* black colour; കൃഷ്ണവർണ്ണമുള്ള ആ പുഷ്പം ഞാൻ ആർക്കോ കൊടുത്തു

കൃഷ്ണൻ kR$Nan *(nn),* Sri krishna; കൃഷ്ണൻ ഭാരതീയ മനസ്സിലെ പ്രധാനപ്പെട്ട ആദിരൂപമാണ്

കൃഷ്ണപക്ഷം kR$əNapaK$aM *(nn,comp),* fort night of moon`s decrease; കൃഷ്ണപക്ഷത്തിലെ ഏതോ ഒരു രാവിൽ അയാൾ വന്നു

കൃഷ്ണപ്പരുന്ത് kR$əNapparuntə *(nn,comp)*, eagle; കൃഷ്ണപ്പരുന്ത് വളരെ പൊക്കത്തിൽ പറക്കുന്നു

കൃഷ്ണമണി kRə$NamaNi *(nn)*, eye ball; അയാളുടെ കൃഷ്ണമണികൾ വെളുത്തതായിരുന്നു

കൃഷ്ണമൃഗം kRə$NamRəgaM *(nn)*, antelope; കൃഷ്ണമൃഗം മനോഹരമായ ഒരു മൃഗമാണ്

കെഞ്ചൽ ke~cal *(nn)*, begging; അരവിന്ദ് ആരോടും കെഞ്ചലിനു പോയില്ല

കെഞ്ച് ke~cə *(vi)*, beg; അഷറഫ് അച്ഛനോട് കെഞ്ചിച്ചോദിച്ചു

കെടാവിളക്ക് keTaaviLakkə *(nn,comp)*, lamp which doesnot get extinguished; പുഷ്പ കെടാവിളക്കു കൊളുത്തി വച്ചു

കെടുകാര്യം keTukaaryaM *(nn,comp)*, damage; കെടുകാര്യം സംഭവിച്ചതിന് ആരും ഉത്തരവാദിത്തം ഏറ്റില്ല

കെടുതി keTuti *(nn)*, destruction; വെള്ളപ്പൊക്ക കെടുതിയിൽ പെട്ട് കേരളം കഷ്ടപ്പെടുന്നു.

കെടുത്ത് keTuttə *(vt)*, extinguish; രാധ വിളക്കു കെടുത്തി

കെടുത്ത് keTuttə *(vi)*, put out; വിളക്കു കെടുത്തുന്നു

കെടുമ്പ് keTumbə *(nn)*, putrified state; പലഹാരങ്ങൾക്ക് ഒരു കെടുമ്പുചുവ തോന്നുന്നു

കെടുമ്പ് keTumbə *(nn)*, jealous; അയാൾ കാറ് വാങ്ങിച്ചപ്പോൾ സുഹൃത്തിനു കെടുമ്പുണ്ടായി

കെട് keTə *(vi)*, become spoiled; ഇന്നലെ വാങ്ങിയ പഴങ്ങൾ കെട്ടുപോയി

കെട് keTə *(vi)*, extinguish; വിളക്ക് കെട്ടു

കെട്ട keTTa *(adj)*, spoilt; അയാൾ ഒരു കെട്ട മുട്ടയെടുത്ത് എറിഞ്ഞു

കെട്ടഴിക്ക് keTTaZikkə *(vb)*, untie; ഈ കെട്ടഴിച്ചു വിടൂ

കെട്ടിക്കൊടുക്ക് keTTkkoTukkə *(comp vb)*, give in marriage; അവളെ അയാൾക്കു കെട്ടിക്കൊടുത്തു

കെട്ടിക്ക് keTTikkə *(v caus)*, cause to tie; ബാലൻ മകനെക്കൊണ്ട് പശുവിനെ കെട്ടിച്ചു

കെട്ടിക്ക് keTTikkə *(vt)*, be married; രാധയെ കെട്ടിക്കാൻ പണമില്ലത്രേ

കെട്ടിച്ചമയ്ക്ക് keTTiccamykkə *(comp vb)*, fabricate; അനിൽ ഓരോ കഥകൾ കെട്ടിച്ചമയ്ക്കുന്നു

കെട്ടിഞ്ഞാത്ത് keTTi~~attə *(comp vb)*, hang the victim after murdering him; ആരോ രാമനെ കെട്ടിഞ്ഞാത്തി

കെട്ടിഞാന്ന് keTTi~~aannə *(vb, comn)*, commit suicide by hanging; പ്രകാശ് കെട്ടിഞാന്നി ചത്തു

കെട്ടിടം keTTiTaM *(nn)*, building; ആ കെട്ടിടത്തിന് ഉടമകളില്ല

കെട്ടിത്തൂക്ക് keTTituukkə *(vb, comp)*, hang anything up; ഞാൻ ഒരു ചിത്രം കെട്ടിത്തൂക്കി

കെട്ടിപ്പറയ് keTTippaRayə *(nn)*, build up stories; ബിജു ഒരോ കഥകൾ കെട്ടിപ്പറയുന്നു

കെട്ടിപ്പിടിക്ക് keTTippiTikkə *(comp vt)*, embrace; അമ്മ മകനെ കെട്ടിപ്പിടിച്ചു

കെട്ടിപ്പിടുത്തം keTTippiTuttaM *(nn,comp)*, embrace; ധൃത രാഷ്ട്രരരുടെ കെട്ടിപ്പിടുത്തത്തിൽ ഭീമന്റെ പ്രതിമ പൊടിഞ്ഞുതകർന്നു

കെട്ടിപ്പെറുക്ക് keTTippeRukkə *(comp vb)*, leave a house with bag and baggage; കേശവൻ എല്ലാം കെട്ടിപ്പെറുക്കി നാടുവിട്ടു

കെട്ടിമേയ് keTTimeeyə *(comp vb)*, thatch a house; മാധവൻ പുര കെട്ടി മേഞ്ഞു

കെട്ടിയടയ്ക്ക് keTTiyaTaykkə *(comp vb)*, put up fence; ബാലൻ വേലി കെട്ടിയടച്ചു

കെട്ടിയവൻ keTTiyavan *(nn,comp)*, husband; രാധയുടെ കെട്ടിയവനാണ് രവി

കെട്ടിയേല്പ്പിക്ക് keTTiyeelppikkə *(comp vb)*, entrust under compulsion; അച്ഛൻ എല്ലാ ജോലികളും രവിയുടെ തലയിൽ കെട്ടിയേൽപ്പിച്ചു

കെട്ടിവയ്ക്ക് keTTivaykkə *(comp vb)*, deposit; ഓഫീസിൽ പണം കെട്ടിവച്ചു

കെട്ടുകഥ keTTukaTha *(nn,comp)*, concocted story; രമ ഓരോ കെട്ടുകഥകൾ ഉണ്ടാക്കിപ്പറഞ്ഞു

കെട്ടുകല്യാണം keTTukalyaaNaM *(nn,comp)*, ceremony of tying thali in marriage; അയാളുടെ കെട്ടുകല്യാണത്തിന് വലിയ തിരക്കായിരുന്നു

കെട്ട് keTTə *(nn)*, tie a knot; അവൻ കയർ കൊണ്ടു കെട്ടി

കെട്ട് keTTə *(nn)*, bundle; അയാൾ ഒരു കെട്ടു കൊണ്ടുവന്നു

കെട്ട് keTTə *(vt)*, constuction; പുര കെട്ട് കഴിഞ്ഞില്ല

കെട്ട് keTTə *(vt)*, marry; അവളെ കെട്ടാൻ ആരോ വന്നു

കെട്ട് keTTə *(vt)*, remit (fees); ബാലൻ ഫീസു കെട്ടി

കെട്ട് keTTə *(vt)*, tie; കള്ളനെ തെങ്ങിനോട് ചേർത്തു കെട്ടി

കെട്ട് അയക്ക് keTTə ayaykə *(vb)*, loosen the knot; കെട്ടു അയച്ചുവിട്ടാൽ പശു ഓടിപ്പോകുമെന്നു ഞാൻ വിചാരിച്ചു

കെണി keNi *(nn)*, trap; അമ്മ എലിക്ക് കെണിവച്ചു

കെണിവയ്ക്ക് keNivaykkə *(vt),* entrap; അയാൾക്ക് എല്ലാവരും കെണിവച്ചു

കെൽപ്പ് kelppə *(nn),* strength; അയാൾക്ക് ഒന്നും ചെയ്യാനുള്ള കെല്പുണ്ടായിരുന്നില്ല

കേക keeka *(nn),* metre in dravidian versification; അയാൾ കേകവൃത്തത്തിൽ പദ്യമെഴുതി

കേക്ക് keekkə *(nn),* cake; അമ്മ കേക്ക് ഉണ്ടാക്കി

കേടുപറ്റ് keTupaRRə *(comp vb),* become defective; പുതിയ ടെലിവിഷന് എന്തോ കേടുപറ്റി

കേട് keeTə *(nn),* defect; അയാൾ പാത്രത്തിന്റെ കേടു നീക്കി

കേട് keeTə *(nn),* decay; കേടു പറ്റിയ ഒരു മാങ്ങയാണത്

കേട്ട keeTTa *(nn),* eighteenth lunar asterism; അനിലിന്റെ നക്ഷത്രം കേട്ടയാണ്

കേട്ടുകേഴ്വി keeTTukeeLvi *(nn,comp),* rumour; നാട്ടിൽ ഓരോ കേട്ടുകേഴ്വികൾ പരക്കുന്നു

കേഡി keeDi *(nn),* known criminal; ഹരി ഒരു കേഡിയാണത്രേ

കേദാരം keedaaraM *(nn),* fertile land; അദ്ദേഹം സൽഗുണങ്ങളുടെ കേദാരമായിരുന്നു

കേന്ദ്രം keendRaM *(nn),* centre; വൃത്തത്തിന്റെ കേന്ദ്ര ത്തിൽ ഒരു ബിന്ദുവരച്ചു

കേന്ദ്രം keendRaM *(nn),* central govt; കേന്ദ്രത്തിൽ നിന്ന് അറിയിപ്പുവന്നാൽ മാത്രമെ പോകാനാകൂ

കേന്ദ്രീകരണം keendRiikaraNaM *(nn),* centralisation; കേന്ദ്രീകരണത്തിനുവേണ്ടി ഞങ്ങൾ ശ്രമം നടത്തി

കേന്ദ്രീകരിക്ക് keendRiikarikkə *(vt),* centralise; അധികാരം ഒരാളിലേക്കു മാത്രം കേന്ദ്രീകരിക്കപ്പെട്ടിരിക്കുന്നു

കേമം keemam *(nn),* nice; ഇവിടെ എല്ലാം ബഹു കേമം തന്നെ

കേമത്തം keemattaM *(nn),* skill; സജിത്തിന്റെ കേമത്തം അംഗീകരിക്കപ്പെട്ടു

കേമൻ keeman *(nn),* expert; മാധവൻ കേമനാണത്രേ

കേരം keeraM *(nn),* coconut; കേരം നിറഞ്ഞ കേരളം

കേരളം keerLaM *(nn),* Kerala the land of Malayalees; കേരളം മലയാളികളുടെ മാതൃഭൂമിയാണ്

കേരളീയ keeraLiiya *(adj),* pertaining to Keralam; കേരളീയമായ ആചാരാനുഷ്ഠാനങ്ങൾ കേരളത്തിൽ പാലിക്കപ്പെടുന്നു

കേരളീയൻ keeraLiiyan *(nn),* native of Kerala; അയാൾ ഒരു തനി കേരളീയനാണ്

കേവല keevala *(adj),* absolute; കേവലമായ സ്വാതന്ത്ര്യം എന്നൊന്നില്ല

കേവലജ്ഞാനം keevalaj~aanaM *(nn,comp),* absolute knowledge; കേവലജ്ഞാനം ഒരു അമൂർത്ത സങ്കല്പമാണ്

കേവുവള്ളം keevuvaLLaM *(nn,comp),* freight boat; അയാൾ ഒരു കേവുവള്ളം കടലിലിറക്കി

കേശം keeSaM *(nn),* hair; അവളുടെ കേശം ചെമ്പിച്ച നിറമുള്ളതായിരുന്നു

കേശാദിപാദം keeSaadipaadaM *(adv),* from head to foot; രാജ്ഞിയെ കേശാദിപാദം കവി വർണ്ണിച്ചു

കേസരം keesaraM *(nn),* stamen of a flower; ചെമ്പരത്തിയുടെ കേസരത്തിന് മഞ്ഞനിറം ആയിരുന്നു

കേസരി keesari *(nn),* lion; കാടുഭരിച്ചത് കേസരിയാണ്

കേസ് keesə *(nn),* case; കേസ് രമ്യതയിൽ എത്തി

കേളികൊട്ട് keeLikoTTə *(nn,comp),* beating of drums etc before kathakali; കഥകളി തുടങ്ങും മുമ്പ് കേളി കൊട്ടാരംഭിച്ചു

കേളിയാട് keeLiyaaTə *(comp vb),* play; അവർ ഓരോ കേളിയാടി

കേളീഗൃഹം keeLiigRhaM *(nn,comp),* play house; രാജാവ് കേളി ഗൃഹത്തിലേക്ക് പ്രവേശിച്ചു

കേൾക്ക് keeLkkə *(vi),* hear; ഞാൻ പുറത്ത് വലിയ ശബ്ദം കേട്ടു

കേൾക്ക് kaLkkə *(vt),* listen; സീത പാട്ടു കേൾക്കുന്നു

കേൾവി keeLvi *(nn),* hear; വയസ്സാവുമ്പോൾ കേൾവി നഷ്ടപ്പെട്ടേക്കാം

കേഴ keeZa *(nn),* barking deer; കേഴമാൻ ഭയന്ന് ഓടി

കേഴ് keeZə *(vi),* request humbly; രാധ എപ്പോഴും കേഴുന്നു

കേറ് keeRə *(vi),* enter; ഇവിടെയെല്ലാം വെള്ളം കേറി

കേറ് keeRə *(vi),* board; അയാൾ തോണിയിൽ കേറി

കേറ്റം keeRRaM *(nn),* climbing (ascension); ഒരു കേറ്റം ഉണ്ടായാൽ ഇറക്കവും ഉണ്ടാകും

കേറ്റം keeRRaM *(nn),* ascent /sleep; വണ്ടി ഒരു കേറ്റത്തിൽ വച്ച് നിന്നു

കൈ kai *(nn),* hand; അവൾ കൈയ്യിൽ ഒരു വളയണിഞ്ഞു

കൈകടത്ത് kaikaTattə *(comp vb),* intrude into (poke one`s nose); അനാവശ്യകാര്യങ്ങളിൽ കൈകടത്തരുത്

കൈകണ്ട kaikaNTa *(adj),* most effective (proven, infalliable); തേൻ കൈകണ്ട ഔഷധമാണത്രേ

കൈകഴപ്പ് kaikaZappə *(nn,comp),* fatigue of the hand; എനിക്ക് വല്ലാത്ത കൈകഴപ്പ് അനുഭവപ്പെടുന്നു

കൈകഴുക് kaikaZukə *(comp vb),* wash one's hand; ഞാൻ ഭക്ഷണം കഴിക്കാൻ വേണ്ടി കൈകഴുകി

കൈകഴുക് kaikaZukə *(comp vb),* abandon for ever; അയാൾ ഒടുവിൽ കൈകഴുകി

കൈകാട്ട് kaikaattə *(comp vb),* show a gesture; അയാൾ കൈകാട്ടി ഇങ്ങോട്ടു വരാൻ പറഞ്ഞു

കൈകാര്യം ചെയ്യ് kaikaaryaM ceyyə *(vb, comp),* under take; അവൻ കല്യാണത്തിന്റെ കാര്യങ്ങൾ കൈകാര്യം ചെയ്തു

കൈകാര്യം ചെയ്യ് kaikaaryaM ceyyə *(nn,comp),* deal with; മധുവിന്റെ കാര്യങ്ങൾ എല്ലാം അധ്യാപകൻ കൈകാര്യം ചെയ്തു

കൈകുലുക്ക് kaikulukkə *(comp vb),* shake hands; അയാൾ എന്റെ കൈകുലുക്കി

കൈകൂപ്പ് kaikuuppə *(comp vb),* salute with folded hands; മന്ത്രി കൈകൂപ്പി ജനങ്ങളെ പ്രത്യഭിവാദ്യം ചെയ്തു

കൈകൊടുക്ക് kaikoTukkə *(comp vb),* shake hands with; പ്രകാശ് സജീവിനു കൈകൊടുത്തു

കൈകൊട്ടിക്കളി kaikoTTikkaLi *(nn,comp),* game of dance to the accompaniment of clapping of hands and songs; രാധയും സംഘവും കൈകൊട്ടിക്കളി നടത്തി

കൈകൊട്ട് kaikoTTə *(comp vb),* clap; കുട്ടികൾ ഉച്ചത്തിൽ കൈകൊട്ടി

കൈകോർത്തുപിടിക്ക് kaikooRttəpiTikkə *(comp vb),* clasp the hand together; നവമിഥുനങ്ങൾ കൈ കോർത്തു പിടിച്ച് നടന്നു

കൈക്കടം kaikkaTaM *(nn,comp),* temporary loan; അനിൽ മാധവനോട് കൈക്കടം വാങ്ങി

കൈക്കണക്ക് kaikkaNakkə *(nn,comp),* short account; അയാളുടെ കൈക്കണക്ക് കൈമോശം വന്നു

കൈക്കത്തി kaikkatti *(nn,comp),* small handy knife; അമ്മ കൈക്കത്തികൊണ്ട് പഴം മുറിച്ചു

കൈക്കരുത്ത് kaikkaruttə *(nn,comp),* strength of the hands; അയാളുടെ കൈക്കരുത്തു കൊണ്ട് അവൾ രക്ഷപ്പെട്ടു

കൈക്കലാക്ക് kaikkalaakkə *(vt),* bring under control; രാജാവ് അയൽ രാജ്യത്തെ കൈക്കലാക്കി

കൈക്കാരൻ kaikkaaran *(nn,comp),* custodian of church properties; അയാൾ പള്ളിയിലെ കൈക്കാരനായിരുന്നു

കൈയ്ക്ക് kaikkə *(vi),* taste bitter or pungent; പാവയ്ക്ക കയ്ക്കും

കൈക്കുഞ്ഞ് kaikku~~ə *(nn, comn),* tender baby carried in arms; ഉത്തര കൈക്കുഞ്ഞിനെയുമെടുത്ത് ധർമ്മപുത്രരുടെ അടുത്ത് വന്നു

കൈക്കുറ്റപ്പാട് kaikkuRRappaaTə *(nn,comp),* hand work; മധുവിന്റെ കൈക്കുറ്റപ്പാടാണിത്

കൈക്കൂലി kaikuuli *(nn),* bribe; അയാൾ കൈക്കൂലി വാങ്ങിയത്രേ

കൈക്കൊള്ള് kaikkoLLə *(comp vb),* accept; അയാൾ ആ സമ്മാനം കൈക്കൊണ്ടില്ല

കൈക്കോടാലി kaikkooTaali *(nn,comp),* small axe; കേശവൻ കൈക്കോടാലികൊണ്ട് വിറകുവെട്ടി

കൈക്കോട്ട് kaikkooTTə *(nn,comp),* hoe; ഹരി കൈക്കോട്ടു കൊണ്ട് മണ്ണു നീക്കി

കൈത kaita *(nn),* pandanus tree; ഞങ്ങളുടെ വേലിക്കരികെ ഒരു കൈത നിൽക്കുന്നു

കൈതച്ചക്ക kaitaccakka *(nn,comp),* pine apple fruit; കൈതച്ചക്കയാണ് ലളിതയ്ക്കിഷ്ടമുള്ള പഴം

കൈതൊഴ് kaitoZə *(nn,comp),* salute with folded hands; കല ക്ഷേത്രത്തിനു മുമ്പിൽ കൈതൊഴുത് നിന്നു

കൈത്തണ്ട് kaittaNTə *(nn,comp),* fore arm; ശകുന്തള കുടം ചെരിച്ചപ്പോൾ കൈത്തണ്ടുവിറച്ചു

കൈത്തലം kaittalaM *(nn,comp),* palm of the hand; അയാളുടെ കൈത്തലത്തിൽ തഴമ്പുകളുണ്ടായിരുന്നു

കൈത്തിരി kaittiri *(nn,comp),* small light; ഇരുട്ടിൽ ഒരു കൈത്തിരി കൊളുത്തി വയ്ക്കൂ

കൈത്തൊഴിൽ kaittoZil *(nn,comp),* handy crafts; കൈത്തൊഴിൽ വളർന്നാൽ മാത്രമേ ഗ്രാമങ്ങൾ രക്ഷപ്പെടൂ

കൈത്തോക്ക് kaittookkə *(nn,comp),* pistol; അയാൾ ഒരു കൈത്തോക്കുചൂണ്ടി ഭീഷണിപ്പെടുത്തി

കൈനഖം kainakhaM *(nn,comp),* finger nail; കൈനഖം വെട്ടിക്കളയാൻ സതീഷിനോട് അമ്മ പറഞ്ഞു

കൈനാറി kainaaRi *(nn),* fragrant flower plant; കൈനാറിയുടെ ചുവട്ടിൽ കളകൾ വളർന്നു നിൽക്കുന്നു.

കൈനീട്ടം kainiiTTaM *(nn,comp),* first gift (the first sale); അമ്മാവൻ വിഷുവിന് കൈനീട്ടം തന്നു

കൈനീട്ടം kainiiTTaM *(nn,comp),* extending the hand; കുട്ടിയുടെ കൈനീട്ടം കണ്ട് എല്ലാവരും പണം കൊടുത്തു

കൈനീട്ട് kainiiTTə *(nn,comp),* extend the hand; അയാൾ സഹായിക്കുവാൻ വേണ്ടി കൈനീട്ടി

കൈനോട്ടം kainooTTaM *(nn,comp),* palmistry; അയാൾക്ക് കൈനോട്ടം അറിയാമായിരുന്നു

കൈനോട്ടക്കാരൻ kainooTTakkaaran *(nn,comp),* palmist; കൈനോട്ടക്കാരൻ കൈനോക്കി ഫലം പറഞ്ഞു

കൈപ്പിടി kaippiTi *(nn,comp),* handle; പാത്രത്തിന്റെ കൈപ്പിടി ഒടിഞ്ഞുപോയി

കയ്പ്പക്ക kaippakka *(nn),* bitter gourd; കയ്പയ്ക്ക പ്രമേഹ രോഗികൾക്കു നല്ലതാണ്

കൈപ്പട kaippaTa *(nn,comp),* hand writing; അവളുടെ കൈപ്പട അയാൾക്കറിയാമായിരുന്നു

കൈപ്പടം kaippaTaM *(nn,comp),* back of the hands; മാമന്റെ കൈപ്പടത്തിൽ മുറിവുപറ്റി

കൈപ്പത്തി kaippatti *(nn,comp),* palm; അയാൾക്ക് കൈപ്പത്തി നഷ്ടപ്പെട്ടു

കൈപ്പിഴ kaippiZa *(nn,comp),* mistake; ഗൃഹപ്പിഴ വരുമ്പോൾ കൈപ്പിഴ വരുന്നു

കൈപ്പുണ്യം kaippuNyaM *(nn,comp),* luck; അയാൾ നല്ല കയ്പ്പുണ്യമുള്ള ഡോക്ടറാണ്

കൈമടക്കം kaimaTakkaM *(nn,comp),* bribe; അയാൾ ഓഫീസർക്ക് കൈമടക്കം കൊടുത്തു

കൈമണിഅടിക്ക് kaimaNiaTikkə *(vt),* do sycophancy; അവൻ ആരെയും കൈമണി അടിക്കാറില്ല

കൈമാറ് kaimaaRə *(comp vb),* exchange hands; വധൂവരൻമാർ പൂമാല കൈമാറി

കൈമാറ് kaimaaRə *(comp vb),* alienate property; അച്ഛൻ വസ്തു മറ്റൊരാൾക്കു കൈമാറി

കൈമാറ്റം kaimaaRRaM *(nn,comp),* transfer of property; വസ്തു വിന്റെ കൈമാറ്റം നടന്നതിന്റെ രേഖകൾ നഷ്ടപ്പെട്ടു

കൈമിടുക്ക് kaimiTukkə *(nn,comp),* dexterity; അവളുടെ കൈമിടുക്കുകൊണ്ടാണ് അതു വിജയിച്ചത്

കൈമുട്ട് kaimuTTə *(nn,comp),* elbow; അവളുടെ കൈമുട്ടുകൾ വേദനിക്കുന്നു

കൈമുതൽ kaimutal *(nn,comp),* personal property; അയാളുടെ കൈമുതൽ എല്ലാം നഷ്ടമായി

കൈമോശം kaimooSaM *(nn,comp),* loss; മധുവിന്റെ പണമെല്ലാം കൈമോശം വന്നു

കൈയക്ഷരം kaiyak$araM *(nn,comp),* hand writing; ഉഷയുടെ കൈയക്ഷരം നല്ലതാണ്

കൈയാങ്കളി kaiyyaaŋkaLi *(nn,comp),* hand fight; ഒടുവിൽ കൈയാങ്കളി അവസാനിച്ചു

കൈയാല kaiyaala *(nn),* mud wall around a compound; അയാൾ കൈയാലയുടെ മുകളിൽ കയറിനിന്നു

കൈയിട് kaiyyiTə *(comp vb),* interfere; അനാവശ്യകാര്യങ്ങളിൽ കൈയിടരുത്

കൈയുറ kaiyuuRa *(nn,comp),* gloves; അയാൾ കൈയുറ ധരിച്ചിട്ടുണ്ടായിരുന്നു

കൈയൂക്ക് kaiyuukkə *(nn,comp),* strength of hand; കൈയൂക്കുള്ളവൻ കാര്യക്കാരൻ

കൈയെഴുത്ത് kaiyeZuttə *(nn,comp),* hand written (document); പ്രമാണം കൈയെഴുത്തിൽ ആണ്

കൈയെഴുത്തുപ്രതി kaiyeZuttupRati *(nn,comp),* manuscript; നോവലിസ്റ്റ് കൈയെഴുത്തു പ്രതി അയച്ചു കൊടുത്തു

കൈയേല്ക്ക് kaiyeelkkə *(comp vb),* undertake responsibility; രമേശ് അതു കൈയേൽക്കാൻ തയ്യാറായില്ല

കൈയോങ്ങ് kaiyooŋŋə *(comp vb),* start violation with hands; ദേഷ്യത്തോടെ രമേശ് കൈയോങ്ങി

കൈയോടെ kaiyooTe *(adv),* on the spot; കള്ളനെ കൈയോടെ പിടി കൂടി

കൈരളി kairaLi *(nn),* related to kerala; കഥകളി കൈരളിയുടെ സ്വന്തമാണ്

കൈരേഖ kaireekha *(nn,comp),* lines on the palm; കൈനോട്ടക്കാരൻ കൈരേഖ നോക്കി

കൈലേസ് kaileesə *(nn),* handkerchief; അവൾ കൈലേസു കൊണ്ട് മുഖം തുടച്ചു

കൈവണ്ടി kaivaNTi *(nn,comp),* hand cart; ഒരു കൈവണ്ടിയിൽ കയറ്റി സാധനങ്ങൾ കൊണ്ടു വന്നു

കൈവയ്ക്ക് kaivaykkə *(nn,comp),* manhandle; ആരോ അവന്റെ മേൽ കൈവച്ചിട്ടുണ്ട്

കൈവയ്ക്ക് kaivykkə *(nn,comp),* engage in; അവൻ കൈ വച്ചപ്പോഴേ നാശം തുടങ്ങി

കൈവരുത്ത് kaivaruttə *(vb, comp),* obtain; എല്ലാ ക്ഷേമങ്ങളും കൈവരുത്തുമാറാകട്ടെ

കൈവശം kaivaSaM *(nn),* possession; കൈവശമുള്ള ഭൂമിക്ക് പട്ടയം കിട്ടി

കൈവശക്കാരൻ kaivaSakkaaran *(nn,comp),* possessor; കൈവശക്കാരൻ സ്ഥലം ഒഴിഞ്ഞു കൊടുത്തില്ല

കൈവായ്പ kaivaaypa *(nn,comp),* informal loan; അയാൾ പലരോടും കൈവായ്പ വാങ്ങിച്ചിട്ടുണ്ട്

കൈവിട് kaiviTə *(comp vb),* forsake; അയാളെ എല്ലാവരും കൈവിട്ടു

കൈവിഷം kaivi$aM *(nn,comp),* mysterious poison; ആരോ അവൾക്കു കൈവിഷം കൊടുത്തതാണത്രേ

കൈവേല kaiveela *(nn,comp),* handicraft; കൈ വേലകൾ കൊണ്ടു പല കൌതുക വസ്തുക്കളും ഉണ്ടാക്കുന്നു

കൊക്ക് kokkə *(nn),* crane; വയലിൽ കുറെ കൊക്കുകൾ വന്നിരിക്കുന്നു

കൊക്ക് kokkə *(nn),* beak of a bird; പക്ഷിയുടെ കൊക്കിൽ മുള്ളുടക്കി

കൊക്ക kokka *(nn),* hook; അയാൾ ഒരു കൊക്ക കൊണ്ട് പഴം പറിച്ചു

കൊക്കക്കുര kokkakkura *(nn),* whooping cough; കുട്ടിക്ക് കൊക്കക്കുര എന്ന അസുഖം വന്നു

കൊക്കോ kokkoo *(nn),* cocoatan american tree; എല്ലാവരും കൊക്കോ വെട്ടി നശിപ്പിച്ചുകളഞ്ഞു

കൊക്കപ്പുഴു kokkappuZu *(nn,comp),* hook worm; വയറ്റിൽ കൊക്കപ്പുഴുവിന്റെ ഉപദ്രവമുണ്ടായി

കൊങ്ങ koṉṉa *(nn),* throat; അയാൾ അവന്റെ കൊങ്ങയ്ക്കു പിടിച്ചു

കൊച്ച kocca *(nn),* crane; വയലിൽ ഒരു കൊച്ചയെ കണ്ടു

കൊച്ച kocca *(nn),* stammering; അവന് സംസാരിക്കുമ്പോൾ കൊച്ചയുണ്ട്

കൊച്ചങ്ങ(മച്ചിങ്ങ) koccaṉṉa (macciṉṉa) *(nn),* coconut fruit formed after flowering; തെങ്ങിൽ നിന്ന് ഒരു കൊച്ചങ്ങ വീണു

കൊച്ച് koccə *(nn),* child; അമ്മ തന്റെ കൊച്ചിനേയുമെടുത്തു കൊണ്ട് നടന്നു

കൊച്ചുവാക്ക് koccuvaakkə *(nn),* child's prattle; അവൻ എപ്പോഴും കൊച്ചുവാക്കുകൾ പറയുന്നു

കൊഞ്ച് ko~cə *(vi),* fondle; അവൾ കൊഞ്ചുന്നത് കേൾക്കാറുണ്ട്

കൊഞ്ച് ko~cə *(vi),* prawn; ഇന്ന് കൊഞ്ച് മീൻ കൊണ്ട് കറിയുണ്ടാക്കി

കൊഞ്ചൽ ko~cal *(nn),* prattle; കുട്ടിയുടെ കൊഞ്ചൽ മാറിയിട്ടില്ല

കൊഞ്ചുംമൊഴി ko~cuMmoZi *(nn,comp),* sweet talking lady; അവൾ ഒരു കൊഞ്ചും മൊഴിയാണ്

കൊഞ്ഞ ko~~a *(nn),* stuttering; മധുവിന് സംസാരിക്കുമ്പോൾ കൊഞ്ഞയുണ്ടാവാറുണ്ട്

കൊഞ്ഞനം ko~~anaM *(nn),* mockery; പ്രദീപ് അനുജനെ കൊഞ്ഞനം കാട്ടി

പെൺകൊട koTa *(nn),* marriage of namputhiri girls; സുധ പെൺകൊടയുടെ സമയത്ത് വന്നില്ല

കൊടന്ന koTanna *(nn),* measure handful; വിനോദ് ഒരു കൊടന്ന വെള്ളം കൊണ്ടുവന്നു

കൊടി koTi *(nn),* flag; ഹെഡ്മാസ്റ്റർ കൊടി ഉയർത്തി

കൊടി koTi *(nn),* creeper; വെറ്റില കൊടി ഇട്ടു

കൊടി koTi *(nn),* peak; മലയുടെ കൊടിയിൽ അവൻ കയറി

കൊടിക്കീഴ് koTikkiiZə *(adv),* under a power; രാജാവ് അയൽരാജ്യത്തെ തന്റെ കൊടിക്കീഴിൽ കൊണ്ടുവന്നു

കൊടിക്കൂറ koTikkuuRa *(nn,comp),* cloth of the flag; ഭാരതത്തിന്റെ കൊടിക്കൂറ പാറിക്കളിക്കുന്നു

കൊടിച്ചി koTicci *(nn),* bitch (prostitute); അവൾ ഒരു കൊടിച്ചിയാണത്രേ

കൊടിച്ചി koTicci *(nn),* female dog; കൊടിച്ചിപ്പട്ടിയുടെ പിന്നാലെ കുറെ നായകൾ നടക്കുന്നു

കൊടിനാട്ട് koTinaaTTə *(comp vb),* fix a flag as a symbol; ടെൻസിംഗും ഹിലാരിയും എവറസ്റ്റിൽ കൊടിനാട്ടി

കൊടിമരം koTimaraM *(nn,comp),* flag staff; കൊടിമരത്തിൽ കൊടി പകുതി താഴ്ത്തി കെട്ടിയിരിക്കുന്നു

കൊടിയ koTiya *(adj),* severe; കൊടിയ വരൾച്ചയുടെ കെടുതികൾ ജനങ്ങൾ അനുഭവിക്കുന്നു

കൊടിയേറ്റം koTiyeeRRaM *(nn,comp),* flag hoisting; ക്ഷേത്രത്തിൽ കൊടിയേറ്റം കഴിഞ്ഞു

കൊടും koTuM *(adj, pfx),* severe; കൊടും തണുപ്പത്ത് ഞങ്ങൾ വിറച്ചിരുന്നു

കൊടുക്കൽ വാങ്ങൽ koTukkalavaaṅṅal *(nn,comp),* transactions; ഞങ്ങൾ തമ്മിൽ ഇപ്പോൾ കൊടുക്കൽ വാങ്ങലൊന്നും നടക്കാറില്ല

കൊടുക്ക് koTukkə *(vt)*, give; മധു ഹരിക്ക് ഒരു പുസ്തകം കൊടുക്കുന്നു

കൊടുങ്കാട് koTuŋkaaTə *(nn,comp)*, thick forest; കൊടുങ്കാട്ടിൽ അവർ ഒറ്റയ്ക്കു നടന്നു

കൊടുങ്കാറ്റ് koTumŋkaaRRə *(nn,comp)*, storm; കൊടുങ്കാറ്റിൽപെട്ട് അവിടുത്തെ വീടുകൾ തകർന്നു

കൊടുമ്പിരികൊള്ള് koTummbirikoLLə *(comp vb)*, be driven into a hazardous situation; ഇപ്പോൾ ചില വിവാദങ്ങൾ കൊടുമ്പിരിക്കൊണ്ടിരിക്കുന്നു

കൊടുപ്പിക്ക് koTuppikkə *(vt)*, cause to give; മധു രവിയെക്കൊണ്ട് സുരേഷിന് പുസ്തകം കൊടുപ്പിച്ചു

കൊടുമുടി koTumuTi *(nn)*, peak of a mountain; കൊടുമുടി കയറിയവർ പലരും ഇടയ്ക്കു വച്ച് അപകടത്തിൽപെട്ടു

കൊടുമുടി koTumuTi *(nn)*, peak; ടെൻസിംഗും ഹിലാരിയും ആദ്യമായി എവറസ്റ്റ് കൊടുമുടി കീഴടക്കി

കൊടുവാൾ koTuvaaL *(nn)*, chopper; അനിൽ കൊടുവാൾകൊണ്ട് വിറകുവെട്ടി

കൊടുവെയിൽ koTumveyil *(nn,comp)*, intense heat; ഞങ്ങൾ രണ്ടുപേരും കൊടുവെയിലിൽ നടന്നു

കൊട്ട, (കൂട്ട) koTTa (kuTTa) *(nn)*, basket; അമ്മ ഒരു കൊട്ടയിൽ പഴങ്ങൾ നിറച്ചു

കൊട്ടടയ്ക്ക koTTaTykka *(nn,comp)*, dry or dried tender arecanut; ഞാൻ ഒരു കൊട്ടടയ്ക്ക രണ്ടായി മുറിച്ചു

കൊട്ടാരം koTTaaraM *(nn)*, palace; രാജാവ് കൊട്ടാരത്തിൽ നിന്നു പുറത്തേക്കു വന്നു

കൊട്ടിനോക്ക് koTTinookkə *(nn,comp)*, examine by knocking; അമ്മ കലം വാങ്ങി കൊട്ടിനോക്കി

കൊട്ടിപ്പുറത്താക്ക് koTTippuRattaakkə *(comp vb)*, drive out; കോഴികളെ കൂട്ടിൽ നിന്ന് കൊട്ടിപ്പുറത്താക്കി

കൊട്ടിയറിയിക്ക് koTTiyaRiyikkə *(nn,comp)*, proclaim by beating of drums; രാജാവിന്റെ വിജയം എല്ലാവരേയും കൊട്ടിയറിയിച്ചു

കൊട്ടുവടി koTTuvaTi *(nn)*, beaten; ആശാരി കൊട്ടുവടി കൊണ്ട് കൊട്ടുന്നു

കൊട്ട് koTTə *(vt)*, beat; അമ്പലത്തിൽ ചെണ്ടയുടെ കൊട്ട് കേൾക്കുന്നു

കൊണ്ട koNTa *(nn)*, tuft of hair worn on one side of the head; രാധയുടെ തലയില് കൊണ്ട കെട്ടിയിട്ടുണ്ടായിരുന്നു

കൊണ്ടകെട്ട് koNTakeTTə *(comp vb),* tie hair into a tuft; രാധ കൊണ്ടകെട്ടുന്നു

കൊണ്ടൽ koNTal *(nn),* cloud; മാനത്ത് കൊണ്ടൽ നിറഞ്ഞിരിക്കുന്നു

കൊണ്ടാട് koNTaaTTə *(vi),* celebrate; ഞങ്ങളുടെ നാട്ടിൽ ഇപ്പോൾ ഉത്സവം കൊണ്ടാടുന്നു

കൊണ്ടിരിക്ക് koNTirikkə *(vi),* be touching each others; ആ മരക്കട്ട പലകയോട് കൊണ്ടിരിക്കുന്നു

കൊണ്ടുനടക്ക് koNTunaTakkə *(comp vb),* accompany; അയാൾ ഒരു സ്നേഹിതയെ കൊണ്ടുനടക്കുന്നു

കൊണ്ടുപിടിക്ക് koNTupiTikkə *(comp vb),* lay hold of or become extremely grand; അവിടെ കൊണ്ടുപിടിച്ച ചർച്ച നടക്കുന്നു

കൊണ്ടുവർ koNTuvarə *(comp vb),* bring; ഒരു പാത്രം കഞ്ഞി കൊണ്ടുവരൂ

കൊണ്ട് koNTə *(in),* by; കത്തി കൊണ്ട് പഴം മുറിച്ചു

കൊണ്ട് koNTə *(in),* because of; അവനെക്കൊണ്ട് എല്ലാവർക്കും വിഷമമാണ്

കൊതുമ്പ് kotumbə *(nn),* stalk of coconut; തെങ്ങിന്റെ കൊതുമ്പ് തീ കത്തിക്കാൻ ഉപയോഗിക്കും

കൊതി koti *(adj, pfx),* severe greed; അന്ത്രപിന് ഇപ്പോഴും കൊതിയാണ്

കൊതികിട്ട് kotikiTTə *(comp vb),* be affected by other's greediness; കൊതികിട്ടുമെന്ന് അമ്മ പറഞ്ഞു

കൊതിയൻ kotiyan *(nn),* greedy man; അവൻ ഒരു കൊതിയനാണ്

കൊതിവിട് kotiviTə *(comp vb),* be greedy; കുട്ടി എപ്പോഴും കൊതി വിടുന്നു

കൊതുകുവല kotukuvala *(nn,comp),* mosquito net; എന്റെ കൊതുകു വല കീറിപ്പോയി

കൊതുക് kotukə *(nn),* mosquito; ഇവിടെ കൊതുക് ശല്യം കൂടുതലാണ്

കൊതുമ്പുവള്ളം kotumbuvaLLaM *(nn,comp),* small country boat; രാജൻ ഒരു കൊതുമ്പു വള്ളം ഉണ്ടാക്കി

കൊത്തൻചക്ക kottancakka *(adj),* unripe jackfruit; ഇന്നലെ വാങ്ങിയ ചക്ക കൊത്തൻചക്കയായിരുന്നു

കൊത്തങ്കല്ല് kottaṉkallə *(nn,comp),* game with pebbles; അവൾ വീട്ടിലിരുന്ന് കൊത്തങ്കല്ല് കളിച്ചു

കൊത്തൻ kottan *(nn),* stone mason; ഇന്നലെ ഒരു കൊത്തൻ ഇവിടെ വന്നു

കൊത്തമല്ലി kottamalli *(nn)*, coriander; അമ്മ കൊത്തമല്ലി ഉണക്കാനിട്ടു

കൊത്തളം kottaLaM *(nn)*, bulwark; കോട്ടയുടെ കൊത്തളങ്ങൾ മലർക്കെ തുറന്നിട്ടു

കൊത്തിക്ക് kottikkə *(vt)*, engrave or cut; വീട്ടിനടുത്തേക്കു ഒരു കൽനട കൊത്തിച്ചു

കൊത്തിവിരിക്ക് kottivirikkə *(comp vb)*, hatch; കോഴി മുട്ട കൊത്തി വിരിക്കുന്നു

കൊത്തിവിളിക്ക് kottiviLikkə *(comp vb)*, beckon the chicks by mother hen; കോഴി കുഞ്ഞുങ്ങളെ കൊത്തി വിളിച്ചു

കൊത്തുവാൾ kottuvaaL *(nn,comp)*, kind of dagger for cutting logs; അമ്മ കൊത്തുവാൾ കൊണ്ട് വിറകു കീറി

കൊത്ത് kottə *(nn)*, peck with the beak; മരം കൊത്തി മരത്തിൽ കൊത്തി

കൊത്ത് kottə *(vt)*, carve; ശില്പി ശില്പം കൊത്തി

കൊന്ത konta *(nn)*, rosary; പാതിരി കൊന്ത ജപിച്ചു കൊണ്ടിരിക്കുന്നു

കൊന്രൻ kontRan *(adj)*, uneven; അവൻ ഒരു കൊന്രൻ പല്ലനാണ്

കൊന്ന konna *(nn)*, cassia fistula; കൊന്ന പൂത്തു

കൊമ്പൻ komban *(adj)*, horned shark; കൊമ്പൻ സ്രാവ് വെള്ളത്തിലൂടെ ഊളിയിട്ടു വന്നു

കൊമ്പൻ komban *(adj)*, male elephant; കൊമ്പനാനയുടെ മുകളിൽ മൂർത്തിയെ വച്ചു എഴുന്നള്ളിപ്പു നടത്തി

കൊമ്പുകുത്തിക്ക് kombukuttikkə *(comp vb)*, defeat thoroughly; ഒടുവിൽ അയാൾ ആനയെ കൊമ്പുകുത്തിച്ചു

കൊമ്പ് kombə *(nn)*, musical instrument; കൊമ്പും കുറുകുഴലും ശബ്ദമുയർത്തി

കൊമ്പ് kombə *(nn)*, tusk of an animal; ആനയുടെ കൊമ്പ് മുറിച്ചെടുത്തു

കൊമ്പ് kombə *(nn)*, branch; കുട്ടികൾ കൊമ്പ് പിടിച്ചു വലിക്കുന്നു

കൊപ്ര kopRa *(nn)*, copra- the dried kernel of the coconut, seperated from the shell; അയാൾ ഒരു കൊപ്ര കടിച്ചു നോക്കി

കൊയ്ത്ത് koyttə *(nn)*, harvest; കൊയ്ത്ത് കഴിഞ്ഞു ഇനി വയലുകൾക്കു വിശ്രമമാണ്

കൊയ്യ് koyyə *(vt)*, reap harvest; കൃഷിക്കാർ നെല്ലുകൊയ്യുന്നു

കൊരണ്ടി koraNTi *(nn)*, foot stool; അമ്മ ഒരു കൊരണ്ടിയിൽ ഇരുന്നു

കൊരുക്ക് korukkə *(vi)*, string the beads; രാധ മൂത്ത് കൊരുക്കുന്നു

കൊല kola *(nn)*, killing; കൊല നടക്കുമ്പോൾ രാത്രി രണ്ടുമണിയായിരുന്നു

കൊലക്കയറ് kolakkayaRə *(nn,comp)*, rope used for execution; കൊലയാളിയെ കൊലക്കയറിലേറ്റി

കൊലക്കളം kolakkaLaM *(nn,comp)*, place of execution; ആ കൊലക്കളത്തിൽ വച്ച് രണ്ടു ജീവൻ പാഴായി

കൊലച്ചോറ് kolaccooRə *(nn,comp)*, food served to a condemned prisoner before execution; അയാൾ കൊലച്ചോറ് തട്ടിത്തെറിപ്പിച്ചു

കൊലപാതകം kolapaatakaM *(nn)*, murder; കൊലപാതകത്തിനു സാക്ഷിപറയാൻ ആരുമുണ്ടായിരുന്നില്ല

കൊലപാതകി kolpaataki *(nn)*, murderer; കൊലപാതകി കൊല കഴിഞ്ഞ് രക്ഷപ്പെട്ടു

കൊലയാന kolayaana *(nn,comp)*, killer elephant; ഗുരുവായൂർ കേശവൻ ഒരു കൊലയാനയല്ലായിരുന്നു

കൊലുസ്സ് kolussə *(nn)*, kind of gold or silver anklet; സീത കാലിൽ കൊലുസ്സിട്ടു

കൊല്ലക്കുടി kollakkuTi *(nn,comp)*, house of blacksmith; കൊല്ല ക്കുടിയിൽ സൂചി വില്ക്കാൻ ഒരുങ്ങുന്നു

കൊല്ലൻ kollan *(nn)*, black smith; മാധവൻ ഒരു കൊല്ലനായിരുന്നു

കൊല്ലപ്പെട് kollappeTə *(vt)*, be killed; രാവണൻ രാമനാൽ കൊല്ലപ്പെട്ടു

കൊല്ലാക്കൊല kollaakkola *(nn,comp)*, heavy torment; ആ പാവം ജീവിയെ എന്തിനു കൊല്ലാക്കൊല ചെയ്യുന്നു

കൊല്ലി kolli *(nn)*, valley; ഒരു കൊല്ലിയുടെ അടുത്താണ് ഞങ്ങൾ നിന്നിരുന്നത്

കൊല്ലിക്ക് kollikkə *(vt)*, cause to kill; സുഗ്രീവൻ രാമനെക്കൊണ്ട് ബാലിയെ കൊല്ലിച്ചു

കൊല്ല് kollə *(vt)*, kill; രാമൻ രാവണനെ കൊന്നു

കൊസ്രാക്കൊള്ളി kosRaakkoLLi *(nn)*, mischief maker; സുഹറ ഒരു കൊസ്രാക്കൊള്ളിയാണ്

കൊളുത്ത് koLuttə *(vt)*, kindle fire to light; രാധവിളക്കു കൊളുത്തി

കൊളുത്ത് koLuttə *(vb)*, bolt with hook; മധു ഷർട്ട് ഒരു ആണിയിൽ കൊളുത്തിട്ടു

കൊളുത്ത് koLuttə *(nn)*, hook; ജനലിന്റെ കൊളുത്ത് പറിഞ്ഞുപോയി

കൊളുത്ത് koLuttə *(nn),* latch; വാതിലിലെ കൊളുത്ത് ഇട്ടു

കൊള്ള koLLa *(nn),* plunder; ബാങ്കിൽ ഇന്നലെ കൊള്ള നടന്നു

കൊള്ളകൊടുക്ക koLLakoTukka *(nn,comp),* business transaction; രണ്ടു രാജ്യങ്ങളും കൊള്ളകൊടുക്ക നിർത്തി വച്ചു

കൊള്ളക്കാരൻ koLLakkaaran *(nn),* plunderer; കൊള്ളക്കാരൻ ബാങ്ക് കവർച്ച ചെയ്തു

കൊള്ളമുതൽ koLLamutal *(nn),* booty; അവർ കൊള്ളമുതൽ പങ്കുവച്ചു

കൊള്ളരുതാത്ത koLLarutaatta *(adj),* heinous; കൊള്ളരുതാത്ത പ്രവൃത്തികൾ ചെയ്തുവെന്ന് രാമന്റെ മേൽ കുറ്റം ചുമത്തപ്പെട്ടു

കൊള്ളാം koLLaaM *(in),* fine; കൊള്ളാം! നല്ല കാര്യം

കൊള്ളി koLLi *(nn),* fire brand; അമ്മ ഒരു തീക്കൊള്ളിയെടുത്തു

കൊള്ളി koLLi *(nn),* tapioca; അമ്മ കൊള്ളി പാകം ചെയ്യുന്നു

കൊള്ളിയാൻ koLLiyaan *(nn),* lightening; ഒരു കൊള്ളിയാൻ മിന്നിയതു കണ്ട് അവൻ ഭയന്നു പോയി

കൊള്ളിവാക്ക് koLLivaakkə *(nn,comp),* taunting; എപ്പോഴും കൊള്ളി വാക്കുകൾ പറയുന്നു

കൊള്ളുക koLLə *(vt),* accept; അയാൾ ഒരു പുസ്തകം വാങ്ങി കൊണ്ടു വന്നു

കൊഴിച്ചിൽ koZiccil *(nn),* falling off; മരത്തിൽ ഇലകൊഴിച്ചിൽ നിന്നു

കൊഴിഞ്ഞുപോക് koZi~~upookə *(vt),* fall off; ഗ്രീഷ്മകാലത്ത് മരങ്ങളിലെ ഇലകളെല്ലാം കൊഴിഞ്ഞു പോകുന്നു

കൊഴിയ് koZiyə *(vi),* wither; മരത്തിൽ ഇലകൾ കൊഴിയുന്നു

കൊഴുകൊഴുപ്പ് koZukoZuppə *(nn),* fattiness; നല്ല കൊഴുകൊഴുപ്പുള്ള പായസമാണിത്

കൊഴുപ്പ് koZuppə *(nn),* fat; ശരീരത്തിൽ കൊഴുപ്പു കൂടുമ്പോൾ അമിതവണ്ണം ഉണ്ടാകുന്നു

കൊറ്റക്കുട koRRakkuTa *(nn,comp),* ornamental umbrella; വെൺ കൊറ്റക്കുടയും ചാമരവുമായി ആ ഘോഷയാത്ര കടന്നു പോയി

കൊറ്റി koRRi *(nn),* stork; വലയിൽ ഒരു കൊറ്റി യിരിക്കുന്നു

കൊറ്റ് koRRə *(nn),* victuals food; കോഴി കൊറ്റ് കൊത്തി തിന്നുന്നു.

കോകിലം kookilaM *(nn),* Indian cockoo; കോകിലം മധുരമായി പാടി

കോക്രികാട്ട് kookRikaaTTə *(comp vb),* tease; ചെറിയകുട്ടി കോക്രികാട്ടി

കോങ്കണ്ണ് kooŋkaNNə *(nn,comp),* squint eye; അയാൾക്ക് കോങ്കണ്ണുണ്ടായിരുന്നു

കോച്ചൽ kooccal *(nn),* cramps; തണുപ്പുകൊണ്ട് കോച്ചൽ വന്നു

കോച്ച് kooccə *(nn),* contraction of the muscles in spasm; ശരീരത്തിന് കോച്ചനുഭവപ്പെടുന്നു

കോഞ്ഞാട്ട koo~~aaTTa *(nn),* web of a coconut; അയാൾ തെങ്ങിന്റെ ഒരു കോഞ്ഞാട്ട പൊട്ടിച്ചെടുത്തു

കോടക്കാറ്റ് kooTakkaaRRə *(nn,comp),* chilly western wind; കോടക്കാറ്റുള്ള ഈ സമയത്ത് ഞങ്ങൾ തണുപ്പത്തിരുന്നു

കോടതി kooTati *(nn),* court; കോടതി പിരിഞ്ഞ് എല്ലാവരും പോയി

കോടമഴ kooTamaZa *(nn,comp),* mansoon showers; ഇപ്പോൾ ഇവിടെ കോടമഴ പെയ്യുകയാണ്.

കോടാലി kooTaali *(nn),* axe; അമ്മ കോടാലികൊണ്ട് വിറകു കീറി

കോടാലിക്കൈ kooTaalikkai *(nn,comp),* handle of axe; മധു വിറകുവെട്ടുമ്പോൾ കോടാലിക്കൈ തെറിച്ചുപോയി

കോടി kooTi *(nn),* new cloth; അവൻ ഒരു കോടി ഉടുപ്പിട്ടു

കോടി kooTi *(nn,num),* crore; ഒരു കോടി രൂപയുടെ പുതിയ ഒരു പദ്ധതി പ്രാബല്യത്തിൽ വന്നു

കോടിമുണ്ട് kooTimuNTə *(nn,comp),* new cloth; അമ്മ കോടിമുണ്ട് ഉടുത്തു

കോടീശ്വരൻ kooTiiSvaran *(nn),* millionaire; അയാൾ ഒരു കോടീശ്വരനായിരുന്നു

കോട് kooTə *(vi),* twist; അയാളുടെ മുഖം കോടിയിരുന്നു

കോട് kooTə *(nn),* Edge of a tree or place; വളഞ്ഞ ജലാശയമുള്ള പ്രദേശമാണ് കോട്

കോട kooTa *(nn),* west wind the mist; ഇപ്പോൾ നല്ല കോടയുള്ള സമയമാണ്

കോട്ട kooTTa *(nn),* fort; ഞങ്ങൾ ഒരു കോട്ട സന്ദർശിച്ചു

കോട്ടം kooTTaM *(nn),* fault; അങ്ങിനെയൊരു കോട്ടം

സംഭവിച്ചതിന് കാരണമെന്താണ്?

കോട്ടുപണി kooTTupaNi *(nn,comp),* coppersmith's profession; ചെമ്പുപാത്രക്കാരൻ കോട്ടുപണി ചെയ്യുന്നു

കോട്ടുവാ kooTTuvaa *(nn),* yawning; അവൾ എപ്പോഴും കോട്ടുവാ ഇടുന്നു

കോട്ടുവായിട് kooTTuvaayiTə *(vi),* yawn; അവന് ഉറക്കം വരുന്നതുകൊണ്ട് കോട്ടുവായിടുന്നു

കോട്ട് kooTTə *(nn),* coat; ടോം കോട്ട് ഇടാറുണ്ട്

കോണകം kooNakaM *(nn),* loin cloth; മാധവൻ ഒരു കോണകമുടുത്തു

കോണി kooNi *(nn),* stairs; അയാൾ ഒരു കോണി കയറി പോയി

കോണിപ്പടി kooNippaTi *(nn),* steps of the ladder; അവൾ കോണിപ്പടിയിൽ നിന്നു വീണു

കോണിപ്പടി kooNippaTi *(nn),* staircase; അയാൾ കോണിപ്പടി കയറി പോകുന്നതു കണ്ടു

കോണിയ്ക്ക് kooNiykkə *(vt),* curve; അവളുടെ കൂട കോണിച്ചു പോയി

കോണ് kooNə *(vi),* become bend; രാമന്റെ കുട കോണുന്നു

കോൺ kooN *(nn),* angle; കടലാസ്സിൽ ഒരു കോൺ വരച്ചു

കോൺ kooN *(nn),* corner; ഞാൻ ഒരു കോണിൽ ചെന്നു നോക്കി

കോളാമ്പി koolaambi *(nn),* spittoon; അയാൾ ചുമച്ചിട്ട് കോളാമ്പിയിൽ തുപ്പി

കോത് kootə *(vi),* comb hair; രാധ മുടി കോതുന്നു

കോന്ത്രൻപല്ല് koontRanpallə *(nn,comp),* tooth in distorted position; അയാൾ തന്റെ കോന്ത്രൻ പല്ലുകാട്ടി ചിരിച്ചു

കോന്തല koontala *(nn),* one of the corners of cloth; അമ്മയുടെ സാരിയുടെ കോന്തല കുട്ടി പിടിച്ചുകൊണ്ടിരുന്നു.

കോന്തൽ koontal *(nn),* hair; രാധ കോന്തൽ മിനുക്കി

കോമ്പടി koombaTi *(nn),* quilt; ഞാൻ ഒരു കോമ്പടിമേൽ കിടന്നു

കോപം koopaM *(nn),* anger; രാധയ്ക്ക് കോപം വന്നു

കോപാഗ്നി koopaagni *(nn,comp),* fiery indignation; ശിവന്റെ കോപാഗ്നിയിൽ കാമൻ ദഹിച്ചുപോയി

കോപിക്ക് koopikkə *(vi),* get angry; അയാൾ അവനോട് കോപിച്ചു

കോപ്പ kooppa *(nn)*, cup; അമ്മ ഒരു കോപ്പയിൽ മരുന്നു കൊണ്ടുവന്നു

കോപ്പിട് kooppiTə *(vi)*, prepare to make necessary preparation; അവൾ എന്തിനും കോപ്പിട്ട് ഇറങ്ങിയതാണ്

കോപ്പ് kooppə *(nn)*, furniture; വീട്ടിൽ എല്ലാ കോപ്പുകളുമുണ്ട്

കോപ്പ് kooppə *(nn)*, military equipments; യുദ്ധത്തിനുവേണ്ട കോപ്പുകളെല്ലാം അണിനിരത്തി.

കോമരം koomaraM *(nn)*, possessed devil dance; മാധവൻ കോമരം തുള്ളി

കോമളം koomaLaM *(nn)*, softness; പൂവ് കോമളമാണ്

കോമാളി koomaaLi *(nn)*, buffoon; ഹരി ഒരു കോമാളിയായിരുന്നു

കോമാളിത്തരം koomaLittaraM *(nn)*, buffoonery; അനിൽ എപ്പോഴും ഓരോ കോമാളിത്തരം ചെയ്തുകൊണ്ടിരുന്നു

കോയിക്കൽ kooyikkal *(nn)*, house of the kshatriyas; മന്ത്രി കോയിക്കലേക്ക് പോയി.

കോയ്മ kooyma *(nn)*, supremacy; അയാളുടെ കോയ്മ അംഗീകരിച്ചുകൊടുക്കാൻ ആരും തയ്യാറായില്ല

കോരിക koorika *(nn)*, wooden or metal laddle for serving cooked rice; ഞാൻ ഒരു കോരികയിൽകഞ്ഞി എടുത്തു

കോര് koorə *(vi)*, draw water from the well; അമ്മ കിണറ്റിൽ നിന്നു വെള്ളം കോരി

കോർക്ക് kooRkkə *(vt)*, string thread into a needle to string together; സീത മാല കോർക്കുന്നു

കോലം koolaM *(nn)*, figure of masks form; മന്ത്രിയുടെ കോലം കത്തിച്ചു

കോലം koolaM *(nn)*, outward appearance; അവന്റെ കോലം കാണേണ്ടതായിരുന്നു

കോലം koolaM *(nn)*, change according to time; കാലത്തിനനുസരിച്ച് കോലം മാറുന്നു

കോലാട് koolaaTə *(nn)*, one kind of goat; അവർ കോലാടിന്റെ ഇറച്ചി ഭക്ഷിച്ചു

കോലായ koolaaya *(nn)*, outer varanda; ഞങ്ങൾ ഒരു കോലായിൽ ഇരുന്നു

കോലാഹലം koolaahalaM *(nn)*, many sounds getting mixed together (a turmoil as in war); അവിടെ വലിയ കോലാഹലങ്ങൾ നടക്കുന്നു

കോലെഴുത്ത് kooleZuttə *(nn,comp)*, one kind of writing system which prevailed in Malayalam; മലയാളത്തിൽ മുമ്പ്

കോലെഴുത്ത് എന്നൊരു ലിപിയുണ്ടായിരുന്നു

കോൽക്കളി koolkkaLi *(nn,comp),* rustic dance by rythmical beating of sticks; മധുവും സംഘവും കോൽക്കളി നടത്തി

കോൽ kool *(vi),* stick; അയാൾ ഒരു കോലുകൊണ്ട് ദ്വാരത്തിൽ കുത്തി

കോൽ kool *(vi),* iron pole; ഒരു ഇരുമ്പുകോലുകൊണ്ടു വരൂ

കോൽ kool *(vi),* foot tool for measuring; ആശാരി കോലു കൊണ്ട് അളന്നു

കോവക്കായ് koovakkaayə *(nn),* climbing plant (bryonia grandis); ഞാൻ കോവയ്ക്കായ് കൊണ്ടൊരു കറി വച്ചു

കോവിൽ koovil *(nn),* temple; അമ്മ കോവിലിൽ പോയി

കോശം kooSaM *(nn),* cell; ശരീരത്തിൽ അനേകായിരം കോശങ്ങളുണ്ട്

കോശം kooSaM *(nn),* dictionary; ഇത് ഒരു കോശമാണ്

കോളർ kooLaR *(nn),* collar; ഷർട്ടിന്റെ കോളർ മടങ്ങിയിരിക്കുന്നു

കോളറ kooLaRa *(nn),* cholera; ഗ്രാമത്തിൽ കോളറ പടർന്നു പിടിക്കുന്നു

കോളേജ് kooLeejə *(nn),* college; കുട്ടികൾ കോളേജിൽ പോകുന്നു

കോൾമയിർ കൊള്ളൽ kooLmayiRkkoLLə *(vi),* hair raising act; രാധയ്ക്ക് കോൾമയിർ കൊള്ളുന്നു

കോള്(ൾ) kooLə(L) *(nn),* possiblity of rain and wind; ആകാശത്ത് മഴയ്ക്ക് കോളുണ്ട്

കോഴ kooZa *(nn),* bribe; കോഴ വാങ്ങിയ ഉദ്യോഗസ്ഥൻ പിരിച്ചു വിടപ്പെട്ടു

കോഴി kooZi *(nn),* cock or hen; ഞങ്ങൾക്ക് ധാരാളം കോഴികളുണ്ട്

കോഴികൂകൽ kooZikuukal *(nn,comp),* cooing of the cock; കോഴികൂകൽ കേട്ട് ഞാൻ ഉണർന്നു

കോഴികൃഷി kooZikR$i *(nn,comp),* poultry farming; ഞങ്ങൾ കോഴിക്കൃഷി നടത്തുന്നുണ്ട്

കോഴിക്കുഞ്ഞ് kooZikku~~ə *(nn),* chicken; കോഴിക്കുഞ്ഞിനെ പരുന്ത് റാഞ്ചുന്നു

കോഴിപ്പോര് kooZipporə *(nn,comp),* cock fight; ഞങ്ങൾ കോഴിപ്പോരു കാണാൻ പോയി

കോഴിമുട്ട kooZimuTTa *(nn,comp),* egg; കോഴിമുട്ട ഔഷധ ഗുണമുള്ളതാണ്

കോറൽ kooRal *(nn),* scratching; പുസ്തകത്തിൽ ഒരു കോറൽ വീണു

കോറ് kooRə *(vt)*, scratch; അവൾ നിലത്ത് കോറി വരച്ചു

കൌതുകം kautukaM *(nn)*, curiosity; അനിലിന് എല്ലാറ്റിനോടും കൌതുകമുണ്ട്

കൌപീനം kaupiinaM *(nn)*, loin cloth; മാധവൻ കൌപീനം ധരിച്ചു

കൌമാരം kaumaaraM *(nn)*, teenage; കൌമാരം കഴിഞ്ഞപ്പോൾ യൌവ്വനമായി

കൌമുദി kaumudi *(nn)*, moon light; ഞങ്ങൾ കൌമുദിയിൽ വെറുതെ നടന്നു

കൌരവർ kauravaR *(nn)*, kauravas; കൌരവർ പാണ്ഡവരോട് തോറ്റു

കൌശലം kauSalaM *(nn)*, skill; അവളുടെ കൌശലം അംഗീകരിക്കപ്പെട്ടു

കൌശലക്കാരൻ kauSalakkaaran *(nn)*, clever and expert person; രാജൻ ഒരു കൌശലക്കാരനാണ്

ക്യാമറ kyaamaRa *(nn)*, camera; ഒരു ക്യാമറ ഉണ്ടായിരുന്നെങ്കിൽ ഫോട്ടോ എടുക്കുമായിരുന്നു

ക്യാരറ്റ് kyaraTTə *(nn)*, carrot; മുയൽ ക്യാരറ്റ് തിന്നു

ക്രാന്തദർശി kRantadaRSi *(adj)*, far sighted person; കേസരി ബാലകൃഷ്ണപിള്ള ഒരു ക്രാന്തദർശിയായിരുന്നു

ക്രമം kRamaM *(nn)*, regularity; അയാൾ പുസ്തകങ്ങൾ ക്രമം തെറ്റിച്ചു

ക്രമം kRamaM *(nn)*, customary law; ട്രാഫിക്ക് ക്രമത്തിന് വിരുദ്ധമായി പ്രവർത്തിച്ചവർ ശിക്ഷിക്കപ്പെട്ടു

ക്രമം kRmaM *(nn)*, order; ഇവിടെ ജീവിതത്തിന് പ്രത്യേകിച്ച് ഒരു ക്രമവുമില്ല

ക്രമക്കേട് kRamakkeeTə *(nn)*, irregularity; ഭാരതത്തിലെ ക്രമക്കേട് ജനങ്ങൾ സഹിച്ചില്ല

ക്രമപ്പെടുത്ത് kRamappeTuttə *(vt)*, regularize; കുട്ടി ഉപകരണങ്ങൾ ക്രമപ്പെടുത്തി

ക്രമമില്ലാത്ത kRamamillaatta *(adj)*, disorder; തെരുവിലെ വീടുകളെല്ലാം ക്രമമില്ലാത്തവയാണ്

ക്രമരഹിതമായി kRamarahitamayi *(adv)*, irregular; ഇവിടെ പുസ്തകങ്ങൾ ക്രമരഹിതമായി കിടക്കുന്നു

ക്രമാതീതമായ kRmaatiitamaya *(adj)*, more than regular; ക്രമാതീതമായ വണ്ണം ശരീരത്തിനു നല്ലതല്ല

ക്രമീകരണം kRamiikaraNaM *(nn)*, regularisation; കുട്ടികളുടെ എണ്ണത്തിൽ ക്രമീകരണം നടത്തി

ക്രമീകരിക്ക് kRamiikarikkə *(vt)*, line up; അധ്യാപകൻ

വിദ്യാർഥികളെ ക്രമീകരിച്ചിരുത്തി

ക്രമേണ kRameeNa *(adv)*, gradually; ക്രമേണ അയാൾ ദരിദ്രനായി തീർന്നു

ക്രയം kRayaM *(nn)*, buying; രാജ്യം ക്രയം നടത്താൻ താൽപര്യപ്പെട്ടില്ല

ക്രയവിക്രയം kRayavikRayaM *(nn,comp)*, buying and selling; ഇരു രാജ്യങ്ങളും ക്രയവിക്രയം നടത്തി

ക്രിമിന ൽ kRiminal *(adj, nn)*, pertaining to crime; കേസ് ക്രിമിനൽ കോടതിയിൽ എത്തി

ക്രിമിനൽ kRiminal *(adj, nn)*, criminal; അയാൾ ഒരു ക്രിമിനലാണ്

ക്രിയ kRiya *(nn)*, action; അവൻ ഒരോ ക്രിയകൾ ചെയ്തുകൊണ്ടിരുന്നു

ക്രിയ kRiya *(nn)*, deed; മരിച്ചതിനു ശേഷമുള്ള ക്രിയകളെല്ലാം ചെയ്തു

ക്രിയ kRiya *(nn)*, verb; വാക്യത്തിൽ ക്രിയ അവസാനം വരുന്നതാണ് ദ്രാവിഡത്തിന്റെ രീതി

ക്രിസ്തു kRistu *(nn)*, jesus christ; ക്രിസ്തു കുരിശിൽ മരിച്ചു

ക്രിസ്തുവർഷം kRistuvaR$aM *(nn,comp)*, christian era (A.D); ക്രിസ്തുവർഷം ഏഴാം നൂറ്റാണ്ടിൽ സഞ്ചാരികൾ ഇന്ത്യയിൽ വന്നു

ക്രിസ്ത്യാനി kRistyaani *(nn)*, christian; പോൾ ഒരു ക്രിസ്ത്യാനിയാണ്

ക്രിഡ kRiiDa *(nn)*, romantic or amorous expression; അവർ ഓരോ ക്രീഡകളിൽ ഏർപ്പെട്ടു

ക്രുദ്ധം kRuddhaM *(nn)*, anger; അവൻ ക്രുദ്ധനായി

ക്രൂരം kRuuraM *(nn)*, cruelty; രാവണന്റെ സ്വഭാവം വളരെ ക്രൂരമായിരുന്നു

ക്രൂരൻ kRuuran *(nn)*, cruel person; രാവണൻ ഒരു ക്രൂരനായിരുന്നു

ക്രൂരമായ kRuuramaaya *(adj)*, cruel; വളരെ ക്രൂരമായ ഒരു കൊലപാതകമായിരുന്നു അത്

ക്രൂശ് (കുരിശ്) kRuuSə (kurisə) *(nn)*, crucification of Jesus christ; ക്രിസ്തു ക്രൂശിൽ (കുരിശിൽ) മരിച്ചു

ക്രൈസ്തവ kRaistava *(adj)*, pertaining to christianity; ജോർജ് ഒരു ക്രൈസ്തവ വിശ്വാസിയായിരുന്നു

ക്രോഡീകരിക്ക് kRooDiikarikkə *(vt)*, codify; സുപ്രീം കോടതി വിവാഹനിയമങ്ങൾ ക്രോഡീകരിച്ചു

ക്രോധം kRoodhaM *(nn)*, anger; അയാൾക്ക് എപ്പോഴും ക്രോധമായിരുന്നു

ക്രോശിക്ക് kRooSikkə *(vi)*, shout aloud; അച്ഛൻ എന്നോട് ക്രോശിച്ചു

ക്രൌഞ്ചം kRau~caM *(nn)*, Indian love bird; ക്രൌഞ്ചപക്ഷികളിലൊന്നിനെ വേടൻ അമ്പെയ്തുകൊന്നു

ക്രൌര്യം kRauryaM *(nn)*, cruelty; ആ മനുഷ്യന്റെ ക്രൌര്യം ഒടുവിൽ അവസാനിച്ചു

ക്ലുപ്തം kLəpətaM *(nn)*, limited; ഈ കമ്പനിയ്ക്ക് ക്ലിപ്തം എന്ന പദവി ലഭിച്ചു

ക്ലുപ്തം kLəpətaM *(nn)*, that which is ordained before hand; ക്ലുപ്തമായ ഒരു സംഖ്യ രവി സമ്പാദിച്ചു

ക്ലബ്ബ് klabbə *(nn)*, club; രവി ഇന്നലെ ക്ലബ്ബിൽ പോയി

ക്ലാഞ്ഞിൽ kLaa~~il *(nn)*, bunch of stalks of coconut; തെങ്ങിന്റെ ക്ലാഞ്ഞിലിൽ നിന്നു ഒരു തേങ്ങ വീണു

ക്ലാർക്ക് klaaRkkə *(nn)*, clerk; രവീന്ദ്രൻ ഒരു ക്ലാർക്കായിരുന്നു

ക്ലാവ് kLaavə *(nn)*, In bronze or copper vessels formation of certain green pigments; ചെമ്പു പാത്രത്തിന് ക്ലാവു പിടിച്ചിരിക്കുന്നു

ക്ലീനർ kLiinaR *(nn)*, one who cleans; മാധവൻ ഒരു ക്ലീനറായിരുന്നു

ക്ലീബം kLiibaM *(nn)*, hermaphrodite; ഡൽഹിയിൽ ധാരാളം ക്ലീബങ്ങളെ കാണാം

ക്ലേശിക്ക് kLeeSikkə *(vi)*, be sad; അമ്മ മകനുവേണ്ടി വല്ലാതെ ക്ലേശിക്കുന്നു

ക്ഷണിക k$aNika *(adj)*, momentary; ഈ ലോകത്തിൽ സുഖം, പദവി അധികാരം എന്നിവ ക്ഷണികമായതാണ്

ക്ഷണിക്ക് k$aNikkə *(vt)*, invite; രവി രാജനെ വിവാഹത്തിനു ക്ഷണിച്ചു

ക്ഷതം k$ataM *(nn)*, injury; എനിക്ക് ഇന്നലെ കാലിൽ ക്ഷതം പറ്റി

ക്ഷത്രിയൻ k$atRiyan *(nn)*, kshatriya; പാണ്ഡവർ ക്ഷത്രിയന്മാരായിരുന്നു

ക്ഷമ k$ama *(nn)*, patience; ക്ഷമ നല്ല ഗുണമാണ്

ക്ഷമ k$ama *(nn)*, forgiveness; മധു ക്ഷമയുടെ നെല്ലിപ്പലക കണ്ടു

ക്ഷമചോദിക്ക് k$amacoodikkə *(vb)*, apologize; ക്ഷമചോദിക്കുമ്പോൾ ക്ഷമിക്കാതിരിക്കാൻ കഴിയുമോ

ക്ഷമാപണം k$amaapaNaM *(nn)*, apology; രാജൻ ക്ഷമാപണം നടത്താൻ വിസ്സമ്മതിച്ചു

ക്ഷമാശീലൻ k$maaSiilan *(nn)*, sobre natured person; അനിൽ ഒരു ക്ഷമാശീലനായിരുന്നു

ക്ഷമിക്കണം K$mikkaNaM *(in),* excuse; ക്ഷമിക്കണം, എനിക്കു തെറ്റുപറ്റിയതാണ്.

ക്ഷമിക്ക് k$amikkə *(vi),* forgive; രാജൻ രാധയോട് ക്ഷമിച്ചില്ല

ക്ഷയം K$ayaM *(nn),* tuberculosis; ക്ഷയം മാരകമായ ഒരു രോഗമാണ്

ക്ഷയം k$ayaM *(nn),* decline; വാസുവിന് സാമ്പത്തികമായ ക്ഷയം സംഭവിച്ചു

ക്ഷയരോഗം k$ayaroogaM *(nn),* tuberculosis; ക്ഷയരോഗം ബാധിച്ച് രാജൻ മരിച്ചു

ക്ഷയിക്ക് k$ayikkə *(vi),* decline; തോന്നയ്ക്കൽ തറവാട് സാമ്പത്തികമായി ക്ഷയിച്ചു

ക്ഷയിക്ക് k$ayikkə *(vi),* decay; തടികൾ വളരെ ദിവസങ്ങൾക്കു ശേഷം ക്ഷയിച്ചുപോകും

ക്ഷാമം k$aamaM *(nn),* famine; ക്ഷാമം മൂലം ഇന്ത്യയിൽ കുട്ടികൾ മരിക്കുന്നു

ക്ഷാരം k$aaraM *(nn),* alkali; ആസിഡിനു വിപരീതമായ ഗുണമാണ് ക്ഷാരത്തിനുള്ളത്

ക്ഷിതി k$iti *(nn),* earth; ക്ഷിതി ക്ഷീതിയി ലഹോ ജീവിതം ഘോരഘോരം

ക്ഷിപ്രം k$ipRam *(adv),* swiftly; കുചേലപത്നി ക്ഷിപ്രമായി അവിൽ തയ്യാറാക്കി

ക്ഷീണം k$iiNaM *(nn),* tiredness; ക്ഷീണം കൊണ്ട് അയാൾ ഉറങ്ങിപ്പോയി

ക്ഷീണിക്ക് k$iiNikkə *(vi),* be tired; ജോലിഭാരംകൊണ്ട് അമ്മ ക്ഷീണിക്കുന്നു

ക്ഷീണിക്ക് k$iiNikkə *(vi),* be weak; നല്ല ആഹാരം കഴിക്കാത്തതുകൊണ്ട് അവൾ ക്ഷീണിച്ചു കാണുന്നു

ക്ഷീണിപ്പിക്ക് k$iiNippikkə *(vt),* weaken; വളരെ ക്ഷീണിപ്പിക്കുന്ന പ്രവൃത്തിയാണ് മധുവിനെക്കൊണ്ടു ചെയ്യിപ്പിച്ചത്

ക്ഷീരം k$iiram *(nn),* milk; ക്ഷീരമുള്ളൊരകിടിൻ ചുവട്ടിലും ചോരതന്നെ കൊതുകിനു കൌതുകം

ക്ഷീരബല k$iirabala *(nn),* An ayurvedic medicine for curing rheumatism; വാതത്തിനു ക്ഷീരബല നല്ല ഔഷധമാണ്

ക്ഷീരവ്യവസായം k$iiravyavasaayaM *(nn),* diary; കേരളത്തിൽ ക്ഷീര വ്യവസായം പരാജയത്തെ നേരിടുന്നു

ക്ഷുദ്രമായ k$udramaaya *(adj),* destructive; ക്ഷുദ്രമായ പ്രവൃത്തികൾകൊണ്ട് അയാൾ എല്ലാവരേയും വെറുപ്പിച്ചു

ക്ഷുബ്ധം k$ubdhaM *(nn)*, agitated or troubled; ഇപ്പോഴത്തെ രാഷ്ട്രീയം വളരെ ക്ഷുബ്ധമാണ്

ക്ഷുബ്ധമായ k$ubdhamaya *(adj)*, confused; ക്ഷുബ്ധമായ രാഷ്ട്രീയന്തരീക്ഷത്തിൽ നിന്നും നേതാവ് വിടവാങ്ങി

ക്ഷുരം k$uraM *(nn)*, knife for shaving; ക്ഷുരകൻ ക്ഷുരമുപയോഗിച്ച് ക്ഷൌരം ചെയ്യുന്നു

ക്ഷുരകൻ k$urakan *(nn)*, barber; ക്ഷുരകൻ ക്ഷൌരക്കത്തി തേയ്ക്കുന്നു

ക്ഷുരകർമ്മം k$uurakRmaM *(nn,comp)*, shaving; ക്ഷുരകൻ ക്ഷുരകർമ്മം ചെയ്യുന്നു

ക്ഷേത്ര k$eetRa *(adj)*, pertaining to temple; ക്ഷേത്രനിർമ്മാണം തടയാൻ സുപ്രീംകോടതി നിർദ്ദേശിച്ചു

ക്ഷേത്രം k$eetRaM *(nn)*, temple; വീട്ടിനടുത്ത് ഒരു ക്ഷേത്രമുണ്ട്

ക്ഷേത്രം k$eetRaM *(nn)*, place or centre of activites; വാണിജ്യത്തിന്റെ മുഖ്യക്ഷേത്രമാണ് മുംബൈ

ക്ഷേത്രം k$eetRaM *(nn)*, arena; രണ ക്ഷേത്രത്തിൽ അവൻ പിൻവാങ്ങി

ക്ഷേത്രഗണിതം k$etRagaNitaM *(nn)*, geometry; രാജൻ ക്ഷേത്ര ഗണിതത്തിൽ മിടുക്കനായിരുന്നു

ക്ഷേമം k$eemaM *(nn)*, prosperity; എല്ലാവരും ആദ്യാന്തം ക്ഷേമം ആഗ്രഹിക്കുന്നു

ക്ഷേമരാജ്യം k$eemaraajyaM *(nn,comp)*, welfare state; ക്ഷേമരാജ്യം ഗാന്ധിജിയുടെ സ്വപ്നമായിരുന്നു

ക്ഷോണി k$ooNi *(nn)*, earth; ക്ഷോണീന്ദ്ര പത്നിയുടെ വാണീം

ക്ഷോദം k$oodaM *(nn)*, powder made of rice; ക്ഷോദം കൊണ്ട് പലഹാരം ഉണ്ടാക്കുന്നു

ക്ഷോഭിക്ക് k$oobhikkə *(vi)*, be angry; അച്ഛൻ രവിയോട് ക്ഷോഭിച്ചു

ക്ഷൌരം k$auraM *(nn)*, shaving; ക്ഷുരകൻ ക്ഷൌരം ചെയ്യുന്നു

ഖഗം khagaM *(nn)*, bird; ഖഗം പറക്കുന്നു

ഖഗോളം khagooLaM *(nn)*, celestial globe; അവൻ ഖഗോള ശാസ്ത്രം മനസ്സിലാക്കി

ഖജനാവ് khajanaavə *(adj)*, treasury; സർക്കാർ ഖജനാവ് കാലിയായെന്ന് പ്രതിപക്ഷം ആരോപിച്ചു

ഖജാന്ജി khajaanji *(nn)*, treasurer; രാജനെ സംഘടനയുടെ ഖജാൻജിയായി തെരഞ്ഞെടുത്തു

ഖട്ടികൾ khaTTikaL *(nn)*, hunter; ഖട്ടികൾ മാനിനെ കൊന്നു

ഖഡ്ഗം khaDgaM *(nn),* sword; സുഗ്രീവൻ ഖഡ്ഗം ഉയർത്തി വെട്ടി

ഖഡ്ഗമൃഗം khaDgamRəgaM *(nn),* Rhinoceros; ഖഡ്ഗമൃഗത്തിന് കട്ടിയുള്ള തോലുണ്ട്

ഖണ്ഡം khaNDaM *(nn),* fragment; പറമ്പിന്റെ ഒരു ഖണ്ഡം വിൽപ്പന നടത്തി

ഖണ്ഡകാവ്യം khaNDakaavyaM *(nn,comp),* short poetry; കുമാര നാശൻ ഖണ്ഡകാവ്യം എഴുതി

ഖണ്ഡശഃ khaNDaSah *(nn),* in parts; നോവൽ മാസികയിൽ ഖണ്ഡശ്ശയായി വന്നു

ഖണ്ഡിക khaNDika *(nn),* paragraph; രാജൻ കഥ ഖണ്ഡികയാക്കി തിരിച്ചില്ല

ഖണ്ഡിക്ക് khaNDikkə *(vt),* cut to pieces; രാജൻ മരം പല കഷണമായി ഖണ്ഡിച്ചു

ഖദർവസ്ത്രം khadaRvastRaM *(nn),* hand woven cloth (made of hand spun khadi); രവി ഖദർ വസ്ത്രം ധരിക്കുന്നു

ഖനനം khananaM *(nn),* mining; കോളാറിൽ സ്വർണ്ണഖനനം നടക്കുന്നു

ഖനനയന്ത്രം khananayantRaM *(nn,comp),* machine for mining; ഖനിയിൽ ഖനനയന്ത്രം പ്രവർത്തിക്കുന്നില്ല

ഖനി khani *(nn),* mine; കോളാർ ഇന്ത്യയിലെ പ്രധാനപ്പെട്ട ഖനിയാണ്

ഖനിജം khanijaM *(nn),* mineral (product or thing dug from mine); ലോഹങ്ങളെല്ലാം ഖനിജങ്ങളാണ്

ഖര khara *(adj),* solid; ഖരരൂപത്തിലുള്ള ജലത്തെ ഐസ് എന്നു പറയുന്നു

ഖർജ്ജൂരം khaRjjuuraM *(nn),* date palm; ഖർജ്ജൂരം മധുരിക്കുന്നു

ഖാദി khaadi *(nn),* hand spun yarn; ഗാന്ധിജി ഖാദിക്കുവേണ്ടി വാദിച്ചു

ഖാലി khaali *(adj),* vacant; സർക്കാർ ഖജനാവ് ഖാലിയാക്കി

ഖിന്ന khinna *(adj),* distressed; രാമൻ വല്ലാതെ ഖിന്ന മനസ്ക്കനായി

ഖിന്നൻ khinnan *(nn),* sorrowful; അർജ്ജുനൻ പുത്ര ദുഃഖത്തിൽ ഖിന്നനായി

ഖില khila *(nn),* currently not in use; ഇൻ , ആൻ ഭാഷയിലെ ഖില ധാതുക്കളാണ്

ഖേദിക്ക് kheedikkə *(vi),* grieve; രാജൻ തെറ്റു ചെയ്തതിൽ ഖേദിക്കുന്നു

ഖ്യാതി khayaati *(nn),* reputation; താജ്മഹൽ ഇന്ത്യക്കു പുറത്ത് ഖ്യാതി നേടി

ഗംഗ gaMga *(nn)*, river ganges; ഗംഗ ഭാരതത്തിലെ പുണ്യ നദിയാണ്

ഗംഭീരമായ gambhiiramaaya *(adj)*, majestic; ഇന്നലെ ഞങ്ങൾ ഗംഭീരമായ ഒരാഘോഷത്തിൽ പങ്കെടുത്തു

ഗഗനം gaganaM *(nn)*, sky; പക്ഷി ഗഗനത്തിലൂടെ സഞ്ചരിക്കുന്നു

ഗജം gajaM *(nn)*, elephant; ഗജം ഉന്മത്തനായി ഓടുന്നു

ഗജം gajaM *(nn)*, measurement (3 feet); രണ്ടു ഗജം തുണി തരൂ

ഗജമുഖൻ gajamukhan *(nn,comp)*, Lord Vigneswara; ഗണപതി ഗജമുഖനാണ്

ഗജരാജൻ gajaraajan *(nn)*, leader of the group of elephants; ഗുരുവായൂർ കേശവൻ ഗജരാജനായിരുന്നു

ഗഡു gaDu *(nn)*, instalment; രവി പണം ഗഡുക്കളായി തിരികെ കൊടുത്തു

ഗണം gaNaM *(nn)*, group; സസ്തനികളുടെ ഗണത്തിൽ പെട്ടതാണ് ഹോമോസാപിയൻസ്

ഗണകൻ gaNakan *(nn)*, astrologer; കേശവൻ ഒരു ഗണകനായിരുന്നു

ഗണനം gaNanaM *(nn)*, calculation; ഗുമസ്തൻ ഗണനം നടത്തുന്നു

ഗണനയന്ത്രം gaNanayantRaM *(nn,comp)*, calculator; രവിയുടെ അമ്മാവൻ രവിക്ക് ഒരു ഗണനയന്ത്രം വാങ്ങിക്കൊടുത്തു

ഗണനാതീതമായ gaNnaatiitamaya *(adj)*, uncountable; ഗണനാതീതമായ കെട്ടിടങ്ങൾ ആ നഗരത്തിലുണ്ടായിരുന്നു

ഗണനീയ gaNaniiya *(adj)*, considerable; ഗണനീയമായ അംഗങ്ങളുണ്ടെങ്കിലേ യോഗം നടക്കൂ

ഗണപതി gaNapati *(nn)*, Lord Ganesha (son of Siva); ഗണപതി ശിവന്റെ പുത്രനാണ്

ഗണപതിക്കുകുറിക്ക് gaNapatikkukuRikkə *(vb, comp)*, begin; അങ്ങനെ പുതിയ സംരംഭം ഗണപതിക്കു കുറിച്ചു

ഗണപതിപൂജ gaNapatipuuja *(nn,comp)*, ceremony performed to propitiate ganesha on launching any new enterprise; അച്ഛൻ ഗണപതി പൂജ നടത്തി

ഗണിക gaNika *(nn)*, prostitute; അവൾ ഒരു ഗണികയാണത്രെ

ഗണിക്ക് gaNikkə *(vi)*, count; രാമൻ ദിവസങ്ങൾ ഗണിക്കുന്നു

ഗണിക്ക് gaNikkə *(vi)*, consider; എന്നെ ആരും ഗണിക്കുന്നില്ല

ഗണിതം gaNitaM *(nn)*, arithmetic calculation; രവിക്ക് ഗണിതം വളരെ ബുദ്ധിമുട്ടാണ്

ഗണിതശാസ്ത്രം gaNitaSaastRaM *(nn,comp)*, mathematics; ആര്യഭടൻ

ഗണിതശാസ്ത്രത്തിൽ അതികായനായിരുന്നു

ഗണേശൻ gaNeeSan *(nn),* Lord Ganesa; ഗണപതിക്ക് ഗണേശനെന്നും ഒരു പേരുണ്ട്

ഗണ്യ gaNya *(adj),* numerable deserving of regard; ഗണ്യമായ അളവിൽ മഴ പെയ്യുമെന്ന് കാലാവസ്ഥാനിഗമനം പറയുന്നു

ഗതകാലം gatakaalaM *(nn),* the period gone by; ഗത കാലത്തിന്റെ ഓർമ്മകളിൽ സുധ നാളുകൾ കഴിച്ചുകൂട്ടി

ഗതാഗതം gataagataM *(nn),* transportation; രാജ്യത്ത് ഗതാഗത സൌകര്യങ്ങൾ വർദ്ധിപ്പിക്കുമെന്ന് കേന്ദ്രമന്ത്രി അറിയിച്ചു

ഗതി gati *(nn),* motion; ചരിഞ്ഞപ്രതലത്തിൽ വസ്തുക്കളുടെ ഗതി താഴോട്ടാണ്

ഗതി gati *(nn),* future; ഇങ്ങനെ പോയാൽ രാജ്യത്തിന്റെ ഗതി എന്താകും

ഗദ gada *(nn),* club; ഭീമൻ ഗദകൊണ്ട് ദുര്യോധനനെ അടിച്ചു

ഗദ്ഗദം gadgadaM *(nn),* stutter out of emotion; ഗദ്ഗദം തുളുമ്പുന്ന മുഖവുമായി കുട്ടി ഓടി വന്നു

ഗദ്യം gadyaM *(nn),* prose; ഞാൻ ഗദ്യം വായിക്കാറില്ല

ഗന്ധം gandhaM *(nn),* smell; ഇവിടെ ഇപ്പോൾ പൂവിന്റെ ഗന്ധം വരുന്നു

ഗന്ധകം gandhakaM *(nn),* sulphar; ഗന്ധകം കൊണ്ടു വരൂ, ഞാൻ കത്തിക്കാം

ഗന്ധർവ്വൻ gandhaRvan *(nn),* celestial; യേശുദാസ് ഒരു ഗാനഗന്ധർവ്വനാണ്

ഗമ gama *(nn),* arrogance; അവനു വലിയ ഗമയാണ്

ഗമിക്ക് gamikkə *(vi),* go; സീത രാമനോടൊപ്പം കാട്ടിലേക്കു ഗമിച്ചു

ഗരുഡൻ garuDan *(nn),* bird garuda (vechicle of Vishnu); ഗരുഡൻ ആകാശത്തുകൂടി പറന്നു

ഗർജ്ജനം gaRjjanaM *(nn),* roar; മൃഗശാലയിൽ നിന്ന് സിംഹത്തിന്റെ ഗർജ്ജനം കേൾക്കുന്നു

ഗർജ്ജിക്ക് gaRjjikkə *(vi),* roar; കാട്ടിൽ സിംഹം ഗർജ്ജിക്കുന്നു

ഗർത്തം gaRttaM *(nn),* deep hollow place; ഒരു വലിയ ഗർത്തത്തിലൂടെ ഞങ്ങൾ ഇറങ്ങി നടന്നു

ഗർദ്ദഭം gaRdabhaM *(nn),* donkey; ചന്ദനത്തിന്റെ ഗന്ധമറിയാതെ ചന്ദനം ചുമക്കും പോലെ ഗർദ്ദഭം

ഗർഭം gaRbhaM *(nn),* womb; അഭിമന്യു ഗർഭത്തിൽ വച്ചു

തന്നെ അസ്ത്രവിദ്യകൾ പഠിച്ചു

ഗർഭം gaRbhaM *(nn),* pregnancy; രാധ ഗർഭം ധരിച്ചു

ഗർഭം gaRbhaM *(nn),* inner most appartment; ക്ഷേത്രത്തിന്റെ ഗർഭഭാഗത്ത് ശ്രീകോവിൽ ഉണ്ട്

ഗർഭച്ഛിദ്രം gaRbhacchidRaM *(nn,comp),* abortion; രാധ ഗർഭച്ഛിദ്രം നടത്തി

ഗർഭധാരണം gaRbhadhaaraNaM *(nn,comp),* pregnancy; ഗർഭ ധാരണത്തിനുശേഷം പ്രസവം വരെയുള്ള കാലം അപകടം നിറഞ്ഞതാണ്

ഗർഭനിരോധനം gaRbhaniroodhanaM *(nn,comp),* contraception; ഗർഭനിരോധനം പ്രോത്സാഹിപ്പിക്കുകയാണ് കുടുംബാസൂത്രണത്തിന് ഏറ്റവും നല്ലത്

ഗർഭനിരോധനമാർഗ്ഗം gaRbhaniroodhanamaaRggaM *(nn,comp),* contraceptive method; ഇന്ത്യയിൽ ഇന്ന് പല തരത്തിലുള്ള ഗർഭനിരോധന മാർഗ്ഗങ്ങൾ ലഭ്യമാണ്.

ഗർഭപാത്രം gaRbhapaatRaM *(nn,comp),* uterus; രാധയുടെ ഗർഭപാത്രം നീക്കം ചെയ്തു

ഗർഭസ്ഥ gaRbhastha *(adj),* being in the uterus; ഗർഭസ്ഥ ശിശുവിന്റെ സുരക്ഷിതത്വം കൂടി ഗർഭിണി നോക്കേണ്ടതുണ്ട്

ഗർഭിണി gaRbhiNi *(nn),* pregnant woman; പണ്ടേ ദുർബ്ബല പിന്നെ ഗർഭിണി

ഗവേഷണം gavee$aNaM *(nn),* research; ഗവേഷണം ഒരു കലയാണത്രെ

ഗവേഷണപ്രബന്ധം gavee$aNapRabandhaM *(nn,comp),* research paper; ഞാൻ ഒരു ഗവേഷണ പ്രബന്ധം വായിച്ചു

ഗഹനമായ gahanamaya *(adj),* profound; ഗഹനമായ പഠന മനനങ്ങൾക്കുശേഷം രാജൻ ഗവേഷണപ്രബന്ധം തയ്യാറാക്കി

ഗളം gaLaM *(nn),* neck; എന്റെ ഗളത്തിൽ ഒരു മുഴയുണ്ട്

ഗാംഭീര്യം gambhiiryaM *(nn),* majesty; ആനയുടെ നടത്തത്തിന്റെ ഗാംഭീര്യം കാണേണ്ടതാണ്

ഗാഢം gaaDhaM *(adv),* very much closely; ഗാഢഗാഢം അവൾ അവനെ സ്നേഹിച്ചു

ഗാഢമായ gaDhamaya *(adj),* deep; ഗാഢമായ നിദ്രവിട്ട് രാധ ഉണർന്നു

ഗാത്രം gaatRaM *(nn),* body; ഗാത്രം വിറച്ച സൈരന്ധ്രി കീചകന്റെ കൊട്ടാരത്തിലേക്കു പോയി

ഗാഥ gaatha *(nn),* song (sonnet in praise); ചെറുശ്ശേരി ഗാഥ എഴുതി

ഗാനം gaanaM *(nn)*, song; രവി ഒരു ഗാനം കേട്ടു

ഗായകൻ gaayakan *(nn)*, singer; യേശുദാസ് നല്ല ഗായകനാണ്

ഗായിക gaayika *(nn)*, female singer; ചിത്ര നല്ല ഗായികയാണ്

ഗാർഡ് gaaRDə *(nn)*, guard; രവി ഗാർഡിനോട് വഴക്കുകൂടി

ഗാർഹിക gaaRhika *(adj)*, domestic; ഗാർഹിക പ്രശ്നങ്ങളിൽ ആരും തലയിടുന്നത് രവിക്ക് ഇഷ്ടമല്ല

ഗിരി giri *(nn)*, mountain; ഹിമാലയം ഗിരിയാണ്

ഗിരിശൃംഗം giriSRiMgaM *(nn,comp)*, mountain peak; ടെൻസിംഗും ഗിരിശൃംഗത്തിൽ കയറി

ഗിൽട്ട് gilTTə *(nn)*, smearing with gilt; ഗിൽട്ട് പൂശിയ പാവകൾ വാങ്ങി

ഗീത giita *(nn)*, song; ഞാൻ ഗീത പാടി

ഗീത giita *(nn)*, bhagavat Gita; ഞാൻ ഭഗവൽ ഗീത വായിച്ചു

ഗീതഗോവിന്ദം giitagoovindaM *(nn,comp)*, sanskrit work by Jayadevan on the erotic play of Krishna and Radha; ജയദേവൻ ഗീതഗോവിന്ദം രചിച്ചു

ഗുണം guNaM *(nn)*, goodness; ആർക്കെങ്കിലും ഗുണമുണ്ടാക്കുന്ന കാര്യം അയാൾ ചെയ്യില്ല

ഗുണം guNaM *(nn)*, quality; പല വസ്തുക്കളുടെ ഗുണം ചേർന്നതാണ് ച്യവനപ്രാശ്യ ലേഹ്യം

ഗുണം guNaM *(nn)*, virtue; അയാളുടെ ഗുണങ്ങളെക്കുറിച്ച് മാത്രം ഓർക്കുക

ഗുണദോഷം guNadoo$aM *(nn,comp)*, advice; അച്ഛൻ മകനെ ഗുണദോഷം ചെയ്തു

ഗുണദോഷങ്ങൾ guNadoo$aṇṇaL *(nn,comp)*, merits and demerits; ഗുണദോഷങ്ങൾ ഇല്ലാത്ത മനുഷ്യരുണ്ടോ.

ഗുണനം guNanaM *(nn)*, multiplication; രവിക്ക് ഗുണനം അറിയില്ലായിരുന്നു

ഗുണനഫലം guNanaphalaM *(nn,comp)*, product of multiples; ഗുണനഫലം 10 ആണെന്ന് കുട്ടി പറഞ്ഞു

ഗുണപാഠം guNapaaThaM *(nn)*, moral; രവി ഗുണപാഠങ്ങൾ മനസ്സിലാക്കി

ഗുണപാഠകഥ guNapaaThakatha *(nn,comp)*, didatic story; അമ്മൂമ്മ ഒരു ഗുണപാഠ കഥ പറഞ്ഞു

ഗുണപ്പെട് guNappeTə *(vb)*, become better; രവിയുടെ സ്വഭാവം ഗുണപ്പെടില്ല

ഗുണശാലി guNaSaali *(nn,comp),* person with good character; രവി ഒരു ഗുണശാലിയായിരുന്നു

ഗുണിക്ക് guNikkə *(vi),* multiply; രവി രണ്ടുസംഖ്യകൾ ഗുണിക്കുന്നു

ഗുണിതം guNitaM *(nn),* multiplet; രണ്ടിന്റെ ഗുണിതമാണ് പത്ത്

ഗുണ്ട് guNTə *(nn),* cannon ball; രവി ഒരു ഗുണ്ടുപൊട്ടിച്ചു

ഗുണ്യം guNyaM *(nn),* multiplicant; ഗുണ്യമായ അഞ്ച് എഴുതൂ

ഗുദം gudaM *(nn),* anus; ഗുദത്തിലുണ്ടാകുന്ന ഒരു അസുഖമാണ് അർശ്ശസ്

ഗുദാം gudaaM *(nn),* remote area; രവി ഒരു ഗുദാമിൽ നിന്നാണ് വരുന്നത്

ഗുദാം gudaaM *(nn),* go-down; അരി ഗുദാമിൽ ഉണ്ട്

ഗുപ്തം guptaM *(adj),* hidden; ഗുപ്തമായ ഒരു മനസ്സാണ് രവിയുടേത്

ഗുമസ്തൻ gumsətan *(nn),* clerk; ഗുമസ്തൻ അതുവഴി കടന്നുപോയി

ഗുരു guru *(nn),* teacher; ഗുരു ശിഷ്യനോട് ഉപദേശിച്ചു

ഗുരുകുലം guRukulaM *(nn,comp),* abode of guru; രവി ഗുരുകുലത്തിൽ ചേർന്നു പഠിച്ചു

ഗുരുകുലവിദ്യാഭ്യാസം gurukulavidyaabhyaasaM *(nn,comp),* ancient mode of education in which pupils stayed with guru throughout their education; ഗുരുകുല വിദ്യാഭ്യാസം പഴയ വിദ്യാഭ്യാസ സമ്പ്രദായമാണ്

ഗുരുജനം gurujanaM *(nn,comp),* preceptor; ഗുരുജനങ്ങളോട് രവി നന്നായി പെരുമാറി

ഗുരുത്വം gurutvaM *(nn),* veneration towards the venerable; രവി ഗുരുത്വം കെട്ടവനായിരുന്നുവത്രേ

ഗുരുദക്ഷിണ gurudak$iNa *(nn,comp),* offering made by pupil to the Guru; ദ്രോണർ ഏകലവ്യനോട് ഗുരുദക്ഷിണ ചോദിച്ചു

ഗുരുനാഥൻ gurunaathan *(nn),* teacher; ഗുരുനാഥൻ ശിഷ്യനെ ഉപദേശിച്ചു

ഗുരുപത്നി gurupatni *(nn,comp),* wife of Guru; ഗുരുപത്നി മാതാവിനു തുല്യയാണ്

ഗുരുഭൂതൻ gurubhuutan *(nn,comp),* preceptor; ഗുരുഭൂതനായ ദ്രോണർ അർജ്ജുനനെ വിലക്കി

ഗുരുരത്നം gururatnaM *(nn,comp),* precious stone called Topaz; രവി ഗുരുരത്നം കണ്ടു

ഗുലുമാല് gulumaalə *(nn),* turmoil; രാജൻ ഒരു ഗുലുമാലിൽപെട്ടു

ഗുസ്തി gusti *(nn),* wrestling; രാജൻ ഗുസ്തി കളിക്കാറുണ്ടായിരുന്നു.

ഗുഹ guha *(nn)*, cave; മനുഷ്യർ ആദിമകാലങ്ങളിൽ ഗുഹകളിൽ താമസിച്ചിരുന്നു

ഗുഹ്യ guhya *(nn)*, concealed secret; ഗുഹ്യമായ കാര്യങ്ങളറിയാൻ അയാൾക്കു വല്ലാത്ത താൽപര്യമാണ്

ഗുഹ്യപ്രദേശം guhyapRadeeSaM *(nn)*, private parts; ഗുഹ്യ പ്രദേശങ്ങൾ വസ്ത്രങ്ങൾ കൊണ്ട് മറച്ചിരുന്നു

ഗുഹ്യാവയവങ്ങൾ guhyaavyavaŋŋL *(nn)*, pubes; ഗുഹ്യാവയവങ്ങൾ പ്രദർശിപ്പിക്കുന്നത് ഒരു തരം മാനസികരോഗമാണ്

ഗുളിക guLika *(nn)*, tablet; ഞാൻ ഒരു ഗുളിക കഴിച്ചു

ഗുളികകാലം guLikakaalaM *(nn,comp)*, inauspicious time; ഗുളികകാലം കഴിഞ്ഞ് പോകാമെന്ന് വല്യമ്മ പറഞ്ഞു

ഗുളികൻ guLikan *(nn)*, evil spirit; സുരേന്ദ്രൻ ഗുളികന്റെ തെയ്യം കെട്ടി

ഗൂഢം guuDhaM *(nn)*, secret; രവിയുടെ പ്രവൃത്തികളെല്ലാം ഗൂഢമായിരുന്നു

ഗൂഢമാർഗ്ഗം guuDhamaaRggaM *(nn)*, secret passage; രാജാവ് ഒരു ഗൂഢമാർഗ്ഗത്തിലൂടെ രക്ഷപ്പെട്ടു.

ഗൂഢാലോചന guuDhaaloocana *(nn,comp)*, conspiracy; രവി ഗൂഢാലോചനകളിൽ ഏർപ്പെട്ടില്ല

ഗൃഹം gRhaM *(nn)*, house; ഇതാണ് മന്ത്രിയുടെ ഗൃഹം

ഗൃഹനാഥൻ gRhanaathan *(nn,comp)*, head of a house hold; ഗൃഹനാഥൻ വീട്ടിലില്ലാത്ത സമയത്ത് കള്ളൻ കയറി

ഗൃഹനായിക gRhanaayika *(nn,comp)*, mistress of a house; അമ്മയാണ് ഈ വീട്ടിലെ ഗൃഹനായിക

ഗൃഹപാഠം gRhapaaThaM *(nn,comp)*, home work; രവി ഗൃഹപാഠങ്ങളെല്ലാം ശരിയായി ചെയ്തു.

ഗൃഹപ്രവേശം gRhapRaveeSaM *(nn,comp)*, ceremony of occupying a vew house; ഞാൻ രവിയുടെ ഗൃഹപ്രവേശത്തിൽ പങ്കെടുത്തു

ഗൃഹവിജ്ഞാനം gRhavij~~aanaM *(nn,comp)*, Home science; ബെറ്റി ഗൃഹവിജ്ഞാനം പഠിക്കുന്നു

ഗൃഹസ്ഥാശ്രമം gRhasthaaSRamaM *(nn,comp)*, state of being married; രവി ഗൃഹസ്ഥാശ്രമത്തിൽ ഏർപ്പെട്ടു

ഗേഹം geehaM *(nn)*, home; രവി ജൻമ ഗേഹം പൂകി

ഗേറ്റ് geeRRə *(nn)*, gate; രാജൻ ഗേറ്റു തുറന്ന് അകത്തു കടന്നു

ഗൊണോറിയ goNooRiya *(nn)*, gonorrhoea; ഗൊണോറിയ ഒരു ലൈംഗികരോഗമാണ്

ഗോ goo *(nn)*, cow; ഗോമാംസം തിന്നരുത്

ഗോകുലം gookulaM *(nn)*, heard of colony of cows; ശ്രീകൃഷ്ണൻ ഗോകുലത്തിൽ താമസിച്ചു

ഗോചരീഭവിക്ക് goocariibhavikka *(comp vb)*, become visible; ദൂരെ ഒരു കുന്ന് ഗോചരീഭവിക്കുന്നു

ഗോതമ്പ് gootamba *(nn)*, wheat; ഗോതമ്പ് ഇന്ത്യയിൽ കൃഷിചെയ്യപ്പെടുന്നു

ഗോത്രം gootRaM *(nn)*, clan; ഗോത്രത്തിന്റെ തലവൻ രവിയോട് സംസാരിച്ചു

ഗോത്രവർഗ്ഗം gootravaRggaM *(nn,comp)*, tribes men; കേരളത്തിലെ അടിയാൻമാർ ഗോത്ര വർഗ്ഗക്കാരാണ്

ഗോദ gooda *(nn)*, one who gives the cow; ഗോവർദ്ധനപൂജയ്ക്കു ഗോദ നടത്തുന്നു

ഗോദാ goodaa *(nn)*, raised platform for wrestling; അനിൽ ഗുസ്തിയുടെ ഗോദായിലേക്ക് ഇറങ്ങി

ഗോദാം goodaaM *(nn)*, godown; രവി ഒരു ഗോദാം സന്ദർശിച്ചു

ഗോപൻ goopan *(nn)*, cowherd; ഗോപൻ ഗോപികയെ ആലിംഗനം ചെയ്തു

ഗോപാലൻ goopaalan *(nn)*, cow herd; ഗോപാലൻ പശുക്കളെ മേയ്ക്കുന്നു

ഗോപുരം goopuraM *(nn)*, tower; പിസയിലെ ഗോപുരം ചെരിയുന്നു

ഗോപ്യം goopyaM *(nn)*, that which ought to be kept secret; പല കാര്യങ്ങളും നാം ഗോപ്യമായി വയ്ക്കുന്നു

ഗോമാംസം goomaMsaM *(nn)*, beef; ഉത്തരേന്ത്യയിൽ ഗോമാംസം ഭക്ഷിക്കാറില്ല

ഗോമൂത്രം goomuutRaM *(nn,comp)*, urine of the cow; ഗോമൂത്രത്തിന് ചില ഔഷധഗുണങ്ങളുണ്ടത്രേ

ഗോമേദകം goomeedakaM *(nn)*, zircon; രാജൻ ഗോമേദകം എന്ന വിലകൂടിയ കല്ലു കണ്ടിട്ടുണ്ട്

ഗോലി gooli *(nn)*, playing marble; കുട്ടികൾ ഗോലി കളിക്കുന്നു

ഗോവസൂരിപ്രയോഗം goovasuuripRayoogaM *(nn,comp)*, vaccination for small pox; വസൂരിക്ക് ഗോവസൂരി പ്രയോഗം നടത്തി

ഗോഷ്ഠി goo$Thi *(nn)*, ridiculous gestures; രവി പലതരം ഗോഷ്ഠികൾ കാണിച്ചു

ഗോസായി goosaayi *(nn)*, sect of people who goes around begging; മാധവൻ ഒരു ഗോസായി ആയിരുന്നു

ഗോളം goolaM *(nn)*, globe; ഭൂമി ഒരു ഗോളമാണ്

ഗൌതമൻ gautaman *(nn)*, Gauthama Buddha; ഗൌതമൻ ബുദ്ധമതം സ്ഥാപിച്ചു

ഗൌനിക്ക് gaunikkə *(vb)*, pay attention; രവി ആരെയും ഗൌനിക്കാറില്ല

ഗൌരവം gauravaM *(nn)*, seriousness; ഹരിയുടെ മുഖത്ത് എപ്പോഴും ഗൌരവമുണ്ടായിരുന്നു

ഗൌരവം gauravaM *(nn)*, dignity; അയാൾക്കു ആ പദവി അലങ്കരിക്കുന്നതിന് തക്കതായ ഗൌരവവും പ്രൌഢിയുമുണ്ട്

ഗൌരവം gauravaM *(nn)*, importance; അയാൾ ജോലിയുടെ ഗൌരവത്തെപ്പറ്റി വിശദീകരിക്കുന്നു

ഗൌളി gauLi *(nn)*, house lizard; ഗൌളിയുടെ വാൽ മുറിഞ്ഞു പോയി

ഗൌളിശാസ്ത്രം gauLiSaastRaM *(nn,comp)*, fortune telling by observing movements and sounds of lizard; രവിക്ക് ഗൌളിശാസ്ത്രത്തിൽ വിശ്വാസമില്ലായിരുന്നു

ഗ്രന്ഥം gRanthaM *(nn)*, book; ഞാൻ ഒരു ഗ്രന്ഥം രചിക്കുന്നു

ഗ്രന്ഥകർത്താവ് gRanthakaRttaavə *(nn,comp)*, author of a literary work; ഗ്രന്ഥകർത്താവു തന്നെ ഗ്രന്ഥം പ്രസിദ്ധീകരിച്ചു

ഗ്രന്ഥാലയം gRanthaalayaM *(nn,comp)*, library; രവി ഗ്രന്ഥാലയത്തിൽ പോയി

ഗ്രന്ഥി gRanthi *(nn)*, gland; രവിയുടെ ശരീരത്തിൽ ചില ഗ്രന്ഥികൾ വീങ്ങിയിരിക്കുന്നു

ഗ്രന്ഥി gRanthi *(nn)*, knot; ചരടിൽ ഒരു ഗ്രന്ഥി ഉണ്ട്

ഗ്രസിക്ക് gRasikkə *(vi)*, swallow; രാമൻ എല്ലാകാര്യങ്ങളും പെട്ടെന്നു ഗ്രസിക്കുന്നു

ഗ്രഹം gRahaM *(nn)*, planet; ചൊവ്വ ഒരു ഗ്രഹമാണ്

ഗ്രഹണം gRahaNaM *(nn)*, eclipse; ഞാൻ സൂര്യന്റെ ഗ്രഹണം കണ്ടു

ഗ്രഹണം gRahaNaM *(nn)*, grasping; രാമൻ പ്രശ്നങ്ങളുടെ ഗ്രഹണം നടത്തി

ഗ്രഹണി gRahaNi *(nn)*, purging due to indigestion; കുട്ടിക്ക് ഗ്രഹണി പിടിപെട്ടു

ഗ്രഹപ്പിഴ gRahappiZa *(nn,comp)*, misfortune; ഗ്രഹപ്പിഴ സമയത്ത് എല്ലാം ഒന്നിച്ചുവരുന്നു

ഗ്രഹിക്ക് gRahikkə *(vi)*, grasp; രവി കാര്യങ്ങളെല്ലാം ശരിയായി ഗ്രഹിക്കുന്നു

ഗ്രഹിപ്പിക്ക് gRahippikkə *(vt)*, make somebody understand; രാമൻ മകനെ കാര്യങ്ങൾ ഗ്രഹിപ്പിച്ചു

ഗ്രാം gRaaM *(nn)*, gram; നൂറുഗ്രാം കടുക് വേണം

ഗ്രാമം gRaamaM *(nn)*, village; ഞാൻ എന്റെ ഗ്രാമത്തിൽ പോയി

ഗ്രാമീണ gRaamiiNa *(adj)*, pertaining to the village; ഗ്രാമീണ മനസ്സ് എപ്പോഴും നിഷ്ക്കളങ്കമാണ്

ഗ്രാമ്യം gRaamyaM *(nn)*, colloquial language based on various social factors; രാജൻ ഗ്രാമ്യമായ ചില പദങ്ങൾ പറഞ്ഞു

ഗ്രാഹ്യ gRaahya *(nn)*, comprehension; ആ ഖണ്ഡിക ഗ്രാഹ്യ ക്ഷമമായിരുന്നില്ല

ഗ്രാഹ്യത gRaahyata *(nn)*, comprehensibility; ഗ്രാഹ്യത എന്നത് പ്രബന്ധത്തിനുവേണ്ട, ഗുണമാണ്

ഗ്രീഷ്മം grii$maM *(nn)*, summer season; ഞാൻ ഗ്രീഷ്മത്തിൽ ഇവിടെ വന്നു ചേർന്നു

ഗ്ലാനി gLaani *(nn)*, fatigue; അമ്മയ്ക്ക് ജോലി ചെയ്ത് ഗ്ലാനി സംഭവിച്ചു

ഗ്ലാസ് gLaasə *(nn)*, glass; ഞാൻ ഒരു ഗ്ലാസ് വെള്ളം കുടിച്ചു

ഘടം ghaTaM *(nn)*, musical instrument; മണിയയ്യർ ഘടത്തിൽ സംഗീതം വിരിയിച്ചു

ഘടകം ghaTakaM *(nn)*, ingredient; ഒരു കാര്യത്തിൽ പല ഘടകങ്ങളും അടങ്ങിയിട്ടുണ്ടാവാം

ഘടന ghaTana *(nn)*, structure; വസ്തുക്കളുടെ ഘടന ഓരോന്നിലും വ്യത്യസ്തമാണ്

ഘടികാരം ghaTikaaraM *(nn)*, clock; ഘടികാരം പന്ത്രണ്ടു പ്രാവശ്യം ശബ്ദിച്ചു

ഘടിപ്പിക്ക് ghaTippikkə *(vt)*, join together; ഞാൻ പുതിയ ചക്രം യന്ത്രത്തോടു ഘടിപ്പിച്ചു

ഘട്ടം ghaTTaM *(nn)*, step; സാഹിത്യത്തിൽ പല ഘട്ടങ്ങളുണ്ട്

ഘട്ടം ghattaM *(nn)*, ghat; രവി സ്നാനഘട്ടത്തിലേക്ക് ഇറങ്ങി

ഘനം ghanaM *(nn)*, weight; നല്ല ഘനമുള്ള ഒരു പുസ്തകമാണത്

ഘനീഭവിക്ക് ghaniibhavikkə *(vt)*, solidify; ഇവിടെ തണുപ്പു കാലങ്ങളിൽ വെള്ളം ഘനീഭവിക്കുന്നു

ഘർഷണം ghR$aNaM *(nn)*, rubbing; ഘർഷണം കൊണ്ട് തീയുണ്ടാക്കുന്നു

ഘാതകൻ ghaatakan *(nn)*, killer; രാജന്റെ ഘാതകനെ ഇതുവരെയും കണ്ടുപിടിക്കാൻ കഴിഞ്ഞില്ല

ഘോരം ghooraM *(nn)*, horror; ആ സംഭവം വളരെ ഘോരമായിരുന്നു

ഘോഷം ghoo$aM *(nn)*, festivity; അവിടെ എന്തൊക്കെയോ ഘോഷം നടക്കുന്നു

ഘോഷം ghoo$aM *(nn)*, common name for letters gha, jha, dha, bha

aspirated voiced stops; ഘ ഒരു ഘോഷശബ്ദമാണ്

ഘോഷയാത്ര ghoo$ayaatRa *(nn)*, procession; അതുവഴി ഒരു ഘോഷയാത്ര കടന്നുപോകുന്നു.

ഘ്രാണം ghraaNaM *(nn)*, smelling (sense of smelling); രവിക്ക് ഘ്രാണത്തിനുള്ള ശേഷി നഷ്ടപ്പെട്ടു

ചകടാവണ്ടി cakTaavaNTi *(nn,comp)*, old fashioned bullock cart; രാമന്റെ വണ്ടി ഒരു ചക്കടാവണ്ടിയാണ്

ചകിണി cakiNi *(nn)*, inner fibrous substance; ചക്കയുടെ ചകിണി കളഞ്ഞു

ചകിരി cakiri *(nn)*, coconut fibre; ചകിരി കൊണ്ട് കയറുണ്ടാക്കുന്നു

ചകോരം cakooraM *(nn)*, bird (Greek partridge); ഇന്നലെ ഒരു ചകോരപക്ഷിയുടെ കരച്ചിൽ കേട്ടു

ചക്ക cakka *(nn)*, jack fruit; പ്ലാവിൽ ചക്കയുണ്ടാകുന്നു

ചക്കര cakkara *(nn)*, jaggery palm sugar; അമ്മ ചക്കരകൊണ്ട് കാപ്പിയുണ്ടാക്കി

ചക്കര cakkara *(nn)*, palm gur; അമ്മ ചക്കരകൊണ്ട് ഉണ്ണിയപ്പം ഉണ്ടാക്കി

ചക്കരക്കിഴങ്ങ് cakkrakkiZaŋŋə *(nn,comp)*, sweet potato; എനിക്ക് ചക്കരക്കിഴങ്ങ് ഇഷ്ടമല്ല

ചക്കരവാക്ക് cakkaravaakkə *(nn,comp)*, pleasing word which is insincere; രവി ഓരോ ചക്കരവാക്കുകൾ പറഞ്ഞ് മയക്കാൻ ശ്രമിക്കുന്നു

ചക്കാല caakkala *(nn)*, pollution due to the death of relatives observed by Hindus; ചക്കാല പറയാൻ വന്നയാൾക്ക് കാപ്പി കൊടുത്തില്ല

ചക്കാലൻ caakkalan *(nn)*, oil monger; ചക്കാലന്റെ ജോലി എണ്ണയാട്ടുകയാണ്

ചക്കിപ്പൂച്ച cakkippuucca *(nn)*, female cat; ചക്കിപ്പൂച്ച പെറ്റു

ചക്ക് cakkə *(nn)*, wooden oil squeezing press; ചക്കിനു വെച്ചത് കൊക്കിനു കൊണ്ടു

ചക്രം cakRaM *(nn)*, wheel; വണ്ടിയുടെ ചക്രം തിരിയുന്നില്ല

ചക്രവർത്തി cakRavaRtti *(nn)*, emperor; ചക്രവർത്തി രാജപദവി ഉപേക്ഷിച്ചു

ചക്രവർത്തിനി cakRavaRttini *(nn)*, empress; ചക്രവർത്തിനിക്ക് കോപം വന്നു

ചക്രവാകം cakRavaakaM *(nn)*, brahmany goose (Anas casaria); ചക്രവാകപ്പക്ഷി കേഴുന്നു

ചക്രവാളം cakRavaaLaM *(nn)*, horizon; ചക്രവാളങ്ങൾക്കപ്പുറത്തേക്ക് രാധ നോക്കിയിരുന്നു

ചക്രശ്വാസംവലിക്ക്

cakRaSvaasaMvalikkə *(comp vb)*, be in a life and death struggle; രാമൻ ജീവിക്കാൻ വേണ്ടി ചക്രശ്വാസം വലിക്കുന്നു

ചക്രശ്വാസംവലിക്ക്

cakRaSvaasaMvalikkə *(comp vb)*, inhale the last breath; രോഗിചക്രശ്വാസം വലിക്കുന്നു

ചക്ഷു cak$u *(nn)*, eye; രവി ചക്ഷുകൊണ്ട് വീക്ഷിച്ചു

ചങ്കുറപ്പ് caŋkuRappə *(nn,comp)*, stubborness of heart; രാജന്റെ ചങ്കുറപ്പ് അപാരം തന്നെ

ചങ്ക് caŋkə *(nn)*, conch; ശശി ചങ്ക് ഊതുന്നു

ചങ്ക് caŋkə *(nn)*, heart; രവി ചങ്കിൽ കൊള്ളുന്ന വാക്കുകൾ പറയുന്നു

ചങ്ക് caŋkə *(nn)*, chest; ഞാൻ അവന്റെ ചങ്കിനു പിടിച്ചു

ചങ്ങല caŋŋla *(nn)*, chain; രവിയെ എല്ലാവരും ചേർന്ന് ചങ്ങലയ്ക്കിടുന്നു

ചങ്ങഴി caŋŋla *(nn)*, measuring vessel of one edangali; അമ്മ ചങ്ങഴികൊണ്ട് നെല്ല് അളന്നു

ചങ്ങാതി caŋŋaati *(nn)*, friend; ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട

ചങ്ങാത്തം caŋŋaattaM *(nn)*, companionship; ശശി രവിയുമായുള്ള ചങ്ങാത്തം അവസാനിപ്പിച്ചു

ചഞ്ചലത ca~calata *(nn)*, vacillation; രാധയുടെ ചഞ്ചലത ദേഷ്യം പിടിപ്പിക്കുന്നതാണ്

ചഞ്ചലപ്പെട് ca~clappeTə *(vb)*, be unsteady; രവി യുടെ മനസ്സ് എപ്പോഴും ചഞ്ചലപ്പെടുന്നു

ചടങ്ങ് caTaŋŋə *(nn)*, ritual; ചടങ്ങ് കഴിഞ്ഞ് എല്ലാവരും പോയി

ചടപട caTapaTa *(nn)*, sounding as crackers exploding; രവി കട്ടിലിൽ നിന്ന് ചടപട വീണു

ചടവ് caTavə *(nn)*, fatigue; ഉറക്കച്ചടവുമായി രവി എഴുന്നേറ്റു വന്നു

ചടവ് caTavə *(nn)*, leanness; രവിയ്ക്ക് ചടവു പറ്റി

ചട്ട caTTa *(nn)*, armour; ഭടൻ ചട്ട അണിഞ്ഞു

ചട്ട caTTa *(nn)*, jacket; വല്യമ്മ ചട്ട ധരിച്ചു നടക്കുന്നു

ചട്ട caTTa *(nn)*, Outer skin of snakes; പാമ്പ് ചട്ട ഊരിക്കളഞ്ഞു

ചട്ടം caTTaM *(nn)*, rule; ചട്ടം ലംഘിച്ച പോലീസുകാരനെ അറസ്റ്റു ചെയ്തു

ചട്ടം caTTaM *(nn)*, frame; സ്ലേറ്റിന്റെ ചട്ടം ഇളകിപ്പോയി

ചട്ടംകെട്ട് caTTaMkeTTə *(comp vb)*, arrange; രവിയെ കൊണ്ടു വരാൻ ആളിനെ ചട്ടം കെട്ടി

ചട്ടൻ caTTan *(nn)*, lame person; രവി ചട്ടനായിരുന്നു

ചടുലം caTulaM *(adj)*, bewitching; ചടുലമായ മിഴികളായിരുന്നു രാധയുടേത്.

ചട്ടി caTTi *(nn)*, flat pan made of earth, metal etc; ചട്ടിയും കലവുമെല്ലാം രാധ കഴുകി വൃത്തിയാക്കി

ചട്ടുകം caTTukaM *(nn)*, kind of flat ladle; അമ്മ ചട്ടുകം കൊണ്ട് ദോശമറിച്ചിട്ടു

ചണം caNaM *(nn)*, jute; ചണംകൊണ്ട് ചണനൂലുണ്ടാക്കുന്നു

ചണനാര് caNanaarə *(nn,comp)*, jute fibre; ചണനാരുകൊണ്ട് ചാക്കുണ്ടാക്കാം

ചണ്ടി caNTi *(nn)*, sediment; രവി ചണ്ടികളെല്ലാം വാരി പുറത്തിട്ടു

ചണ്ടിപണ്ടാരം caNTipaNTaaraM *(nn,comp)*, mean folk; അവരെയൊക്കെ മധു ചണ്ടിപണ്ടാരങ്ങളെന്നു വിളിച്ചു

ചണ്ഡാലൻ caNDaalan *(nn)*, out caste; ചണ്ഡാലൻ ശ്മശാനം കാത്തുസൂക്ഷിക്കുന്നു

ചതയ് cataya *(vb)*, be crushed; വണ്ടിയുടെ അടിയിൽപ്പെട്ട് രവിയുടെ കാൽ ചതഞ്ഞു

ചതയ്ക്ക് cataykkə *(vt)*, crush; അമ്മ ചില പച്ചിലകൾ ചതയ്ക്കുന്നു

ചതവ് catavə *(nn)*, bruise; അപകടത്തിൽപെട്ട് ശരീരത്തിൽ കുറെ ഒടിവും ചതവും ഉണ്ടായി

ചതി cati *(nn)*, cheating; രവിക്ക് ഒരു ചതി പറ്റി

ചതിക്ക് catikkə *(vt)*, betray; ആരെയും ചതിക്കാൻ മധു ഇഷ്ടപ്പെടുന്നില്ല

ചതിപറ്റ് catipaRRə *(vb, comp)*, be decieved; രാമന് ഇന്നലെ ഒരു കടയിൽ വച്ച് ചതിപറ്റി

ചതിപ്രയോഗം catipRayoogaM *(nn,comp)*, treachery; രാജന്റെ ചതിപ്രയോഗത്തിൽ രവി വീണില്ല

ചതിയൻ catiyan *(nn)*, deciver; രവി ഒരു ചതിയനാണെന്ന് എല്ലാവരും പറയുന്നു

ചതുങ്ങ് catuṇṇə *(vi)*, become uneven; പാത്രം നിലത്തു വീണു ചതുങ്ങിപ്പോയി

ചതുപ്പുനിലം catuppunilaM *(nn)*, swamp; ചതുപ്പുനിലത്തിലൂടെ ആർക്കു നടക്കാൻ കഴിയും?

ചതുപ്പ് catuppə *(nn)*, marshy place; ചതുപ്പുനിലത്തു കൂടി ഞങ്ങൾ സൂക്ഷിച്ചു നടന്നു

ചതുർ catuR *(adj, pfx)*, four sided; ഒരു ചതുർ ഭുജം വരച്ച് വിസ്തീർണ്ണം കാണുക

ചതുരം caturaM *(nn,comp)*, Square; ഒരു ചതുരത്തിൽ നാല് വശങ്ങളുണ്ട്

ചതുരംഗം caturaMgaM *(nn,comp),* game of Indian chess; ശകുനി ചതുരംഗത്തിൽ ജയിച്ചു

ചതുരമായ caturamaaya *(adj),* sweet; അവൻ ചതുരമായ ഭാഷയിൽ സംസാരിച്ചു

ചതുരശ്രം caturaSRaM *(nn),* square; രവിയുടെ പറമ്പിൽ 100 ചതുരശ്ര അടി സ്ഥലം കുറഞ്ഞു

ചതുരുപായം caturupaayaM *(nn,comp),* four methods of conquering the opponent; അയാൾ ചതുരുപായങ്ങളും പ്രയോഗിച്ചിട്ടും കാര്യം നടന്നില്ല

ചന cana *(nn),* pregnancy of domestic animals; പശുവിന് ചനയുണ്ട്

ചന്ത canta *(nn),* market; കേശവൻ ചന്തയ്ക്കുപോകുന്നു

ചന്തം cantaM *(nn),* beauty; രാധ നല്ല ചന്തമുള്ള യുവതിയാണ്

ചന്തി canti *(nn),* buttock; അവന്റെ ചന്തി വേദനിക്കുന്നു.

ചന്ദനം candanaM *(nn),* sandal paste; ചന്ദനം നെറ്റിയിലണിഞ്ഞാൽ നല്ല തണുപ്പുകിട്ടും

ചന്ദനതൈലം candanatailaM *(nn,comp),* sandal wood oil; അമ്മ ചന്ദനതൈലം പുരട്ടി

ചന്ദനമുട്ടി candanamutti *(nn),* log of sandal wood; വല്യച്ഛന്റെ ചിത ചന്ദനമുട്ടികൊണ്ടാണ് ഒരുക്കിയത്

ചന്ദ്രകാന്തം candRakaantaM *(nn),* moon stone (alabaster); ഞാൻ ചന്ദ്രകാന്തമെന്ന കല്ലുകണ്ടു

ചന്ദ്രക്കല candRakkala *(nn,comp),* crescent moon; മാനത്ത് കാറുള്ളതുകൊണ്ട് ചന്ദ്രക്കല കാണാനില്ല

ചന്ദ്രഗ്രഹണം candRagRahaNaM *(nn,comp),* lunar eclipse; രവി ചന്ദ്രഗ്രഹണം വീക്ഷിക്കുന്നു

ചന്ദ്രൻ candRan *(nn),* moon; ചന്ദ്രൻ ആകാശത്ത് പ്രശോഭിക്കുന്നു

ചന്ദ്രിക candRika *(nn),* moonlight; ഇപ്പോൾ നല്ല ചന്ദ്രികയുണ്ട്

ചപലം capalaM *(nn),* fickleness; രാജന്റെ മനസ്സ് ചപലമായിരുന്നു

ചപ്പ cappa *(adj),* tasteless; ഹോട്ടലിലെ പല കറികളും ചപ്പയാണ്

ചപ്പടാച്ചിപറയ് cappTaccipaRayə *(comp vb),* tell boasting words; അയാൾ എപ്പോഴും ചപ്പടാച്ചി പറഞ്ഞുകൊണ്ടിരിക്കുന്നു

ചപ്പമൂക്ക് cappamuukkə *(nn,comp),* flattened nose; ഉണ്ണിക്ക് ചപ്പമൂക്കായിരുന്നു

ചപ്പൽ cappal *(vi),* sucking with noise; വേണുവിന്റെ ചപ്പൽ വെറുപ്പിക്കുന്നതാണ്

ചപ്പാത്തി cappaatti *(nn),* chapati; അമ്മ രാത്രിയിൽ ചപ്പാത്തി ഉണ്ടാക്കി

ചപ്പ് cappə *(nn),* dry leaves; ഞങ്ങൾ ചപ്പുകൂടി കത്തിച്ച് തീ കാഞ്ഞു.

ചപ്പ് cappə *(vi),* suck; രവി മാങ്ങ ചപ്പി തിന്നു

ചപ്രത്തല capRattala *(nn,comp),* head with disordered hair; രവിയുടെ തല ചപ്രത്തലയായിരുന്നു

ചമത camata *(nn),* tree (butea frondosa); മുനികുമാരന്മാർ ചമത മുറിക്കാൻ പോയി

ചമയം camayaM *(nn),* dress with ornaments; രാധയുടെ ചമയം കഴിഞ്ഞില്ല

ചമയ് camayə *(vi),* adorn; ഉഷ കല്യാണത്തിനുവേണ്ടി ചമയുന്നു

ചമയ്ക്ക് camaykkə *(vt),* make up; ഉഷയെ കല്യാണത്തിനായി എല്ലാവരും കൂടി ചമയ്ക്കുന്നു

ചമയ്ക്ക് camaykkə *(vt),* prepare; അമ്മ ആഹാരം ചമയ്ക്കുന്നു

ചമൽക്കാരം camalkkaaraM *(nn),* beauty; കവിതയിൽ ചമൽക്കാരമില്ലെന്ന് നിരൂപകൻ പറഞ്ഞു

ചമ്മട്ടി cammaTTi *(nn),* whip; കുതിരക്കാരൻ കുതിരയെ ചമ്മട്ടി കൊണ്ടടിച്ചു

ചരക്ക് carakkə *(nn),* goods; ചരക്കുകൾ കയറ്റുന്ന വാഹനമാണിത്

ചരക്ക് carakkə *(nn),* large cauldron; ചരക്കിൽ പായസം വച്ചു

ചരടുവലി caraTuvali *(nn,comp),* wire pulling; രവിയെ നാലു ഭാഗത്തുനിന്നും പലരും ചരടു വലി നടത്തി

ചരട് caraTə *(nn),* string; രവി ഒരു ചരടുകൊണ്ട് പുസ്തകങ്ങൾ കെട്ടി

ചരണം caraNaM *(nn),* foot of the leg; ഗുരുചരണത്തിൽ നമിച്ചു

ചരമം caramaM *(nn),* death; രാധയുടെ അച്ഛന്റെ ചരമം രവി അറിഞ്ഞില്ല

ചരൽക്കല്ല് caralkkallə *(nn),* gravel; ഗ്രാമത്തിലെ വഴി ചരൽക്കല്ല് നിറഞ്ഞതായിരുന്നു

ചരൽ caral *(nn),* gravel; ബാബു കുറെ ചരൽ വാരിക്കൂട്ടി

ചരാചരം caraacaraM *(nn,comp),* living and non living; ചരാചരങ്ങൾ നിറഞ്ഞ ഈ ഭൂമി മനോഹരമാണ്

ചരിഞ്ഞ cari~~a *(adj),* slanting; വളരെ ചരിഞ്ഞ പ്രദേശമാണ് ഇവിടം

ചരിതം caritaM *(nn),* history; ഞാൻ രാമന്റെ ചരിതം വായിച്ചു

ചരിതാർത്ഥത caritaaRtthata *(nn),* gratification; വാസുവിന് അവന്റെ പ്രവൃത്തിയിൽ ചരിതാർത്ഥത തോന്നി

ചരിത്രം caritRaM *(nn),* history; ചരിത്രത്തിൽ നിന്നും നാം പലതും പഠിക്കുന്നു

ചരിത്രകാരൻ caritRakaaran *(nn,comp),* historian; ചരിത്രകാരൻ തന്റെ വീക്ഷണത്തിനനുസരിച്ച് ചരിത്രമെഴുതി

ചരിത്രബോധം caritRaboodhaM *(nn,comp),* historical sense; ചരിത്രബോധമുള്ളത് കൊണ്ടാണ് നാം പുരോഗമിക്കുന്നത്

ചരിയ് cariyə *(vt),* slope; ഗോപുരം ഒരു ഭാഗത്തേക്ക് ചരിയുന്നു

ചരിയ്ക്ക് carikkə *(vt),* lean sidewards; ഞാൻ പാത്രം ഒരു ഭാഗത്തേക്ക് ചരിക്കുന്നു

ചരിവ് carivə *(nn),* slope; ഗോപുരത്തിന്റെ ചരിവ് കിഴക്കു വശത്തേക്കാണ്

ചരുവം caruvaM *(nn),* vessel with broad mouth made of bronze or copper; അമ്മ ഒരു ചരുവത്തിൽ വെള്ളം ചൂടാക്കി

ചർക്ക carkka *(nn),* spinning wheel; ഗാന്ധിജി ചർക്കയിൽ നൂൽനൂൽക്കുന്നു

ചർച്ച caRcca *(nn),* discussion; എല്ലാകാര്യങ്ങളും ചർച്ചചെയ്തു തീരുമാനമെടുക്കണം

ചർച്ചായോഗം caRccaayoogaM *(nn,comp),* symposium; ബാബു ചർച്ചായോഗത്തിൽ നിന്ന് വിട്ടുനിന്നു

ചർമ്മം caRmmaM *(nn),* skin; കാണ്ടാമൃഗത്തിന്റെ ചർമ്മം വളരെ കട്ടിയുള്ളതാണ്

ചലം calaM *(nn),* pus from a wound; മുറിവിൽ നിന്ന് ചലം ഒലിക്കുന്നു

ചലച്ചിത്രം calacitRaM *(nn),* movie; ഞാൻ ഇന്നലെ ഒരു ചലച്ചിത്രം കണ്ടു.

ചലനം calanaM *(nn),* movement; വണ്ടിയുടെ ചലനം നിലച്ചു

ചലമ്പ് calambə *(vt),* mutter; രവി എന്തൊക്കെയോ ചലമ്പി കൊണ്ടിരിക്കുന്നു

ചലിക്ക് calikkə *(vi),* move; വണ്ടി തനിയെ ചലിക്കുന്നു

ചലിപ്പിക്ക് calippikkə *(vt),* set in motion; യന്ത്രം രവി ചലിപ്പിക്കുന്നു

ചല്ലട callaTa *(nn),* sieve of bigger size; രവി ചല്ലടയിൽ ഇട്ടു അരിച്ചു

ചവണ cavaNa *(nn),* tongs; രവി ചവണകൊണ്ട് യന്ത്രം പിടിച്ചുതിരിച്ചു

ചവയ്ക്കുക cavaykkuka *(vi),* chew; രാജേഷിന് എപ്പോഴും എന്തെങ്കിലും ചവച്ചുകൊണ്ടിരിക്കണം

ചവർക്ക് cavaRkkə *(vi),* have an acrid taste; അമ്മയുണ്ടാക്കിയ പലഹാരം ചവർക്കുന്നു

ചവറ് cavaRə *(nn)*, sweeping green leaves used as manure; രവി ചവറ് വാരി കളഞ്ഞു

ചവറ്റുകൊട്ട cavaRRukoTTa *(nn,comp)*, dustbin; മധു ചവറ്റുകൊട്ടയിലേക്ക് കടലാസുകൾ വാരിയിട്ടു

ചവിട്ടുപടി caviTTupaTi *(nn,comp)*, foot step; ചവിട്ടുപടിയിൽ നിൽക്കരുത് അപകടമാണ്

ചവിട്ട് caviTTə *(vt)*, kick; ആരോ അവന്റെ പുറത്തു ചവിട്ടി

ചവുള് cavuLə *(vb)*, become soiled; വാസുവിന്റെ ഷർട്ട് ചവുളുന്നു

ചവോക്ക് cavookkə *(nn)*, casuriana; ഞാൻ ചവോക്ക് മരങ്ങൾക്കിടയിലൂടെ നടന്നു

ചവ്വരി cavvari *(nn)*, sagorice; കാക്കകൾ ചവ്വരി കൊത്തിപ്പറന്നു

ചഷകം ca$akaM *(nn)*, drinking vessel espcially for pouring out liquor; ആലിബാബ ചഷകത്തിൽ വീഞ്ഞു നിറച്ചു

ചളി caLi *(nn)*, mud; രവിയുടെ കാലിൽ ചളി പറ്റി

ചളിക്ക് caLikkə *(nn)*, decay; പഴയ ഭക്ഷണസാധനങ്ങൾ കിടന്ന് ചളിക്കുന്നു

ചളിപ്പ് caLippə *(nn)*, decay; ഭക്ഷണ സാധനങ്ങളിൽ ചളിപ്പ് അനുഭവപ്പെടുന്നു

ചളിപ്പ് caLippə *(nn)*, mental disgust; അവന് കള്ളം പറയുന്നതിൽ ഒരു ചളിപ്പും ഇല്ല

ചളുക്ക് caLukkə *(vt)*, bend in; പാത്രം രവി ചളുക്കുന്നു

ചളുങ്ങ് caLuṇṇə *(vi)*, be crushed; പാത്രം നിലത്തു വീണു ചളുങ്ങിപ്പോയി

ചള്ള caLLa *(nn)*, mud; രവിയുടെ ദേഹത്ത് ചള്ള തെറിച്ചു

ചള്ള് caLLə *(adj)*, useless; അവന്റെ സ്വഭാവം ചള്ളായിരുന്നു

ചള്ള് caLLə *(adj)*, unripe; ആ തേങ്ങ ചള്ളായിരുന്നു

ചറുപറെ caRupaRe *(adv)*, drizzling of the rain; മഴ ചറുപറെ പെയ്യുന്നു

ചാക് caakə *(vi)*, die; രവിയുടെ പട്ടി ചത്തുപോയി

ചാക്ക് caakkə *(nn)*, sack bag; അമ്മ ചാക്കിൽ നെല്ലു നിറച്ചു

ചാക്യാർ cakyaaR *(nn)*, Kerala community (traditional performers of kuttu); ചാക്യാർ കൂത്തു പറഞ്ഞു

ചാക്രികമായ caakRikamaaya *(adj)*, circular; ഋതുക്കൾ കാലത്തിന്റെ ചാക്രികമായ ആവർത്തനമാണ്

ചാക്രികമായ caakRikamaaya *(adj)*, cyclical; സർക്കസ്സിൽ ചാക്രികമായ

പെൻഡുലത്തിൽ കുട്ടികൾ ആടുന്നു

ചാഞ്ചല്യം caa~acalyaM *(nn),* fickleness; രാധയുടെ ചാഞ്ചല്യം രവിക്ക് ഇഷ്ടപ്പെട്ടില്ല

ചാഞ്ചാട് caa~caaTə *(vb),* rock to and fro in a rhythmic way; തോണി പുഴയിൽ വച്ച് ചാഞ്ചാടുന്നു

ചാട് caaTə *(vb),* jump; അയാൾ ഉടനെ പുറത്തേക്കുചാടി

ചാടിക്ക് caaTikkə *(vt),* make him jump; രവി രാജനെ ചാടിക്കുന്നു

ചാട്ട caaTTa *(nn),* whip; കുതിരയെ ചാട്ടകൊണ്ട് അടിക്കുന്നു

ചാട്ടം caaTTaM *(nn),* leap; രവിയുടെ ചാട്ടം പിഴച്ചു

ചാട്ടം caaTTaM *(nn),* pride; രാധയുടെ ചാട്ടം നിന്നു

ചാട്ട് caaTTə *(vt),* throw darts; മധു സ്രാവിനു നേരെ ചാട്ടുന്നു

ചാണ caaNa *(nn),* stone used for sharpening; രവി കത്തി ചാണയ്ക്കു പിടിയ്ക്കുന്നു

ചാണകം caaNakaM *(nn),* cow dung; ചാണകം കൊണ്ട് ചില വീടുകൾ മെഴുകുന്നു

ചാണകംതളിക്ക്

caaNakaMtaLikkə *(vt),* sprinkle cow dung water; അമ്മ മുറ്റത്തു ചാണകം തളിക്കുന്നു

ചാണകംതേയ്ക്ക്

caaNakaMteeykkə *(comp vb),* plaster with cow dung; അമ്മ മുറ്റത്ത് ചാണകം തേച്ചു

ചാണക്കല്ല് caaNakkallə *(nn,comp),* stone slab for sharpening knife chisel etc; ചാണക്കല്ലിൽ വച്ച് രാജൻ കത്തിക്കു മൂർച്ച കൂട്ടി

ചാണക്യതന്ത്രം caaNakyatantRaM *(nn,comp),* tactics of chanayka; ചാണക്യതന്ത്രങ്ങൾ ഓരോന്നായി അവൻ പ്രയോഗിച്ചുകൊണ്ടിരുന്നു

ചാണയ്ക്കുവയ്ക്ക്

caaNaykkuvaykkə *(nn,comp),* sharpen the tool; രവി കത്തി ചാണയ്ക്കു വച്ചു

ചാൺ caaN *(nn),* span between the middle finger tip and thumb; രവി ഒരു ചാൺ നീളത്തിൽ തുണി മുറിച്ചു

ചാതുരി caaturi *(nn),* dexterity; വേണുവിന് എന്തുകാര്യം ചെയ്യാനും ഒരു ചാതുരിയുണ്ട്

ചാതുര്യം caaturyaM *(nn),* cleverness; അശോക് തന്റെ ശില്പചാതുര്യം വെളിപ്പെടുത്തി

ചാത്തൻ caattan *(nn),* mischievous spirit; ചാത്തന്റെ ഉപദ്രവം സഹിക്കാൻ വയ്യെന്ന് നാട്ടുകാർ പരാതിപ്പെട്ടു

ചാന്ത് caantə *(nn)*, mixture of sandal wood paste; രാധ മുഖത്ത് ചാന്ത് പുരട്ടി

ചാന്നാൻ caannaan *(nn)*, group of people who chop black palm; രാമൻ ഒരു ചാന്നാനാണ്

ചാമ്പ caamba *(nn)*, jambu tree; രവി ചാമ്പയിൽ കയറി ചാമ്പയ്ക്ക പറിച്ചു

ചാമ്പൽ cambal *(nn)*, potash; ഫിനിക്സ് പക്ഷിയുടെ ചാമ്പലിൽ നിന്ന് പുതിയ പക്ഷികൾ ഉയിർത്തെഴുന്നേൽക്കുമത്രെ

ചാമ്പൽ caambal *(nn)*, closing of the eyes lightly; രാധയുടെ കണ്ണിന്റെ ചാമ്പൽ ഭംഗിയുള്ളതായിരുന്നു

ചാപല്യം caapalyaM *(nn)*, fickleness; കിരണിന്റെ ചാപല്യം കൊണ്ട് പല നല്ല അവസരങ്ങളും അവനു നഷ്ടമായി

ചാപിള്ള caapiLLa *(nn)*, still birth; ഭാര്യപ്രസവിച്ചത് ചാപിള്ള ആയിരുന്നു

ചാപ്പ caappa *(nn)*, mark; കുതിരകൾക്ക് ചാപ്പ കുത്തുന്ന സമ്പ്രദായം ഷേർഷ എന്ന ഭരണാധികാരി നടപ്പാക്കി

ചാമ caama *(nn)*, kind of grain millet; അമ്മ ചാമ കൊണ്ട് കഞ്ഞിവച്ചു

ചാമരം caamaraM *(nn)*, tail of the roos grunniens (royal insignia); ചാമരം വീശിക്കൊണ്ട് രാജാവിനെ എതിരേറ്റു

ചായ caaya *(nn)*, tea; അച്ഛൻ ചായ കുടിക്കുന്നു

ചായം caayaM *(nn)*, dye; മുരളി മുറിയിൽ ചായം തേച്ചു

ചായക്കൂട്ട് caayakkuuTTə *(nn)*, pigment; അസ്തമയ സമയത്ത് ആകാശം ചായക്കൂട്ടണിയുന്നു

ചായപ്പാത്രം cayappaatRaM *(nn)*, tea kettle; ചായപ്പാത്രത്തിൽ ചായയുണ്ടാക്കി

ചായമിട് caaymiTə *(vt)*, dye; അയാൾ തുണികൾക്ക് ചായമിടുന്നു

ചായ്ക്ക് caaykkə *(vt)*, bend; അരവിന്ദ് കുട ചായ്ച്ചു പിടിച്ചുകൊണ്ടു നടന്നു

ചായ് caayə *(vi)*, incline ; തെങ്ങ് ഒരു വശത്തേക്ക് ചായുന്നു

ചായ്പ് caaypə *(nn)*, sloping shed attached to the main building; വീടിനോട് ചേർന്നു ഒരു ചായ്പ്പുണ്ട്

ചായ്വ് caayvə *(nn)*, inclination; രാജന് എപ്പോഴും ചായ്വ് അങ്ങോട്ടായിരുന്നു

ചാരം caaraM *(nn)*, pot ash; പണിക്കാർ തെങ്ങിന്റെ ചുറ്റും ചാരം ഇട്ടു

ചാരം caaraM *(nn)*, ash; തടി കത്തിച്ചാൽ ചാരം ഉണ്ടാകുന്നു

ചാരണം caraNaM *(nn),* dandruff; തലയിൽ നിറയെ ചാരണമാണത്രേ

ചാരനിറം caaraniRaM *(nn),* grey; അയാളുടെ മുടിക്ക് ചാരനിറമായിരുന്നു

ചാരൻ caaran *(nn),* spy; വിദേശചാരനെ പോലീസ് പിടികൂടി

ചാരാധാരം caaraadhaaraM *(nn,comp),* benami writing; അച്ഛൻ മാധവമേനോനുവേണ്ടി ചാരാധാരം എഴുതിക്കൊടുത്തു

ചാരായം caaraayaM *(nn),* arrack; രവി ചാരായം കുടിക്കുന്നു

ചാരിതാർത്ഥ്യം caaritaaRtthayaM *(nn),* gratificatioin; വേണുവിന് തന്റെ പ്രവൃത്തിയിൽ ചാരിതാർത്ഥ്യം തോന്നി

ചാരിത്ര്യം caaritryaM *(nn),* chastity; സീത ചാരിത്ര്യം കാത്തു സൂക്ഷിച്ചു

ചാരിത്ര്യവതി caaritRyavati *(nn,comp),* chaste woman; സാവിത്രി ചാരിത്ര്യവതിയായിരുന്നു

ചാരു caaru *(adj),* beautiful; ചാരുവായ ആ നേത്രങ്ങളിലേക്ക് ഞാൻ ഉറ്റുനോക്കി

ചാരുകസേര caarukaseera *(nn,comp),* easy chair; അപ്പൂപ്പൻ ചാരുകസേരയിൽ ഇരിക്കുന്നു

ചാരുശീല caaruSiila *(nn),* lady with good character; സീത ഒരു ചാരുശീലയാണ്

ചാരുഹാസിനി caaruhaasini *(nn,comp),* lady who smiles beautifully; സാവിത്രി ചാരുഹാസിനി ആയിരുന്നു

ചാര് caarə *(vi),* lean; കുട്ടി ചുവരിലേക്ക് ചാരി നിന്നു

ചാർച്ച caaRcca *(nn),* relation; രാജനും രവിയും തമ്മിൽ ചാർച്ചയുണ്ട്

ചാർജ്ജ് caaRjjə *(nn),* charge; വെള്ളത്തിനുള്ള ചാർജ്ജ് വർദ്ധിപ്പിച്ചു

ചാർജ്ജ് caaRjjə *(nn),* allegation; പോലീസ് കേസ് ചാർജ്ജ് ചെയ്തു

ചാർത്ത് caaRttə *(vt),* adorn; രമേഷ് വിഗ്രഹത്തിൽ മാല ചാർത്തുന്നു

ചാർത്ത് caaRttə *(nn),* list of items; വൈദ്യൻ കഷായമുണ്ടാക്കാനുള്ള സാധനങ്ങളുടെ ചാർത്ത് എഴുതി കൊടുത്തു

ചാർത്ത് caaRttə *(nn),* document; അശോക് ഒരു ചാർത്ത് എഴുതി വാങ്ങിച്ചു.

ചാലിക്ക് caalikkə *(vt),* mix ingredients in fluids; ഞാൻ വെള്ളത്തിൽ ഗുളിക ചാലിച്ചു

ചാൽ caal *(nn),* make concentric channels in a paddy field to plough;

അച്ഛൻ വയലിൽ ഒരു പുതിയ ചാൽ ഉഴുതു

ചാൽ caal *(nn)*, channel; അച്ഛൻ വയലിലേക്ക് ഒരു പുതിയ ചാൽ കീറി

ചാവടി caavaTi *(nn)*, place for collecting tax; അമ്മ ചാവടിയിൽ പോയി നോക്കി

ചാവടി caavaTi *(nn)*, out house; അവൻ ചാവടിയിൽ കിടന്നുറങ്ങി

ചാവി caavi *(nn)*, key; അശോകിന് മുറിയുടെ ചാവി നഷ്ടപ്പെട്ടു

ചാവേറ് caaveeRə *(nn)*, warriors who took vow for anihilation of the enemy even at the risk of his own life; ചാവേറുപട ശത്രുവിനെ തേടി നടന്നു

ചാള caaLa *(nn)*, sardine; അമ്മ ചാള കഴുകി വൃത്തിയാക്കുന്നു

ചാളത്തടി caaLattaTi *(nn,comp)*, catamaran; രവി ഒരു ചാളത്തടി മുറിച്ചു

ചാളുവ caaLuva *(nn)*, saliva; കുട്ടി ചാളുവ ഒഴുക്കുന്നു

ചാളുവഒഴുക്ക് caaLuvaoZukkə *(vb comp)*, oozing out of the salive; ആ കുട്ടി എപ്പോഴും ചാളുവ ഒഴുക്കുന്നു

ചാഴി caaZi *(nn)*, pest which destroyes corn; നെല്ലിൽ ചാഴിയുടെ ആക്രമണം രൂക്ഷമായി

ചാഴിവീഴ് caZiviiZə *(comp vb)*, pest affecting the paddy; ഞങ്ങളുടെ നെല്ലിൽ മുഴുവനും ചാഴി വീണു

ചാറൽ caaRal *(nn)*, drizzling; ചാറൽ സമയത്ത് ഞങ്ങൾ വെറുതെ നടക്കാനിറങ്ങിയതായിരുന്നു

ചാറ് caaRə *(vi)*, drizzle; ഇപ്പോൾ മഴ നന്നായി ചാറുന്നു

ചാറ് caaRə *(nn)*, juice; പഴത്തിന്റെ ചാറെടുത്ത് അനിൽ കുടിച്ചു

ചികയ് cikayə *(vi)*, think deeply; അയാൾ പലതും ചികഞ്ഞാലോചിച്ചു

ചികയ് cikayə *(vi)*, remove mud and other objects little by little; കോഴി എപ്പോഴും അഴുക്കിൽ ചികഞ്ഞുകൊണ്ടിരിക്കുന്നു

ചികയ് cikayə *(vi)*, scrutinise; അയാൾ ഓഫീസിലുള്ള ഫയലുകളുടെ ഇടയിൽ നിന്നു ചികഞ്ഞുനോക്കി

ചികിത്സ cikitsa *(nn)*, treatment; അതിന്റെ ചികിത്സ എന്താണെന്നറിയില്ല

ചികിത്സിക്ക് cikilsikkə *(vt)*, treat with medicines; ഡോക്ടർ രോഗിയെ ചികിത്സിക്കുന്നു

ചികുരഭാരം cikurabhaaraM *(nn,comp)*, tuft of hair; രാധയുടെ

ചികുരഭാരം
മനോഹരമായിരുന്നു.

ചിക്കുപരമ്പ് cikkuparambə *(nn,comp)*, mat used for drying paddy and other cereals; അമ്മ നെല്ല് ചിക്കുപരമ്പിലിട്ട് ഉണക്കുന്നു

ചിക്ക് cikkə *(vt)*, spread grain on a mat uniformally; അമ്മ നെല്ല് ചിക്കുന്നു.

ചിക്ക് cikkə *(vt)*, disentangle the hair of knots by combing; അമ്മു തല ചിക്കുന്നു

ചിങ്ങം ciṉṉaM *(nn)*, first month of Malayalam era; ചിങ്ങമാസത്തിലാണ് ഓണം

ചീഞ്ഞ cii~~a *(nn,adj)*, rotten; ഞാൻ ഒരു ചീഞ്ഞ മുട്ട വലിച്ചെറിഞ്ഞു

ചിട്ട ciTTa *(nn)*, regular; ചിട്ടയിലുള്ള വ്യായാമം ശരീരത്തിനാവശ്യമാണ്

ചിട്ടപ്പെടുത്ത് ciTTappeTuttə *(comp vb)*, systematise; ബീഥോവൻ സംഗീതം ചിട്ടപ്പെടുത്തി

ചിട്ടി ciTTi *(nn)*, chit; ജയശ്രി ഒരു ചിട്ടിയിൽ ചേർന്നു

ചിണുങ്ങ് ciNuṉṉə *(vi)*, whimper; കുട്ടി ചിണുങ്ങുന്നു

ചിത cita *(nn)*, funeral pire; നേതാവിന്റെ മൃതദേഹം ചിതയിൽ വച്ചു

ചിതൽപ്പുറ്റ് citalppuRRə *(nn,comp)*, ant hill; വീടിനടുത്തായി ഒരു ചിതൽപ്പുറ്റുണ്ടായിരുന്നു

ചിതൽ cital *(nn)*, white ant; എന്റെ പുസ്തകങ്ങൾ അലമാരിയിൽ ചിതൽ തിന്നുന്നു

ചിതറൽ citaRal *(nn)*, scattering; വെള്ളത്തിന്റെ ചിതറൽ വളരെ ഭംഗിയുള്ളതാണ്

ചിതറ് citaRə *(vi)*, scatter; ജനൽ പൊട്ടിച്ചിതറുന്നു

ചിതാഗ്നി citaagni *(nn,comp)*, funeral fire; ചിതാഗ്നി ആളികത്തുന്നത് എല്ലാവരും ദുഃഖത്തോടെ കണ്ടു നിന്നു

ചിത്തം cittaM *(nn)*, mind; അരവിന്ദന്റെ ചിത്തത്തിലേക്ക് ആ ദൃശ്യം കടന്നുവന്നു

ചിത്തഭ്രമം cittabhRamaM *(nn,comp)*, madness; രവിക്ക് ചിത്ത ഭ്രമമുണ്ടായിരുന്നു

ചിത്തരോഗം cittaroogaM *(nn,comp)*, mental disease; ചിത്തരോഗമുള്ളയാളെ ചികിത്സിച്ചു.

ചിത്തിര cittira *(nn)*, fourteenth lunar mansion; ചിത്രയുടെ ജന്മനക്ഷത്രം ചിത്തിരയായിരുന്നു

ചിത്രം citRaM *(nn)*, picture; രാജൻ നന്നായി ചിത്രം വരയ്ക്കും

ചിത്രകല citRakala *(nn,comp)*, art of painting; അരവിന്ദിന് ചിത്രകലയിൽ കമ്പമുണ്ട്

ചിത്രകാരൻ citRakaaran *(nn,comp)*, painter; വാസു നല്ലൊരു ചിത്രകാരനാണ്

ചിത്രത്തയ്യൽ citRattayyal *(nn,comp),* embroidery; രാധയ്ക്ക് നന്നായി ചിത്രത്തൈയ്യൽ അറിയാം.

ചിത്രമെഴുത്ത് citRameZuttə *(nn),* drawing; അവൾക്ക് ചിത്രമെഴുത്തറിയാം

ചിത്രലിപി citRalipi *(nn,comp),* hieroglyphist; മാധവമേനോന് ചിത്രലിപികൾ വായിക്കാനറിയാം

ചിത്രശലഭം citRaSalabhaM *(nn),* butterfly; ചിത്രശലഭം പൂവിൽ നിന്നും പറന്നുയർന്നു

ചിത്രശലഭപ്പുഴു citRaSalabhappuZu *(nn),* caterpillar; ചിത്രശലഭപ്പുഴുക്കൾ മനോഹരമാണ്

ചിത്രീകരിക്ക് citRiikarikkə *(vb),* picturise; മനസ്സിൽ ചിത്രീകരിക്കുന്ന ചില കഥകൾ വേണു പറയുന്നു

ചിന്ത cinta *(nn),* thinking; അരവിന്ദിന് ചിന്തയില്ലാത്ത പ്രവൃത്തി മാത്രമേയുള്ളൂ

ചിന്ത cinta *(nn),* idea; ചിന്തയാണ് മനുഷ്യനെ മുന്നോട്ടു നയിക്കുന്നത്

ചിന്തിക്ക് cintikkə *(vi),* think; രവി എന്തോ ചിന്തിക്കുന്നു

ചിന്തിപ്പിക്ക് cintippikkə *(vt),* prompt to think (make somebody think); രാമൻ എപ്പോഴും മറ്റുള്ളവരെ ചിന്തിപ്പിക്കുന്നു

ചിന്തേര് cinteerə *(nn),* polishing chisel; ആശാരി ചിന്തേരിടുന്നു

ചിന്നംവിളി cinnaMviLi *(nn,comp),* roaring of elephant; ആന ചിന്നം വിളിക്കുന്നു

ചിന്ന് cinnə *(vi),* scatter; പാത്രത്തിൽ നിന്ന് എല്ലാം ചിന്നിത്തെറിച്ചു

ചിപ്പി cippi *(nn),* small shell; ചിപ്പിയിൽ മുത്തുണ്ട്

ചിമിട്ട് cimiTTə *(adj),* smart ; വേണു ഒരു ചിമിട്ട് പയ്യനാണ്

ചിമ്മ് cimmə *(vi),* wink; രാധ കണ്ണു ചിമ്മുന്നു

ചിരം ciraM *(adv),* long time; നിങ്ങൾ ചിരം ജീവിക്കട്ടെ

ചിരംജീവി ciraMjiivi *(nn,comp),* immortal; ഹനുമാൻ ചിരംജീവി ആണ്

ചിരങ്ങ് ciraṇṇə *(nn),* scabies; രവിക്ക് ചിരങ്ങ് ബാധിച്ചു

ചിരട്ട ciraTTa *(nn),* coconut shell; ചിരട്ടകൊണ്ട് മനോഹരമായ ശില്പങ്ങളുണ്ടാക്കാം

ചിരവ cirava *(nn),* coconut scraper; അമ്മ ചിരവ കൊണ്ട് തേങ്ങ ചിരകുന്നു

ചിരസ്ഥായി cirasthaayi *(adj),* long-lasting; ചിരസ്ഥായിയായ ബന്ധമായിരുന്നു ഞങ്ങൾ തമ്മിലുണ്ടായിരുന്നത്

ചിരി ciri *(nn),* laughter; ഉണ്ണിയുടെ ചിരി വളരെ മനോഹരമാണ്.

ചിരിക്ക് cirikkə *(vi),* laugh; രാധ എപ്പോഴും ചിരിക്കുന്നു

ചിരിപ്പിക്ക് cirippikkə *(vt),* make to laugh; രവി എല്ലാവരേയും ചിരിപ്പിക്കുന്നു

ചിരയ്ക്ക് ciraykkə *(vt),* shave; ക്ഷുരകൻ ചിരയ്ക്കുന്നു

ചില cila *(qua),* some; ചില കുട്ടികൾ നന്നായി പഠിക്കുന്നുണ്ട്

ചില cila *(qua),* certain; ഇവിടെ കുടിയേറ്റം ചെയ്ത ചിലർക്ക് മാത്രമേ പട്ടയം കിട്ടിയുള്ളൂ

ചില cila *(qua),* few; പന്തു കളിച്ച ചിലർക്കു സമ്മാനം കിട്ടി

ചിലങ്ക cilaṅka *(nn),* anklet with bells; നർത്തകി കാലിൽ ചിലങ്കയണിഞ്ഞു

ചിലന്തി cilanti *(nn),* spider; ചിലന്തിവല കെട്ടുന്നു

ചിലന്തി വല cilantivala *(nn,comp),* spider's web; ചിലന്തി വലയിൽ ഒരു പ്രാണി വന്നു വീണു

ചിലമ്പ് cilambə *(nn),* foot anklet with pebbles or bells; കോവലൻ ചിലമ്പ് വിൽക്കാൻ പോയി

ചിലപ്പോൾ cilappooL *(adv),* sometimes; അയാൾ ഇവിടെ ചിലപ്പോൾ വരാറുണ്ട്

ചിലപ്പ് cilappə *(nn),* chirping of birds; പക്ഷികളുടെ ചിലപ്പ് ഇവിടെ കേൾക്കാം

ചിലയ്ക്ക് cilaykkə *(vi),* chatter; പക്ഷികൾ ചിലയ്ക്കുന്നു.

ചിലയ്ക്ക് cilaykkə *(vb),* chirp; പക്ഷികൾ ചിലക്കുന്നത് അയാൾ കേട്ടു

ചിലാന്തി cilaanti *(nn),* timber tree (spesia); ചിലാന്തിയിൽ ഒരു കിളി വന്നിരുന്നു

ചില്ല cilla *(nn),* branch of a tree; മരത്തിന്റെ ചില്ലയിൽ ഒരു പക്ഷി ഇരുന്നു

ചില്ലറ cillaRa *(nn),* loose coin; എന്റെ കയ്യിൽ ചില്ലറ ഇല്ല

ചില്ലറ cillaRa *(nn),* trifling matters; ഉയർന്ന ഉദ്യോഗസ്ഥൻമാർ ചില ചില്ലറ കാര്യങ്ങളിൽ ഇടപെടുന്നത് തെറ്റാണ്

ചില്ലറവ്യാപാരം cillaRavyaapaaraM *(nn,comp),* retail trade; ചില്ലറവ്യാപാരം നിർത്തി മൊത്തവ്യാപാരം തുടങ്ങി

ചില്ലീട് cilliiTə *(nn),* off-season of coconut; ചില്ലീടു കാരണം ഇപ്രാവശ്യം തേങ്ങ കുറവാണ്

ചില്ല് cillə *(nn),* piece of broken glass; ചില്ലുകൊണ്ടുള്ള ഭരണിയായിരുന്നു അത്.

ചിഹ്നം cihnaM *(nn),* mark; ഭാരതത്തിന്റെ

ഔദ്യോഗികചിഹ്നം അശോകസ്തംഭമാണ്

ചിള്ള് ciLLə *(vi)*, scratch; രവി ഓരോന്ന് ചിള്ളിയെടുക്കുന്നു

ചിറ ciRa *(nn)*, bund constructed to obstruct water; അച്ഛൻ തോടിന് ചിറകെട്ടി

ചിറ ciRa *(nn)*, natural tank or reservoir; ചിറയിൽ മീൻ പിടിക്കാൻ അവർ പോയി.

ചിറക്കുഴി ciRakkuZi *(nn,comp)*, pit inside the bund which has been constructed for obstructing water; ചിറക്കുഴിയിലേക്ക് അയാൾ മറിഞ്ഞു വീണു

ചിറക് ciRakə *(nn)*, wing of a bird; പക്ഷിയുടെ ചിറകിൽ അമ്പേറ്റു

ചിറകിലൊതുക്ക് ciRakilotukkə *(adv)*, hide under the wings; തള്ളക്കോഴി കുഞ്ഞുങ്ങളെ ചിറകിലൊതുക്കി

ചിറി ciRi *(nn)*, lip; ഉണ്ണി ചിറി കോട്ടി ചിരിച്ചു

ചിറ്റപ്പൻ ciRRappan *(nn,ks)*, father's younger brother (mother's younger sister`s husband); ചിറ്റപ്പൻ അച്ഛനോട് സംസാരിക്കുന്നു

ചിറ്റമ്മ ciRRamma *(nn,ks)*, step mother; രാജന്റെ ചിറ്റമ്മ വീടു വിട്ടുപോയി

ചീ cii *(adj)*, rotten; അവൻ ചീമുട്ടയെടുത്തു എറിഞ്ഞു

ചീക് ciikə *(vi)*, comb hair; രാധ തല ചീകുന്നു

ചീങ്കണ്ണ് ciiŋkaNNə *(adj)*, person with pus formation in the eyes; രവി ഒരു ചീങ്കണ്ണനാണ്

ചീങ്കണ്ണി ciiŋkaNNi *(nn)*, crocodile; ഒരു ചീങ്കണ്ണി വാ പൊളിച്ചുകൊണ്ടു വരുന്നു

ചീട്ടിത്തുണി ciiTTittuNi *(nn,comp)*, printed cloth; രാധ ഒരു ചീട്ടിത്തുണി വാങ്ങി

ചീട്ടുകളി ciiTTukaLi *(nn,comp)*, playing cards; രാജന് ചീട്ടു കളിയറിയാം

ചീട്ട് ciiTTə *(nn)*, chit; രവി ഒരു ചീട്ടെഴുതി കൊടുത്തു

ചീത്ത ciitta *(nn,adj)*, bad; രവി ചീത്തക്കുട്ടിയാണ്.

ചീത്തപറയ് ciittapRyə *(comp vb)*, scold; രാധയെ അമ്മ ചീത്ത പറഞ്ഞു

ചീനക്കാരൻ ciinakkaaran *(nn,comp)*, chinese; ലീ പെങ് ഒരു ചീനക്കാരനാണ്

ചീനച്ചട്ടി ciinaccaTTi *(nn,comp)*, kind of frying pan made of cast iron; അമ്മ ചീനച്ചട്ടിയിൽ കറി വയ്ക്കുന്നു

ചീനഭരണി ciinabharaNi *(nn,comp)*, huge jar used for storing pickles, seed etc; ഞങ്ങളുടെ വീട്ടിൽ ഒരു പഴയ ചീനഭരണിയുണ്ട്

ചീനവല ciinavala *(nn,comp)*, dip net; കൊച്ചിയിൽ പോയാൽ ചീനവല കാണാം

ചീനിക്കിഴങ്ങ് ciinikkiZŋŋə *(nn)*, sweet potato; ചീനിക്കിഴങ്ങ് ഞാൻ കഴിക്കാറില്ല

ചീനിയമരയ്ക്ക ciiniyamarayəkka *(nn,comp)*, cluster beans; ചീനിയമരയ്ക്ക അച്ഛന് ഇഷ്ടമാണ്

ചീന്തിപ്പോക് ciintippookə *(comp vb)*, be torn; പുസ്തകത്തിന്റെ ഒരു പേജ് ചീന്തിപ്പോയി

ചീന്ത് ciintə *(nn)*, strip; രവി ഒരു ചീന്ത് കടലാസ് എടുത്തു

ചീപ്പ് ciippə *(nn)*, comb; അരവിന്ദ് ചീപ്പുകൊണ്ട് തലചീകി

ചീയ് ciiyə *(adj)*, rotten; ചീഞ്ഞ മുട്ട എറിഞ്ഞവരെ പിടിച്ചു

ചീയ് ciiyə *(vi)*, cause to decay; പാത്രത്തിൽ വച്ചിരുന്ന പഴം ചീയുന്നു

ചീര ciira *(nn)*, leafy vegetable; അമ്മ ചീര കറി വച്ചു

ചീർക്ക് ciiRkkə *(vi)*, swell; രവി വല്ലാതെ ചീർത്തു വരുന്നു

ചീർപ്പ് ciiRppə *(nn)*, comb; ചീർപ്പുകൊണ്ട് അവൾ തല ചീകി

ചീവീട് ciiviiTə *(nn)*, cricket; രാത്രിയിൽ ചീവീട് ഉച്ചത്തിൽ ശബ്ദമുണ്ടാക്കുന്നു

ചീവ് ciivə *(vt)*, make the wood shine by a chisel; ആശാരി തടി ചീകുന്നു

ചീവ് ciivə *(vt)*, sharpen; കുട്ടി പെൻസിൽ ചീവി മുന കൂർപ്പിച്ചു

ചീറ് ciiRə *(vi)*, hiss; പുലി ചീറിക്കൊണ്ട് ഓടി വരുന്നു.

ചീറ്റൽ ciiRRlnn *(vn)*, sneezing; അയാൾക്ക് എപ്പോഴും ചീറ്റലും തുമ്മലും തന്നെ

ചീറ്റ് ciiRRə *(vb)*, staff; രവി മൂക്കു ചീറ്റുന്നു

ചുംബനം cuMbanaM *(nn)*, kiss; അമ്മ കുട്ടിക്ക് ചുംബനം നൽകി

ചുകപ്പ് cukappə *(nn)*, red colour; ചുകപ്പു കണ്ട കാളയെപ്പോലെ

ചുക്കാമ്പിടിക്ക് cukkanpiTikkə *(vt)*, control; വേണുവാണ് സംഘടനയുടെ ചുക്കാൻ പിടിക്കുന്നത്

ചുക്കിലി cukkili *(nn)*, cob web; രാധ ചുക്കിലി അടിച്ചുകളഞ്ഞു

ചുക്ക് cukkə *(nn)*, dried ginger; അമ്മ ചുക്ക്കൊണ്ട് കാപ്പിയുണ്ടാക്കി

ചുങ്കം cuŋkaM *(nn)*, duty on goods; ഈ പാലത്തിൽ ഇപ്പോഴും ചുങ്കം പിരിയ്ക്കുന്നു

ചുങ്കപ്പുര cuṇkappura *(nn)*, custom house; ചുങ്കപ്പുരയിൽ ചുങ്കം പിരിക്കുന്നു

ടാഗ് Taagə *(nn),* tag; ഞാൻ ഒരു ടാഗുകൊണ്ട് പേപ്പർ കൂട്ടി കെട്ടി

ടാങ്ക് Taaŋkə *(nn),* tank; ടാങ്കിൽ വെള്ളം നിറഞ്ഞുകവിഞ്ഞു

ടാപ്പ് Taappə *(nn),* tap; രവി ടാപ്പ് തുറന്നിട്ടു

ടിക്കറ്റ് TikkaRRə *(nn),* ticket; കണ്ടക്ടർ ടിക്കറ്റ് തന്നു

ടിക്ക് മാർക്ക് TikkəmaaRkkə *(nn)*, tick mark; ചില കോളങ്ങളിൽ ഞാൻ ടിക്ക് മാർക്കിട്ടു

ടിപ്പണി TippaNi *(nn)*, commentary; പഴയ ഗ്രന്ഥത്തിന് രഘു ടിപ്പണി തയ്യാറാക്കി

ടിപ്പ് Tippə *(nn)*, tip (small reward to servant or peon); മധു ഹോട്ടലിൽ ടിപ്പു കൊടുക്കാറുണ്ട്

ടീ Tii *(nn)*, tea; രവി ടീ കുടിച്ചു

ടീക Tiika *(nn)*, commentary; മധു ഒരു പുസ്തകത്തിനു ടീക തയ്യാറാക്കി

ടീകാകാരൻ Tiikaakaaran *(nn,comp)*, commentator; ടീകാകാരൻ കൃതിക്ക് ചില പുതിയ മാനങ്ങൾ നൽകി

ടെക്സ്റ്റ് TekəsəRRə *(nn)*, text the actual word for text book; ഈ ടെക്സ്റ്റിൽ പുതിയ വിഷയങ്ങൾ ഉൾപ്പെടുത്തണം

ടെൻഡർ TenDaR *(nn)*, tender; പത്രത്തിൽ പാലം പണിയാൻ ടെൻഡർ വിളിച്ചിട്ടുണ്ട്

ടെലിഗ്രാം TeligRaaM *(nn)*, telegram; മരിച്ച കാര്യം അറിയാൻ ടെലിഗ്രാം അയച്ചു

ടെലിഗ്രാഫ് Teligraaph *(nn)*, telegraph; അവന് ജോലിക്ക് ചേരാൻ ടെലിഗ്രാഫ് ഡിപ്പാർട്ടുമെന്റിൽ നിന്ന് ടെലഗ്രാം കിട്ടി

ടെലിഫോൺ TeliphooN *(nn)*, telephone; ടെലിഫോണിലൂടെ ഞങ്ങൾ സംസാരിച്ചു

ടെലിവിഷൻ Telivi$an *(nn)*, television; ഇന്ന് ടെലിവിഷൻ ഇല്ലാത്ത വീടില്ല

ടെലിസ്ക്കോപ്പ് Telisəkkoopə *(nn)*, telescope; ടെലിസ്ക്കോപ്പിലൂടെ ഞങ്ങൾ നക്ഷത്ര സമൂഹത്തെ വീക്ഷിച്ചു

ടേപ്പ് Teeppə *(nn)*, tape; ഞാൻ ഒരു ടേപ്പു കൊണ്ട് തുണി അളന്നു

ടൈ Tai *(nn)*, tie; അദ്ദേഹം ടൈ അണിയുന്നു

ടൈഫോയിഡ് TaiphoyiDə *(nn)*, typhoid fever; ടൈഫോയിഡ് പിടിപെട്ട് കുറേപ്പേർ മരിച്ചു

ടൌൺ TauN *(nn)*, town (a principal place in a district); ഞങ്ങൾ ടൌണിൽ പോയി

ട്രങ്ക് Traṇkə *(nn)*, trunk; രാധ ട്രങ്ക് തുറന്നുനോക്കി

ട്രസ്റ്റി TRasəRRi *(nn)*, trustee; മാധവൻ ക്ഷേത്രത്തിലെ ട്രസ്റ്റി ആയിരുന്നു

ട്രാംവണ്ടി TRaaMvaNTi *(nn)*, tram car; ട്രാംവണ്ടിയിലാണ് ഞങ്ങൾ യാത്ര ചെയ്തത്

ട്രെയിൻ TReyin *(nn)*, train; ട്രെയിനിൽ യാത്ര ചെയ്യണം

ട്രെഷറി Tre$aRi *(nn)*, treasury; പ്രതിപക്ഷം ട്രെഷറി ശൂന്യമാണെന്ന് പരാതിപ്പെട്ടു

ഡംഭ് DaMbhə *(nn)*, pride; സേതുവിന്റെ ഡംഭ് എല്ലാവരും വെറുത്തു

ഡക്കാൻ Dakkan *(nn)*, decan plateau of South India; ഡക്കാനിൽ ഇപ്പോൾ തണുപ്പു കുറവാണ്

ഡങ്കാരം DaṇkaaraM *(nn)*, sound of bow string; അകലെ എവിടെ നിന്നോ ഡങ്കാരം കേൾക്കുന്നു

ഡസൻ Dajan, Dasan *(nn)*, dozen; മധു ഒരു ഡസൻ ഓറഞ്ച് വാങ്ങി

ഡപ്പ Dappa *(nn)*, metal drum; മധു ഒരു ഡപ്പയിൽ മരുന്നു നിറച്ചു

ഡപ്യൂട്ടേഷൻ DapyuuTTee$an *(nn)*, deputation; ഈ ഓഫീസിൽ നിന്ന് ഒരാൾ ഡപ്യൂട്ടേഷനിൽ പോയിട്ടുണ്ട്

ഡബിൾ DabiL *(nn)*, double; സിനിമാനടൻ ഡബിൾ റോളിൽ അഭിനയിച്ചു

ഡമരു Damaru *(nn)*, small drum; കൃഷ്ണൻ ഡമരു കൊട്ടിക്കൊണ്ടിരുന്നു

ഡയറി DayaRi *(nn)*, diary; ഞാൻ ഡയറി എഴുതാറുണ്ട്

ഡയറി DayaRi *(nn)*, daily record; പോലീസുകാർ ദിവസേന ഡയറി എഴുതുന്നു

ഡയറി DayaRi *(nn)*, cattle farm; അമ്മ ഡയറിയിൽ പോയി പാലു വാങ്ങി

ഡർബാർ DaRbaaR *(nn)*, royal assembly; രാജാവിന്റെ ഡർബാറിലേക്ക് വീർബൽ വന്നു

ഡാവ് Daavə *(nn)*, caprice; പട്ടാളക്കാരൻ ഓരോ ഡാവുകൾ പറഞ്ഞുകൊണ്ടിരുന്നു

ഡിപ്പാർട്ട് മെന്റ് DippaRTTumenRə *(nn)*, department; മധു ഡിപ്പാർട്ടുമെന്റിലേക്കു പോയി

ഡിപ്പോ Dippoo *(nn)*, depot; ഡിപ്പോ അടച്ചതുകൊണ്ട് ഉണ്ണിക്ക് ഒന്നും വാങ്ങാൻ കഴിഞ്ഞില്ല

ഡിപ്പോസിറ്റ് DipposiRRə *(nn)*, deposit; മധു ബാങ്കിൽ പണം ഡിപ്പോസിറ്റു ചെയ്തു

ഡിപ്ലോമ Diplooma *(nn)*, Diploma; ലൈബ്രേറി സയൻസിൽ രാധയ്ക്ക് ഡിപ്ലോമയുണ്ട്

ഡിമാൻഡ് DimaanDə *(nn)*, demand; ഇപ്പോൾ പഞ്ചസാരയ്ക്കു നല്ല ഡിമാന്റാണ്

ഡിവിഷൻ Divi$an *(nn)*, division; കൃഷ്ണൻ ഏതു ഡിവിഷനിലാണ് ജോലി ചെയ്യുന്നത്

ഡിസംബർ DisaMbaR *(nn)*, december; ഡിസംബറിൽ വല്ലാത്ത തണുപ്പാണ്

ഡോക്ടർ DookTaR *(nn)*, doctor; ഡോക്ടർ മരുന്നു കൊടുക്കുന്നു

ഡോബി Doobi *(nn)*, washer man; മധു ഡോബിയുടെയടുത്ത് തുണി വാങ്ങാൻ പോയി

ഡോസ് Doosə *(nn)*, dosage; മരുന്ന് ഡോസ് തെറ്റിച്ചു കഴിക്കരുത്

ഡ്രസ്സ് DRassə *(nn)*, dress; ഡ്രസ്സ് വാങ്ങാൻ അച്ഛൻ ടൌണിൽ പോയി

ഡ്രാഫ്റ്റ് DRaphəRRə *(nn)*, demand draft; രഘു ഒരു ഡ്രാഫ്റ്റ് എടുത്തു

ഡ്രോയർ DRaayaR *(nn)*, drawer; മേശയുടെ ഡ്രോയറിൽ ഒരു പെൻസിലുണ്ട്

ഡ്രായിംഗ് DRayiMgə *(nn)*, drawing; രാധ ഡ്രായിംഗ് ക്ലാസിൽ പോയി

ഡ്രിൽ DRil *(nn)*, drill; ഡ്രിൽ നടക്കുമ്പോൾ കുട്ടികൾ ബഹളം കൂട്ടി

ഡ്രെയിനേജ് DReineejə *(nn)*, drainage; ഡ്രെയിനേജിലൂടെ അഴുക്കു വെള്ളം ഒഴുകുന്നു

ഡ്രൈവർ DraivaR *(nn)*, driver; മന്ത്രിയുടെ ഡ്രൈവർ അപകടത്തിൽ പെട്ടു

ഢക്ക Dhakka *(nn)*, large drum; രാമൻ ഒരു ഢക്കകൊട്ടിക്കൊണ്ടിരിക്കുന്നു

തകിട് takiTə *(nn)*, thin metal sheet; ലോഹം അടിച്ചു പരത്തി തകിട് ഉണ്ടാക്കി

തകരം takaraM *(nn)*, tin; തകരം കൊണ്ടുള്ള പാത്രമായിരുന്നു അത്

തകരഡപ്പി takaraDappi *(nn,comp)*, can; മധു ഒരു തകരഡപ്പിയിൽ എന്തോ നിക്ഷേപിച്ചു

തകരപ്പാത്രം takarappaatRaM *(nn,comp)*, vessel of tin; തകരപ്പാത്രം നിലത്തുവീണു ചുളുങ്ങി

തകരാറ് takaRaaRə *(nn)*, mishap; വൈദ്യുതി പ്രവാഹത്തിൽ തകരാറുണ്ടായി

തകർക്ക് takaRkkə *(vt)*, demolish; ശത്രു രാജ്യത്തെ തകർക്കാൻ രാജാവ് ഭടന്മാരോട് ആവശ്യപ്പെട്ടു

തകർച്ച takaRcca *(nn)*, collapse; തകർച്ചയെ നേരിട്ടുകൊണ്ടിരിക്കുന്ന വ്യവസായങ്ങളെ സംരക്ഷിക്കണം

തകർ takarə *(vi)*, get crushed; ഇവിടെ എല്ലാ മനുഷ്യബന്ധങ്ങളും തകരുന്നു

തകിൽ takil *(nn)*, kettle drum; അവൻ തകിലു കൊട്ടി

തകൃതി takRəti *(nn)*, with extravagance; ഓണാഘോഷങ്ങൾ തകൃതിയായി നടക്കുന്നു

തക്ക takka *(adj)*, proper; തക്കസമയത്ത് അയാൾ വന്നതുകൊണ്ട് രവി രക്ഷപ്പെട്ടു

തക്കവണ്ണം takkavaNNaM *(adv),* apt; തക്കവണ്ണമുള്ള ചികിത്സ കിട്ടിയാൽ രോഗി രക്ഷപ്പെടും

തക്കാളി takkaaLi *(nn),* tomoto; തക്കാളിയുടെ നിറം ചുവപ്പാണ്

തക്കിടി takkiTi *(nn),* fraud; അവൻ എന്തെങ്കിലുമൊക്കെ തക്കിടി നടത്തി രക്ഷപ്പെടാൻ ശ്രമിക്കുന്നു

തക്ലി takLi *(nn),* top like apparatus for spinning yarn; നെയ്ത്തുകാരന്റെ തക്ലി തകരാറിലായി

തങ്കം taŋkaM *(nn),* pure gold; ശുദ്ധമായ സ്വർണ്ണമാണ് തങ്കം

തങ്കക്കാശ് taŋkakkaaSə *(nn,comp),* gold coin; രാജാവ് തങ്കക്കാശ് വാരിയെറിഞ്ഞു

തങ്കക്കുടം taŋkakkuTaM *(nn,comp),* golden pot; തങ്കക്കുടത്തിനു പൊട്ടു വേണ്ട.

തങ്കപ്പകിട്ടിൽ taŋkppakiTTil *(nn,comp),* external embellishments; ആ തങ്കപ്പകിട്ടിൽ ആർക്കും കണ്ണഞ്ചിപ്പോകും

തങ്ങ് taŋŋə *(vi),* stay; ഞാൻ കോഴിക്കോട്ട് ഇന്നലെ തങ്ങി

തച്ചൻ taccan *(nn),* carpenter; തച്ചൻ വാതിലിൽ പണിയുന്നു

തച്ചുശാസ്ത്രം taccuSaasətRaM *(nn,comp),* architecture; തച്ചുശാസ്ത്രത്തിൽ വിശാരദനായിരുന്നു പെരുന്തച്ചൻ

തച്ചോളിപ്പാട്ട് taccooLippaaTTə *(nn,comp),* one of the ballads of north Malabar in which heroic stories of Taccholi family is described; സ്ത്രീകൾ തച്ചോളിപ്പാട്ട് പാടുന്നു

തച്ച് taccə *(nn),* day's wage of carpenter; തച്ചൻ ഇന്ന് ഒരു തച്ച് പണിതു

തഞ്ചം ta~caM *(nn),* favourable time; തഞ്ചത്തിനു കിട്ടിയപ്പോൾ കാക്ക അപ്പം കൊത്തിക്കൊണ്ടുപോയി

തഞ്ചക്കേട് ta~ckkooTə *(nn,comp),* disadvantage; തഞ്ചക്കേട് എന്നല്ലാതെ എന്തു പറയേണ്ടൂ

തഞ്ച് ta~cə *(vi),* hesitate; അനിൽ അവിടെ തഞ്ചി നിന്നു

തട taTa *(nn),* obstruction; ഓവിൽ ഒരു തട വെച്ചു

തട taTa *(nn),* clum of plantain, yam etc; വാഴയുടെ തട വെട്ടിയെടുത്തു

തടം taTaM *(nn),* basin around a tree; തടത്തിൽ ചാണവും ചാരവുമിട്ടു

തടം taTaM *(nn),* shore of river etc; നദീതടങ്ങളിൽ പണ്ട് മനുഷ്യർ ജീവിച്ചിരുന്നു

തടങ്കൽ taTaŋkal *(nn),* detention; തടങ്കലിൽ വെച്ച പുള്ളി രക്ഷപ്പെട്ടു

തടയ് taTayə *(vt),* hinder; അതിക്രമിച്ചു കടന്നവരെ തടഞ്ഞു

തടയ് taTayə *(vt),* block up; വാഹനങ്ങളെയെല്ലാം അവിടെ തടയുന്നു

തടയ് taTayə *(vt),* choke up; അയാൾക്കു വായുതടസ്സം ഉണ്ടായി

തടവൽ taTaval *(nn),* massaging; അമ്മയുടെ തടവൽ കൊണ്ട് കുട്ടി ഉറങ്ങി

തടവുകാരൻ taTavukaaran *(comp vb),* prisoner; തടവുകാരൻ തടവുചാടി

തടവുശിക്ഷ taTavuSik$a *(nn,comp),* imprisonment; കുറ്റവാളി തടവുശിക്ഷ കഴിഞ്ഞ് പുറത്തിറങ്ങി

തടവ് taTavə *(nn),* imprisonment; അയാളുടെ തടവ് നീട്ടി

തടവ് ചാട് taTavə caatə *(vt),* jump from detention; ജയിൽ പുള്ളി തടവു ചാടി

തടവ് taTavə *(vt),* rub gently; അമ്മ കുട്ടിയെ തടവുന്നു

തടസ്സം taTassaM *(nn),* hindrance; ബസ്സ് ഇതുവഴി വരാനുള്ള തടസ്സം നീങ്ങി

തടാകം taTaakaM *(nn),* lake; തടാകത്തിൽ കുറേപ്പേർ നീന്തി

തടി taTi *(nn),* log of wood; മരത്തിന്റെ തടിയിൽ ഒരു പോടുണ്ട്

തടി taTi *(nn),* wood; മധു ഒരു തടി മുറിച്ചു

തടി taTi *(nn),* body; വാസുവിന് തടി കൂടുതലാണ്

തടി taTi *(nn),* thickness; നല്ല തടിയുള്ള ഒരു പുസ്തകമാണത്

തടി taTi *(nn),* timber; ഇവിടെ മരം, തടി എന്നിവ ലഭ്യമാണ്

തടിക്ക് taTikkə *(vi),* become fat; അമ്മ ഈയിടെ വല്ലാതെ തടിച്ചു

തടിച്ച taTicca *(adj),* fat; ഒരു തടിച്ച സ്ത്രീ അതുവഴി പോകുന്നു

തടിതപ്പ് taTitappə *(comp vb),* escape; രവി അവിടെ നിന്ന് എന്തോ പറഞ്ഞ് തടിതപ്പി

തടിപ്പ് taTippə *(nn),* swelling; അച്ഛന്റെ കാലിൽ എന്തോ തടിപ്പ് ഉണ്ട്

തടിമിടുക്ക് taTimiTukkə *(nn,comp),* physical strength; തടിമിടുക്കു കൊണ്ടു മാത്രം കാര്യമില്ല

തടിയൻ taTiyan *(nn),* fat person; മധു ഒരു തടിയനാണ്

തടുക്ക് taTukkə *(nn),* small mat; അമ്മ തടുക്കു വിരിച്ചിട്ടു

തടുക്ക് taTukkə *(vt),* impede; ശത്രുക്കളെ സൈന്യം തടുത്തു

തടുപ്പിക്ക് taTuppikkə *(vt)*, make the animal mate; പശുവിനെ തടുപ്പിക്കാൻ കൊണ്ടുപോയി

തട്ടം taTTaM *(nn)*, metal plate; ഒരു തട്ടത്തിൽ കുറേ അരിയെടുത്തു

തട്ടം taTTaM *(nn)*, veil worn by muslim women; ആമിന തട്ടം കൊണ്ട് തല മൂടി

തട്ടാൻ taTTaan *(nn)*, goldsmith; തട്ടാൻ മാല പണിതു

തട്ടി taTTi *(nn)*, wooden screen; ഒരു തട്ടികൊണ്ട് ആ വീടു മറച്ചിരുന്നു

തട്ടിക്കളയ് taTTikkaLyə *(comp vb)*, hit and cause to loss; കൈയ്യിൽ വന്ന മഹാലക്ഷ്മിയെ തട്ടിക്കളഞ്ഞു

തട്ടിക്കളയ് taTTikkaLyə *(comp vb)*, kill; തട്ടിക്കളയുമെന്ന് അയാൾ ഭീഷണിമുഴക്കി

തട്ടിക്കിഴിക്ക് taTTikkiZikkə *(comp vb)*, subtract; ആകെ തുകയിൽ നിന്ന് 25 രൂപ തട്ടിക്കിഴിച്ചു

തട്ടിക്കേറ് taTTikkeeRə *(comp vb)*, blame freely; വെറുതെ എന്തുകാര്യത്തിനും പ്രദീപ് തട്ടിക്കേറുന്നു

തട്ടിക്ക് taTTikkə *(vt)*, deceive; അയാൾ എപ്പോഴും ആൾക്കാരെ തട്ടിക്കുന്നു

തട്ടിപ്പറി taTTippaRi *(nn)*, theft; ഇന്നു നടക്കുന്ന ഈ തട്ടിപ്പറി അവസാനിപ്പിക്കണം

തട്ടിപ്പറിക്ക് taTTippaRikkə *(comp vb)*, take off by force; കാക്ക കുട്ടിയുടെ കൈയ്യിൽ നിന്ന് അപ്പം തട്ടിപ്പറിച്ചു

തട്ടിപ്പ് taTTippə *(nn)*, fraud; നഗരങ്ങളിൽ പല തരത്തിലുള്ള തട്ടിപ്പ് നടക്കുന്നു

തട്ടിമൂളിക്ക് taTTimuuLikkə *(comp vb)*, talk as if he knows; ഒന്നുമറിയില്ലെങ്കിൽ എന്തെങ്കിലും തട്ടിമൂളിക്കുന്ന സ്വഭാവം ചിലർക്കുണ്ട്

തട്ടിയെടുക്ക് taTTiyeTukkə *(comp vb)*, pilfer; കൊള്ളക്കാർ ആഭരണങ്ങളെല്ലാം തട്ടിയെടുത്തു

തട്ടുമ്പുറം taTTumbuRaM *(nn,comp)*, attic; തട്ടുമ്പുറത്ത് ഒരു എലി ചത്തു

തട്ടുപടി taTTupaTi *(nn,comp)*, place for sitting attached to the wooden building; കുട്ടി തട്ടു പടിയിൽ ഇരുന്നു

തട്ട് taTTə *(nn)*, rack; അവൾ ആ തട്ടിൽ പാത്രങ്ങൾ അടുക്കി വച്ചു

തട്ട് taTTə *(nn)*, knock; പുറത്ത് വാതിലിൽ തട്ടു കേൾക്കുന്നു

തട്ട് taTTə *(nn)*, ceiling; വീടിന്റെ തട്ടിൽ ഒരു പല്ലി ഇരിക്കുന്നു

തട്ട് taTTə *(vt)*, kill; പോക്കിരി തന്നെ തട്ടുമെന്ന് ഭീഷണിപ്പെടുത്തി

തണങ്ങ് taNaŋŋə *(nn)*, leaf of an arceanut palm; കുട്ടി ഒരു തണങ്ങ് വലിച്ചുകൊണ്ടു വന്നു

തണൽ taNal *(nn)*, shadow; രാധ വൃക്ഷത്തിന്റെ തണലിൽ ഇരുന്നു

തണിയ് taNiyə *(vi)*, satiate; വിശപ്പു തണിയുന്നതുവരെ അവൻ ആർത്തിയോടെ തിന്നു

തണുക്ക് taNukkə *(vi)*, feel cold; ഇവിടെ വല്ലാതെ തണുക്കുന്നു

തണുത്ത taNutta *(adj)*, cold; തണുത്ത ഒരു പ്രഭാതത്തിലാണ് അയാൾ വന്നത്

തണുപ്പിക്ക് taNuppikkə *(vt)*, freeze; ഫ്രിഡ്ജിൽ വെച്ച് വെള്ളം തണുപ്പിക്കുന്നു

തണുപ്പ് taNuppə *(nn)*, cold; ഇന്നും രാവിലെ നല്ല തണുപ്പുണ്ടായിരുന്നു

തണ്ടാൻ taNTaan *(nn)*, caste in Kerala; അവൻ ഒരു തണ്ടാനാണത്രേ

തണ്ട് taNTə *(nn)*, stem; ചെടിയുടെ തണ്ടിലൂടെ ജലം ഇലകളിൽ എത്തുന്നു

തണ്ട് taNTə *(nn)*, stalk; കുട്ടി ഒരു തണ്ട് ഒടിച്ചെടുത്തു

തണ്ട് taNTə *(nn)*, stick; അമരക്കാരൻ തണ്ടിൽ ഇരുന്നു

തണ്ട് taNTə *(nn)*, pride; അവന് ഭയങ്കര തണ്ടാണെന്ന് എല്ലാവരും പറഞ്ഞു

തണ്ടുവലിക്ക് taNTəvalikkə *(vb, comp)*, row a boat; അയാൾ കുറേ വർഷങ്ങൾ വള്ളത്തിൽ തണ്ടു വലിക്കുകയായിരുന്നു

തണ്ണി taNNi *(nn)*, water; തണ്ണി എന്ന വാക്ക് വെള്ളത്തിനു തുല്യമായി ഭാഷയിൽ ഉപയോഗിക്കുന്നില്ല

തണ്ണി taNNi *(nn)*, liquor; അയാൾ എപ്പോഴും തണ്ണിയാണ്

തണ്ണിമത്തൻ taNNimattan *(nn)*, water melon; രവി തണ്ണിമത്തൻ തിന്നു

തണ്ണീർപന്തൽ taNNiiRpantal *(nn,comp)*, temporary shed where water is served freely; ഞങ്ങൾ തണ്ണീർപന്തലിൽ വിശ്രമിച്ചു

തണ്ണീർ taNNiiR *(nn)*, water; ദാഹിക്കുന്നു, കുളിർ തണ്ണീർ തരൂ

തൽക്ഷണം ttək$aNaM *(adv)*, instantly; ശ്രീകൃഷ്ണൻ തൽക്ഷണം വന്നു എല്ലാവരും എഴുന്നേറ്റു

തത്ത taTTa *(nn)*, parrot; വയസ്സായ തത്ത ഭാഷ പഠിക്കില്ല

തത്ത് taTTə *(vi)*, jump; കിളി വീട്ടു മുറ്റത്തു തത്തി നടക്കുന്നു

തത്ത് taTTə *(vi)*, walk with faltering steps; കുഞ്ഞുങ്ങൾ തത്തി തത്തിനടക്കുന്നു

തത്ത്വം taTTvaM *(nn)*, philosophy; തത്ത്വം പറഞ്ഞവന് മുൾക്കിരീടം നല്കി

തത്ത്വം taTTvaM *(nn)*, substance; എന്താണ് അതിന്റെ തത്ത്വം

തത്വചിന്ത tatvacinta *(nn)*, philosophy; മനുഷ്യനാണ് എല്ലാ തത്വചിന്തകളും ഉണ്ടാക്കിയത്

തത്വജ്ഞാനം taTTvaj~aanaM *(nn,comp)*, knowledge of the divine is philosophy; തത്വജ്ഞാനമുള്ളവൻ തത്വജ്ഞാനി

തത്പര tatəpara *(adj)*, interested; തത്പര കക്ഷികൾക്ക് രാജ്യത്തെ അടിയറവയ്ക്കില്ല

തത്രപ്പാട് tatRappaaTə *(nn)*, hurry; ജീവിക്കാനുള്ള തത്രപ്പാടിലാണ് അവർ

തത്വജ്ഞാനി tattaj~aani *(nn,comp)*, philosopher; സോക്രട്ടീസ് തത്വജ്ഞാനിയായിരുന്നു

തത്വശാസ്ത്രം tattaSastRaM *(nn,comp)*, philosophy; പ്ലേറ്റോ തത്വശാസ്ത്രത്തിൽ അപാരപണ്ഡിതനായിരുന്നു

തത്സമം tatsamaM *(nn,comp)*, borrowed words without modifications; ഭാഷയിൽ തത്സമങ്ങളിൽ ഉപയോഗിക്കപ്പെടുന്ന വാക്കുകൾ അനവധി യുണ്ട്

തഥാഗതൻ tathagatan *(nn)*, buddha; തഥാഗതൻ അന്വേഷണത്തിന്റെ വഴിയിലായിരുന്നു

തഥൈവ tathaiva *(adv)*, in the same manner; എന്തൊക്കെ പറഞ്ഞിട്ടും അവന്റെ പ്രവൃത്തി തഥൈവ തന്നെ

തദനന്തരം tadanantaram *(adv)*, afterwards; തദനന്തരം രാജാവ് സഭ വിട്ടു

തദനുസാരം tadanusaaraM *(adv)*, accordingly; രാമൻ സീതയെ കാട്ടിലുപേക്ഷിക്കാൻ ലക്ഷ്മണനോടു പറഞ്ഞു തദനുസാരം ലക്ഷ്മണൻ പ്രവർത്തിച്ചു

തദ്ദേശീയ taddeeSiiya *(adj)*, of that place; തദ്ദേശീയരായ ജനങ്ങൾ ആ സ്ഥലം വിട്ടുപോയി

തദ്ധിതം taddhitaM *(nn)*, derivatives; തദ്ധിതങ്ങൾ മലയാളത്തിൽ പല വിധമുണ്ട്

തദ്ഭവം tadbhavaM *(nn)*, borrowed words from other language in a particular language with sound modification; ഭാഷയിൽ തദ്ഭവങ്ങളും തത്സമങ്ങളും ഉണ്ട്

തനത് tanatə *(nn)*, one's own; തനത് കലകൾ സംരക്ഷിക്കേണ്ടത് നമ്മുടെ കടമയാണ്

തനി tani *(adj)*, pure; തനി തങ്കത്തിന്റെ മാറ്റുണ്ടായിരുന്നു അതിന്

തനിച്ച് taniccə *(adv)*, single handedly; അവൻ തനിച്ച് നടന്നു

തനിമ tanima *(nn)*, originality; ഇന്ന് തനിമയുള്ള വസ്തുക്കൾ കിട്ടാൻ ബുദ്ധിമുട്ടാണ് എല്ലാത്തിലും കലർപ്പുണ്ട്

തനിയെ taniye *(adv)*, alone; അവൻ എപ്പോഴും തനിയെ നടക്കുന്നു

തന്ത tanta *(nn)*, father; തന്തയും തള്ളയുമില്ലാതെ വളർന്നുവന്ന കുട്ടി

തന്തു tantu *(nn)*, string; രവി പുസ്തകങ്ങൾ ഒരു തന്തു കൊണ്ടു കെട്ടി

തന്ത്രം tantRaM *(nn)*, device; പ്രശ്നങ്ങളെ കൈകാര്യം ചെയ്യാൻ തന്ത്രങ്ങൾ അറിഞ്ഞിരിക്കണമത്രെ

തന്ത്രജ്ഞൻ tantRaj~an *(nn)*, trick; ചാണക്യൻ ഒരു തന്ത്രജ്ഞനായിരുന്നു

തന്ത്രി tantRi *(nn)*, string of a flute; വീണയുടെ തന്ത്രികൾ അവൾ മീട്ടി

തന്ത്രി tantRi *(nn)*, person who performs tantrik rites in a temple; ക്ഷേത്രത്തിലെ തന്ത്രി മരിച്ചു

തന്ത്രി tantRi *(nn)*, vein; ശരീരത്തിലെ ഓരോ തന്ത്രികളിലും വേദനിക്കുന്നു

തന്നിഷ്ടം tanni$TaM *(nn,comp)*, one's own desire; തന്നിഷ്ടം പോലെ ജീവിക്കുവാൻ രവി ഇഷ്ടപെടുന്നു

തന്നെ tanne *(adv)*, alone; രാധ എപ്പോഴും തന്നെയിരിക്കുന്നു

തമ്പി tambi *(nn)*, younger brother; തമ്പിയുടെ പേരെന്താണ്

തമ്പുരാൻ tamburaan *(nn)*, king; തമ്പുരാൻ എഴുന്നെള്ളുന്നു

തമ്പുരാൻ tamburaan *(nn)*, god; എല്ലാം കാക്കുന്ന തമ്പുരാന് സ്തുതി

തമ്പുരാൻ tamburaan *(nn)*, used for addressing term in Malayalam; തമ്പുരാനെ ഇവിടെ വന്നാലും

തമ്പുരു tamburu *(nn)*, stringed instrument used for sruti; മീര തമ്പുരു മീട്ടി

തമ്പേർ tambeeR *(nn)*, big drum; രാജകിങ്കരന്മാർ തമ്പേറിൽ അടിച്ചു

തമ്പ് tampə *(nn)*, tent; പർവ്വതാരോഹകസംഘം വഴിയിൽ തമ്പടിച്ച് താമസിച്ചു

തന്മയം tanmayaM *(nn)*, concentration; തന്മയത്തോടെ അഭിനയിക്കാൻ മുരളിക്കു കഴിഞ്ഞു

തന്മാത്ര tanmatRa *(nn)*, molecule; പദാർത്ഥങ്ങൾ തന്മാത്രകൾ ചേർന്നുണ്ടായതാണ്

തന്റേടം tantReeTaM *(nn)*, self competence; തന്റേടത്തോടെ

എന്തും പറയാൻ അവൻ ശ്രമിക്കുന്നുണ്ട്

തന്റേടം tantReeTaM *(nn)*, haughtiness; അവന്റെ പെരുമാറ്റം തന്റേടം പിടിച്ചതായിരുന്നു

തപം tapaM *(nn)*, penance; മുനിമാർ പണ്ട് തപം ചെയ്തിരുന്നു

തപസ്വി tapasvi *(nn)*, ascetic; വസിഷ്ഠൻ ഒരു തപസ്വിയായിരുന്നു

തപസ്സ് tapassə *(nn)*, penance; വിശ്വാമിത്രൻ തപസ്സുചെയ്തു

തപാലാപ്പീസ് tapaalaappiisə *(nn)*, post office; ഞാൻ തപാലാപ്പീസിൽ പോയി എഴുത്തുവാങ്ങി

തപാൽക്കാരൻ tapaalkkaaran *(nn,comp)*, post man; തപാൽക്കാരൻ തപാൽ കൊണ്ടു വന്നു

തപാൽക്കാർഡ് tapaalkkaaRDə *(nn)*, post card; അയാൾ തപാൽക്കാർഡ് പോസ്റ്റു ചെയ്തില്ല

തപാൽസ്റ്റാമ്പ് tapaalsRRaambə *(nn)*, postal stamp; രാഷ്ട്രപിതാവിന്റെ പേരിൽ ഒരു തപാൽ സ്റ്റാമ്പ് പുറത്തിറങ്ങി

തപാൽ tapaal *(nn)*, post; ഇന്ന് തപാൽ മുടക്കമാണ്

തപിക്ക് tapikkə *(vi)*, become hot; മുനിക്ക് കോപം മൂലം മനസ്സുതപിക്കുന്നു

തപിക്ക് tapikkə *(vi)*, feel sorrow; സീതയുടെ മനസ്സ് തപിക്കുന്നു

തപോവനം tapoovanaM *(nn)*, forest in which ascetics perform penance; തപോവനത്തിന്റെ ശാന്തത നശിപ്പിക്കരുത്

തപ്തമായ taptamaaya *(adj)*, distressed; തപ്തമായ മനസ്സുമായി അവൾ ജീവിച്ചു

തപ്പ് tappə *(nn)*, tabor (a musical instrument); മുസ്ലീങ്ങൾ വിവാഹത്തിന് തപ്പ് കൊട്ടി പാടുന്നു

തപ്പ് tappə *(vi)*, feel about with the hand for searching; അമ്മൂമ്മ ഇരുട്ടിൽ തപ്പി നടക്കുന്നു

തബല tabala *(nn)*, musical instrument; സക്കീർ ഹുസൈൻ തബലയിൽ അത്ഭുതങ്ങൾ വിരിയിച്ചു

തമസ്സ് tamassə *(nn)*, darkness; തമസ്സിൽ നിന്നു ജ്യോതിസ്സിലേക്ക്

തമാശ tamaaSa *(nn)*, joke; രവി എപ്പോഴും തമാശ പറയാറുണ്ട്

തമോഗുണം tamooguNaM *(nn,comp)*, one among the three qualities of humanity; മനുഷ്യന്റെ ഒരു ഗുണമാണ് തമോഗുണം

തമോമയമായ tamoomayamaaya *(adj)*, full of darkness;

തമോമയമായ ഈ ഗുഹയിലൂടെ നാം എങ്ങനെ സഞ്ചരിക്കും

തമ്മിൽത്തല്ല് tammilttallə *(nn,comp)*, quarrel; അവിടെ തമ്മിൽത്തല്ലുകൊണ്ട് അവർ സ്വയം നശിച്ചു

തമ്മിൽ tammil *(ref)*, among themselves; അവർ തമ്മിൽ കണ്ടാൽ ചിരിക്കാറുപോലുമില്ല

തയ്ക്ക് taykkə *(vt)*, sew; അയാൾ വസ്ത്രങ്ങൾ തയ്ക്കുന്നു

തയ്യൽക്കാരൻ tayyalkkaaran *(nn,comp)*, tailor; തയ്യൽക്കാരൻ തുണി തയ്ക്കുന്നു

തയ്യൽ tayyal *(nn)*, tailoring; രാധ തയ്യൽ പഠിക്കുന്നു

തയ്യൽ tayyal *(nn)*, sewing; തയ്യൽക്കടയിൽ തുണി തയ്ക്കാൻ കൊടുത്തു

തയ്യാർ tayyaaR *(nn)*, preparation; ജോലിക്കു വേണ്ടി രവി എല്ലാം തയ്യാർ ചെയ്തു

തരം taraM *(nn)*, variety; പലതരം വസ്തുക്കൾ ആ മുറിയിലുണ്ട്

തരം taraM *(nn)*, kind; ഏതു തരം പുസ്തകങ്ങളാണ് നിങ്ങൾക്കു വേണ്ടത്

തരം taraM *(nn)*, chance; തരം കിട്ടിയപ്പോൾ അവൻ അതു ചെയ്തു

തരംഗം taraMgaM *(nn)*, wave; ശബ്ദം തരംഗത്തിന്റെ രൂപത്തിൽ സഞ്ചരിക്കുന്നു

തരക്കേട് tarakkeeTə *(nn)*, inconvenience; എന്തു തരക്കേടുണ്ടെങ്കിലും അവൻ അവിടെ താമസിക്കാൻ തീരുമാനിച്ചു

തരള taraLa *(adj)*, vacilating; തരളമായ മനസ്സായിരുന്നു അവളുടേത്

തരി tari *(nn)*, small particle; ഓരോ ചെറിയ തരിയിൽ പോലും ഈശ്വരനുണ്ടത്രേ

തരിക്ക് tarikkə *(vi)*, be numbed; ശരീരമെല്ലാം വല്ലാതെ തരിക്കുന്നു

തരിപ്പണം tarippaNaM *(nn)*, very small particle; പ്രതിമ നിലത്തു വീണ് തരിപ്പണമായി

തരിമണൽ tarimaNal *(nn,comp)*, sand; തരിമണലിലൂടെ ഞങ്ങൾ നടന്നു

തരിവള tarivaLa *(nn,comp)*, tinkling bracelet; തരിവളകൾ കിലുങ്ങുന്ന ശബ്ദം രവി കേട്ടു

തരിശുനിലം tariSunilaM *(nn,comp)*, waste land; തരിശു നിലങ്ങൾ മനുഷ്യൻ കൃഷിഭൂമിയാക്കി മാറ്റുന്നു

തരിശ് tariSə *(adj)*, waste; ഭൂമി തരിശിടരുത്

തരുണ taruNa *(adj)*, youthful; തരുണമായ മനസ്സായിരുന്നു അയാളുടേത്

തരുണാസ്ഥി taruNaasthi *(nn)*, cartilage; തരുണാസ്ഥിയ്ക്ക് കേടുപറ്റിയെന്ന് ഡോക്ടർ പറഞ്ഞു

തര് tarə *(vt)*, give; രവി എനിക്ക് പുസ്തകം തരുന്നു

തര് tarə *(vt)*, give; ഞങ്ങൾ നിനക്ക് ആ പൂക്കൾ തരാം

തർക്കം taRkkaM *(nn)*, argument; ഭൂമിയിന്മേലുള്ള തർക്കം ഇതുവരെ തീർന്നില്ല

തർക്കം tarkkaM *(nn)*, logic; അയാൾ തർക്കശാസ്ത്രത്തിൽ മിടുക്കനാണ്

തർക്കവിതർക്കം taRkkavitaRkkaM *(nn,comp)*, argument and opposite argument; എപ്പോഴും ഈ തർക്കവിതർക്കം ഇങ്ങനെ തുടരുന്നു

തർക്കശാസ്ത്രം taRkkaSaasətRaM *(nn,comp)*, logic; തർക്ക ശാസ്ത്രത്തിൽ അയാൾ വിദഗ്ധനായിരുന്നു

തർക്കിക്ക് taRkkikkə *(vi)*, argue; രവി എപ്പോഴും തർക്കിച്ചുകൊണ്ടിരിക്കും

തർക്കുത്തരം taRkkuttaraM *(nn)*, tit for tat; മധു എപ്പോഴും തർക്കുത്തരം പറയുന്നു

തർജ്ജമ taRjjama *(nn)*, translation; വിദ്യാർത്ഥി ഹിന്ദി നോവൽ തർജ്ജമ ചെയ്തു

തർപ്പണം taRppaNaM *(nn)*, libation of water to the ancestors; പ്രദീപ് പൂർവ്വീകർക്ക് ജലം കൊണ്ട് തർപ്പണം ചെയ്തു

തല tala *(nn)*, head; തലയുണ്ടായാൽ പോര തലച്ചോറും വേണം

തലം talaM *(nn)*, surface; ഭൂമിയുടെ ഉപരിതലത്തിൽ ഒട്ടേറെ ജീവജാലങ്ങൾ ഉണ്ട്

തലം talaM *(nn)*, under part; കൈയുടെ തലത്തിൽ വേദനിക്കുന്നു

തലകുനിക്ക് talakunikkə *(comp vb)*, bend one's head with either respect or adoration; അയാൾ തലകുനിച്ചു നിന്നു

തലകുനിക്ക് talakunikkə *(vb, comp)*, bow head; രവി ആരുടെ മുന്നിലും തലകുനിക്കുന്നില്ല

തലക്കറക്കം talakkaRkkaM *(nn,comp)*, giddiness; അവൾ തലക്കറക്കംകൊണ്ട് കിടക്കുന്നു

തലക്കാച്ചിൽ talakkaaccil *(nn)*, madness; ഉമയ്ക്ക് തലക്കാച്ചിലായിരുന്നു

തലക്കെട്ട് talakkeTTə *(nn,comp)*, heading; എന്റെ കവിതക്ക് തലക്കെട്ടു കൊടുത്തിട്ടില്ല

തലക്കെട്ട് talakkeTTə *(nn,comp),* turban; സർദ്ദാർജിയുടെ തലക്കെട്ട് മനോഹരമായിരുന്നു

തലചുറ്റ് talacuRRə *(vb, comp),* feel giddy; എനിക്ക് തല ചുറ്റുന്നതുപോലെ തോന്നി

തലച്ചുമട് talaccumaTə *(nn,comp),* head load; തലച്ചുമട് വഹിച്ചുകൊണ്ട് അവർ നടന്നു

തലച്ചോറ് talaccooRə *(nn,comp),* brain; തലച്ചോറിൽ അർബ്ബുദം ബാധിച്ചു

തലതോർത്ത് talatooRttə *(comp vb),* dry the hair with a towel after bath; അമ്മ കുട്ടിയുടെ തല തോർത്തുന്നു

തലപ്പന്ത് talappantə *(nn,comp),* kind of ball game in Kerala; ഇവിടെ കുട്ടികൾ തലപ്പന്തു കളിക്കാറുണ്ടായിരുന്നു

തലപ്പാവ് talappaavə *(nn,comp),* turban; സർദ്ദാർജി തലപ്പാവു കെട്ടി

തലമണ്ട talamaNTa *(nn,comp),* brain; അവന്റെ തലമണ്ടയിൽ ഒന്നും കയറിയില്ല

തലമുടി talamuTi *(nn),* hair; രാധ തലമുടിയിൽ പൂ ചൂടി

തലമുറ talamuRa *(nn),* generation; തലമുറകളിലൂടെ വിദ്യ കൈമാറി വന്നു

തലയിട് talayiTə *(vt),* interfere; രവി അനാവശ്യമായി രാജന്റെ കാര്യങ്ങളിൽ തലയിടുന്നു

തലയിണ talayiNa *(nn),* pillow; ഞാൻ തലയിണയിൽ തലവെച്ച് കിടന്നു

തലയിലെഴുത്ത് talayileZuttə *(nn,comp),* destiny; എല്ലാം അവന്റെ തലയിലെഴുത്താണെന്നു പറയാം

തലയിൽകെട്ടിവയ്ക്ക് talayilkeTTivayəkkə *(vt),* entrust upon; അവളെ അവന് ഇഷ്ടമില്ലെങ്കിലും അവളെ അവന്റെ തലയിൽ കെട്ടിവച്ചു

തലയിൽകെട്ട് talayilkeTTə *(nn,comp),* turban like head dress; അയാൾ തലയിൽ കെട്ട് അഴിച്ചു മാറ്റിയില്ല

തലയോട് talayooTə *(nn),* skull; തലയോട് പൊട്ടിച്ചിതറി ഒരാൾ മരിച്ചു

തലവൻ talavan *(nn),* leader; ആരാണ് ഈ സംഘത്തിന്റെ തലവൻ

തലവരി talavari *(nn,comp),* poll tax; ഓരോരുത്തരും തലവരികൊടുക്കണമെന്ന് അധികാരികൾ പറഞ്ഞു

തലാക്ക് talaakkə *(nn),* divorce; ആമിനയെ ഭർത്താവ് തലാക്ക് ചൊല്ലി അയച്ചു

തലവാചകം talavaacakaM *(nn,comp),* title; കവിതയ്ക്ക് തലവാചകം ഇട്ടില്ല

തലവലിക്ക് talavalikkə *(comp vb),* with draw; കാര്യ ഗൌരവമായ കാര്യങ്ങളിൽ നിന്ന് തലവലിക്കുന്നത് ഉചിതമല്ല

തലവേദന talaveedana *(nn),* head ache; ശക്തമായ തലവേദന ഉണ്ടായിരുന്നെങ്കിലും അയാൾ അത് കാര്യമാക്കിയില്ല

തലസ്ഥാനം talasthaanaM *(nn),* capital; ഇന്ത്യയുടെ തലസ്ഥാനം ഡൽഹിയാണ്

തലേ talee *(adv),* previous; തലേദിവസം നടന്ന സംഭവം രവി ഓർത്തു

തലോട് talooTə *(vt),* caress; കുട്ടിയെ അമ്മ തലോടി

തൽക്കാലം talkkaalaM *(adv),* present time; തൽക്കാലം ആരും പോകേണ്ടതില്ലെന്നു യോഗം തീരുമാനിച്ചു

തൽപ്പം talppaM *(nn),* bed; രാജാവ് തൽപ്പത്തിൽ വിശ്രമിച്ചു

തല്ലിക്കൊല്ല് tallikkollə *(vb, comp),* beat to death; തന്നോടുകളിച്ചാൽ തല്ലിക്കൊല്ലുമെന്ന് മുരളി ഭീഷണി മുഴക്കി

തല്ലുകൊള്ളി tallukoLLi *(nn,comp),* one who deserves punishment always; മധു ഒരു തല്ലുകൊള്ളിയായിരുന്നു

തല്ല് tallə *(nn),* blow; രവിക്ക് നല്ല തല്ലുകിട്ടി

തല്ല് tallə *(vt),* beat; രാജൻ രവിയെ തല്ലുന്നു

തവണ tavaNa *(nn),* instalment; ഓരോ തവണയും മണിയടിച്ചുകൊണ്ടിരിക്കും

തവർഗ്ഗം tavaRggaM *(nn,comp),* five dental consonant letter, ta, tha, da, dha, na; തവർഗ്ഗത്തിലെ ആദ്യത്തെ അക്ഷരമാണ് ത

തവള tavaLa *(nn),* frog; തവളയെ ഒരു പാമ്പ് വിഴുങ്ങി

തവളക്കണ്ണൻ tavaLakkaNNan *(nn,comp),* frog eyed fellow; അയാളെ എല്ലാവരും തവളക്കണ്ണൻ എന്നു വിളിച്ചു

തവി tavi *(nn),* ladle; അമ്മ തവികൊണ്ട് ചോറുവാരിയെടുത്തു

തവിക്കണ tavikkaNa *(nn,comp),* handle of the ladle; തവിക്കണ ഒടിഞ്ഞുപോയി

തവിട് taviTə *(nn),* bran; പശുവിന് തവിട് കലക്കി കൊടുത്തു

തവിട്ടുനിറം taviTTuniRam *(nn),* brown colour; തവിട്ടുനിറമുള്ള ഒരു കുപ്പായമാണ് അയാൾ അണിഞ്ഞിരുന്നത്

തസ്ക്കരൻ tasəkkaran *(nn),* thief; ജൻമനാ ആരും തസ്ക്കരനല്ല

തസ്തിക tasətika *(nn),* designation; പുതിയ ചില

തസ്തികകളിലേക്ക് നിയമനം നടത്തി

തഹസിൽദാർ tahasildaaR *(nn)*, tahsildar; തഹസിൽദാർ ജോലി രാജിവച്ചു

തള taLa *(nn)*, anklet; സുന്ദരി കാലിൽ തളയണിഞ്ഞിരുന്നു

തളയ്ക്ക് taLaykkə *(vt)*, chain the elephant; ആനയെ മരത്തിൽ തളച്ചു

തളയ്ക്ക് taLaykkə *(vt)*, chain the ghost; യക്ഷിയെ പാലമരത്തിൽ തളച്ചു

തളം taLaM *(nn)*, veranda; തളത്തിൽ കുട്ടികൾ ഓടി കളിച്ചു

തളപ്പ് taLappə *(nn)*, rope ring used to climb on the coconut tree or arecanut tree etc; രാമൻ തളപ്പിട്ട് തെങ്ങിൽ കയറി

തളർ taLarə *(vi)*, be tired; അശ്രാന്തമായ ജോലികൊണ്ട് രവി തളർന്നു

തളർച്ച taLaRcca *(nn)*, tire; തളർച്ചകൊണ്ട് അയാൾ കിടക്കുന്നു

തളർന്ന taLaRnna *(adj)*, weak; തളർന്ന മനുഷ്യൻ മരച്ചുവട്ടിൽ ഇരുന്നു

തളർവാതം taLaRvaataM *(nn,comp)*, paralysis; അച്ഛന് തളർവാതമായിരുന്നു

തളി taLi *(nn)*, one of the four divisions of ancient Kerala; തളിയുടെ ഭരണം അവർ ഏറ്റെടുത്തു

തളി taLi *(nn)*, sprinkling of water; ആനയുടെ വെള്ളം തളി കുട്ടികൾ നോക്കി നിന്നു

തളിക taLika *(nn)*, dish; അമ്മ ഒരു തളിക എടുത്തുകൊണ്ടു വന്നു

തളിക്ക് taLikkə *(vt)*, sprinkle water; ആന തുമ്പിക്കൈയ്യിൽ വെള്ളമെടുത്ത് തളിച്ചു

തളിച്ചുകുളി taLiccukuLi *(nn,comp)*, purification ceremony after child birth; തളിച്ചുകുളി കഴിഞ്ഞാണ് എല്ലാവരും മടങ്ങിപ്പോയത്

തളിർ taLirə *(nn)*, tender leaves; അധരം തളിരുപോലെ മനോഹരമായിരുന്നു

തളിർക്ക് taLiRkkə *(vi)*, sprout; മഴക്കാലത്ത് പറമ്പിൽ പുല്ലു തളിർക്കുന്നു

തള്ള taLLa *(nn)*, mother; തള്ളയും തന്തയും ഇല്ലാതെ വളർന്നകുട്ടി

തള്ളവിരൽ taLLaviral *(nn,comp)*, thumb; ഏകലവ്യൻ തള്ളവിരൽ മുറിച്ചുകൊടുത്തു

തള്ളിക്കയറ് taLLikkayaRə *(vi)*, thrust into; ബസ്സിലേക്ക് ജനം തള്ളിക്കയറി

തള്ളിക്കളയ് taLLikkaLayə *(comp vb)*, reject; ഇത് അപ്രധാനമായ കാര്യമെന്നു കരുതി തള്ളിക്കളയാനാവില്ല

തള്ളിനില്ക്ക് taLLinilkkə *(vt),* protrude; പുറത്തേക്കു തള്ളി നിൽക്കുന്ന കൊമ്പ് മുറിച്ചു കളഞ്ഞു

തള്ളിവിട് taLLiviTə *(comp vb),* push into; കുട്ടികളെ ഓഫീസിലേക്ക് ആരോ തള്ളിവിട്ടു

തള്ളു taLLə *(vt),* push; കുട്ടി വാതിൽ ശക്തിയായി തള്ളി

തഴ taZa *(nn),* pandanus odoratissimus; തഴ കൊണ്ട് പായ് നെയ്തു

തഴക് taZakə *(vt),* be accoustomed with; അവൻ ഇവിടവുമായി തഴകി

തഴക്കം taZakkaM *(nn),* skill due to the practice; തഴക്കവും പഴക്കവും ചെന്ന അഭ്യാസിയാണയാൾ

തഴമ്പ് taZambə *(nn),* scar (callous mark of wounds); രവിയുടെ കൈയ്യിൽ തഴമ്പുണ്ടായിരുന്നു

തഴമ്പ് taZambə *(nn),* get used; അവൻ പാചകജോലികൾ ചെയ്തു തഴമ്പിച്ചു

തഴപ്പായ് taZappaayə *(nn,comp),* mat made out of the leaf of tala; തഴ കൊണ്ട് ഉണ്ടാക്കിയ പായാണ് തഴപ്പായ്

തഴയ് taZayə *(vt),* reject; രവിയെ എല്ലാവരും തഴഞ്ഞു

തഴയ്ക്ക് taZaykkə *(vi),* grow up abundantly; മഴ പെയ്തതോടെ ചെടികൾ തഴച്ച് വളർന്നു

തഴുക് taZukə *(vt),* caress; അമ്മ കുട്ടിയെ തഴുകി

തഴുതാമ taZutaama *(nn),* kind of medicinal plant (boerhavia diffusa); അമ്മ തഴുതാമ പിഴുതു കൊണ്ടുവന്നു

തഴുത് taZutə *(nn),* bolt; രവി വാതിലിന്റെ തഴുതിട്ടു

തറ taRa *(nn),* floor; കുട്ടി തറയിൽ വീണു

തറ taRa *(nn),* foundation; വീടിന് തറയിട്ടു

തറകെട്ടൽ taRakeTTal *(nn),* laying the foundation of a building; തറകെട്ടലിന് എല്ലാവരും വന്നിട്ടുണ്ടായിരുന്നു

തറയ്ക്ക് taRayəkkə *(vt),* rivet; ക്രിസ്തുവിനെ കുരിശിൽ തറച്ചു

തറവാടി taRavaaTi *(nn),* noble man; അയാൾ ഒരു തറവാടിയാണത്രേ

തറവാട് taRavaaTə *(nn),* anscestral house; തറവാട് അന്യാധീനമായി പോകുമെന്ന് അമ്മാവൻ പറഞ്ഞു

തറവാട്ടുസ്വത്ത് taRavaaTTusvattə *(nn,comp),* property belonging to ancestral home; തറവാട്ടുസ്വത്തു മുഴുവനും രവി കളഞ്ഞു കുളിച്ചു

തറി taRi *(nn),* loom; നെയ്ത്തുകാരൻ തറിയിൽ നെയ്യുന്നു

തറുതല taRutala *(nn,comp),* irrelevant logic; ഉമ എപ്പോഴും തറുതല പറഞ്ഞുകൊണ്ടിരിക്കുന്നു

തറ്റുടുക്ക് taRRuTukkə *(vt),* wear cloth tucked; ക്ഷേത്രത്തിലെ തന്ത്രി തറ്റുടുത്തു നടക്കുന്നു

താംബൂലം taambuulaM *(nn),* pansupari; വല്യമ്മ താംബൂലം ചോദിച്ചു

താക്കീത് taakkiitə *(nn),* warning; ജഡ്ജി പ്രതിയെ താക്കീതു ചെയ്തു വിട്ടു

താക്കോൽ taakkool *(nn),* key; താക്കോൽ ഇല്ലാത്തതുകൊണ്ട് മുറി തുറന്നില്ല

താങ്കൾ taaŋkaL *(pron(hon)),* you; താങ്കൾ അകത്തേയ്ക്കു വന്നാലും

താങ്ങ് taaŋŋə *(nn),* support; പപ്പായ മരത്തിന് ഒരു താങ്ങു കൊടുത്തു

താങ്ങ് taaŋŋə *(vt),* pain in a wound; കുട്ടിയുടെ കാലിലെ മുറിവ് താങ്ങി

താട taaTa *(nn),* dewlap of a bull; കാള താടയുമിളക്കി വരുന്നു

താട taaTa *(nn),* cock's comb; കോഴി താട കുലുക്കി വരുന്നു

താടക taaTaka *(nn),* female demon who was killed by lord Rama; രാമൻ താടകയെ വധിച്ചു

താടി taaTi *(nn),* chin; രാധ താടിക്ക് കൈകൊടുത്ത് ഇരുന്നു

താടി taaTi *(nn),* beard; താടിയും പേടിപ്പെടുത്തുന്ന കണ്ണുകളും

താഡനം taaDanaM *(nn),* blow; ഹനുമാന്റെ താഡനമേറ്റ് രാക്ഷസി മരിച്ചു

താണ taaNa *(adj),* low; വളരെ താണ നിലവാരമുള്ള പുസ്തകമാണിത്

താണ്ട് taaNTə *(vt),* cross over; ഹനുമാൻ കടൽ താണ്ടി

താണ്ഡവം taaNDavaM *(nn),* dancing of man dancing of Siva; ശിവൻ താണ്ഡവം ആടി

താദാത്മ്യം taadaatmyaM *(nn),* empathy; രാധ നാടകത്തിലെ കഥാപാത്രവുമായി താദാത്മ്യം പ്രാപിച്ചു

താനം taanaM *(nn),* musical tone; രാഗം, താനം, പല്ലവി ഇവയെല്ലാം സംഗീതത്തിലുള്ളതാണ്

താന്തോന്നി taantoonni *(nn),* self willed person; രവി ഒരു താന്തോന്നിയായ ചെറുപ്പക്കാരനാണ്

താന്ത്രിക taantRika *(adj),* pertaining to tantra; താന്ത്രികമായ ചില വിദ്യകൾ ഉണ്ണിക്കറിയാമായിരുന്നു

താന്ത്രികൻ taantRikan *(nn)*, scholar in tantras; മിത്രൻ നമ്പൂതിരി ഒരു താന്ത്രികനായിരുന്നു

താന്നി taanni *(nn)*, name of a tree (terminalia bellerica); താന്നിമരത്തിന്റെ തൊലി ഔഷധഗുണമുള്ളതാണ്

താൻ taan *(pron)*, you (Non-Hon); താൻ , ഇവിടെ വാടോ

താപം taapaM *(nn)*, heat; താപം അളക്കുന്ന ഉപകരണം

താപം taapaM *(nn)*, mental agony; ശകുന്തളയുടെ താപം ദുഷ്യന്തൻ മനസ്സിലാക്കിയില്ല

താപനില taapanila *(nn)*, temperature; താപനില ഇപ്പോൾ വളരെ താണിട്ടുണ്ട്

താപസൻ taapasan *(nn)*, ascetic sage; താപസൻ തപസ്സിൽ മുഴുകി

താപ്പാന taappana *(nn)*, elephant which is used to tame wild elephants; കാട്ടാനയെ താപ്പാന മെരുക്കുന്നു

താപ്പ് taappə *(nn)*, measurement; എല്ലാ വസ്തുക്കളുടെയും താപ്പ് എടുക്കാൻ കഴിയും

താമര taamara *(nn)*, lotus; താമര പ്പൂ വിടർന്നു

താമരപ്പൊയ്ക taamarappoyəka *(nn)*, lotus pond; താമരപ്പൊയ്കയിൽ താമരകൾ പൂത്തു നില്ക്കുന്നു

താമരയല്ലി taamarayalli *(nn,comp)*, lotus petal; താമര യല്ലികളിൽ ജലത്തുള്ളികൾ കാണുന്നുണ്ട്

താമസിക്ക് taamasikkə *(vi)*, be late; രവി വീട്ടിലെത്താൻ താമസിച്ചു

താമസിക്ക് taamasikkə *(vi)*, stay; രവി ഇന്നലെ നഗരത്തിൽ റൂമെടുത്തു താമസിച്ചു

താമസിപ്പിക്ക് taamasippikkə *(vt)*, make something delay; പരീക്ഷാഫലം താമസിപ്പിക്കരുതെന്ന് വിദ്യാർത്ഥികൾ ആവശ്യപ്പെട്ടു

താമ്രപത്രം taamRapatRam *(nn)*, copper plate; സ്വാതന്ത്ര്യസമരസേനാനിക്ക് താമ്രപത്രം കിട്ടി

താമ്രശാസനം taamRaSaasanaM *(nn,comp)*, inscription in copper plate; സ്ഥാണുരവിവർമ്മ താമ്രശാസനം എഴുതി

തായം taayaM *(nn)*, kind of dice; കുട്ടികൾ തായം കൊണ്ട് കളിച്ചു

തായമ്പക taayambaka *(nn)*, concert with drums; ഞങ്ങൾ തായമ്പക കാണാൻ പോയി

തായ് taayə *(nn)*, mother; തായും തന്തയുമില്ലാതെ കുട്ടി വളർന്നു

തായ് വഴി taayəvaZi *(nn)*, matrilineal; തായ് വഴിയിലുള്ള ബന്ധമാണ് ഞങ്ങളുടേത്

തായ് വേര് taayəveerə *(nn,comp),* tap root; മരത്തിന്റെ തായ് വേരിൽ വെട്ടേറ്റു

താരം taaraM *(nn),* star; ആകാശത്ത് താരങ്ങൾ തെളിഞ്ഞു

താരം taaraM *(nn),* top film actors; താരത്തിനുചുറ്റും ആരാധകർ കൂടിനിന്നു

താരകം taarakaM *(nn),* star; ആകാശത്ത് താരകങ്ങൾ മിന്നിത്തിളങ്ങി

താരതമ്യം taaratamyaM *(nn),* comparison; ഞങ്ങൾ പല കാര്യങ്ങളും താരതമ്യം ചെയ്തു നോക്കി

താരതമ്യപ്പെടുത്ത്

taratamyappeTuttə *(vt),* compare; രാമനേയും ലക്ഷ്മണനേയും താരതമ്യപ്പെടുത്തി

താരൻ taaran *(nn),* dandruff; തലയിൽ താരനുണ്ടെന്ന് രാധ പറഞ്ഞു

താരഹാരം taarahaaraM *(nn),* beautiful necklace; മനോഹരമായ ഒരു താരഹാരം അവളണിഞ്ഞു

താരാട്ട് taaraaTTə *(nn),* lullaby; അമ്മ കുഞ്ഞിനെ താരാട്ടുപാടി ഉറക്കി

താരാപഥം taaraapathaM *(nn,comp),* milky way; താരാപഥത്തിലൂടെ സഞ്ചരിക്കുന്ന അനേകം നക്ഷത്രങ്ങൾ

താരിഫ് taarippə *(nn),* rate of custom's duty (tariff); സർക്കാർ താരിഫ് വർദ്ധിപ്പിച്ചു

താരുണ്യം taaruNyaM *(nn),* state of youth; താരുണ്യത്തിന്റെ പ്രസരിപ്പെല്ലാം അവനു നഷ്ടപ്പെട്ടു

താർ taarə *(nn),* flower; രാധ താർ പറിച്ചെടുത്തു

താർക്കികൻ taaRkkikan *(nn),* logician; മധു ഒരു താർക്കികനാണ്

താലം taalaM *(nn),* small tray plate; രാധ താലത്തിൽ കുപ്പികൾ നിരത്തിവച്ചു

താലപ്പൊലി taalappoli *(nn),* procession on festive occasions performed by girls with auspicious materials; കുട്ടികൾ താലപ്പൊലിക്കായി അണിനിരന്നു

താലി taali *(nn),* mangala sutra of married woman (marriage badge); വരൻ വധുവിന്റെ കഴുത്തിൽ താലികെട്ടി

താലികെട്ട് taalikeTTə *(vt),* marry; താലികെട്ടു കഴിഞ്ഞ് എല്ലാവരും മടങ്ങി

താലിമിന്ന് taaliminnə *(nn),* mangala sutra of married woman; താലി മിന്നുപോലും അയാൾ പണയം വച്ചു

താലു taalu *(nn),* palate; താലുവിൽ ജിഹ്വാഗ്രം സ്പർശിക്കുന്നു.

താലൂക്ക് taaluukkə *(nn)*, division of a district; ജില്ലകളെ താലൂക്കുകളായി വിഭജിക്കുന്നു

താലോലം taaloolaM *(nn)*, fondling; അമ്മ കുട്ടിയെ താലോലം പാടി ഉറക്കി

താലോലിക്ക് taaloolikkə *(vt)*, fondle; കൂടുതൽ താലോലിച്ചാൽ കുട്ടികൾ വഷളാവുമോ

താല്ക്കാലികമായ taalkkalikamaaya *(adj)*, temporary; അയാളുടേത് ഒരു താൽക്കാലികമായ നിയമനമായിരുന്നു

താൽപര്യം taalparyaM *(nn)*, interest; കുട്ടിക്ക് പഠിത്തത്തിൽ താൽപര്യമില്ലായിരുന്നു

താലവ്യം taalavyaM *(nn)*, consonants pronounced with the help of palate; ച, ജ, ഞ ഇവ താലവ്യങ്ങളാണ്

താവളം taavaLaM *(nn)*, camp; ഞങ്ങൾ ഒരു താവളത്തിൽ കഴിച്ചുകൂട്ടി

താളം taaLaM *(nn)*, rythm; താളം സംഗീതത്തിന് അത്യാവശ്യമാണ്

താളം taaLaM *(nn)*, cymbals; താളം വിളിച്ചു

താളംതെറ്റ് taaLaMteRRə *(vi)*, fall in difficulty; താളം തെറ്റിയ മനസ്സായിരുന്നു അവളുടേത്

താളംതെറ്റ് taaLaMteRRə *(vi)*, be out of rhythm; താളം തെറ്റിയാൽ പാട്ടു നിർത്തണം

താളംപിടിക്ക് taaLaMpiTikkə *(vt)*, catch the rhythm by hand; കുട്ടി പാട്ടിനു താളം പിടിച്ചു

താളമേളം taaLameeLaM *(nn,comp)*, accompamiment of muscial instruments; താളമേളങ്ങളോടെ ഉത്സവത്തിനു കൊടിയേറി

താളി taaLi *(nn)*, substance used to remove the oil on the hair while taking bath; തോഴി താളി കൊണ്ടുവന്നു

താളിയോല taaLiyoola *(nn)*, palmyra leaf; പണ്ഡിതൻ താളിയോലകൾ പരിശോധിച്ചു

താള് taaLə *(nn)*, single leaf of paper; പുസ്തകത്തിന്റെ ഒരു താൾ കീറിപ്പോയി

താള് taaLə *(nn)*, petal; പൂവിന്റെ താൾ വാടി

താഴമ്പൂ taaZambuu *(nn)*, pine flower; താഴമ്പൂ മണമുള്ള തണുപ്പുള്ള രാത്രിയാണിത്

താഴികക്കുടം taaZikakkuTaM *(nn)*, ornamental shapes of a pot built over temples; ക്ഷേത്രത്തിനു മുകളിൽ താഴികക്കുടം കാണാം

താഴെ taaZe *(adv)*, down; പുസ്തകം താഴെ വീണു

താഴ് taaZə *(nn)*, lock; മുറി താഴിട്ട് പൂട്ടി

താഴ് taaZə *(vi),* sink; കല്ല് വെള്ളത്തിലേക്ക് താഴുന്നു

താഴ് taaZə *(vi),* descend; അയാൾ കയറി നിന്നതോടെ ലിഫ്റ്റ് താണു

താഴ്ച taaZca *(nn),* depth; നല്ല താഴ്ചയുള്ള ഒരു കിണറാണിത്

താഴ്ത്ത് taaZttə *(vt),* immerse; വെള്ളത്തിലേക്ക് ആ പെട്ടി താഴ്ത്തി

താഴ്ന്ന taaZnna *(adj),* lower; താഴ്ന്ന സ്ഥലങ്ങളിലെല്ലാം വെള്ളം കയറി

താഴ്മ taaZma *(nn),* humbleness; താഴ്മയാണ് അവന്റെ ഉയർച്ചയ്ക്ക് കാരണം

താഴ്വര taaZəvara *(nn),* valley; താഴ്വരയിലൂടെ ഞങ്ങൾ നടന്നു

താറാവ് taaRaavə *(nn),* duck; താറാവ് മുട്ട ഇട്ടു

താറുടുക്ക് taaRuTukkə *(comp vb),* under garment; അയാൾ താറുടുത്ത് വന്നു

താറുമാറ് taaRumaaRə *(nn),* disorder; ഇവിടത്തെ സ്ഥിതിയെല്ലാം ആകെ താറുമാറായി

തികച്ചും tikaccuM *(adj),* completely; തികച്ചും ഏകാന്തമായ ഒരു സ്ഥലമാണിത്

തികട്ട് tikattə *(vi),* belch; ആ ഹോട്ടലിൽ നിന്ന് ഭക്ഷണം കഴിച്ചയുടൻ തികട്ടുന്നു

തികയ് tikayə *(vi),* be enough; രവിക്ക് കൈയ്യിലുള്ള പണം തികയുന്നില്ല

തികയ് tikayə *(vi),* complete; കുട്ടിക്ക് അഞ്ചു വയസ്സ് തികഞ്ഞു

തികയ്ക്ക് tikayəkkə *(vi),* make something complete; ആയിരം രൂപ തികയ്ക്കാൻ ഓടി നടന്നു

തിക്ക് tikkə *(nn),* crowd pressure; ഈ തിക്കിൽപെട്ട് ഞങ്ങൾക്ക് നടക്കാൻ കഴിഞ്ഞില്ല.

തിക്തമായ tiktamaaya *(adj),* bitter experience; വളരെ തിക്തമായ അനുഭവങ്ങൾ പലതും അവർക്കു പറയാനുണ്ടായിരുന്നു

തിങ്കളാഴ്ച tiŋkaLaaZcca *(nn),* Monday; തിങ്കളാഴ്ച നല്ല ദിവസമാണത്രെ

തിങ്കൾ tiŋkaL *(nn),* moon; മാനത്തു തിങ്കൾ കല കാണുന്നു

തിങ്ങിയ tiŋŋiya *(adj),* congested; വളരെ തിങ്ങിയ സ്ഥലമാണിത്

തിങ്ങ് tiŋŋə *(vi),* be congested; ഈ നഗരം വളരെ തിങ്ങിയിരിക്കുന്നു

തിടമ്പ് tiTampə *(nn)*, idol carried for processions; ദേവിയുടെ തിടമ്പ് തലയിലേറ്റി അവർ നടന്നു

തിടുക്കം tiTukkaM *(nn)*, hurry; തിടുക്കം കാണിച്ചിട്ട് കാര്യമൊന്നുമില്ല

തിട്ട tiTTa *(nn)*, mound; വീടിനടുത്തുള്ള തിട്ട ഇടിഞ്ഞു വീണു

തിട്ടം tiTTaM *(nn)*, firmness; വരുമെന്ന് അയാൾ തിട്ടം പറഞ്ഞു

തിട്ടപ്പെടുത്ത് tiTTappeTuttə *(vt)*, fix; കമ്പോളത്തിൽ വിലകൾ തിട്ടപ്പെടുത്തി

തിണർക്ക് tiNaRkkə *(vi)*, swell due to a blow; കുട്ടിയുടെ ദേഹത്ത് അടികൊണ്ട ഭാഗത്ത് തിണർത്തിരിക്കുന്നു

തിണ്ണ tiNNa *(vi)*, raised step built around the house (in kerala); വല്യമ്മ തിണ്ണയിൽ ഇരുന്നു

തിണ്ണം tiNNaM *(adv)*, surely; അവൻ തിണ്ണം പരീക്ഷയിൽ ജയിക്കും

തിണ്ണനിരങ്ങ് tiNNaniraṉṉə *(vb, comp)*, wander from one house to another; രവിക്ക് തിണ്ണനിരങ്ങുന്ന ഒരു സ്വഭാവമില്ല

തിണ്ണമിടുക്ക് tiNNamiTukkə *(nn,comp)*, at home showing courage due to back up; തിണ്ണമിടുക്കുകൊണ്ട് പ്രത്യേകിച്ച് കാര്യമൊന്നുമില്ല

തിഥി tithi *(nn)*, lunar day; നാളും തിഥിയുമൊന്നും ഇപ്പോളാരും നോക്കാറില്ല

തിന tina *(nn)*, millet (panicum atalicam); കുതിര തിന തിന്നുന്നു

തിന്നുമുടിക്ക് tinnumuTikkə *(vt)*, eat up; എല്ലാം തിന്നു മുടിക്കാൻ പിറന്നവനാണെന്ന് അമ്മ രവിയെ ശകാരിച്ചു

തിന്ന് tinnə *(vi)*, eat; കുട്ടി പഴം തിന്നുന്നു

തിന്ന് tinnə *(vi)*, have meals; അവർ ചോറു തിന്നു

തിന്മ tinma *(nn)*, evil; തിന്മയുടെ മൂർത്തിഭാവമായിരുന്നു അവൻ

തിപ്പലി tippali *(nn)*, long pepper; തിപ്പലി ചുമയ്ക്ക് നല്ലതാണ്

തിമർക്ക് timaRkkə *(vt)*, dance with joy; കുട്ടികൾ അവിടെ തിമർക്കുന്നു

തിമർപ്പ് timaRppə *(nn)*, arrogance; അവരുടെ തിമർപ്പുകണ്ട് ചിലർക്ക് ദേഷ്യം തോന്നി

തിമിംഗലം timiMgalaM *(nn)*, whale; തിമിംഗലം കടലിൽ ഏറ്റവും വലിയ ജീവിയാണ്

തിമിരം timiraM *(nn)*, catract; കേശവന് തിമിരം ബാധിച്ചു

തിമില timila *(nn)*, musical instrument; തായമ്പകയ്ക്ക് തിമില കൊട്ടി

തീയതി tiiyati *(nn),* date; എല്ലാമാസവും ഒന്നാംതീയതി അയാൾ ഇവിടെ ദർശനം നടത്തും

തിര tira *(nn),* wave; കടലിലെ തിര വന്ന് വള്ളം മുക്കിക്കളഞ്ഞു

തിരക്ക് tirakkə *(nn),* crowd; തിരക്കിലൂടെ ഞങ്ങൾ നടന്നു നീങ്ങി

തിരക്ക് tirakkə *(vt),* search; രവി ആരെയോ തിരക്കുന്നു

തിരഞ്ഞെടുക്ക് tira~~eTukkə *(vt),* elect; പുതിയ പ്രസിഡണ്ടിനെ തിരഞ്ഞെടുത്തു

തിരഞ്ഞെടുപ്പ് tira~~eTuppə *(nn),* election; തിരഞ്ഞെടുപ്പിൽ എതിർ സ്ഥാനാർത്ഥി തോറ്റു

തിരണ്ടി tiraNTi *(nn),* kind of fish (Elasmo branch); തിരണ്ടിക്ക് നീണ്ട വാലുണ്ട്

തിരപ്പുറപ്പാട് tirappuRappaaTə *(nn),* procession; പ്രശ്നങ്ങളുടെ ഒരു തിരപ്പുറപ്പാടു തന്നെയാണ് ഇവിടെ

തിരശ്ശീല tiraSSiila *(nn),* curtain; തിരശ്ശീല ഉയർന്നു നാടകം തുടങ്ങി

തിരസ്ക്കരണം tiraskkaraNaM *(nn),* giving up; രവിയുടെ തിരസ്ക്കരണം അഭിനന്ദനാർഹമായിരുന്നു

തിരസ്ക്കരിക്ക് tirasəkkarikkə *(vt),* desert; ഞാൻ പറഞ്ഞവാക്കുകൾ അവൻ തിരസ്ക്കരിച്ചു

തിരള് tiraLə *(vi),* menstruate for the first time; പെൺകുട്ടി തിരണ്ടു

തിരി tiri *(nn),* wick; അമ്മ വിളക്കിനു തിരികൊളുത്തി

തിരി tiri *(nn),* pepper string; കുരുമുളക് തിരി വീണു

തിരികക്കല്ല് tirikkallə *(nn),* hand grinder; തിരികക്കല്ലിൽ അമ്മ അരി പൊടിക്കുന്നു

തിരിക്ക് tirikkə *(vt),* turn round; ഡ്രൈവർ ബസ്സ് ഇടത്തോട്ടു തിരിച്ചു

തിരിച്ചടി tiriccaTi *(nn),* reaction; ശത്രുവിൽ നിന്നു ഒരു തിരിച്ചടി പ്രതീക്ഷിച്ചതല്ല

തിരിച്ചറിയ് tiriccaRiyə *(comp vb),* distinguish; നന്മയും തിന്മയും തിരിച്ചറിയണം

തിരിച്ചുവര് tiriccuvarə *(vi),* return; ഹനുമാൻ ലങ്കയിൽ പോയി തിരിച്ചുവന്നു

തിരിച്ച്പറയ് tiriccupaRayə *(vt),* retort; അവൻ ഒന്നും തന്നെ തിരിച്ചു പറഞ്ഞില്ല

തിരിനീട്ട് tiriniiTTə *(comp vb),* raise the wick of a lamp; രവി വിളക്കിന്റെ തിരിനീട്ടി

തിരിയ് tiriyə *(vi),* turn; കാള ചക്കിനുചുറ്റും തിരിയുന്നു

തിരിവ് tirivə *(nn),* turning; ഞങ്ങൾ സഞ്ചരിച്ച വാഹനം ഒരു തിരിവിൽ എത്തി

തിരു tiru *(adj, pfx),* holy; തിരുമേനി എഴുന്നെള്ളുന്ന സമയമായി

തിരു tiru *(adj, pfx),* pure etc; തിരുനടയിൽ അയാൾ ഇരുന്നു

തിരുകുളി tirukuLi *(comp vb),* gimlet; ആശാരി തിരുകുളികൊണ്ട് മരം തുളച്ചു

തിരുകുറ്റി tirukuRRi *(nn),* pivot of door; വാതിലിന്റെ തിരുകുറ്റി ആരോ വലിച്ചെടുത്തു.

തിരുക് tirukə *(vt),* screw in; രവി പുസ്തകം ഷർട്ടിനടിയിൽ തിരുകി

തിരുട് tiruTə *(vt),* rob; ആരോ ഇവിടുന്ന് പണം തിരുടി

തിരുത്തൽ tiruttal *(nn),* correction; മാനേജർ പുസ്തകത്തിൽ ചില തിരുത്തൽ വരുത്തി

തിരുത്ത് tiruttə *(nn),* correction; പത്രത്തിൽ ഒരു തിരുത്തുണ്ടായിരുന്നു

തിരുനാമം tirunaamaM *(nn),* holy name; ദൈവത്തിന്റെ തീരുനാമം വൃഥാ പ്രയോഗിക്കരുത്

തിരുനാൾ tirunaaL *(nn),* holy day; തിരുനാൾ ദിവസം എല്ലാവരും ദേവാലയത്തിൽ പോയി

തിരുപ്പൻ tiruppan *(nn),* false hair; അമ്മായി തിരുപ്പൻ കെട്ടി

തിരുമുൽക്കാഴ്ച tirumulkkaaZca *(nn,comp),* offering to a king or a noble man; രാജാവിന് ജനങ്ങൾ തിരുമുൽക്കാഴ്ചകൾ നൽകി

തിരുമേനി tirumeeni *(nn),* king; തിരുമേനി അടിയൻ വിടവാങ്ങട്ടെ

തിരുമ്മ് tirummə *(vt),* massage; അയാൾ അവന്റെ കൈ തിരുമ്മി കൊടുത്തു

തിരുമ്മ് tirummə *(vt),* wash the clothes; അമ്മ വസ്ത്രം തിരുമ്മി

തിരുവത്താഴം tiruvattaZaM *(nn),* last supper of Jesus christ; യേശു തിരുവത്താഴം കഴിച്ചശേഷം പ്രാർത്ഥനയ്ക്കായി പോയി

തിരുവാതിര tiruvaatira *(nn),* sixth lunar day; തിരുവാതിര ദിവസം രാധ വന്നു

തിരുവാതിരക്കളി tiruvaatirakkaLi *(nn,comp),* type of dance performed by woman with clapping hands; സ്ത്രീകൾ തിരുവാതിര കളിച്ചു

തിരുവാഭരണം tiruvaabharaNaM *(nn),* ornaments of a deity or a king; ദേവന്റെ തിരുവാഭരണം മോഷണം പോയി

തിരുവോണം tiruvooNaM *(nn,comp),* lunar day, Onam festival of Kerala; തിരുവോണനാളിൽ കേരളീയർ തിരുവോണ മഹോത്സവം കൊണ്ടാടുന്നു

തിരുശ്ശേഷിപ്പ് tiruSee$ippə *(nn),* holy remainings of saints body; തിരുശ്ശേഷിപ്പ് വളരെ ഭദ്രമായി സൂക്ഷിച്ചു

തിരോധാനം tiroodhaanaM *(nn),* disappearance; ദേവത പെട്ടെന്ന് തിരോധാനം ചെയ്തു

തിരോഭവിക്ക് tiroobhavikkə *(vi),* disappear; ദേവത അവിടെ നിന്ന് തിരോഭവിച്ചു

തിര്യക്ക് tiryakkə *(adj),* that which moves slantingly or cannot stand errect; മനുഷ്യജീവികൾ ഒഴികെ മറ്റുള്ളവ തിര്യക്കുകളാകുന്നു

തിലം tilaM *(nn),* til oil; എള്ളിൽ നിന്നും തിലം എടുക്കുന്നു

തിലകം tilakaM *(nn),* mark put on the forehead as an ornament; രാധ നെറ്റിയിൽ തിലകം ചാർത്തി

തിലാഞ്ജലി tilaajjali *(nn,comp),* death ceremony with gingely seeds and water; ഉണ്ണി തിലാഞ്ജലി ചെയ്തു

തിരശ്ചീനം tiraSciinaM *(adv),* horizontally; തിരശ്ചീനമായ പ്രതലത്തിലൂടെ അവർ സഞ്ചരിച്ചു

തിളക്കം tiLakkaM *(nn),* shining; സ്വർണ്ണത്തിന്റെ തിളക്കം കൊണ്ട് അവിടെ പ്രഭാപൂരിതമായി

തിളങ്ങുന്ന tiLaŋŋunna *(adj),* bright; തിളങ്ങുന്ന കണ്ണുകളാണ് അവളുടേത്

തിളങ്ങ് tiLaŋŋə *(vi),* shine; പുതിയ സ്റ്റീൽപാത്രം തിളങ്ങുന്നു

തിളച്ച tiLacca *(adj),* that which is boiled; തിളച്ച എണ്ണയിൽ പപ്പടം കാച്ചി

തിളപ്പിക്ക് tiLappikkə *(vt),* make something boil; അമ്മ വെള്ളം തിളപ്പിക്കുന്നു

തിളയ്ക്ക് tiLaykkə *(vi),* boil water; അടുപ്പത്ത് വെള്ളം തിളയ്ക്കുന്നു

തിളയ്ക്ക് tiLaykkə *(vi),* be haughty; കുട്ടികൾക്കു തിളപ്പു കുറച്ചു കൂടുന്നുണ്ട്

തിറ tiRa *(nn),* folk dance form of northern Kerala performed in temples; രവി തിറ കാണാൻ പോയി

തീ tii *(nn),* fire; തീ കൊണ്ട് കളിക്കരുത്

തീക്കട്ട tiikkaTTa *(nn,comp),* ember; തീക്കട്ടയിൽ ഉറുമ്പരിക്കുമോ

തീക്കളി tiikkaLi *(nn),* playing with fire; തീക്കളി കളിക്കുന്നത് നല്ലതല്ല

തീക്കൊള്ളി tiikkoLLi *(nn,comp),* fire twig; വാസു ഒരു തീക്കൊള്ളി എടുത്തു കൊണ്ടു വന്നു.

തീട്ടം tiiTTaM *(nn),* human excreta; തീട്ടത്തിൽ ചവിട്ടി

തീണ്ടൽ tiiNTal *(nn),* pollution due to touching, seeing etc; തീണ്ടലും തൊടീലും പത്തൊമ്പതാം

നൂറ്റാണ്ടിൽ കേരളത്തിലുണ്ടായിരുന്നു

തീണ്ടാരി tiiNTari *(nn)*, menstruation; തീണ്ടാരിയായ പെൺകുട്ടി തളത്തിൽ ഇരുന്നു

തീന് tiinə *(nn)*, food stuff; മേശപ്പുറത്ത് തീന് നിരന്നു

തീപിടുത്തം tiipiTuttaM *(nn,comp)*, catching fire; തീ പിടുത്തം ഒഴിവാക്കാൻ ആർക്കും കഴിഞ്ഞില്ല

തീപ്പെട് tiippeTə *(vi)*, death of royal people of cochin kingdom; കൊച്ചിരാജാവ് തീപ്പെട്ടു

തീപ്പെട്ടി tiippeTTi *(nn)*, match box; തീപ്പെട്ടി ഇല്ലാത്തതുകൊണ്ട് തീ കത്തിച്ചില്ല

തീപ്പെട്ടിക്കൊള്ളി tiipeTTikkoLLi *(nn,comp)*, match stick; ഒരു തീപ്പെട്ടിക്കൊള്ളി തരൂ

തീപ്പൊരി tiippori *(nn,comp)*, spark of fire; ഒരു തീപ്പൊരി വീണു ആ വീട് കത്തി

തീപ്പൊള്ളൽ tiippoLLal *(nn,comp)*, burn; തീപ്പൊള്ളൽ ഏറ്റഭാഗത്ത് തേൻ പുരട്ടുന്നത് നല്ലതാണ്

തീമഴ tiimaZa *(nn)*, rain of fire; തീമഴ പെയ്യുമെന്ന് പ്രവാചകൻ പറഞ്ഞു

തീയത് tiiyatə *(adj)*, deteriorated; നല്ലതും തീയതും തിരിച്ചറിയണം

തീയാട്ട് tiiyaaTTə *(nn)*, ritual performed in bhagavati temples; ഭഗവതി ക്ഷേത്രത്തിൽ തീയാട്ട് നടന്നു

തീയ്യൻ tiiyyan *(nn)*, Thiyya (a caste of Kerala); തീയ്യൻ ഒരു ജാതിയാണ്

തീരം tiiraM *(nn)*, shore; ഞങ്ങൾ തീരത്തു കൂടി നടന്നു

തീരാപ്പക tiirappaka *(nn,comp)*, unending revenge; അവർ തമ്മിൽ തീരാപ്പകയായിരുന്നു

തീരുമാനം tiirumanaM *(nn)*, decision; രാജി കൊടുക്കാൻ ഉണ്ണി തീരുമാനം എടുത്തു

തീരുമാനിക്ക് tiirumaanikkə *(vt)*, decide; പുതിയ ഭാരവാഹികളെ തിരഞ്ഞെടുക്കാൻ യോഗം തീരുമാനിച്ചു

തീർ tiirə *(vi)*, end; കഥ ഇവിടെ തീരുന്നു

തീർക്ക് tiiRkkə *(vt)*, finish a work; മധ്യസ്ഥന്മാർ പ്രശ്നങ്ങൾ തീർക്കുന്നു

തീർക്ക് tiiRkkə *(vt)*, bring to a conclusion; ഇന്ന് ഇവിടത്തെ പരിപാടികൾ തീർക്കുന്നു

തീർച്ച tiiRcca *(nn)*, definite; രവി വരില്ലെന്ന് അവൻ തീർച്ച പറഞ്ഞിരുന്നു

തീർച്ചയായും tiiRccayaayuM *(adv)*, certainly; വാസു തീർച്ചയായും വരും

തീർത്ഥം tiiRtthaM *(nn)*, holy water; അമ്മ തീർത്ഥം തലയിൽ ഒഴിച്ചു

തീർത്ഥം tiiRtthaM *(nn),* place of pilgrimage; തീർത്ഥസ്ഥലത്തേക്ക് അവർ പോയി

തീർത്ഥങ്കരൻ tiiRtthaŋkaran *(nn),* holy chief of Jains; 21-ാമത്തെ തീർത്ഥങ്കരനായിരുന്നു ജിനൻ

തീർത്ഥയാത്ര tiiRtthayaatRa *(nn,comp),* pilgrimage; തീർത്ഥയാത്ര കഴിഞ്ഞ് ഞങ്ങൾ മടങ്ങി വന്നു

തീർത്ഥസ്നാനം tiiRtthasnaanaM *(nn,comp),* taking bath in holy water; തീർത്ഥാടകൻ തീർത്ഥസ്നാനം ചെയ്യുന്നു

തീർത്ഥാടകൻ tiiRtthaaTakan *(nn),* pilgrim; തീർത്ഥാടകനായ ആ മനുഷ്യൻ പുണ്യനദിയിൽ വീണു മരിച്ചു

തീർത്ഥാടനം tiiRtthaTanaM *(nn),* pilgrimage; ജീവിതം ഭൂമിയിൽ ഒരു തീർത്ഥാടനമാണ്

തീർന്ന tiiRnna *(adj),* concluded; കറ തീർന്ന സ്നേഹത്തിന്റെ പ്രതീകമായിരുന്നു അയാൾ

തീർന്ന tiiRnna *(adj),* finished; ഭക്ഷണം തീർന്ന ഹോട്ടലിൽ പോകണ്ട

തീർപ്പിക്ക് tiiRppikkə *(vt),* make; രാധ ഒരു മാല തീർപ്പിച്ചു

തീർപ്പ് tiiRppə *(nn),* final decision; പ്രശ്നത്തിന് ഒരു തീർപ്പു കല്പിക്കാൻ ആർക്കും കഴിഞ്ഞില്ല

തീവെട്ടിക്കൊള്ള tiiveTTikkoLLa *(nn),* dacoit; ഇവിടെ തീവെട്ടിക്കൊള്ളകൾ സാധാരണമായിരുന്നു

തീവണ്ടി tiivaNTi *(nn),* train; ഞങ്ങൾ തീവണ്ടിയിൽ കയറി

തീവണ്ടിപ്പാളം tiivaNTippaaLaM *(nn),* rail; തീവണ്ടിപ്പാളത്തിലൂടെ തീവണ്ടി നീങ്ങി

തീവ്ര tiivRa *(adj),* intense; തീവ്രമായ സ്നേഹത്തിന്റെ ഉദാത്തമായ പ്രതീകം

തീവ്രത tiivRata *(nn),* pungency; രോഗത്തിന്റെ തീവ്രത കുറഞ്ഞു വന്നു

തീവ്രവേദന tiivRaveedana *(nn),* severe pain; തീവ്രവേദനയിൽ അവളുടെ മനസ്സ് ഉരുകി

തീഷ്ണത tii$Nata *(nn),* intensity; നല്ല തീഷ്ണതയോടെ വിളക്കു തെളിയുന്നു

തീഷ്ണദൃഷ്ടി tii$NadRə$əTi *(nn,comp),* keen observer; അവന് തീഷ്ണദൃഷ്ടിയാണ്

തീഷ്ണബുദ്ധി tii$Nabuddhi *(nn),* sharp intelligent person; മധുവിന് തീഷ്ണബുദ്ധിയായിരുന്നു

തീഷ്ണമായ tii$Namaaya *(adj),* ardent; തീഷ്ണമായ നോട്ടം കൊണ്ട് അവരെ കീഴടക്കി

തീസിസ് tiisisə *(nn),* thesis; ഞാൻ ഒരു തീസിസ് എഴുതുന്നു

തീറാധാരം tiiRaadhaaraM *(nn,comp),* document written for giving

exclusive right; അച്ഛൻ എഴുതിയ തീറാധാരം അമ്മാവൻ വായിച്ചു

തീറ് tiiRə *(nn)*, exclusive right; അച്ഛൻ സ്വത്ത് തീറ് എഴുതി കൊടുത്തു.

തീറ്റ tiiRRa *(nn)*, fodder of birds and animals; കോഴി തീറ്റ കൊത്തി തിന്നു

തീറ്റ tiiRRa *(vt)*, feed; അമ്മ കുട്ടിയെ തീറ്റുന്നു

തീറ്റക്കൊതി tiiRRakkoti *(nn,comp)*, gluttony; രവിയ്ക്ക് വല്ലാത്ത തീറ്റക്കൊതിയാണത്രെ

തുംഗം tuMgaM *(nn)*, that which is raised; തുംഗമായ കോപം അയാൾക്കു വന്നു

തുക tuka *(nn)*, total sum; ആകെ തുക എത്രയാണെന്ന് ആരും പറഞ്ഞില്ല

തുകർ tukarə *(vi)*, let out moisture; അമ്മ തുണി തുകരാനിട്ടു

തുകൽ tukal *(nn)*, skin; മൃഗങ്ങളുടെ തുകൽകൊണ്ട് ചെരുപ്പുണ്ടാക്കുന്നു

തുകിൽ tukil *(nn)*, cloth; രാധ തുകിൽ ധരിച്ചു

തുക്കടാ tukkaTa *(adj)*, something inferior; ഇത് ഒരു തുക്കടാ വസ്തുവാണ്

തുച്ചം tucchaM *(nn)*, peak of the mountain; മലയുടെ തുച്ചത്ത് അവർ എത്തി

തുച്ഛമായ tucchamaaya *(adj)*, trifle; രവി തുച്ഛമായ വിലയ്ക്ക് തുണി വാങ്ങി

തുഞ്ചം tu~caM *(nn)*, edge; രവി വഞ്ചിയുടെ തുഞ്ചത്തിരുന്നു

തുട tuTa *(nn)*, thigh; കുട്ടിയുടെ തുടകളിൽ ശക്തമായ വേദന അനുഭവപ്പെടുന്നു

തുടം tuTaM *(nn)*, measure used in Kerala for liquid; രവി ഒരു തുടം വെളിച്ചെണ്ണ വാങ്ങിച്ചു

തുടക്കം tuTakkaM *(nn)*, begining; കടയുടെ തുടക്കം നന്നായിരുന്നു

തുടങ്ങ് tuTaŋŋə *(vi)*, begin; രവി ഒരു കട തുടങ്ങി

തുടയ്ക്ക് tuTaykkə *(vt)*, sweep; അമ്മ വീട് തുടയ്ക്കുന്നു

തുടരെ tuTare *(an)*, one after another continuously; മഴ തുടരെ പെയ്തു

തുടർ tuTarə *(vi)*, act without stop; രവി തന്റെ സ്വഭാവം തുടർന്നു

തുടർ tuTarə *(vi)*, follow; പോലീസ് കള്ളനെ പിൻതുടർന്നു

തുടർച്ച tuTaRcca *(nn)*, continuation; കഥയുടെ തുടർച്ച മനസ്സിലായില്ല

തുടലിട് tuTaliTə *(vt)*, chain; രവി പട്ടിയെ തുടലിടുന്നു

തുടി tuTi *(nn)*, musical instrument; രവി ഒരു തുടി മുഴക്കി

തുടി tuTi *(nn)*, heart beat; അവളെ കണ്ടമാത്രയിൽ അവന്റെ തുടിപ്പുകൂടി

തുടിക്ക് tuTikkə *(vi)*, throb; രാധയുടെ മനസ്സ് തുടിച്ചു

തുടിക്ക് tuTikkə *(vi)*, beat in water; മത്സ്യങ്ങൾ വെള്ളത്തിൽ നീന്തി തുടിക്കുന്നു

തുടുക്ക് tuTukkə *(vt)*, blush; രവിയുടെ മുഖം തുടുക്കുന്നു

തുടുത്ത tuTutta *(adj)*, plump; അവളുടെ തുടുത്ത കവിളുകൾ ആരെയും ഭ്രമിപ്പിക്കും

തുട്ട് tuTTə *(nn)*, coin; മധു തുട്ട് കളഞ്ഞു

തുണ tuNa *(nn)*, companionship; രവിക്ക് തുണയില്ല

തുണയ്ക്ക് tuNaykkə *(vt)*, support; പാവങ്ങളെ ആരും തുണച്ചില്ല

തുണി tuNi *(nn)*, cloth; രാധ തുണി വാങ്ങി

തുണ്ടം tuNTaM *(nn)*, bit; രവി ഒരു തുണ്ടം കടലാസ് എടുത്തു

തുണ്ടം tuNTaM *(nn)*, piece; അവന് നാട്ടിൽ ഒരു തുണ്ടു ഭൂമിയുണ്ട്

തുണ്ടിക്ക് tuNTikkə *(vt)*, cut into pieces; അയാൾ വിറക് തുണ്ടിച്ചു

തൂത്ത് tuuttə *(nn)*, hinder part of body; അയാൾ എല്ലാം തന്റെ തൂത്തിനിടയിൽ ഒളിപ്പിച്ചുവച്ചു

തുനിയ് tuniyə *(vi)*, dare; രവി ഒരു കൊലപാതകത്തിനു തുനിഞ്ഞു

തുനിയ് tuniyə *(vi)*, get ready; അവൻ ഒരു പുതിയ കമ്പനി തുടങ്ങാൻ തുനിഞ്ഞു

തുന്നൽപ്പണിക്കാരൻ tunnalppaNikkaaran *(nn,comp)*, tailor; മാധവൻ ഒരു തുന്നൽപ്പണിക്കാരനാണ്

തുന്നൽ tunnal *(nn)*, stiching work; രാധ തുന്നൽ പഠിച്ചു

തുന്ന് tunnə *(vi)*, knit; അവൾ കുട്ടിയുടെ ഉടുപ്പു തുന്നുന്നു

തുമ്പ tumba *(nn)*, phlomis; തുമ്പയിൽ പൂവുണ്ടായി

തുമ്പപ്പൂ tumbapuu *(nn,comp)*, lencas flower; തുമ്പപ്പൂ വെളുത്തതാണ്

തുമ്പി tumbi *(nn)*, dragon fly; കുട്ടി തുമ്പിയെ നോക്കി

തുമ്പിക്കൈ tumbikkai *(nn)*, trunk; ആന തുമ്പിക്കൈയിൽ വെള്ളമെടുത്ത് കുളിക്കുന്നു

തുമ്പിപ്പാട്ട് tumbippaaTTə *(nn,comp)*, folk song sung by women in Kerala; സ്ത്രീകൾ തുമ്പിപ്പാട്ട് പാടി

തുമ്പില്ലായ്മ tumbillaayma *(nn)*, ignorance; അവന്റെ തുമ്പില്ലായ്മയെ എല്ലാവരും പരിഹസിച്ചു

തുമ്പുംതുരാലും tumbumturaaluM *(in),* begining and end; പുസ്തകത്തിനു തുമ്പും തുരാലുമില്ല

തുമ്പുണ്ടാക്ക് tumbuNTaakkə *(comp vb),* find a clue; കേസിന് അവർ തുമ്പുണ്ടാക്കി

തുമ്പ് tumbə *(nn),* clue; കേസിന്റെ തുമ്പ് കിട്ടിയില്ല

തുപ്പൽ tuppal *(nn),* saliva; വായിൽ തുപ്പലില്ല

തുപ്പാക്കി tuppakki *(nn),* gum; കണ്ണൻ തുപ്പാക്കി എണ്ണയിട്ടു മിനുക്കി

തുപ്പായി tuppaayi *(nn),* interpreter; രവി ഒരു തുപ്പായിയായിരുന്നു

തുപ്പ് tuppə *(vi),* spit; ഇവിടെ തുപ്പരുത്

തുമിക്ക് tumikkə *(vi),* sneeze; രവി ജലദോഷം കാരണം തുമിക്കുന്നു

തുമ്മൽ tummal *(nn),* sneezing; കുട്ടിയുടെ തുമ്മൽ ഇവിടെ കേട്ടു

തുമ്മ് tummə *(vt),* sneeze; കുട്ടി തുമ്മി

തുയിലുണർ tuyiluNarə *(comp vb),* wake up from sleep; രാജാവ് തുയിലുണരുന്നു

തുയിൽക്കൊള്ള് tuyilkkoLLə *(comp vb),* sleep; രാജാവ് തുയിൽക്കൊള്ളുന്നു

തുയിൽ ഉണർത്ത് tuyiluNaRttə *(vt),* wake up from illness; രാജാവിനെ തുയിൽ ഉണർത്തി

തുരക്കണം turakkaNaM *(nn),* borer; തുരക്കണം ഉപയോഗിച്ച് മണ്ണു തുരന്നു

തുരക്കൽ turakkal *(nn),* boring; മല തുരക്കൽ കഴിഞ്ഞു

തുരക്ക് turakkə *(vt),* bore a hole; ആരോ നിലം തുരക്കുന്നു

തുരങ്കം turaŋgaM *(nn),* tunnel a cave; ഞങ്ങൾ ഒരു തുരങ്കം കണ്ടു

തുരങ്കംവയ്ക്ക് turaŋkaMvaykkə *(nn,comp),* undermine; ഏതു കാര്യത്തിലും തുരങ്കം വയ്ക്കുന്ന സ്വഭാവമാണ് അയാളുടേത്

തുരത്തൽ turattal *(nn),* driving away; അയാളുടെ തുരത്തൽ ദയനീയമായിരുന്നു

തുരത്ത് turattə *(vt),* banish; അയാളെ നാട്ടിൽ നിന്നു തുരത്തി

തുരുമ്പിക്ക് turumbikkə *(vt),* get rust; പാത്രം തുരുമ്പിക്കുന്നു

തുരപ്പൻ turappan *(nn),* bandicoot; ഒരു തുരപ്പൻ മണ്ണുതുരന്നു

തുരപ്പൻ turappan *(nn),* drilling; തുരപ്പൻ കൊണ്ട് തുരന്നു

തുരപ്പ് turappə *(nn),* tunnel; ഒരു തുരപ്പിലൂടെ തീവണ്ടി പോയി

തുരിശ് turiSə *(nn)*, copper sulphate; റബ്ബറിന് തുരിശ് ഇടുന്നത് നല്ലതാണ്

തുരുതുരെ turuture *(adv)*, quickly; ബാണം തുരുതുരെ വിട്ടു

തുരുത്ത് turuttə *(nn)*, island; വൈപ്പിൻ ദ്വീപ് ഒരു തുരുത്തു ആണ്

തുരുമ്പ് turumbə *(nn)*, rust; പാത്രത്തിൽ തുരമ്പു പിടിച്ചു

തുരുമ്പ് turumbə *(nn)*, rust; ഇരുമ്പ് സാധനങ്ങൾ ഉപയോഗിക്കാതെ ഇരിക്കുമ്പോൾ തുരുമ്പ്പിടിക്കുന്നു

തുരുപ്പ് turuppə *(nn)*, trump card; രവി തുരുപ്പ് പ്രയോഗിച്ചു

തുലനം tulanaM *(nn)*, comparing; രവി കാര്യങ്ങളെ തുലനം ചെയ്തു

തുലയ് tulayə *(vi)*, be destroyed; ഒടുവിൽ എല്ലാം തുലയുന്നു

തുലയ്ക്ക് tulaykkə *(vt)*, perish; രവി പണം കൊണ്ടുപോയി തുലച്ചു

തുലാം tulaM *(nn)*, unit of weight balance; ഒരു തുലാം നെല്ലു വാങ്ങി

തുലാം tulaM *(nn)*, month according to Malayalam calander; തുലാത്തിൽ മഴ പെയ്തു

തുലാഭാരം tulaabhaaraM *(nn,comp)*, offering gold, silver etc, an equal weight of a person to a deity; കരുണാകരൻ തുലാഭാരം നടത്തി

തുലാവർഷം tuTaavaR$aM *(nn,comp)*, north east monsoon; ഇക്കൊല്ലം തുലാവർഷം ശക്തമായിരുന്നു

തുലാസ്സ് tulaassə *(nn)*, balance; രവി ഒരു തുലാസ്സിൽ വെല്ലം തൂക്കി

ദുരാഗ്രഹം duraagRahaM *(nn,comp)*, covetousness; രവിക്ക് ദുരാഗ്രഹമില്ലായിരുന്നു

ദുരാഗ്രഹി duraagRahi *(nn,comp)*, greedy person; രവി ഒരു ദുരാഗ്രഹിയായിരുന്നില്ല

ദുരാചാരം duraacaaraM *(nn,comp)*, superstitiouns belief; പല ദുരാചാരങ്ങളും കേരളത്തിലുണ്ടായിരുന്നു

ദുരിതം duritaM *(nn)*, misery; വളരെ ദുരിതങ്ങൾ

അയാൾക്കു സഹിക്കേണ്ടി വന്നു

ദുരിതംഅനുഭവിക്ക് duritaManubhavikkə *(vi)*, suffer; ഇത്രകാലം ദുരിതമനുഭവിച്ചിട്ടും ഇതാണോ പ്രതിഫലം ?

ദുരിതാനുഭവം duritaanubhavaM *(nn,comp)*, deprivation; ദുരിതാനുഭവങ്ങൾ എല്ലാം അയാൾ സഹിച്ചു

ദുരുപദിഷ്ടം durupadi$TaM *(adj)*, ill; ദുരുപദിഷ്ടമായ കാര്യങ്ങളായിരുന്നു അത്

ദുരുപയോഗം durupayoogaM *(nn,comp)*, misuse; അയാൾ പദവി ദുരുപയോഗം ചെയ്തു

ദുരൂഹം duruuhaM *(nn)*, incomprehensible; വളരെ ദുരൂഹമായ സാഹചര്യത്തിൽ ആ മരണം നടന്നു

ദുർഗന്ധം duRgandhaM *(nn,comp)*, bad smell; ഇവിടെ വല്ലാത്ത ദുർഗന്ധമാണ്

ദുർഗ്ഗ duRgga *(nn)*, goddess durga; അയാൾ ദുർഗ്ഗയെ പ്രാർത്ഥിച്ചു

ദുർഗ്ഗം duRggaM *(nn)*, fort; അവൻ ഒരു ദുർഗ്ഗത്തിലേക്ക് കയറി

ദുർഗ്ഗതി durggati *(nn,comp)*, misfortune; അയാൾക്ക് എപ്പോഴും ദുർഗ്ഗതിതന്നെ

ദുർഗ്ഗമ durggama *(adj)*, inaccessible; ദുർഗ്ഗമമായ പാതകൾ അവർ പിന്നിട്ടു

ദുർഗ്ഗമ durggama *(adj)*, difficult to grasp; ശാസ്ത്രജ്ഞർ ദുർഗ്ഗമമായ കാര്യങ്ങൾ വിശദീകരിച്ചു കൊടുത്തു

ദുർഗ്ഗുണം duRgguNaM *(nn,comp)*, malice; അയാൾക്ക് കുറേ ദുർഗ്ഗുണങ്ങളുണ്ടായിരുന്നു

ദുർഗ്രഹ duRgRaha *(adj)*, incomprehensible; വളരെ ദുർഗ്രഹമായ ഒരു കവിതയാണിത്

ദുർജ്ജനം duRjjanaM *(nn)*, wicked or evil person; അയാൾ ദുർജ്ജനങ്ങളുടെ ഉപദേശം സ്വീകരിച്ചു

ദുർദിനം duRdinaM *(nn,comp)*, evil day; അങ്ങിനെ ആ ദുർദിനവും വന്നുചേർന്നു

ദുർദേവത duRddeevata *(nn,comp)*, evil spirit; അയാൾ ദുർദേവതകളെ ആരാധിച്ചു

ദുർനിമിത്തം duRnimittaM *(nn,comp)*, ill omen; അങ്ങിനെ ഒരു ദുർനിമിത്തം സംഭവിച്ചു

ദുർന്നടപ്പുകാരൻ duRnnaTappukaaran *(nn,comp)*, person with bad character; അവൻ ഒരു ദുർന്നടപ്പുകാരനാണ്

ദുർന്നടപ്പ് duRnnaTappə *(nn,comp)*, immoral life; അയാളുടെ ദുർന്നടപ്പ് അവസാനിച്ചു

ദുർന്നയം duRnnayaM *(nn,comp),* wickedness; അവന്റെ ദുർന്നയം അവസാനിച്ചു

ദുർന്നീതി duRnniiti *(nn,comp),* injustice; അയാൾ ദുർന്നീതി ക്കെതിരെ പോരാടി

ദുർന്യായം duRnyaayaM *(nn,comp),* false reasoning; അയാൾ ഒരു ദുർന്യായം പറഞ്ഞു

ദുർബുദ്ധി duRbyddhi *(nn,comp),* wicked disposition; അവന്റെ ദുർബുദ്ധിയിൽ എന്തോ തോന്നി

ദുർബുദ്ധി duRbyddhi *(nn,comp),* idiot; അവൻ ഒരു ദുർബുദ്ധിയാണ്

ദുർബ്ബല duRbbala *(adj),* weak; ദുർബ്ബലമായ ഹൃദയമാണ് അയാളുടേത്

ദുർബ്ബലൻ duRbbalan *(nn,comp),* weak man; അവൻ ദുർബ്ബലനാണ്

ദുർബ്ബലപ്പെട് duRbbalappeTə *(vi),* become weak; ആ തീരുമാനം ദുർബ്ബലപ്പെട്ടു

ദുർബ്ബലമനസ്ക്കൻ duRbbalamanaskkan *(nn,comp),* weak minded person; അവൻ ഒരു ദുർബ്ബലമനസ്ക്കനായിരുന്നു

ദുർബ്ബലമാക്ക് duRbbalamaakkə *(vt),* weaken; അയാൾ ആ രാജ്യത്തെ ദുർബ്ബലമാക്കി

ദുർബ്ബലത duRbalata *(nn,comp),* weakness; അവന്റെ ദുർബ്ബലത കൊണ്ട് ഒന്നും ശരിപ്പെട്ടില്ല

ദുർഭഗ duRbhaga *(adj),* unlucky; വളരെ ദുർഭഗമായ ഒരു ജീവിതമായിരുന്നു അവളുടേത്

ദുർഭാഗ്യം duRbhaagyaM *(nn,comp),* misfortune; ദുർഭാഗ്യം കൊണ്ട് അവന് ഒരവസരം നഷ്ടപ്പെട്ടു

ദുർഭാഷണം duRbhaa$NaM *(nn,comp),* abusive speech; അയാളുടെ ദുർഭാഷണം അവസാനിച്ചു

ദുർമന്ത്രം duRmantRaM *(nn),* abusive mantra to bring disaster; അയാൾ ദുർമന്ത്രം ചെയ്തു

ദുർമ്മരണം duRmmaraNaM *(nn),* unnatural death; അയാൾക്ക് ദുർമ്മരണം സംഭവിച്ചു

ദുർമ്മാർഗ്ഗം duRmmaaRggaM *(nn,comp),* wickedness; അയാൾ ദുർമ്മാർഗ്ഗത്തിലൂടെ കൂട്ടുകാരനെ ചതിച്ചു

ദുർമ്മാർഗ്ഗി duRmmaaRggi *(nn,comp),* wicked person; അവൻ ഒരു ദുർമ്മാർഗ്ഗിയായിരുന്നു

ദുർമ്മുഖം duRmmukhaM *(adj),* ill faced; ദുർമ്മുഖമായ കുട്ടിയ്ക്കു നല്ല മനസ്സുണ്ടായിരുന്നു

ദുർമ്മേദസ്സ് duRmmeedasə *(nn,comp),* fat deposits in the body; അയാൾക്ക് ദുർമ്മേദസ്സുണ്ടായിരുന്നു

ദുർമ്മോഹം duRmmoohaM *(nn),* evil desire; ദുർമ്മോഹം കൊണ്ട് അയാൾ പലതും ചെയ്തു

ദുർലക്ഷണം duRlak$aNaM *(nn,comp),* ill omen; ഒരു ദുർലക്ഷണം അവൻ കണ്ടു

ദുർല്ലഭത duRlabhata *(nn),* scarcity; സാധനങ്ങളുടെ ദുർല്ലഭത നിമിത്തം ഇറക്കുമതി ചെയ്യുന്നു

ദുർല്ലഭമായ duRllabhamaaya *(adj),* scarce; ദുർല്ലഭമായ ഒരു വസ്തുവാണിത്

ദുർവൃത്തൻ duRvRttan *(nn,comp),* one who leads wicked life; അയാൾ ഒരു ദുർവൃത്തനാണ്

ദുർവ്യയം duRvyayaM *(nn,comp),* extravagance; ദുർവ്യയം ചെയ്യരുത്

ദുർവ്യയക്കാരൻ duRvyayakkaaran *(nn,comp),* spend thrift; അവൻ ഒരു ദുർവ്യയക്കാരനാണ്

ദുർവ്യവഹാരം duRvyavahaaraM *(nn,comp),* false litigation; അവന്റെ ദുർവ്യവഹാരം അവസാനിച്ചു

ദുർവ്യാഖ്യാനം duRvyaakhyaanaM *(nn),* malinterpretation; അവൻ ആ വാചകം ദുർവ്യാഖ്യാനം ചെയ്തു

ദുർവ്വാശി duRvvaaSi *(nn,comp),* obstinate; അയാൾക്ക് എപ്പോഴും ദുർവ്വാശി തന്നെ

ദുർവിചാരം duRvicaaraM *(nn,comp),* evil thought; ദുർവിചാരം കൊണ്ട് അയാളുടെ മനസ്സു നിറയുന്നു

ദുർവിധി duRvvidhi *(nn,comp),* ill fate; അവളുടെ ദുർവിധിയോർത്ത് അവൻ ദുഃഖിച്ചു

ദുർവിനയം duRvvinayaM *(nn,comp),* arrogant; അവൻ എപ്പോഴും ദുർവിനയത്തോടെ പെരുമാറുന്നു

ദുർവ്വിനിയോഗം duRvviniyoogaM *(nn,comp),* misuse; അയാൾ അവസരങ്ങൾ ദുർവ്വിനിയോഗം ചെയ്തു

ദുർവ്വിനിയോഗം duRvviniyoogaM *(nn,comp),* misappropriation; അയാൾ സർക്കാർ സ്വത്തുക്കൾ ദുർവ്വിനിയോഗം ചെയ്തു

ദുർ duR *(adj, pfx),* bad; അവന് ദുർ മരണം സംഭവിച്ചു

ദുഷിക്ക് du$ikkə *(vi),* be corrupted; ലോകം വല്ലാതെ ദുഷിക്കുന്നു

ദുഷിപ്പിക്ക് du$ippikkə *(vt),* spoil; അയാൾ മറ്റുള്ളവരെ കൂടി ദുഷിപ്പിക്കുന്നു

ദുഷ്കർമ്മം du$kaRmmaM *(nn),* vicious deed; അയാൾ പല ദുഷ്കർമ്മങ്ങളും ചെയ്തു

ദുഷ്കീർത്തി du$kiiRtti *(nn,comp),* disgrace; അവൻ ദുഷ്കീർത്തി സമ്പാദിച്ചു

ദുഷ്കൃതം du$kRtaM *(nn,comp),* sin; അയാൾ ദുഷ്കൃതം ചെയ്തു

ദുഷ്ക്കര du$kkara *(adj),* difficult task to do; ദുഷ്ക്കരമായ ഒരു പ്രവൃത്തിയാണിത്

ദുഷ്ക്കാലം du$kkaalaM *(nn,comp),* hard time; അങ്ങനെ അവന്റെ ദുഷ്ക്കാലം കഴിഞ്ഞു

ദുഷ്ക്രമിക്ക് du$kRamikkə *(vi),* tyrannize; ശത്രുരാജാവ് ദുഷ്ക്രമിച്ചു

ദുഷ്ട du$Ta *(adj),* cruel; ദുഷ്ടമൃഗങ്ങൾ ഈ കാട്ടിൽ അനവധിയുണ്ട്

ദുഷ്ടത du$Tatai *(nn),* wickedness; ദുഷ്ടത ഏറ്റവും കൂടുതലുള്ളത് മനുഷ്യനാണ്

ദുഷ്പ്രഭാവം du$pRabhaavaM *(nn,comp),* naughtiness; അയാളുടെ ദുഷ്പ്രഭാവം കൊണ്ട് പലരും അയാളെ വെറുത്തു

ദുഷ്പ്രയത്നം du$pRayatnaM *(nn,comp),* futile labour; അത് വെറും ദുഷ്പ്രയത്നമായി ഭവിച്ചു

ദുഷ്പ്രയോഗം du$pRayoogaM *(nn),* manipulation; അയാൾ ഉയർന്ന പദവികൾ നേടാൻ പല ദുഷ്പ്രയോഗവും ചെയ്തു

ദുഷ്പ്രീതി du$pRiiti *(nn),* dislike; അയാൾ എല്ലാവരുടേയും ദുഷ്പ്രീതി സമ്പാദിച്ചു

ദുസ്തർക്കം dustaRkkaM *(nn,comp),* unnecessary dispute; അവൻ ഒരു ദുസ്തർക്കം ചെയ്തുകൊണ്ടിരുന്നു

ദുസ്സഹ dussaha *(adj),* intolerable; ദുസ്സഹമായ വേദന കൊണ്ട് അയാൾ പുളഞ്ഞു

ദുസ്സാധ്യം dussaadhyaM *(adj),* impossible; ആ കാര്യം ദുസ്സാധ്യമായിരുന്നു

ദുസ്സാമർത്ഥ്യം dussamaRtthyaM *(nn,comp),* crookedness; അയാളുടെ ദുസ്സാമർത്ഥ്യം കൊണ്ട് ഒരവസരം നഷ്ടപ്പെട്ടു

ദുസ്സ്വഭാവം dussvabhaavaM *(nn,comp),* misconduct; അവന്റേത് ദുസ്സ്വഭാവമായിരുന്നു

ദുസ്സ്വാദ് dussvaadə *(nn,comp),* distaste; പഴത്തിന് എന്തോ ദുസ്സ്വാദ് തോന്നുന്നു

ദൂതകർമ്മം duutakaRmmaM *(nn,comp),* duty of a messenger; ഹംസം ദൂതകർമ്മം നടത്തി

ദൂതൻ duutan *(nn),* messenger; അയാളുടെ ദൂതൻ എന്നെ വന്നുകണ്ടു

ദൂതി dutii *(nn),* woman messenger; അവൾ ഒരു ദൂതിയാണ്

ദൂത് duutə *(nn),* message; അയാൾ ദൂത് പറഞ്ഞു

ദൂരം duuraM *(nn),* distance; വളരെ ദൂരം അവർ സഞ്ചരിച്ചു

ദൂരം duuraM *(nn),* distance; ഇവിടെ നിന്ന് ക്യാന്റിനിലേക്ക് എത്ര ദൂരമുണ്ട്

ദൂരത്ത് duurattə *(adv),* at a distance; വളരെ ദൂരത്ത് അയാൾ നിൽക്കുന്നുണ്ടായിരുന്നു

ദൂരദർശിനി duuradaRSini *(nn,comp),* telescope; അവൻ ദൂരദർശിനിയിലൂടെ നോക്കി

ദൂരീകരിക്ക് duriikarikkə *(vb),* banish; അയാൾ ശത്രുക്കളെ ദൂരീകരിച്ചു

ദൂരെ duure *(adv),* away; ദൂരെ ഒരു ഗ്രാമത്തിലാണ് അയാൾക്കു ജോലി

ദൂരെപ്പോവ് duureppoovə *(vi),* get farther away; രാജാവ് അവിടെ നിന്ന് രക്ഷപ്പെട്ട് ദൂരെപ്പോയി

ദൂരെയുള്ള duureyuLLa *(adj),* distant; കുറെ ദൂരെയുള്ള ഒരു സ്ക്കൂളിലാണ് പഠിച്ചിരുന്നത്

ദൂഷണം duu$aNaM *(nn),* fault; അവൾ എപ്പോഴും ദൂഷണം പറഞ്ഞു

ദൂഷിതം du$itaM *(nn),* blemish; രവിക്ക് ഒരു ദൂഷിതവും പറ്റിയില്ല

ദൂഷ്യംപറയ് du$yaMpaRayə *(comp vb),* speak ill of; അവനെപ്പറ്റി അയാൾ ദൂഷ്യം പറഞ്ഞു

ദൃഢത dRDhata *(nn),* hardness; നല്ല ദൃഢതയുള്ള മേശയാണിത്

ദൃഢതയുള്ള dRəDhatayuLLa *(adj),* strong; ദൃഢതയുള്ള ശരീരമായിരുന്നു അയാളുടേത്

ദൃഢനിശ്ചയം dRDhaniScayaM *(nn,comp),* determination; അവൻ ഒരു ദൃഢനിശ്ചയം എടുത്തു

ദൃഢപ്പെട് dRDhappeTə *(comp vb),* be confirmed; അയാൾ തന്റെ അഭിപ്രായത്തിൽ ദൃഢപ്പെട്ടു

ദൃഢമാക് dRDhmaakə *(vi),* become certain; അവരുടെ ബന്ധം കൂടുതൽ ദൃഢമായി

ദൃഢീകരണം dRDhiikaraNaM *(nn),* confirmation; അക്കാര്യത്തിൽ ഒരു ദൃഢീകരണം ആവശ്യമായിരുന്നു

ദൃഢീകരിക്ക് dRDhiikarikkə *(vt),* confirm; അവർ ബന്ധം ദൃഢീകരിച്ചു

ദൃശ്യകല dRSyakala *(nn,comp),* performing art; ദൃശ്യകലകളിൽ അയാൾക്ക് നല്ല ജ്ഞാനമുണ്ടായിരുന്നു

ദൃഷ്ടം dR$TaM *(nn),* view; ആ വാഹനം ദൃഷ്ടമായി

ദൃഷ്ടാന്തം dR$TaantaM *(nn),* example; അയാൾ അതിന് ഒരു ദൃഷ്ടാന്തം പറഞ്ഞു

ദൃഷ്ടാന്തകഥ dR$Taantakatha *(nn,comp),* parable; ഒരു ദൃഷ്ടാന്ത കഥ കുട്ടി വായിച്ചു

ദൃഷ്ടി dR$Ti *(nn),* eye; ദൃഷ്ടിയിലൂടെ എല്ലാം അയാൾ നോക്കിക്കണ്ടു

ദൃഷ്ടിഗോചരം dR$TigoocaraM *(nn),* visible to the eye; ആ വിമാനം ദൃഷ്ടിഗോചരമായിരുന്നില്ല

ദൃഷ്ടിദോഷം dR$Tidoo$aM *(nn,comp),* effect ofevil eye; അയാൾക്ക് ദൃഷ്ടിദോഷം സംഭവിച്ചു

ദൃഷ്ടിവയ്ക്ക് dR$Tivaykkə *(comp vb),* cast an eye on; അയാൾ അതിൽ ദൃഷ്ടിവച്ചിരുന്നു

ദേവകന്യ deevakanya *(nn comp),* celestial nymph; അവൾ ഒരു ദേവകന്യയായിരുന്നു

ദേവകല്പന deevakalpana *(nn,comp),* command of god; മോശ ദേവകല്പന സ്വീകരിച്ചു

ദേവകുലം deevakulaM *(nn,comp),* tribe of gods; ദേവകുലം മുഴുവൻ സന്തോഷിച്ചു

ദേവദാസി deevadaasi *(nn,comp),* woman who has devoted herself to the service of the gods (temple dance); അവൾ ഒരു ദേവദാസിയായിരുന്നു

ദേവൻ deevan *(nn),* god; ദേവൻ അവന്റെ മുന്നിൽ പ്രത്യക്ഷപ്പെട്ടു

ദേവസ്തുതി deevastuti *(nn,comp),* benediction; അയാൾ ദേവസ്തുതി ആലപിച്ചു

ദേവസ്വം deevasvaM *(nn),* temple property (it's administration); ദേവസ്വം വക ഭൂമി അളന്നു തിട്ടപ്പെടുത്തൂ

ദേവാലയം deevaalayaM *(nn,comp),* place of worship (temple, church, mosque etc); ദേവാലയത്തിൽ പ്രാർത്ഥനകൾ നടക്കുന്നു

ദേവി deevi *(vt),* goddess; അവൾ ദേവിയായിരുന്നു

ദേവേന്ദ്രൻ deeveendRan *(nn,comp),* God Indra; ദേവേന്ദ്രൻ അസ്ത്രമയച്ചു

ദേശം deeSaM *(nn),* country; ഒരു ദേശത്തെ ജനതയുടെ ആഗ്രഹം അതായിരുന്നു

ദേശക്കാരൻ deeSakkaaran *(nn),* inhabitant; ഈ ദേശക്കാരനല്ല അയാൾ

ദേശവാസി deeSavaasi *(nn),* national; ഞാൻ ഈ ദേശവാസിയാണ്

ദേശാടനം deeSaaTanaM *(nn),* extensive travelling; അവർ ദേശാടനം കഴിഞ്ഞ് മടങ്ങി

ദേശാന്തരഗമനം deeSantaragamanaM *(nn,comp),* travel to foreign countries; പക്ഷികൾ ദേശാന്തരഗമനം ചെയ്തു

ദേശീയ deeSiiya *(adj),* pertaining to country; ദേശീയ രംഗത്ത് പല മാറ്റങ്ങളും സംഭവിക്കുന്നു

ദേശീയഗാനം deeSiiyagaanaM *(nn,comp),* national anthem; ദേശീയഗാനം എല്ലാവരും പാടണം

ദേശീയബോധം deeSiiyaboodhaM *(nn,comp),* nationalistic consciousness;

ദേശീയബോധമുള്ള ഒരു വ്യക്തിയാണദ്ദേഹം

ദേശീയവരുമാനം deeSiiyavarumaanaM *(nn,comp),* national income; ദേശീയവരുമാനം വളരെ കുറഞ്ഞു

ദേശീയവിപത്ത് deeSiiyavipattə *(nn,comp),* national calamity; ആ സംഭവം ഒരു ദേശീയവിപത്തായിരുന്നു

ദേഷ്യം dee$yaM *(nn),* anger; എനിക്ക് വല്ലാതെ ദേഷ്യം വരുന്നു

ദേഷ്യംവര് dee$yaMvarə *(comp vb),* have anger; കുട്ടിക്ക് ദേഷ്യം വരുന്നു

ദേഷ്യപ്പെട് dee$yappeTə *(vi),* become angry; ദേഷ്യപ്പെട്ടിട്ടൊന്നും ഇനി കാര്യമില്ല

ദേഹ deeha *(adj, pfx),* pertaining to body; ദേഹശുശ്രൂഷകളെല്ലാം അയാൾ ചെയ്തു

ദേഹം deehaM *(nn),* body; കുട്ടിയുടെ ദേഹത്ത് അഴുക്കു പറ്റി

ദേഹണ്ഡിക്ക് deehaNDikkə *(vt),* work hard; അവർ വല്ലാതെ ദേഹണ്ഡിക്കുന്നു

ദേഹത്യാഗം deehatyaagaM *(nn,comp),* relinquishing the body; അവൻ ദേഹത്യാഗം ചെയ്തു

ദേഹദണ്ഡം deehadaNDaM *(nn,comp),* hard work; അയാൾ വല്ലാതെ ദേഹദണ്ഡം ചെയ്തു

ദേഹനാശം deehanaaSaM *(nn,comp),* death; അയാൾക്ക് ദേഹനാശം സംഭവിച്ചു

ദേഹപീഡ deehapiiDa *(nn,comp),* bodily pain; അവർ ഒരോ ദേഹപീഡകൾ ചെയ്തു

ദേഹപ്രകൃതി deehapRakRti *(nn,comp),* bodily construction; അവന്റെ ദേഹപ്രകൃതി അങ്ങിനെയായിരുന്നു

ദേഹശുദ്ധി deehaSuddhi *(nn),* bodily cleanliness; അവൻ ദേഹശുദ്ധി വരുത്തി

ദേഹാന്തരംപ്രാപിക്ക് deehantaraMpRaapikkə *(comp vb),* transmigrate; അയാൾ ദേഹാന്തരം പ്രാപിച്ചുവത്രേ

ദേഹി deehi *(nn),* soul; ദേഹത്തെ ദേഹി വെടിഞ്ഞു

ദൈനംദിനം dainaMdinaM *(adv),* day to day; ദൈനംദിന കാര്യങ്ങൾ മുറയ്ക്ക് നടക്കുന്നു

ദൈന്യം dainyaM *(nn),* grief; അവന്റെ ദൈന്യം ആരും ശ്രദ്ധിച്ചില്ല

ദൈന്യത dainyata *(nn),* deplorable state; അവന്റെ ദൈന്യത വളരെ ദയനീയമായിരുന്നു

ദൈർഘ്യം daiRghyaM *(nn),* length; കഥയുടെ ദൈർഘ്യം മൂന്നു മണിക്കൂറാണ്

ദൈവം daivaM *(nn),* god (the supreme being); ദൈവം ഉണ്ടോ ഇല്ലയോ

ദൈവം daivaM *(nn),* god; സത്യമാണ് എന്റെ ദൈവം

ദൈവകൽപിതം daivakalpitaM *(nn,comp),* what is ordered by God; ആ സംഭവം ദൈവകൽപിതമായിരുന്നു

ദൈവകാരുണ്യം daivakaaruNyaM *(nn,comp),* grace of God; ദൈവകാരുണ്യം കൊണ്ട് അയാൾ മരിച്ചില്ല

ദൈവഗത്യാ daivagatyaa *(adv),* by the will of god; ദൈവഗത്യാ ഒരു സംഭവം നടന്നു

ദൈവത്വം daivatvaM *(nn),* divinity; അദ്ദേഹത്തിനു ഒരു ദൈവത്വം ഉണ്ടായിരുന്നു

ദൈവദൂഷകൻ daivaduu$akan *(nn,comp),* sacrilegist; അവൻ ഒരു ദൈവദൂഷകനായിരുന്നു

ദൈവദൂഷണം daivaduu$aNaM *(nn,comp),* blasphemy or sacrilege; അയാൾ ദൈവദൂഷണം പറഞ്ഞു

ദൈവനിശ്ചയം daivaniScayaM *(nn,comp),* god's will; ദൈവ നിശ്ചയം പോലെ എല്ലാം നടക്കും

ദൈവപരീക്ഷ daivapariik$a *(nn),* test of god; ദൈവപരീക്ഷയിൽ അയാൾ വിജയിച്ചു

ദൈവപുത്രൻ daivaputRan *(nn,comp),* son of god; അദ്ദേഹം ദൈവപുത്രനായിരുന്നു

ദൈവപ്രമാണം daivapRamaaNaM *(nn,comp),* command of god; ദൈവപ്രമാണങ്ങൾ അയാൾ അനുസ്മരിച്ചു

ദൈവശിക്ഷ daivaSik$a *(nn,comp),* scourge; അയാൾക്ക് ദൈവശിക്ഷകിട്ടി

ദൈവാധീനം daivaadhiinaM *(nn),* divine assistance; ദൈവാധീനം കൊണ്ട് ഒന്നും സംഭവിച്ചില്ല

ദൈവാനുഗ്രഹം daivaanugrahaM *(nn,comp),* blessing of god; ദൈവാനുഗ്രഹമുള്ള കുട്ടിയാണവൻ

ദൈവികം daivikaM *(nn),* divine; ദൈവികമായ ഭാഗ്യം അയാൾക്കുണ്ടായിരുന്നു

ദൈവേച്ഛ daiveeccha *(nn,comp),* divine will; ദൈവേച്ഛപോലെ അവർ ജീവിച്ചു

ദോബി doobi *(nn),* washer man; രവി ദോബിയായിരുന്നു

ദോഷം doo$aM *(nn),* fault; ഒരു ദോഷവും അയാൾക്കു സംഭവിച്ചില്ല

ദോഷപരിഹാരം doo$aparihaaraM *(nn,comp),* remedy for evil or sin; ദോഷപരിഹാരത്തിനായി അയാൾ പലതും ചെയ്തു

ദോഷപ്പെടുത്ത് doo$appeTutta *(comp vb),* cause to fall into sin; ആരെയും ദോഷപ്പെടുത്തിയിട്ട് ആർക്കും ഒന്നും നേടാനില്ല

ദോഷപ്പെട് doo$appeTunnu *(comp vb),* fall into sin; നല്ലതിനു ചെയ്തതെല്ലാം ദോഷപ്പെടുന്നു

ദോഷമാക്ക് dooSamaakkə *(vi),* become spoiled; അയാൾ ബന്ധങ്ങളെല്ലാം ദോഷമാക്കി

ദോഷൈകദൃക്ക് doo$aikdRkkə *(nn,comp),* cynic; അയാൾ ഒരു ദോഷൈകദൃക്കായിരുന്നു

ദൌത്യം dautyaM *(nn),* mission; അയാളുടെ ദൌത്യം പരാജയപ്പെട്ടു

ദൌർബല്യം dauRbalyaM *(nn),* weakness; മനുഷ്യന് പല ദൌർബല്യങ്ങൾ ഉണ്ട്

ദൌർഭാഗ്യം dauRbhaagyaM *(nn),* misfortune; അവളുടെ ദൌർഭാഗ്യംകൊണ്ട് ജോലികിട്ടിയില്ല

ദൌർല്ലഭ്യം dauRllabhyaM *(nn),* scarcity; പണത്തിന്റെ ദൌർല്ലഭ്യം കൊണ്ട് പലതും നടന്നില്ല

ദ്യുതി dyuti *(nn),* splendour; അവിടെ എന്തൊരു ദ്യുതിയാണ്

ദ്യൂതം dyuutaM *(nn),* gambling; ദ്യൂതത്തിൽ ധർമ്മപുത്രൻ തോറ്റു

ദ്യോതം dyootaM *(nn),* shining; ദിവ്യ ദ്യോതം കണ്ടപ്പോൾ ജനങ്ങൾ കൈകൂപ്പി നിന്നു

ദ്യോവ് dyoovə *(nn),* heaven; സൽക്കർമ്മങ്ങൾ ചെയ്താൽ ദ്യോവിലെത്താമെന്നു വിശ്വസിക്കുന്നു

ദ്രവം dRavaM *(nn),* anything in liquid form; ദ്രവരൂപത്തിലുള്ള പദാർത്ഥം

ദ്രവണം dRavaNaM *(nn),* melting; മെഴുകിന്റെ ദ്രവണം താഴോട്ട് ഒഴുകുന്നു

ദ്രവത്വം dRavatvaM *(nn),* state of being material; ചൂടാക്കുമ്പോൾ പദാർത്ഥങ്ങളുടെ ദ്രവത്വം നഷ്ടമാകുന്നു

ദ്രവിക്ക് dRavikkə *(vi),* melt; മെഴുക് ദ്രവിക്കുന്നു

ദ്രവിപ്പിക്ക് dRavippikkə *(vt),* melt; രവി മെഴുക് ദ്രവിപ്പിക്കുന്നു

ദ്രവീകരണം dRaviikaraNaM *(nn),* fusion; ആ വസ്തുവിന്റെ ദ്രവീകരണം പൂർത്തിയായി

ദ്രവീകരിക്ക് dRaviikrikklə *(vt),* make liquid; വസ്തുക്കളെ ദ്രവീകരിക്കുന്ന പ്രവർത്തനം

ദ്രവ്യം dRavyaM *(nn),* matter; ദ്രവ്യത്തിന്റെ മൂന്നവസ്ഥകൾ

ദ്രവ്യനാശം dRavyanaaSaM *(nn,comp),* loss of property or money; കഷ്ടകാലത്ത് ദ്രവ്യനാശം സംഭവിച്ചു

ദ്രവ്യലാഭം dRavyalaabhaM *(nn,comp),* gain; ദ്രവ്യ ലാഭത്തിനു വേണ്ടി മനുഷ്യൻ പലതും ചെയ്തു കൂട്ടുന്നു

ദ്രഷ്ടാവ് dRa$Taavə *(nn),* spectator; ആ സംഭവത്തിന് ദ്രഷ്ടാവായി ആരും ഉണ്ടായിരുന്നില്ല

ദ്രാക്ഷാ dRaak$aa *(nn)*, grapes; അദ്ദേഹം ദ്രാക്ഷാ ഭക്ഷിച്ചു

ദ്രാക്ഷാരസം dRaak$aarasaM *(nn,comp)*, grape juice; ദ്രാക്ഷാരസം അദ്ദേഹം കുടിച്ചു

ദ്രാവകം dRaavakaM *(nn)*, liquid; ജലം ദ്രാവകമാണ്

ദ്രാവകാവസ്ഥ dRaavkaavastha *(nn,comp)*, liquid state; ദ്രാവകാവസ്ഥയിലുള്ള ജലം

ദ്രാവിഡം dRaviDaM *(nn)*, Dravida the common name of South Indian languages; ദ്രാവിഡത്തിന് പല പ്രത്യേകതകളുമുണ്ട്

ദ്രാവിഡൻ dRaaviDan *(nn)*, Dravidian; അയാൾ ഒരു ദ്രാവിഡനാണ്

ദ്രാവിഡസംസ്ക്കാരം dRaaviDsaMskkaaraM *(nn,comp)*, Dravidian culture; ദ്രാവിഡ സംസ്ക്കാരം എന്നാലെന്ത്?

ദ്രാവിഡാവർത്തം dRaaviDaavaRttaM *(nn,comp)*, South India; ദ്രാവിഡാവർത്തം അദ്ദേഹം സന്ദർശിച്ചിരുന്നു

ദ്രുതഗതി drutagati *(nn,comp)*, quick motion; ദ്രുത ഗതിയിൽ വാഹനം ചലിച്ചു

ദ്രുതമായ dRutamaaya *(adj)*, swift; ദ്രുതമായ ചലനം

ദ്രുമം dRumaM *(nn)*, tree; പാരിജാതം ഒരു ദ്രുമമാണ്

ദ്രോണർ dRooNaR *(nn)*, Drona (preceptor of pandavas and kauravas); ദ്രോണർ പാണ്ഡവരെ ആയുധവിദ്യ പഠിപ്പിക്കുന്നു

ദ്രോഹം dRoohaM *(nn)*, malice; അവൻ ഒരു ദ്രോഹവും ചെയ്തില്ല

ദ്രോഹചിന്ത dRoohacinta *(nn,comp)*, malicious design; മനസ്സിൽ നിന്ന് ദ്രോഹചിന്ത ഒഴിവാക്കണം

ദ്രോഹി dRoohi *(nn)*, wicked; അവൻ ഒരു ദ്രോഹിയാണ്

ദ്രോഹിക്ക് dRoohikkə *(vt)*, harm; ആരും അവനെ ദ്രോഹിക്കില്ല

ദ്രൌപദി dRaupati *(nn)*, Draupadi (common wife of Pandavas, daughter of Drapada); ദ്രൌപദി ഭീമനോട് പറഞ്ഞു

ദ്വാപരം dvaaparaM *(nn)*, third age; ദ്വാപരയുഗത്തിൽ അവതരിച്ചു

ദ്വന്ദ്വം dvandaM *(nn)*, dual; ദ്വന്ദ്വത്തിൽ ഒന്നിനെ വേടൻ വെടിവച്ചു

ദ്വന്ദ്വഭാവം dvandvabhaavaM *(nn,comp)*, duality; അദ്വൈത വാദികൾ ദ്വന്ദ്വഭാവത്തെ എതിർത്തു

ദ്വന്ദ്വയുദ്ധം dvandvayuddhaM *(nn,comp)*, duel fight; ദ്വന്ദ്വയുദ്ധത്തിൽ ഭീമൻ ജയിച്ചു

ദ്വയ dvaya *(adj)*, pertaining to double; ഈ ഖണ്ഡികയിൽ ദ്വയാർഥമുള്ള പദങ്ങളെ അടയാളപ്പെടുത്തൂ

ദ്വയം dvayaM *(nn),* pair; അത് ഒരു ദ്വയമായിരുന്നു

ദ്വയാർഥം dvayaaRthaM *(nn,comp),* double meaning; അവൻ എപ്പോഴും ദ്വയാർത്ഥത്തിൽ സംസാരിക്കുന്നു

ദ്വാരം dvaaparaM *(nn),* gate; ദ്വാരത്തിലൂടെ അവർ അകത്തേയ്ക്കു പ്രവേശിച്ചു

ദ്വാരം dvaaraM *(nn),* hole; തോക്കിന്റെ ദ്വാരത്തിലൂടെ നോക്കി

ദ്വാരക dvaaraka *(nn),* capital city of Sri Krishna; ദ്വാരകയിൽ കണ്ണനെ കണ്ടു

ദ്വാരപാലകൻ dvaarapaalakan *(nn,comp),* gate keeper; ദ്വാരപാലകൻ അവരെ തടഞ്ഞു

ദ്വിഗു dvigu *(nn),* compound word of sanskrit the first of which is a numeral; പഞ്ചപാണ്ഡവന്മാർ എന്നത് ദ്വിഗുസമാസമാണ്

ദ്വിഗുണ dviguNa *(adj),* doubled; ദ്വിഗുണമായ ഫലം ചെയ്യുന്ന ഔഷധം

ദ്വിജം dvijaM *(nn),* twice born, brahmin, snake etc; ബ്രാഹ്മണനും പാമ്പുകളും ദ്വിജമാണ്

ദ്വിജൻ dvijan *(nn),* brahmin; ബ്രാഹ്മണൻ ദ്വിജനാണ്

ദ്വിതീയ dviteeya *(adj),* second; ദ്വിതീയ സ്ഥാനം നേടിയ വിദ്യാർത്ഥിയാണ് അവൻ

ദ്വിത്വം dvitvaM *(nn),* duplicateness; ദ്വിത്വം എന്നാൽ ഇരട്ടിപ്പ് ആണ്

ദ്വിഭാഷി dvibaa$i *(nn),* one who can use two languages with equal case, the interpreter; അവൻ ഒരു ദ്വിഭാഷിയാണ്

ദ്വിമുഖമായ dvimukhamaaya *(adj),* two sided; ദ്വിമുഖമായ വ്യക്തിത്വമായിരുന്നു അദ്ദേഹത്തിന്റേത്

ദ്വിവചനം dvivacanaM *(nn,comp),* dual number in skt. grammar; ദ്വിവചനം സംസ്കൃതത്തിലുണ്ട്

ദ്വീപസമൂഹം dviipasamuuhaM *(nn,comp),* archipelago; ദ്വീപസമൂഹങ്ങളിൽ അവർ പാർക്കുന്നു

ദ്വീപ് dviip *(nn),* island; ദ്വീപിൽ ഞങ്ങൾ സഞ്ചരിച്ചു

ദ്വേഷിക്ക് dvaa$ikkə *(vt),* hate; അവൻ അവളെ ദ്വേഷിക്കുന്നില്ല

ദ്വേഷം dvee$yaM *(nn),* anger; ദ്വേഷം വച്ചു പുലർത്തുന്നത് നല്ല സ്വഭാവമല്ല

ദ്വൈതം dvaitvaM *(nn),* dualism; അദ്വൈതത്തിന്റെ വിപരീതം ദ്വൈതം ആണ്

ദ്വൈവാരിക daivarika *(nn),* fortnight; ഇന്ത്യാടുഡേ ഒരു ദ്വൈവാരികയാണിപ്പോൾ

ദ്വൈവാർഷികം dvaivaaR$ikaM *(nn,comp),* bianual; കമ്മിറ്റിയുടെ

ദ്വൈവാർഷികം ഇന്നു നടക്കും

ദ്വേഷം dvee$aM *(nn)*, aversion; ദ്വേഷം പാടില്ല

ധനം dhanaM *(nn)*, wealth; മനുഷ്യന് ധനത്തിനോട് അമിതാവേശമാണ്

ധനകാര്യം dhanakaaryaM *(nn)*, finance; ധനകാര്യം അദ്ദേഹം കൈകാര്യം ചെയ്തു

ധനക്ഷയം dhanak$ayaM *(nn,comp)*, decrease of wealth; ധനക്ഷയത്തിനു കാരണം ധൂർത്തായിരുന്നു

ധനതത്വശാസ്ത്രം dhanatatvaSaastRaM *(nn,comp)*, Economics; ധനതത്വശാസ്ത്രത്തിൽ അയാൾ ബിരുദമെടുത്തു

ധനനാശം dhananaaSaM *(nn)*, loss of wealth; ധനനാശം, സമയനഷ്ടം എന്നീ ഫലം

ധനലാഭം dhanalaabhaM *(nn,comp)*, financial gain; ധനലാഭത്തിനു വേണ്ടി പലതും ചെയ്തു

ധനവാൻ dhanavaan *(nn)*, rich man; ധനവാനായ ഒരു മനുഷ്യനുണ്ടായിരുന്നു

ധനവൃദ്ധി dhanavRddhi *(nn,comp)*, increase of wealth; ധനവൃദ്ധി കൊണ്ട് അയാൾ അഹങ്കരിച്ചു

ധന്വന്തരി danvantari *(nn)*, physcian of gods; ധന്വന്തരി മഹാനായ ഭിഷ്ഗ്വരനായിരുന്നു

ധനാഗമം dhanaagamaM *(nn,comp)*, gain of wealth; ധനാഗമത്തിന് പല തന്ത്രങ്ങളും അയാൾ സ്വീകരിച്ചു

ധനാഢ്യൻ dhanaaDhyan *(nn)*, very wealthy man; ധനാഢ്യനായ ഒരു മനുഷ്യൻ

ധനികൻ dhanikan *(nn)*, rich or wealthy person; ധനികന് രണ്ടു പുത്രന്മാരുണ്ടായിരുന്നു

ധനു dhanu *(nn)*, malayalam month; ധനുമാസം കുളിർകാലമാണ്

ധനുർവിദ്യ dhanuRvidya *(nn,comp)*, skillness of archery; ധനുർവിദ്യയിൽ കർണ്ണൻ ജയിച്ചു

ധനുസ്സ് dhanussə *(nn)*, bow; രാമൻ ധനുസ്സ് എടുത്തു

ധനുസ്സ് dhanussə *(nn)*, nineth sign zodiac, saggitarius; രാമന് ധനുസ്സ് രാശിയായിരുന്നു

ധന്യ dhanya *(adj)*, lucky; ധന്യമായ മുഹൂർത്തങ്ങൾ ധാരാളമുണ്ട്

ധമനി dhamani *(nn)*, artery; ധമനികളിൽ രക്തം തിളച്ചു

ധരണി dharaNi *(nn)*, earth; ഭൂമിയുടെ പര്യായപദമാണ് ധരണി

ധരാധരം dharaadharaM *(nn)*, mountain; ഹിമാലയ ധരാധരം ഇന്ത്യയുടെ വടക്കു ഭാഗത്താണ്

ധരിക്ക് dhrikkə *(vt)*, wear; അവൻ പല രീതിയിലുള്ള വേഷങ്ങൾ ധരിക്കുന്നു

ധരിത്രി dharitRi *(nn)*, earth; നമ്മളെല്ലാം ധരിത്രിയുടെ സന്തതികളാണ്

ധരിപ്പിക്ക് dharippikkə *(vt)*, make somebody to understand; ഞാൻ അയാളെ ധരിപ്പിച്ചു

ധരിപ്പിക്ക് dharippikkə *(vt)*, make somebody to wear; അവൻ അവളെ ധരിപ്പിച്ചു

ധർണ dhaRNNa *(nn)*, mass satyagraha by squatting; അവർ ധർണ നടത്തി

ധർമ്മം dhaRmmaM *(nn)*, moral laws; ധർമ്മം പാലിക്കാൻ എല്ലാവരും ബാധ്യസ്ഥരാണ്

ധർമ്മകാര്യം dhaRmmakaaryaM *(nn,comp)*, moral matters; ധർമ്മകാര്യത്തിന് അയാൾ എന്നും മുന്നിലായിരുന്നു

ധർമ്മക്കാരൻ dhaRmmakkaaran *(nn,comp)*, beggar; അയാൾ വെറും ധർമ്മക്കാരനാണ്

ധർമ്മക്ഷേത്രം daRmmak$eetRaM *(nn)*, holy land; ധർമ്മക്ഷേത്രത്തിൽ അവർ പ്രവേശിച്ചു

ധർമ്മദാനം dhaRmmadaanaM *(nn,comp)*, voluntary charity; ധർമ്മദാനങ്ങൾ പലതും അവൻ ചെയ്തു

ധർമ്മ ദാരം daRmmdaaraM *(nn,comp)*, lawful wife; ധർമ്മ ദാരം കൂടെ വന്നു

ധർമ്മൻ dhaRmman *(nn)*, Yama; ധർമ്മൻ കയറുമായി വന്നു

ധർമ്മപഥം dhaRmmapathaM *(nn,comp)*, way of morality; ധർമ്മപഥത്തിലൂടെ അവർ സഞ്ചരിച്ചു

ധർമ്മയുദ്ധം dhaRmmayuddhaM *(nn,comp)*, honest war (a war in which the fighters follow strict laws); ധർമ്മയുദ്ധത്തിൽ ഭീമൻ ജയിച്ചു

ധർമ്മരാജൻ dhaRmmaraajan *(nn,comp)*, Yama; ധർമ്മരാജൻ വന്നു

ധർമ്മശാല dhaRmmaSaala *(nn,comp)*, inn; ധർമ്മശാലയിലേക്ക് അവർ കടന്നു

ധർമ്മശാസനം dhaRmmaSaasanaM *(nn,comp)*, holy writ; ധർമ്മശാസനം അവർ അനുസരിച്ചു

ധർമ്മസംഹിത dhaRmmasaMhita *(nn,comp)*, code of ethics propounded by Manu; അവർ ധർമ്മസംഹിതകൾ അനുസ്മരിച്ചു

ധർമ്മസങ്കടം dhaRmmasaṅkaTaM *(nn,comp)*, dilemma; അയാൾ ഒരു ധർമ്മസങ്കടത്തിലായി

ധർമ്മാധർമ്മങ്ങൾ dhaRmmaadhaRmmaṅṅaL *(nn,comp)*, right and wrong; മനുഷ്യൻ ധർമ്മാധർമ്മങ്ങൾ ചെയ്യുന്നു

ധർമ്മാനുഷ്ഠാനം dhaRmmanu$taanaM *(nn,comp),* observance of rites; അദ്ദേഹം ധർമ്മാനുഷ്ഠാനങ്ങൾ ചെയ്തു

ധർമ്മോപദേശം dhaRmmoopadeeSaM *(nn,comp),* instruction in morality; ശ്രീകൃഷ്ണൻ ധർമ്മോപദേശം നടത്തി

ധവളപത്രം dhavaLapatRaM *(nn),* white paper; സർക്കാർ ധവളപത്രം ഇറക്കി

ധവളരശ്മി dhavaLaraSmi *(nn,comp),* rays; അവിടെ നിന്ന് ധവളരശ്മി പുറപ്പെട്ടു

ധാടി dhaaTi *(nn),* approaching the enemy without fear; ധാടിയിൽ അയാൾ പ്രവേശിച്ചു

ധാതു dhaatu *(nn),* mineral; ഭൂമിയിൽ പല ധാതുക്കളുമുണ്ട്

ധാതു dhaatu *(nn),* root word; ഈ ക്രിയയുടെ ധാതു ഏതാണ്?

ധാതുപുഷ്ടി dhaatupu$Ti *(nn,comp),* body building; ധാതു പുഷ്ടിക്കുവേണ്ടിയുള്ള ഔഷധം കഴിച്ചു

ധാതുവിജ്ഞാനം dhatuvij~aanaM *(nn,comp),* minerology; അയാൾ ധാതുവിജ്ഞാനം പഠിച്ചു

ധാത്രി daatRi *(nn),* foster mother; ധാത്രിയുടെ പുത്രൻ

ധാന്യം daanyaM *(nn),* grain; അയാൾ ധാന്യം അളന്നു

ധാന്യപ്പുര dhanyappura *(nn,comp),* granary; ധാന്യപ്പുരകൾ നിറഞ്ഞു

ധാന്യമണി dhanyamaNi *(nn),* grain; പക്ഷി ധാന്യമണികൾ കൊത്തിയെടുത്തു

ധാമം dhaamaM *(nn),* dwelling; അയാൾ ദുഷ്ട ചിന്തകളുടെ ധാമമാണ്

ധാര dhaara *(nn),* incessant flow; കുട്ടി ജലധാര കണ്ടു

ധാരണ dhaaraNa *(nn),* understanding; എന്റെ ധാരണ ശരിയാണെങ്കിൽ അവൻ ഇപ്പോഴും ഡൽഹിയിലാണ്

ധാരണാശക്തി dhaarNaaSakti *(nn,comp),* power of understanding; ധാരണാശക്തി ഇല്ലാത്തയാൾക്കു എങ്ങനെ ദേശം നയിക്കാൻ സാധിക്കും

ധാരായന്ത്രം dhaaraayantRaM *(nn,comp),* fountain; ധാരായന്ത്രം മനോഹരമായിരുന്നു

ധാരാളം daaraaLaM *(nn),* plenty; അവിടെ ധാരാളം പേർ വന്നു.

ധാരാളി daaraaLi *(nn),* spend thrift; അവൻ ഒരു ധാരാളി ആയിരുന്നു

ധാരി dhaari *(nn),* person who wears; വൽക്കലധാരിയായ മുനി

ധാർമ്മിക daaRmmika *(adj),* pertaining to dharma; ധാർമ്മിക

ചിന്തകളിലേക്ക് അയാൾ മടങ്ങി

ധാർമ്മികത dhaaRmmikata *(nn)*, righteousness; ധാർമ്മികതയാണ് ജീവിതത്തിന്റെ മൂല്യമാകേണ്ടത്

ധാർമ്മിക പിന്തുണ dhaaRmmikpintuNa *(nn,comp)*, moral support; അവൻ അവൾക്ക് ധാർമ്മിക പിന്തുണ നല്കി

ധാർമ്മികാധഃപതനം dhaarmmikaadhapatanaM *(nn,comp)*, moral decline; ധാർമ്മികാധഃപതനത്തിൽ അയാൾ ദുഃഖിച്ചു

ധാർഷ്ട്യം dhaaR$TyaM *(nn)*, arrogance; അയാളുടെ ധാർഷ്ട്യം എല്ലാവരെയും വെറുപ്പിച്ചു

ധാർഷ്ട്യക്കാരൻ dhaaR$Tyakkaaran *(nn,comp)*, arrogant person; അയാൾ ഒരു ധാർഷ്ട്യക്കാരനായിരുന്നു

ധാവള്യം dhaavaLyaM *(nn)*, whiteness; അയാളുടെ മുഖത്ത് വല്ലാത്ത ധാവള്യമായിരുന്നു

ധിക്കരിക്ക് dhikkarikkə *(vt)*, defy; അവൻ എല്ലാവരെയും ധിക്കരിച്ചു

ധിക്കാരി dhikkari *(nn)*, insolent person; രവി ഒരു ധിക്കാരിയായിരുന്നു

ധിഷണ dhi$aNa *(nn)*, intelligence; അവന്റെ ധിഷണയിൽ തെളിഞ്ഞു വന്നു

ധിഷണാശക്തി dhi$NaaSakti *(nn,comp)*, intellectualability; അവന് നല്ല ധിഷണാശക്തി ഉണ്ടായിരുന്നു

ധിഷണാശാലി dhi$NaaSaali *(nn,comp)*, intellectual; അയാൾ ഒരു ധിഷണാശാലി ആയിരുന്നു

ധീരത dhiirata *(nn)*, bravery; ധീരതയ്ക്കുള്ള അവാർഡ് അയാൾ നേടി

ധീരതയുള്ള dhiiratayuLLa *(adj)*, valiant; ധീരതയുള്ള കുട്ടിയാണ് അവൻ

ധീരത്വം dhiiratvaM *(nn)*, brave; ധീരത്വം കാട്ടേണ്ടിടത്ത് കാട്ടണം

ധീരൻ dhiiran *(nn)*, brave person; അയാൾ ഒരു ധീരനായിരുന്നു

ധീരസമീരൻ dhiirasamiiran *(nn)*, calm wind; ധീരസമീരൻ മെല്ലെ വീശിക്കൊണ്ടിരുന്നു

ധീരോദാത്തൻ diiroodaattan *(nn,comp)*, firm minded person (one among four kinds of heros in skt. Drama); ധീരോദാത്തനായ നായകൻ

ധീവരൻ dhiivaran *(nn)*, fisherman; ധീവരൻമാർ മത്സ്യം പിടിക്കുന്നു

ധൂപം dhuupaM *(nn)*, incense; ദേവാലയത്തിൽ ധൂപം കത്തിച്ചു

ധൂപക്കുറ്റി dhuupakkuRRi *(nn,comp),* incense burner; അയാൾ ധൂപക്കുറ്റി ഉലച്ചു

ധൂമം dhuumaM *(nn),* smoke; ഇവിടെ വല്ലാത്ത ധൂമമാണ്

ധൂമകേതു dhuumakeetu *(nn,comp),* comet; ഒരു ധൂമകേതു അന്തരീക്ഷത്തിൽ കാണപ്പെട്ടു

ധൂമ്രവർണ്ണം dhuumabvaRNNaM *(nn,comp),* colour of smoke; ധൂമ്രവർണ്ണത്തിലുള്ള ഒരു പുതപ്പ്

ധൂർത്തൻ dhuuRttan *(nn),* lavish man; അവൻ ഒരു ധൂർത്തനാണ്

ധൂർത്ത് dhuuRtt*ə* *(nn),* lavishness; അയാളുടെ ധൂർത്ത് അവസാനിച്ചു

ധൂളി dhuuLi *(nn),* dust; അന്തരീക്ഷത്തിൽ ധൂളി പടർന്നു

ധൂളിക്ക് dhuuLikk*ə* *(vt),* make into dust; അയാൾ അത് ധൂളിച്ചു

ധൃതഗതി dhRtagati *(nn),* hurry; ധൃതഗതിയിൽ ആ വണ്ടി ഓടി

ധൃതി dhRti *(nn),* haste; ധൃതിയിൽ നടന്ന് അവർ അവിടെ എത്തി

ധൃതികൂട്ട് dhRtikuuTT*ə* *(comp vb),* make haste; ഇനി ധൃതി കൂട്ടിയിട്ട് കാര്യമില്ല

ധൃതിയായി dhRtiyaayi *(adv),* busily; അവർ ധൃതിയായി നടന്നുപോകുന്നു

ധൃഷ്ടത dR$Tata *(nn),* boldness; ധൃഷ്ടതയില്ലാത്തതു കൊണ്ട് പരാജയപ്പെട്ടു

ധൈര്യം dairyaM *(nn),* courage; ധൈര്യമുള്ള കുട്ടിയാണ് അവൾ

ധൈര്യമില്ലാത്ത dhairyamillaatta *(adj),* timid; ധൈര്യമില്ലാത്തവൻ എന്നും എന്തിന്റെയെങ്കിലും അടിമയാണ്,

ധൈര്യശാലി dairyaSaali *(nn,comp),* brave man; അവൻ ധൈര്യശാലിയാണ്

ധോത്തി dootti *(nn),* cloth worn round the waist; അയാൾ ധോത്തി ധരിച്ചു

ധോബി dhoobi *(nn),* washer man; അയാൾ ഒരു ധോബിയാണ്

ധ്യാനം dhyaanaM *(nn),* meditation; അവൾ ധ്യാനത്തിൽ മുഴുകി

ധ്യാനമഗ്ന dhyaanmagna *(adj),* meditating; അവർ ധ്യാനമഗ്നരായി ഇരുന്നു

ധ്യാനയോഗം dhaanayoogaM *(nn,comp),* kind of religious observation; അയാൾ ധ്യാനയോഗം ചെയ്തു

ധ്യാനശക്തി dyaanaSakti *(nn,comp),* power of meditation; ധ്യാനശക്തി കൊണ്ട് അയാൾ അതു സാധിച്ചു

ധ്യാനി dyaani *(nn)*, meditator; അദ്ദേഹം ധ്യാനിയായിരുന്നു

ധ്യാനിക്ക് dhaanikkə *(vi)*, meditate; അവർ ധ്യാനിക്കുന്നു

ധ്രുവം dRuvaM *(nn)*, poles of earth, poles of a magnet; ധ്രുവങ്ങളിലേക്ക് പക്ഷികൾ പറക്കുന്നു

ധ്രുവീകരണം dRuviikaraNaM *(nn)*, polarisation; അധികാരത്തിനു ധ്രുവീകരണം സംഭവിച്ചു.

ധ്വംസകൻ dvaMsakan *(nn)*, annihilator; അയാൾ ഒരു ധ്വംസകനാണ്

ധ്വംസന dvaMsana *(adj)*, destruction; വളരെ ധ്വംസനമായ ഒരു പ്രസ്താവനയിറക്കി

ധ്വംസനം dvaMsanaM *(nn)*, destruction; അവർ അതിന്റെ ധ്വംസനം നടത്തി

ധ്വംസിക്ക് dvaMsikkə *(vt)*, destroy; അവർ അതിനെ ധ്വംസിച്ചു

ധ്വനി dhvani *(nn)*, sound; പുറത്ത് നിന്ന് ഒരു ധ്വനികേട്ടു

ധ്വനി dhvani *(nn)*, suggestive of many ideas; ധ്വനി കാവ്യത്തിന്റെ ആത്മാവാണ്

ധ്വനിക്ക് dhvanikkə *(vi)*, be suggestive of an inner meaning; അങ്ങിനെ ഒരർഥം ധ്വനിക്കുന്നു

നകുലൻ nakulan *(nn)*, fourth pandava prince; നകുലൻ അമ്പെയ്തു

നക്കൽ nakkal *(nn)*, rough manuscript; അയാൾ നക്കൽ എഴുതി

നക്കാപ്പിച്ച nakkaappicca *(nn)*, trifle; നക്കാപ്പിച്ച ലാഭത്തിനു പോയാൽ പെരും നഷ്ടം

നക്കി nakki *(nn)*, one who licks; അയാൾ ഒരു നക്കിയാണത്രേ

നക്ക് nakkə *(vt)*, lick; പശു കുട്ടിയെ നക്കി

നക്ഷത്രം nak$atRaM *(nn)*, star; നക്ഷത്രം മിന്നിത്തിളങ്ങുന്നു

നക്ഷത്രബംഗ്ലാവ്

nak$atRabaMgLaavə *(nn,comp)*, observatory; ഞങ്ങൾ നക്ഷത്രബംഗ്ലാവ് കണ്ടു

നക്ഷത്രമണ്ഡലം

nak$atRamaNDalaM *(nn,comp)*, sky; നക്ഷത്രമണ്ഡലം തിളങ്ങി

നക്ഷത്രമെണ്ണിക്ക്

nak$atRameNNikkə *(comp vb)*, teach a lesson; അയാൾ അവനെക്കൊണ്ട് നക്ഷത്രമെണ്ണിക്കുന്നു

നക്ഷത്രവിദ്യ nak$atRavidya *(nn,comp)*, astrology; നക്ഷത്ര വിദ്യയിൽ അദ്ദേഹം അഗാധ പണ്ഡിതനായിരുന്നു

നക്ഷത്രസമൂഹം

nak$atRasamuuhaM *(nn,comp)*, asterism; നക്ഷത്രസമൂഹത്തിൽ പെടാത്ത ഒന്ന് ഉണ്ടോ?

നഖം nakhaM *(nn)*, nail; കുട്ടി നഖം കടിച്ചു

നഖംവെട്ടി nakhaMveTTi *(nn,comp),* nail cutter; നഖംവെട്ടികൊണ്ട് നഖം വെട്ടി

നഖക്ഷതം nakhak$ataM *(nn,comp),* nail mark; ആദ്യ നഖക്ഷതം കൂന്തലാൽ മറയ്ക്കുവാനേ കഴിയൂ

നഖക്ഷതം nakhak$ataM *(nn,comp),* bruise caused by nail; നഖക്ഷതങ്ങൾ മാഞ്ഞിട്ടില്ല

നഖച്ചുറ്റ് nakhaccuRRə *(nn,comp),* whitelow; അവന് നഖച്ചുറ്റ് ഉണ്ടായിരുന്നു

നഖശിഖാന്തം nakhaSikhantaM *(nn,comp),* head to foot; അയാൾ അതിനെ നഖശിഖാന്തം എതിർത്തു

നഗരം nagaraM *(nn),* city; നഗരം പരിപൂർണ്ണം നിശ്ശബ്ദമായി

നഗരവാസി nagaravaasi *(nn,comp),* city dweller; നഗരവാസികൾക്ക് മനുഷ്യബന്ധങ്ങൾ കുറവാണ്

നഗ്ന nagna *(nn),* nude; നഗ്നമായ കണ്ണുകൾ കൊണ്ട് കാണാത്ത വസ്തുക്കൾ

നഗ്നത nagnata *(nn),* nudity; നഗ്നത മറയ്ക്കാൻ വസ്ത്രങ്ങൾ വേണം

നഗ്നപാദം nagnapaadaM *(nn),* barefooted; നഗ്നപാദത്തോടെ അയാൾ മലകയറി

നഗ്നൻ nagnan *(nn),* naked person; അയാൾ നഗ്നനായ ഒരു സന്യാസിയാണ്

നഗ്നബീജം nagnabiijaM *(nn,comp),* gymnosperm; അത് ഒരു നഗ്നബീജ സസ്യമാണ്

നഗ്നമാക്ക് nagnamaakkə *(comp vb),* make naked (strip of clothes); അയാൾ ആ വസ്തുവിനെ നഗ്നമാക്കി

നങ്കൂരം naṉkuuraM *(nn),* anchor; കടലിൽ നങ്കൂരമിട്ടു

നങ്ങ naṉṉa *(nn),* unmarried brahmin girl; അവൾ നങ്ങയാണ്

നച്ചെലി naccali *(nn,comp),* small variety of rat; നച്ചെലികൾ വീട്ടിലൂടെ ഓടി നടക്കുന്നു

നഞ്ഞ് na~~ə *(nn),* poison; നഞ്ഞ് വാങ്ങാൻ പോലും പണമില്ല

നട naTa *(nn),* walking; അവളുടെ നട ഭംഗിയുള്ളതായിരുന്നു

നടക്ക് naTakkə *(vi),* travel by foot; അവർ അതു വഴി നടക്കുന്നു

നടത്ത naTatta *(nn),* walk; അയാളുടെ നടത്തം കണ്ടാലറിയാം

നടത്തം naTattaM *(nn),* walking; കുട്ടി നടത്തം പഠിക്കുന്നു

നടത്ത് naTattə *(vt),* cause to walk; അമ്മ കുട്ടിയെ നടത്തുന്നു

നടത്ത് naTattə *(vi),* conduct; പരിപാടി നടത്താൻ പണമില്ല

നടൻ naTan *(nn),* actor; മോഹൻലാൽ ഒരു നടനാണ്

നടപടി naTapaTi *(nn),* action; വേണ്ട നടപടികൾ

സ്വീകരിക്കാമെന്ന് മന്ത്രി ഉറപ്പുനല്കി

നടപ്പാക് naTappaakə *(comp vb)*, come to effect; പുതിയ നിയമം ഇവിടെ നടപ്പാക്കി

നടപ്പുകേട് naTappukeeTə *(nn,comp)*, misbehaviour; അവന്റെ നടപ്പുകേട് പ്രശ്നമുണ്ടാക്കി

നടപ്പുദീനം naTappudiinaM *(nn,comp)*, epidemic disease; നാട്ടിൽ ഒരുതരം നടപ്പുദീനം വന്നിരിക്കുന്നു

നടപ്പുഭാഷ naTappubhaa$a *(nn,comp)*, language in use; അത് ഇവിടത്തെ നടപ്പുഭാഷയാണ്

നടപ്പുവഴി naTappuvaZi *(nn,comp)*, public road; ഇത് നടപ്പുവഴിയല്ല

നടപ്പ് naTappə *(nn)*, walking; അയാളുടെ നടപ്പ് ഭംഗിയുള്ളതാണ്

നടമാട് naTamaaTə *(comp vb)*, walk about; ജനങ്ങൾ നടമാടുന്ന തെരുവാണിത്

നടമാട് naTamaaTə *(comp vb)*, prevail; ഇവിടെ അക്രമം നടമാടുന്നു

നടരാജൻ naTaraajan *(nn,comp)*, Lord siva; നടരാജൻ നടനം ചെയ്യുന്നു

നടവഴി naTavaZi *(nn)*, entrance; നടവഴിയിൽ ഇരിക്കരുതെ

നടവാതിൽ naTavaatil *(nn,comp)*, front door of a house; നടവാതിൽ മലർക്കെ തുറന്നു കിടക്കുന്നു

നടാടെ naTaTe *(adv)*, first; നടാടെ അവർ ഇവിടെ വന്നു

നടിക്ക് naTikkə *(vt)*, pretend; അയാൾ പണ്ഡിതനാണെന്ന് നടിച്ചു

നടിക്ക് naTikkə *(vt)*, act; അവർ സിനിമയിൽ നടിച്ചു

നടൽ naTal *(nn)*, transplantation; നടൽ കഴിഞ്ഞ് സ്ത്രീകൾ മടങ്ങി

നടീപ്പിക്ക് naTiippikkə *(vt)*, transplant; അവിടെ ഞാറ് നടീപ്പിക്കുന്നു

നടിപ്പ് naTippə *(nn)*, acting; അയാളുടെ നടിപ്പ് ആർക്കും ഇഷ്ടമായില്ല

നടീൽ naTiil *(nn)*, transplantation; നടീൽ കഴിഞ്ഞ് എല്ലാവരും മടങ്ങി

നടു naTu *(nn)*, middle; നടുവിൽ ഒരു ദ്വാരമിട്ടു

നടു naTu *(nn)*, waist; അവൾ നടുവേദനയ്ക്ക് തൈലം പുരട്ടി

നടുക്കം naTukkaM *(nn)*, trembling; നടുക്കമുണ്ടാക്കിയ സംഭവമാണത്

നടുക്ക് naTukkə *(vt)*, make to tremble or shake; ആ സംഭവം എല്ലാവരേയും നടുക്കി

നടുങ്ങ് naTuŋŋə *(vi)*, shudder; അവർ അതു കേട്ടു നടുങ്ങി

നടുങ്ങ് naTuṉṉə *(vi)*, shiver; പനി കൂടിയപ്പോൾ അവന്റെ ശരീരം നടുങ്ങി

നടുതല naTutala *(nn,comp)*, things planted (sprout); ഞാറുനട്ടതിന്റെ പിറ്റേദിവസം നടുതല കാണുന്നു

നടുനില naTunila *(nn,comp)*, middle position; അയാൾ എപ്പോഴും നടുനിലയിൽ നില്ക്കുന്നു

നടുവിരൽ naTuviral *(nn,comp)*, middle finger; നടുവിരലിലും അയാൾ മോതിരമണിഞ്ഞിരിക്കുന്നു

നടുവ് naTuvə *(nn)*, back portion; അയാളുടെ നടുവൊടിഞ്ഞു

നട് naTə *(vt)*, sow seeds; കർഷകൻ എന്തോ നടുന്നു

നട്ടംതിരിയ് naTTaMtiriyə *(comp vb)*, be in great difficulty; പണമില്ലാതെ അയാൾ നട്ടം തിരിയുന്നു

നട്ടുവളർത്ത് naTTuvaLaRttə *(vt)*, plant; സീത തോട്ടത്തിൽ ചെടികൾ നട്ടുവളർത്തി

നട്ടെല്ല് naTTellə *(nn)*, back bone; എന്റെ നട്ടെല്ല് വേദനിക്കുന്നു

നണ്ണ് naNNə *(vi)*, believe; അയാൾ വരുമെന്ന് അവൾ മനസ്സിൽ നണ്ണി

നത nata *(adj)*, bent; നതമായ കഴുത്തുമായി ഒട്ടകം നിൽക്കുന്നു

നത്ത് nattə *(nn)*, owl; നത്ത് മൂളുന്നു

നദി nadi *(nn)*, river; മഴക്കാലത്ത് നദിയിൽ വെള്ളം പൊങ്ങുന്നു

നദീജലം nadiijalaM *(nn,comp)*, river water; നദീജലത്തിൽ അവർ കുളിച്ചു

നദീമുഖം nadiimukhaM *(nn,comp)*, mouth of the river; നദീ മുഖത്ത് ചിലർ മത്സ്യം പിടിക്കുന്നു

നനവ് nanvə *(nn)*, wetting; വിത്ത് നനവിനിട്ടു

നനയ് nanayə *(vi)*, be damp; അവന്റെ വസ്ത്രങ്ങൾ നനയുന്നു

നനയ്ക്ക് nanaykkə *(vt)*, make damp; അവൻ ചെടികൾ നനയ്ക്കുന്നു

നനുനനെ nanunane *(adv)*, minutely; അമ്മ ചീര നനുനനെ മുറിക്കുന്നു

നന്ത്യാർവട്ടം nantaaRvaTTaM *(nn)*, flowering shrub (Tabernaemontana Coronaria); നന്ത്യാർവട്ടത്തിൽ പൂക്കളുണ്ടായി

നന്ദി nandi *(nn)*, gratitude; അവന് നന്ദി ഉണ്ടായിരുന്നു

നന്ദി nandi *(nn)*, bull of siva; ശിവന്റെ വാഹനമാണ് നന്ദി

നന്ദികെട്ടവൻ nandikeTTavan *(nn,comp)*, ungrateful person; അയാൾ ഒരു നന്ദി കെട്ടവനാണ്

നന്ദിനി nandini *(nn)*, celestial cow; നന്ദിനിപ്പശു യാഗത്തിന് പാല് കൊടുത്തു

നന്ദിപറയ് nandepaRayə *(vt)*, thank; അദ്ദേഹത്തോട് അവൻ നന്ദി പറഞ്ഞില്ല

നന്തുണി nanduNi *(nn)*, kind of musical instrument used in Kerala; അവർ നന്തുണി പാട്ടു പാടുന്നു

നന്നാക്ക് nannaakkə *(vt)*, improve; പഴയ പാലം നന്നാക്കി

നന്നാക്ക് nannaakkə *(vt)*, mend; അവൻ വാച്ചു നന്നാക്കി

നന്നേ nannee *(adv)*, well; നന്നേ ചെറുപ്പത്തിൽ തന്നെ അവൻ ചിത്രം വരയ്ക്കുമായിരുന്നു

നമ്പർ nambaR *(nn)*, number; കാർഡുകൾക്ക് നമ്പർ ഇട്ടു

നമ്പിയാർ nambiyaaR *(nn)*, caste of Hindus; നമ്പിയാർ തുള്ളൽ രചിച്ചു

നമ്പൂതിരി nambuutiri *(nn)*, sub caste of Kerala brahmins; നമ്പൂതിരി ഒരു ഫലിതം പറഞ്ഞു

നമ്പ് nambə *(vi)*, believe; ആരെയും വെറുതെ നമ്പരുത്

നന്മ nanma *(nn)*, goodness; അവന് മനുഷ്യന്റെ നന്മയിലുള്ള വിശ്വാസം നഷ്ടപ്പെട്ടു

നപുംസകം napuMsakaM *(nn)*, eunuch; നപുംസകമായി തീർന്ന മനുഷ്യൻ

നപുംസകം napuMsakaM *(nn)*, nenter noun; പുല്ലിംഗത്തിലും സ്ത്രീലിംഗത്തിലും ഉൾപ്പെടുത്താൻ പറ്റാത്തത് നപുംസകങ്ങളാണ്

നബി nabi *(nn)*, prophet; നബി അപ്രകാരം പറഞ്ഞു

നഭസ്സ് nabhassə *(nn)*, sky; നഭസ്സിൽ താരാരത്നഖചിതമായിരിക്കുന്നു

നഭോമണ്ഡലം nabhoomaNDalaM *(nn,comp)*, sky; നഭോമണ്ഡലത്തിൽ മിന്നിത്തിളങ്ങുന്ന താരങ്ങൾ

നമസ്ക്കരിക്ക് namaskkarikkə *(vt)*, pay respect; അവർ ദൈവത്തെ നമസ്ക്കരിക്കുന്നു

നമസ്ക്കാരം namaskkaraM *(nn)*, word of salutation at any time; നമസ്ക്കാരം, അകത്തേക്കു വരണം

നമസ്ക്കാരം namsəkkaraM *(in)*, word for salutation; നമസ്ക്കാരം തോമസ് അകത്തു വരൂ

നമിക്ക് namikkə *(vi)*, bow before a deity or a person; അയാൾ ദൈവത്തെ നമിക്കുന്നു

നമോവാകം namoovaakaM *(nn,comp)*, word of greeting; അവർ നമോവാകം ചെയ്തു

നമ്മൾ nammaL *(pron (incl))*, we; നമ്മൾ എങ്ങോട്ടു പോകും

നമ്മൾ nammaL *(pron (incl))*, we; ഇന്നു നമ്മൾ തിരുവനന്തപുരത്തെത്തും

നമ്ര namRa *(adj)*, bowing; നമ്ര ശിരസ്ക്കനായി അയാൾ നിന്നു

നമ്രമുഖി namRamukhi *(nn,comp)*, girl bending her head out of shame; അവൾ നമ്രമുഖിയായി നിന്നു

നയം nayaM *(nn)*, tact; വിനയം ഒരു നയമാണ്

നയനഗോചരം nayanagoocaraM *(nn,comp)*, visible; അണു നയനഗോചരമല്ല

നയതന്ത്രജ്ഞൻ naynatantRaj~an *(nn)*, diplomat; അയാൾ ഒരു നയനതന്ത്രജ്ഞൻ ആണ്

നയനം nayanaM *(nn)*, eye; അവളുടെ നയനം മനോഹരമാണ്

നയിക്ക് nayikkə *(vt)*, guide; അയാൾ സംഘത്തെ നയിക്കുന്നു

നയോപായം nayoopaayaM *(nn,comp)*, tactics; അയാൾ ഓരോ നയോപായങ്ങൾ എടുത്തു

നര nara *(nn)*, grey hair; അയാൾക്ക് നര വന്നു തുടങ്ങി

നര nara *(nn)*, grey hair; നര മൂടിയ ശിരസ്സ്

നരകം narakaM *(nn)*, hell; നരകവും സ്വർഗ്ഗവും ഭൂമിയിൽ തന്നെ

നരകിക്ക് narakikkə *(vi)*, suffer; അയാൾ ഇവിടെ കിടന്നു നരകിക്കുന്നു

നരജന്മം narajanmaM *(nn,comp)*, human life; നരജന്മം ഒരനുഗ്രഹമാണ്

നരൻ naran *(nn)*, man; നരനായിങ്ങനെ ജനിച്ചു ഭൂമിയിൽ

നരബലി narabali *(nn,comp)*, human sacrifice; നരബലി നിയമംമൂലം നിരോധിച്ചു

നരയ്ക്ക് narayəkkə *(vi)*, get grey; അയാളുടെ മുടി നരച്ചു

നരലോകം naralookaM *(nn,comp)*, human world; നരലോകം നശിച്ചു

നരസിംഹം narasiMhaM *(nn,comp)*, fourth incarnation of Lord Vishnu; നരസിംഹം തൂണിൽ നിന്നു പുറത്തു ചാടി

നരഹത്യ narahatya *(nn,comp)*, killing of man; നരഹത്യ പാപമാണ്

നരി nari *(nn)*, fox; നരി ഓരിയിടുന്നു

നരിച്ചിൽ naricil *(nn)*, moth; സന്ധ്യാസമയത്ത് നരിച്ചിൽ പറക്കുന്നു

നരിച്ചീർ nariciiR *(nn)*, bat; നരിച്ചീറുകൾ പറക്കുമ്പോൾ അർദ്ധരാത്രിയായിരുന്നു

നർത്തനം naRttanaM *(nn)*, dancing; മയിൽ നർത്തനം ചെയ്യുന്നു

നൽക് nalkə *(vt)*, give; അയാൾ അവന് പുസ്തകം നല്കി

നല്ല nalla *(adj)*, good; നല്ല കൂട്ടുകാരൻ

നല്ല nalla *(adj)*, beautiful; നല്ല ചിത്രം

നല്ല nalla *(adj)*, tall; നല്ല ഉയരമുള്ളയാൾ

നല്ല nalla *(adj)*, severe, hard etc; നല്ല തലവേദന

നല്ല nalla *(adj)*, hard; നല്ല ജോലിയുണ്ട്

നല്ല nalla *(adj)*, good; നല്ല പുസ്തകമാണിത്

നല്ലകാലാവസ്ഥ nallakaalavstha *(adj)*, fine weather; ഇവിടെ ഇപ്പോൾ നല്ല കാലാവസ്ഥയാണ്

നല്ലത് nallatə *(adj)*, fine; കളികൾ ശരീരത്തിനും മനസ്സിനും നല്ലത് തന്നെ

നല്ലനടപ്പ് nallanaTappə *(nn,comp)*, good conduct; അയാൾക്ക് നല്ല നടപ്പിന് ശിക്ഷവിധിച്ചു

നല്ലപ്പോൾ nallappooL *(adv)*, first time; അയാൾ നല്ലപ്പോൾ ഇവിടെ വന്നു

നല്ലവണ്ണം nallavaNNaM *(adv)*, earnestly; നല്ല വണ്ണം പഠിക്കുന്ന കുട്ടി

നല്ലവൻ nallavan *(nn)*, good person; നല്ലവനായ ഒരു മനുഷ്യൻ

നല്ലെണ്ണ nalleNNa *(nn)*, gingely oil; നല്ലെണ്ണ തലയിൽ പുരട്ടി

നവ nava *(adj)*, new; നവനവമായ വസ്ത്രങ്ങൾക്ക് സമീപിക്കുക

നവ nava *(adj)*, fresh; വിശ്രമിച്ച കളിക്കാർ നവോന്മേഷത്തോടെ കളിക്കളത്തിൽ ഇറങ്ങി

നവംബർ navaMbaR *(nn)*, november; നവംബർ മാസത്തിൽ ഇവിടെ മഞ്ഞു തുടങ്ങും

നവഗ്രഹങ്ങൾ navagRahaṇṇaL *(nn,comp)*, nine planets; നവഗ്രഹങ്ങൾ അയാൾ ദൂരദർശനിയിലൂടെ വീക്ഷിച്ചു

നവദമ്പതികൾ navadambadikaL *(nn,comp)*, newly married couple; നവദമ്പതികൾ വിരുന്നു വന്നു

നവധാന്യം navadhaanyaM *(nn,comp)*, nine kind of grains; നവധാന്യങ്ങൾ അവർ കൊണ്ടുവന്നു

നവനീതം navaniitaM *(nn,comp)*, new butter; കണ്ണൻ നവനീതത്തിനു വേണ്ടി കേഴുന്നു

നവയൌവനം navayauvanaM *(nn,comp)*, youthfullness; നവ യൌവനം കഴിഞ്ഞകാലം

നവരസം navarasaM *(nn,comp)*, nine sentiments, according to Indian drama; നവരസങ്ങളും അയാൾ മുഖത്തു കാട്ടി

നവരാത്രി navaraatRi *(nn,comp)*, festival in India; നവരാത്രി ഗംഭീരമായി ആഘോഷിച്ചു

നവവത്സരം navavtsaraM *(nn,comp)*, new year; നവവത്സരത്തിന്റെ ആശംസകൾ നേരുന്നു

നവവരൻ navavaran *(nn,comp)*, bride groom; നവവരൻ അപകടത്തിൽ മരിച്ചു

നവമി navaMi *(nn)*, ninth day; നവമിക്ക് അയാൾ വന്നു

നവാബ് navaabə *(nn)*, Nawab; നവാബ് നാടുവിട്ടു

നവീകരണം naviikaraNaM *(nn)*, renovation; മനുഷ്യമനസ്സിൽ ഒരു നവീകരണം ആവശ്യമാണ്

നവീകരിക്ക് naviikarikkə *(vi)*, make new; പാഠ്യപദ്ധതി നവീകരിക്കുന്നു

നവീന naviina *(adj)*, new; നവീനമായ പാഠ്യപദ്ധതി അംഗീകരിച്ചു

നവീനത naviinata *(nn)*, novelty; സംസ്ക്കാരത്തിൽ പല നവീനതകളും വന്നുചേർന്നു

നവീനമാക്ക് naviinamaakkə *(comp vb)*, make new; അവർ വേഷങ്ങൾ നവീനമാക്കി

നവോഢ navooDha *(nn)*, young married woman; നവോഢ അണിഞ്ഞൊരുങ്ങി വന്നു

നവ്യ navya *(adj)*, modern; നവ്യമായ ഒരു ഉന്മേഷം അവനുണ്ടായി

നശിക്ക് naSikkə *(vt)*, be destroyed; ലോകത്ത് എല്ലാം ഒരിക്കൽ നശിക്കും

നശിപ്പിക്ക് naSippikkə *(vt)*, destroy; അയാൾ എല്ലാം നശിപ്പിച്ചു കളഞ്ഞു

നശീകരണം naSiikaraNaM *(nn)*, destruction; മനുഷ്യൻ തന്നെ ലോകത്തിന്റെ നശീകരണം നടത്തുന്നു

നശീകരിക്ക് naSiikarikkə *(vt)*, ruin; യുദ്ധം എല്ലാം നശീകരിക്കുന്നു

നശ്വര naSvara *(adj)*, perishable; നശ്വരലോകത്ത് അനശ്വരമായി ഒന്നുമില്ല

നശ്വരം naSvaraM *(nn)*, perishable; നശ്വരമാണ് ലോകം

നഷ്ട na$Ta *(adj)*, lost; നഷ്ടസ്വർഗങ്ങളെ കുറിച്ചോർത്ത് വിലപിച്ചിട്ടു കാര്യമില്ല

നഷ്ടം na$TaM *(nn)*, loss; അയാൾക്ക് കുറെ പണം നഷ്ടം വന്നു

നഷ്ടപ്പെടുത്ത് na$əTapeTuttə *(vt)*, deprive; അയാൾ തന്റെ അവസരങ്ങളെല്ലാം നഷ്ടപ്പെടുത്തി

നഷ്ടപ്പെട് na$TappeTə *(vt)*, loose; എനിക്ക് ഒരു പുസ്തകം നഷ്ടപ്പെട്ടു

നഷ്ടമാക് na$Tamaakə *(vi)*, get lost; അയാളുടെ സമ്പാദ്യം നഷ്ടമായി

നസ്യം nasyaM *(nn)*, treatment done in the nose; വൈദ്യൻ നസ്യം ചെയ്യുന്നു

നസ്രാണി nasRaaNi *(nn)*, Christain; അയാൾ ഒരു നസ്രാണിയാണ്

മനസ്സ്മടുക്ക് manassəmaTukkə *(comp vb)*, despair; അവന് തൊഴിലില്ലാതെ മനസ്സ്മടുത്തു

നളൻ naLan *(nn)*, king Nala; നളൻ കാട്ടിലേക്ക് പോയി

നളപാകം naLapaakaM *(nn,comp)*, expert cooking; നള പാകത്തിൽ അവർ പാകം ചെയ്യും

നളിനം naLinaM *(nn)*, lotus flower; നളിനത്തിൽ വണ്ട് ഇരിക്കുന്നു

നറു naRu *(adj)*, sweet and scented; നറുനിലാവിന്റെ ലഹരി വ്യാപിച്ചു

നറുക്ക് naRukkə *(nn)*, lot; ആർക്കാണ് നറുക്ക് വീണതെന്നറിയില്ല

നറുതേൻ naRuteen *(nn,comp)*, pure honey; നറുതേൻ ഇവിടെ കിട്ടില്ല

നറുനീണ്ടി naRuniiNTi *(nn)*, Indian suraparilla; കഷായത്തിനു നറുനീണ്ടിക്കിഴങ്ങ് വാങ്ങി

നറുനെയ്യ് naRuneyyə *(nn,comp)*, pure ghee; അമ്മ നറുനെയ്യ് വാങ്ങി

നാം naM *(pron (incl))*, we; നാം വെറും മനുഷ്യർ

നാകം naakaM *(nn)*, heaven; നാകലോകത്ത് ജീവിക്കുന്നവർ അനശ്വരരാണ്

നാക്കുവടി naakkuvaTi *(nn,comp)*, tongue cleaner; നാക്കുവടികൊണ്ട് നാക്കുവടിച്ചു

നാക്ക് naakkə *(nn)*, tongue; നാക്ക് സംസാരിക്കാനുള്ളതാണ്

നാക്ക് naakkə *(nn)*, tongue; നിനക്ക് നാക്കും മൂക്കുമില്ലേ എന്താ മിണ്ടാണ്ടിരിക്കുന്നത്

നാഗം naagaM *(nn)*, snake; നാഗദേവതയോടു പ്രാർഥിച്ചു

നാഗരികത naagarikata *(nn)*, civilization; നാഗരികത ഉടലെടുത്തത് ഈജിപ്തിലാണത്രേ

നാഗരികൻ naagarikan *(nn)*, city dweller; അയാൾ ഒരു നാഗരികനാണ്

നാഗലോകം naagalookaM *(nn)*, hades; നാഗലോകത്തേക്ക് അവർ പോയി

നാഗസ്വരം naagasvaraM *(nn)*, kind of musical instrument; അയാൾ നന്നായി നാഗസ്വരം വായിക്കും

നാട naaTa *(nn)*, tape; എല്ലാം നാടയിൽ കുരുങ്ങിക്കിടക്കുന്നു

നാടകം naaTkaM *(nn)*, drama; എനിക്ക് നാടകം ഇഷ്ടമല്ല

നാടകം naaTakaM *(nn),* play; അയാൾ നാടകം കാണുന്നു

നാടകകൃത്ത് naaTakakRttə *(nn,comp),* dramatist; നാടകകൃത്ത് നാടകം രചിച്ചു

നാടകശാല naaTakaSaala *(nn,comp),* theatre; നാടകശാലയിൽ അവർ പോയി

നാടൻ naaTan *(adj),* indigenous; നാടൻ കറികൾ അവനിഷ്ടമാണ്

നാടുകടത്ത് naaTukaTattə *(comp vb),* banish; സ്വദേശാഭിമാനിയെ നാടുകടത്തി

നാടുനീങ്ങ് naaTuniiṇṇə *(comp vb),* die (king or queen belonging to Travancore); രാജാവ് നാടുനീങ്ങി

നാടുവാഴി naaTuvaaZi *(nn,comp),* lord; നാടുവാഴി നാടുഭരിച്ചു

നാടോടി naaTooTi *(adj),* folk; നാടോടി സാഹിത്യത്തിൽ അസുലഭ ഭംഗിയുള്ള പല കാര്യങ്ങളുമുണ്ട്

നാടോടിനൃത്തം naaTooTinRttaM *(nn,comp),* folk dance; നാടോടി നൃത്തത്തിൽ അവൻ ഒന്നാമനായി

നാടോടിപ്പാട്ട് naaTooTippaaTTə *(nn,comp),* folksong; അവർ നാടോടിപ്പാട്ടു പാടുന്നു

നാട് naaTə *(nn),* country; വീടു നന്നായാൽ നാടു നന്നാകും

നാട് naaTə *(nn),* native land; നിങ്ങളുടെ നാട് എവിടെയാണ്

നാട്ടാചാരം naaTTaacaaraM *(nn,comp),* customs of the country; നാട്ടാചാരം അവർ അനുസരിച്ചില്ല

നാട്ടാന naaTTaana *(nn,comp),* tamed elephant; നാട്ടാന കാട്ടാനയെ മെരുക്കുന്നു

നാട്ടിമ്പുറം naaTTinpuRaM *(nn,comp),* country side; നാട്ടിമ്പുറം നന്മകളാൽ സമൃദ്ധം

നാട്ടുകൂട്ടം naaTTukuuTTaM *(nn,comp),* village assembly; നാട്ടുകൂട്ടം ചേർന്ന് ഒരു തീരുമാനമെടുത്തു

നാട്ടുനടപ്പ് naaTTunaTappə *(nn,comp),* customs of the country; നാട്ടുനടപ്പനുസരിച്ച് അങ്ങിനെ ചെയ്യാൻ പാടില്ല

നാട്ടുവഴി naaTTuvaaZi *(nn,comp),* common road; നാട്ടു വഴിയിലൂടെ ഞങ്ങൾ നടന്നു

നാട്ട് naaTTə *(vt),* fix to stand; അവർ എവറസ്റ്റിൽ കൊടിനാട്ടി

നാട്യം naaTyaM *(nn),* act of dancing or acting; നാട്യത്തിൽ അയാളെ ജയിക്കാൻ ആരുമില്ല.

നാട്യകല naaTyakala *(nn,comp),* stage art; നാട്യകലയിൽ അദ്ദേഹം ആചാര്യനായിരുന്നു

നാട്യശാസ്ത്രം naaTyaSaastRaM *(nn,comp),* dramatics;

നാട്യശാസ്ത്രത്തിൽ അയാൾ വിദഗ്ദ്ധനായിരുന്നു

നാട്യാചാര്യൻ naaTyaacaaryan *(nn,comp),* dance preceptor or tutor; നാട്യാചാര്യൻ അന്തരിച്ചു

നാഡി naaDi *(nn),* pulse; വൈദ്യൻ നാഡിപിടിച്ചുനോക്കി

നാഡീവ്യൂഹം naaDivyuuhaM *(nn,comp),* nervous system; നാഡീവ്യൂഹങ്ങൾ പൂർണ്ണമായി തളർന്നു

നാഡീസ്പന്ദനം naaDiispandanaM *(nn,comp),* pulse beat; നാഡീസ്പന്ദനം നിലച്ചുപോയി

നാണം naaNaM *(nn),* shyness; നാണം കൊണ്ട് കുട്ടി മുഖം പൊത്തി

നാണംകുണുങ്ങി naaNaMkuNuṇṇi *(nn,comp),* bashful person; അവൾ ഒരു നാണം കുണുങ്ങിയാണ്

നാണംകെടുത്ത് naaNaMkeTutta *(nn,comp),* put to shame; അവളെ അയാൾ നാണം കെടുത്തി

നാണംകെട്ട naaNaMkeTTa *(adj),* shameless; അത്രയ്ക്കു നാണംകെട്ട ഒരു മനുഷ്യനാണ് അയാളെന്ന് എനിക്കു തോന്നുന്നില്ല

നാണക്കേട് naaNakeeTə *(nn,comp),* disgrace; ഇന്ത്യയ്ക്ക് നാണക്കേടുണ്ടാക്കിയ ഒരു സംഭവമാണത്

നാണയം naaNayaM *(nn),* coin; അവർ നാണയം സൂക്ഷിച്ചു വച്ചു

നാണയം naaNayaM *(nn),* currency; ഇന്ത്യയുടെ നാണയം പൈസാ, രൂപയാണ്

നാണയപ്പെരുപ്പം naaNayapperuppaM *(nn,comp),* inflation; നാണയപ്പെരുപ്പം കൊണ്ട് സാമ്പത്തിക നില തകരാറിലായി

നാണിക്ക് naaNikkə *(vi),* blush; അതിൽ എല്ലാവരും നാണിക്കുന്നു

നാണിപ്പിക്ക് naaNippikkə *(vt),* make a person shame; ആ സംഭവം എല്ലാവരെയും നാണിപ്പിക്കുന്നു

നാണ്യം naaNyaM *(nn),* coin; രാജ്യത്ത് നാണ്യം കുറഞ്ഞു

നാണ്യവിള naaNyaviLa *(nn,comp),* cash crop; നാണ്യവിളകളുടെ ഉൽപ്പാദനം വർദ്ധിച്ചു

നാതിദൂര naatiduura *(adj),* not very distant; നാതിദൂരമായ ഭാവിയിൽ അങ്ങിനെയൊരു മാറ്റം സംഭവിക്കാം

നാത്തൂൻ naattuun *(nn),* sister-in-law; നാത്തൂൻമാർ തമ്മിൽ വഴക്കിട്ടു

നാഥൻ naathan *(nn),* saviour; കൃഷ്ണൻ പശുക്കളുടെ നാഥനാണ്

നാഥൻ naathan *(nn),* husband; കൃഷ്ണൻ രാധയുടെ നാഥനാണ്

നാഥൻ naathan *(nn),* lord; നാഥനില്ലാത്ത കളരി

നാദം naadaM *(nn),* sound; ആ നാദം എനിക്ക് ആനന്ദം നല്കി

നാദം naadaM *(nn),* sound; കുയിലിന്റെ നാദം കേട്ടു

നാദബ്രഹ്മം naadabRamaM *(nn,comp),* pranavam; നാദബ്രഹ്മത്തിൻ സാഗരത്തിൽ അവർ മുങ്ങി

നാദസ്വരം nadasvaraM *(nn),* musical instrument; നാദസ്വര കച്ചേരി എനിക്കിഷ്ടമാണ്

നാനാത്വം naanaatvaM *(nn),* diversity; നാനത്വത്തിൽ ഏകത്വം

നാനാർഥം naanaaRthaM *(nn,comp),* different meanings for same word; നാനാർഥങ്ങളും പര്യായങ്ങളും ഭാഷയുടെ പ്രത്യേകതയാണ്

നാനാവർണ്ണ naanaavaRNNa *(adj),* many coloured; നാനാവർണ്ണത്തിലുള്ള പൂക്കൾ ഇവിടെയുണ്ട്

നാനാവിധം naanaavidhaM *(nn,comp),* disorder; ആ വസ്തുക്കൾ കുട്ടി നാനാവിധമാക്കി

നാന്ദി naandi *(nn),* introductory and benedictary address in a classical dance; നാന്ദി കഴിഞ്ഞു

നാമ്പ് naambə *(nn),* shoot; ചെടിയുടെ നാമ്പുകൾ പുറത്തേക്കു വന്നു

നാന്മുഖൻ naanmukhan *(nn),* brahma; നാന്മുഖനാണ് സൃഷ്ടി കർത്താവ്

നാഭി naabhi *(nn),* naval; നാഭിയിൽ ജലകണം പതിച്ചു

നാമം naamaM *(nn),* denomination; ദൈവത്തിന്റെ നാമം വൃഥാ പ്രയോഗിക്കരുത്.

നാമകരണം naamakaraNaM *(nn),* naming ceremony; അയാൾ കുട്ടിയ്ക്ക് നാമകരണം ചെയ്തു

നാമകീർത്തനം naamakiiRttanaM *(nn,comp),* continuous repetition of god's name; അവൾ നാമകീർത്തനം ചെയ്തു

നാമനിർദ്ദേശം naamaniRddeeSaM *(nn,comp),* nomination; പ്രസിഡണ്ട് സ്ഥാനത്തേക്ക് അയാളെ നാമനിർദ്ദേശം ചെയ്തു

നാമനിർദ്ദേശപത്രിക naamaniRddeeSapatRika *(nn,comp),* nomination paper; അയാൾ നാമനിർദ്ദേശപത്രിക സമർപ്പിച്ചു

നായ naaya *(nn),* dog; നായ കടിക്കും സൂക്ഷിക്കുക

നായകൻ naayakan *(nn),* leader; നായകൻ ജനങ്ങളെ നയിച്ചു

നായർ naayaR *(nn),* caste of Hindus in Kerala; നായർ പടയിൽ ജയിച്ചു

നായാടി naayaaTi *(nn),* hunter; അയാൾ ഒരു നായാടിയാണ്

നായാട് naayaaTə *(vt),* hunt; അയാൾ നായാടുന്നു

നാരകം naarkaM *(nn),* lemon tree; നാരകത്തിൽ നാരങ്ങകാച്ചു കിടക്കുന്നു

നാരദൻ naaradan *(nn),* Narada; നാരദൻ വീണ വായിക്കുന്നു

നാരായണക്കിളി naarayaNakkiLi *(nn,comp),* small bird; നാരായണക്കിളി കൂടുവച്ചു

നാരായം naaraayaM *(nn),* sharp piece of iron used for writing in palm leaf; നാരായംകൊണ്ട് ഓലയിൽ എഴുതി

നാരായണൻ naaraayaNan *(nn),* vishnu; നാരായണനെ സ്തുതിക്കൂ

നാരായണീയം naaraayaNiiyaM *(nn),* famous sanskrit poem written in palm leaf; ഭട്ടതിരി നാരായണീയം രചിച്ചു

നാരായവേര് naaraayaveerə *(nn,comp),* tap root; നാരായവേര് പടർന്നു

നാരി naari *(nn),* woman; അവൾ ഉത്തമയായ നാരിയാണ്

നാര് naarə *(nn),* fibre; തെങ്ങിന്റെ നാര്

നാലമ്പലം naalambalaM *(nn),* surrounding temples of the main temple; നാലമ്പലത്തിലൂടെ ഞങ്ങൾ നടന്നു

നാലുകെട്ട് naalukeTTə *(nn,comp),* quadrangular building with inner coutryard; അവർ നാലുകെട്ടിലൂടെ നടന്നു

നാലുദിക്ക് naaludikkə *(nn,comp),* four directions; നാലുദിക്കിലും അയാൾ അന്വേഷിച്ചു

നാലുപാടും naalupaaTuM *(nn,comp),* all the four sides; നാലുപാടും അവർ തിരിഞ്ഞു

നാല് naalə *(nn),* four; നാലു പേർ അറിഞ്ഞാൽ മോശമല്ലേ

നാൽക്കവല naalkkavala *(nn,comp),* cross road where four roads meet; ഞങ്ങൾ നാൽക്കവലയിൽ വച്ച് കണ്ടുമുട്ടി

നാൽപാമരം naalpaamaraM *(nn,comp),* four milk producing trees whose barks are used in medicine; the four trees are atti, itti, arayal and peeral; നാൽപാമരത്തിന്റെ തൊലി ഔഷധമാണ്

നാൽപ്പത് naalppatə *(nn),* forty; പരിപാടിയിൽ നാൽപതു കുട്ടികൾ പങ്കെടുത്തു

നാവിക naavika *(adj, pfx),* naval; നാവിക രംഗത്ത് ഇന്ത്യ വിജയിച്ചു

നാവികൻ naavikan *(nn),* sailor; നാവികൻ കപ്പൽ ഓടിക്കുന്നു

നാവികസൈന്യം naavikasainyaM *(nn,comp),* navy; നാവിക സൈന്യം ശത്രുരാജ്യത്തെ ആക്രമിച്ചു

നാവെടുക്ക് naaveTukkə *(comp vb)*, talk; അയാള് നാവെടുത്താൽ നുണയേ പറയൂ

നാവ് naavə *(nn)*, tongue; നാവ് രുചിയറിയാൻ മാത്രമുള്ളതല്ല

നാശം naasaM *(nn)*, disaster; നാശത്തിന്റെ വഴിയിലൂടെ അവർ നടന്നു

നാശകാരണം naaSakaaraNaM *(nn,comp)*, cause of destruction; അവന്റെ നാശകാരണം എന്തെന്ന് അറിവായിട്ടില്ല

നാശകാരി naaSakaari *(nn,comp)*, destroyer; അവൾ ഒരു നാശകാരിയാണ്

നാശമാക്ക് naaSamaakkə *(comp vb)*, perish; അയാൾ എല്ലാം നാശമാക്കി

നാശരഹിത naaSarahita *(adj)*, indestructible; നാശരഹിതമായ ഒന്നും ലോകത്തില്ല

നാസ naasa *(nn,pfx)*, nose; നാസാരന്ധ്രങ്ങളിലൂടെ വായു പുറത്തേക്കു വിടുന്നു

നാസാഗ്രം naasaagRaM *(nn,comp)*, tip of the nose; നാസാഗ്രത്തിൽ അയാൾ തൊട്ടു

നാസാദ്വാരം naasaadvaaRaM *(nn,comp)*, nasal passage; നാസാദ്വാരം അടച്ചു പിടിക്കുക

നാസാരന്ധ്രം nasaarandhRaM *(nn)*, nostril; നാസാരന്ധ്രത്തിലൂടെ ശ്വാസം അകത്തേക്കു വലിച്ചു

നാസിക naasika *(nn)*, nose; അവളുടെ നാസിക മനോഹരമായിരുന്നു

നാസികാചൂർണ്ണം naasikaacuuRNNaM *(nn,comp)*, snuff; നാസികാചൂർണ്ണം അയാൾ മൂക്കിലെടുത്തു

നാസ്തി naasti *(adv)*, state of being nothing; അവൻ വിഷാദം കാരണം നാസ്തിക വാദിയായി

നാസ്തികത്വം naastikatvaM *(nn)*, atheism; നാസ്തികത്വം ഭാരതത്തിലുണ്ടായിരുന്നു

നാളം naLaM *(nn)*, tube; ആ നാളത്തിലൂടെ വാതകം പുറത്തേക്കു വന്നു

നാളി naaLi *(nn)*, tube; നാളിയിലൂടെ ജലം പുറത്തെത്തിച്ചു

നാളികേരം naaLikeeraM *(nn)*, coconut; നാളികേരം കേരളത്തിൽ സുലഭമാണ്

നാളെ naaLe *(adv)*, tomorrow; ഭാഗ്യക്കുറി നാളെ നറുക്കെടുക്കപ്പെടുന്നു

നാൾകഴിക്ക് naaLkaZikkə *(comp vb)*, live; അവൾ അങ്ങനെ നാൾകഴിക്കുന്നു

നാൾകഴിക്ക് naaLkaZikkə *(comp vb)*, gain a livelihood; നാൾ കഴിക്കാൻ വേണ്ടി കൂലിപ്പണി ചെയ്തു

നാൾക്കുനാൾ naaLkkunaaL *(adv),* day by day; നാൾക്കുനാൾ അയാൾ ശോഷിച്ചുവന്നു

നാൾതോറും naaLtooRuM *(adv),* daily; നാൾതോറും അവർ വന്നു കൊണ്ടിരിക്കും

നാൾവഴി naaLvaZi *(nn,comp),* ledger; ഗുമസ്തൻ നാൾവഴിയിൽ എഴുതി

നാൾ naaL *(nn),* day; ഓരോ നാളും അങ്ങനെ കഴിച്ചുകൂട്ടുന്നു

നാൾ naaL *(nn),* star; അശ്വതി ആദ്യത്തെ നാൾ ആണ്

നാഴി naaZi *(nn),* measure in Kerala; നാഴികൊണ്ട് അമ്മ അളന്നു

നാഴിക naaZika *(nn),* measure of time; ഓരോ നാഴികയും അവൾ തള്ളിനീക്കി

നാഴിക naaZika *(nn),* measure of distance; ഒരു നാഴിക നടന്നു കഴിഞ്ഞു

നാഴികക്കല്ല് naaZikakallə *(nn,comp),* milestone; അത് ഒരു നാഴികകല്ലായി തീർന്നു

നാഴികമണി naaZikamaNi *(nn),* clock; നാഴികമണി ആറടിച്ചു

നാഴികവട്ടം naaZikaveeTTaM *(nn,comp),* old type of the clock; നാഴിക വട്ടത്തിൽ സമയം കണ്ടു

നാറുന്ന naaRunna *(adj),* stinking; നാറുന്ന മത്സ്യച്ചന്തയിലൂടെ നടന്നു

നാറ് naaRə *(vi),* emit bad small; ഇവിടെ എന്തോ ചീഞ്ഞ് നാറുന്നു

നാറ്റം naaRRaM *(nn),* bad smell; ഇവിടെ എന്തോ നാറ്റമുണ്ട്

നാറ്റ് naaRRə *(vt),* cause to smell; സ്വന്തം അഴുക്കുകൾ മറ്റുള്ളവരെ നാറ്റുന്നു

നികത്ത് nikattə *(vt),* fill; സർക്കാർ ഒഴിഞ്ഞ തസ്തികകൾ നികത്തുന്നു

നികത്ത് nikattə *(vt),* level; അവൻ പറമ്പിലെ കുഴി നികത്തി

നികുതി nikuti *(nn),* tax; അയാൾ സ്ഥലത്തിന്റെ നികുതി അടച്ചു

നികുതിദായകൻ nikutidaayakan *(nn,comp),* taxpayer; അയാൾ നികുതിദായകനാണ്

നികൃഷ്ട nikR$Ta *(adj),* wretched; നികൃഷ്ടമായ ഒരു മനസ്സാണ് അയാളുടേത്

നികൃഷ്ടത nikR$Tata *(nn),* wickedness; അയാളുടെ നികൃഷ്ടത എല്ലാവരേയും വെറുപ്പിച്ചു

നികേതം nikeetaM *(nn),* dwelling; അയാൾ ആ നികേതത്തിൽ വന്നു

നികോചനം nikoocanaM *(nn),* contraction; ശ്വാസകോശത്തിന് നികോചനവും വികസനവുമുണ്ട്

നിക്കൽ nikkal *(nn),* nickel; നിക്കൽ ഒരു ലോഹമാണ്

നിക്ഷിപ്ത nik$ipta *(adj)*, deposited; നിക്ഷിപ്ത തുക അയാൾ പിൻവലിച്ചു

നിക്ഷേപം nik$eepaM *(nn)*, deposit; ബാങ്കിലിട്ട നിക്ഷേപം മരവിപ്പിച്ചു

നിക്ഷേപിക്ക് niK$eepikkə *(vt)*, deposit; അയാൾ ബാങ്കിൽ പണം നിക്ഷേപിക്കുന്നു

നിഖിലം nikhilaM *(adv)*, all entirely; നിഖിലവും ഭരിക്കുന്ന ജഗന്നിയന്താവ് ജയിക്കുന്നു

നിഗമം nigamaM *(nn)*, path; ഈ നിഗമത്തിലൂടെ വരൂ

നിഗളിക്ക് nigaLikkə *(vi)*, be proud; അയാൾ സ്വന്തം നേട്ടത്തിൽ നിഗളിക്കുന്നു

നിഗൂഢം niguuDhaM *(adj)*, hidden; നിഗൂഢമായ ഒരു ബന്ധമായിരുന്നു അത്

നിഗൂഢാർഥം niguuDhaaRthaM *(nn,comp)*, hidden meaning; നിഗൂഢാർഥം അയാൾക്കു മനസ്സിലായില്ല

നിഗൂഹനം niguuhanaM *(nn)*, keeping secrecy; ലോകത്ത് സത്യം നിഗൂഹനം ചെയ്തിരിക്കുന്നു

നിഗ്രഹം nigRahaM *(nn)*, subjugation; ഇന്ദ്രിയങ്ങളെ നിഗ്രഹം ചെയ്തവൻ ഋഷി

നിഘണ്ടു nighaNTu *(nn)*, dictionary; അവൻ നിഘണ്ടുവിൽ വാക്കിന്റെ അർഥം നോക്കി

നിങ്ങൾ neŋŋL *(pron, hon)*, you; നിങ്ങൾ ആരെ അന്വേഷിച്ചു വന്നു

നിജ nija *(adj, pfx)*, sure; നിജകാര്യങ്ങളേ അവൻ പറയാറുള്ളൂ

നിടിലം niTilaM *(nn)*, forehead; കുട്ടിയുടെ നിടിലത്തിൽ എന്തോ ഇരിക്കുന്നു

നിണം niNaM *(nn)*, blood; യുദ്ധത്തിൽ നിണം ഏറെ ചൊരിഞ്ഞു

നിതംബം nitaMbaM *(nn)*, buttock; ഇരുന്നിരുന്ന് നിതംബത്തിൽ വല്ലാത്ത വേദന ഉണ്ടാകുന്നു

നിയന്താവ് niyantaavə *(nn)*, ruler; ജഗനിയന്താവ് എല്ലാം കാക്കുന്നു

നിതാന്ത nitaanta *(adj)*, utmost; നിതാന്ത ശ്രദ്ധയോടെ അയാൾ അതു ചെയ്തു

നിത്യമായ nityamaaya *(adj, pfx)*, eternal; നിത്യമായ ഒന്നും ലോകത്തില്ല

നിത്യം nityaM *(adv)*, daily; നിത്യവും പകലുറക്കം നല്ലതല്ല

നിത്യകർമ്മം nityakaRmmaM *(comp n)*, daily duty; നിത്യകർമ്മങ്ങൾ അവർ കൃത്യമായി ചെയ്തു

നിത്യച്ചെലവ് nityacelavə *(nn,comp)*, daily duty;

നിത്യച്ചെലവിനു പോലും പണം ഇല്ല

നിത്യത്തൊഴിൽ nityattoZil *(nn,comp)*, daily occupation; നിത്യത്തൊഴിൽ അഭ്യാസം

നിത്യവൃത്തി nityavRtti *(nn,comp)*, daily living; നിത്യവൃത്തിക്കുവേണ്ടി അയാൾ കഷ്ടപ്പെടുന്നു

നിത്യേന nityeena *(adj)*, everyday; നിത്യേനയുള്ള കാര്യങ്ങളെല്ലാം ചെയ്യണം

നിദർശനം nidaRSanaM *(nn)*, showing an example; സ്നേഹത്തിന്റെ നിദർശനമാണ് അദ്ദേഹം

നിദാനം nidaanaM *(nn)*, fundamental cause; എന്താണ് അതിന്റെ നിദാനം?

നിദാനമാക് nidaanamaakə *(vi)*, be the cause; അതിനു നിദാനമായ കാര്യം എന്തെന്ന് വ്യക്തമായില്ല

നിദ്ര nidRa *(nn)*, sleep; നിദ്രയിൽ നീ കണ്ട സ്വപ്നമെന്തോ

നിധനം nidhanaM *(nn)*, destruction; അതിന്റെ നിധനമാണ് അവിടെ നടന്നത്

നിധാനം nidhaanaM *(nn)*, treasure house; സ്നേഹത്തിന്റെ നിധാനമാണവൾ

നിധി nidhi *(nn)*, treasure; അയാൾക്ക് നിധി കിട്ടി

നിധിനിക്ഷേപം nidhinik$eepaM *(nn,comp)*, treasure kept under earth; ഗ്രാമത്തിൽ ഒരു നിധിനിക്ഷേപം ഉണ്ട്

നിനപ്പ് ninappə *(nn)*, remembering; അവളുടെ നിനപ്പിൽ ഞാൻ എപ്പോഴുമുണ്ട്

നിനയ്ക്ക് ninaykkə *(vi)*, think; അവൾ എപ്പോഴും അയാളെപ്പറ്റി നിനയ്ക്കുന്നു

നിന്ദ ninda *(nn)*, abuse; അർജ്ജുനൻ കർണ്ണനു നേരെ നിന്ദ ചൊരിഞ്ഞു

നിന്ദിക്ക് nindikkə *(vt)*, dishonour; രാജൻ രവിയെ നിന്ദിക്കുന്നു

നിന്ദിതം ninditaM *(adj)*, dishonourable; വളരെ നിന്ദിതമായ ഒരു കാര്യമാണ് ചെയ്തത്

നിന്ന് ninnə *(in)*, from; വീട്ടിൽ നിന്ന് രാവിലെ പുറപ്പെട്ടു

നിപതിക്ക് nipatikkə *(vi)*, fall down; ആ കെട്ടിടങ്ങൾ ഭൂമിയിൽ നിപതിക്കുന്നത് നേരിൽ കണ്ടു

നിപാതം nipaataM *(nn)*, ruin; കെട്ടിടങ്ങളുടെ നിപാതം കണ്ടു കൊണ്ടിരിക്കുകയായിരുന്നു

നിപുണത nipuNata *(nn)*, dexterity; അയാളുടെ നിപുണത ശ്രദ്ധിക്കപ്പെട്ടു

നിബദ്ധം nibaddhaM *(adj)*, tied up; നിബദ്ധമായ ശരീരത്തോടെ അയാൾ പ്രത്യക്ഷപ്പെട്ടു

നിബന്ധനം nibandhanaM *(nn)*, composition of literary work; അയാൾ ഒരു നിബന്ധനം എഴുതി

നിബിഡ nibiDa *(adj)*, dense; ജനനിബിഡമായ ഒരു പ്രദേശമാണിത്

നിമഗ്ന nimagna *(adj)*, immersed; ധ്യാന നിമഗ്നനായ മുനി കണ്ണു തുറന്നില്ല

നിമജ്ജനം nimajjanaM *(nn)*, immersion bath; ഗംഗയിൽ അയാൾ നിമജ്ജനം ചെയ്തു

നിമന്ത്രണം nimantRaNaM *(nn)*, invitation; അയാൾ എല്ലാവരെയും നിമന്ത്രണം ചെയ്തു

നിമിത്തം nimittaM *(nn)*, mark; ആ സംഭവം ഒരു നിമിത്തമായിരുന്നു

നിമിത്തം nimittaM *(nn)*, motive; നല്ല നിമിത്തം നോക്കി പുറപ്പെട്ടു

നിമിഷം nimi$aM *(nn)*, moment; ഓരോ നിമിഷവും യുഗങ്ങളായി തോന്നി

നിമീലനം nimiilanaM *(nn)*, winking of the eye; നക്ഷത്രങ്ങൾ നിമീലനം ചെയ്തു

നിമേഷകം nimee$akaM *(nn)*, winking of the eye; ദേവൻമാർ നിമേഷകം ചെയ്യാത്തവരാണ്

നിമ്ന nimna *(adj)*, lower; നിമ്നമായ പ്രദേശങ്ങൾ കണ്ടു

നിമ്നത nimnata *(nn)*, depth; ആ പ്രദേശത്തിന്റെ നിമ്നത കണക്കാക്കി പാലങ്ങൾ കെട്ടി

നിയത niyata *(adj)*, fixed; നിയതമായ ചില ചട്ടങ്ങൾ പാലിക്കപ്പെടുന്നു

നിയതി niyati *(nn)*, fate; നിയതിയുടെ നിയമങ്ങൾ ആരറിവൂ!

നിയന്ത്രണം niyavtRaNaM *(nn)*, control; രാജ്യത്തിന്റെ നിയന്ത്രണം അവർ ഏറ്റെടുത്തു

നിയന്ത്രിക്ക് niyantRikkə *(vt)*, supervise; കപ്പിത്താൻ കപ്പൽ നിയന്ത്രിക്കുന്നു

നിയമം niyamaM *(nn)*, law; എനിക്ക് നിയമങ്ങളൊന്നും അറിയില്ല

നിയമനം niyamaM *(nn)*, appointment; രവിയുടെ നിയമനം റദ്ദാക്കി

നിയമിക്ക് niyamikkə *(vt)*, appoint; രവിയെ അവിടെ പുതുതായി നിയമിച്ചു

നിയമോപദേശം niyamoopadeeSaM *(nn)*, legal advice; രവി നിയമോപദേശം തേടി

നിയാമക niyaamaka *(vt)*, guiding; അതിനു നിയാമകമായ കാര്യം വ്യക്തമായില്ല

നിയുക്ത niyukta *(nn,comp)*, authorised; നിയുക്ത പ്രധാന മന്ത്രി സ്ഥാനമേറ്റു

നിയോഗം niyoogaM *(adj)*, mission; ജീവിതം ഒരു നിയോഗമാണ്

നിയോഗിക്ക് niyoogikkə *(vt),* engage; രവിയെ ആ ജോലിക്ക് നിയോഗിച്ചു

നിര nira *(nn),* range; ഒരു നിരയിൽ എത്ര പേരുണ്ടായിരിക്കും?

നിര nira *(nn),* row; അവിടെ പർവ്വതനിരകൾ കാണാം

നിരക്കെ nirakke *(nn),* in a row; കുട്ടികൾ നിരക്കെ അണിനിരന്നു

നിരക്ക് nirakkə *(nn),* rate; ഇവിടുത്തെ ജനസംഖ്യാനിരക്ക് എത്രയാണ്

നിരക്ക് nirakkə *(adv),* rate; ഈ നിരക്കിൽ സാധനങ്ങൾ വാങ്ങണം

നിരക്ക് nirakkə *(vi),* stand in a row; കുട്ടികൾ നിരന്നു വരിയായി

നിരക്ഷര nirak$ara *(nn),* illiterate; നിരക്ഷരരായ ജനങ്ങൾ നാട്ടിൽ ഏറെയുണ്ട്

നിരക്ഷരകുക്ഷി nirk$arakuk$i *(vi),* illiterate person; അയാൾ ഒരു നിരക്ഷരകുക്ഷിയാണ്

നിരങ്കുശത്വം niraŋkuSatvaM *(adj),* freeness; നിരങ്കുശത്വം കവികൾക്ക് അത്യാവശ്യമാണ്

നിരങ്ങൽ niraŋŋal *(nn),* crawling; കുട്ടികളുടെ പാർക്കിൽ നിരങ്ങൽ കളിയിൽ ഏർപ്പെട്ടിരിക്കുന്നു

നിരങ്ങ് niraŋŋə *(nn),* crawl; കുട്ടികൾ നിരങ്ങുന്നു

നിരഞ്ജന niraj~na *(nn),* innocent; നിരഞ്ജനമായ ഒരു സൌഹൃദം ഞാൻ ഇഷ്ടപ്പെട്ടിരുന്നു

നിരതദ്രവ്യം niratadRavyaM *(vi),* security deposit; അയാൾ നിരതദ്രവ്യം കെട്ടിവച്ചില്ല

നിരത്ത് nirattə *(adj),* road; നിരത്തിൽ ടാറിടുന്നു

നിരത്ത് nirattə *(nn,comp),* level; ജോലിക്കാർ റോഡ് നിരത്തുന്നു

നിരന്തരമായ nirantaramaaya *(adj),* continuous; നിരന്തരമായ അഭ്യർത്ഥനയ്ക്ക് ഫലമുണ്ടായി

നിരപരാധം niraparaadhaM *(nn),* innocence; അവന്റെ നിരപരാധം ആരും മനസ്സിലാക്കിയില്ല

നിരപരാധി niraparaadhi *(nn),* innocent person; എത്രയെത്ര നിരപരാധികൾ ശിക്ഷിക്കപ്പെടുന്നു

നിരപേക്ഷ nirapeek$a *(nn),* indifferent; നിരപേക്ഷമായ ഒരു ബന്ധമായിരുന്നു അത്

നിരപ്പാക്ക് nirappaakkə *(vt),* level; അവർ റോഡ് നിരപ്പാക്കി

നിരപ്പ് nirappə *(nn),* level; റോഡിന്റെ നിരപ്പ് ശരിയല്ല

നിരർഥക niraRthaka *(adj),* meaningless; നിരർഥകമായ കുറെ കാര്യങ്ങൾ അയാൾ ചെയ്തു

നിരവലംബ niravalaMba *(vt)*, helpless; നിരവലംബമായ ഒരു അവസ്ഥയിലാണ് അയാളിന്ന്

നിരസിക്ക് nirasikkə *(adj)*, refuse; അയാൾ ചോദിച്ചപ്പോൾ എനിക്കു നിരസിക്കുവാൻ കഴിഞ്ഞില്ല

നിരാകരിക്ക് niraakarikkə *(vt)*, reject; അവൾ അതെല്ലാം നിരാകരിച്ചു

നിരാധാര niraadhaara *(adj)*, baseless; നിരാധാരമായ ഒരു കാര്യം അദ്ദേഹം പറഞ്ഞു

നിരാമയ niraamaya *(adj)*, having no worries or distress; നിരാമയ മനസ്സ് ശാന്തമായിരിക്കും

നിരാലംബ niraalaMba *(adj)*, supportless; നിരാലംബമായ അവസ്ഥയാണ് അവളുടേത്

നിരാശ niraaSa *(nn)*, despair; അയാൾ നിരാശയിൽപ്പെട്ടു ജീവിക്കുന്നു

നിരാശ്രയ niraaSRaya *(adj)*, supportless; നിരാശ്രയമായ ഈ അവസ്ഥ വേദനാകരമാണ്

നിരാഹാരം niraahaaraM *(nn)*, fasting; അയാൾ നിരാഹാരം കിടന്നു

നിരീക്ഷണം niriik$aNaM *(nn)*, observation; അവൾ എല്ലാം നിരീക്ഷണം നടത്തി

നിരീക്ഷിക്ക് niriik$ikkə *(vt)*, invigilate; അവൾ കുട്ടികൾ പരീക്ഷ എഴുതുന്നതു നിരീക്ഷിക്കുന്നു

നിരീശ്വര niriiSvara *(aj)*, atheist; നിരീശ്വരമായ ഒരു സിദ്ധാന്തം അയാൾ അവതരിപ്പിച്ചു

നിരീശ്വരവാദം niriiSvaravaadaM *(nn,comp)*, atheism; നിരീശ്വരവാദം ഇന്ത്യയിലുണ്ടായിരുന്നു

നിരീശ്വരവാദി niriiSvaravaadi *(nn)*, atheist; അയാൾ ഒരു നിരീശ്വരവാദിയാണ്

നിരുക്തം niruktaM *(nn,comp)*, etymology; അയാൾ നിരുക്തം പഠിച്ചു

നിരുത്തരവാദം niruttaravaadaM *(nn)*, irresponsibility; അയാളുടെ നിരുത്തരവാദം ചോദ്യം ചെയ്യപ്പെട്ടു

നിരുത്സാഹം nirutsaahaM *(nn)*, lazyness; നിരുത്സാഹം കൊണ്ട് കുട്ടി പരീക്ഷയിൽ തോറ്റു

നിരുദ്ധകണ്ഠമായ niruddhkaNTamaaya *(nn,comp)*, suffocated throat; നിരുദ്ധകണ്ഠമായ അവസ്ഥ

നിരുപദ്രവ nirupadRava *(adj)*, free from danger/harm; നിരുപദ്രവമായ ഒരു കളിയാണത്

നിരുപമ nirupama *(adj)*, in comparable; നിരുപമമായ സൌന്ദര്യം അവൾക്കുണ്ടായിരുന്നു

നിരുപയോഗ nirupyooga *(adj)*, useless; നിരുപയോഗമായ സാധനങ്ങൾ വാരിക്കൂട്ടി

നിരപരാധിയായ niraparaadhiyaaya *(adj),* innocent; നിരപരാധിയായ കുട്ടി ശിക്ഷിക്കപ്പെട്ടു

നിരുപാധിക nirupaadhika *(adj),* unconditional; നിരുപാധികമായ സ്വാതന്ത്ര്യം പൌരന്റെ ജൻമാവകാശമാണ്

നിരൂപണം niruupaNaM *(nn),* criticism; നിരൂപണം ക്രിയാത്മകമായിരിക്കണം

നിരൂപണം niruupaNaM *(nn),* criticism; അയാൾ നിരൂപണം വായിച്ചു

നിരൂപിക്ക് niruupikkə *(vt),* think; അയാൾ ആരെയോ നിരൂപിക്കുന്നു

നിരൂപിക്ക് niruupikkə *(vt),* criticize; കവിതയെ നിരൂപിക്കാൻ വിഷമമാണ്

നിരോധം niroodhaM *(nn),* obstruction; അവിടെ നിരോധം ഏർപ്പെടുത്തി

നിരോധനാജ്ഞ niroodhanaaj~a *(nn,comp),* curfew; നിരോധനാജ്ഞ ലംഘിച്ച് ജനം തള്ളിക്കയറി

നിരോധിക്ക് niroodhikkə *(vt),* prohibit; ഇവിടെ പുകവലി നിരോധിച്ചിരിക്കുന്നു

നിർഗ്ഗതി niRggatti *(nn),* poverty; നിർഗ്ഗതി കൊണ്ടാണ് അയാൾക്ക് ആ ഗതി വന്നത്

നിർഗ്ഗമനംചെയ്യെ

niRggamanaMceyyə *(vt),* exit; അയാൾ നിർഗ്ഗമനം ചെയ്തു

നിർഗ്ഗുണൻ niRgguNan *(nn,comp),* good for nothing fellow; അയാൾ ഒരു നിർഗ്ഗുണനാണ്

നിർഗുണമായ niRgguNamaaya *(adj),* without any quality; നിർഗുണമായ ഒരു മരുന്ന്

നിർജ്ജീവമായ nRjjiivamaaya *(adj),* lifeless; നിർജ്ജീവമായ ഒരു മുഖം കാട്ടി അയാൾ പുറത്തേക്ക് പോയി

നിർത്ഥരം niRj~raM *(nn),* nectar; അയാൾ ഒരു നിർത്ഥരം കണ്ടു, കുറച്ചു കൂടി നോക്കി

നിർണ്ണയം niRNayaM *(nn),* definite knowledge; നിർണ്ണയമായും അവൾ വരും

നിർണ്ണയിക്ക് niRNNayikkə *(vt),* determine; അതിനെ നിർണ്ണയിക്കുന്ന കാര്യമെന്ത്

നിർണ്ണായകമായ

niRNNaayakamaaya *(adj),* deciding; നിർണ്ണായകമായ മണിക്കൂറുകൾ കൊണ്ട് പലരേയും രക്ഷപ്പെടുത്തി

നിർത്ത് niRttə *(vt),* stop one self; ജാഥ വരുന്നതുകൊണ്ട് വാഹനങ്ങളെല്ലാം നിർത്തി

നിർത്ത് niRttə *(vt),* discontinue; അയാൾ കഴിഞ്ഞമാസം പുകവലി നിർത്തി

നിർത്ത് niRttə *(vt)*, stop; എല്ലാവണ്ടികളും ഇവിടെ നിർത്തുന്നു

നിർദ്ധന niRddhana *(adj)*, poor; അവൾ നിർദ്ധന കുടുംബത്തിൽ പിറന്നു

നിർദ്ദയ niRddaya *(adj)*, pitiless; ആരോടും നിർദ്ദയമായ പെരുമാറ്റം പാടില്ല

നിർദ്ദയത്വം niRddayatvaM *(adj)*, cruelty; അയാളുടെ നിർദ്ദയത്വം എല്ലാവരും വെറുത്തു

നിർദ്ദാക്ഷിണ്യം niRddaak$iNyaM *(adj)*, lack of compassion; അയാളുടെ പെരുമാറ്റം നിർദ്ദാക്ഷിണ്യമായിരുന്നു

നിർദ്ദിഷ്ട niRddi$Ta *(nn)*, directed; നിർദ്ദിഷ്ട സ്ഥലത്ത് അവർ എത്തിച്ചേർന്നു

നിർദ്ദേശം niRddeeSaM *(nn)*, order; അയാൾ നിർദ്ദേശങ്ങൾ പാലിച്ചു

നിർദ്ദേശിക്ക് niRddeeSekkə *(vt)*, give direction; അച്ഛൻ മകനോട് ചിലകാര്യങ്ങൾ ചെയ്യാൻ നിർദ്ദേശിച്ചു

നിർദ്ദോഷ niRddoo$a *(adj)*, faultless; ഒരു നിർദ്ദോഷമായ ഫലിതം

നിർദ്ദോഷി niRddoo$i *(nn)*, innocent person; അവൻ ഒരു നിർദ്ദോഷിയാണ്

നിർദ്ധനൻ niRddhanan *(adj)*, poor person; അയാൾ ഒരു നിർദ്ധനനാണ്

നിർധാരണം niRddhaaraNaM *(nn)*, solution; അയാൾ അതു നിർധാരണം ചെയ്തു

നിർന്നിമേഷം niRnnimee$aM *(nn)*, without winking; നിർന്നിമേഷം അവൾ കാത്തിരുന്നു

നിർബന്ധം niRbandhaM *(nn)*, compulsion; കുട്ടികൾ എപ്പോഴും നിർബന്ധം പിടിക്കുന്നു

നിർബന്ധിക്ക് niRbandhikkə *(adv)*, compel; അയാളെ അവൾ നിർബന്ധിച്ചു

നിർബ്ബാധം niRbbaadhaM *(adv)*, uninterruptedly; മൃഗങ്ങൾ അവിടെ നിർബ്ബാധം ജീവിച്ചു

നിർഭയം niRbhayaM *(nn)*, brave; നിർഭയമായ മനസ്സുമായി അവൻ ജോലിക്ക് പുറപ്പെട്ടു

നിർഭയമായ niRbhayamaya *(adj)*, bold; നിർഭയമായ ആ പ്രവൃത്തികൾ മേലധികാരികളെ ചൊടിപ്പിച്ചു

നിർഭര niRbhara *(adj)*, excessive; നിർഭരമായ സ്നേഹത്തിന്റെ പ്രതീകം അമ്മയാണ്

നിർഭാഗ്യ niRvhaagya *(adj)*, unluck; നിർഭാഗ്യസന്തതിയായിരുന്നു അവൻ

നിർമ്മലമായ niRmmalamaaya *(adj)*, flawless; നിർമ്മലമായ ഒരു മനസ്സായിരുന്നു അയാളുടേത്

നിർമ്മല niRmmala *(adj)*, defectless; നിർമ്മമമായ സ്നേഹം ഞാൻ പ്രതീക്ഷിക്കുന്നു

നിർമ്മലമാക് niRmmalamaakə *(adj)*, be sinless; അയാൾ മനസ്സ് നിർമ്മലമാക്കി

നിർമ്മാണം niRmmaaNaM *(adj)*, construction; പുതിയ പാലത്തിന്റെ നിർമ്മാണം പൂർത്തിയായി

നിർമ്മാതാവ് niRmmaataavə *(comp vb)*, producer; നിർമ്മാതാവ് ഒരു പുതിയ ചലച്ചിത്രം നിർമ്മിക്കുന്നു

നിർമ്മാർജ്ജനം niRmmaaRjjanaM *(nn)*, eradication; അയിത്തം കേരളത്തിൽ നിന്ന് നിർമ്മാർജ്ജനം ചെയ്യപ്പെട്ടു

നിർമ്മാല്യം niRmmaalyaM *(nn)*, anything which is offered to the deity; അവൾ നിർമ്മാല്യം തൊഴാൻ പോയി

നിർമ്മിക്ക് niRmmikkə *(vt)*, construct; അവിടെ ഒരു കെട്ടിടം നിർമ്മിക്കുന്നു

നിർമ്മുക്ത niRmmukta *(nn)*, freed; നിർമ്മുക്തമായ അവസ്ഥ

നിര്യാണം niRyaaNaM *(nn)*, death; അദ്ദേഹത്തിന്റെ നിര്യാണം പെട്ടെന്നായിരുന്നു.

നിര്യാതനാക് niRyaatanaakə *(vi)*, die; അദ്ദേഹം നിര്യാതനായി

നിർലക്ഷ്യ niRlak$ya *(adj)*, aimless; നിർലക്ഷ്യമായ ഒരു ജീവിതം

നിർലജ്ജം niRlajjaM *(adj)*, shameless; അയാൾ നിർലജ്ജം അങ്ങിനെ പറഞ്ഞു

നിർവൃതി niRvRtti *(adj)*, ecstacy; അയാൾ നിർവൃതി പൂണ്ടു

നിർവ്വഹണം niRvvahaNaM *(nn)*, accomplishment; ഉൽഘാടനയോഗത്തിന്റെ നിർവ്വഹണം അദ്ദേഹത്തിനായിരുന്നു

നിർവ്വഹിക്ക് niRvvahikkə *(vt)*, manage perform; പുതിയ പാലത്തിന്റെ ഉൽഘാടനം മന്ത്രി നിർവ്വഹിച്ചു

നിർവാച്യമായ niRvvacyamaaya *(adj)*, definable; വികാരങ്ങളുടെ നിർവ്വാച്യമായ പ്രവാഹം

നിർവ്വാണം niRvvaaNaM *(nn)*, salvation; ഗൌതമൻ നിർവ്വാണം പൂകി

നിർശ്ശൂന്യ niRSuunya *(adj)*, desolate; നിർശ്ശൂന്യമായ ഒരു പ്രദേശമാണിത്

നില nila *(nn)*, position; തപസ്സു ചെയ്യുന്ന പാർവ്വതിയുടെ നില കാളിദാസൻ വർണ്ണിച്ചു

നിലം nilaM *(nn)*, paddy field; കൃഷിക്കാരൻ നിലം ഉഴുതു

നിലം niLaM *(nn)*, land; അച്ഛൻ നിലം മക്കൾക്ക് ഭാഗിച്ചുകൊടുത്തു

നിലം niLaM *(nn)*, floor; കുട്ടി നിലത്തു വീണു

നിലംപൊത്ത് nilaMpottə *(vi),* lie; പക്ഷി വെടിയേറ്റ് നിലംപൊത്തി

നിലക്കടല nilakkaTala *(nn),* ground nut; നിലക്കടലയിൽ പ്രോട്ടീൻ കൂടുതലുണ്ട്

നിൽക്ക് nilkkə *(vi),* stand; അയാൾ അവിടെ കാവൽ നിന്നു

നിലതെറ്റ് nilateRRə *(vi),* slip off; നിലതെറ്റി ആന വീണു

നിലത്തെഴുത്ത് nilatteZuttə *(vi),* writing in sand; കുട്ടിയെ നിലത്തെഴുത്തിനിരുത്തി

നിലനിർത്ത് nilanilkkə *(comp vb),* perpetuate; ജീവൻ നിലനിർത്തുന്ന മരുന്നു നൽകി

നിലനിൽക്ക് nilanilkkə *(vi),* exist; അന്നത്തെ കൊച്ചുവീട് ഇന്നും നിലനിൽക്കുന്നുണ്ട്

നിലനിൽപ്പ് nilanilppə *(nn),* existence; നിലനിൽപിന്റെ പ്രശ്നമാണ് എല്ലാമനുഷ്യർക്കും

നിലംതല്ലി nilaMtalli *(nn),* instrument used for leveling the ground; നിലംതല്ലി കൊണ്ട് നിലം ഉറപ്പിച്ചു

നിലംപരിചാക്ക് nlaparicaakkə *(vt),* level; ആ പഴയ കെട്ടിടം നാട്ടുകാർ നിലംപരിചാക്കി

നിലപാട് nilapaaTə *(nn,comp),* position; രവി തന്റെ നിലപാട് വ്യക്തമാക്കി

നിലയ്ക്ക് nilykkə *(vi),* cease; ജനപ്രവാഹം പെട്ടെന്ന് നിലച്ചു

നിലവറ nilavaRa *(nn,comp),* cellar; നിലവറയിൽ ധാന്യം സൂക്ഷിച്ചുവച്ചു

നിലവാരം nilavaaraM *(nn),* standard; സാഹിത്യകൃതികളുടെ നിലവാരം വളരെ താണു

നിലവിളക്ക് nilaviLakkə *(nn,comp),* traditional stand lamp; നിലവിളക്കു കൊളുത്തി യോഗം ഉൽഘാടനം ചെയ്യപ്പെട്ടു

നിലവിളി niLaviLi *(nn,comp),* loud cry; അവളുടെ നിലവിളികേട്ട് ആളുകൾ ഓടിവന്നു

നിലാവെളിച്ചം nilaaveLiccaM *(nn,comp),* moonlight; നിലാവെളിച്ചത്ത് ഞങ്ങൾ നടന്നു

നിലാവ് nilaavə *(nn),* moonshine; ഇത് നല്ല നിലാവുള്ള രാത്രി

നിൽക്കക്കള്ളി nilkkakkaLLi *(nn,comp),* place to stick on when situation is embarrasing; നിൽക്കക്കള്ളിയില്ലാതെ അയാൾ അവിടം വിട്ടു

നിൽക്ക് nilkkə *(vi),* stand; ഒരു മണിക്കൂറിനുള്ളിൽ പൈപ്പിലെ വെള്ളം നിൽക്കും

നിൽപ്പ് nilpə *(nn,comp),* standing; അയാളുടെ നില്പ് ഗൌരവപൂർണ്ണമായിരുന്നു

നിവർ nivarə *(vi)*, stand erect; ഒന്നു നിവരാൻ പോലും കഴിയാത്തവണ്ണം ജോലിത്തിരക്കായിരുന്നു

നിവർത്തിക്ക് nivaRttikkə *(vt)*, be fulfilled; അവൻ ആഗ്രഹങ്ങളെല്ലാം നിവർത്തിച്ചു

നിവർത്ത് nivaRtə *(vi)*, straighten; കുട്ടി പുസ്തകം നിവർത്തി

നിവർന്ന് നടക്ക് nivaRnnənaTakkə *(vi)*, walk proudly; അയാൾ എപ്പോഴും നിവർന്നു നടക്കുന്നു

നിവസിക്ക് nivasikkə *(vt)*, live; ജനങ്ങൾ ഈ പ്രദേശത്ത് നിവസിക്കുന്നില്ല

നിവൃത്തി nivRtti *(comp vb)*, certainly; നിവൃത്തിയില്ലാത്തതുകൊണ്ട് അയാൾ ആ ശ്രമം ഉപേക്ഷിച്ചു

നിവൃത്തിക്ക് nivRttikkə *(vi)*, fulfil; കുട്ടിയുടെ ആഗ്രഹങ്ങൾ അച്ഛൻ നിവൃത്തിച്ചു

നിവൃത്തിയാക് nivRttiyaakə *(vi)*, get accomplished; കാര്യങ്ങളെല്ലാം നിവൃത്തിയായി

നിവൃത്തിവരുത്ത് nivRttivaruttə *(vt)*, arrive at a solution; കാര്യങ്ങൾക്ക് എന്തെങ്കിലും നിവൃത്തി വരുത്തണം

നിവേദനം നൽക് niveedanaMnalkə *(vt)*, give memorandum; ജനങ്ങൾ മന്ത്രിക്ക് നിവേദനം നല്കി

നിവേദിക്ക് niveedikkə *(comp vb)*, offer something to deity; ഈശ്വരനുമുമ്പിൽ അവൾ പൂക്കൾ നിവേദിച്ചു

നിവേദ്യം niveedyaM *(nn)*, offering of food to god; നിവേദ്യം ദൈവത്തിനർപ്പിച്ചു

നിവേശം niveeSaM *(vt)*, entrance, abode; അവരുടെ നിവേശത്തോടെ സ്ഥിതിഗതികൾ മാറി

നിവേശിക്ക് niveeSikkə *(vi)*, dwell; ആര്യന്മാർ അവിടെ നിവേശിച്ചു

നിശ niSa *(vb)*, night; നിശയുടെ സംഗീതം കവി കേട്ടു

നിശങ്കം niSaṅkaM *(adj)*, fearlessly; നിശങ്കം മൃഗങ്ങൾ അവിടെ വിഹരിച്ചു

നിശബ്ദമായിരിക്ക് niSabdamaayirikkə *(nn)*, keep quiet; എല്ലാവരും നിശബ്ദമായിരിക്കാൻ അധ്യാപകൻ പറഞ്ഞു

നിശാന്തം niSaantaM *(adv)*, end of the night; നിശാന്തം വരെ നിലാവുണ്ടാകും

നിശേഷം niSee$aM *(adv)*, completely; നിശേഷം അച്ചടക്കം കുട്ടികൾ പാലിച്ചില്ല

നിശ്ചയമായി niScayaMaayi *(adv),* definitely; നിശ്ചയമായും അവൻ വരും

നിശ്ചയിക്ക് niScayikkə *(vt),* determine; അവളെ വിവാഹം ചെയ്യാൻ അവൻ നിശ്ചയിച്ചു

നിശ്ചലമായ niScalamaaya *(adj),* motionless; നിശ്ചലമായ ഹിമാലയപർവ്വതം ഇന്ത്യയുടെ വടക്കൻ അതിർത്തിയിലാണ്

നിശ്ചലത niScalata *(nn),* unshakableness; പർവ്വതത്തിന്റെ നിശ്ചലത കവി നോക്കിനിന്നു

നിശ്ചിത niScita *(adj),* preordained; നിശ്ചിത തുക കൊടുത്താൽ മാത്രമേ അവിടെനിന്നു വിടുകയുള്ളൂ

നിശ്ചേഷ്ട niScee$Ta *(nn),* unconscious; ഒരു നിമിഷം നാലുദിക്കുകളിലുള്ള മരങ്ങൾ നിശ്ചേഷ്ടം നിന്നു

നിശ്വസനം niSvasanaM *(vi),* sigh; കുട്ടി നിശ്വസനം ചെയ്തു

നിശ്വസിക്ക് nSvasikkə *(adj),* sigh; രവി നിശ്വസിക്കുന്നു

നിശ്വാസം niSvaasaM *(nn),* sigh of relief; അവളുടെ നിശ്വാസം അവർ കേട്ടു

നിശബ്ദത niSSabdata *(vi),* silence; ഇവിടെ നിശബ്ദത പാലിക്കണം

നിഷാദൻ ni$aadan *(nn),* hunter; നിഷാദൻ അമ്പെയ്ത് പക്ഷിയെ കൊന്നു.

നിഷിദ്ധ ni$iddha *(nn),* prohibited; പുകവലി ഇവിടെ നിഷിദ്ധമാണ്

നിഷേധം ni$eedhaM *(nn),* denial; അവളുടെ നിഷേധം അയാളെ കോപാകുലനാക്കി

നിഷേധി ni$eedhi *(nn),* rebel; രവി ഒരു നിഷേധി യായിരുന്നു

നിഷേധിക്ക് ni$eedhikkə *(vt),* deny; മനുഷ്യന്റെ പ്രാഥമിക സൌകര്യങ്ങൾ പോലും ഇവിടെ നിഷേധിക്കപ്പെടുന്നു

നിഷ്കപട ni$kapaTa *(adj),* upright; നിഷ്കപടമായ സ്നേഹമായിരുന്നു അവളുടേത്

നിഷ്കർഷം nikaRaM *(adv),* definitely; എല്ലാവരും നിഷ്കർഷമായി ഇവിടെ ഉണ്ടായിരിക്കണം

നിഷ്കർഷിക്ക് nikaRikkə *(vi),* insist; ആരും സ്ഥലം വിട്ടു പോകരുതെന്ന് പോലീസ് നിഷ്കർഷിച്ചു

നിഷ്കളങ്കമായ ni$kaLaṇkamaya *(adj),* innocent; നിഷ്കളങ്കമായ പെരുമാറ്റമായിരുന്നു അവന്റേത്

നിഷ്കാസനം ചെയ്യ് ni$kaasanaMceyyə *(vt),* impeach;

രാജാവിനെ അധികാരത്തിൽ നിന്ന് നിഷ്കാസനം ചെയ്തു

നിഷ്ക്കരുണം ni$karuNaM *(adv),* mercilessly; വേടൻ പക്ഷിയെ നിഷ്ക്കരുണം വധിച്ചു

നിഷ്ക്രിയമായ ni$kRiiyamaaya *(adj),* inactive; നിഷ്ക്രിയമായ ഒരവസ്ഥയിലാണ് ആ സ്ഥാപനമിപ്പോൾ

നിഷ്ഠ ni$Tha *(nn),* strict observance; തികഞ്ഞ നിഷ്ഠയിലുള്ള ജീവിതമായിരുന്നു അയാളുടേത്

നിഷ്ഠൂരം ni$ThuuraM *(nn),* cruelty; മനുഷ്യൻ മൃഗങ്ങളോട് നിഷ്ഠൂരം കാട്ടരുത്

നിഷ്ണാതൻ ni$Naatan *(nn),* dexterious person; അയാൾ എല്ലാ കലകളിലും നിഷ്ണാതനായിരുന്നു

നിഷ്പക്ഷ nipaka *(adj),* impartial; നിഷ്പക്ഷമായ ഒരഭിപ്രായം അയാൾ പറഞ്ഞു

നിഷ്പന്നമായ ni$pannamaaya *(adj),* accomplished; നിഷ്പന്നമായ അറിവിന്റെ വെളിച്ചത്തിൽ അയാൾ പറഞ്ഞു

നിഷ്പാദനം ni$paadanaM *(nn),* attainment; അങ്ങിനെ ആ വസ്തുവിന്റെ നിഷ്പാദനം സാധ്യമാക്കി

നിഷ്പാദിക്ക് ni$paadikkə *(vt),* top achievement or accomplish; ഗവേഷണത്തിലൂടെ അയാൾ ആ പുതിയ വിത്തിനം നിഷ്പാദിപ്പിച്ചു

നിഷ്പ്രയോജന ni$pRayoojana *(adj),* futile; വളരെ നിഷ്പ്രയോജനമായ ഒരു പ്രവൃത്തിയായിരുന്നു അത്

നിഷ്ഫല ni$phala *(adj),* fruitless; നിഷ്ഫലമായ പ്രവൃത്തികൾ കൊണ്ട് ആരും ഒന്നും നേടുന്നില്ല

നിഷ്ഫലമാക്ക് ni$phalamaakkə *(comp vb),* make futile; അയാളുടെ പ്രവൃത്തികളെല്ലാം അവൾ നിഷ്ഫലമാക്കി

നിസാരമായ nissaaramaaya *(adj),* easy; നിസാരമായ കാര്യമായി ഒന്നിനേയും പരിഗണിക്കരുത്

നിസ്കരിക്ക് niskarikkə *(vi),* prostrate; മുഹമ്മദ് നിസ്കരിക്കുന്നു

നിസ്കാരം niskkaaraM *(nn),* prayer of muslims; നിസ്കാരം കഴിഞ്ഞ് അഹമ്മദ് യാത്രയായി

നിസ്തർക്കം nistaRkkaM *(adv),* indisputably; അയാൾ വരില്ലെന്ന് നിസ്തർക്കം എല്ലാവരും സമ്മതിച്ചു

നിസ്വൻ nisvan *(nn),* pamper; അയാൾ ഒരു നിസ്വനായിരുന്നു

നിസ്സംഗ nissaMga *(adj),* detached; നിസ്സംഗമായ ഒരു മറുപടി അയാൾ കൊടുത്തു

നിസ്സംഗതം nissaMgataM *(nn)*, state of detachment; അയാളുടെ അവസ്ഥ നിസ്സംഗതമായിരുന്നു

നിസ്സങ്കോചം nissankoocaM *(adv)*, unhesitatingly; നിസ്സങ്കോചം അവൻ അവിടെ പോയി

നിസ്സന്ദേഹം nissandeehaM *(adv)*, undoubtedly; നിസ്സന്ദേഹം അയാൾ അവിടെ നിന്നു

നിസ്സരിക്ക് nissarikkə *(vi)*, flow out; അയാളുടെ ഓപ്പറേഷനുശേഷം രക്തം നിസ്സരിക്കുന്നുണ്ടായിരുന്നു

നിസ്സഹകരണം niSahakaraNaM *(nn)*, non co-operation; ഗാന്ധിജി നിസ്സഹകരണം സമരമുറയാക്കി

നിസ്സഹായ nissahaaya *(adj)*, helpless; നിസ്സഹായമായ ഒരു ഘട്ടത്തിലാണ് അവനിപ്പോൾ

നിസ്സാര nissaara *(adj)*, trivial; നിസ്സാരമായ ചില വഴക്കുകൾ വലിയ പ്രശ്നങ്ങളായി

നിസ്സീമ nissiima *(adj)*, boundless; നിസ്സീമമായ സ്നേഹത്തിന്റെ ഉറവിടമാണ് അവൾ

നിഹനിക്ക് nihanikkə *(vt)*, kill; അയാൾ ജന്തുക്കളെ നിഹനിച്ചു

നിഴലാട്ടം niZalaaTTaM *(nn,comp)*, indication of future event, (shadow representation); ഇത് ജീവിതത്തിന്റെ വെറും നിഴലാട്ടമാണ്

നിഴലിക്ക് niZalikkə *(vi)*, be reflected; ദുഃഖത്തിന്റെ തീവ്രത അയാളുടെ മുഖത്ത് നിഴലിച്ചു

നിഴൽ niZal *(nn)*, shade; മരത്തിന്റെ നിഴലിൽ കുറേ നേരം നിന്നു

നിറം niRaM *(nn)*, colour; വിവിധ നിറത്തിലുള്ള വസ്ത്രങ്ങൾ കണ്ടു

നിറകുടം niRakuTaM *(nn,comp)*, full of water; നിറകുടം തുളുമ്പില്ല

നിറതിങ്കൾ niRatiŋkaL *(nn,comp)*, full moon; നിറതിങ്കൾ മാനത്ത് കാണപ്പെട്ടു

നിറനാഴി niRanaaZi *(nn,comp)*, full measure of rice or paddy; നിറനാഴിയിൽ അളന്ന് പുഴയിലേക്ക് ഒഴുക്കി

നിറപറ niRapaRa *(nn,comp)*, full measure of rice filled in para; നിറപറയും നിലവിളക്കും സാക്ഷിയായി വിവാഹം നടന്നു

നിറപ്പൊലിമ niRappolima *(nn,comp)*, colourful; നിറപ്പൊലിമയുള്ള ഒരുഘോഷമായിരുന്നു അത്

നിറയെ niRaye *(adv)*, full; കുട്ട നിറയെ പഴങ്ങളാണ്

നിറയ് niRayə *(vi)*, be filled; കുളത്തിൽ വെള്ളം നിറയുന്നു

നിറയ്ക്ക് niRykkə *(vt),* fill; കുപ്പിയിൽ പുതിയ വീഞ്ഞ് നിറയ്ക്കുന്നു

നിറവേറ് niRaveeRə *(vi),* become gratified; കുട്ടിയുടെ ആഗ്രഹം നിറവേറി

നിറവേറ്റ് niRaveeRRə *(vt),* gratify; അച്ഛൻ കുട്ടിയുടെ ആഗ്രഹം നിറവേറ്റി

നിറുത്ത് niRuttə *(vt),* stop; അയാൾ ഒരു വാഹനം കൈകാണിച്ചു നിറുത്തി

നീ nii *(pron, non-hon),* you; നീ ഇവിടെ നിൽക്കൂ ഞാൻ പോകാം

നീക്കംചെയ്യ് niikkaMceyyə *(vt),* remove; മന്ത്രിയെ സ്ഥാനത്തുനിന്നു നീക്കം ചെയ്തു

നീക്കം niikkaM *(vb, nn),* movement; ശത്രുസൈന്യം നീക്കം ആരംഭിച്ചു

നീക്കുപോക്ക് niikkupookkə *(comp vb),* adjustment; അവർ ചില നീക്കുപോക്കുകൾ നടത്തി

നീക്കുപോക്ക് niikkupookkə *(comp vb),* concession; അവന്റെ കോളേജ് അഡ്മിഷന് ചില നീക്കുപോക്കുകൾ നടത്തേണ്ടി വന്നു

നീക്ക് niikkə *(vt),* take off; ആ രേഖകളെല്ലാം പെട്ടെന്നു തന്നെ നീക്കിക്കളഞ്ഞു

നീക്ക് niikkə *(vt),* move; പോലീസുകാർ ജനക്കൂട്ടത്തെ മൈതാനത്തു നിന്നു നീക്കി

നീങ്ങ് niiṉṉə *(vi),* move; ജനങ്ങൾ അവിടെ നിന്ന് നീങ്ങി

നീച niica *(adj),* heinous; നീചമായ ഒരു കൊലപാതകമായിരുന്നു അത്

നീചവൃത്തി nicavRtti *(nn,comp),* wicked conduct; നീചവൃത്തികൾ കൊണ്ട് അയാൾ എല്ലാവരെയും വെറുപ്പിച്ചു

നീളം niiLam *(adj),* long; നീളമുള്ള മുടി അവൾക്കുണ്ടായിരുന്നു

നീട്ടിവയ്ക്ക് niiTTivaykkə *(vt),* postpone; കുട്ടികളുടെ പരീക്ഷ നീട്ടി വച്ചു

നീട്ട് niiTTə *(vi),* stretch one's hand; അവൻ പേനയ്ക്കുവേണ്ടി കൈ നീട്ടി

നീഡം niiDaM *(nn),* nest; നീഡം കെട്ടുന്നതിനു വേണ്ടി പക്ഷികൾ ചപ്പുചവറുകൾ ശേഖരിക്കുന്നു

നീതി niiti *(nn),* justice; നീതിക്കുവേണ്ടി അവർ പോരാടി

നീതീകരണം niitikaraNaM *(nn),* justification; നീതീകരണം ആവശ്യമുള്ള കാര്യമായിരുന്നില്ല അത്

നീതീകരിക്ക് niitikarikkə *(vt),* justify; അയാൾ ഒന്നും നീതീകരിച്ചില്ല

നീതികേട് niitikeeTə *(nn,comp),* injustice; നീതികേട് കണ്ട് ഞങ്ങൾ കൈനീട്ടി നിന്നില്ല

നീതി നിർവ്വഹണം niitiniRvvahaNaM *(nn,comp),* administration of the justice; നീതി നിർവ്വഹണം നടത്തുന്നവർ തന്നെ തെറ്റു ചെയ്തു

നീതിന്യായം niitinyaayaM *(nn,comp),* law and justice; നീതിന്യായം രാജാവ് നേരിട്ടു നടത്തി

നീതിമാൻ niitimaan *(nn,comp),* righteous person; സോളമൻ രാജാവ് നീതിമാനായിരുന്നു

നീതിശാസ്ത്രം niitiSaastRaM *(nn,comp),* ethical jurisprudence; നീതിശാസ്ത്രത്തിൽ അദ്ദേഹം വിശാരദനായിരുന്നു

നീന്തൽ niintal *(nn),* swimming; നീന്തൽ മത്സരത്തിൽ കുട്ടികൾ പങ്കെടുത്തു

നീന്ത് niintə *(vi),* swim; അയാൾ പുഴ നീന്തി അക്കരെ കടന്നു

നീരസം niirasaM *(nn),* displeasure; അവൾക്ക് അയാളോട് നീരസം തോന്നി

നീരസപ്പെട് niirasappeTə *(vi),* be displeased; നീരസപ്പെട്ടിട്ടൊന്നും കാര്യമില്ലെന്ന് അയാൾ പറഞ്ഞു

നീരാട് niiraaTə *(vi),* take bath; രാജ്ഞി നീരാടി

നീരാട്ട് niiraaTTə *(nn),* bathing; രാജ്ഞിയുടെ നീരാട്ട് കഴിഞ്ഞു

നീരാവി niiraavi *(nn),* steam; ജലം തിളച്ച് നീരാവിയാകുന്നു

നീരാളി niiraaLi *(nn),* octopus; നീരാളിയുടെ കൈകളിലാണ് അയാൾ അകപ്പെട്ടത്

നീരിറക്കം niiriRakkaM *(nn,comp),* disease affecting in nose and throat; കുട്ടിക്ക് നീരിറക്കം വന്നു

നീരുറവ niiruRava *(nn),* water spring; നീരുറവയിൽ നിന്ന് അൽപ്പം വെള്ളം കുടിച്ചു

നീർക്കാങ്കുഴിയിട് niiRkkaaṇkuZiyiTə *(comp vb),* dive; കുട്ടികൾ വെള്ളത്തിൽ നീർക്കാങ്കുഴിയിട്ടു കളിച്ചു

നീർക്കോലി niiRkkooli *(nn,comp),* non poisonus water snake; നീർക്കോലി കടിച്ചാൽ അത്താഴം മുടങ്ങും

നീർച്ചാൽ niiRccaal *(nn,comp),* water channel; നീർച്ചാലിലൂടെ വെള്ളം പുറത്തേക്കു ഒഴുകി

നീർനായ് niiRnaayə *(nn,comp),* otter; കടലിൽ ഒരു നീർനായയെ കണ്ടു

നീർ പ്പോള niiRppooLa *(nn,comp),* water buble; നീർപ്പോളയ്ക്കു തുല്യമായ മനുഷ്യജീവിതം അവൻ നയിച്ചു

നീർവീക്കം niiRviikkaM *(nn,comp),* hydropsy; നീർവീക്കം ഒരു തരം അസുഖമാണ്

നീർ niiR *(nn)*, water; പൂജാരി നീര് തളിച്ചു പൂജ തുടങ്ങി

നീർ niiR *(nn)*, juice; ഓറഞ്ചിന്റെ നീർ രോഗിയ്ക്കു നല്കി

നീർ niiR *(nn)*, swelling of the body; അവന്റെ കാലിൽ നീര് ഉണ്ടായി

നീല niila *(adj)*, blue; നീല നിറമുള്ള പേന വേണ്ട

നീലിക്ക് niilikkə *(vi)*, become bluish; അവന്റെ മുഖം നീലിച്ചിരുന്നു

നീലിമ niilima *(nn)*, blue colour; ആകാശത്തിന്റെ നീലിമ അവർ നോക്കിനിന്നു

നീലോൽപ്പലം niiloolppalaM *(nn)*, blue lotus; നീലോൽപ്പല നേത്രങ്ങളോട് കൂടിയവൾ

നീഹാരം niihaaraM *(nn)*, snow; ഹിമാലയ പർവ്വതത്തിലുള്ള നീഹാരം ഉരുകിത്തുടങ്ങി

നീളം niiLaM *(nn)*, length; മേശയ്ക്ക് നല്ല നീളമുണ്ട്

നീളമുള്ള niiLamuLLa *(adj)*, long; നീളമുള്ള ഒരു വടി കിട്ടി

നീള് niiLə *(vi)*, become long; ദിവസങ്ങൾ ഇങ്ങനെ നീളുന്നു

നീള് niiLə *(vi)*, prolong; പ്രതീക്ഷിച്ചതിനെക്കാൾ ഓപ്പറേഷൻ നീളുന്നു

നീറ് niiRə *(vi)*, burn; മുളക് അരച്ചപ്പോൾ കൈ നീറുന്നു

നീറ് niiRə *(vi)*, experience a vexed feeling; ഭർത്താവിന്റെ വേർപാടിൽ അവളുടെ മനസ്സ് നീറുന്നു

നീറ് niiRə *(nn)*, red ant; കുട്ടിയെ നീറ് കടിച്ചു

നീറ് niiRə *(nn)*, ashes; വെണ്ണീറ് കൊണ്ട് കുറി വരച്ചു

നീറ്റ് niiRRə *(vt)*, burn lime; കുമ്മായം ഉണ്ടാക്കാൻ കക്ക നീറ്റണം

നുകം nukaM *(nn)*, yoke; കാളയ്ക്കു നുകം വച്ചു

നുകംവയ്ക്ക് nukaMvaykkə *(vt)*, yoke; കാളയ്ക്ക് നുകം വയ്ക്കുന്നു

നുകർ nukarə *(vi)*, suck; പൂമ്പാറ്റ പൂക്കളിൽ നിന്ന് തേൻ നുകരുന്നു

നുകർ nukarə *(vi)*, kiss; അവളുടെ ചുണ്ടിലെ തേൻ നുകരുന്നു

നുണ nuNa *(nn)*, lie; അവൻ ഒരു നുണ പറഞ്ഞു

നുര nura *(nn)*, foam; വെള്ളത്തിൽ നുര പൊങ്ങി കിടക്കുന്നു.

നുണക്കുഴി nuNakkuZi *(nn,comp)*, dimple; കുട്ടിയുടെ നുണക്കുഴി വിരിഞ്ഞു

നുണപറയ് nuNapaRayə *(comp vb)*, tell lies; അവൾ എപ്പൊഴും നുണ പറയുന്നു

നുണയൻ nuNayan *(nn)*, liar; അവൻ ഒരു നുണയനാണ്

നുണയ് nuNayə *(vi),* smack the lips; കുട്ടി മിഠായി നുണഞ്ഞു

നുരയ് nurayə *(vi),* foam; പാൽ നുരയുന്നു

നുള്ള് nuLLə *(vt),* pinch; കുട്ടിയെ ആരോ നുള്ളി

നുഴച്ചൽ nuZaccal *(nn),* creeping; പാമ്പിന്റെ നുഴച്ചൽ അവർ നോക്കി നിന്നു

നുഴയ് nuZayə *(vi),* creep in; അവൻ ആ ദ്വാരത്തിലൂടെ നുഴഞ്ഞുകയറി

നുറുക്ക് nuRukkə *(nn),* piece; പഴത്തിന്റെ ഒരു നുറുക്ക് അവൻ തിന്നു

നുറുക്ക് nuRukkə *(nn),* bit; അവർ ഒരു നുറുക്ക് മുറിച്ചെടുത്തു

നുറുങ്ങൽ nuRuṇṇal *(nn),* breaking; പാത്രത്തിന്റെ നുറുങ്ങൽ ശബ്ദം കേട്ടു

നുറുങ്ങ് nuRuṇṇə *(vi),* be shattered; പാത്രം പല കഷണങ്ങളായി നുറുങ്ങി

നുറുങ്ങ് nuRuṇṇə *(nn),* slice; ചില്ലിന്റെ ഒരു നുറുങ്ങ് കാലിൽ കൊണ്ടു

നൂതന nuutana *(adj),* modern; നൂതനമായ ഒരു വിദ്യ കണ്ടു പിടിച്ചു

നൂനം nuunaM *(adv),* surely; കുട്ടികൾ അതു ചെയ്യുമെന്നു നൂനം പറഞ്ഞു

നൂപുരം nuupuraM *(nn),* anklet; നൂപുരങ്ങളുടെ ധ്വനി ഉയരുന്നു

നൂലാമാല nuulaamaala *(nn,comp),* complication; നൂലാമാലകൾ ഒരോന്നും അഴിച്ചെടുത്തു പരിശോധിച്ചു

നൂലേണി nuuleeNi *(nn,comp),* rope ladder; നൂലേണിയിലൂടെ അവർ മുകളിലേക്ക് കയറി

നൂൽക്ക് nuulkkə *(vt),* spin; നെയ്ത്തുകാരൻ നൂൽ നൂൽക്കുന്നു

നൂൽ nuul *(nn),* thread; കുട്ടി ഒരു നൂൽ എടുത്തു

നൂഴ് nuuZə *(vi),* squeeze in through bottom; അയാൾ ആ ചെറിയ വാതിലിലൂടെ നൂഴുന്നു

നൂറ് nuuRə *(nn,num),* hundred; ഒന്നു മുതൽ നൂറുവരെ എണ്ണൂ

നൂറ്റവർ nuuRRavaR *(nn),* kaurvas; നൂറ്റവർ പാണ്ഡവരോട് തോറ്റു

നൂറ്റാണ്ട് nuuRRaaNTə *(nn,comp),* century; നൂറ്റാണ്ടുകളിലൂടെ നേടിയ അറിവ് സംരക്ഷിക്കണം

നൃത്തം nRttaM *(nn),* dance; അവൾ നൃത്തം പഠിക്കുന്നു

നൃത്തംചെയ്യ് nRəttaMcayyə *(vi),* dance; അവൾ നന്നായി നൃത്തം ചെയ്യും

നഖച്ചുറ്റ് naKhaccuRRə *(nn,comp)*, disease affecting the finger toes; അയാൾക്ക് നഖച്ചുറ്റ് ബാധിച്ചിരുന്നു

നെഞ്ചിടിക്ക് ne~ciTikkə *(vb, comp)*, heart beat; പാമ്പിനെ കണ്ടപ്പോൾ അയാളുടെ നെഞ്ചിടിപ്പു കൂടി

നെഞ്ച് ne~cə *(nn)*, chest; എന്റെ നെഞ്ചിലാണ് അവൻ കുത്തിയത്

നെഞ്ച് ne~cə *(nn)*, chest; നെഞ്ചിൽ ആഴത്തിൽ മുറിവു പറ്റി

നെടു neTu *(adj)*, steep; നെടുതായ ഒരു കയറ്റമാണത്

നെടുകെ neTuke *(adv)*, vertically; മരം നെടുകെ പിളർന്നു

നെടുത് neTutə *(nn)*, tallness; ആ തൂണ് നെടുതായിരുന്നു

നെടുനീളം neTuniiLaM *(nn,comp)*, great length; നെടുനീളത്തിലുള്ള കട്ടൌട്ടുകൾ സമ്മേളനസ്ഥലത്ത് അണിനിരന്നു

നെന്മണി nenmaNi *(nn,comp)*, grain of paddy; കാക്ക ഒരു നെന്മണി കൊത്തി പറന്നു

നെന്മേനിവാക nenmeenivaaka *(nn)*, acacia sirissa; നെന്മേനി വാകയ്ക്ക് ഒപ്പമാം നിൻമേനി

നെപ്ട്യൂൺ nepTuuN *(nn)*, planet Neptune; നെപ്ട്യൂൺ സൌരയൂഥത്തിലെ ഒരു ഗ്രഹമാണ്

നെയ്ത്തുകാരൻ neyttukaaran *(nn,comp)*, weaver; നെയ്ത്തുകാരൻ തുണി നെയ്യുന്നു

നെയ്ത്ത് neyttə *(nn)*, weaving; നെയ്ത്ത് ഒരു പ്രധാന തൊഴിലാണ്

നെയ്യപ്പം neyyappaM *(nn)*, cake fried in oil or ghee; അയ്യപ്പന്റെ അമ്മ നെയ്യപ്പം ചുട്ടു

നെയ്യ് neyyə *(vi)*, weave; നെയ്ത്തുകാരൻ തുണി നെയ്യുന്നു

നെയ്യ് neyyə *(nn)*, ghee; നെയ്യ് ചേർത്ത് പായസമുണ്ടാക്കി

നെരിപ്പോട് nerippoTə *(nn)*, portable fire; അമ്മ നെരിപ്പോട് കത്തിച്ചു

നെരിപ്പ് nerippə *(nn)*, fire; നെരിപ്പിൽ പൂത്തത് വെയിലത്തു വാടുമോ

നെൽക്കതിര് nelkkatirə *(nn,comp)*, an ear of paddy; നെൽക്കതിരുകൾ തലകുനിച്ച് നില്ക്കുന്നു

നെൽക്കൃഷി nelkR$i *(nn,comp)*, paddy cultivation; കുട്ടനാട് നെൽക്കൃഷിക്കു പ്രധാനപ്പെട്ട സ്ഥലമാണ്

നെല്ലറ nellaRa *(nn,comp)*, granary; തഞ്ചാവൂർ തമിഴ്നാടിന്റെ നെല്ലറയാണ്

നെല്ലി nelli *(nn)*, gooseberry tree; നെല്ലിമരത്തിൽ നെല്ലിക്കയുണ്ട്

നെല്ലിക്ക nellikka *(nn)*, gooseberry; നെല്ലിക്ക ആദ്യം കയ്ക്കും പിന്നെ മധുരിക്കും

നെല്ലുകുത്ത് nellukuttə *(comp vb)*, husking paddy; അമ്മ നെല്ലുകുത്തുന്നു

നെല്ലരി nellari *(nn)*, rice; നെല്ലരി കൊണ്ട് അമ്മ കഞ്ഞിവച്ചു

നെല്ല് nellə *(nn)*, paddy; നെല്ല് കൊയ്തു തുടങ്ങി

നെറി neRi *(nn)*, good behaviour; നേരും നെറിയും വിട്ടുനടക്കുന്നവൻ

നെറികെട്ട neRikeTTa *(adj)*, bad behaviour; നെറികെട്ട പെരുമാറ്റത്തിന് ശിക്ഷകിട്ടി

നെറികേട് neRikeeTə *(nn,comp)*, dishonesty; നെറി കേടിന്റെ കഥകൾ മാത്രമേ അയാൾക്കു പറയാനുള്ളൂ

നെറ്റി neRRi *(nn)*, forehead; നെറ്റിയിൽ അവൾ കുങ്കുമപൊട്ടണിഞ്ഞു

നെറ്റിചുളിക്ക് neRRicuLikkə *(compn)*, knit the brows; അവൾ അയാളുടെ നേരെ നെറ്റി ചുളിച്ചു

നെറ്റിത്തടം neRRittaTTaM *(comp n)*, surface of the forehead; നെറ്റിത്തടത്തിൽ വിയർപ്പുകണങ്ങൾ പറ്റി പിടിച്ചിരുന്നു

നെറ്റിപ്പട്ടം neRRippaTTaM *(nn)*, an ornamental dress worn on the head of the elephant during festivals; നെറ്റിപ്പട്ടം കെട്ടിയ ആനകൾ അണിനിരന്നു

-നേക്കാൾനല്ലത് -neekkaLnallatə *(adv)*, better; രാജനേക്കാൾ നല്ലതാണ് രാജന്റെ അനുജൻ

-നേക്കാൾമോശമായത് neekkaaLmooSamayatə *(adv)*, worse; സീതയേക്കാൾ മോശമാണ് അവളുടെ കൂട്ടുകാരി

നേട് neeTə *(vt)*, achieve; അവൻ പല സമ്മാനങ്ങളും നേടി

നേട് neeTə *(vt)*, acquire; പലതും നേടണമെന്ന് നാമാഗ്രഹിക്കുന്നു എല്ലാം നേടുമ്പോൾ പിന്നെ വീണ്ടും പുതുതായി പലതും നേടാൻ ആഗ്രഹമുണ്ടാകുന്നു

നേട് neeTə *(vi)*, attain; അയാൾ എല്ലാം സ്വയം നേടി

നേട്ടം neettaM *(nn)*, achievement; ഇന്ത്യ കോമൺ വെൽത്ത് ഗെയിംസിൽ കൂടുതൽ സ്വർണ്ണം നേടിയത് വലിയ നേട്ടമായി കരുതുന്നു

നേതാവ് neetaavə *(nn)*, leader; നേതാവ് ആക്രമണത്തിൽ കൊല്ലപ്പെട്ടു

നേതൃത്വം netRtvaM *(nn)*, leadership; അയാളുടെ നേതൃത്വത്തിൽ ആ സംഘം നീങ്ങി

നേത്രം neetRaM *(nn)*, eye; നേത്രങ്ങളിലൂടെ കണ്ണീർ ധാരധാരയായി ഒഴുകി

നേത്രഗോളം neetRagooLaM *(nn),* eye ball; നേത്രഗോളത്തിൽ ഒരു അസുഖം പിടിച്ചു

നേത്രരോഗം neetRaroogaM *(nn,comp),* disease in the eyes; നേത്രരോഗം പെട്ടെന്ന് പടർന്നു പിടിച്ചു

നേന്ത്രക്കായ് neentRakkaayə *(nn),* banana; നേന്ത്രക്കായ കൊണ്ട് ഉപ്പേരി ഉണ്ടാക്കി

നേന്ത്രവാഴ neentRavaaZa *(nn,comp),* banana plant; നേന്ത്രവാഴയിൽ നേന്ത്രക്കായ് ഉണ്ടായി

നേരം neeraM *(nn),* time; നേരം വളരെ വൈകിയിരിക്കുന്നു

നേരംപോക്ക് neeraMpookkə *(nn),* entertainment; അവർ ഓരോ നേരം പോക്കുകൾ പറഞ്ഞ് ചിരിച്ചു

നേരംവൈക് neeraMvaikə *(comp vb),* come late; ഇപ്പോൾ നേരം വൈകിയിട്ടും അവൾ എത്തിയില്ല

നേരത്തെ neeratte *(adv),* early (before time); നേരത്തെ എത്തിയവർക്ക് സീറ്റ് കിട്ടി

നേരത്തെയുള്ള neeratteyuLLa *(adj),* previous; നേരെത്തേയുള്ള വൈരാഗ്യമാണ് തമ്മിൽ തമ്മിൽ വഴക്കിൽകലാശിച്ചത്

നേരത്ത് neerattə *(adv),* in time; അവൻ തക്കനേരത്ത് അവിടെ എത്തിച്ചേർന്നു

നേരാക് neeraakə *(vi),* become equal; എല്ലാം ഒടുവിൽ നേരായി

നേരാംവണ്ണം neeraaMvaNNaM *(adv),* properly; നേരാംവണ്ണം നോക്കിയില്ലെങ്കിൽ കൃഷി മോശമാകും

നേരിട് neeriTə *(vt),* confront; അവർ ഒരാക്രമണത്തെ നേരിടുകയാണ്

നേരിട്ട് neeriTTə *(adv),* face to face; നേരിട്ട് വെട്ടിമരിച്ചാൽ കുലത്തിന് നല്ലതാണ്

നേരിയ neeriya *(adj),* slight; കുട്ടിക്ക് നേരിയ പനിയുണ്ടായിരുന്നു

നേരിയത് neeriytə *(nn),* upper garment worn as a shawl for the men or women; അയാൾ ഒരു നേരിയത് അണിഞ്ഞിരുന്നു

നേരുകാരൻ neerukaaran *(nn,comp),* righteous person; അയാൾ ഒരു നേരുകാരനായിരുന്നു

നേരുകേട് neerukeeTə *(nn,comp),* untruth; നേരുകേട് വരുത്താതിരിക്കാൻ ശ്രമിക്കാം

നേരെ neere *(adv),* straight; നേരെ നടന്നാൽ വീട്ടിൽ എത്തും

നേരെതിരിച്ച് neeRetiriccə *(adv),* reverse; ഞാൻ പറഞ്ഞതിനു നേരെ തിരിച്ച് അവൻ പറഞ്ഞു

നേരെനിൽക്ക് neerenilkkə *(comp vb)*, stand straight; നേരെ നിൽക്കുന്ന ഒരു വടി എടുത്തു

നേരെമറിച്ച് neeremaRiccə *(adv)*, on the contrary; നേരെ മറിച്ച് അയാൾ വന്നില്ലെങ്കിൽ സംഭവം നടക്കില്ലായിരുന്നു

നേരെയുള്ള neereeyuLLa *(adj)*, straight; അടുത്തു കാണുന്ന നേരെയുള്ള വഴിയിലൂടെ പോയാൽ മതി

നേര് neerə *(nn)*, straight forwardness; നേര് പറഞ്ഞാൽ ചിലർ വിശ്വസിക്കില്ല

നേര് neerə *(vi)*, offer something to deity; അമ്മ ഭഗവതിക്ക് നേർന്നു

നേർക്ക് neeRkkə *(vi)*, become diluted; സൾഫ്യൂരിക്കാസിഡ് നേർക്കുന്നു

നേർക്ക് neeRkkə *(adv)*, face to face; നേർക്കു നേരെ ഏറ്റുമുട്ടാൻ അയാൾ തയ്യാറായില്ല

നേർച്ച neeRcca *(nn)*, vow; അവൾ ക്ഷേത്രത്തിൽ നേർച്ച നടത്തി

നേർച്ചകഴിക്ക് neeRccakaZikkə *(vt)*, giving offer to a god; അമ്മ മകനുവേണ്ടി നേർച്ച കഴിക്കുന്നു

നേർപ്പിക്ക് neeRppikkə *(vt)*, dilute; ആസിഡ് നേർപ്പിക്കുന്നു

നേർമ്മ neeRmma *(nn)*, fineness; നല്ല നേർമ്മയുള്ള വിഗ്രഹമാണത്

നേർവര neeRvara *(nn)*, straight line; കുട്ടികളോട് അധ്യാപകൻ ഒരു നേർവര വരയ്ക്കാൻ ആവശ്യപ്പെട്ടു

നേർവഴി neeRvaZi *(nn)*, truthful way; നേർവഴി വിട്ട് അയാൾ നടക്കാറില്ല

നൈപുണ്യം naipuNyaM *(nn)*, skilfulness; പാചകത്തിൽ അവളുടെ നൈപുണ്യം എല്ലാവരും ശ്ലാഘിച്ചു

നൈരന്തര്യം nairantaryaM *(nn)*, continuity; പ്രവൃത്തിയുടെ നൈരന്തര്യം നഷ്ടപ്പെട്ടുകൊണ്ടിരുന്നു

നൈരാശ്യം nairaaSyaM *(nn)*, disappointment; നൈരാശ്യം ബാധിച്ച മനുഷ്യർക്കു ഉപദേശം നൽകണം

നൈർമ്മല്യം naiRmmalyaM *(nn)*, purity; ഹൃദയത്തിന്റെ നൈർമ്മല്യം അവൾക്കുണ്ടായിരുന്നു

നൈവേദ്യം naiveedyaM *(nn)*, food offered to the diety; നൈവേദ്യം ദൈവത്തിനർപ്പിച്ചു

നൈസർഗ്ഗിക naisaRggika *(adj)*, natural; നൈസർഗ്ഗികമായ വികാരങ്ങൾ പുറത്തു വന്നു

നൊടി noTi *(nn)*, snap; ഒരു നൊടിയ്ക്കുള്ളിൽ അവൻ വന്നു ചേർന്നു

നൊടിക്ക് noTikkə *(vi)*, snap; സംഗീതം ആലപിക്കുന്ന

അധ്യാപിക നൊടിച്ചു കൊണ്ടു താളം ചൊല്ലി

നൊണ്ണ് noNNə *(nn)*, gums; കുട്ടി നൊണ്ണു കാട്ടി ചിരിച്ചു

നൊണ്ണ് noNNə *(nn)*, eat with gums; കുഞ്ഞുങ്ങൾ ആഹാരം നൊണ്ണി നൊണ്ണി കഴിക്കുന്നു

നൊമ്പരം nombaraM *(nn)*, pain; അയാൾക്ക് ശരീരത്തിൽ നൊമ്പരമനുഭവപ്പെട്ടു

നൊമ്പരപ്പെട് nombarappeTə *(comp vb)*, ache; അവൾ അതു കേട്ട് നൊമ്പരപ്പെട്ടു

നൊയമ്പ് noyamba *(nn)*, fast; അമ്മ നൊയമ്പ് നോക്കി

നൊസ്സ് nossə *(nn)*, madness; അവൾക്ക് നൊസ്സ് പിടിപെട്ടു

നോക്കു nookkuu *(nn)*, sight; അവളുടെ നോക്കു കണ്ടാൽ പേടിതോന്നും

നോക്കുകുത്തി nookkukutti *(nn)*, scare crow; വയലിൽ ഒരു നോക്കു കുത്തി നിൽക്കുന്നുണ്ടായിരുന്നു

നോക്ക് nookkə *(vi)*, look; അവൾ ചിത്രം നോക്കി

നോക്ക് nookkə *(vi)*, look after; വേലക്കാരി കുട്ടിയെ നോക്കുന്നു

നോക്ക് nookkə *(vi)*, examine; ഡോക്ടർ രോഗിയെ നോക്കുന്നു

നോട്ടം nooTTaM *(nn)*, viewing; അവന്റെ നോട്ടം കണ്ടാൽ അറപ്പുതോന്നും

നോട്ടക്കാരൻ nooTTakkaaran *(nn,comp)*, marksman; അയാൾ ഒരു നോട്ടക്കാരനായിരുന്നു

നോട്ടക്കുറവ് nooTTakkuRavə *(nn)*, inattentiveness; നോട്ടക്കുറവു കൊണ്ട് രോഗി മരിച്ചു

നോട്ടപ്പിശക് nooTTappiSakə *(nn,comp)*, fault in finding anything; ഡോക്ടറുടെ നോട്ടപ്പിശകാണ് മരണത്തിനു കാരണം

നോട്ടീസ്സ് nooTTiissə *(nn)*, notice; അയാൾ നോട്ടീസ് എല്ലാവർക്കും വിതരണം ചെയ്തു

നോട്ടുബുക്ക് nooTTubukkə *(nn)*, note book; കുട്ടി ഒരു നോട്ടുബുക്കു വാങ്ങി

നോട്ട് nooTTə *(nn)*, small script; അയാൾ ഒരു നോട്ടെഴുതി കൊടുത്തു

നോട്ട് nooTTə *(nn)*, bunches of currency; മേശയുടെ ഡ്രായിൽ നൂറിന്റെ നോട്ടുകൾ ഉണ്ടായിരുന്നു

നോമ്പ്നോൽക്ക് noombənoolkkə *(comp vb)*, observe vow or fast; അവൾ നോമ്പുനോറ്റു

നോവൽ nooval *(nn)*, novel; അവൾ ഒരു നോവൽ വായിക്കുന്നു

ന്യായമായ nyaayamaaya *(adj)*, lawful; ന്യായമായ കാര്യങ്ങൾ മാത്രമേ അയാൾ പറയൂ

ന്യായം nyaayaM *(nn)*, justice; എന്താണ് ഇതിന്റെ ന്യായം?

ന്യായക്കാരൻ nyaayakkaaran *(nn)*, lawyer; ന്യായക്കാരൻ കോടതിയിൽ അന്യായം ബോധിപ്പിച്ചു

ന്യായാധിപൻ nyayaadhipan *(nn)*, judge; ന്യായാധിപൻ വിധി പറഞ്ഞു

ന്യായാസനം nyaayaasanaM *(nn)*, judgement seat; ന്യായാസനത്തിൽ അദ്ദേഹം ഇരിക്കുന്നു

ന്യൂന nuuna *(adj)*, deficient; ന്യൂനമായ കാരണങ്ങൾ കൊണ്ട് അയാളുടെ അപ്പീൽ തള്ളി

ന്യൂനത nuunata *(nn)*, deficiency; ന്യൂനതകളില്ലാത്ത മനുഷ്യരുണ്ടോ

പംക്തി pakti *(nn)*, row; കുട്ടികളുടെ പംക്തിയിൽ അവൻ ഇരുന്നു

പക paka *(nn)*, enmity; അയാൾക്ക് എല്ലാവരോടും പക തോന്നി

പകച്ചുനിൽക്ക് pakaccunilkkə *(vi)*, stand astonished; അയാൾ ആ ദൃശ്യം കണ്ട് പകച്ചുനിന്നു

പകപോക്ക് pakapookkə *(comp vb)*, take revenge; അയാൾ ഒടുവിൽ പക പോക്കി

പകരം pakaraM *(adv)*, instead; അവനു പകരം ഞാൻ പോയി

പകരം വീട്ട് pakaramviiTTe *(comp vb)*, revenge; അവൻ അയാളോട് പകരം വീട്ടി

പകരക്കാരൻ pakarakkaaran *(nn,comp)*, substitute; ഷിഫ്റ്റ് ഡ്യൂട്ടിയ്ക്കു ഒരു പകരക്കാരനെ നിയോഗിച്ചു

പകർ pakarə *(vb)*, transfer from one person to another; ഇവിടെ രോഗം പകരുന്നു

പകർച്ച രോഗം pakaRccaroogam *(nn, compn)*, contagious; പകർച്ച രോഗ നിവാരണത്തിന് കുത്തി വയ്പു നടത്തി

പകർച്ചവ്യാധി pakaRccavyaadhi *(nn,comp)*, epidemic; കോളറ ഒരു പകർച്ചവ്യാധിയാണ്

പകർത്തൽ pakaRttal *(nn)*, copying; അയാൾ പകർത്തൽ മതിയാക്കി

പകർപ്പവകാശം pakaRppavakaaSaM *(nn,comp)*, copyright; പകർപ്പവകാശം പ്രസാധകർക്കു മാത്രം

പകർപ്പെഴുത്ത് pakaRppeZuttə *(nn,comp)*, copying; പകർപ്പെഴുത്ത് ജോലിയായിരുന്നു അയാൾക്ക്

പകർപ്പ് pakaRppə *(nn)*, copy; അയാൾ അതിന്റെ ഒരു പകർപ്പെടുത്തു

പകൽ pakalee *(adv),* day; പകലേ പുറപ്പെട്ടാൽ ശരിയാകൂ

പകലോൻ pakaloon *(nn),* sun; പകലോൻ ഉദിച്ചു

പകൽക്കിനാവ് pakalkkinaavə *(nn,comp),* day dream; അവൾ പകൽക്കിനാവുകൾ കാണുന്നു

പകിട pakiTa *(nn),* dice; അവർ പകിട കളിക്കുന്നു

പകുതി pakuti *(nn),* half; ആ പേജിന്റെ പകുതി മാത്രം മതി

പക്കം pakkaM *(nn),* lunar day; ഒരു പക്കം കഴിഞ്ഞു

പക്കമേളം pakkameeLaM *(nn),* instrumental music; പക്കമേളത്തിനുള്ള ആളുകൾ എത്തി

പക്കാവട pakkaavaTa *(nn),* kind of food item prepared in oil with gram flour; അമ്മ പക്കാവട ഉണ്ടാക്കി

പക്കീർ pakkiiR *(nn),* Mohammadan fakir; പക്കീർ പ്രാർത്ഥിച്ചു

പക്വത pakvata *(nn),* maturity; അയാൾക്ക് പ്രായത്തേക്കാൾ പക്വത ഉണ്ടായിരുന്നു

പക്വമാക് pakvamaakə *(vi),* grow ripe; ആ ഫലങ്ങൾ പക്വമായി

പക്ഷപാതം pak$apaataM *(nn,comp),* partiality; അയാൾ ചിലരോട് പക്ഷപാതം കാണിച്ചുവത്രേ

പക്ഷപാതി pak$apaati *(nn,comp),* partial person; അയാൾ ഒരു പക്ഷപാതി ആയിരുന്നു

പക്ഷഭേദം pak$abheedaM *(nn,comp),* partiality; അയാൾ ആരോടും പക്ഷഭേദം കാട്ടാറില്ല

പക്ഷവാതം pak$avaataM *(nn,comp),* partial paralysis; അയാൾക്ക് പക്ഷവാതം ഉണ്ടായിരുന്നു

പക്ഷി pak$i *(nn),* bird; സന്ധ്യയായതോടെ പക്ഷികൾ കൂട്ടിലേക്ക് മടങ്ങി

പക്ഷിനിരീക്ഷണം pak$iniriik$NaM *(nn,comp),* bird watching; പക്ഷിനിരീക്ഷണം രവിയുടെ ഹോബിയാണ്

പക്ഷെ pak$ee *(in),* but; ഞാൻ വരാം, പക്ഷെ നീ എങ്ങും പോകരുത്

പങ്ക paŋka *(nn),* ceiling fan; ആ മുറിയിൽ ഒരു പങ്ക ഉണ്ടായിരുന്നു

പങ്കജം paŋkajaM *(nn),* lotus; പങ്കജം വിടർന്നു

പങ്കപ്പാട് paŋkappaaTə *(nn),* hazardous task; അയാൾ ജോലി തീർക്കാൻ പങ്കപ്പാടുപെട്ടു

പങ്കായം paŋkaayaM *(nn),* oar; പങ്കായം നഷ്ടപ്പെട്ട തോണിക്കാരൻ എങ്ങനെയോ തീരത്ത് എത്തി

പങ്കാളി paŋkaaLi *(nn),* partner; അയാൾ ബിസിനസ്സിൽ എന്റെ പങ്കാളിയാണ്

പങ്കിട് paŋkiTə *(vi),* share; അവർ ജീവിതം പങ്കിടുന്നു

പങ്കെടുക്ക് pŋkeTukkə *(vt),* participate; ഞാൻ ഒരു യോഗത്തിൽ പങ്കെടുത്തു

പങ്ക് paŋkə *(nn),* share; അയാൾക്ക് തന്റെ പങ്കു കിട്ടി

പചനം pacanaM *(nn),* cooking; അവന് പചനം അറിയില്ല

പചിക്ക് pacikkə *(vt),* cook; ആഹാരം പചിച്ച് ഭക്ഷിക്കുന്ന ജീവിയാണ് മനുഷ്യൻ

പച്ച pacca *(adj),* green; ഇലകളുടെ നിറം പച്ചയാണ്

പച്ചകുത്ത് paccakuttə *(nn),* tatoo; അവർ കൈയ്യിൽ പച്ചകുത്തി

പച്ചക്കറി paccakkaRi *(nn),* vegetable; വെണ്ടയ്ക്ക നല്ല പച്ചക്കറിയാണ്

പച്ചക്കായ് paccakkaayə *(nn,comp),* unripen fruit; പച്ചക്കായ കൊണ്ട് അമ്മ കറിവച്ചു

പച്ചക്കിളി paccakkiLi *(nn,comp),* parrot; പച്ചക്കിളി കൂടു വച്ചു

പച്ചവിട്ടിൽ paccaviiTTil *(nn,comp),* grass hopper; അയാൾ ഒരു പച്ചവിട്ടിലിനെ പിടിച്ചു

പച്ചവെള്ളം paccaveLLaM *(nn,comp),* cold water; അയാൾ പച്ചവെള്ളം കുടിച്ചു

പച്ചില paccila *(nn,comp),* green leaf; അവിടെ പച്ചിലകൾ ചിതറി ക്കിടക്കുന്നു

പഞ്ച pa~ca *(adj),* five; പഞ്ചപാണ്ഡവന്മാർ കാട്ടിലേക്ക് പോയി

പഞ്ചതന്ത്രം pa~catantRaM *(nn,comp),* panchathantra (a treatise on ethics); പഞ്ചതന്ത്രത്തിലെ കഥകൾ അമ്മൂമ്മ പറഞ്ഞുതന്നു

പഞ്ചഭൂതം pa~cabhuutaM *(nn),* five elements namely earth water, sky, light & air; പഞ്ചഭൂതങ്ങളേയും അവൾ ധ്യാനിച്ചു

പഞ്ചവാദ്യം pa~cavaadyaM *(nn,comp),* five kinds of musical instruments; അവിടെ പഞ്ചവാദ്യത്തിന്റെ മേളങ്ങൾ കേട്ടു

പഞ്ചസാര pa~csara *(nn),* sugar; ചായ ഉണ്ടാക്കാൻ പഞ്ചസാര വേണം

പഞ്ചാംഗം pa~caamgaM *(nn),* calendar; അവൾ പഞ്ചാംഗം നോക്കി

പഞ്ചാഗ്നി pa~cagni *(comp vb),* five fires including the sun which a devotee performs during penance; പഞ്ചാഗ്നിമധ്യത്തിൽ അവൾ തപസ്സുചെയ്തു

പഞ്ചായത്ത് pa~caayattə *(nn),* Panchayat; അയാൾ പഞ്ചായത്ത് ഭരിച്ചു

പഞ്ചേന്ദ്രിയങ്ങൾ pa~ceentRiyaŋŋaL *(nn,comp),* five organs of sense namely eye, ear, nose, mouth, and skin;

പഞ്ചേന്ദ്രിയങ്ങളും അയാൾ അടക്കി

പഞ്ഞം pa~~aM *(nn)*, famine; പഞ്ഞമുള്ള കാലത്ത് അവർ നാടുപേക്ഷിച്ചു

പഞ്ഞപ്പുല്ല് pa~~appullə *(nn,comp)*, Ragi; അമ്മ പഞ്ഞപ്പുല്ല് കൊണ്ട് കഞ്ഞി വച്ചു

പഞ്ഞി pa~~i *(nn)*, cotton; മുറിവു വച്ചുകെട്ടാൻ കുറച്ചു പഞ്ഞി വേണമായിരുന്നു

പട paTa *(nn)*, army; പടയെപേടിച്ച് പന്തളത്തു ചെന്നപ്പോൾ പന്തം കൊളുത്തി പട

പട paTa *(nn)*, war; അവർ പട നീക്കം നടത്തി

പടം paTaM *(nn)*, picture; അവൻ അയാളുടെ ഒരു പടം വരച്ചു

പടം paTaM *(nn)*, cinema; മമ്മൂട്ടി ആ പടത്തിൽ അഭിനയിച്ചു

പടം paTaM *(nn)*, expanded hood of snake; മൂർഖൻ പാമ്പ് പടം വിരിച്ചു നിന്നു

പടം paTaM *(nn)*, discarded skin of snake; ചില കാലങ്ങളിൽ പാമ്പിന്റെ പടം ഉതിർന്നു പോകുന്നു

പടംപിടിക്ക് paTaMpiTikkə *(comp vb)*, take photograph; അവൾ പടം പിടിക്കുന്നു

പടക്കം paTakkaM *(nn)*, crackers; അവൻ പടക്കം പൊട്ടിച്ചു

പടക്കപ്പൽ paTakkappal *(nn,comp)*, war ship; പടക്കപ്പൽ ദൂരെ ചക്രവാളത്തിൽ കാണപ്പെട്ടു

പടക്കുതിര paTakkutira *(nn,comp)*, battle horse; പടക്കുതിര ഓടുന്നു

പടക്കോപ്പ് paTakkoppə *(nn,comp)*, armaments; അവർ യുദ്ധത്തിൽ തോറ്റപ്പോൾ പടക്കോപ്പുകൾ ഉപേക്ഷിച്ചു ഓടിപ്പോയി

പടച്ചട്ട paTaccaTTa *(nn)*, armour; അവൻ യുദ്ധത്തിനു മുമ്പ് പടച്ചട്ട അണിഞ്ഞു

പടച്ചോൻ paTacoon *(nn)*, God; പടച്ചോന്റെ കൃപകൊണ്ട് രക്ഷപ്പെട്ടു

പടനായകൻ paTanaayakan *(nn,comp)*, commander of an army; ഇരവിക്കുട്ടിപ്പിള്ള ആയിരുന്നു യുദ്ധത്തിൽ പടനായകൻ

പടനിലം paTanilaM *(nn,comp)*, battle field; പടനിലങ്ങളി ലൂടെ അവർ നടന്നു.

പടയാളി paTayaaLi *(nn)*, warrior; പടയാളി യുദ്ധം ചെയ്യുന്നു

പടയോട്ടം paTayooTTaM *(nn,comp)*, battle movement; ടിപ്പുസുൽത്താന്റെ പടയോട്ടം പാലക്കാട്ട് വരെ എത്തിയിരുന്നു

പടയ്ക്ക് paTaykkə *(vt)*, create; പടച്ചോൻ മനുഷ്യനെ പടയ്ക്കുന്നു

പടർ paTarə *(vi)*, spread; രോഗം നാടുമുഴുവൻ പടർന്നു

പടർ paTarə *(vi)*, scatter; തറയിൽ വീണ എണ്ണ എല്ലായിടത്തും പടർന്നു

പടർ paTarə *(vi)*, climb up; മുല്ലവള്ളികൾ മുകളിലേയ്ക്കു പടർന്നു കയറി

പടല paTala *(nn)*, bunch of plantain; അവൾ ഒരു പടല പഴം എടുത്തു

പടലം paTalaM *(nn)*, canto; കാവ്യത്തിന്റെ ഒന്നാം പടലം വായിച്ചു

പടലം paTalaM *(nn)*, thin film covering something; കണ്ണിൽ നേർത്ത ഒരു പടലം മൂടി

പടവലം paTavalaM *(nn)*, snake gourd plant; പടവലത്തിൽ പടവലങ്ങ ഉണ്ടായി

പടവലങ്ങ paTavalaṉṉa *(nn)*, snake gourd; പടവലങ്ങ തോരൻ എനിക്കിഷ്ടമാണ്

പടവ് paTavə *(nn)*, stone steps; പടവുകളിലൂടെ അയാൾ ഇറങ്ങിവന്നു

പടഹം paTahaM *(nn)*, sound of little drum; പടഹധ്വനികൾ അവിടെ ഉയർന്നുകേട്ടു

പടറ്റി paTaRRi *(nn)*, kind of plantain; പടറ്റി അവന് ഇഷ്ടമായിരുന്നു

പടി paTi *(nn)*, stair case steps; പടികളിലൂടെ അയാൾ കയറിപ്പോയി

പടി paTi *(nn)*, T.A. D.A.,; അയാൾക്ക് യാത്രപ്പടി കിട്ടി

പടിഞ്ഞാറ് paTi~~aaRə *(nn)*, west; ഇന്ത്യയുടെ പടിഞ്ഞാറ് ഭാഗത്ത് അറബിക്കടലാണ്

പടിപ്പുര paTippura *(nn,comp)*, gate house; പടിപ്പുരയിൽ ആരോ വന്നിരിക്കുന്നു

പടു paTu *(adj)*, utter fool; അയാൾ പടു വിഡ്ഢിയാണ്

പടുകിഴവൻ paTukiZavan *(nn,comp)*, very old person; പടുകിഴവൻ ആയ ഒരു ബ്രാഹ്മണൻ അതുവഴി പോയി

പടുക്ക paTukka *(nn)*, sleeping bed; അയാൾ പടുക്കയും എടുത്തു നടന്നു

പടുതാ paTutaa *(nn)*, curtain; അവൾ പെട്ടെന്ന് പടുതായ്ക്കുള്ളിൽ ഒളിച്ചു

പടുത്വം paTutvaM *(nn)*, smartness; അയാൾക്ക് നല്ല പടുത്വം ഉണ്ടായിരുന്നു

പടുമുള paTumuLa *(nn,comp)*, ruined tendershoot; പടുമുളകൾ വേഗം കരിഞ്ഞുപോയി

പടുവങ്കനായ paTuvaṉkanaaya *(nn,comp)*, good for nothing fellow; പടുവങ്കനായ അയാൾ ഒരു വിഡ്ഢിത്തം കാട്ടി

പട്ട paTTa *(nn)*, bark of trees; കറുവാപ്പട്ട ഒരു സുഗന്ധദ്രവ്യമാണ്

പട്ട paTTa *(nn),* coconut leaf; തേങ്ങോവെട്ടുകാരൻ തെങ്ങിന്റെ പട്ട എടുത്തു മാറ്റി

പട്ട paTTa *(nn),* iron rim; ചക്രത്തിന്റെ ഇരുമ്പുകൊണ്ടുള്ള പട്ട മാറ്റി

പട്ട paTTa *(nn),* cheap liquor; അയാൾ പട്ട കുടിച്ചു

പട്ടം paTTaM *(nn),* title of kings & priests; അദ്ദേഹത്തിന് സാർ പട്ടം കിട്ടി

പട്ടണം paTTaNaM *(nn),* town; ഞാൻ പട്ടണങ്ങൾ തോറും അലഞ്ഞു നടന്നു

പട്ടക്കാരൻ paTTakkaaran *(nn,comp),* Christian priest; പട്ടക്കാരൻ കുറെ ഉപദേശങ്ങൾ നല്കി

പട്ടച്ചാരായം paTTacaaraayaM *(nn,comp),* alcohol; പട്ടച്ചാരായം കുടിച്ച് അയാൾക്ക് ബോധം കെട്ടു

പട്ടട paTTaTa *(nn),* funeral pyre; പട്ടട വരെ മാത്രമേ എല്ലാ ബന്ധങ്ങളും ഉള്ളൂ

പട്ടൻ paTTan *(nn),* tamil brahmin; അയാൾ ഒരു പട്ടനാണ്

പട്ടമഹിഷി paTTamahi$i *(nn),* main queen; രാജാവിന്റെ പട്ടമഹിഷിയാണ് അവൾ

പട്ടയം paTTayaM *(nn),* right to hold a land as given by government; അവർക്ക് പട്ടയം കിട്ടി

പട്ടാണി paTTaaNi *(nn),* kind of beans; പട്ടാണിക്കടല കൊണ്ട് ഒരു കറിയുണ്ടാക്കി

പട്ടാണിക്കടല paTTaaNikkaTala *(nn),* pea; പട്ടാണിക്കടല എനിക്കിഷ്ടമാണ്

പട്ടാപ്പകൽ paTTaappakal *(nn,comp),* mid day; പട്ടാപ്പകൽ കൊള്ള നടന്നു

പട്ടാഭിഷേകം paTTaabhi$eekaM *(nn),* coronation of a king; രാജാവിന്റെ പട്ടാഭിഷേകം ഇപ്പോൾ നടക്കാറില്ല

പട്ടാളം paTTaaLaM *(nn),* military; അവന്റെ അച്ഛൻ പട്ടാളത്തിലാണ്

പട്ടി paTTi *(nn),* dog; പട്ടി കുരയ്ക്കുന്നു

പട്ടിക paTTika *(nn),* table; സാധനങ്ങളുടെ വിലയുടെ വിവരപ്പട്ടിക കടയിലുണ്ട്

പട്ടികജാതി paTTikajaati *(nn,comp),* scheduled caste; അയാൾ ഒരു പട്ടികജാതിക്കാരനാണ്

പട്ടിണി paTTiNi *(nn),* starvation; അവൾ പട്ടിണി കിടന്നു മരിച്ചു

പട്ടിണികിടക്ക് paTTiNikiTakkə *(vi),* starve; മനുഷ്യന് എത്രകാലം പട്ടിണി കിടക്കാൻ കഴിയും

പട്ടീസ് paTTiisə *(nn),* kind of long narrow cloth used to wrap the ankles; അവൾ കാലിലെ വേദന മാറ്റാൻ പട്ടീസ് ധരിച്ചു

പട്ടുചേല paTTuceela *(nn,comp),* silk saree; അവർ കല്യാണത്തിനു ഒരു പട്ടുചേല അണിഞ്ഞു

പട്ടുനൂൽപ്പുഴു paTTunuulppuZu *(nn),* silkworm; മൾബറിയുടെ ഇലകളിൽ പട്ടുനൂൽപ്പുഴുക്കൾ ഇഴഞ്ഞു നീങ്ങുന്നു

പട്ടുനൂൽ paTTunuul *(nn,comp),* silk thread; പട്ടുനൂൽ കൊണ്ട് നെയ്തെടുത്ത സാരി

പട്ട് paTTə *(nn),* silk; അയാൾ അവൾക്ക് ഒരു പട്ടുസാരി വാങ്ങി

പഠനം paThanaM *(nn),* reading; അയാൾ പഠനം മതിയാക്കി

പഠിക്ക് paThikkə *(vt),* study; മധു നന്നായി പഠിക്കും

പഠിക്ക് paThikkə *(vt),* read; അവൾ എം.എസിക്ക് പഠിക്കുന്നു

പഠിക്ക് paThikkə *(vt),* learn; പൂജാരി വേദം പഠിക്കുന്നു

പഠിപ്പിക്ക് paThippikkə *(vt),* teach; അധ്യാപകൻ വിദ്യാർഥികളെ പഠിപ്പിക്കുന്നു

പണം paNaM *(nn),* cash; പണം ചെലവഴിക്കാനുള്ളതാണ്

പണക്കാരൻ paNakkaaran *(nn,comp),* rich man; അയാൾ പണക്കാരനായത് സമീപ കാലത്താണ്

പണക്കിഴി paNakkiZi *(nn),* bundle of money; അയാൾ ആ പണക്കിഴി ഒളിച്ചു വച്ചു

പണയം paNayaM *(nn),* mortgage; അയാൾ സ്വർണ്ണാഭരണങ്ങൾ പണയം വച്ചു

പണയക്കാരൻ paNayakkaaran *(nn,comp),* one who borrows money on mortgage; അയാൾ പണയക്കാരനാണ്

പണയാധാരം paNayaadhaaraM *(nn,comp),* mortgage deed; പണയാധാരം കൈമാറിയപ്പോൾ അയാൾക്കു പണം കിട്ടി

പണി paNi *(nn),* work; അയാൾ ഒരു പണിയും ചെയ്യുന്നില്ല

പണിക്കാരൻ paNikkaaran *(nn,comp),* worker; അയാൾ നല്ല പണിക്കാരനായിരുന്നു

പണിക്കൂലി paNikkuuli *(nn,comp),* wage; അയാൾ പണിക്കാർക്ക് പണിക്കൂലി കൊടുത്തു

പണിത്തരം paNittaraM *(nn,comp),* workmanship; നല്ല പണിത്തരങ്ങളൊക്കെയുള്ള ആളാണ് അയാൾ

പണിപ്പുര paNippura *(nn,comp),* workshop; കൊല്ലൻ പണിപ്പുരയിൽ പണിയെടുക്കുന്നു

പണിപ്പെട് paNippeTə *(vi),* be worried and in difficulty; അയാൾ ജീവിക്കാൻ വളരെ പണിപ്പെടുന്നു

പണിമുടക്ക് paNimuTakkə *(vi)*, strike; ഇന്നു മുതൽ ഇവിടെ പണിമുടക്കാണ്

പണിയ് paNiyə *(vt)*, build; ഞാൻ ഒരു പുതിയകെട്ടിടം പണിയുന്നു

പണ്ടം paNTaM *(nn)*, ornament; അയാൾ പണ്ടം പണയം വച്ചു

പണ്ടകശ്ശാല paNTakaSSaala *(nn,comp)*, godown; പണ്ടകശാലയിൽ സാധനങ്ങൾ സംഭരിച്ചു വച്ചു

പണ്ടാരവക paNTaaravaka *(nn,comp)*, Government property; പണ്ടാരവക സ്വത്തിൽ അതിക്രമിച്ചു കടന്നു

പണ്ട് paNTə *(adv)*, olden days; പണ്ട് ഒരു രാജാവുണ്ടായിരുന്നു

പണ്ഡിതൻ paNDhitan *(nn)*, scholar; യഥാർത്ഥ പണ്ഡിതൻ എപ്പോഴും വിനയാന്വിതനായിരിക്കും

പത pata *(nn)*, foam; സോപ്പിന് നല്ല പതയുണ്ട്

പതം pataM *(nn)*, softness; പതം വരുന്നതും വരെ അയാൾ തല്ലി

പതവും പക്വതയും വന് patavum pakvatayum varə *(vi)*, become learned and moderate; പതവും പക്വതയും വരുന്നതു വരെ അവന് ഒന്നും മനസ്സിലായില്ല

പതക്കം patakkaM *(nn)*, locket; അയാൾക്ക് ഒരു പതക്കം സമ്മാനമായി കിട്ടി

പതനം patanaM *(nn)*, decline; ജോലിയിൽ നിന്നു പുറത്താക്കൽ വലിയ ഒരു പതനമായിരുന്നു

പതയ് patayə, *(vi)*, emit foam; അവർ സോപ്പ് വെള്ളത്തിൽ പതയുന്നു

പതയ്ക്ക് pataykkə *(vi)*, make a foam; നീർച്ചാലിൽ വെള്ളം പതയ്ക്കുന്നു

പതർച്ച pataRcca *(nn)*, perplexity; അവന്റെ പതർച്ച കണ്ട് പോലീസുകാരന് സംശയം തോന്നി

പതറ് pataRə *(vi)*, be puzzled; പോലീസിന്റെ മുമ്പിൽ അവൻ വല്ലാതെ പതറി

പതാക pataaka *(nn)*, flag; അയാൾ വിജയപതാക ഉയർത്തി

പതി pati *(nn)*, husband; പതിയോട് ചേർന്നവൾ പത്നി

പതിക്ക് patikkə *(vi)*, fall; ജലത്തുള്ളികൾ ഭൂമിയിൽ പതിച്ചു

പതിച്ചി paticci *(nn)*, mid wife; പതിച്ചി വന്ന് പ്രസവമെടുത്തു

പതിഞ്ഞ pati~~a *(adj)*, meek; പതിഞ്ഞ ശബ്ദത്തിൽ അയാൾ സംസാരിക്കുന്നു

പതിഞ്ഞ pati~~a *(adj)*, impressed; സീതാദേവിയുടെ കാലുകൾ പതിഞ്ഞ പാറ ജനങ്ങൾ നമസ്ക്കരിച്ചു

പതിനഞ്ച് patina~cə *(nn,num)*, fifteen; പതിനഞ്ചാമത്തെ വയസ്സിലാണ് മെട്രിക്കുലേഷൻ പരീക്ഷ പാസാകുന്നത്

പതിനായിരം patinaayiraM *(nn,num)*, ten thousand; പതിനായിരക്കണക്കിന് ജനങ്ങൾ യോഗത്തിൽ പങ്കെടുത്തു

പതിനാല് patinaalə *(nn,num)*, fourteen; ഈ വള്ളത്തിൽ കുറഞ്ഞത് പതിനാലു പേർക്ക് ഇരിക്കാം

പതിനാറ് patinaaRə *(nn,num)*, sixteen; പത്ത് ആൺകുട്ടികളും പതിനാറ് പെൺകുട്ടികളും ഞങ്ങളുടെ ഗ്രൂപ്പിലുണ്ടായിരുന്നു

പതിനെട്ട് patineTTə *(nn,num)*, eighteen; പതിനെട്ട് പുരാണങ്ങളും വായിച്ചിട്ടുണ്ടോ

പതിനേഴ് patineeZə *(nn,num)*, seventeen; അവളുടെ പ്രായം മധുരപ്പതിനേഴാണ്

പതിനൊന്നാമത്തെ patinonnaamatte *(nn,num)*, eleventh; പതിനൊന്നാമത്തെ ബസ്സിലെ രോഗിക്ക് ബോധമില്ല

പതിനൊന്ന് patinonnə *(nn,num)*, eleven; ഈ തെരുവിൽ പതിനൊന്ന് കുടുംബങ്ങൾ താമസിക്കുന്നു

പതിപ്പിക്ക് patippikkə *(vt)*, stick; അവിടെ ഒരു ചിത്രം ചുവരിൽ പതിപ്പിക്കുന്നു

പതിപ്പ് patippə *(nn)*, edition; പുസ്തകത്തിന്റെ പുതിയ പതിപ്പിറങ്ങിയിട്ടില്ല

പതിമൂന്ന് patimuunnə *(nn)*, thirteen; പതിമൂന്ന് അശുഭമായ അക്കമാണെന്ന് ചിലർ വിശ്വസിക്കുന്നു

പതിര് patirə *(nn)*, chaff; നെല്ലും പതിരും വേർതിരിക്കുന്നു

പതിവ് pativə *(nn)*, custom; എല്ലാം പതിവുപോലെ നടക്കുന്നു

പതിവ്രത pativRta *(nn)*, faithful wife; അവൾ പതിവ്രതയാണ്

പതുക്കെ patukke *(adv)*, slowly; വാഹനം പതുക്കെ നീങ്ങി

പതുക്ക് patukkə *(vt)*, keep as a secret; അയാൾ എല്ലാം പതുക്കി വച്ചു

പതുങ്ങ് patuNNə *(vi)*, crouch; അയാൾ അവിടെ പതുങ്ങി നിന്നു

പതുപതുപ്പ് patupatuppə *(adj),* softness; നല്ല പതുപതുപ്പുള്ള മണ്ണാണിത്

പത്തൽ pattal *(nn),* stake used to make fence; പത്തലെടുത്ത് അയാൾ പശുവിനെ ഓടിച്ചു

പത്തായം pattaayaM *(nn),* granary; എലി പത്തായത്തിൽ കടന്നു പരിശോധിച്ചു

പത്തി patti *(nn),* row; ഒന്നാം പത്തിയിലുള്ള കാര്യം

പത്തി patti *(nn),* expanded hood of a snake; പാമ്പിന്റെ പത്തി വിടർത്തി

പത്തി patti *(nn),* plam of hand; കൈയ്യുടെ പത്തിയാണ് വോട്ടു ചെയ്യാനുള്ള ഒരു അടയാളം

പത്തിരി pattiri *(nn),* kind of cake made of rice; വീട്ടിൽ പത്തിരി ഉണ്ടാക്കി

പത്തുകോടി pattukooTi *(nn),* one hundred million; പത്തുകോടി ജനങ്ങൾ ഈ സംസ്ഥാനത്തുണ്ട്

പത്തേമാരി patteemaari *(nn),* kind of big boat; കടലിൽ ഒരു പത്തേമാരി കണ്ടു

പത്തൊമ്പത് pattombatə *(nn,num),* nineteen; പത്തൊമ്പത് അംഗങ്ങളുള്ള ഒരു കമ്മിറ്റിയാണ് തീരുമാനങ്ങൾ എടുക്കുന്നത്

പത്ത് pattə *(nn,num),* ten; പത്തും പത്തും ഇരുപത്

പന്ഥാവ് patthaavə *(nn),* path; അയാൾ ആ പന്ഥാവിലൂടെ നീങ്ങി

പഥ്യം patthyaM *(nn),* diet in accordance to the medicine; വൈദ്യൻ പറഞ്ഞ പഥ്യമെല്ലാം എടുത്തു

പത്നി patni *(nn),* wife; കുചേലന്റെ പത്നി അവൽ തയ്യാറാക്കി

പദ്മം patmam *(nn),* lotus; പദ്മത്തിൽ ഇരിക്കുന്ന ബ്രഹ്മാവിന്റെ നാഭിയിൽ നിന്ന് ഈശ്വരൻ ഉണ്ടായി

പദ്മനാഭൻ patmanaabhan *(nn),* Lord vishnu; പദ്മനാഭൻ പള്ളി കൊണ്ട് കിടക്കുന്നു

പദ്മാസനം patmaasanaM *(nn),* posture in yoga; അയാൾ പദ്മാസനത്തിൽ ഇരുന്നു

പദ്മരാഗം patmaraagaM *(nn),* ruby; പദ്മരാഗം മനോഹരമായ രത്നമാണ്

പദ്മവ്യൂഹം patmavyuuhaM *(nn,comp),* arrangement of army in the shape of lotus flower; അഭിമന്യു പദ്മവ്യൂഹം ഭേദിച്ചു

പത്രം patRaM *(nn),* news paper; പത്രത്തിൽ വന്ന വാർത്ത

പത്രം patRaM *(nn),* leaf; ശകുന്തളയുടെ പത്രലേഖനം ദുഷ്യന്തനു വേണ്ടിയായിരുന്നു

പത്രം patRaM *(nn),* wing; പക്ഷിയുടെപത്രം ഒടിഞ്ഞുപോയി

പത്രം patRaM *(nn)*, stamp paper; പ്രമാണ പത്രത്തിൽ എഴുതി

പത്രപ്രവർത്തനം patRapRavaRttanaM *(nn)*, journalism; പത്രപ്രവർത്തനം സത്യസന്ധമായിരിക്കണം

പത്രാസ് patRaasə *(nn)*, pomposity; അയാളുടെ പട്ടവും പത്രാസും ആരും ഇഷ്ടപ്പെട്ടില്ല

പത്രിക patRika *(nn)*, letter; അവൾ ഒരു പത്രിക എഴുതി

പത്രിക patRika *(nn)*, news paper; ഇന്നത്തെ പത്രിക വന്നില്ല

പഥം pathaM *(nn)*, path; അയാൾ തന്റെ പഥത്തിലൂടെ സഞ്ചരിച്ചു

പദം padaM *(nn)*, word; എല്ലാ പദങ്ങൾക്കും അർഥമുണ്ട്

പദം padaM *(nn)*, foot step; ഓരോ പദവും ശ്രദ്ധാപൂർവ്വമായിരിക്കണം

പദം padaM *(nn)*, status; മന്ത്രി പദം നിലനിർത്താൻ കഠിനശ്രമം നടത്തി

പദം പാട് padaMpaadə *(nn)*, stanza in a poem; അവർ പദം പാടി നൃത്തം ചെയ്തു

പദവി padavi *(nn)*, rank; അയാൾ വലിയ പദവികളെ സ്വപ്നം കാണുന്നു

പദവി padavi *(nn)*, title; പദവിയും പണവും മാത്രമല്ല മനുഷ്യനെ നയിക്കേണ്ടത്

പദവിന്യാസം padavinyaasaM *(nn,comp)*, placing the feet; നർത്തകിയുടെ പദവിന്യാസത്തിനനുസരിച്ച് താളം പിടിച്ചു

പദവിന്യാസം padavinyaasaM *(nn,comp)*, placing the word in poetry; കവിതയിൽ പദവിന്യാസം ഒരു പ്രധാന ഘടകമാണ്

പദാർത്ഥം padaaRtthaM *(nn)*, material; എല്ലാ പദാർത്ഥങ്ങൾക്കും വിലയേറി

പദാർത്ഥം padaaRtthaM *(nn)*, matter; എല്ലാ പദാർത്ഥങ്ങൾക്കും മൂന്നവസ്ഥകൾ ഉണ്ടാകും

പദാവലി padaavali *(nn,comp)*, glossary; പദാവലി ക്രമരഹിതമായിരുന്നു

പദ്ധതി paddhati *(nn)*, plan; അയാളുടെ പദ്ധതി പൊളിഞ്ഞു

പദ്യം padyaM *(nn)*, poetry; അവൻ ഒരു പദ്യം രചിച്ചു

പന pana *(nn)*, palmyra tree; പനയിൽ ചെത്തുകാരൻ കയറി

പനങ്കള്ള് panankaLLə *(nn)*, liquor from palm tree; പനയിൽ നിന്ന് പനങ്കള്ള് ഇടുക്കുന്നു

പനങ്കുല panaṉkula *(nn,comp)*, bunch of palmyra fruits; പനങ്കുല കാണാൻ മനോഹരമാണ്

പനയോല panayoola *(nn)*, palm leaf; പനയോല പണ്ട് എഴുതാനുള്ള വസ്തുവായി ഉപയോഗിച്ചു

പനി pani *(nn)*, fever; എനിക്ക് ഇന്നലെ പനിയായിരുന്നു

പനിക്ക് panikkə *(vi)*, be feverish; അവൾക്ക് പനിക്കുന്നു

പനിനീർ paniniiR *(nn)*, rose water; കല്യാണത്തിനു വന്നവരെ പനിനീർ തളിച്ച് സ്വീകരിച്ചു

പനിമതി panimati *(nn)*, moon; പനിമതി മാനത്ത് പുഞ്ചിരിച്ചു

പന്തം pantaM *(nn)*, torch; പകൽ ആരും പന്തം കത്തിക്കാറില്ലല്ലോ

പന്തയം pantayaM *(nn)*, bet; പന്തയത്തിൽ ആമ ജയിച്ചു

പന്തലിക്ക് pantalikkə *(vi)*, grow and spread in all directions; പയറുവള്ളികൾ ഇവിടെ പന്തലിക്കുന്നു

പന്തൽ pantal *(nn)*, pandal; വീട്ടു മുറ്റത്ത് ഒരു പന്തലിട്ടു

പന്തി panti *(nn)*, row; ഒന്നാം പന്തിയിൽ അവർ ഇരുന്നു

പന്ത് pantə *(nn)*, ball; കുട്ടികൾ പന്ത് എറിയുന്നു

പന്ത്രണ്ട് pantRaNTə *(nn,num)*, twelve; ഒരു ഡസൺ എന്നാൽ പന്ത്രണ്ട് എണ്ണമാണ്

പന്നഗം pannagaM *(nn)*, snake; കേരളത്തിലെ ജനങ്ങൾ പന്നഗത്തിനെ ആരാധിക്കുന്നു

പന്നച്ചെടി pannacceTi *(comp n)*, fern; പന്നച്ചെടികൾ ഇവിടെ ധാരാളം വളർന്നു കിടക്കുന്നു

പന്നി panni *(nn)*, pig; പന്നികൾ ചെളിയിൽ കളിക്കുന്നു

പന്നിത്തേറ്റ pannitteeRRa *(comp n)*, pig's tusk; പന്നിത്തേറ്റ കൊണ്ട് മുറിഞ്ഞു

പന്നിയിറച്ചി panniyiRacci *(nn)*, pork; ഞാൻ പന്നിയിറച്ചി കഴിച്ചിട്ടില്ല

പന്നിയെലി panniyeli *(nn)*, bandicoot; പറമ്പിൽ കുറെ പന്നിയെലികളുണ്ട്

പമ്പ pamba *(nn)*, important river in Kerala; പമ്പയിൽ കുളിച്ച് അവർ മലകയറി

പമ്പരം pambaraM *(nn)*, top; കുട്ടി പമ്പരം വാങ്ങി

പമ്പ് pambə *(nn)*, pump; അയാൾ പമ്പ് ശരിയാക്കി

പപ്പടം pappaTaM *(nn)*, papad; പപ്പടം പൊടിച്ച് കഴിച്ചു

പപ്പായ pappaya *(nn)*, pappaya; പപ്പായ മരത്തിൽ പപ്പയ്ക്ക പഴുത്തു കിടക്കുന്നു

പമ്മ് pammə *(vi)*, crouch; അയാൾ അവിടെ പമ്മി നിന്നു

പയർ payaR *(nn)*, beans; തോട്ടത്തിൽ പയർ വിളഞ്ഞു കിടക്കുന്നു

പെരുംപയർ perumpayaR *(nn),* french beans; പെരുംപയർ വള്ളി പടർന്നു

പയറ്റ് payaRRə *(vi),* excercise in arms; ഒതേനൻ പയറ്റ് നടത്തി

പയ്യെ payye *(adv),* slowly; അയാൾ പയ്യെ നടന്നു

പര para *(adj),* other; എനിക്ക് പരസഹായം ഇല്ലാതെ നടക്കാൻ പറ്റില്ല

പരകായം parakaayaM *(nn,comp),* another body; അയാളുടെ ആത്മാവ് പരകായത്തിൽ പ്രവേശിച്ചു

പരക്ക് parakkə *(vi),* spread(physical); പ്രഭാതത്തിൽ വെളിച്ചം പരന്നു

പരക്ക് parakkə *(vi),* spread; ആ വാർത്ത എല്ലായിടത്തും പെട്ടെന്നു തന്നെ പരന്നു

പരന്ന paranna *(adj),* flat; ഒരു പരന്ന പാത്രത്തിൽ കുറേപ്പഴങ്ങൾ കൊണ്ടുവന്നു

പരമ്പര parambara *(nn),* lineage; പരമ്പരയിലെ ഒടുവിലത്തെ രാജാവായിരുന്നു അദ്ദേഹം

പരലുപ്പ് paraluppə *(nn,comp),* crystaline salt; പരലുപ്പിന്റെ വെള്ളം കറിയിലൊഴിച്ചു

പരവതാനി paravataani *(nn),* carpet; മന്ത്രി പരവതാനിയിലൂടെ നടന്നു വന്നു

പരിചയപ്പെട് paricayappeTə *(vt),* introduce; ഞങ്ങൾ കഴിഞ്ഞ ആഴ്ച പരിചയപ്പെട്ടു

പരിചയമുള്ളവൻ paricayamuLLavan *(nn),* acquaintance; എനിക്ക് പരിചയമുള്ളവനാണ് അയാൾ

പരിതാപകരമായ paritaapakaramaya *(adj),* pitiable; ഇപ്പോൾ അയാളുടെ നില വളരെ പരിതാപകരമായതാണ്

പരിശോധിക്ക് pariSoodhikkə *(vt),* check; അധ്യാപകൻ എല്ലാ നോട്ടുപുസ്തകങ്ങളും പരിശോധിക്കുന്നു

പരിശോധിക്ക് pariSoodhikkə *(vt),* examine; ഡോക്ടർ രോഗിയെ പരിശോധിക്കുന്നു

പരിശ്രമിക്ക് pariSRamikkə *(vi),* try; കുട്ടി നന്നായി പരിശ്രമിക്കുന്നു

പരിസരം parisaraM *(nn),* surrounding; വീടും പരിസരവും വൃത്തിയായി സൂക്ഷിക്കണം

പരുത്തി parutti *(nn),* cotton; അത് പരുത്തികൊണ്ടുള്ള വസ്ത്രമാണ്

പരുപരുത്ത paruparutta *(adj),* rough; പരുപരുത്ത സ്വഭാവക്കാരനായിരുന്നു അയാളെന്ന് പിന്നീടാണറിഞ്ഞത്

പരുപരുത്ത paruparutta *(adj),* coarse; ചുവരിന്റെ പ്രതലം പരുപരുത്തതായിരുന്നു

പർദ്ദ paRdda *(nn)*, purdha worn by muslim woman; കുഞ്ഞിപ്പാത്തുമ്മ പർദ്ദ അണിയാറില്ല

പർവ്വതം paRvvataM *(nn)*, mountain; ഇന്ത്യയുടെ വടക്കു ഭാഗത്തു ഹിമാലയപർവ്വതം സ്ഥിതി ചെയ്യുന്നു

പലക palaka *(nn)*, plank; രവി ഒരു പലകമേൽ ഇരുന്നു

പലിശ paliSa *(nn)*, interest; അയാൾ കൊള്ളപ്പലിശ വാങ്ങുന്നു

പല്ലി palli *(nn)*, lizard; പല്ലി ഒരു ഷഡ്പദത്തെ പിടിച്ചു

പല്ല് pallə *(nn)*, tooth; കുഞ്ഞിന്റെ വായിൽ പല്ലു മുളച്ചു

പല്ലിളിക്ക് palləiLikkə *(comp vb)*, grin; കുരങ്ങൻ പല്ലിളിച്ചു കാട്ടി

പള്ളി paLLi *(nn)*, church; ക്രിസ്ത്യാനികളുടെ പള്ളിയിൽ പ്രാർത്ഥനാഗീതം പാടുന്നു

പള്ളി paLLi *(nn)*, mosque; അവർ പള്ളിയിൽ നിസ്ക്കരിക്കാൻ പോയി

പഴം paZaM *(nn)*, fruit; അവന് പഴം വലിയ ഇഷ്ടമായിരുന്നു

പഴഞ്ചൊല്ല് paZa~collə *(nn)*, proverb; അമ്മയ്ക്കു ധാരാളം പഴഞ്ചൊല്ലുകൾ അറിയാം

പഴയ paZaya *(adj)*, old; അവിടെ പഴയ ഒരു ക്ഷേത്രമുണ്ട്

പഴുപ്പ് paZuppə *(nn)*, pus; മുറിവുകളിൽ നിന്ന് പഴുപ്പ് വരുന്നുണ്ടായിരുന്നു

പറക്ക് paRakkə *(vi)*, fly; പക്ഷികൾ ആകാശത്ത് പറക്കുന്നു

പറയ് paRayə *(vi)*, say; ഇപ്പോൾ പറയുക വയ്യ

പറിച്ചെടുക്ക് paRicceTukkə *(vt)*, pluck; കുട്ടി പൂക്കൾ പറിച്ചെടുക്കുന്നു

-പറ്റി paRRi *(in)*, about; അവർ പല കാര്യങ്ങളെ പറ്റി ചർച്ച ചെയ്തു

പാചകംചെയ്യാത്ത paakaMcayyatta *(adj)*, raw; പാചകം ചെയ്യാത്ത ഭക്ഷണപദാർഥങ്ങൾ ഭക്ഷിക്കരുത്

പാചകം paacakaM *(nn)*, cooking; അമ്മയുടെ പാചകം വളരെ നന്നായിരുന്നു

പാചകകല paacakakala *(nn)*, cookery; എനിക്ക് പാചക കല തീരെ വശമില്ല

പാട് paaTə *(nn)*, scar; കൈയ്യിൽ നിറയെ പാടാണ്

പാട് paaTə *(nn)*, difficulty; വളരെ പാട് പെട്ടാണ് അവനെ രക്ഷിച്ചത്

പാട് paaTə *(nn)*, suffering; കുഴിവെട്ടുന്നവർ വളരെ പാട്പെട്ട് കുഴിവെട്ടുന്നു

പാട് paaTə *(vi)*, sing; അവൻ നന്നായി പാടും

പാട്ട paaTTa *(nn)*, tin; ഒരു പാട്ടയിൽ ധാന്യം നിറച്ചു

പാട്ട് paattə *(vb)*, song; അവൻ നന്നായി പാട്ടു പാടുമായിരുന്നു

പാത്രം paatRaM *(nn)*, vessel; ഒരു ചെറിയ പാത്രം കൊണ്ടു വരൂ

പാദം paadaM *(nn)*, foot; അവന്റെ പാദം കഴുകി

പാദസരം paadsaraM *(nn)*, anklet; അവൾ പാദസരം അണിഞ്ഞിരുന്നു

പാമ്പ് paambə *(nn)*, snake; പാമ്പുകൾക്ക് മാളമുണ്ട്

പായ paaya *(nn)*, mat; അവൾ പായയിൽ കിടന്നു

പായൽ paayal *(nn)*, algae; കുളത്തിൽ നിറയെ പായലായിരുന്നു

പാരമ്പര്യം parambaryaM *(nn)*, tradition; പാരമ്പര്യത്തിന്റെ നിഷേധമാണ് അയാളുടെ കൃതികൾ

പാലം paalaM *(nn)*, bridge; പാലം കടക്കുന്നതുവരെ നാരായണ നാരായണ

പാലുകറക്ക് paalukaRkkə *(vt)*, milk the cow; അയാൾ പശുവിന്റെ പാലുകറക്കുന്നു

പാല് paalə *(nn)*, milk; പാല് ഒരു സമീകൃത ആഹാരമാണ്

പാവ paava *(nn)*, doll; കുട്ടിക്ക് കളിക്കാൻ പാവ വേണം

പാവാട paavaaTa *(nn)*, skirt; അവൾ പാവാട ഉടുത്തു

പാള paLa *(nn)*, fruit stalk of a palm with its calyx; കവുങ്ങിൽ നിന്ന് പാള വീണു

പാഴാക്ക് paaZaakkə *(vt)*, waste; ഒരു അവസരം പാഴാക്കാൻ അയാൾക്കു മനസ്സുവന്നില്ല

പാറ paaRa *(nn)*, rock; പാറ പൊടിഞ്ഞാണ് മണൽ ഉണ്ടാകുന്നത്

പിച്ചനടക്ക് piccanaTakkə *(comp n)*, walk with faltering steps; കുട്ടി പിച്ച നടക്കുന്നു

പിച്ചാത്തി piccaatti *(nn)*, kitchen knife; ഞാൻ പിച്ചാത്തികൊണ്ട് പച്ചക്കറികൾ അരിഞ്ഞു

പിച്ച് piccə *(vt)*, pinch; കുട്ടിയെ കൂട്ടുകാരൻ പിച്ചി

പിഞ്ഞാണം pi~~aaNaM *(nn)*, porcelain; പിഞ്ഞാണത്തിൽ അല്പം പഞ്ചസാര വേണം

പിഞ്ഞാണം pi~~aaNaM *(nn)*, china pottery; ചൈന പിഞ്ഞാണംകൊണ്ടു അനവധി കാഴ്ച വസ്തുക്കൾ നിർമ്മിക്കുന്നു

പിടക്കോഴി piTakkooZi *(nn)*, hen; പിടക്കോഴി മുട്ടയിടുന്നു

പിടലി piTali *(nn)*, back; അയാളുടെ പിടലിക്ക് വേദന അനുഭവപ്പെട്ടു

പിടിക്ക് piTikkə *(vt)*, catch; നിലത്തു വീഴുന്നതിനു മുമ്പെ പന്ത് അയാൾ പിടിച്ചു

പിടിച്ചടക്ക് piTiccaTakkə *(vt)*, seize; അക്ബർ ആ പ്രദേശം പിടിച്ചടക്കി

പിണ്ഡം piNDaM *(nn)*, mass; പദാർത്ഥത്തിന്റെ പിണ്ഡം അളക്കുന്നതെങ്ങിനെയാണ്?

പിത്തം pittaM *(nn)*, bile; വാതം, പിത്തം, കഫം എന്നിവ ത്രിദോഷങ്ങളാണ്

പിന്നെ pinne *(adv)*, then; അവിടെ നൃത്തത്തിനുപോയശേഷം പിന്നെ അയാളെ കണ്ടിട്ടില്ല

പിൻവലിക്ക് pinvalikkə *(vt)*, withdraw; മുഖ്യമന്ത്രി തന്റെ അഭിപ്രായം പിൻവലിച്ചു

പിന്ന് pin *(nn)*, pin; ഒരു ചെറിയ പിന്നു കൊണ്ട് അയാൾ കുത്തി

പിരിക്ക് pirikkə *(vt)*, twist; രാമൻ ആ ലോഹദണ്ഡ് പിരിച്ചു

പിരിയ് piriyə *(vi)*, twist; ചൂടുകൊണ്ട് കമ്പി പിരിയുന്നു

പിശാച് piSaacə *(nn)*, satan; പിശാച് പാമ്പിന്റെ രൂപത്തിൽ വന്ന് ആദത്തോട് വിലക്കപ്പെട്ട കനി ഭക്ഷിക്കാൻ പറഞ്ഞു

പിശുക്കനായ piSukkanaaya *(adj)*, stingy; വളരെ പിശുക്കനായ മനുഷ്യനാണ് അയാൾ

പിളർക്ക് piLaRkkə *(vt)*, break; പഴയ ചുമർ പിളർക്കണം

പിഴ piZa *(nn)*, fine; താമസിച്ചതിന് പിഴയടക്കണം

പിഴയ്ക്കാതെ piZykkaate *(in)*, without fail; ഒന്നും പിഴയ്ക്കാതെ എല്ലാം ചെയ്തുതീർത്തു

പിഴിയ് piZiyə *(vt)*, squeeze; രാധ പഴങ്ങളുടെ ചാറ് പിഴിയുന്നു

പിഴിയ് piZiyə *(vt)*, wring; അവൾ തുണി പിഴിഞ്ഞു

പിറകിൽ piRakil *(adj)*, back; പിറകിലേക്ക് തിരിഞ്ഞു നോക്കരുത്

പിറക്ക് piRakkə *(vi)*, be born; നങ്ങേലിക്ക് ഒരുണ്ണി പിറന്നു

പിറന്നാൾ piRannaL *(nn)*, birth day; എന്റെ പിറന്നാൾ ഒരിക്കലും ആഘോഷിക്കാറില്ല

പിറവി piRavi *(nn)*, birth; അവന്റെ പിറവിയറിഞ്ഞ് പണ്ഡിതന്മാർ വന്നെത്തി

പിറുപിറുക്ക് piRupiRukkə *(vi)*, murmur; എന്തിനാണ് അയാൾ പിറുപിറുക്കുന്നത്

പീള piiLa *(nn)*, secretion in the eyes; അയാളുടെ കണ്ണിൽ പീള കെട്ടി

പുക puka *(nn)*, smoke; മുറിയിൽ സിഗരറ്റിന്റെ പുക കാരണം ഇരിക്കാൻ വയ്യ

പുകക്കുഴൽ pukakkuZal *(nn)*, chimney; പുകക്കുഴലിലൂടെ പുകവരുന്നു

പുകയില pukayila *(nn)*, tobacco; പുകയിലയിൽ നിക്കോട്ടിൻ എന്ന വിഷവസ്തു അടങ്ങിയിരിക്കുന്നു

പുകയ് pukayə *(vi)*, smoke; വീട്ടിനുള്ളിൽ തീ പുകയുന്നു

പുകഴ്ത്ത് pukaZttə *(vt)*, praise; പുകഴ്ത്തുന്നതു കേൾക്കാൻ പലർക്കും ഇഷ്ടമാണ്

പുച്ഛിക്ക് pucchikkə *(vt)*, look down upon; അയാൾ എല്ലാവരെയും പുച്ഛിക്കുന്നു

പുഞ്ചിരിക്ക് pu~cirikkə *(vi)*, smile; കുട്ടി മനോഹരമായി പുഞ്ചിരിക്കുന്നു

പുതപ്പ് putappə *(nn)*, blanket; തണുപ്പുകാലത്ത് പുതപ്പ് അത്യാവശ്യമാണ്

പുതിയ putiya *(adj)*, new; അത് പുതിയ ഒരുതരം വസ്ത്രമാണ്

പുതുവർഷം putuvaR$aM *(adj)*, new year; പുതുവർഷത്തിന്റെ പുലരിയിൽ അയാൾ വന്നു

പുത്തനായ puttanaaya *(adj)*, novice; പുത്തനായ അനുഭവങ്ങൾക്ക് വേണ്ടിയാണ് അയാൾ യാത്ര ചെയ്യുന്നത്

പുനഃസ്ഥാപിക്ക് punasthaapikkə *(vt)*, replace; ഗ്രാമത്തിലെ വായനശാല പുനഃസ്ഥാപിക്കുവാനുള്ള ശ്രമം നടന്നില്ല

പുന്ന punna *(nn)*, tree (calophyllum inophyllum); പുന്ന പൂത്തു, പൂമണം പരന്നു

പുരാതനകാലം puraatanakaalaM *(nn)*, ancient; പുരാതനകാലത്ത് മനുഷ്യർ ഗുഹകളിൽ താമസിച്ചിരുന്നു

പുരികം purikaM *(nn)*, eye brow; കണ്ണിൽ തട്ടേണ്ടത് പുരികത്തിൽ തട്ടി

പുരുഷലിംഗം puru$aliMgaM *(nn)*, penis; പുരുഷലിംഗത്തിന്റെ അഗ്ര ചർമ്മം നീക്കം ചെയ്യുന്ന കർമ്മത്തിന് പരിച്ഛേദന കർമ്മം എന്നു പറയുന്നു

പുരോഹിതൻ puroohitan *(nn)*, priest; പുരോഹിതൻ പ്രാർത്ഥന തുടങ്ങി

പുലർ pularə *(vt)*, day breaks open; നേരം പുലരാൻ ഇനി കുറച്ചു സമയമേയുള്ളൂ

പുലി puli *(nn)*, tiger; പുലി അതിന്റെ ഇരയെ കടിച്ചു കീറി

പുല്ല് pullə *(nn)*, grass; പശു പുല്ല് തിന്നുന്നു

പുല്ല് തിന്ന് pullətinnə *(nn)*, graze the grass; ആടുമാടുകൾക്ക്

പുല്ലു തിന്നുന്നതിന് പ്രത്യേകം സ്ഥലം ഉണ്ടാക്കി

പുസ്തകം pustakaM *(nn)*, book; അയാൾ ഒരു പുസ്തകം എഴുതി

പുളി puLi *(nn)*, tamarind; പുളി ഉപയോഗിച്ചു മീൻകറി വച്ചു

പുളി puLi *(nn)*, tamarind tree; പുളിമരത്തിൽ നിറയെ പുളിയാണ്

പുളിക്കുന്ന puLikkunna *(adj)*, sour; പുളിക്കുന്ന ഒരു ദ്രാവകമാണ് അവർ കുടിക്കാൻ തന്നത്

പുള്ളിപ്പുലി puLLippuli *(nn)*, leopard; പുള്ളിപ്പുലികളുടെ ശരീരത്തിൽ പുള്ളിയുണ്ട്

പുഴുങ്ങ് puZuṇṇə *(vt)*, boil; കപ്പ പുഴുങ്ങി ഞങ്ങൾ കഴിച്ചു

പുറം puRaM *(adj)*, outside; പുറത്തുനിന്നു വരുന്ന ആൾക്കാർ ഇവിടെ ഇരിക്കണം

പുറം puRaM *(adj)*, exterior; വീട്ടിന്റെ പുറം പൂശാൻ പെയിന്റ് വാങ്ങി

പുറം puRaM *(nn)*, back; പുറം വേദനകൊണ്ട് അയാൾ കുറെ കഷ്ടപ്പെട്ടു

പുറംകൈ puRaMkai *(nn)*, back of the hand; അയാൾ ആ പാത്രം പുറംകൈകൊണ്ട് തട്ടിക്കളഞ്ഞു

പുറത്തുവർ puRattuvarə *(vi)*, come out; സ്ക്കൂൾ വിട്ടതോടെ കുട്ടികൾ പുറത്തു വന്നു

പുറത്തേക്കുള്ളവഴി puRatteekkuLLavaZi *(nn)*, exit; പുറത്തേയ്ക്കുള്ള വഴിയിലൂടെ തന്നെ പുറത്തു പോകണം

പുറത്ത് puRattə *(adv)*, outside; പുറത്ത് ആരോ കാത്തുനിൽക്കുന്നു

പുറത്ത്പോക് puRattəpookə *(vi)*, go out; അയാൾ വന്നയുടനെ പുറത്തേക്കുപോയി

പൂക്ക് puukkə *(vi)*, blossom; ചെടികൾ വസന്തത്തിൽ പൂക്കുന്നു

പൂച്ച puucca *(nn)*, cat; പൂച്ച ഒരു വളർത്തുമൃഗമാണ്

പൂച്ചക്കണ്ണൻ puuccakkNNan *(nn,comp)*, cat eyed fellow; അയാൾ ഒരു പൂച്ചക്കണ്ണനായിരുന്നു

പൂജ്യം puujyaM *(nn)*, zero; പൂജ്യത്തിൽ നിന്നാണ് ഞാൻ ആരംഭിച്ചത്

പൂട puuTa *(nn)*, small feathers; പക്ഷിയുടെ പൂട നനഞ്ഞു

പൂട്ട് puuTTə *(nn)*, lock; വീട് വലിയ പൂട്ടുകൊണ്ട് പൂട്ടി

പൂട്ട് puuTTə *(vt)*, lock; ഞാൻ ഓഫീസിൽ വന്നപ്പോൾ മുറികൾ എല്ലാം പൂട്ടിക്കിടക്കുന്നു

പൂനിലാവ് puunilaavə *(nn,comp),* beautiful moon shine; പൂനിലാവിന്റെ മനോഹാരിത ഞങ്ങൾ കണ്ടുനിന്നു

പൂന്തേൻ puunteen *(nn,comp),* honey in flowers; വണ്ട് പൂന്തേൻ നുകർന്നു

പൂന്തോട്ടം puuntooTTaM *(nn),* garden; പൂന്തോട്ടത്തിൽ പൂക്കളൊന്നും ഇപ്പോഴില്ല

പൂമ്പാറ്റ puumbaaRRa *(nn),* butterfly; പൂമ്പാറ്റകൾ പൂന്തേൻ നുകർന്നു

പൂമ്പൊടി puumboTi *(nn),* pollen grains; പൂവിൽ നിന്ന് പൂമ്പൊടി പൊഴിഞ്ഞു.

പൂപ്പ് puuppə *(nn),* fungi formed on old things; ആ റൊട്ടിയിൽ പൂപ്പ് പിടിച്ചു

പൂമാല puumaala *(nn,comp),* garland of flowers; അവൾ ഒരു പൂമാല കഴുത്തിലണിഞ്ഞു

പൂമുഖം puumukhaM *(nn),* portico; പൂമുഖത്ത് ആരോ വന്നു നിൽക്കുന്നു

പൂമൊട്ട് puumoTTə *(nn,comp),* flower bud; കുട്ടി പൂമൊട്ട് പറിച്ചു

പൂയം puuyaM *(nn),* eighth lunar day; പൂയം ഒരു നക്ഷത്രമാണ്

പൂരം puuraM *(nn),* festival on a lunar day at Thrissur; പൂരത്തിന് വെടിക്കെട്ടുണ്ടായിരുന്നു

പൂരക puuraka *(adj),* complementary; അതിനോട് പൂരകമായ ഒരവസ്ഥ അവിടെ ഉണ്ടായിരുന്നു

പൂത്ത puutta *(adj),* blossomed; പൂത്തമരങ്ങൾക്കിടയിലൂടെ ഞങ്ങൾ നടന്നു

പൂരാടം puuraaTaM *(nn),* twentieth lunar day; പൂരാടത്തിൽ പിറന്നവൻ

പൂരി puuri *(nn),* cake fried in oil; അമ്മ പൂരി ഉണ്ടാക്കി

പൂർണ്ണ puuRNNa *(adj),* full; പൂർണ്ണചന്ദ്രൻ മാനത്തുദിച്ചു

പൂർണ്ണ puuRNNa *(adv),* complete; അവരുടെ ജോലിയെല്ലാം പൂർണ്ണമായപ്പോൾ ശമ്പളം നല്കി

പൂർണ്ണം puuRNNaM *(nn),* completion; അയാൾക്ക് ഒന്നും പൂർണ്ണമാക്കാൻ കഴിയാറില്ല

പൂർണ്ണമായി puuRNNamayi *(adv),* completely; രോഗം പൂർണ്ണമായി മാറിയശേഷം അയാൾ ആശുപത്രി വിട്ടു

പൂർണ്ണവിരാമം puuRNNaviraamaM *(nn,comp),* full stop; അയാൾ തന്റെ രചനയ്ക്ക് പൂർണ്ണ വിരാമമിട്ടു

പൂർണ്ണിമ puuRNNima *(nn),* full moon day; അന്ന് പൂർണ്ണിമയായിരുന്നു

പൂർത്തിയാക്ക് puuRttiyaakkə *(vt),* complete; അയാൾക്ക് ആ ജോലി പൂർത്തിയാക്കാൻ കഴിഞ്ഞില്ല

പൂർവ്വ puuRvva *(adj),* eastern; പൂർവ്വ ഭാഗത്തുനിന്ന് വന്നവൻ

പൂർവ്വജന്മം puuRvvajanmaM *(nn,comp),* previous birth; പൂർവ്വജന്മ സുകൃതം കൊണ്ടാണത്രേ ഈ ജന്മം സുഖമായി ജീവിക്കുന്നത്

പൂർവ്വദിക്ക് puuRvvadikkə *(nn,comp),* eastern side; പൂർവ്വദിക്കിൽ നിന്ന് ചില പണ്ഡിതന്മാർ വന്നു

പൂർവ്വഭാഗം puuRvvabhaagaM *(nn,comp),* eastern side; പൂർവ്വഭാഗത്തുനിന്ന് ഉത്തരഭാഗത്തേക്ക് നോക്കി നിന്നു.

പൂർവ്വാധികം puuRvvadhikaM *(adj),* more than before; പൂർവ്വാധികം ഭംഗിയായി ഉത്സവം ആഘോഷിക്കപ്പെട്ടു

പൂർവ്വികർ puuRviikaR *(nn),* ancestor; പൂർവ്വികർ ഉണ്ടാക്കി വച്ച സൽപ്പേര് അയാൾ കളഞ്ഞു കുളിച്ചത്രേ

പൂവൻകോഴി puuvankooZi *(nn),* cock; പൂവൻ കോഴിക്ക് പൂവുണ്ട്

പൂവിടൽ puuviTal *(nn),* decorating the yard with flower; ഓണത്തിന് പൂവിടൽ പ്രധാനമാണ്

പൂവ് puuvə *(nn),* flower; ചെടിയിൽ പൂവ് വിരിഞ്ഞു

പൂശ് puuSə *(vt),* paint; മുറിയിൽ പച്ച നിറം പൂശുന്നു

പൂശ് puuSə *(vt),* smear; അവൾ മുഖത്തു ചായം പൂശി

പൂള് puuLə *(vt),* cut into pieces; അമ്മ മാങ്ങ പൂളി

പൂഴി puuZi *(nn),* sand; പൂഴിയിൽ കുട്ടികൾ ഓടിക്കളിച്ചു

പൂഴ്ത്തിവയ്പ് puuZttivaypə *(nn),* hiding things; പൂഴ്ത്തിവയ്പും കരിഞ്ചന്തയും തടയണം

പൂഴ്ത്ത് puuZttə *(vt),* hide something; അവർ എന്തൊക്കെയോ പൂഴ്ത്തി വയ്ക്കുന്നു

പൃഥ്വി pRathvi *(nn),* earth; പൃഥ്വിയിൽ കണ്ട കാഴ്ചകളെല്ലാം വളരെ ഭംഗിയായിരിക്കുന്നു.

പൃഷ്ഠം pRə$ThaM *(nn),* back side; അയാൾ പൃഷ്ഠം ചൊറിഞ്ഞു കൊണ്ടിരിക്കുന്നു

പെങ്ങൾ peṉṉaL *(nn,ks),* sister (address by brothers); പെങ്ങൾ ഇന്നലെ വന്നു

പെടുക്ക് peTukkə *(vi),* urinate; അവൻ പെടുക്കുന്നു

പെട്ട peTTa *(nn),* female bird; പെട്ടയിൽ ഒന്നിനെ എനിക്കു തരൂ

പെട്ടകം peTTakaM *(nn),* box; നോഹയുടെ പെട്ടകം

പെട്ടി peTTi *(nn),* box; ആ പെട്ടി നിറയെ പണമായിരുന്നു

പെട്ടെന്ന് peTTennə *(adv),* soon; അയാൾ പെട്ടെന്നു തിരിച്ചുവന്നു

പെട്ടെന്ന് peTTennə *(adv),* suddenly; പെട്ടെന്ന് വന്ന മഴ കാരണം കളി നിർത്തിവച്ചു

പെട്ടെന്ന് peTTennə *(adv),* immediately; പെട്ടെന്ന് ഒരാൾ ചാടി വീണു

പെട്രോളിയം peTRooLiyaM *(nn),* petroleum; പെട്രോളിയം ഭൂമിയിൽ നിന്നു കുഴിച്ചെടുക്കുന്നു

പെട്രോൾ peTRooL *(nn),* petrol; അയാൾ സ്ക്കൂട്ടറിൽ പെട്രോൾ നിറച്ചു

പെൺകുഞ്ഞ് peNku~~ə *(comp nn),* female child; അവർക്ക് ഒരു പെൺ കുഞ്ഞു പിറന്നു

പെൺകുട്ടി peNkuTTi *(nn),* girl; പെൺകുട്ടികൾ ഓടികളിക്കുന്നു

പെൺകുതിര peNkutira *(nn,comp),* mare; പെൺകുതിര പതുക്കെ ഓടി

പെണ്ഡുലം peNDulaM *(nn),* pendulam; ക്ലോക്കിൽ പെണ്ഡുലം നിശ്ചലമായി

പെണ്ണാൾ peNNaaL *(nn),* female worker; പെണ്ണാൾക്ക് കൃത്യമായ കൂലി കൊടുത്തില്ല

പെണ്ണ് peNNə *(nn),* woman; ആണും പെണ്ണും കെട്ടവൻ

പെണ്ണ് peNNə *(nn),* wife; പെണ്ണൊരുമ്പെട്ടാൽ ബ്രഹ്മനും നടുങ്ങും

പെൺ peN *(adj),* female; പെൺ കുതിര പതുക്കെ ഓടി

പെൻഷൻ peN$an *(nn),* pension; അയാൾ പെൻഷൻ പറ്റി പിരിഞ്ഞു

പെൻസിൽ pensil *(nn),* pencil; ഞാൻ പെൻസിൽ കൊണ്ട് എഴുതുന്നു

പെയ്യ് peyyə *(vi),* rain; ഇപ്പോൾ മഴ പെയ്യുന്നു

പെരള് peraLə *(vt),* roll; ആ കുട്ടികൾ മണ്ണിൽ കിടന്ന് പെരളുന്നു

പെരിയാർ periyaaR *(nn),* river in Kerala; പെരിയാറിൽ വെള്ളം നിറഞ്ഞു കിടക്കുന്നു

പെരുക് perukə *(vi),* increase; ഇവിടെ കൊതുകുകൾ പെരുകിയിരിക്കുന്നു

പെരുക് perukə *(vt),* enlarge; കുട്ടി ബലൂൺ ഊതിപ്പെരുക്കി

പെരുക്കൽ perukkal *(nn),* multiplication; കുട്ടിക്ക് പെരുക്കാൻ അറിയില്ല

പെരുങ്കായം peruṇkaayaM *(nn),* asafoetida; അമ്മ പെരുങ്കായം വാങ്ങി

പെരുച്ചാഴി perucchaaZi *(nn)*, bandicoot; ഈ പറമ്പു നിറയെ പെരുച്ചാഴിയാണ്

പെരുഞ്ചീരകം peru~ciirakaM *(nn)*, sweet fennen; പെരുഞ്ചീരകം ആരോഗ്യത്തിനു നല്ലതാണ്

പെരുന്തച്ചൻ peruntacchan *(nn)*, chief carpenter; പെരുന്തച്ചൻ മകനോട് തോറ്റു

പെരുന്നാൾ perunnaaL *(nn)*, festival; പെരുന്നാൾ കഴിഞ്ഞു

പെരുമ്പട perumbaTa *(comp nn)*, big army; അവിടെ ഒരു പെരുമ്പട തമ്പടിച്ചിരിക്കുന്നു

പെരുമ്പാമ്പ് perumbaambə *(nn)*, python; പെരുമ്പാമ്പ് ഒരു ആടിനെ വിഴുങ്ങി

പെരുപ്പം peruppaM *(adj)*, numerous; ജീവികളുടെ പെരുപ്പം കുറഞ്ഞു വരുന്നു

പെരുമ peruma *(nn)*, greatness; അയാൾ എപ്പോഴും സ്വന്തം പെരുമ പറഞ്ഞു

പെരുമഴ perumaZa *(comp nn)*, heavy rain; പെരുമഴയത്ത് ഞങ്ങൾ നടന്നു

പെരുമാറ്റം perumaaRRaM *(nn)*, behaviour; അയാളുടെ പെരുമാറ്റം വളരെ മോശമായിരുന്നു

പെരുവഴി peruvaZi *(comp nn)*, public road; പെരുവഴി വിട്ട് നടക്കരുത്

പെരുവിരൽ peruviral *(nn)*, thumb; ഏകലവ്യൻ പെരുവിരൽ മുറിച്ചു കൊടുത്തു

പെറുക്കി peRukki *(nn)*, beggar; അയാൾ ഒരു പെറുക്കിയാണ്

പെറുക്ക് peRukkə *(vt)*, pick; രാധ അരിയിൽ നിന്ന് കല്ലു പെറുക്കുന്നു

പെറ് peRə *(vi)*, give birth; അവൾ ഒരു കുഞ്ഞിനെ പെറ്റു

പെറ്റമ്മ peRRamma *(nn)*, own mother; പെറ്റമ്മയോളം വരുമോ പോറ്റമ്മ

പേക്കൂത്ത് peekkuuttə *(nn)*, devil's dance; അവിടെ എന്തൊക്കെയോ പേക്കൂത്ത് നടക്കുന്നു

പേക്കോലം peekkoolaM *(nn)*, dress of devil; അയാളുടെ പേക്കോലം എല്ലാവരും കണ്ടു

പേട peeTa *(nn)*, female animal; മാൻപേട ഭയന്ന് ഓടി

പേടി peeTi *(nn)*, fear; അവന് എല്ലാവരേയും പേടിയായിരുന്നു

പേടിക്ക് peeTikkə *(vi)*, afraid; ആരെയാണ് ഇത്ര പേടിക്കുന്നത്

പേട് peeTə *(nn)*, hollow; ആ തേങ്ങ പേടായിരുന്നു

പേന peena *(nn)*, pen; അയാൾ പേനകൊണ്ട് എഴുതി

പേനാക്കത്തി peenaakkatti *(comp nn)*, pen knife; പേനാക്കത്തി

കൊണ്ട് അയാൾ അതു മുറിച്ചു

പേൻ peen *(nn),* louse; തലയിൽ പേൻ ഉണ്ടോ

പേപ്പട്ടി peeppaTTi *(nn,comp),* mad dog; പേപ്പട്ടി കടിച്ച് ഒരാൾ മരിച്ചു

പേപ്പർ peeppaR *(nn),* news paper; അയാൾ ഒരു പേപ്പർ വാങ്ങി

പേപ്പർ peeppaR *(nn),* paper; അവൻ പേപ്പറിൽ എഴുതി

പേപ്പിടി peeppiTi *(nn),* threat; അയാളുടെ പേപ്പിടിയൊന്നും വിലപ്പോയില്ല

പേയ് peeyə *(nn),* madness; അയാൾ എന്തൊക്കെയോ പേയ് പറഞ്ഞു

പേയ്പിടിക്ക് peeypiTikkə *(comp vb),* become mad; അവൾക്കു പേയ് പിടിച്ചു

പേര peera *(nn),* guava tree; പേരയിൽ പേരയ്ക്കയുണ്ട്

പേരയ്ക്ക peeraykka *(nn),* guava; കുട്ടി പേരയിൽ കയറി പേരയ്ക്ക പറിച്ചു

പേരക്കിടാവ് peerakkiTaavə *(nn,ks),* grand child; അവൻ എന്റെ പേരക്കിടാവാണ്

പേരക്കുട്ടി peerakkuTTi *(nn),* grandchild; അവൻ എന്റെ പേരക്കുട്ടിയാണ്, അവൾ എന്റെ പേരക്കുട്ടിയാണ്

പേരപ്പൻ peerappan *(nn,ks),* father's elder brother; പേരപ്പൻ ഇന്നലെ വന്നു

പേരാൽ peeraal *(nn),* banyan tree; പേരാലിൽ ഒരു കുരങ്ങൻ ഇരിക്കുന്നു

പേരിട് peeriTə *(nn,comp),* give name; അവന് പേരിടുന്നു

പേരുപറയിക്ക് peerupaRayikkə *(comp vb),* acquire a bad name; വെറുതെ അച്ഛന്റെ പേരു പറയിക്കരുത്

പേരെച്ചം peerecchaM *(nn),* relative participle form; നാമത്തോടൊപ്പം നിൽക്കുന്നത് പേരെച്ചം

പേരെടുക്ക് peereTukkə *(comp vb),* obtain fame; അയാൾ പെട്ടെന്ന് പേരെടുത്തു

പേരേട് peereeTə *(nn),* ledger; അയാൾ പേരേടിൽ എന്തൊക്കെയോ കുറിച്ചിട്ടു

പേര് peerə *(nn),* name; എന്റെ പേര് കൃഷ്ണൻ എന്നാണ്

പേശി peeSi *(nn),* muscle; അവന്റെ പേശികളെല്ലാം വേദനിക്കുന്നു

പേശ് peeSə *(vi),* talk; അവൾ എല്ലാവരോടും പേശുന്നു

പേഴ്സ് peeZsə *(nn),* purse; അയാളുടെ പേഴ്സ് കളഞ്ഞുപോയി

പേറെടുക്ക് peeReTukkə *(comp vb),* act as mid wife; വയിറ്റാട്ടി പേറെടുക്കുന്നു

പേറ് peeRə *(nn)*, child birth; വയിറ്റാട്ടി പേറെടുത്തു

പേറ് peeRə *(vt)*, bear weight; അയാൾ ആ ഭാരം പേറി

പേറ്റച്ചി peeRRacchi *(nn)*, mid wife; പേറ്റച്ചി വരാൻ താമസിച്ചുപോയി

പൈങ്കിളി paiṉkiLi *(nn)*, parrot; പൈങ്കിളി പാടി

പൈജാമ paijaama *(nn)*, pyjama; സർദ്ദാർജി പൈജാമ ഇട്ടു

പൈതൽ paital *(nn)*, baby; ഇളം പൈതൽ ചിരിക്കുന്നു

പൈതൃകം paitRəkaM *(adj)*, paternal; പൈതൃകമായ ഭൂമിയിൽ അവർ കൃഷിചെയ്തു

പൈൻ pain *(nn)*, pine; പൈൻ മരത്തിന്റെ ചോലയിൽ ഞങ്ങൾ ഇരുന്നു

പൈപ്പ് paippə *(nn)*, pipe; പൈപ്പിലൂടെ ജലം പുറത്തേയ്ക്കു വന്നു

പൈസ paisa *(nn)*, paise; അയാൾക്ക് പൈസ കിട്ടി

പൊക്കം pokkaM *(nn)*, height; ഈ ഗോപുരത്തിനു നല്ല പൊക്കമുണ്ട്

പൊക്കണം pokkaNaM *(nn)*, bundle; പൊക്കണത്തിൽ കുറെ തുണികൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ

പൊക്കിൾ pokkiL *(nn)*, navel; പൊക്കിളിനു ചുറ്റും സൂചിവച്ചു

പൊക്ക് pokkə *(nn)*, lift; ഭ്രാന്തൻ ഒരു വലിയ കല്ലെടുത്തു പൊക്കി

പൊങ്കൽ poṉkal *(nn)*, ponkal festival of tamils; അവർ പൊങ്കൽ ആഘോഷിച്ചു

പൊങ്ങച്ചം poṉṉacchaM *(nn)*, pride; അയാൾ എപ്പോഴും പൊങ്ങച്ചം പറയുന്നു

പൊങ്ങച്ചംപറയ്

poṉṉaccaMpaRayə *(vt)*, boast of; അയാൾ എന്നോട് എപ്പോഴും പൊങ്ങച്ചം പറയുന്നു

പൊങ്ങി കിടക്ക് poṉṉi kiTakkə *(vi)*, float; ആ തടി വെള്ളത്തിൽ പൊങ്ങി ക്കിടന്നു

പൊങ്ങുതടി poṉṉutaTi *(nn,comp)*, cattamaran; വെള്ളത്തിൽ ഒരു പൊങ്ങുതടി കിടക്കുന്നു

പൊങ്ങ് poṉṉə *(vi)*, raise; പക്ഷികൾ ആകാശത്തിലേക്ക് പറന്നു പൊങ്ങി

പൊങ്ങ് poṉṉə *(vi)*, ascent; പാൽ തിളച്ചു പൊങ്ങി

പൊങ്ങ് poṉṉə *(nn)*, substance inside coconut; തേങ്ങയ്ക്കുള്ളിൽ പൊങ്ങുണ്ടായിരുന്നു

പൊടി poTi *(adj)*, flour; ഗോതമ്പിന്റെ പൊടികൊണ്ട് ചപ്പാത്തി ഉണ്ടാക്കി

പൊടി poTi *(nn)*, dust; ബസ്സ് പോയപ്പോൾ വല്ലാതെ പൊടി അടിച്ചു

പൊടിക്കൈ poTikkai *(nn)*, trick; അവൻ ഒരു പൊടിക്കൈ പ്രയോഗിച്ചു

പൊടിക്ക് poTikkə *(vt)*, crush; ഇവിടെ ധാന്യങ്ങൾ പൊടിക്കുന്നു

പൊടിപ്പ് poTippə *(nn)*, sprout; മരക്കൊമ്പിൽ ഒരു പൊടിപ്പുണ്ടായി

പൊടിമഴ poTimaZa *(comp n)*, drizzle; ഇപ്പോൾ പൊടിമഴ പെയ്യുന്നു

പൊടിയരി poTiyari *(comp n)*, broken rice; അമ്മ പൊടിയരി കൊണ്ട് കഞ്ഞി വച്ചു

പൊടിയ് poTiyə *(vi)*, become powder; ധാന്യം നന്നായി പൊടിയുന്നു

പൊടിയ്ക്കൽ poTiykkal *(nn)*, powdering; അരയ്ക്കലും പൊടിക്കലും കഴിഞ്ഞില്ല

പൊടിയ്ക്ക് poTikkə *(vt)*, crush; വലിയ കല്ലുകൾ പൊടിക്കുന്നു

പൊടിവ് poTivə *(nn)*, breakage; ഓലയ്ക്ക് പൊടിവ് ഉണ്ടായി

പൊടുന്നനെ poTunnave *(adv)*, immediately; പൊടുന്നനെ ഒരാൾ അവിടെ പ്രത്യക്ഷപ്പെട്ടു

പൊട്ട poTTa *(adj)*, broken; പൊട്ടക്കലത്തിൽ വെള്ളം നിറച്ചു

പൊട്ടത്തരം poTTattaraM *(nn)*, foolishness; അവളുടെ പൊട്ടത്തരം കണ്ട് എല്ലാവരും ചിരിച്ചു

പൊട്ടിക്കരയ് poTTikkarayə *(comp vb)*, cry loudly; അവൾ വളരെ ഉച്ചത്തിൽ പൊട്ടിക്കരഞ്ഞു

പൊട്ടിക്ക് poTTikkə *(vt)*, break; അയാൾ ആ കമ്പു പൊട്ടിച്ചു

പൊട്ടിച്ചിരി poTTicchiri *(comp n)*, loud laughter; അവന്റെ പൊട്ടിച്ചിരി അവിടെയെല്ലാം മുഴങ്ങിക്കേട്ടു

പൊട്ടിട് poTTiTə *(comp n)*, put bindhi; സീത പൊട്ടിടുന്നു

പൊട്ടിത്തെറിക്ക് poTTitteRikkə *(comp vb)*, explode; ഒരു ബോംബ് പൊട്ടിത്തെറിച്ചു

പൊട്ടിപ്പോക് poTTippookə *(vi)*, be broken; മുഖം നോക്കുന്ന കണ്ണാടി പൊട്ടിപ്പോയി

പൊട്ട് poTTə *(nn)*, bindi put on the forehead; സീത പൊട്ട് കുത്തുന്നു

പൊട്ട് poTTə *(vi)*, break; ആ മരം പൊട്ടി വീണു

പൊട്ട് poTTə *(vi)*, sprout; മരത്തിൽ ഒരു മുള പൊട്ടി

പൊണ്ണൻ poNNan *(adj)*, fat; അവൻ ഒരു പൊണ്ണനാണ്

പൊതി poti *(nn)*, package; അവൾ ഒരു പൊതി അഴിച്ചു നോക്കി

പൊതിക്കെട്ട് potikkeTTə *(comp n)*, packet; ഒരു പൊതിക്കെട്ട് എടുക്കാൻ അയാൾ മറന്നു

പൊതിക്ക് potikkə *(vt)*, remove the husk of a coconut; അമ്മ തേങ്ങ പൊതിക്കുന്നു

പൊതിച്ചോറ് poticchooRə *(nn,comp)*, packet of cooked rice; അയാൾ പൊതിച്ചോറ് കൊണ്ടുവന്നു കഴിച്ചു

പൊതിയ് potiyə *(vt)*, pack; ആ സാധനങ്ങളെല്ലാം ഒരു കടലാസ്സിൽ പൊതിയൂ

പൊതിയ് potiyə *(vt)*, cover; ഒരു വെളുത്തതുണി കൊണ്ട് ശരീരം പൊതിഞ്ഞിരുന്നു

പൊതിയ് potiyə *(vi)*, wrap; അവൾ ആ പുസ്തകം പൊതിഞ്ഞു

പൊതിരെ potire *(adv)*, much; ആ സാധുമൃഗത്തിന് പൊതിരെ തല്ലുകിട്ടി

പൊതു potu *(adj)*, public; ഇന്ന് പൊതു ഒഴിവാണ്

പൊതുഒഴിവ് potuoZivə *(comp n)*, public holiday; ഇന്ന് പൊതു ഒഴിവുദിവസമാണ്

പൊതുവെ potuve *(adv)*, generally; പൊതുവെ ഇവിടെ മഴ കുറവാണ്

പൊത്തി potti *(vt)*, close with hands; അവൾ ആ ദൃശ്യം കണ്ട് കണ്ണു പൊത്തി

പൊത്ത് pottə *(nn)*, hole in trees or grounds; പാമ്പ് ഒതു പൊത്തിൽ ഒളിച്ചു

പൊന്ത ponta *(nn)*, bush; ഒരു പൊന്തയിൽ അവർ ഒളിച്ചിരുന്നു

പൊന്തിക്കിടക്ക് pontikkiTakkə *(comp vb)*, float; പൊങ്ങുതടി വെള്ളത്തിൽ പൊന്തിക്കിടക്കുന്നു

പൊന്ത് pontə *(vi)*, rise; പക്ഷികൾ കൂട്ടത്തോടെ പൊന്തി

പൊന്ന് ponnə *(nn)*, gold; മിന്നുന്നതെല്ലാം പൊന്നല്ല

പൊന്മാൻ ponmaan *(nn)*, King fisher; പൊന്മാൻ മീനിനെ പിടിച്ചു

പൊൻ pon *(adj)*, golden; പൊൻ നിറമുള്ള സൂര്യകിരണങ്ങൾ വിടർന്നു

പൊൻ pon *(adj)*, dear; എന്റെ പൊന്നുംകുടമേ ചക്കരക്കുടമേ നീയൊന്നു വായോ

പൊയ് poyə *(nn)*, falsehood; അയാൾ ഒരു പൊയ് പറഞ്ഞു

പൊയ്ക poyka *(nn)*, lake; അവർ ഒരു പൊയ്കയുടെ അടുത്ത് ഇരുന്നു

പൊയ്മുഖം poymukhaM *(nn)*, mask; മനുഷ്യർ ഓരോരോ പൊയ്മുഖങ്ങൾ അണിയുന്നു

പൊരി pori *(nn)*, spark; അവന്റെ കണ്ണിൽ തീപ്പൊരി വീണു

പൊരി pori *(nn)*, parched rice; പൂജയ്ക്ക് അവലും പൊരിയും പഴവും വച്ചു പൂജിച്ചു

പൊരിക്ക് porikkə *(vt)*, fry; അമ്മ മത്സ്യം പൊരിക്കുന്നു

പൊരിയ് poriyə *(vi)*, be parched to dry; ഡൽഹിയിലെ പൊരിയുന്ന വെയിലിൽ നിന്ന് രക്ഷപ്പെട്ടു

പൊരുത് porutə *(vt)*, fight; തമ്മിൽ തമ്മിൽ പൊരുതുന്നതു നല്ലതല്ല

പൊരുത്തം poruttaM *(nn)*, matching; അവർ വിവാഹത്തിന് പൊരുത്തം നോക്കി

പൊരുന്നയിരിപ്പ് porunnayirippə *(nn,comp)*, brooding of hen to hatch; കോഴി എപ്പോഴും പൊരുന്നയിരിപ്പ് തന്നെ

പൊരുൾ poruL *(nn)*, truth; അതിന്റെ പൊരുൾ എന്താണെന്ന് മനസ്സിലായില്ല

പൊലി poli *(nn)*, heap of trashed paddy; അമ്മാവൻ പൊലി നോക്കിനിന്നു

പൊലിമ polima *(nn)*, plentiness; നല്ല പൊലിമ തോന്നിക്കുന്ന ആഭരണങ്ങൾ

പൊലിയ് poliyə *(vi)*, be put out; ആ സുവർണ്ണതാരം പൊലിഞ്ഞുപോയി

പൊല്ലാപ്പ് pollaappə *(nn)*, mischief; ഇത് വല്ലാത്ത പൊല്ലാപ്പ് തന്നെ

പൊളി poLi *(nn)*, falsehood; അവൻ പൊളിവാക്കു പറഞ്ഞു

പൊളിക്ക് poLikkə *(vt)*, peel; ആ ജീവിയുടെ തോൽ പൊളിക്കുന്നു

പൊള്ള poLLa *(nn)*, hollow; അയാൾ പൊള്ള വാഗ്ദാനങ്ങൾ നല്കി

പൊള്ള് poLLə *(vi)*, hurt by burns; അവളുടെ കൈപൊള്ളി

പൊള്ളിയ്ക്ക് pollikkə *(vt)*, putting in oil and frying; അവൾ പൂരി പൊള്ളിച്ചെടുത്തു

പൊഴി poZi *(nn)*, sand bank; അവർ ആ പൊഴിയിൽ ഇരുന്നു

പൊഴിക്ക് poZikkə *(vt)*, pour out in tears; അവൾ കണ്ണീർ പൊഴിക്കുന്നു

പൊഴുത് poZutə *(nn)*, time; ആ പൊഴുതിൽ അവൻ രക്ഷപ്പെട്ടു

പൊഴുതുപോക്ക് pozutupookkə *(vt)*, waste time; അവൻ

പൊഴുതു പോക്കാൻ സിറ്റിയിൽ ചുറ്റിത്തിരിഞ്ഞു

പൊറുക്ക് poRukkə *(vi)*, for give; അവൾ അവന്റെ തെറ്റു പൊറുത്തു

പൊറുക്ക് poRukkə *(vi)*, be cured; അവന് മരുന്നു കൊടുത്തപ്പോൾ പനി പൊറുത്തു

പൊറുതി poRuti *(nn)*, patience; അവന് ഒടുവിൽ പൊറുതി മുട്ടി

പൊറുതി poRuti *(nn)*, dwelling; അവർ പുതിയ വീട് കെട്ടി പൊറുതി മാറ്റി

പൊറുതിമുട്ട് porutimuTTə *(comp vb)*, discontent; അയാൾക്ക് പൊറുതിമുട്ടിയെന്നു പറഞ്ഞാൽ മതി

പൊറുപ്പിക്ക് poRuppikkə *(vt)*, mitigate; പാവങ്ങളുടെ കഷ്ടപ്പാടുകൾ പൊറുപ്പിക്കാൻ മിഷനറിമാർ പല നടപടികളും എടുക്കുന്നു

പൊറുപ്പിക്ക് poRuppikkə *(vt)*, stay; അയാൾ ആരെയും പൊറുപ്പിക്കാറില്ല

പൊറ്റ poRRa *(nn)*, useless; ആ പൊറ്റക്കാട്ടിൽ അവർ ഒളിച്ചിരുന്നു

പോക് pookə *(vi)*, go; അതു വഴി ആരൊക്കെയോ നടന്നു പോകുന്നു

പോക്കണം pookkaNaM *(nn)*, prosperity; അവൻ പോക്കണം കെട്ടവനാണ്

പോക്കറ്റടി pookkaRRaTi *(nn,comp)*, pick pocketing; അവന്റെ തൊഴിൽ പോക്കറ്റടിയാണ്

പോക്കറ്റ് pookkaRRə *(nn)*, pocket; പോക്കറ്റിൽ പണം ഉണ്ടായിരുന്നില്ല

പോക്കിരി pookkiri *(nn)*, rogue; അവൻ ഒരു ഗജ പോക്കിരിയാണ്

പോക്കുവരവ് pookkuvaravə *(nn,comp)*, transport; പോക്കുവരവിനുള്ള പണം കരുതിയിരുന്നു

പോക്ക് pookkə *(nn)*, walk; അവന്റെ പോക്കു നോക്കി ഞാൻ നിന്നു

പോച്ച pooccha *(nn)*, meaningless word; അവൻ എപ്പോഴും ഇങ്ങനെ പോച്ച പറയുന്നു

പോത്ത് poottə *(nn)*, buffalo; പോത്ത് ചളിയിൽ കിടക്കുന്നു

പോര poora *(neg)*, not enough; എനിക്ക് രാവിലെ രണ്ട് ഇഡ്ഡലി പോരാ മൂന്നെങ്കിലും വേണം

പോരാട് pooraaTə *(vt)*, fight; അയാൾ എല്ലാവരോടും പോരാടി

പോരായ്മ pooraayma *(nn)*, deficiency; അയാളുടെ പോരായ്മകൊണ്ടാണ്

എല്ലാവരും അയാളെ വെറുക്കുന്നത്.

പോർ poorə *(vi)*, come with; അവൾ അവന്റെ കൂടെ പോരുന്നു

പോർ poorə *(nn)*, war; അവർ പോരിൽ പരാജയപ്പെട്ടു

പോർക്കളം pooRkkaLaM *(nn,comp)*, battle field; പോർക്കളത്തിൽ വച്ച് കർണ്ണൻ വധിക്കപ്പെട്ടു

പോലീസുകാരൻ poliisukaaran *(nn)*, policeman; പോലീസുകാരൻ പ്രതിയെ വിലങ്ങുവച്ചു

പോലീസ് pooliisə *(nn)*, police; സംഭവം കഴിഞ്ഞ് പോലീസ് വന്നു

പോലീസ് സ്റ്റേഷൻ poliisəsRRee$an *(nn)*, police station; പോലീസ് സ്റ്റേഷൻ ജനം പിക്കറ്റു ചെയ്തു

പോലും pooluM *(in)*, it might be; അവൾ അവിടെ വന്നിട്ടില്ല പോലും

പോലും pooluM *(in)*, even; മധു പോലും കള്ളം പറഞ്ഞു

പോലെ poole *(in)*, similarly; രാമനെപ്പോലെ തന്നെ ലക്ഷ്മണനും സത്ഗുണ സമ്പന്നനാണ്

പോലെയാണ് poleeyaaNə *(in)*, as if; കന്നുകാലികളെ അടിക്കുന്നതു പോലെയാണ് അയാൾ കുട്ടികളെ അടിക്കുന്നത്

പോഷക poo$aka *(adj)*, nutritious; പോഷകാഹാരത്തിന്റെ കുറവുകൊണ്ട് കുട്ടി മരിച്ചു

പോഷിപ്പിക്ക് poo$ippikkə *(vt)*, nourish; പുതിയ സ്ഥാപനത്തെ പോഷിപ്പിക്കാൻ ആരും തയ്യാറായില്ല

പോഷിപ്പിക്ക് poo$ippikkə *(vt)*, support; ആ അഭിപ്രായത്തെ അയാൾ കൂടുതൽ പോഷിപ്പിച്ചു

പോസ്റ്റുമാർട്ടം poosRRumaaRTTaM *(nn)*, postmortem; പോസ്റ്റുമാർട്ടം റിപ്പോർട്ടിൽ മരണം അപകടം മൂലമാണെന്ന് സമ്മതിക്കുന്നു

പോസ്റ്റ് poosRRə *(nn)*, post; അവൻ ഒരു പോസ്റ്റ് കുഴിച്ചിട്ടു

പോസ്റ്റ് poosRRə *(nn)*, post (in the sense of letter); ഇന്നത്തെ പോസ്റ്റ് വന്നില്ല

പോസ്റ്റ്മാൻ poosRRəmaan *(nn)*, postman; കൃത്യമായി എന്റെ വീട്ടിൽ വരാറുള്ള പോസ്റ്റ്മാനെ സ്ഥലം മാറ്റി

പോള pooLa *(nn)*, eyelid; അവന്റെ കൺപോള വേദനിക്കുന്നു

പോളിഷ് pooLi$ə *(nn)*, polish; അയാൾ മേശയ്ക്ക് പോളിഷ് അടിച്ചു

പോളിസി pooLisi *(nn)*, policy; അയാൾ ഒരു പോളിസി എടുത്തു

പോറൽ pooRaL *(nn)*, scratch; ശരീരത്തിൽ പോറലേറ്റു

പോറ് pooRə *(vi)*, scratch; ആ കണ്ണാടി മുഴുവൻ പോറി

പോറ്റ് pooRRə *(vt)*, foster; അമ്മ കുട്ടിയെ പോറ്റി

പൌഡർ pauDaR *(nn)*, talcum powder; അവൾ പൌഡർ ഇട്ടു

പൌണ്ട് pauNTə *(nn)*, pound in the sense of currency; അയാൾ ഒരു പൌണ്ട് നേടി

പൌത്രൻ pautRan *(nn,ks)*, grand son; അവൻ എന്റെ പൌത്രനാണ്

പൌരത്വം pauratvaM *(nn)*, citizenship; പൌരത്വം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് വേണം

പൌരൻ pauran *(nn)*, citizen; പൌരന് ചില കടമകളുണ്ട്

പൌരസ്ത്യ paurastya *(adj)*, pertaining to the east; പൌരസ്ത്യ ദേശങ്ങളെല്ലാം അയാൾ ചുറ്റി സഞ്ചരിച്ചു

പൌരാണിക pauraaNika *(adj)*, ancient; പൌരാണികകാലം മുതൽ തന്നെ വിദേശികൾ ഇന്ത്യയിൽ വന്നിരുന്നു

പൌരുഷം pauru$aM *(nn)*, man hood; പൌരുഷമുള്ള മുഖമായിരുന്നു അയാളുടേത്

പൌരോഹിത്യം pauroohityaM *(nn)*, priest hood; പൌരോഹിത്യത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന ഫാദർ

പൌർണ്ണമി pauRNNami *(nn)*, full moon; ആ പൌർണ്ണമി രാത്രിയിൽ ഞങ്ങൾ വെറുതെ നടക്കാൻ ഇറങ്ങി

പ്യൂൺ piyuuN *(nn)*, peon; പ്യൂൺ ഇന്നലെ ലീവായിരുന്നു

പ്രകട pRakaTa *(adj)*, clear; പ്രകടമായ വ്യത്യാസങ്ങൾ കണ്ടുതുടങ്ങിയിരിക്കുന്നു

പ്രകടനം pRakaTanaM *(nn)*, show; അവരുടെ പ്രകടനം ഗംഭീരമായിരുന്നു

പ്രകടനപത്രിക pRakaTanaptRika *(nn,comp)*, manifesto; പ്രകടന പത്രികയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ എല്ലാം നേടിയെടുത്തു

പ്രകാരം pRakaaraM *(adv)*, accordingly; അയാൾ പറഞ്ഞപ്രകാരം അവൻ നീങ്ങി

പ്രകാശ pRakaaSa *(adj)*, bright; പ്രകാശവത്തായ ഒരു മുഖം അവൾക്കുണ്ട്

പ്രകാശം pRakaaSaM *(nn)*, light; ഇരുട്ടിനെ അകറ്റാൻ ഒരു കൈത്തിരിയുടെ പ്രകാശം മതി

പ്രകാശിക്ക് pRakaaSikkə *(vi)*, glow; സൂര്യൻ പ്രകാശിക്കുന്നു

പ്രകീർത്തിക്ക് pRakiiRttikkə *(vt)*, praise; സമ്മാനം കിട്ടിയത് കൊണ്ട് എല്ലാവരും അവനെ പ്രകീർത്തിക്കുന്നു

പ്രകൃതി pRakRti *(nn)*, nature; പ്രകൃതിയോട് മനുഷ്യൻ നീതി പുലർ ത്തേണ്ടിയിരിക്കുന്നു

പ്രകൃതി pRakRti *(nn)*, natural state; അയാളുടെ ശരീരപ്രകൃതി വളരെ മെലിഞ്ഞതായിരുന്നു

പ്രകോപനം pRakoopanaM *(nn)*, making somebody angry; വളരെ പ്രകോപനം സൃഷ്ടിച്ച സംഭവമാണ് അത്

പ്രക്രിയ pRakRiya *(nn)*, method of performance; ജോലിയിലെടുക്കുന്നതിന് കുറെ പ്രക്രിയകളുണ്ട്

പ്രക്ഷാളനം pRak$aaLanaM *(nn)*, washing; അയാൾ പ്രക്ഷാളനം ചെയ്യപ്പെട്ടു

പ്രക്ഷേപണം pRak$eepaNaM *(nn)*, broad cast; ആകാശവാണിയിൽ നിന്നു പ്രക്ഷേപണം ചെയ്യുന്ന വാർത്തകളാണ് ഇപ്പോൾ കേൾക്കുന്നത്

പ്രക്ഷേപിക്ക് pRak$eepikkə *(vt)*, broadcast; ആകാശവാണി ആ വാർത്ത പ്രക്ഷേപിച്ചു

പ്രക്ഷോഭണം pRak$oobhanaM *(nn)*, agitation; അവർ അവിടെ പ്രക്ഷോഭണം ആരംഭിച്ചു

പ്രഖ്യാതം pRakhyaataM *(nn)*, famous; വളരെ പ്രഖ്യാതമായ കഥാവസ്തുവാണ് അത്

പ്രഖ്യാപനം pRakhyaapanaM *(nn)*, announcement; അയാൾ വിജയിച്ചതായി പ്രഖ്യാപനമുണ്ടായി

പ്രചരണം pRacaraNaM *(nn)*, campaign; അയാൾ തെരഞ്ഞെടുപ്പിന് പ്രചരണം ചെയ്തു

പ്രചരിപ്പിക്ക് pRacarippikkə *(vt)*, spread; ആ വാർത്ത നാടുമുഴുവൻ പ്രചരിപ്പിച്ചു

പ്രചാരം pRacaaraM *(nn)*, famous; ആ രീതി നാട്ടിൽ പ്രചാരമാണ്

പ്രചുര pRacura *(adj)*, much; പ്രചുര പ്രചാരം നേടിയ നോവലാണത്

പ്രചോദനം pRacoodanaM *(nn)*, stimulation; കവിക്ക് ആ സംഭവത്തിൽ നിന്ന് പ്രചോദനം കിട്ടി

പ്രച്ഛന്ന pRacchanna *(adj)*, concealed; പ്രച്ഛന്നവേഷത്തിൽ അയാൾ നടക്കുന്നു

പ്രജാ pRaja *(nn)*, subjects; പ്രജാതൽപരൻ ആയിരുന്നു ആ രാജാവ്

പ്രജാഹിതം pRajaahitaM *(nn,comp)*, interest of the subjects; പ്രജാഹിതത്തിനനുസരിച്ച് പ്രവർത്തിക്കുന്ന ഭരണകർത്താവിനെ എല്ലാവരും ആദരിക്കുന്നു

പ്രജ്ഞ pRaj~a *(nn),* consciousness; അത്യാഹിതം കണ്ടപ്പോൾ അവൾ പ്രജ്ഞയറ്റു വീണു

പ്രണയം pRaNayam *(nn),* love; അവളോടുള്ള പ്രണയം അനുദിനം വർദ്ധിച്ചു വന്നു

പ്രണയകലഹം pRaNayakalaham *(nn,comp),* petty quarrels between lovers; പ്രണയകലഹം ഒരു തരത്തിൽ കാമുകീകാമുകൻമാർ തമ്മിലുള്ള ബന്ധം ദൃഢപ്പെടുത്തുന്നു

പ്രണയിക്ക് pRaNayikke *(vt),* love; ശകുന്തളയുടെ സൌന്ദര്യം കണ്ടു ദുഷ്യന്തമഹാരാജാവ് പ്രണയിച്ചുപോയി

പ്രണയിനി pRaNayini *(nn),* lady love; പ്രണയിനിയുടെ കത്തുകൾക്കുവേണ്ടി ദിവസങ്ങൾ തള്ളിനീക്കി

പ്രണവം pRaNavam *(nn),* manthra ohm; ആദ്യത്തെ പ്രണവത്തിലൂടെ അടിസ്ഥാനമായ തത്വങ്ങൾ ഉടലെടുത്തു

പ്രണാമം pRaNaamaM *(nn),* prostration; ഗുരുദേവിനെ കണ്ടു പലരും പ്രണാമം ചെയ്തു

പ്രതലം pRatalam *(nn),* surface; മിനുമിനുത്ത പ്രതലത്തിൽ ഛായകൾ കാണാം

പ്രതാപം pRataapam *(nn),* pomp; അയാൾ പ്രതാപം മാത്രം മനസ്സിൽ കണ്ടുകൊണ്ട് ജോലിചെയ്തു

പ്രതാപശാലി pRataapaSaali *(nn,comp),* dignified man; ജനസമ്മതത്തോടെ അയാൾ പ്രതാപശാലിയായിത്തീർന്നു

പ്രതി pRati *(nn),* accused; കൊലചെയ്ത പ്രതികളെ തടങ്കലിൽ പാർപ്പിച്ചു

പ്രതി pRati *(nn),* copy; ചില പുസ്തകങ്ങൾക്ക് കുറച്ചു പ്രതികളേ അച്ചടിച്ചുള്ളൂ

പ്രതികാരം pRatikaaram *(nn),* revenge; താങ്കളോടു ചെയ്തതിനു പ്രതികാരം വീട്ടുകയല്ല, പൊറുക്കുകയാണ് വേണ്ടത്

പ്രതികൂല pRatikuula *(adj),* contrary; പ്രതികൂല സാഹചര്യത്തിലും ഉറച്ചുനിൽക്കുകയാണ് വേണ്ടത്

പ്രതിക്ഷണം pRatik$aNaM *(adv),* every moment; അയാൾ വിവശതയോടെ പ്രതിക്ഷണം കാത്തിരുന്നു

പ്രതിച്ഛായ pRaticchaaya *(nn,comp),* reflection; ദൂരെ നീങ്ങുന്ന ഒട്ടകത്തിന്റെ പ്രതിച്ഛായ തടാകത്തിൽ കാണാം

പ്രതിജ്ഞ pRati~a *(nn),* pledge; സ്വാതന്ത്ര്യദിനത്തിൽ പ്രതികൾ പ്രതിജ്ഞ ഏറ്റു

പ്രതിദിനം pRatidinaM *(nn,comp),* daily; വീട്ടിന്റെ മുറ്റത്തു പ്രതിദിനം കോലം വരയ്ക്കുന്നു

പ്രതിധ്വനി pRatidvani *(nn,comp)*, echo; മലയോരങ്ങളിലൂടെ നടന്നപ്പോൾ മറുവശത്ത് താമസിക്കുന്ന ജനങ്ങളുടെ ആരവം പ്രതിധ്വനിയായി കേട്ടു

പ്രതിനിധി pRatinidi *(nn)*, representative; ഇന്ത്യയുടെ പ്രതിനിധി കാഷ്മീർ പ്രശ്നം ചർച്ചചെയ്യാൻ പാകിസ്ഥാനിൽ എത്തി

പ്രതിപക്ഷം pRatipak$aM *(nn)*, opposition; അയാൾ പ്രതിപക്ഷത്തിന്റെ വോട്ടു നേടി

പ്രതിപത്തി pRatipatti *(nn)*, affection; വളരെ നാളത്തെ വിദ്വേഷത്തിനു രമയ്ക്കു രാജനോടു പ്രതിപത്തിയുണ്ടായി

പ്രതിപാദനം pRatipaadanaM *(nn)*, narration; തകഴിയുടെ കഥയെക്കുറിച്ചു ഈ പുസ്തകത്തിൽ പ്രതിപാദിച്ചിട്ടുണ്ട്

പ്രതിപാദിക്ക് pRatipaadikke *(vt)*, describe; ചുവട്ടിൽ കൊടുത്തിരിക്കുന്ന കവിതയെക്കുറിച്ചു പ്രതിപാദിക്കുക

പ്രതിപാദ്യം pRatipaadyaM *(nn)*, topic narrated; കവിതകളെക്കുറിച്ചുള്ള പ്രതിപാദ്യമുണ്ടോ?

പ്രതിപ്രവർത്തനം pRatipRavaRttanaM *(nn,comp)*, reaction; പ്രതി പ്രവർത്തനം നല്ലതല്ല

പ്രതിഫലം pRatiphalaM *(nn)*, reward; അയാളുടെ അശ്രാന്ത പരിശ്രമത്തിന് പ്രതിഫലമായി പത്മശ്രീ നൽകി

പ്രതിഫലം pRatiphalaM *(nn)*, compensation; ജോലി ചെയ്താൽ പ്രതിഫലം വേണം

പ്രതിഫലനം pRatiphalanaM *(nn)*, reflection; കഠിനപ്രയത്നത്തിന്റെ പ്രതിഫലനം അവന്റെ കൃതികളിൽ കാണാം

പ്രതിബിംബം pRatibiMbaM *(nn)*, reflection; കുളത്തിൽ കുളക്കരയിലെ വൃക്ഷങ്ങളുടെ പ്രതിബിംബം കാണാം

പ്രതിഭ pRatibha *(nn)*, genius; പ്രതിഭകൾ അപൂർവമായേ ജനിക്കാറുള്ളൂ

പ്രതിഭാസം pRatibhaasaM *(nn)*, phenomenon; മാമ്പഴം താഴെ വീഴുന്നതിന്റെ പിന്നിലുള്ള പ്രതിഭാസത്തെക്കുറിച്ചു അറിയാമോ

പ്രതിയോഗി pRatiyoogi *(nn)*, opponent; ഈ ധർമ്മയുദ്ധത്തിൽ അവർ നിന്റെ പ്രതിയോഗിയെന്ന് അറിയില്ലേ

പ്രതിരൂപം pRatiruupaM *(nn)*, reflection; അവളുടെ പ്രതിരൂപം ഛായാചിത്രത്തിൽ പതിഞ്ഞുകാണാം

പ്രതിരോധം pRatiroodhaM *(nn),* resistance; കുത്തിവയ്പിലൂടെ പ്രതിരോധശക്തി വർദ്ധിപ്പിക്കാം

പ്രതിരോധിക്ക് pRatiroodhikkə *(vt),* defend; അയാൾ പറയുന്നതിനെ പ്രതിരോധിക്കാൻ എനിക്കു കഴിയില്ല

പ്രതിരോധിക്ക് pRatiroodhikkə *(vt),* counter attack; അതിർത്തിയിൽ ശത്രുക്കളിൽ നിന്ന് രക്ഷപ്പെടാൻ പ്രതിരോധിക്കേണ്ട നടപടികൾ എടുക്കണം

പ്രതിവിധി pRatividhi *(nn),* remedy; മഞ്ഞുനോവ് രോഗത്തിന് ഒരു പ്രതിവിധിയേയുള്ളൂ

പ്രതിഷേധിക്ക് pRati$eedhikkə *(vt),* protest; കുറഞ്ഞ വേതനം കിട്ടിയപ്പോൾ തൊഴിലാളികൾ പ്രതിഷേധിച്ചു

പ്രതിഷ്ഠ pRatisTha *(nn),* idol; പൂജാരി ഗണപതിയുടെ പ്രതിഷ്ഠ സ്ഥാപിച്ചു

പ്രതീകം pRateekaM *(nn),* image; അവന്റെ കഥകളുടെ പ്രതീകം ലേഖനങ്ങളിലും വ്യക്തമാണ്

പ്രതീക്ഷ pRatiik$a *(nn),* expectation; രാമനെ ക്കുറിച്ച് വലിയ പ്രതീക്ഷകൾ മാതാപിതാക്കൾക്ക് ഉണ്ടായിരുന്നു

പ്രതീക്ഷിക്ക് pRatiik$ikkə *(vt),* expect; എല്ലാവരും വലിയ സ്ഥാനമാനങ്ങൾ പ്രതീക്ഷിക്കുന്നു

പ്രതീക്ഷിക്ക് pRatiik$ikke *(vt),* wait for some body; ബസ്സിൽ വരുമെന്ന് അവർ പ്രതീക്ഷിച്ചു നിന്നു

പ്രതീതി pRatiiti *(nn),* feeling about some body inward or hidden part; അവളുടെ മനസ്സിൽ അവനെക്കുറിച്ച് ഗൂഢമായ പ്രതീതി വളർന്നുവന്നു

പ്രത്യക്ഷ pRatyaksa *(adj),* visible; പ്രത്യക്ഷരൂപം കണ്ടപ്പോൾ ഭയാനകമായി തോന്നി

പ്രത്യക്ഷപ്പെട് pRatyak$appeTə *(vi),* appear; പെട്ടെന്ന് അവൻ എവിടെ നിന്നോ പ്രത്യക്ഷപ്പെട്ടു

പ്രത്യഭിവാദനം pRatyabhivaadanaM *(nn,comp),* salutation in return; പഴയവിദ്യാർഥിയെ കണ്ട അധ്യാപകൻ പ്രത്യഭിവാദനം ചെയ്തു

പ്രത്യയം pRatyayaM *(nn),* suffix; മലയാള ഭാഷയിൽ ധാതുക്കളും പ്രത്യയങ്ങളും ഉണ്ട്

പ്രത്യാഘാതം pRatyaaghaataM *(nn,comp),* reaction; താൻചെയ്ത പ്രവൃത്തിയുടെ പ്രത്യാഘാതം അയാളെ വേദനിപ്പിച്ചു

പ്രത്യാദാനം pRatyaadaanaM *(nn,comp),* take care; പിരുച്ചു

വിട്ടവരെ പ്രത്യാദാനം ചെയ്തു

പ്രത്യാരോപണം pRatyaaroopaNaM *(nn,comp)*, counter allegation; മന്ത്രി പ്രതിപക്ഷനേതാവിനെതിരെ പ്രത്യാരോപണം നടത്തി

പ്രത്യാശ pRatyaaSa *(nn)*, hope; അവന്റെ മനസ്സിൽ യാതൊരു പ്രത്യാശയും ഉണ്ടായിരുന്നില്ല

പ്രത്യുത്തരം pRatyuttaraM *(nn,comp)*, counter reply; അയാൾ ചോദിച്ചതിന് അവൻ ഒന്നും പ്രത്യുത്തരം നല്കിയില്ല

പ്രത്യുപകാരം pRatyupakaaraM *(nn,comp)*, help in return; രവി എല്ലാവർക്കും പ്രത്യുപകാരം ചെയ്തു

പ്രത്യുല്പന്നമതി pRatulppannamati *(nn)*, resourceful person (one having presence of mind); രവി ഒരു പ്രത്യുൽപ്പന്നമതിയായിരുന്നു

പ്രത്യേകം pRatyeekaM *(adj)*, special; പ്രത്യേകം സീറ്റുകളിൽ അവർ ഇരുന്നു

പ്രത്യേകമായ pRatyeekamaya *(adj)*, separate; ഞാൻ പ്രത്യേകമായ ഒരു മുറിയിലാണ് ഇരിക്കുന്നത്

പ്രത്യേകിച്ച് pRatyeekicc9 *(in)*, apart; പ്രത്യേകിച്ച് നല്ല ഗുണമൊന്നും അയാൾക്കില്ല

പ്രത്യേകിച്ച് pRatyeekicc9 *(in)*, in particular; ഭാരതത്തിൽ പ്രത്യേകിച്ച് കേരളത്തിൽ ജനസംഖ്യാ നിരക്ക് കൂടുതലാണ്

പ്രഥമ pRathama *(adj)*, first; പ്രഥമസംരംഭത്തിൽ തന്നെ പാളിച്ചപറ്റി

പ്രഥമപുരുഷൻ pRathamapuru$an *(nn,comp)*, third person; അവൻ പ്രഥമപുരുഷനാണ്

പ്രദക്ഷിണം pRadak$iNaM *(nn)*, circumambulation; അവൾ ക്ഷേത്രത്തെ പ്രദക്ഷിണം വച്ചു

പ്രദക്ഷിണംവയ്ക്ക് pRak$iNaMvykk9 *(comp vb)*, circumambulate; അവർ ക്ഷേത്രത്തെ പ്രദക്ഷിണം വയ്ക്കുന്നു

പ്രദർശനം pRadaRSanaM *(nn)*, exhibition; നഗരത്തിൽ ഒരു പ്രദർശനം നടക്കുന്നു

പ്രദർശിപ്പിക്ക് pRadaRSippikk9 *(vi)*, show; അവൻ തന്റെ ധൈര്യം പ്രദർശിപ്പിച്ചു

പ്രദർശിപ്പിക്ക് pRadaRSippikk9 *(vt)*, exhibit; പ്രദർശനശാലയിൽ വിവിധ സംസ്ഥാനങ്ങളിലെ വസ്തുക്കൾ പ്രദർശിപ്പിച്ചിരുന്നു

പ്രദേശം pRadeeSaM *(nn)*, area; ആ പ്രദേശം സ്വന്തമായിരുന്നു

പ്രദേശം pRadeeSaM *(nn)*, region; ആ പ്രദേശം തികച്ചും വിജനമായിരുന്നു

പ്രധാന pRadhaana *(adj, pfx)*, most important; പ്രധാനവിഷയങ്ങൾ യോഗത്തിൽ ചർച്ച ചെയ്യപ്പെട്ടില്ല

പ്രധാനം pRadhaanaM *(nn)*, most important thing; ആ ചർച്ച വളരെ പ്രധാനമായിരുന്നു

പ്രധാനമന്ത്രി pRadhaanamantRi *(nn)*, prime minister; പ്രധാനമന്ത്രി ജപ്പാൻ സന്ദർശിച്ചു

പ്രധാനമായ pRadhaanamaaya *(adj)*, important; വളരെ പ്രധാനമായ ചില കാര്യങ്ങളിൽ തീരുമാനമെടുക്കേണ്ടതുണ്ട്

പ്രപഞ്ചം pRapa~caM *(nn)*, universe; പ്രപഞ്ചം മുഴുവൻ നിറഞ്ഞു നിൽക്കുന്ന ജ്യോതിസ്സ്

പ്രബന്ധം pRabandhaM *(nn)*, essay; അദ്ദേഹം ഒരു പ്രബന്ധം രചിക്കുന്നു

പ്രബല pRabala *(adj)*, very strong; പ്രബലശക്തികൾ തമ്മിലുള്ള ഏറ്റുമുട്ടൽ

പ്രബലത pRabalata *(nn)*, strength; അയാളുടെ പ്രബലത പരീക്ഷിക്കപ്പെട്ട ദിവസമാണിത്

പ്രബലപ്പെടുത്ത് pRabalappeTutt\ə *(vt)*, bring into force; പുതിയ നിയമങ്ങൾ പ്രബലപ്പെടുത്തി

പ്രബുദ്ധ pRabuddha *(adj)*, enlightened; പ്രബുദ്ധമായ ചിന്തകളുമായി അയാൾ ജീവിക്കുന്നു

പ്രബോധനം pRaboodhanaM *(nn)*, awakening; ഗുരു ശിഷ്യന് പ്രബോധനം നല്കി

പ്രഭവം pRabhavaM *(nn)*, origin; ഗംഗയുടെ പ്രഭവം എവിടെയാണ്

പ്രഭ pRabha *(nn)*, lusture; അദ്ദേഹത്തിന്റെ മുഖത്ത് പ്രഭയുണ്ടായിരുന്നു

പ്രഭാഷണം pRabhaak$NaM *(nn)*, lecture; അയാൾ പ്രഭാഷണത്തിൽ മുമ്പനാണ്

പ്രഭാവം pRabhaavaM *(nn)*, majestic; നല്ല പ്രഭാവമുള്ള ഭരണാധികാരിയായിരുന്നു അദ്ദേഹം

പ്രഭാഷണംനടത്ത് pRbhaa$aNaMnaTatt\ə *(comp vb)*, deliver a talk; വി.കെ.കൃഷ്ണമേനോൻ അന്താരാഷ്ട്ര സഭയിൽ നടത്തിയ പ്രഭാഷണം ലോകപ്രസിദ്ധമാണ്

പ്രഭു pRabhu *(nn)*, lord; പ്രഭു അന്തരിച്ചു

പ്രഭുത്വം pRabhutvaM *(nn)*, lordship; അയാളുടെ പ്രഭുത്വം ആരും അംഗീകരിച്ചില്ല

പ്രമാണം pRamaaNaM *(nn)*, records; പ്രമാണങ്ങൾ എല്ലാംകൊണ്ടുവന്നു

പ്രമാണം pRamaaNaM *(nn)*, deed; അവർ ഒരു പ്രമാണത്തിൽ ഒപ്പു വച്ചു

പ്രമാണപത്രം pRamaaNpatRaM *(nn,comp)*, testimony; അയാൾ ഒരു പ്രമാണപത്രം എഴുതി വാങ്ങി

പ്രമാണിച്ച് pRamaaNiccə *(adv)*, pertaining to; ഉത്സവം പ്രമാണിച്ച് കട ഞായറാഴ്ച തുറക്കുന്നതാണ്

പ്രമാദമായ pRamaadamaaya *(adj)*, well known; പ്രമാദമായ ഒരു കേസിന്റെ വിധിയാണിന്ന്

പ്രമുഖ pRamukha *(adj)*, important; പ്രമുഖ വ്യാപാരികളെല്ലാം കടകളടച്ചു

പ്രമേഹം pRameehaM *(nn)*, diabetes mellitus; അവർക്ക് പ്രമേഹമായിരുന്നു

പ്രമോദം pRamoodaM *(nn)*, pleasure; പ്രമോദത്തിനു വേണ്ടി മാത്രമാണോ ജീവിതം?

പ്രയത്നം pRayatnaM *(nn)*, effort; പ്രയത്നത്തിനു ഇപ്പോഴല്ലെങ്കിൽ പിന്നീട് ഫലമുണ്ടാകും

പ്രയാസം pRayaasaM *(nn)*, difficulty; അയാൾക്ക് ആ ജോലിക്കിടയിൽ പല പ്രയാസങ്ങളും അനുഭവപ്പെട്ടു

പ്രയാസപ്പെട് pRayaasappeTə *(nn)*, laboured hard; ജീവിക്കാൻ വേണ്ടി അയാൾ പ്രയാസപ്പെടുന്നു

പ്രയാസമുള്ള pRayaasamuLLa *(adj)*, difficult; ലോകത്ത് പ്രയാസമുള്ള ഒന്നുമില്ല

പ്രയോഗം pRayoogaM *(nn)*, application; മരുന്നിന്റെ പ്രയോഗം ഫലിച്ചില്ല, ഒരു പ്രയോഗവുമില്ലാത്ത മരുന്ന്

പ്രയോഗിക്ക് pRayoogikkə *(vt)*, employ; അയാൾ ഒരു പുതിയ സൂത്രം പ്രയോഗിച്ചു

പ്രയോജനം pRayoojanaM *(nn)*, usefulness; എന്താണ് ജീവിതത്തിന്റെ പ്രയോജനം

പ്രയോജകം pRayoojakaM *(nn)*, transitive verb; എടുപ്പിക്കുക പ്രയോജകമാണ്

പ്രലപനം pRalapanaM *(nn)*, weeping; അവളുടെ പ്രലപനം ഉച്ചത്തിലായി

പ്രലപിക്ക് pRalapikkə *(vi)*, blabber to weep; അയാൾ എപ്പോഴും പ്രലപിച്ചുകൊണ്ടിരിക്കുന്നു

പ്രലോഭനം pRaloobhanaM *(nn)*, temptation; അവർ യാതൊരു പ്രലോഭനത്തിനും വഴങ്ങിയില്ല

പ്രവചനം pRavacanaM *(nn)*, prophecy; അയാളുടെ പ്രവചനം ശരിയായിരുന്നില്ല

പ്രവചിക്ക് pRavacikkə *(vi)*, predict; അയാൾ അങ്ങനെ പ്രവചിച്ചു

പ്രവണത pRavaNata *(nn)*, tendency; ഇത്തരം ക്ഷുദ്രമായ പ്രവണതകൾ മുളയിലെ നുള്ളിക്കളയണം

പ്രവർത്തനം pRavaRttanaM *(nn)*, activity; ഫാക്ടറിയിൽ പ്രവർത്തനം നിലച്ചു

പ്രവർത്തിക്ക് pRavaRttikkə *(vi)*, work; ഇന്ന് ഓഫീസ് പ്രവർത്തിക്കില്ല

പ്രവഹിക്ക് pRavahikkəi *(vi)*, flow; ഇവിടെ ജലം പ്രവഹിക്കുന്നു

പ്രവാചകൻ pRavaacakan *(nn)*, prophet; പ്രവാചകൻ അങ്ങനെ അരുളിചെയ്തു

പ്രവാസം pRavaasaM *(nn)*, living far from home; പ്രവാസത്തിന്റെ കാലം കഴിഞ്ഞ് അവൾ നാട്ടിലേക്ക് മടങ്ങി

പ്രവാസി pRavaasi *(nn)*, emigrant; അയാൾ ഒരു പ്രവാസിയെപ്പോലെ അലഞ്ഞു നടന്നു

പ്രവാഹം pRavaahaM *(nn)*, flow; ജലത്തിന്റെ പ്രവാഹം തടസ്സപ്പെട്ടു

പ്രവാളം pRavaaLaM *(nn)*, coral; നവരത്നത്തിൽ ഒന്നാണ് പ്രവാളം

പ്രവൃത്തി pRavRtti *(nn)*, action; പ്രവൃത്തിക്ക് ഫലം കിട്ടും

പ്രവേഗം pRaveegaM *(nn)*, velocity; അതിന്റെ പ്രവേഗം കണ്ടുപിടിക്കാൻ കഴിഞ്ഞില്ല

പ്രവേശം pRaveeSaM *(nn)*, entry; ഇങ്ങോട്ടുള്ള പ്രവേശം തടസ്സപ്പെട്ടിരിക്കുന്നു

പ്രവേശനം pRaveeSanaM *(nn)*, getting in; അന്യർക്ക് പ്രവേശനമില്ല

പ്രവേശിക്ക് pRaveeSikkə *(vi)*, enter; അനുവാദമില്ലാതെ അകത്തു പ്രവേശിക്കരുത്

പ്രവേശിക്ക് pRaveeSikkə *(vi)*, enter into; അയാൾ വീട്ടിനകത്തേക്ക് പ്രവേശിച്ചു

പ്രശംസ pRaSaMsa *(nn)*, praise; അയാൾക്ക് നല്ല പ്രശംസ കിട്ടി

പ്രശംസിക്ക് pRaSaMsikkə *(vt)*, applaud; അയാളെ പലരും പ്രശംസിക്കുന്നു

പ്രശസ്ത pRaSasta *(adj)*, famous; പ്രശസ്ത ചിത്രകാരനായ വാൻഗോഗ്

പ്രശാന്ത pRaSaanta *(adj)*, clam; പ്രശാന്തമായ ഒരു കാലാവസ്ഥയാണിത്

പ്രശ്നം pRaSnaMi *(nn)*, problem; ആ പ്രശ്നത്തിന് പരിഹാരം കണ്ടെത്തിയില്ല

പ്രശ്നംവയ്ക്ക് pRaSnaMvaykkə *(comp vb)*, foretell; അയാൾ ഇവിടെ പ്രശ്നം വയ്ക്കുന്നു

പ്രസംഗം pRasaMgaM *(nn)*, speech; അയാൾ നന്നായി പ്രസംഗം നടത്തി

പ്രസംഗിക്ക് pRasaMgikkə *(vb)*, speak; നേതാവ് പ്രസംഗിക്കുന്നു

പ്രസംഗിക്ക് pRasaMgikkə *(vi),* deliver a speech; അദ്ദേഹം ഇപ്പോഴും പ്രസംഗിക്കുന്നു

പ്രസക്ത pRaSakta *(adj),* pertinent; പ്രസക്തഭാഗങ്ങൾ അയാൾ ഉൾപ്പെടുത്തി

പ്രസക്തി pRasaktii *(nn),* relevance; എന്താണ് ഇതിന്റെ പ്രസക്തിയെന്ന് അയാൾ ചോദിക്കുന്നു

പ്രസന്ന pRasanna *(adj),* bright; പ്രസന്നമായ ഒരു മുഖമാണ് അയാൾക്ക്

പ്രസന്നത pRasannata *(nn),* brightness; അവളുടെ മുഖത്ത് പ്രസന്നത കളിയാടി

പ്രസന്നവദനനാക്

pRasannavadananaakə *(vi),* be with a radiant face; അവൻ പ്രസന്ന വദനനായി

പ്രസരണം pRasaraNaM *(nn),* spreading; ബാക്ടീരിയകളുടെ പ്രസരണം തടഞ്ഞു

പ്രസരിക്ക് pRasarikkə *(vi),* extend; രോഗം പെട്ടെന്ന് പ്രസരിച്ചു

പ്രസരിപ്പ് pRasarippə *(nn),* vitality; അവന് നല്ല പ്രസരിപ്പുണ്ടായിരുന്നു

പ്രസവശുശ്രൂഷ

pRasavaSuSRuu$a *(comp vb),* midwifery; അവൾക്ക് പ്രസവശുശ്രൂഷ ചെയ്തു

പ്രസാദം pRasaadaM *(nn),* brightness; അയാളുടെ മുഖത്തെ പ്രസാദം കുറഞ്ഞു

പ്രസാദിക്ക് pRasaadikkə *(vi),* become pleased; ദേവി അയാളുടെ മുന്നിൽ പ്രസാദിച്ചു

പ്രസാദിപ്പിക്ക് pRasaadippikkə *(vt),* make gratified; അയാളെ പ്രസാദിപ്പിക്കാൻ ആരും തയ്യാറായില്ല

പ്രസാധകൻ pRasaadhakan *(nn),* publisher; പ്രസാധകൻ പുസ്തകം പ്രസിദ്ധീകരിച്ചു

പ്രസാധനം pRasaadhanaM *(nn),* publishing; പുസ്തകത്തിന്റെ പ്രസാധനം മുടങ്ങി

പ്രസരണം pRasaaraNaM *(nn),* spreading; പ്രസരണത്തിനിടയിൽ തടസ്സം നേരിട്ടു

പ്രസിദ്ധ pRasiddha *(adj),* famous; പ്രസിദ്ധകവി അന്തരിച്ചു

പ്രസിദ്ധമാക് pRasiddhamaakə *(comp vb),* become famous; ഈ കവിത പ്രസിദ്ധമായി

പ്രസിദ്ധീകരിക്ക്

pRasiddhiikarikkə *(vt),* publish; അയാളുടെ പുസ്തകം പ്രസിദ്ധീകരിച്ചു

പ്രസ്താവം pRastaavaM *(nn),* announcement; അയാൾ ഒരു പ്രസ്താവം നടത്തി

പ്രസ്താവന pRastaavana *(nn)*, statement; തന്റെ പ്രസ്താവന അയാൾ പിൻവലിച്ചു

പ്രസ്താവിക്ക് pRastaavikkə *(vi)*, state; മന്ത്രി പുതിയ നികുതി നിർദ്ദേങ്ങൾ പ്രസ്താവിച്ചു

പ്രസ്തുത pRastuta *(adj)*, certain; പ്രസ്തുത കാര്യത്തിനുവേണ്ടി അയാൾ അവിടെ പോയി

പ്രസ്ഥാനം pRasthaanaM *(nn)*, establishment; പ്രസ്ഥാനത്തിന്റെ വിജയത്തിനുവേണ്ടി ജീവൻ ബലിയർപ്പിച്ചവർ

പ്രസ്ഥാപിക്ക് pRasthaapikkə *(vb)*, declare; മന്ത്രി എല്ലാ ഗ്രാമങ്ങളിലും കുടിവെള്ളം നൽകും എന്നു പ്രസ്താവിക്കുന്നു

പ്രസ്ഫുരണം pRasphuraNaM *(nn)*, sparkling; ഒരു തീജ്വാലയുടെ പ്രസ്ഫുരണം അവിടെ കണ്ടു

പ്രസ്ഫുരിക്ക് pRasphurikkə *(vi)*, shine; സൂര്യൻ പ്രസ്ഫുരിക്കുന്നു

പ്രഹരം pRaharaM *(nn)*, blow; അയാൾക്ക് ശക്തമായ പ്രഹരം കിട്ടി

പ്രഹരണം pRaharaNaM *(nn)*, beating; ഹനുമാന്റെ പ്രഹരണമേറ്റ് അയാൾ വീണു

പ്രഹരിക്ക് pRaharikkə *(vt)*, thrash; അയാൾ അവനെ ഇപ്പോഴും പ്രഹരിക്കുന്നു

പ്രഹസനം pRahasanaM *(nn)*, mockery; സി.വി.രാമൻ പിള്ള പ്രഹസനം രചിച്ചു

പ്രഹേളിക pRaheeLika *(nn)*, riddle; ജീവിതം ഒരു പ്രഹേളികയാണ്

പ്രഹ്ലാദം pRahLaadaM *(nn)*, great joy; അവൾക്ക് പ്രഹ്ലാദം തോന്നി

പ്രളയം pRaLayaMi *(nn)*, flood; പ്രളയം വന്ന് എല്ലാം നശിച്ചു

പ്രാക് pRaak *(adv)*, ancient; പ്രാക്ചരിത്രം രചിക്കാൻ പണ്ഡിതന്മാർ ശ്രമിച്ചു

പ്രാകൃത pRakRəta *(adj)*, uncivilized; പ്രാകൃതമായ ആചാരങ്ങൾ ഇന്നും നിലനില്ക്കുന്നു

പ്രാകൃതം pRaakRətaM *(nn)*, state of being uncultured or uncivilized; വളരെ പ്രാകൃതമായ ഒരവസ്ഥയിലാണ് ഇപ്പോൾ ആ വീട്

പ്രാക്ക് pRakkəi *(nn)*, curse; അയാൾക്ക് ഒരു പ്രാക്ക് കിട്ടി

പ്രാചീന pRaaciina *(adj)*, ancient; പ്രാചീനകാലത്ത് മനുഷ്യൻ നദീതീരങ്ങളിൽ ജീവിച്ചു

പ്രാചുര്യം pRaacuryaM *(nn)*, plentitude; പുസ്തകങ്ങളുടെ പ്രാചുര്യം വായനയുടെ ഗുണം വർദ്ധിപ്പിച്ചില്ല

പ്രാഞ്ച് pRaa~cə *(vi)*, creep; അവൾ പ്രാഞ്ചി നടക്കുന്നു

പ്രാണൻ pRaaNan *(nn)*, breath; അയാളുടെ പ്രാണൻ പോയി

പ്രാണവായു pRaaNavaayu *(comp nn)*, oxygen; പ്രാണ വായുവിനുവേണ്ടി അയാൾ വലിച്ചു

പ്രാണവേദന pRaaNaveedana *(comp nn)*, grief of death; പ്രാണവേദന കൊണ്ട് അയാൾ പുളഞ്ഞു

പ്രാണസഖി pRaaNasakhi *(comp nn)*, female companion; അവൾ എന്റെ പ്രാണസഖിയാണ്

പ്രാണാപായം pRaaNaapaayaM *(comp nn)*, danger of life; അയാൾക്ക് പ്രാണാപായം സംഭവിച്ചു

പ്രാണി pRaaNi *(nn)*, living being; പ്രാണികളെ കൊല്ലരുത്

പ്രാതൽ pRaatal *(nn)*, break fast; അമ്മ രാവിലെ പ്രാതൽ കഴിക്കുന്നു

പ്രാതിനിധ്യം pRaatinidhyaM *(nn)*, state of being a representative; സർക്കാരിൽ എല്ലാ തരക്കാരായ ജനങ്ങളുടേയും പ്രാതിനിധ്യം വേണം

പ്രാഥമിക pRaathamika *(adj)*, primary; പ്രാഥമികമായ ആവശ്യങ്ങൾ പോലും ഇവിടെ നിറവേറപ്പെടുന്നില്ല

പ്രാധാന്യം pRaadhaanyaM *(nn,)*, significance; അതിന്റെ പ്രാധാന്യം എനിക്ക് മനസ്സിലായില്ല

പ്രാധാന്യം pRaadhaanyaM *(nn)*, importance; വൈറ്റാമിനുകളുടെ പ്രാധാന്യം ജനങ്ങൾക്കറിയില്ല

പ്രാന്തം pRaantaM *(nn)*, out skirts; നഗരത്തിന്റെ പ്രാന്തങ്ങളിൽ എല്ലാവരും സുരക്ഷിതരാണ്

പ്രാപഞ്ചിക pRaapa~cika *(adj)*, pertaining to the world; പ്രാപഞ്ചിക ജീവിതം കഷ്ടപ്പാടുകൾ നിറഞ്ഞതാണ്

പ്രാപിക്ക് pRaapikkə *(vt)*, reach; കുചേലൻ ഒടുവിൽ കൃഷ്ണനെ ശരണം പ്രാപിച്ചു

പ്രാപിക്ക് pRaapikkə *(vt)*, attain; ഒറ്റക്കല്ല് മണ്ഡപത്തിൽ നിന്നു തൊഴുതാൽ മോക്ഷം പ്രാപിക്കാമെന്ന് വിശ്വസിക്കുന്നു

പ്രാപിക്ക് pRaapikkə *(vt)*, have sexual pleasure; കാമുകൻ കാമുകിയെ പ്രാപിച്ചു

പ്രാപ്പിടിയൻ pRaappiTiyan *(nn)*, falcon; ഒരു പ്രാപ്പിടിയൻ പെട്ടെന്ന് പറന്നു വന്നു

പ്രാപ്യ pRaapya *(adj)*, attainable; ഇന്റർനെറ്റ് പ്രാപ്യമായ അകലത്തിലുള്ള ഒരു വസ്തു ആയിക്കഴിഞ്ഞു

പ്രാബല്യം pRaabalyaM *(nn)*, predominance; അയാൾക്ക് പാർട്ടിയിൽ നല്ല പ്രാബല്യമുണ്ടായിരുന്നു

പ്രാബല്യത്തിൽവര് pRaabalyattil varə *(vi)*, come in to effect; ഇന്നു

മുതൽ പെട്രോൾ വില കൂടിയത് പ്രാബല്യത്തിൽ വന്നു

പ്രാഭവം pRaabhavaM *(nn)*, superiority; അയാളുടെ പ്രാഭവം ആരും അംഗീകരിച്ചുകൊടുത്തില്ല

പ്രാമാണിക pRaamaaNika *(adj)*, authoritative; പ്രാമാണിക ഗ്രന്ഥങ്ങളിൽ പോലും കാണാത്ത ചില കാര്യങ്ങൾ ഇതിലുണ്ട്

പ്രാമാണികത്വം pRaamaaNikatvaM *(nn)*, authoritativeness; പുസ്തകത്തിന്റെ പ്രാമാണികത്വം ചോദ്യം ചെയ്യപ്പെട്ടു.

പ്രാമാണ്യം pRaamaaNyaM *(nn)*, authoritativeness; അദ്ദേഹത്തിന്റെ പ്രാമാണ്യം ആരും അംഗീകരിച്ചില്ല

പ്രായം pRaayaM *(nn)*, age; അയാൾക്ക് പ്രായം കുറവായിരുന്നു

പ്രായം pRaayaM *(nn)*, stage of life; അവനവന്റെ പ്രായത്തിനുള്ള പ്രവൃത്തിയുണ്ടാകണം

പ്രായംചെല്ല് pRaayaMcellə *(comp vb)*, grow old; പ്രായം ചെല്ലുമ്പോൾ മനുഷ്യൻ കൂടുതൽ വിശാലമനസ്ക്കരാകുന്നു

പ്രായശ്ചിത്തം ചെയ്യ് pRaayaScittaM *(vi)*, repent; തെറ്റു ചെയ്തതിനെ ഓർത്തു കുട്ടി പ്രായശ്ചിത്തം ചെയ്തു

പ്രാരംഭം pRaaraMbhaM *(nn)*, begining; അങ്ങിനെ പുതിയ സംരംഭത്തിന് പ്രാരംഭം കുറിച്ചു

പ്രാരബ്ധം pRaarabdhaM *(nn)*, domestic worries; പ്രാരാബ്ധങ്ങൾക്കിടയിൽ ജീവിതം നീങ്ങി

പ്രാർത്ഥന pRaaRtthana *(nn)*, prayer; അയാളുടെ പ്രാർത്ഥന ദൈവം സ്വീകരിച്ചു

പ്രാർത്ഥനാലയം pRaaRthanaalayaM *(nn,comp)*, prayer hall; പ്രാർത്ഥനാലയത്തിലേക്ക് ഞങ്ങൾ പ്രവേശിച്ചു

പ്രാർത്ഥിക്ക് pRaaRthikkə *(vt)*, pray for; അയാൾ ദൈവത്തോട് പ്രാർത്ഥിക്കുന്നു

പ്രാവർത്തികമാക്ക് pRaavaRttikmaakkə *(comp vb)*, make onething into action; അയാൾ ഒരിക്കലും ഒരു കാര്യവും പ്രാവർത്തികമാക്കാറില്ല

പ്രാവീണ്യം pRaaviiNyaM *(nn)*, dexterity; അയാൾക്ക് സംഗീതത്തിൽ നല്ല പ്രാവീണ്യമുണ്ട്

പ്രാവ് pRaavə *(nn)*, pigeon; പ്രാവ് സമാധാനത്തിന്റെ ചിഹ്നമാണ്

പ്രാസം pRaasaM *(nn)*, rhyme; നല്ല പ്രാസമുള്ള കവിത

പ്രാസംഗികൻ pRaasaMgikan *(nn),* speaker; പ്രാസംഗികൻ കുറെ നേരം പ്രസംഗിച്ചു

പ്രിയ pRiya *(adj),* loving; പ്രിയമുള്ള നാട്ടുകാരെ, സുഹൃത്തുക്കളെ ...

പ്രിയങ്കരമായ pRiyŋkaramaaya *(adj),* lovable; നെല്ലരിയാണ് കേരളീയർക്ക് പ്രിയങ്കരമായ ഭക്ഷ്യവസ്തു

പ്രിയതമൻ pRiyataman *(nn),* beloved; പ്രിയതമൻ പ്രിയതമയോട് സ്വകാര്യം പറഞ്ഞു

പ്രീണനം pReeNanaM *(nn),* giving satisfaction and pleasure; സർക്കാറിന്റെ പ്രീണനം അവസാനിപ്പിക്കണം

പ്രീണിപ്പിക്ക് pRiiNippikkə *(vt),* gladden; ന്യൂനപക്ഷങ്ങളെ അവർ പ്രീണിപ്പിക്കുന്നു

പ്രീതി pRiiti *(nn),* fondness; അമ്മയ്ക്ക് മകളോട് പ്രീതി തോന്നി

പ്രേക്ഷകൻ pReek$akan *(nn),* spectactor; പ്രേക്ഷകൻ ഒന്നും മനസ്സിലാകാതെ ഇരുന്നു

പ്രേതം pReetaM *(nn),* ghost; പ്രേതം, പിശാച് തുടങ്ങിയവയിൽ വിശ്വസിക്കുന്നവർ ഇപ്പോഴും ഉണ്ടോ

പ്രേമം pReemaM *(nn),* love; അയാൾക്ക് അവളോട് പ്രേമം തോന്നി

പ്രേമകഥ pReemakatha *(comp nn),* love story; ഒരു പ്രേമകഥയിലെ ദുരന്തരംഗം പോലെ അവരുടെ ബന്ധവും അവസാനിച്ചു

പ്രേമഗാനം pReemagaanaM *(comp nn),* love song; അവൾ ഒരു പ്രേമഗാനം പാടി

പ്രേമബന്ധം pReemabndhaM *(comp nn),* bond of love; അവൾ ഒരു പ്രേമബന്ധത്തിൽ കുടുങ്ങി

പ്രേമവിവാഹം pReemavivaahaM *(comp nn),* love marriage; അവരുടെ ബന്ധം പ്രേമവിവാഹത്തിൽ കലാശിച്ചു

പ്രേയസി pReeyasi *(nn),* beloved; അയാൾ തന്റെ പ്രേയസിയെ നോക്കി

പ്രേരക pReeraka *(adj),* inspiring; പ്രേരകമായ ചില കാര്യങ്ങൾ അയാൾ പറഞ്ഞു

പ്രേരണ pReeraNa *(nn),* motive; അവിടെ പോകാനുള്ള പ്രേരണ എന്തായിരുന്നു

പ്രേരിപ്പിക്ക് pReerippikkə *(vt),* induce; അയാളെ അതു ചെയ്യാൻ പലരും പ്രേരിപ്പിച്ചു

പ്രേരിപ്പിക്ക് pReerippikkə *(vt),* prompt; ഉത്തരം പറയാൻ പറ്റാത്ത കുട്ടികളെക്കൊണ്ടു ഉത്തരം പറയിക്കാൻ അധ്യാപിക പ്രേരിപ്പിച്ചു

പ്രോത്സാഹനം pRootsaahanaM *(nn)*, encouragement; അയാൾക്ക് അല്പം പോലും പ്രോത്സാഹനം കിട്ടിയില്ല

പ്രോത്സാഹിപ്പിക്ക് pRootsaahippikkə *(vt)*, encourage; സീതയെ എല്ലാവരും പ്രോത്സാഹിപ്പിക്കുന്നു

പ്രൌഢം pRauDhaM *(adj)*, noble; പ്രൌഢമായ ചില തീരുമാനങ്ങൾ അവർ എടുത്തു

പ്രൌഢി pRauDhi *(nn)*, proud; അയാൾക്ക് പ്രൌഢിയിലൊന്നും വിശ്വാസമില്ലായിരുന്നു

പ്ലാൻ plan *(nn)*, plan; എഞ്ചിനീയർ ഒരു പ്ലാൻ വരച്ചു

പ്ലാവ് plaavə *(nn)*, jack fruit tree; പ്ലാവിൽ ചക്ക ഉണ്ടായിരുന്നു

ഫക്കീർ phakkiiR *(nn)*, fakir; ഒരു ഫക്കീർ അതുവഴി വന്നു

ഫണം phaNaM *(nn)*, hood of a snake; പാമ്പ് ഫണമുയർത്തി നില്ക്കുന്നു

ഫയൽമാൻ phayalmaan *(nn)*, gladiator; ഫയൽമാൻ ഗോദയിലേക്ക് ഇറങ്ങി

ഫലം phalaM *(nn)*, effect; തെറ്റിന്റെ ഫലം അയാൾ അനുഭവിച്ചു

ഫലം phalaM *(nn)*, fruit; ഒരു ഫലവുമില്ലാത്ത വൃക്ഷം

ഫലം phalaM *(nn)*, profit; ഒരു ഫലവുമില്ലാത്ത കാര്യം

ഫലം phalaM *(nn)*, result; പരീക്ഷയുടെ ഫലം പുറത്തായി

ഫലം phalaM *(nn)*, utility; അവൾ വാങ്ങിച്ച ഫ്രിഡ്ജ് വളരെ ഫലപ്രദമായി

ഫലകം phalakaM *(nn)*, plank; അയാൾ ഒരു ഫലകത്തിൽ ഇരുന്നു

ഫലപ്രദം phalapRadaM *(adj)*, fruitful; ഫലപ്രദമായ ചില മരുന്നുകൾ കഴിച്ചു

ഫലവൃക്ഷം phalavRək$aM *(comp nn)*, fruit tree; ഫലവൃക്ഷത്തിൽ ഫലങ്ങൾ ഉണ്ടായി

ഫലിക്ക് phalikkə *(vi)*, materialise; അയാളുടെ പ്രവചനം ഫലിച്ചു

ഫലിക്ക് phalikkə *(vi)*, materialise; അവന്റെ സൂത്രം ഫലിച്ചു

ഫലിതം phalitaM *(nn)*, wit; അയാൾ ഒരു ഫലിതം പറഞ്ഞു

ഫാക്ടറി phakTaRi *(nn)*, factory; ഫാക്ടറിയിൽ സമരം തീർന്നു

ഫെബ്രുവരി phebRuvari *(nn)*, february; ഫെബ്രുവരി ഞങ്ങളുടെ നാട്ടിൽ ഉത്സവങ്ങളുടെ കാലമാണ്

ഫോട്ടോ phooTToo *(nn)*, photograph; ഞാൻ ഇന്നലെ ഒരു ഫോട്ടോ എടുത്തു

ഫോട്ടോഗ്രാഫി phooTToograaphi *(nn)*, art of taking protographs; ഫോട്ടോഗ്രാഫിയിൽ അയാൾ നല്ല കഴിവുള്ളവനാണ്

ഫൌണ്ടൻ പേന phauNTanpeena *(nn)*, fountain pen; അച്ഛൻ അവന് ഒരു ഫൌണ്ടൻ പേന വാങ്ങിക്കൊടുത്തു

ബട്ടൺ baTTaN *(nn)*, button; അവന്റെ ഷർട്ടിന്റെ ബട്ടൺ പൊട്ടിപ്പോയി

ബഡായി baDaayi *(nn)*, boasting; അയാൾ എപ്പോഴും ബഡായി പറഞ്ഞുകൊണ്ടിരിക്കുന്നു

ബദ്ധ baddha *(adj)*, bound; കർത്തവ്യങ്ങളാൽ ബദ്ധമായ ജീവിതം

ബദ്ധപ്പാട് baddhappaaTə *(nn)*, haste; അയാളുടെ ബദ്ധപ്പാട് അയാൾക്കേ അറിയൂ

ബദ്ധപ്പെട് baddhappeTə *(comp vb)*, hurry up; അവൾ ഒരു അവസരത്തിനുവേണ്ടി ബദ്ധപ്പെട്ടു നടന്നു

ബദ്ധശ്രദ്ധ baddhaSRaddha *(adj)*, attentive; ബദ്ധശ്രദ്ധനായ കുട്ടിയാണ് അവൻ

ബധിരൻ badhiran *(nn)*, deaf; അയാൾ ബധിരനും അവർ ബധിരയുമാണ്

ബനിയൻ baniyan *(nn)*, banian; അവൻ ബനിയൻ ഇടാറില്ല

ബന്ദി bandi *(nn)*, captive slave; ബന്ദികളെ വിട്ടു കൊടുത്തു

ബന്ധം bandhaM *(nn)*, relation; ബന്ധങ്ങൾ എപ്പോഴും ബന്ധനങ്ങളാണ്

ബന്ധനം bandhanaM *(nn)*, binding; ജീവിതം കർമ്മബന്ധമാണ്

ബന്ധനം bandhanaM *(nn)*, imprisionment; കള്ളൻ പോലീസ് ബന്ധനത്തിൽ നിന്നും രക്ഷപ്പെട്ടു

ബന്ധിക്ക് bandhikkə *(vt)*, tie; അയാൾ കുതിരയെ ഒരു മരത്തോടു ബന്ധിച്ചു

ബന്ധു bandhu *(nn)*, relative; ഞാൻ ഒരു ബന്ധുവിനെ സന്ദർശിച്ചു

ബന്ധുത bandhuta *(nn)*, kinsmanship; ബന്ധുതപറഞ്ഞ് അയാൾ വന്നു

ബലം balaM *(adj)*, strong; അവൾ ബലമുള്ള ഒരു വടിയെടുത്തു

ബലം balaM *(nn)*, force; കൈയ്യിൽ ബലമായി പിടിച്ചു

ബലം balaM *(nn)*, strength; അയാളുടെ ബലം പരിശോധിക്കപ്പെട്ടു

ബലക്ഷയം balak$ayaM *(comp nn)*, weak; ബലക്ഷയം നേരിട്ടുകൊണ്ട് അയാൾ ആ കസേര നീക്കം ചെയ്തു

ബലപ്പെട് balappeTə *(vi)*, become strong; അയാൾ ആ ശക്തികൊണ്ട് ബലപ്പെടുന്നു

ബലവത്ത് balavattə *(adj)*, powerful; ബലവത്തായ പാറക്കെട്ടുകൾ

ബലവാൻ balavaan *(nn)*, strong person; ബലവാനായ ഒരു മനുഷ്യൻ ആയിരുന്നു അയാൾ

ബലഹീനത balahiinata *(nn)*, weakness; അയാളുടെ ബലഹീനതകൾ പലരും മുതലെടുത്തു

ബലഹീനൻ balahiinan *(nn)*, weak person; അയാൾ ബലഹീനനായിരുന്നു

ബലാൽസംഗം balaalsaMgaM *(nn)*, rape; ആ സ്ത്രീയെ ആരോ ബലാൽസംഗം ചെയ്തു

ബലാൽ balaal *(adv)*, forcibly; അയാൾ ബലാൽ പിടിച്ചടക്കി

ബലി bali *(nn)*, sacrifice; ആട്ടിൻ കുട്ടിയെ ബലി നടത്തി

ബലികർമ്മം balikaRmmaM *(comp nn)*, sacrifical ritual; ബലികർമ്മത്തിന് ചില മൃഗങ്ങളെ കൊണ്ടുവന്നു

ബലികഴിക്ക് balikaZikkə *(comp vb)*, sacrifice; ഒരു ആടിനെ ബലികഴിക്കാൻ ആവശ്യപ്പെട്ടു

ബലികൊടുക്ക് balikoTukkə *(vt)*, be killed as a sacrificial offering; അയാൾ ഒരു ആടിനെ ബലി കൊടുത്തു

ബലിക്കല്ല് balikkallə *(comp nn)*, sacrificial altar; ബലിക്കല്ലിൽ തലവച്ച് അവൻ കിടന്നു

ബലിപീഠം balipiiThaM *(nn)*, altar; ബലിപീഠത്തിനുമുമ്പിൽ വൈദികൻ നിന്നു

ബലിയിട് baliyiTə *(vb)*, perform obsequies by heirs; അച്ഛൻ പൂർവ്വികന്മാർക്ക് ബലിയിട്ടു

ബൽട്ട് balTTə *(nn)*, belt; അവൻ ബൽട്ട് കെട്ടുന്നു

ബഹളം bahaLaM *(adj)*, agiation; അവിടെ എന്തോ ബഹളം നടക്കുന്നു

ബഹിരാകാശം bahiraakaaSaM *(nn)*, outer space; ബഹിരാകാശത്ത് അവർ സഞ്ചരിച്ചു

ബഹിർമുഖ bahiRmukha *(adj)*, extrovert; അയാൾക്ക് ബഹിർമുഖമായ വ്യക്തിത്വമാണ്

ബഹിഷ്ക്കരണം bahi$kkaraNaM *(nn)*, boycotting; ആ ബഹിഷ്ക്കരണത്തിൽ എല്ലാവരും അപലപിച്ചു

ബഹിഷ്ക്കരിക്ക് bahi$kkarikkə *(vt)*, boycott; അയാളെ സഭയിൽ നിന്നു ബഹിഷ്ക്കരിച്ചു

ബഹുജനം bahujanaM *(nn)*, common folk; ബഹുജനം പലവിധം

ബഹുമതി bahumati *(nn)*, honour; അന്യനാട്ടിൽ പോയ അയാൾക്ക് പല ബഹുമതികളും കിട്ടി

ബഹുമാനം bahumaanaM *(nn)*, reverence; അയാളുടെ ബഹുമാനം പിടിച്ചുപറ്റാൻ കഴിഞ്ഞു

ബഹുമാനപ്പെട്ട bahumanappeTTa *(adj)*, honourable; ബഹുമാനപ്പെട്ട മെമ്പർ സഭയിൽ നിന്നു പുറത്തുപോകണം

ബഹുമാനിക്ക് bahumanikkə *(vt)*, respect; മാതാപിതാക്കളെ ബഹുമാനിക്കണം

ബഹുമാനിക്ക് bahumaanikkə *(vb)*, honour; അയാൾ എല്ലാവരേയും ബഹുമാനിക്കുന്നു

ബഹുമുഖ bahumukha *(adj)*, multifarious; ബഹുമുഖപ്രതിഭയായ അദ്ദേഹത്തെ അവർ അഭിനന്ദിച്ചു

ബാക്കി bakki *(nn)*, balance; ഇനി ബാക്കി എന്തുണ്ട്

ബാക്ടീരിയ baakTiiriya *(nn)*, bacteria; അഴുക്കുകളിൽ ബാക്ടീരിയ പിടിപെടുന്നു

ബാങ്ക് baaŋkə *(nn)*, bank; ബാങ്ക് ഇന്ന് ഉച്ചയ്ക്കുശേഷം തുറക്കില്ല

ബാഡീസ് baDiisə *(nn)*, brasier; അവൾ ബാഡീസ് അണിയുന്നു

ബാണം baaNaM *(nn)*, arrow; അയാൾ ഒരു ബാണം തൊടുത്തു

ബാധ baadha *(nn)*, possessed by spirit; ബാധയൊഴിപ്പിക്കാൻ അവർ മന്ത്രം ചൊല്ലി

ബാധക baadhaka *(adj)*, applicable to; തീരെ ബാധകമല്ലാത്ത ചോദ്യങ്ങൾ ചോദിക്കരുത്.

ബാധകം baadhakaM *(nn)*, that which is applicable to; ഈ ചോദ്യങ്ങൾ എനിക്കു ബാധകമല്ല

ബാധയൊഴിപ്പിക്ക് baadhayoZippikkə *(comp. vb)*, exorcise; അവിടെ കോഴിയെ കൊന്ന് ബാധയൊഴിപ്പിക്കുന്നു

ബാധിക്ക് baadhikkə *(vi)*, affected; രോഗം ബാധിച്ചശേഷം ചികിത്സ നടത്തണം.

ബാധ്യത baadhyata *(nn)*, obligation; അയാൾക്ക് ഇതിൽ യാതൊരു ബാധ്യതയും ഇല്ലത്രേ

ബാധ്യസ്ഥൻ baadhyasthan *(nn)*, one who is liable to; ഇക്കാര്യത്തിൽ താൻ ബാധ്യസ്ഥനല്ലെന്ന് അയാൾ പറഞ്ഞു

ബാപ്പ baappa *(nn)*, father; കുട്ടി ബാപ്പയോട് പിണങ്ങി

ബാർലി baaRli *(nn)*, barley; ഞാൻ ബാർലി ചേർത്തവെള്ളം കുടിച്ചു

ബാല baala *(nn)*, girl; ബാലയുടെ മനസ്സിൽ ചില സംശയങ്ങൾ ഉടലെടുത്തു

ബാലൻ baalan *(nn)*, boy; ആ ബാലൻ അവരോട് ചോദിച്ചു

ബാലാരിഷ്ടത baalari$Tata *(nn),* infantile disease; ബാലാരിഷ്ടതകൾ കൊണ്ട് നിറഞ്ഞ ഒരു ബാല്യകാലം

ബാലിശ baaliSa *(adj),* childish; ബാലിശമായ ചില സംശയങ്ങൾ അവൻ എപ്പോഴും ചോദിക്കും

ബാലിശത baaliSata *(nn),* childishness; അവന്റെ ബാലിശത എല്ലാവരും കളിയാക്കി

ബാല്യം baalyaM *(nn),* childhood; ജീവിതത്തിലെ ഏറ്റവും നല്ല ഘട്ടമാണ് ബാല്യം

ബാഷ്പം baa$haM *(nn),* vapour; ആ ബാഷ്പം തണുത്ത് ജലകണങ്ങളായി പതിച്ചു

ബാഷ്പീകരണം baa$piikaraNaM *(nn),* evaporation; നീരാവി ബാഷ്പീകരണം സംഭവിച്ച് ജലമാകുന്നു

ബാഷ്പീകരിക്ക് baa$piikarikkə *(vt),* evaporate; ഇവിടെ വെള്ളം പെട്ടെന്ന് ബാഷ്പീകരിക്കപ്പെടുന്നു

ബാഹുല്യം baahulyaM *(nn),* multiude; ആളുകളുടെ ബാഹുല്യം നിമിത്തം അങ്ങോട്ടുപോകാനെ കഴിഞ്ഞില്ല

ബാഹുല്യം baahulyaM *(nn),* plentitude; പുസ്തകങ്ങളുടെ ബാഹുല്യം ആ ലൈബ്രറിയെ മികച്ചതാക്കി

ബിന്ദു bindu *(nn),* point; ഒരു ബിന്ദുവിൽനിന്ന് മറ്റൊരു ബിന്ദുവിലേക്ക് ദൂരമെത്രയാണ്

ബിന്ദു bindu *(nn),* dot; വൃത്തത്തിന്റെ നടുക്ക് ഒരു ബിന്ദു ഇട്ടു

ബീജം biijaM *(nn),* semen; ബീജവും അണ്ഡവും സംയോജിക്കുന്നു

ബീജം biijaM *(nn),* seed; ബീജം മുളച്ച് ചെടിയുണ്ടാകുന്നു

ബീജഗണിതം biijagaNitaM *(nn),* algebra; ബീജഗണിതത്തിൽ അയാൾ വിശാരദനാണ്

ബീഭത്സം biibhalsaM *(adj),* terrible; ബീഭത്സമായ ചില രംഗങ്ങൾ അവിടെ നടന്നു

ബീഭത്സം biibhatsaM *(nn),* horrendous; അയാൾ ബീഭത്സം അഭിനയിച്ചു കാട്ടി

ബുദ്ധൻ buddhan *(nn),* Gautama buddha; ബുദ്ധൻ അവിടെ നിന്ന് യാത്രയായി

ബുദ്ധമതം buddhamataM *(nn,comp),* buddism; ബുദ്ധമതം പല സ്ഥലങ്ങളിലും പ്രചരിച്ചു

ബുദ്ധി buddhi *(nn),* wisdom; അയാളുടെ ബുദ്ധിയിൽ ഉദിച്ച ആശയം പ്രയോഗിച്ചു

ബുദ്ധിപൂർവ്വം buddhipuuRvvaM *(adj),* intelligently; ബുദ്ധിപൂർവ്വം അയാളെ അവൻ സഹായിച്ചു

ബുദ്ധിഭ്രമം buddhibhRamaM *(nn,comp),* madness; അയാൾക്ക് ബുദ്ധിഭ്രമമുണ്ടായിരുന്നു

ബുദ്ധിമാൻ buddhimaan *(nn),* intelligent man; അയാൾ നല്ല ബുദ്ധിമാനാണ്

ബുദ്ധിമുട്ടിക്ക് buddhimuTTikkə *(vt),* drive to difficulty; അയാളെ ബുദ്ധിമുട്ടിക്കേണ്ടെന്ന് അവൻ കരുതി

ബുദ്ധിമുട്ട് buddhimuTTə *(vi),* difficulty; എനിക്ക് പല ബുദ്ധിമുട്ടുകളും അനുഭവപ്പെട്ടു

ബുദ്ധിമുട്ട് buddhimuTTə *(vi),* struggle; അയാൾ ജീവിക്കാൻ ബുദ്ധിമുട്ടുന്നു

ബുദ്ധിമോശം buddhimooSaM *(nn,comp),* folly; എനിക്ക് അങ്ങിനെയൊരു ബുദ്ധിമോശം സംഭവിച്ചു

ബുദ്ധിയുള്ള bhudhiyuLLa *(adj),* wise; രമേശ് ബുദ്ധിയുള്ള കുട്ടിയായിരുന്നു

ബുദ്ധിശാലി buddhiSaali *(nn),* intelligent person; അയാൾ നല്ല ബുദ്ധിശാലി തന്നെ

ബുദ്ധിഹീന buddhihiina *(adj),* lacking intelligence; ബുദ്ധിഹീനമായ ഒരു പ്രവൃത്തിയായിപ്പോയി അത്

ബുധനാഴ്ച bhudhanaaZca *(nn),* wednesday; ബുധനാഴ്ച രാവിലെ 10 മണിക്ക് പരിപാടി ആരംഭിക്കുന്നു

ബുധൻ budhan *(nn),* planet mercury; ബുധൻ സൂര്യനോട് ഏറ്റവും അടുത്ത ഗ്രഹമാണ്

ബൃഹത് bRəhatə *(adj),* large; ഒരു ബൃഹത് ലൈബ്രറിയിൽ ഞാൻ ചേർന്നു

ബൃഹസ്പതി bRəhaspati *(nn),* preceptor of gods; ബൃഹസ്പതി ദേവന്മാരുടെ ഗുരുവാണ്

ബേജാറ് beejaaRə *(nn),* confusion; അയാൾക്ക് എപ്പോഴും ബേജാറാണ്

ബൈബിൾ baibiL *(nn),* bible; ബൈബിൾ ക്രിസ്ത്യാനികളുടെ വേദപുസ്തകമാണ്

ബൊമ്മ bomma *(nn),* doll; കുട്ടി ബൊമ്മ വാങ്ങി

ബോധം boodhaM *(nn),* consiousness; അയാൾക്ക് ബോധം തെളിഞ്ഞു

ബോധപൂർവ്വം boodhapuuRvvaM *(nn),* consciously; ബോധപൂർവ്വം ഞാൻ ആ കണ്ടുമുട്ടൽ ഒഴിവാക്കി

ബോധിക്ക് boodhikkə *(vi),* realize; അയാൾക്ക് തന്റെ തെറ്റുകൾ ബോധിച്ചു

ബോധിപ്പിക്ക് boodhippikkə *(vt),* submit; അയാൾ രാജാവിന്റെ പക്കൽ സങ്കടം ബോധിപ്പിച്ചു

ബോധിവൃക്ഷം boodhivRk$aM *(nn),* tree under which one attains

enlightment;
ബോധിവൃക്ഷത്തിന്റെ ചുവട്ടിൽ വെച്ച് ബുദ്ധന് ജ്ഞാനം ലഭിച്ചു

ബോധ്യപ്പെടുത്ത് boodhyappeTuttə *(vt),* convince; അയാളോട് എത്ര പറഞ്ഞിട്ടും ബോധ്യപ്പെടുത്താൻ പറ്റിയില്ല

ബൌദ്ധ bauddha *(adj),* pertaining to Lord buddha; ബൌദ്ധമായ ചില കാര്യങ്ങൾ ഞങ്ങൾ ചർച്ച ചെയ്തു

ബ്രഷ് bRa$ə *(nn),* brush; അയാൾ ബ്രഷ് കൊണ്ട് ചിത്രം വരച്ചു

ബ്രഹ്മം bRahmaM *(nn),* supreme soul; ബ്രഹ്മത്തിന്റെ തന്നെ മറ്റുരൂപമാണ് നാമെല്ലാം

ബ്രഹ്മചര്യം bRamacaryaM *(nn),* celibacy; അയാൾ ബ്രഹ്മചര്യം ആചരിച്ചു

ബ്രഹ്മചാരി bRahmacaari *(nn),* celibate person; അയാൾ ഒരു ബ്രഹ്മചാരിയാണ്

ബ്രഹ്മജ്ഞാനം bRahmaj~aanaM *(nn,comp),* realisation of ultimate power; അയാൾക്ക് ബ്രഹ്മജ്ഞാനം ലഭിച്ചു

ബ്രഹ്മാണ്ഡം bRahmaaNDaM *(nn),* universe; അയാൾ ബ്രഹ്മാണ്ഡം മുഴുവൻ അലഞ്ഞു

ബ്രഹ്മാവ് bRahmaavə *(nn),* Lord brahma; ബ്രഹ്മാവാണ് സ്രഷ്ടികർത്താവ്

ബ്രാഹ്മണത്വം bRahmaNatvaM *(nn),* brahminhood; ബ്രാഹ്മണത്വം ഒരു വരമായി പഴയ മനുഷ്യൻ കരുതി

ബ്രാഹ്മണൻ bRaahmaNan *(nn),* brahmin; ബ്രാഹ്മണനും ക്ഷത്രിയനും മറ്റും

ബ്ലെയ്ഡ് blayDə *(nn),* blade; ബ്ലെയ്ഡു കൊണ്ട് കൈ മുറിഞ്ഞു

ബ്ലൌസ് blausə *(nn),* blouse; അവൾ ബ്ലൌസ് ഇട്ടു

ഭംഗി bhaŋgi *(nn),* beauty; ആ ഭംഗി അയാൾ ആസ്വദിച്ചു.

ഭംഗികേട് bhaŋgikeeTə *(comp nn),* awkwardness; അയാൾ ആ ശില്പത്തിന്റെ ഭംഗികേട് ഒഴിവാക്കി

ഭംഗിവാക്ക് bhaŋgivaakkə *(nn,comp),* sweet words; അയാൾ ഓരോ ഭംഗിവാക്കുകൾ പറഞ്ഞുകൊണ്ടു അവിടെനിന്നു സ്ഥലംവിട്ടു.

ഭംഗുരമായ bhaMguramaaya *(adj),* fragile; ക്ഷണഭംഗുരമായ ജീവിതം കടന്നുപോയി.

ഭക്തിപൂർവ്വം bhaktipuuRvvaM *(adv),* with devotion; അവൾ ഭക്തിപൂർവ്വം പ്രാർഥിച്ചു

ഭക്ഷണം bhak$aNaM *(nn),* food; കൃത്യസമയത്ത് ഭക്ഷണം കഴിക്കണം

ഭക്ഷ്യ bhak$ya *(adj),* food; ഭക്ഷ്യകാര്യങ്ങളിൽ അവൻ ശ്രദ്ധിക്കാറില്ല

ഭക്ഷ്യവസ്തു bhak$yavastu *(nn),* food stuff; ഭക്ഷ്യവസ്തുക്കൾക്ക് ഇവിടെ ക്ഷാമമൊന്നുമില്ല

ഭഗവതി bhagavati *(nn),* goddess; ഭഗവതിയുടെ മുന്നിൽ അയാൾ നമസ്ക്കരിച്ചു

ഭഗവാൻ bhagavaan *(nn),* god; ഭഗവാന്റെ അനുഗ്രഹത്തിനായി അയാൾ പ്രാർത്ഥിച്ചു

ഭഗീരഥപ്രയത്നം bhagiirathapRayatnaM *(comp vb),* herculean effort; അയാൾ ഒരു ഭഗീരഥപ്രയത്നം നടത്തി

ഭഗ്ന bhagna *(adj),* broken; ഭഗ്നമായ ഒരു ഹൃദയവുമായി അയാൾ ജീവിച്ചു

ഭജന bhajana *(nn),* ceremony of worship; അയാൾ ഭജന ഇരുന്നു

ഭജനം bhajanaM *(nn),* worship; അയാൾ ഭജനം നടത്തി

ഭജിക്ക് bhajikkə *(vi),* adore; അവൾ ആ വിഗ്രഹത്തെ ഭജിച്ചു

ഭജിക്ക് bhajikkə *(vi),* break; അവൾ മൌനം ഭജിച്ചു

ഭണ്ഡാരം bhaNDaaraM *(nn),* treasure; ഭണ്ഡാരത്തിൽ അയാൾ പണം നിക്ഷേപിച്ചു

ഭയ bhaya *(adj),* pertaining to fear; ഭയമുണ്ടാക്കുന്ന ഒരു ദൃശ്യം അവൻ കണ്ടു

ഭയം bhayaM *(nn),* fear; അവന് ആരെയും ഭയമില്ലായിരുന്നു

ഭയങ്കര bhayaṅkara *(adj),* dreadful; ഭയങ്കരമായ ചില സത്യങ്ങൾ അവനറിഞ്ഞു

ഭയപ്പാട് bhayappaaTə *(nn),* fear; അയാൾക്ക് ഭയപ്പാട് തോന്നി

ഭയപ്പെട് bhayappeTə *(vt),* be afraid; അവൾ ആരെയോ ഭയപ്പെടുന്നു

ഭയഭക്തി bhayabhakti *(comp nn),* devotion; അയാളുടെ ഭയഭക്തി ചോദ്യം ചെയ്യപ്പെട്ടില്ല

ഭയാനക bhayaanaka *(adj),* terrific; ഭയാനകമായ ഒരു കാഴ്ച കണ്ടു

ഭരണ bharaNa *(adj),* governing; ഭരണകാര്യങ്ങളിൽ അയാൾ ശ്രദ്ധിച്ചു

ഭരണം bharaNaM *(nn),* administration; ഭരണം നടത്തിയത് മന്ത്രിയായിരുന്നു

ഭരണകക്ഷി bharaNakak$i *(comp nn),* ruling party; ഭരണകക്ഷി ഭൂരിപക്ഷത്തോടെ വിജയിച്ചു

ഭരണകൂടം bharaNakuuTaM *(nn),* government; ഭരണകൂടം പൊളിഞ്ഞാൽ രാജ്യത്തിന്റെ സ്ഥിതി അവതാളത്തിലാകും

ഭരണഘടന bharaNaghaTana *(nn),* constitution; ഇന്ത്യൻ ഭരണഘടനയുടെ ശില്പി ആരാണ്

ഭരണാധികാരി bharaNaadhikaari *(nn)*, ruler; ഭരണാധികാരികൾ എന്നും സുഖലോലുതൽപരരാണ്

ഭരണി bharaNi *(nn)*, jar; അച്ചാറുകൾ ഭരണിയിൽ സൂക്ഷിക്കുന്നു

ഭരതവാക്യം bharatavaakyaM *(comp nn)*, closing benedictory stanza in classical drama; അങ്ങിനെ നാടകത്തിന്റെ ഭരതവാക്യമായി

ഭരിക്ക് bharikkə *(vt)*, rule; രാജാവ് നാടു ഭരിക്കുന്നു

ഭർതൃ bhaRtRə *(adj)*, pertaining to husband; ഭർതൃഗൃഹത്തിലേക്ക് അവൾ പോയി

ഭർതൃത്വം bhaRtRətvaM *(nn)*, state of being husband; അയാളുടെ ഭർതൃത്വത്തിൽ അവൾക്ക് താൽപര്യമില്ലായിരുന്നു

ഭർതൃഹീന bhaRtRəhiina *(nn)*, widow; അവൾ ഭർതൃഹീനയായ ഒരു സ്ത്രീയാണ്

ഭർത്താവ് bhaRttaavə *(nn)*, husband; അവളുടെ ഭർത്താവ് ഗൾഫിലാണ്

ഭവതി bhavati *(nn)*, pronoun for adressing a woman; ഭവതി എന്താണ് പറയുന്നത്

ഭവനം bhavanaM *(nn)*, residence; അയാൾ സ്വഭവനത്തിൽ താമസിച്ചു

ഭവിക്ക് bhavikkə *(vi)*, become; അയാൾ ഒരു മൂഢനായി ഭവിച്ചു

ഭവിഷ്യം bhavi$yaM *(nn)*, future; ജോൽസ്യൻ അവളുടെ ഭവിഷ്യം മുൻ കൂട്ടി പറഞ്ഞു

ഭവ്യം bhavyaM *(nn)*, auspicious; അവന്റെ വളരെ ഭവ്യമായ പെരുമാറ്റം എല്ലാവരെയും ആകർഷിച്ചു

ഭസ്മം bhasmaM *(nn)*, ash; അയാൾ ശരീരത്തിൽ ഭസ്മം തേച്ചു

ഭസ്മക്കുറി bhasmakkuRi *(comp nn)*, strokes on the forehead made with ashes; അയാൾ ഭസ്മക്കുറി അണിഞ്ഞു

ഭസ്മമാക്ക് bhasmamaakkə *(vt)*, make into ashes; അയാൾ ആ വീട് ഭസ്മമാക്കി

ഭാഗം bhaagaM *(nn)*, portion; വീടിന്റെ ഒരു ഭാഗം വാടകയ്ക്കു കൊടുത്തിരിക്കുകയാണ്

ഭാഗം bhaagaM *(nn)*, part; തന്റെ ഭാഗം മാത്രം മനുഷ്യൻ ശരിയാണെന്നു വിചാരിക്കുന്നു

ഭാഗധേയം bhaagadheeyaM *(nn)*, fortune; അയാളുടെ ഭാഗധേയം അയാൾക്കറിയില്ലായിരുന്നു

ഭാഗഭാക്കാക് bhagabhakkaakə *(comp vb)*, taking part; അവൾ ആ യോഗത്തിൽ ഭാഗഭാക്കായി

ഭാഗിക്ക് bhaagikkə *(vt)*, divide; രാജ്യത്തെ രണ്ടായി ഭാഗിച്ചു

ഭാഗ്യ bhaagya *(adj)*, pertaining to fortune; നല്ല ഭാഗ്യമുള്ള കുട്ടിയാണ് അവൻ

ഭാഗ്യം bhagyaM *(nn)*, luck; ഭാഗ്യംകൊണ്ടുമാത്രം അയാൾ രക്ഷപ്പെട്ടു

ഭാഗ്യക്കുറി bhaagyakkuRi *(nn)*, lottery; അയാൾ ഒരു ഭാഗ്യക്കുറി എടുത്തു

ഭാഗ്യദോഷം bhaagyadoo$aM *(nn)*, misfortune; അയാളുടെ ഭാഗ്യദോഷം കൊണ്ട് ആ ജോലി നഷ്ടപ്പെട്ടു

ഭാഗ്യമില്ലാത്ത bhaagyamillaatta *(adj)*, unfortunate; തീരെ ഭാഗ്യമില്ലാത്ത കുട്ടിയായിരുന്നു അവൻ

ഭാഗ്യമുള്ള bhaagyamuLLa *(adj)*, fortunate; വളരെ ഭാഗ്യമുള്ള ഒരു കുട്ടിയാണ് അവൻ

ഭാഗ്യവശാൽ bhaagyavaSaal *(adv)*, luckily; ഭാഗ്യവശാൽ അയാൾ ഒന്നും ചോദിച്ചില്ല

ഭാഗ്യശാലി bhaagyaSaali *(nn)*, lucky person; അയാൾ വലിയ ഭാഗ്യശാലിയാണ്

ഭാണ്ഡം bhaNDaM *(nn)*, package; അയാൾ ഭാണ്ഡത്തിൽ എന്തൊക്കെയോ നിറച്ചു

ഭാണ്ഡക്കെട്ട് bhaaNDakeTTə *(nn,comp)*, bundle; അയാൾ ആ ഭാണ്ഡക്കെട്ട് തലയിൽ ഏറ്റി

ഭാരം bhaaraM *(nn)*, weight; ആ പുസ്തകത്തിന് നല്ല ഭാരമുണ്ട്

ഭാരത bhaarata *(adj)*, pertaining to bharata; ഭാരത ഭൂമിയിൽ ആർഷ സംസ്ക്കാരമാണുള്ളത്

ഭാരതം bhaarataM *(nn)*, India; ഭാരതം എന്റെ മാതൃഭൂമിയാണ്

ഭാരതീയൻ bhaaratiiyan *(nn)*, native of India; നാമെല്ലം ഭാരതീയരാണ്

ഭാരവാഹി bhaaravaahi *(nn)*, one who holds responsibility; അയാൾ ആ കമ്മിറ്റിയുടെ ഭാരവാഹിയാണ്

ഭാര്യ bhaarya *(nn)*, wife; അന്യന്റെ ഭാര്യയെ മോഹിക്കരുത്

ഭാര്യാത്വം bhaaryaatvaM *(nn)*, wife hood; അവളുടെ ഭാര്യാത്വം അംഗീകരിക്കപ്പെട്ടു

ഭാര്യാഭർത്താക്കന്മാർ bhaaryaabhaRttaakkanmaR *(nn)*, husband & wife; ഭാര്യാഭർത്താക്കന്മാർ തമ്മിൽ എന്നും കലഹിക്കാറുണ്ടായിരുന്നില്ല

ഭാവം bhaavaM *(nn)*, superior; അയാൾക്ക് എപ്പോഴും താനെന്ന ഭാവമാണ്

ഭാവഗീതം bhaavgiitaM *(nn)*, lyric; കുമാരനാശാന്റെ ഭാവഗീതങ്ങൾ സുന്ദരമാണ്

ഭാവന bhaavana *(nn)*, imagination; അയാളുടെ ഭാവനയിൽ വിരിഞ്ഞ ഒരു രൂപം

ഭാവനാശക്തി bhaavanaaSakti *(nn,comp),* power of magination; അവൾക്ക് നല്ല ഭാവനാശക്തിയുണ്ട്

ഭാവി bhaavi *(nn),* future; നമ്മുടെ ഭാവി വളരെ ഇരുളടഞ്ഞതാണോ?

ഭാവി bhaavi *(nn),* future time; അവന്റെ നല്ല ഭാവിയെപ്പറ്റി ഞങ്ങൾ ചർച്ചചെയ്തു

ഭാവിക്ക് baavikka *(vi),* pretend; അയാൾ താൻ വലിയവനാണെന്ന് ഭാവിച്ചു

ഭാവിപ്രവചനം bhaavipRavacanaM *(nn),* prophecy; ഭാവിപ്രവചനം ശരിയായിരിക്കണമെന്നില്ല

ഭാവുകം baavukaM *(nn),* good luck; അയാൾ ഭാവുകങ്ങൾ നേർന്നു

ഭാഷ bha$a *(nn),* language; ഭാഷയിലൂടെ ആശയവിനിമയം നടത്തുന്നു

ഭാഷണം bhaa$aNaM *(nn),* conversation; ഭാഷണത്തിൽ നേരിടുന്ന അപാകതകൾ ചൂണ്ടിക്കാട്ടി

ഭാഷാശാസ്ത്രം bhaa$aaSaastRaM *(nn),* linguistics; ഭാഷാ ശാസ്ത്രത്തിൽ ഇന്ന് പല നൂതനസരണികളുമുണ്ട്

ഭാഷ്യം bhaa$yaM *(nn),* commentary; അയാൾ ആ കൃതിക്ക് ഒരു ഭാഷ്യം രചിച്ചു

ഭിക്ഷ bhik$a *(nn),* begging; അയാൾ ഭിക്ഷ യാചിക്കുന്നു

ഭിക്ഷക്കാരൻ bhik$akkaaran *(nn),* beggar; ഒരു ഭിക്ഷക്കാരൻ എന്നോട് ചോദിച്ചു

ഭിക്ഷാടനം bhik$aaTanaM *(nn),* wandering for begging; ഭിക്ഷാടനത്തിന് അയാൾ പോയി

ഭിത്തി bhitti *(nn),* wall; ഭിത്തിയിൽ ഒരു ചിത്രം ഉണ്ട്

ഭിന്ന bhinna *(adj),* divided; ഭിന്നമായ ആശയങ്ങൾ തമ്മിൽ എപ്പോഴും ഏറ്റുമുട്ടുന്നു

ഭിന്ന bhinna *(adj),* split; സ്വാതന്ത്ര്യം കിട്ടിയപ്പോൾ ഇന്ത്യയും പാക്കിസ്ഥാനും ഭിന്ന രാജ്യങ്ങളായി

ഭിന്നിക്ക് bhinnikkə *(vi),* split; അയാൾ അവിടെ നിന്ന് ഭിന്നിച്ചു

ഭിന്നിപ്പ് bhinnippə *(nn),* separation; അയാളുടെ ഭിന്നിപ്പ് ഒരു മാറ്റവും ഉണ്ടാക്കിയില്ല

ഭീകര bhiikara *(adj),* fearful; അയാൾ ഭീകരസ്വപ്നങ്ങൾ കണ്ടു

ഭീതി bhiiti *(nn),* fear; അവൾക്ക് ഭീതി തോന്നി

ഭീമ bhiima *(adj),* creating fear (huge); ഒരു ഭീമരൂപിയാണ് അയാൾ

ഭീമൻ bhiiman *(nn),* bhima; ഭീമൻ ഗദായുദ്ധം ചെയ്തു

ഭീരു bhiiru *(nn),* coward; അയാൾ ഒരു ഭീരുവാണ്

ഭീരുത്വം bhiirutvaM *(nn)*, cowardice; അയാളുടെ ഭീരുത്വം മൂലം ആ കള്ളൻ മുതൽ മോഷ്ടിച്ചു

ഭീരുവായ bhiiruvaaya *(adj)*, cowardly; വളരെ ഭീരുവായ കുട്ടിയാണ് അവനെന്ന് എല്ലാവരും പറയുന്നു

ഭീഷണ bhii$aNa *(adj)*, fearful; ഭീഷണമായ ഒരു രംഗമായിരുന്നു അത്

ഭീഷണി bhii$aNi *(nn)*, threatenining; അയാളുടെ ഭീഷണി ആരും സ്വീകരിച്ചില്ല

ഭുജം bhujaM *(nn)*, shoulder; അവന്റെ ഭുജത്തിൽ തട്ടി ഉണർത്തി

ഭുജിക്ക് bhujikkə *(vt)*, eat; അവൻ മാംസം ഭുജിക്കുന്നു

ഭുവനം bhuvanaM *(nn)*, heaven; ഭുവനം നിറയെ സംഗീതം

ഭൂകമ്പം bhuukambaM *(nn)*, earth quake; ജപ്പാനിൽ ഭൂകമ്പമുണ്ടായി

ഭൂഖണ്ഡം bhuukhaNDaM *(nn)*, continent; ഈ ഭൂഖണ്ഡത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കണം

ഭൂഗർഭശാസ്ത്രം bhuugaRbhaSastRaM *(nn,comp)*, geology; ഭൂഗർഭശാസ്ത്രത്തിൽ അയാൾ ബിരുദമെടുത്തു

ഭൂഗോളം bhuugooLaM *(nn)*, earth; ഭൂഗോളത്തിന്റെ ആകൃതി മുട്ടയുടെതു പോലെയാണ്

ഭൂതം bhutam *(nn)*, ghost; മുക്കുവനും ഭൂതവും എന്ന കഥ കേട്ടിട്ടില്ലേ

ഭൂതകാലം bhuutakaalaM *(nn)*, past; ഭൂതകാലത്തെക്കുറിച്ചു സംസാരിച്ചിട്ടു എന്തു പ്രയോജനം

ഭൂതക്കണ്ണാടി bhuutakaNNaaTi *(nn)*, microscope; അയാൾ ഭൂതക്കണ്ണാടികൊണ്ട് പരിശോധിച്ചു

ഭൂതദയ bhuutadaya *(nn,comp)*, love of fellow beings; അയാൾക്ക് ഭൂതദയ ഉണ്ടായിരുന്നു

ഭൂതലം bhuutalaM *(nn)*, earth; ഭൂതലം നിറയെ വെള്ളമായിരുന്നു

ഭൂതോദയം bhuutoodayaM *(nn)*, sudden thought (coming to mind without proper reason); അയാൾക്ക് പെട്ടെന്ന് ഭൂതോദയം ഉണ്ടായി

ഭൂനികുതി bhuunikuti *(nn,comp)*, land revenue; അയാൾ ഭൂനികുതി കൊടുത്തില്ല

ഭൂപടം bhuupaTaM *(nn)*, map; ഇന്ത്യയുടെ ഭൂപടത്തിൽ കേരളം കണ്ടു പിടിക്കാമോ

ഭൂമി bhuumi *(nn)*, earth; ഭൂമിയെ സംരക്ഷിക്കേണ്ട കടമ നമുക്കുണ്ട്

ഭൂമിക bhuumika *(nn)*, fore word; അയാൾ ഒരു ഭൂമിക തയ്യാറാക്കി

ഭൂമികുലുക്കം bhuumikulukkaM *(nn,comp),* earth quake; ഇവിടെ ഭൂമി കുലുക്കമുണ്ടായിരുന്നു

ഭൂമിശാസ്ത്രം bhuumiSaastRaM *(nn,comp),* geography; ഭൂമി ശാസ്ത്രത്തിൽ അവന് നല്ല മാർക്കുണ്ട്

ഭൂരിപക്ഷം bhuuripak$aM *(nn),* majority; ഭൂരിപക്ഷം പേരും പാർട്ടി വിട്ടു

ഭൂഷണം bhuu$aNaM *(nn),* ornament; അവൾ ഭൂഷണങ്ങൾ അണിഞ്ഞു

ഭൃത്യൻ bhRtyan *(nn),* servant; ഭൃത്യൻ ഒരു പാത്രം കൊണ്ടു വന്നു

ഭേദം bheedaM *(nn),* difference; അവർ തമ്മിൽ ഭേദമുണ്ട്

ഭേദഗതി bheedagati *(nn,comp),* difference of state; അയാൾ ഒരു ഭേദഗതി നിർദ്ദേശിച്ചു

ഭേദപ്പെട് bheedappeTə *(vi),* recover; കുട്ടിയുടെ രോഗം ഭേദപ്പെട്ടു

ഭേദിക്ക് bheedikkə *(vt),* split; അയാൾ ആ വില്ലു ഭേദിച്ചു

ഭേരി bheeri *(nn),* trumpet; അവിടെ ഒരു ഭേരി മുഴങ്ങി

ഭോഗം bhoogaM *(nn),* happines; ഭോഗത്തിനുവേണ്ടി മാത്രമല്ല മുനുഷ്യൻ ജീവിക്കുന്നത്

ഭോഗലോലുപ bhoogaloolup *(adj),* lustful; ഭോഗലോലുപരായ രാജാക്കന്മാർ

ഭോജനം bhoojanaM *(nn),* food; അയാൾ ഭോജനം കഴിച്ചു

ഭോഷത്തം bhoo$taM *(nn),* foolishness; അയാളുടെ ഭോഷത്തം കാരണം പണം നഷ്ടപ്പെട്ടു

ഭോഷൻ bhoo$an *(nn),* fool; അയാൾ വെറും ഭോഷനാണ്

ഭൌതികവാദം bhautikavaadaM *(nn,comp),* materialism; ഭൌതിക വാദത്തിന് പല പ്രശ്നങ്ങളുമുണ്ട്

ഭ്രംശം bhRaMSaM *(nn),* miss the way; അയാൾക്കു മാർഗ്ഗഭ്രംശം പറ്റി

ഭ്രമം bhRamam *(nn),* revolving; ഭൂമിയുടെ ഭ്രമം നിലയ്ക്കുന്നില്ല

ഭ്രമം bhRamam *(nn),* fascination; ആ പെണ്ണിനെ കണ്ട് അവൻ ഭ്രമിച്ചുപോയി

ഭ്രമണം bhRamaNaM *(nn),* whirling; ഭൂമിയ്ക്കുചുറ്റും ചന്ദ്രന്റെ ഭ്രമണം തുടർന്നു

ഭ്രഷ്ട bhRa$Ta *(adj),* exiled; ദേശഭ്രഷ്ടനായ അയാളെ ഗ്രാമത്തിനു പുറത്താക്കി

ഭ്രഷ്ട് bhRa$Tə *(nn),* out caste; അയാൾക്ക് ഭ്രഷ്ട് കല്പിച്ചു

ഭ്രാന്തൻ bhRaantan *(nn),* madman; അയാൾ ഒരു ഭ്രാന്തനാണ്

ഭ്രാന്ത് bhRaantə *(nn),* madness; അയാൾക്ക് ഭ്രാന്താണെന്ന് ജനം പറയുന്നു

ഭ്രൂണം bhRuuNaM *(nn),* foetus; ഭ്രൂണം ജീവനുള്ളതാണ്

മംഗലമായ maMgalaMaaya *(adj),* auspicious; വളരെ മംഗലമായ ഒരു ദിവസമാണിത്

മംഗല്യ maMgalya *(adj),* auspicious; മംഗല്യപ്രദമായ ഒരു ദിവസം

മംഗല്യവതി maMgalyavati *(nn,comp),* married woman; രാധ മംഗല്യവതിയായി

മംഗളം maMgaLaM *(nn),* well being; ഞാൻ അവൾക്ക് മംഗളം നേർന്നു

മകം makaM *(nn),* tenth constellation; അവന് മകം നക്ഷത്രത്തിൽ കുഞ്ഞ് ജനിച്ചു

മകയിരം makayiraM *(nn),* fifth constellation; അവന്റെ നക്ഷത്രം മകയിരം ആണ്

മകൻ makan *(nn,ks),* son; അയാളുടെ മകനാണ് ഇവൻ

മകരം makaraM *(nn),* sixth month of Hindu calender; മകരത്തിൽ വിളവ് കൊയ്തു

മകരസംക്രാന്തി makarasaMkRaanti *(nn,comp),* time when the sun enters the mansion of capricorn; മകരസംക്രാന്തിക്ക് ഞാൻ ശബരിമലയിൽ പോയി

മകൾ makaL *(nn,ks),* daughter; നെഹ്റുവിന്റെ മകളാണ് ഇന്ദിരാഗാന്ധി

മകുടം makuTaM *(nn),* crown; അയാൾ വിജയത്തിന്റെ മകുടം ചൂടി

മക്കൾ makkaL *(nn),* children; അയാളുടെ മക്കളെല്ലാം നല്ല നിലയിലാണ്

മങ്ക maṉka *(nn),* woman; അവൾ ധീരയായ ഒരു മങ്കയാണ്

മങ്ങ് maṉṉə *(vi),* fade; അയാളുടെ ഐശ്വര്യമെല്ലാം മങ്ങി

മച്ചി macci *(nn),* barren; അവൾ ഒരു മച്ചിയാണത്രേ

മച്ചുനൻ maccunan *(nn,ks),* brother in law; രവി രാജന്റെ മച്ചുനനാണ്

മച്ച് maccə *(nn),* ceiling; അയാൾ ഏണിയിലൂടെ മച്ചിലേക്ക് കയറി

മജിസ്ട്രേട്ട് majisTReeTTə *(nn),* magistrate; മജിസ്ട്രേട്ട് വാദം കേട്ടു

മജ്ജ majja *(nn),* marrow of the bones; അയാളുടെ മജ്ജകളെല്ലാം വേദനിക്കുന്നു

മഞ്ചം ma~caM *(nn),* bed stead; അയാൾ ഒരു മഞ്ചം ചുമന്നു കൊണ്ടുവന്നു

മഞ്ചൽ ma~cal *(nn),* palanquin; രാജാവ് മഞ്ചലിൽ വന്നു

മഞ്ചാടി ma~caaTi *(nn),* denanthena pavonica; കുട്ടി മഞ്ചാടി എണ്ണി നോക്കി

മഞ്ജു ma~juu *(adj),* sweet; മഞ്ജുഭാഷിണിയാണ് അവൾ

മഞ്ഞ ma~~a *(adj),* yellow; കൊന്നപ്പൂവിന്റെ നിറം മഞ്ഞയാണ്

മഞ്ഞക്കരു ma~~akkaru *(nn,comp),* yolk egg; മുട്ടയുടെ മഞ്ഞക്കരു എനിക്കിഷ്ടമല്ല

മഞ്ഞപ്പിത്തം ma~~appittaM *(nn),* jaundice; രവിക്ക് മഞ്ഞപ്പിത്തം വന്നു

മഞ്ഞളിക്ക് ma~~Likkə *(comp vb),* become pale; അവൾ നാണം കൊണ്ട് മഞ്ഞളിച്ചുപോയി

മഞ്ഞൾ ma~~aL *(nn),* turmeric; മഞ്ഞൾ ഔഷധഗുണമുള്ളതാണ്

മഞ്ഞുകട്ടി ma~~ukaTTi *(nn),* ice; മഞ്ഞുകട്ടി കൊണ്ടു ഇഗ്ലൂ ഉണ്ടാക്കുന്നു

മഞ്ഞുകാലം ma~~ukaalaM *(nn),* winter; മഞ്ഞുകാലത്ത് പുതയ്ക്കാൻ പുതപ്പുവേണം

മഞ്ഞ് ma~~ə *(nn),* dew; കിഴക്കൻ മലകളിൽ ഇപ്പോൾ മഞ്ഞു പെയ്യുന്നു

മട maTa *(nn),* hollow; അയാൾ പുലിമടയിൽ ചെന്നു കയറി

മടക്കം maTakkaM *(nn),* return; രവിയുടെ മടക്കം പെട്ടെന്നായിരുന്നു

മടക്ക് maTakkə *(vt),;* രാമൻ പായ മടക്കുന്നു

മടങ്ങൽ maTaŋŋaL *(nn),* return; അയാൾ രവിയുടെ തോറ്റു മടങ്ങൽ കണ്ടു

മടങ്ങ് maTaŋŋə *(nn),* fold; കടലാസിൽ ഒരു മടങ്ങ് വീണു

മടങ്ങ് maTaŋŋə *(vi),* fold; പുസ്തകത്തിലെ ഒരു കടലാസ് അകത്തേക്ക് മടങ്ങി

മടയൻ maTayan *(nn),* fool; രവി ഒരു മടയനായിരുന്നു

മടയ്ക്ക് maTaykkə *(vi),* labour hard; അയാൾ വല്ലാതെ മടയ്ക്കുന്നുണ്ടായിരുന്നു

മടൽ maTal *(nn),* coconut palm leaf with midrib; തെങ്ങിന്റെ മടൽ തീ കത്തിക്കാൻ ഉപയോഗിക്കുന്നു

മടി maTi *(nn),* laziness; രവി മടികൊണ്ട് അവിടെ പോയില്ല

മടി maTi *(nn),* lap; കുട്ടി അമ്മയുടെ മടിയിൽ ഇരുന്നു

മടിക്ക് maTikkə *(vi),* waver; അവൾ പുറത്തേക്കു വരാൻ മടിച്ചു

മടിയൻ maTiyan *(nn),* lazy fellow; രവി വലിയ മടിയനാണ്

മടിശ്ശീല maTiSSiila *(nn,comp),* money bag; അമ്മയുടെ മടിശ്ശീലയിൽ പണമുണ്ടായിരുന്നു

മടുക്ക് maTukkə *(vi),* be tired; അയാൾക്ക് ജീവിതം മടുത്തു

മടുമലർ maTumalaR *(nn,comp),* opened flower with honey; മടുമലരിൽ തേൻ വണ്ട് വന്നിരുന്നു

മട്ടം maTTam *(nn),* set square; ആശാരി മട്ടമുപയോഗിച്ച് പരിശോധിച്ചു

മട്ടുപ്പാവ് maTTuppaavə *(nn),* terrace; അവർ മട്ടുപ്പാവിലിരുന്നു ചന്ദ്രനെ ആസ്വദിച്ചു

മട്ട് maTTə *(nn),* sediment; അരിഷ്ടത്തിന്റെ മട്ട് കുപ്പിയിൽ കണ്ടു

മട്ട് maTTə *(nn),* manner; അയാളുടെ മട്ടും ഭാവവും ആർക്കും ഇഷ്ടമായില്ല

മഠം maThaM *(nn),* convent; അവൻ മഠത്തിൽ ചേർന്നു

മഠം maThaM *(nn),* bramin's house; മഠത്തിൽ നിന്നും പൂജാമന്ത്രങ്ങളുയർന്നു

മണം maNaM *(nn),* smell; ഇവിടെ നല്ല മണമുണ്ട്

മണമുള്ള maNaM *(adj),* smell; അത് നല്ല മണമുള്ള പൂവായിരുന്നു

മണക്ക് maNakkə *(vi),* have a smell; ഇവിടെ പൂവിന്റെ ഗന്ധം മണക്കുന്നു

മണപ്പുറം maNappuRaM *(nn,comp),* sandy bank; മണപ്പുറത്ത് അവൾ കാറ്റുകൊള്ളാൻ ഇരുന്നു

മണൽ maNal *(nn),* sand; മണൽ വിരിച്ച മുറ്റത്ത് അവർ ഇരുന്നു

മണവറ maNavaRa *(nn),* bed-room of married couple; മണവറയിൽ മണവാളൻ കടന്നു

മണവാട്ടി maNvaaTTi *(nn),* bride; മണവാട്ടി കുറെ ആഭരണങ്ങൾ ധരിച്ചു

മണവാളൻ maNavaaLan *(nn),* bride groom; മണവാളൻ മണവാട്ടിയെ കണ്ടു

മണി maNi *(nn),* bell; സ്ക്കൂളിൽ മണി മുഴങ്ങി

മണി maNi *(nn),* precious stone; അത് വിശിഷ്ടമായ ഒരു മണിയാണ്

മണി maNi *(nn),* time ; ഇപ്പോൾ മണി എത്രയായി

മണിക്കെട്ട് maNikkeTTə *(nn,comp),* wrist; ഞാൻ മണിക്കെട്ടിൽ വാച്ച് ധരിച്ചു

മണിക്കൂർ manikkuuR *(nn),* hour; മണിക്കൂറുതോറും മണിയടിച്ചു കൊണ്ടിരുന്നു

മണിയടിക്ക് maNiaTikkə *(vt),* ring; സ്ക്കൂളിൽ മണിയടിക്കുന്നു

മണിത്തേര് maNitteerə *(nn,comp),* decorated chariot; അയാൾ ഒരു മണിത്തേരിൽ കയറി

മണിപ്രവാളം manipRavaaLaM *(nn),* poems written in which a particular regional language and sanskrit are combined; മണിപ്രവാളത്തിന്റെ

കാലഘട്ടം വളരെ പഴക്കമുള്ളതാണ്

മണിമാളിക maNimaaLika *(nn,comp)*, high tower; അവൻ ഒരു മണിമാളികയിൽ താമസിച്ചു

മണിയറ maniyaRa *(nn)*, bride's chamber; മണിയറ മനോഹരമായി അലങ്കരിച്ചിരുന്നു

മൺകട്ട maNkaTTa *(nn,comp)*, clod of earth; മൺകട്ട കൊണ്ട് ഉണ്ടാക്കിയ വീടാണത്

മൺകോരി maNkoori *(nn,comp)*, rake; ഒരു മൺകോരിയിൽ മണ്ണുകോരിയെടുത്തു

മണ്ട maNTa *(nn)*, head; അയാളുടെ മണ്ടയിൽ ഒന്നും കേറിയില്ല

മണ്ട maNTa *(nn)*, top part of trees; അയാൾ തെങ്ങിന്റെ മണ്ടയിൽ കയറി

മണ്ടത്തരം maNTattaraM *(nn)*, foolishness; അയാളുടെ മണ്ടത്തരം വളരെ പ്രസിദ്ധമാണ്

മണ്ടൻ maNTan *(nn)*, fool; അവൻ ഒരു മണ്ടനാണത്രേ

മണ്ഡനം maNDanaM *(nn)*, favourable criticism; അദ്ദേഹം മണ്ഡന രീതിയിൽ വിമർശനം നടത്തുന്നു

മണ്ഡപം maNDapaM *(nn)*, place for prayer or debates; മണ്ഡപത്തിൽ വിളക്കു കൊളുത്തി പ്രാർത്ഥന നടത്തി

മണ്ഡപം maNDapaM *(nn)*, open shed erected for marriage and other feasts; വധു വിവാഹ മണ്ഡപത്തിലേക്കു പ്രവേശിച്ചു

മണ്ഡലം maNDalaM *(nn)*, assembly; അയാൾ മണ്ഡലത്തിൽ പ്രവേശിച്ചു

മണ്ണട്ട maNNaTTa *(nn)*, kind of small worm; മണ്ണിൽ ധാരാളം മണ്ണട്ടകളുണ്ടായിരുന്നു

മണ്ണാങ്കട്ട maNNaaṅkaTTa *(nn,comp)*, soil pieces; മണ്ണാങ്കട്ടയും കരിയിലയും കാശിക്കു പോയത്രേ

മണ്ണാൻ maNNaan *(nn)*, caste in Kerala; മണ്ണാൻ കേരളത്തിലെ ഒരു പ്രത്യേക ജാതിയാണ്

മണ്ണെണ്ണ maNNeNNa *(nn)*, kerosene; മണ്ണെണ്ണകൊണ്ട് സ്റ്റൌ കത്തിച്ചു

മണ്ണ് maNNə *(nn)*, soil; മണ്ണ് ഫലഭൂയിഷ്ടമാക്കാനുള്ള പലവഴികളുമുണ്ട്

മണ്ണ് maNNə *(nn)*, earth; അവൻ ചിരിച്ചു ചിരിച്ചു മണ്ണു കപ്പി

മൺവെട്ടി maNveTTi *(nn,comp)*, spade; അയാൾ മൺവെട്ടി കൊണ്ട് മണ്ണുകിളച്ചു

മൺവെട്ടിപ്പല്ല് maNveTTippallə *(nn,comp)*, tooth like a spade;

അവന്റെ മൺവെട്ടിപല്ലുകൾ കേടാണ്

മതം mataM *(nn),* religion; മതം മനുഷ്യനെ മയക്കുന്ന കറുപ്പാണ്

മതഭ്രാന്ത് matabRantə *(nn,comp),* religious fanaticsm; അയാൾ ഒരു മതഭ്രാന്തനാണ്

മതവിശ്വാസം mataviSvaasaM *(nn,comp),* religious belief; മതവിശ്വാസം ഇന്ന് അപകടകരമായ ഘട്ടത്തിൽ എത്തിയിരിക്കുന്നു

മതി mati *(nn),* intellect; ഇത് അവളുടെ മതിയിൽ ഉദിച്ച ആശയം ആണ്

മതി mati *(vb, modal),* enough; എനിക്ക് ചോറ് ഇത്ര മതി

മതിക്ക് matikkə *(vt),* respect; അയാളെ ആരും മതിച്ചില്ല

മതിഭ്രമം matibhRamaM *(nn),* hallucination; അയാൾക്ക് വല്ലാത്ത ഒരു മതിഭ്രമം തോന്നി

മതിമറക്ക് matimaRakkə *(comp vb),* lose one's senses; അയാൾ തന്റെ വിജയത്തിൽ മതിമറന്ന് ആഹ്ലാദിച്ചു

മതിയാക് matiyaakə *(vi),* sufficient; മനുഷ്യന്റെ ആവശ്യങ്ങൾ ഒരിക്കലും മതിയാകുന്നില്ല

മതിലകം matilakaM *(nn),* plot surrounded by a wall; മതിലകത്ത് ആരോ കടന്നു

മതിൽ matil *(nn),* compound wall; അയാൾ മതിൽ ചാടി കടന്നു

മതിവർ mativarə *(comp vb),* be satisfied; അവൻ മതിവരുവോളം പായസം കുടിച്ചു

മതേതര mateetara *(adj),* secular; മതേതര രാജ്യത്ത് പല പ്രശ്നങ്ങളുമുണ്ടാകുന്നു

മത്തങ്ങ mattaŋŋa *(nn),* pumpkin; മത്തങ്ങ കൊണ്ട് അമ്മ കറി വച്ചു

മത്തനാക് mattanaakə *(nn),* intoxicated; അയാൾ കുടിച്ച് മത്തനായി

മത്താപ്പ് mattaappə *(nn),* kind of fire works; അവിടെ എല്ലാവരും മത്താപ്പ് കത്തിച്ചു

മത്തി matti *(nn),* sardine; മത്തി കേരളത്തിൽ ലഭ്യമാണ്

മത്ത് mattə *(nn),* churning stick; അമ്മ മത്തുകൊണ്ട് തൈരു കടഞ്ഞു

മത്സരം matsaraM *(nn),* competition; അവർ തമ്മിൽ മത്സരങ്ങൾ പലതും നടന്നു

മത്സരിക്ക് matsarikkə *(vt),* compete; അയാൾ തെരഞ്ഞെടുപ്പിൽ മത്സരിച്ചു

മത്സ്യം matsyaM *(nn),* fish; മത്സ്യത്തിന് ഇപ്പോൾ വിലക്കുറവാണ്

മഥിക്ക് mathikkə *(vt),* churn; അയാളെ പ്രശ്നങ്ങൾ വല്ലാതെ മഥിച്ചു

മദം madaM *(nn),* rut of elephants; ആന മദം കൊണ്ട് ശോഭിക്കുന്നു

മദംപൊട്ട് madaMpoTTə *(comp vb),* rave; ആനയ്ക്ക് മദം പൊട്ടി

മദാമ്മ madaamma *(nn),* European woman; മദാമ്മ ഇന്ത്യവിട്ടു പോയി

മദാലസ madaalasa *(nn),* beautiful woman; അവൾ ഒരു മദാലസയാണ്

മദിക്ക് madikkə *(vi),* be overjoyed; അയാൾ സന്തോഷത്തിൽ മദിച്ചു

മദ്ദളം madaLaM *(nn),* musical instrument; മദ്ദളം ഒരു വാദ്യോപകരണമാണ്.

മദ്യം madyaM *(nn),* alcoholic drink; മദ്യം വിഷമാണ്

മദ്യപാനം madyapaanaM *(nn),* drinking; മദ്യപാനം കുടുംബം നശിപ്പിക്കുന്നു

മദ്യപിക്ക് madyapikkə *(vt),* drink alchohol; അയാൾ വല്ലാതെ മദ്യപിക്കുന്നു

മധു madhu *(nn),* honey; മലരിൽ മധുവുണ്ട്

മധു madhu *(nn),* alcohol; രാജാവ് മധു പാനം ചെയ്തു

മധുരം madhuraM *(nn),* sweetness; തേനിന് മധുരമാണ്

മധുരക്കള്ള് madhurakkaLLə *(nn,comp),* sweet toddy; അയാൾ മധുരക്കള്ള് കുടിച്ചു

മധുരക്കിഴങ്ങ് madhurakkiZaŋŋə *(nn),* sweet potato; അമ്മ മധുരക്കിഴങ്ങ് പാകംചെയ്തു

മധുരപലഹാരം madhurapalahaaraM *(nn,comp),* sweet candy; അമ്മ മധുരപലഹാരങ്ങൾ തയ്യാറാക്കി

മധുരമുള്ള madhuramuLLa *(adj),* sweet; മധുരമുള്ള പലഹാരങ്ങൾ അവനിഷ്ടമല്ല

മധുരിക്ക് madhurikkə *(vt),* be sweet; ഓർമ്മകൾ മധുരിക്കുന്നു

മധുരിമ madhurima *(nn),* sweet taste; തേനിന്റെ മധുരിമ നിങ്ങൾ മനസിലാക്കണം

മധ്യം madhyaM *(nn),* middle; മധ്യഭാഗത്തുള്ള വിടവിലൂടെ അവൻ നോക്കി

മധ്യമ madhyama *(adj),* neutral; മധ്യമമാർഗ്ഗത്തിൽ അയാൾ വിശ്വസിച്ചു

മധ്യവയസ്ക്കൻ madhyavayaskkan *(nn,comp),* middle aged man; അയാൾ ഒരു മധ്യവയസ്ക്കനാണ്

മധ്യവിരൽ madhyaviral *(nn),* middle finger; മധ്യവിരലിലും

അയാൾ
മോതിരമണിഞ്ഞിരുന്നു

മധ്യസ്ഥ madhyastha *(adj),* intermediate; അയാൾ മധ്യസ്ഥശ്രമം നടത്തിനോക്കി

മധ്യാഹ്നം madhyaahnaM *(nn),* noon; അപ്പോൾ സമയം മധ്യാഹ്നം ആയി

മധ്യേ madhyee *(adv),* through the middle; വയലുകളുടെ മധ്യേ അയാൾ നടന്നു നീങ്ങി.

മന mana *(nn),* house of keralite bhrahmins; മനയ്ക്കൽ നമ്പൂതിരിയെ പോയി കണ്ടു

മനം manaM *(nn),* mind; അയാളുടെ മനം നൊന്തു

മനംമടുപ്പ് manaMmaTuppə *(nn,comp),* feeling lazy; അവൾക്ക് വല്ലാത്ത മനംമടുപ്പുണ്ടായി

മനംമറിച്ചിൽ manaMmaRiccil *(nn,comp),* tendency to vomit; ആ രംഗം കണ്ട് അയാൾക്ക് മനംമറിച്ചിൽ വന്നു

മനക്കരുത്ത് manakkarutt̪ə *(nn,comp),* mental strength; അയാൾക്ക് നല്ല മനക്കരുത്തുണ്ടായിരുന്നു

മനക്കോട്ട manakkooTTa *(nn,comp),* castles in the air; അയാൾ മനസ്സിൽ പല മനക്കോട്ടകളും കെട്ടി

മനഃകാഠിന്യം manahkaaThinyaM *(nn,comp),* hardness of mind; അയാളുടെ മനഃകാഠിന്യംകൊണ്ട് അപകടമൊന്നുമുണ്ടായില്ല

മനഃക്ലേശം manahkleeSaM *(nn,comp),* mental strain; അത് അയാൾക്ക് വല്ലാത്ത മനഃക്ലേശം ഉണ്ടാക്കി

മനഃപാഠം manahpaaThaM *(nn),* learning by heart; കുട്ടി എല്ലാം മനഃപാഠം പഠിച്ചു

മനഃപൂർവ്വം manahpuuRvvaM *(adv),* intentionally; അവൻ മനഃപൂർവ്വം കള്ളത്തരം പറഞ്ഞു

മനഃസാക്ഷി manahsaak$i *(nn),* consciousness; മനഃസാക്ഷിക്ക് എതിരായി അയാൾ ഒന്നും ചെയ്തില്ല

മനനം mananaM *(nn),* minding; അയാൾ പലതും മനനം ചെയ്തു

മനമഴിയ് manamaZiyə *(comp vb),* melting of the heart; അയാളുടെ മനമഴിഞ്ഞില്ല

മനശുദ്ധി manaSuddhi *(nn,comp),* purity of mind; മനശുദ്ധിയാണ് മനുഷ്യന് പ്രധാനമായി വേണ്ടത്

മനശ്ചാഞ്ചല്യം manaScaa~calyaM *(nn,comp),* fickleness; അയാളുടെ മനശ്ചാഞ്ചല്യം അവളെ വേദനിപ്പിച്ചു

മനസാ manasaa *(adv),* mentally; മനസാ വാചാ കർമ്മണാ

അയാൾ ഒരു തെറ്റും ചെയ്തില്ല

മനസ്താപം manastaapaM *(nn,comp),* agony; അവൾക്ക് വല്ലാത്ത മനസ്താപം തോന്നി

മനസ്വി manasvi *(nn),* intelligent; അയാൾ ഒരു മനസ്വിയായിരുന്നു

മനസ്സലിയ് manassaliyə *(comp vb),* feel pity; രാജാവിന് മനസ്സലിഞ്ഞു

മനസ്സാന്നിദ്ധ്യം manassaanniddhyaM *(nn,comp),* resourcefulness; അയാളുടെ മനസ്സാന്നിദ്ധ്യം എല്ലാവരും പുകഴ്ത്തി

മനസ്സിലാക് manassilaakə *(vi),* grasp; അയാൾക്ക് ഒന്നും മനസ്സിലായില്ല

മനസ്സിലാക്ക് manassilaakkə *(vt),* understand; അവൻ എല്ലാം മനസ്സിലാക്കാൻ ശ്രമിക്കുന്നു

മനസ്സുഖം manassukhaM *(nn,comp),* mental happiness; മനസ്സുഖമില്ലാത്തതു കൊണ്ട് രവി വീടു വിട്ടു

മനസ്സ് manassə *(nn),* mind; മനസ്സ് നന്നാകണം ആദ്യം

മനീഷ manii$a *(nn),* idea; അദ്ദേഹത്തിന്റെ മനീഷയിൽ അതു തെളിഞ്ഞു വന്നു

മനുഷ്യത്വം manu$yatvaM *(nn),* humanity; മനുഷ്യന് ഇന്നില്ലാത്ത ഒന്നാണ് മനുഷ്യത്വം

മനുഷ്യൻ manu$yan *(nn),* man; മനുഷ്യൻ ചിരിക്കാൻ കഴിവുള്ള ഒരു ജീവിയാണ്

മനോഗതം manoogataM *(nn),* thought; അവളുടെ മനോഗതം അയാൾ അറിഞ്ഞില്ല

മനോഗതി manoogati *(nn),* state of mind; അവളുടെ മനോഗതി ശാന്തമായിരുന്നു

മനോഗുണം manoogunaM *(nn,comp),* goodness of heart; അയാളുടെ മനോഗുണം എല്ലാവരും പ്രശംസിച്ചു

മനോജ്ഞ manooj~a *(adj),* beautiful; മനോജ്ഞമായ ഒരു ചിത്രമാണിത്

മനോദുഃഖം manooduhkhaM *(nn,comp),* mental distress; അയാൾക്ക് ഇപ്പോൾ വല്ലാത്ത മനോദുഃഖം തോന്നുന്നു

മനോധർമ്മം manoodhaRmmaM *(nn,comp),* power of thought; മനോധർമ്മം പോലെ ചെയ്യുവാൻ അയാൾ മകനോടു പറഞ്ഞു

മനോധൈര്യം manoodhairyaM *(nn,comp),* mental strength; അവന് നല്ല മനോധൈര്യമുണ്ട്

മനോനില manoonila *(nn),* mood; അയാളുടെ മനോനില പെട്ടെന്നു മാറുന്നു

മനോഭാവം manoobhaavaM *(nn,comp),* state of mind; അയാളുടെ മനോഭാവം ചോദ്യം ചെയ്യപ്പെട്ടു

മനോരഞ്ജനം manoora~janaM *(nn,comp),* pleasing the mind; ആ കാഴ്ച മനോരഞ്ജനം ഉണ്ടാക്കി

മനോരാജ്യം manooraajyaM *(nn,comp),* building up castles in the air; അവൾ എപ്പോഴും മനോരാജ്യം കണ്ടുകൊണ്ടിരിക്കും.

മനോവിജ്ഞാനം manoovij~aanaM *(nn,comp),* psychology; അയാൾ മനോവിജ്ഞാനം പഠിക്കുന്നു

മനോവൃത്തി manoovRətti *(nn,comp),* state of mind; അയാളുടെ മനോവൃത്തിയിൽ ഒന്നും തെളിഞ്ഞു വന്നില്ല

മനോഹരമായ manoohara *(adj),* beautiful; മനോഹരമായ ഒരു ദൃശ്യമാണത്

മനോഹാരി manoohaari *(adj),* attractive; ആ കാഴ്ച മനോഹാരിയായിരുന്നു

മന്ത് mantə *(nn),* elephantiasis; അയാൾക്ക് മന്തുണ്ടായിരുന്നു

മന്ത്രം mantRaM *(nn),* hymn; അദ്ദേഹം എന്തോ മന്ത്രം ചൊല്ലി

മന്ത്രവാദം mantRavaadaM *(nn),* black magic; അയാൾ എപ്പോഴും മന്ത്രവാദം ചെയ്തുകൊണ്ടിരിക്കുന്നു

മന്ത്രവാദി mantRavaadi *(nn,comp),* black magician; അദ്ദേഹം ഒരു മന്ത്രവാദിയാണ്

മന്ത്രശക്തി mantRaSakti *(nn,comp),* power of charm; മന്ത്രശക്തികൊണ്ട് അയാൾ ദുഷ്ടശക്തിയെ തടഞ്ഞു

മന്ത്രാലയം mantRaalayaM *(nn,comp),* cabinet of ministers; മന്ത്രാലയത്തിൽ പല കൂടിയാലോചലനകളും നടന്നു

മന്ത്രി mantRi *(nn),* minister; മന്ത്രി പാലം ഉൽഘാടനം ചെയ്തു

മന്ത്രിക്ക് mantRikkə *(vt),* whisper; അവൾ അവന്റെ ചെവിയിൽ എന്തോ മന്ത്രിച്ചു

മന്ത്രിക്ക് mantRikkə *(vi),* murmer; കുട്ടി എന്തോ മന്ത്രിച്ചു കൊണ്ടിരുന്നു

മന്ദ manda *(adj),* slow; മന്ദമായ രീതിയിൽ കാറ്റു വീശുന്നു

മന്ദത mandata *(nn),* slowness; കാറ്റിന്റെ മന്ദത സുഖകരമായിരുന്നു.

മന്ദൻ mandan *(nn),* dull person; അയാൾ ഒരു മന്ദനാണ്

മന്ദസ്മിതം mandasmitaM *(nn),* smile; അവൾ മന്ദസ്മിതം തൂകി

മന്ദാരം mandaaraM *(nn),* bauhinia; അവിടെ മന്ദാരം പൂത്തു

മന്ദിരം mandiraM *(nn),* temple; മന്ദിരത്തിൽ നിന്ന് അദ്ദേഹം പുറത്തുവന്നു

മന്ദിരം mandiraM *(nn),* house; മന്ത്രി രാജമന്ദിരത്തിലേക്കു പോയി

മന്ദീഭവിക്ക് mandiibhavikkə *(vi),* become dull; അയാളുടെ ബുദ്ധി മന്ദീഭവിച്ചു

മന്ദോഷ്ണ mandoo$Na *(adj),* not very hot; ഇപ്പോഴത്തെ കാലാവസ്ഥ മന്ദോഷ്ണമായതാണ്

മന്നൻ mannan *(nn),* king; മന്നൻ മണ്ണു കാത്തു

മന്ന് mannə *(nn),* measurement (approx. 1 pound); ഒരു മന്ന് നെല്ല് വാങ്ങി

മന്ന് mannə *(nn),* earth; മന്നിലെല്ലാവർക്കും സുഖം

മന്വന്തരം manvantaraM *(nn),* fourteenth part of a day of Brahma (corresponding to 43, 20, 000 human years); മന്വന്തരങ്ങൾ അവർ കാത്തിരുന്നു

മയം mayaM *(nn),* tenderness; അവന്റെ ശരീരത്തിന് മയം തോന്നി

മയക്കം mayakkaM *(nn),* drowsiness; മയക്ക ത്തിൽ നിന്ന് കുട്ടി ഉണർന്നു

മയങ്ങ് mayaṉṉə *(vi),* doze; കുട്ടി ക്ഷീണിച്ചു മയങ്ങി

മയങ്ങ് mayaṉṉə *(vi),* become dusk; നേരം സന്ധ്യ മയങ്ങി

മയമുള്ള mayamuLLa *(adj),* tender; നല്ല മയമുള്ള മണ്ണാണത്

മയിൽപ്പീലി mayilppiili *(nn,comp),* feather of peacock; കണ്ണൻ മയിൽപ്പീലി ചൂടി

മയിൽ mayil *(nn),* peacock; മയിൽ പീലി വിടർത്തി

മയൂരം mayuuraM *(nn),* pea-cock; മയൂരം പീലി വിടർത്തി

മയ്യത്ത് mayyattə *(nn),* corpus; മയ്യത്ത് കബറിലടക്കി

മരം maraM *(nn),* tree; മരങ്ങൾ വെട്ടി നശിപ്പിക്കരുത്

മരംവെട്ടുകാരൻ maraMveTTukaaran *(nn),* wood cutter; മരംവെട്ടുകാരൻ മരം വെട്ടുന്നു

മരക്കൊമ്പ് marakkombə *(nn,comp),* branch of a tree; മരക്കൊമ്പിൽ ഒരു കിളി ഇരിക്കുന്നു

മരങ്കൊത്തി maraṉkotti *(nn),* wood pecker; മരങ്കൊത്തി മരം കൊത്തി

മരച്ചീനി maracciini *(nn),* tapioca; മരച്ചീനി എനിക്കിഷ്ടമാണ്

മരണം maraNaM *(nn),* death; ഇന്നല്ലെങ്കിൽ നാളെ മരണം നിശ്ചയം

മരണപത്രം maraNapatRaM *(nn,comp),* will; അയാൾ തന്റെ മരണപത്രമെഴുതി

മരണമണി maraNamaNi *(nn),* knoll; മരണമണി കേട്ട് എല്ലാവരും നോക്കി

മരണശിക്ഷ maraNaSik$a *(nn,comp),* death sentence; അയാൾക്ക് മരണശിക്ഷ കിട്ടി

മരതകം maratakaM *(nn)*, emerald; മരതകത്തിന്റെ നിറം പച്ചയാണ്

മരത്തൊലി marattoli *(nn)*, bark; ചില മരത്തൊലികൾ ഔഷധ ഗുണമുള്ളവയാണ്

മരപ്പട്ടി marappaTTi *(nn,comp)*, pole cat; മരപ്പട്ടി മരത്തിൽ കയറി ഇരുന്നു

മരപ്പൊത്ത് marappottə *(nn)*, hollow in the tree trunk; മരപ്പൊത്തിൽ ഒരു കിളികൂടുവച്ചിട്ടുണ്ട്

മരവിക്ക് maravikkə *(vi)*, be numbed; അയാളുടെ കൈകാലുകൾ മരവിച്ചു

മരവിക്ക് maravikkə *(vi)*, freeze; തണുപ്പുകൊണ്ട് ശരീരം മരവിച്ചു പോയി

മരവുരി maravuri *(nn)*, garment made out of the bark of the trees; അയാൾ മരവുരി ധരിച്ചു

മരാമത്ത് maraamattə *(vb)*, public works; അയാൾ മരാമത്ത് പണികൾ ചെയ്തു

മരിക്ക് marikkə *(vi)*, die; അയാൾ കഴിഞ്ഞവർഷം മരിച്ചു

മരിച്ചവർ mariccavaR *(nn)*, dead; മരിച്ചവർ തിരിച്ചു വരില്ലല്ലോ

മരീചിക mariicika *(nn)*, mirage; മരീചികപോലെ അവൾ അകന്നുപോയി

മരുങ്ങ് maruṉṉə *(vi)*, becometame; പക്ഷി നന്നായി മരുങ്ങി

മരുത് marutə *(nn)*, terminalia; പറമ്പിൽ ഒരു മരുതുണ്ടായിരുന്നു

മരുത്ത് maruttə *(nn)*, wind; മരുത്തിന്റെ പുത്രൻ മാരുതി

മരുന്ന് marunnə *(nn)*, medicine; അയാൾ മരുന്ന് കഴിച്ചില്ല

മരുന്ന്സേവിക്ക് marunnəseevikkə *(comp vb)*, take medicine; ഈ മരുന്നുകൾ കൃത്യമായി സേവിക്കണം

മരുപ്പച്ച maruppacca *(nn)*, oasis; മരുഭൂമിയിലെ മരുപ്പച്ചപോലെ അവൾ നടന്നു

മരുഭൂമി marubhuumi *(nn)*, desert; മരുഭൂമിയിലൂടെ ഞങ്ങൾ നടന്നു

മരുമകൻ marumakan *(nn,ks)*, newphew; അവൻ എന്റെ മരുമകനാണ് ,

മരുമകൻ marumakan *(nn)*, son in law; മകനേക്കാൾ ഇഷ്ടം മരുമകനോടാണോ

മരുമകൾ marumakaL *(nn)*, daughter in law; മകൻ ചത്താലും മരുമകളുടെ കണ്ണീരു കണ്ടാൽ മതി

മർത്യൻ maRtyan *(nn)*, man; മർത്യന് അഹങ്കാരം പാടില്ല.

മർദ്ദം maRddaM *(nn)*, pressure; ഇപ്പോൾ മർദ്ദം ഉയർന്നു

മർദ്ദനം maRddanaM *(nn)*, suppression; മർദ്ദനം

അവസാനിപ്പിക്കാൻ ജനങ്ങൾ ആവശ്യപ്പെട്ടു

മർദ്ദമാപിനി maRddamaapini *(nn)*, baro meter; മർദ്ദമാപിനി കൊണ്ട് മർദ്ദമളക്കാം

മർമ്മം maRmmaM *(nn)*, vital points of the body; മർമ്മം അറിഞ്ഞ് പ്രയോഗിക്കുന്നവൻ മർമ്മാണി

മർമ്മഭേദക maRmmabheedaka *(adj)*, acute pain to heart; വളരെ മർമ്മഭേദകമായ ഒരു കാഴ്ച ഞാൻ കണ്ടു

മർമ്മരം maRmmaraM *(nn)*, murmering sound of dry leaves etc; ഇലകളുടെ മർമ്മരം ഞാൻ കേട്ടു

മര്യാദ maRyaada *(nn)*, well mannered; മര്യാദയുള്ള പെരുമാറ്റമാണ് അവന്റേത്

മര്യാദക്കാരൻ maRyaadakkaaran *(nn)*, well mannered man; അയാൾ ഒരു മര്യാദക്കാരനാണ്

മര്യാദക്കേട് maRyaadakkeeTə *(nn,comp)*, impropriety; മര്യാദക്കേടിന് അയാളെ എല്ലാവരും ദുഷിച്ചു

മര്യാദയുള്ള maRyaadayuLLa *(adj)*, polite; വളരെ മര്യാദയുള്ള സ്വഭാവമായിരുന്നു അവന്റേത്

മല mala *(nn)*, hill; അവൻ മല കയറുന്നു

മലം malaM *(nn)*, excreta; പ്രതിമയിൽ കാക്കകൾ മലം കൊണ്ട് അഭിഷേകം ചെയ്തു

മലം malaM *(nn)*, stool; ഇവിടെ മലം, മൂത്രം എന്നിവ പരിശോധിക്കുന്നു

മലക്കറി malakkaRi *(nn)*, vegetables; അമ്മ മലക്കറി വച്ചു

മലഞ്ചരക്ക് mala!carakkə *(nn,comp)*, hill products; മലഞ്ചരക്ക് സാധനങ്ങൾ ഇവിടെ എടുക്കുന്നതാണ്

മലഞ്ചെരിവ് mala~carivə *(nn,comp)*, slope of the hill; മലഞ്ചെരിവിലൂടെ ഞങ്ങൾ നടന്നു

മലദ്വാരം maladvaaram *(nn)*, anus; മലദ്വാരത്തിലൂടെ മലം പുറത്തേക്കു വരുന്നു

മലമ്പനി malambani *(nn)*, malaria; മലമ്പനികൊണ്ട് ഒട്ടേറെ ജനങ്ങൾ മരിച്ചു

മലമ്പാത malambaata *(nn,comp)*, mountain pass; മലമ്പാതയിലൂടെ ഒരു ലോറി കടന്നു വരുന്നു

മലബന്ധം malabandhaM *(nn)*, constipation; മലബന്ധം കൊണ്ട് അയാൾ കഷ്ടപ്പെട്ടു

മലമറിക്ക് malamaRikkə *(comp vb)*, do a difficult task; അവൻ എന്തോ മലമറിച്ചത്രേ

മലയാളം malayaaLaM *(nn)*, Malayalam- language of Kerala; മലയാളം കേരളീയരുടെ മാതൃഭാഷയാണ്

മലയാളി malayaaLi *(nn)*, person of Kerala; മലയാളി എല്ലാ നാട്ടിലും ഉണ്ട്

മലയിടുക്ക് malayiTukkə *(nn,comp)*, narrow valley between two mountains; മലയിടുക്കിലൂടെ ജലം ഒഴുകി

മലർ malarə *(vi)*, bloom; പൂവ് മലർന്നു

മലർക്ക് malaRkkə *(vt)*, cause to open; ചോറ് വെന്ത് മലർക്കുന്നു

മലർ malarə *(vi)*, fall flat; അവൻ മലർന്നു വീണു

മലർപ്പൊടി malaRppoTi *(nn,comp)*, powder of roasted corn; മലർപ്പൊടിക്കാരന്റെ മനോരാജ്യം

മലർ malaR *(nn)*, flower; മലർ ചൂടി വന്നു വസന്തം

മലവാഴ malavaaZa *(nn)*, kind of wild plantain; മലവാഴ കുലച്ചു

മലവെള്ളം malaveLLaM *(nn,comp)*, water from the mountains; മലവെള്ളത്തിൽ എല്ലാം ഒഴുകിപ്പോയി

മലിന malina *(adj, pfx)*, dirty; മലിനജലം ഒഴുക്കിവിടാൻ ഓട തുറന്നു

മലിനമാക് malinamaakə *(vi)*, become dirty; വീടും പരിസരവും മലിനമായി

മലീമസമായ maliimasamaaya *(adj)*, dirty; മലീമസമായ അവസ്ഥയാണിത്

മല്ലി malli *(nn)*, coriander; മല്ലി ഔഷധഗുണമുള്ളതാണ്

മല്ലിട് malliTə *(comp vb)*, fight; അവർതമ്മിൽ മല്ലിട്ടു

മല്ല് mallə *(nn)*, quarrel; അയാൾ മല്ലുകൂടി

മൽസരിക്ക് malsarikkə *(vi)*, contest; അധികാരത്തിനുവേണ്ടി രണ്ടുപേർ തമ്മിൽ മത്സരിക്കുന്നു

മഷി ma$i *(nn)*, ink; പേനയിൽ മഷി തീർന്നു

മഷിക്കുപ്പി ma$ikkuppi *(comp vb)*, ink bottle; മഷിക്കുപ്പിയിൽ മഷിയില്ല

മഷിനോട്ടം ma$inooTTaM *(nn,comp)*, using magic collyrium; അയാൾ മഷിനോട്ടം നടത്തി

മഷിയിട് ma$iyiTə *(comp vb)*, apply collyrium to the eye; മഷിയിട്ടു കണ്ണെഴുതിയവളെ കാണാൻ ചന്തമുണ്ട്.

മസാല masaala *(nn)*, spices; മസാലകൾ കൊണ്ടുള്ള ഒരു കറി എനിയ്ക്കുണ്ടാക്കണം.

മസൂരി masuuri *(nn)*, small pox; മസൂരി ഇന്ന് നിയന്ത്രണാധീനമാണ്.

മസ്തകം mastakaM *(nn)*, head; ആനയുടെ മസ്തകത്തിൽ നെറ്റിപ്പട്ടം കെട്ടി

മസ്തിഷ്ക്കം masti$kkaM *(nn)*, brain; മസ്തിഷ്ക്കത്തിൽ

പഴുപ്പുണ്ടായി അവൻ മരിച്ചു

മഹത് mahatə *(adj)*, great; മഹത്വ്യക്തികൾ പലരും ഇവിടെ ജീവിച്ചു

മഹത്തര mahattara *(adj)*, noble; മഹത്തരമായ ഒരു കാര്യം അയാൾ ചെയ്തു

മഹനീയ mahaniiya *(adj)*, praise worthy; മഹനീയമായ പ്രവൃത്തിയായിരുന്നു അത്

മഹർഷി mahaR$i *(nn)*, sage; മഹർഷി രമണൻ സമാധി ചെയ്തു

മഹൽ mahal *(nn)*, palace; അയാൾ ഒരു മഹലിൽ താമസിച്ചു

മഹസ്സർ mahassaR *(nn)*, mahazar report; പോലീസ് മഹസ്സർ എടുത്തു

മഹസ്സ് mahassə *(nn)*, radiant; മഹസ്സുള്ള മുഖവുമായി അയാൾ നടന്നു നീങ്ങി.

മഹാ mahaa *(adj)*, great; അയാൾ മഹാധനികനായിരുന്നു

മഹാകവി mahaakavi *(nn)*, great poet; മഹാകവി കുമാരനാശാൻ ജനിച്ച സ്ഥലം സർക്കാർ സംരക്ഷിക്കണം.

മഹാകാവ്യം mahaakaavyaM *(nn,comp)*, poetical composition of great length; മഹാകാവ്യമെഴുതാത്ത മഹാകവിയാണ് അദ്ദേഹം

മഹാത്മാവ് mahaatmaavə *(nn)*, great person; ഗാന്ധിജി ഒരു മഹാത്മാവായിരുന്നു

മഹാത്യാഗം mahaatyaagaM *(nn,comp)*, great sacrifice; അവൻ സുഹൃത്തിനുവേണ്ടി ഒരു മഹാത്യാഗം ചെയ്തു

മഹാനുഭാവൻ mahaanubaavan *(nn)*, most wealthy person; അദ്ദേഹം ഒരു മഹാനുഭാവനാണ്

മഹാൻ mahaan *(nn)*, noble man; അദ്ദേഹം ഒരു മഹാനാണ്

മഹാപാതകം mahaapaatakaM *(nn,comp)*, dreadful crime; അയാൾ ഒരു മഹാപാതകം ചെയ്തു

മഹാബലി mahaabali *(nn)*, Epic character Mahabali who ruled Kerala; മഹാബലിയെ വാമനൻ പാതാളത്തിലേക്ക് ചവിട്ടിത്താഴ്ത്തി

മഹാഭാരതം mahaabhaarataM *(nn)*, epic Mahabharata; മഹാഭാരതത്തിൽ സഹോദരങ്ങൾ തമ്മിലുള്ള യുദ്ധം നടക്കുന്നു

മഹാമനസ്ക്കത mahaamanaskkata *(nn)*, generosity; അയാളുടെ മഹാമനസ്ക്കത എല്ലാവരും പ്രശംസിച്ചു

മഹാവീരൻ mahaaviiran *(nn)*, lord Mahaveera; മഹാവീരൻ ഇരുപത്തിനാലാമത്തെ തീർത്ഥങ്കരനാണ്

മഹാശയൻ mahaaSayan *(nn,comp),* magnanimous; അയാൾ ഒരു മഹാശയനാണ്

മഹിമ mahima *(nn),* dignity; അയാളുടെ മഹിമ എല്ലാവരും അംഗീകരിച്ചു

മഹോദരം mahoodaraM *(nn),* dropsy; അവർക്ക് മഹോദരം ആയിരുന്നു

മഴ maZa *(nn),* rain; മഴ പെയ്തു

മഴക്കാലം maZakkaalaM *(nn,comp),* rainy season; മഴ ക്കാലത്ത് കുടയില്ലാതെ നടക്കാൻ പറ്റില്ല

മഴപെയ്യ് maZapeyyə *(vi),* rain; കേരളത്തിൽ ഇപ്പോൾ മഴ പെയ്യുന്നു

മഴവില്ല് maZavillə *(nn),* rain bow; മഴവില്ലിന് ഏഴു നിറങ്ങളുണ്ട്

മഴു maZu *(nn),* axe; അയാൾ മഴുകൊണ്ട് വിറകു കീറി

മറ maRa *(nn),* screen; അയാൾ ഒരു മറ പിടിച്ചു

മറക്ക് maRakkə *(vt),* forget; അവന് അവളെ മറക്കാൻ കഴിഞ്ഞില്ല.

മറപ്പുര maRappura *(nn,comp),* latrine; അയാൾ മറപ്പുറയ്ക്കുള്ളിൽ കടന്നു

മറയ് maRayə *(vi),* disappear; ദേവത പെട്ടെന്ന് മറയുന്നു

മറയ്ക്ക് maRaykkə *(vt),* hide; അവൻ പുസ്തകം പിടിച്ചു കൊണ്ടു തല മറയ്ക്കുന്നു

മറയ്ക്ക് maRaykkə *(vi),* hide; കള്ളൻ കട്ട വസ്തു മറയ്ക്കാൻ ശ്രമിച്ചു

മറവി maRavi *(nn),* forgetfulness; അയാൾക്ക് വല്ലാതെ മറവിയാണ്

മറികടക്ക് maRikaTakkə *(comp vb),* over step; അയാൾ എല്ലാ നിയമങ്ങളും മറികടന്നു

മറികടക്ക് maRikkaTakkə *(vt),* overtake; അയാൾ എല്ലാം വാഹനങ്ങളും മറികടക്കാൻ ശ്രമിക്കുന്നു

മറികടക്ക് maRikkaTakkə *(vt),* cross; പശു വേലി മറികടക്കുന്നു

മറിക്ക് maRikkə *(vt),* turn up side down; അയാൾ പാത്രം മറിച്ചു

മറിമായം maRimaayaM *(nn),* deceit; അവിടെ എന്തൊക്കെയോ മറിമായം നടന്നു

മറിയ് maRiyə *(vi),* topple down; കസേര മറിഞ്ഞു വീണു

മറുകര maRukara *(nn,comp),* opposite side; അയാൾ ജീവിതത്തിന്റെ മറുകര കണ്ടു

മറുകൈ maRukai *(nn,comp),* revenge; അയാൾ ഒരു മറുകൈ പ്രയോഗിച്ചു

മറുക് maRukə *(nn)*, mole; അയാൾക്ക് കഴുത്തിൽ ഒരു മറുകുണ്ടായിരുന്നു

മറുപക്ഷം maRupak$aM *(nn,comp)*, opposite party; അയാൾ മറുപക്ഷത്തേക്ക് ചാഞ്ഞു

മറുപടിപറയ് maRupaTipaRayə *(vi)*, reply; അവൾ മറുപടിയൊന്നും പറഞ്ഞില്ല

മറുപിള്ള maRupiLLa *(nn)*, placenta; അയാൾ പശുവിന്റെ മറുപിള്ള നീക്കി

മറുപുറം maRupuRaM *(nn)*, other side; അയാൾ പേജിന്റെ മറുപുറം ശ്രദ്ധിച്ചില്ല

മറുമരുന്ന് maRumarunnə *(nn,comp)*, antidote; അയാൾ ഒരു മറുമരുന്നു പ്രയോഗിച്ചു

മറുവശം maRuvaSaM *(nn)*, other side; കാര്യങ്ങളുടെ മറുവശം കൂടി പഠിക്കുന്നതു നല്ലതാണ്

മറ്റന്നാൾ maRannaaL *(nn)*, day after tomorrow; മറ്റന്നാൾ എന്റെ പിറന്നാളാണ്.

മറ്റ് maRRə *(adj)*, other; നിങ്ങൾ മറ്റു കാര്യങ്ങൾ സംസാരിച്ചാൽ മതി.

മാംസം maaMsaM *(nn)*, meat; അയാൾ മാംസം ഭക്ഷിക്കാറില്ല

മാംസപേശി maaMsapeeSi *(nn)*, muscle; ശരീരത്തിലെ മാംസപേശികളെല്ലാം വേദനിക്കുന്നു

മാംസളമായ maaMsaLamaaya *(adj)*, fatty portion; മാംസളമായ ഭാഗങ്ങൾ അയാൾ നീക്കി

മാക്കാൻ maakkaan *(nn)*, wild cat; ഒരു മാക്കാൻ ഇന്നലെ ഇവിടെ കയറി വന്നു

മാങ്ങ maaŋŋa *(nn)*, mango; അയാൾക്ക് മാങ്ങ ഇഷ്ടമായിരുന്നു

മാടം maaTaM *(nn)*, small house; ഒരു മാടത്തിൽ അവൻ താമസിച്ചു

മാടൻ maaTan *(nn)*, Dradian cult of Worship; യക്ഷിയ്ക്കും മാടനും താമസിക്കാൻവേണ്ടി കാവുകളുണ്ട്.

മാടപ്രാവ് maaTapRaavə *(nn)*, domestic pigeon; മാടപ്രാവ് പറന്നുപോയി

മാട് maaTə *(nn)*, cattle; മാട് ഓടി നടക്കുന്നു.

മാണിക്യം maaNikyaM *(nn)*, ruby; മാണിക്യം വിഴുങ്ങിയ ബാലൻ രക്ഷപ്പെട്ടു

മാതാപിതാക്കളുംകുട്ടികളും maataapitaakkaLuMkuTTikaLuM *(nn)*, parents and children; മാതാപിതാക്കളും കുട്ടികളും ചേർന്നതാണ് ഒരു കുടുംബം

മാതാപിതാക്കൾ maataapitaakkaL *(nn)*, parents; മാതാപിതാക്കളെ ബഹുമാനിക്കണം

മാതാവ് maataavə *(nn)*, mother; കുട്ടിയുടെ മാതാവ് ആരാണ്

മാതിരി maatiri *(nn)*, kind; അയാൾ ആ മാതിരി പ്രവൃത്തികൾ ചെയ്തുകൊണ്ടിരുന്നു

മാതൃക maatRəka *(nn)*, model; അയാൾ എല്ലാവർക്കും മാതൃകയായി

മാതൃത്വം maatRətvaM *(nn)*, maternity; മാതൃത്വമെന്നത് ഒരനുഗ്രഹമാണ്

മാതൃഭാഷ matRəbhaa$a *(nn,comp)*, mother tongue; മാതൃഭാഷയിലൂടെ അവർ ആശയം കൈമാറി.

മാതൃഭൂമി maatRəbhuumi *(nn,comp)*, mother land; മാതൃഭൂമിയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി അവർ പോരാടി

മാത്ര maatRa *(nn)*, moment; ഒരു മാത്ര അവർ അവിടെ നിന്നു.

മാത്രം maatRaM *(in)*, only; അവന്റെ ജീവിതത്തിൽ ദുഃഖം മാത്രമാണ് ഉണ്ടായിരുന്നത്

മാദക maadaka *(adj)*, intoxicating; മാദകമായ ഒരു ഗന്ധം അവിടെ പ്രസരിച്ചു

മാധുരി maadhuri *(nn)*, sweetness; അവളുടെ ശബ്ദമാധുരിയിൽ അവൻ ലയിച്ചു

മാധുര്യം maadhuryaM *(nn)*, sweetness; അയാളുടെ സ്വരം മാധുര്യമുള്ളതാണ്

മാധ്യമം maadhyamaM *(nn)*, medium; അവൻ ഇംഗ്ലീഷ് മീഡിയത്തിൽ പഠിക്കുന്നു.

മാധ്യമം maadhyamaM *(adj)*, media; അയാൾ ഒരു മാധ്യമവിശകലനം നടത്തി

മാനം maanaM *(nn)*, self respect; മാനത്തിന് ക്ഷതം നേരിട്ടു

മാനം maanaM *(nn)*, sky; അയാൾ മാനത്തേക്കു നോക്കി

മാനക്കേട് maanakkeeTə *(nn,comp)*, dishonour; അവൻ അയാൾക്ക് മാനക്കേടുണ്ടാക്കി

മാനദണ്ഡം maanadaNDaM *(nn)*, criteria; എന്താണ് ഈ പ്രവൃത്തിയുടെ മാനദണ്ഡം

മാനനഷ്ടം maanana$TaM *(nn)*, disgrace; അയാൾ മാനനഷ്ടത്തിനു കേസുകൊടുത്തു

മാനഭംഗംചെയ്യ്

maanabhaŋgaMceyyə *(vt)*, sexual assault; അവൾ മാനഭംഗം ചെയ്യപ്പെട്ടു.

മാനവ maanava *(adj)*, pertaining to man; മാനവമൈത്രിക്കു വേണ്ടി കൂട്ടയോട്ടം നടത്തി

മാനസം maanasaM *(nn)*, mind; മാനസത്തിൽ ഒരു മധുമാസം തളിരിട്ടു

മാനസാന്തരം maanasaantaraM *(nn)*, repentence; അയാൾക്ക് അങ്ങനെ മാനസാന്തരം ഉണ്ടായി

മാനുഷൻ maanu$an *(nn)*, man; മാനുഷരെല്ലാം ഒന്നുപോലെ

മാനേജർ maaneejaR *(nn)*, manager; മാനേജർ അവിടെ നിന്ന് തിരിച്ചുപോയി

മാന്ത് maantə *(vt)*, scratch; കുട്ടികൾ തമ്മിൽ മാന്തി

മാമ്പഴം maambaZaM *(nn)*, ripe mango fruit; അയാൾ ഒരു മാമ്പഴം തിന്നു

മാമ്പൂ maambu *(nn)*, mango flower; മാമ്പൂ പൊഴിയുന്ന കാലമാണിത്

മാന്യ maanya *(adj)*, respectable; മാന്യമായ പെരുമാറ്റം കൊണ്ട് അയാൾ എല്ലാവരേയും കീഴടക്കി

മാൻ maan *(nn)*, deer; കാട്ടിലൂടെ ഒരു മാൻ ഓടി

മാപ്പിള maappiLa *(nn)*, bride groom; അവിടെ മാപ്പിള വന്നിരിക്കുന്നു

മാപ്പിള maappiLa *(nn)*, christians or Muslims when addressed by others; അന്തോണി മാപ്പിളയുടെ കടയിൽ നിന്നും സാധനങ്ങൾ വാങ്ങി

മാപ്പ് maappə *(nn)*, forgiveness; അയാൾ അവൾക്കു മാപ്പുകൊടുത്തു

മാപ്പ് maappə *(nn)*, pardon; അവന് മാപ്പുചോദിക്കാൻ തയ്യാറായില്ല

മാമൻ maaman *(nn)*, uncle; അവന്റെ മാമൻ ഇന്നലെ വന്നു

മാമല maamala *(nn)*, big mountain; മാമലകൾക്കപ്പുറത്ത് മകരജ്യോതി തെളിയുന്നു

മാമാങ്കം maamaaṅkaM *(nn)*, festival celebrated in ancient Kerala once in twelve years; മാമാങ്കം പന്ത്രണ്ടുവർഷത്തിലൊരിക്കൽ നടക്കുന്നു

മാമുനി maamuni *(nn)*, sage; മാമുനിമാർ ഇവിടെ ജീവിച്ചിരുന്നു

മാമൂൽ maamuul *(nn)*, bribe; അയാൾ ഒരു മാമൂൽ പ്രിയനാണ്

മാമൂൽ maamuul *(nn)*, estiblished custom; മാമൂലുകൾ ലംഘിക്കുന്നതു നല്ലതല്ല

മാമോദീസ maamoodiisa *(nn)*, baptism; കുട്ടിയെ മാമോദീസ മുക്കി

മായ maaya *(nn)*, illusion; ജീവിതം മായയാണ്

മായം maayaM *(nn)*, falsehood; ഇപ്പോൾ മുഴുവൻ മായമാണ് എല്ലായിടത്തും

മായംചേർക്ക് maayaMceeRkkə *(vt)*, adulterate; മായം ചേർത്തതിന് വ്യാപാരിയെ പിടിച്ചു

മായാജാലം maayaajaalaM *(nn,comp)*, magic; മായാജാലങ്ങൾ പലതും അയാൾ നടത്തി

മായാവി maayaavi *(nn)*, juggler; മായാവി എവിടെയോ മറഞ്ഞു

മായിക maayika *(adj)*, illusionary; മായികവേഷത്തിൽ മാരീചൻ വന്നു

മായ് maayə *(vi)*, disappear; ആ ദേവത പെട്ടെന്ന് മാഞ്ഞു പോയി

മാരണം maaraNaM *(nn)*, sorcery; ഓരോ മാരണങ്ങൾ വന്നു കയറിക്കൊണ്ടിരിക്കുന്നു

മാരൻ maaran *(nn)*, Kamadeva; മാരന്റെ അമ്പേറ്റു

മാരൻ maaran *(nn)*, husband; അവൾ തന്റെ മാരനെ കാത്തിരുന്നു

മാരി maari *(nn)*, rain; മാരി പെയ്തു

മാർക്കം കൂട് maaRkkaMkuuTə *(comp vb)*, change religion; അയാൾ മാർക്കം കൂടിയവനാണത്രേ

മാർക്കറ്റ് maaRkkaRRə *(nn)*, market; ഇന്ന് മാർക്കറ്റ് തുറന്നിട്ടില്ല.

മാർക്ക് maaRkkə *(nn)*, mark; അയാൾ ഉത്തരം നോക്കി മാർക്കിട്ടു

മാർഗ്ഗം maaRggaM *(nn)*, path; അയാൾ ആ മാർഗ്ഗത്തിലൂടെ സഞ്ചരിച്ചു

മാർഗ്ഗദർശി maarggadaRSi *(nn,comp)*, guide; അയാൾ എല്ലാവർക്കും മാർഗ്ഗദർശിയായി

മാർച്ച് maaRccə *(nn)*, March; മാർച്ച് മാസത്തിൽ നാട്ടിലേക്കു തിരിച്ചു പോകും

മാർജിൻ maaRjin *(nn)*, margin; അയാൾ മാർജിനിൽ എന്തോ എഴുതി

മാർജ്ജാരം maaRjjaaraM *(nn)*, cat; മാർജ്ജാരം എലിയെ വിരട്ടി

മാർദ്ദവം maatRddavaM *(nn)*, tenderness; ശരീരത്തിന്റെ മാർദ്ദവം അവനറിഞ്ഞു

മാർപ്പാപ്പ maaRpaappa *(nn)*, Pope; മാർപ്പാപ്പ എല്ലാവരേയും അനുഗ്രഹിച്ചു

മാർബിൾ maaRbiL *(nn)*, marble; നിലത്ത് മാർബിൾ വിരിച്ചിട്ടു

മാല maala *(nn)*, garland; അവൾ ഈശ്വര വിഗ്രഹത്തിൽ മാല ചാർത്തി

മാല maala *(nn)*, chain around the neck; സീത മാല അണിയുന്നു

മാലക്കണ്ണ് maalakkaNNə *(nn,comp)*, night blindness; അയാൾക്ക് മാലക്കണ്ണുണ്ടായിരുന്നു

മാലയോഗം maalayoogaM *(nn,comp)*, luck to marry; അവൾക്ക് മാലയോഗം ഉണ്ടായിരുന്നില്ല

മാലിന്യം maalinyaM *(nn)*, filth; അയാൾ മാലിന്യങ്ങളെല്ലാം നീക്കം ചെയ്തു

മാല്യം maalyaM *(nn)*, garland; അവൾ വരണമാല്യം അണിയിച്ചു.

മാവേലി maaveeli *(nn),* Mahabali (is believed to be the legendary King who ruled Kerala); മാവേലി നാടുവാണീടും കാലം

മാവ് maavə *(nn),* mango tree; മാവിൽ മാങ്ങ ഉണ്ടായിരുന്നു

മാച്ച് maaccə *(nn),* placenta; പശുവിന്റെ മാച്ച് നീക്കി

മാസം maasaM *(nn),* month; മാസം 12 കഴിഞ്ഞു

മാസംതികയ് maasaMtikayə *(vb, comn),* complete the period of pregnancy; മാസം തികയാതെ പ്രസവിച്ചു

മാസപ്പടി maasappaTi *(nn,comp),* salary; അയാൾക്ക് കൃത്യമായി മാസപ്പടി കിട്ടി

മാസാവസാനത്തിലെപത്തുനാളുകൾ maasaavsaanttilepattunaaLukaL *(nn),* last ten days of a month; മാസാവസാനത്തിലെ പത്തുനാളുകളിൽ അയാൾ വീട്ടിലായിരിക്കും

മാസിക maasika *(nn),* monthly magazine; മാസികയിൽ അവൾ കവിത എഴുതി

മാസ്മരവിദ്യ maasmaravidya *(nn,comp),* mesmerism; അയാൾക്ക് മാസ്മരവിദ്യ അറിയാമായിരുന്നു

മാഹാത്മ്യം maahaatmyaM *(nn),* greatness; അയാളുടെ മാഹാത്മ്യം എല്ലാവരും അംഗീകരിച്ചു

മാളം maaLaM *(nn),* hole; പാമ്പുകൾക്ക് മാളമുണ്ട്

മാളിക maaLika *(nn),* big building; മാളിക വീട്ടിലെ കുട്ടി അപ്പമുണ്ടുറങ്ങുന്നു

മാറാട്ടം maaRaaTTaM *(nn),* counter feit; അയാൾ മാറാട്ടം നടത്തി

മാറാപ്പ് maaRaappə *(nn),* bundle; മാറാപ്പിൽ അയാൾ പലതും കരുതി

മാറാല maaRaala *(nn),* spider's web; മാറാല പിടിച്ച മേൽക്കൂര പൊളിഞ്ഞു

മാറിടം maaRiTaM *(nn),* chest; മാറിടത്തിൽ ചേർന്ന് കുട്ടി ഉറങ്ങി

മാറുമറയ്ക്ക് maaRumaRyəkkə *(vi),* cover the breast; അവർ മാറുമറയ്ക്കുന്നു

മാറ് maaRə *(nn),* breast; മാല മാറിൽ ചാർത്തി

മാറ് maaRə *(nn),* measure of a man with extended hands; അയാൾ ഒരു മാറ് കയറ് വാങ്ങി

മാറ് maaRə *(nn),* chest; തന്റെ കുട്ടിയുടെ മരണം കണ്ടു മാറത്തടിച്ചു നിലവിളിച്ചു

മാറ് maaRə *(vi),* move aside; അയാൾ അവിടെ നിന്നു മാറി

മാറ് maaRə *(vi),* change; എത്ര ശ്രമിച്ചിട്ടും അയാൾ മാറാൻ തയ്യാറായില്ല

മാറ്റം maaRRaM *(nn)*, change; മാറ്റം എപ്പോഴും അനിവാര്യമാണ്

മാറ്റിമറിക്ക് maaRRimaRikkə *(vt)*, shuffle; അയാൾ എല്ലാം മാറ്റിമറിക്കുന്നു

മാറ്റിവയ്ക്ക് maaRRivaykkə *(vt)*, post pone; ഒരു കാര്യവും മാറ്റിവയ്ക്കരുത്

മാറ്റ് maaRRə *(vt)*, transfer; അയാളെ മൈസൂരിൽ നിന്ന് പൂനയിലേക്ക് മാറ്റി

മാറ്റൊലി maaRRoli *(nn)*, echo; ശബ്ദം അവിടെച്ചെന്ന് മാറ്റൊലി കൊള്ളുന്നു

മാറ്റ് maaRRə *(vt)*, change; അയാൾ തന്റെ സ്വഭാവം മാറ്റി

മാറ്റ് maaRRə *(nn)*, washed cloth; അവൾ മാറ്റുടുത്തു

മാറ്റ് maaRRə *(nn)*, quality of gold; തങ്കത്തിന്റെ മാറ്റു കൂട്ടി പുതിയ ആഭരണം പണിതു

മാറ്റ് maaRRə *(vt)*, change; നിയമങ്ങൾ നമ്മൾ മാറ്റുക അല്ലെങ്കിൽ നിയമങ്ങൾ നമ്മളെ മാറ്റും.

മികച്ചത് mikaccatə *(nn)*, superior quality; ഏറ്റവും മികച്ചത് മാത്രമേ അയാൾ വാങ്ങാറുള്ളൂ

മികയ്ക്ക് mikaykkə *(vi)*, become perfect; അത് മറ്റതിനേക്കാൾ മികയ്ക്കുന്നു

മികവ് mikavə *(nn)*, fulness; അയാൾ തന്റെ മികവ് പ്രദർശിപ്പിച്ചു

മിക്ക mikka *(adj)*, almost all; മിക്ക ദിവസങ്ങളിലും അയാൾ ഇവിടെ വരാറുണ്ട്

മിക്കവാറും mikkavaaRuM *(adv)*, mostly; ഓണക്കാലത്ത് മിക്കവാറും എല്ലാ വീടുകളിലും സദ്യ കാണും

മിച്ചം miccaM *(nn)*, balance; അയാൾക്ക് ഒന്നും മിച്ചം കിട്ടിയില്ല

മിച്ചം miccaM *(nn)*, excess; മിച്ചം വന്ന പണം അയാൾ ബാങ്കിലിട്ടു

മെടഞ്ഞ meTa~~a *(adj)*, plaited; മെടഞ്ഞ ഓലകൾ അയാൾ കെട്ടിവച്ചു

മെടയ് miTayə *(vi)*, plait; അയാൾ ഓല മെടയുന്നത് നോക്കി നിന്നു

മിടിക്ക് miTikkə *(vi)*, beat; അവന്റെ ഹൃദയം മിടിക്കുന്നു

മിടുക്കൻ miTukkan *(nn)*, clever person; അവൻ നല്ല മിടുക്കനാണ്

മിടുക്ക് miTukkə *(nn)*, dexterity; അയാളുടെ മിടുക്ക് എല്ലാവരും അംഗീകരിച്ചു

മിഠായി miThaayi *(nn)*, sweet; അവൻ മിഠായി തിന്നു

മിണുമിണുക്ക് miNumiNukkə *(vt)*, show desire; കുട്ടി എന്തിനോ മിണുമിണുക്കുന്നു

മിണ്ടാട്ടം miNTaaTTaM *(nn)*, conversation; അയാൾക്ക് ഒന്നിനും മിണ്ടാട്ടമില്ലായിരുന്നു

മിണ്ടാപ്പൂച്ച miNTaapuucca *(nn,comp)*, non talker; മിണ്ടാപ്പൂച്ച കലമുടയ്ക്കും

മിണ്ടാപ്രാണി miNTaapRaaNi *(nn)*, innocent animals; മിണ്ടാപ്രാണികളെ ഉപദ്രവിക്കരുത്

മിണ്ട് miNTə *(vt)*, talk; അവൾ അവനോട് ഒന്നും മിണ്ടിയില്ല

മിതമായ mitamaaya *(adj)*, limited; മിതമായ നിരക്കിൽ മഴ ചെയ്യും

മിതവ്യയം mitavyayaM *(nn)*, frugality; മിതവ്യയം നല്ല ശീലമാണ്

മിത്രം mitRaM *(nn)*, ally; അയാൾ എന്റെ മിത്രമാണ്

മിത്രഭാവം mitRabhaavaM *(nn)*, friendliness; അയാളുടെ മിത്രഭാവം വെറും കാപട്യമാണ്

മിഥുനം mithunaM *(nn)*, man and woman; മിഥുനങ്ങൾ തമ്മിൽ നല്ല പൊരുത്തമുണ്ട്

മിഥുനം mithunaM *(nn)*, pair; ആ യുവമിഥുനങ്ങൾ സ്വപ്നലോകത്തിൽ ആണ്

മിഥുനം mithunaM *(nn)*, Malayalam month; മിഥുനത്തിൽ വിവാഹം നടന്നു

മിഥ്യാധാരണ mithyaa *(nn)*, false; മിഥ്യാധാരണകൾ ഒഴിവാക്കണം

മിഥ്യാധാരണ mithyaa *(nn)*, wrong; യുക്തിവാദികൾ ദൈവമുണ്ടെന്ന് കരുതുന്നതിനെ മിഥ്യാധാരണകൾ എന്നു പ്രചരിപ്പിക്കുന്നു

മിനക്കെട് minakkeTə *(vi)*, work in vain; അയാൾ വേറൊന്നിനും മിനക്കെട്ടില്ല

മിനക്കേട് minakkeeTə *(nn)*, hassles; വെറുതെ ഓരോ മിനക്കേട് ഉണ്ടാക്കി വയ്ക്കുന്നു

മിനിഞ്ഞാന്ന് mini~~aannə *(nn)*, day before yesterday; അവൻ മിനിഞ്ഞാന്ന് ഇവിടെ വന്നു

മിനിട്ട് miniTTə *(nn)*, minute; ഒരു മിനിട്ട്, ഞാൻ പോയി വരാം

മിനുക്കം minukkaM *(nn)*, brightness; അയാൾ ആ മിനുക്കം കണ്ടു മയങ്ങി

മിനുക്ക് minukkə *(vt)*, polish; അവൾ എല്ലാം തുടച്ച് മിനുക്കി

മിനുക്ക് minukkə *(vt)*, clean; അമ്മ വീടെല്ലാം തൂത്തുമിനുക്കുന്നു

മിനുമിനുപ്പ് minuminuppə *(nn,comp)*, extreme brightness; നല്ല മിനുമിനുപ്പുള്ള പ്രതലമാണത്

മിനുസം minusaM *(nn)*, glitter; നല്ല മിനുസമുള്ള മാർബിൾ

മിനുസമുള്ള minusamuLLa *(adj)*, smooth; മിനുസമുള്ള തറയിൽ കുട്ടികൾ കളിക്കുന്നു

മിന്നൽ minnal *(nn)*, lightning; മിന്നലിൽ നിന്ന് അവർ രക്ഷപ്പെട്ടു

മിന്നാമിനുങ്ങ് minnaminuṅṅə *(nn)*, fire fly; മിന്നാമിനുങ്ങിന്റെ നുറുങ്ങുവെട്ടത്തിലും ഇളം നിലാവിന്റെ വെളിച്ചത്തിലും ഞങ്ങൾ നടന്നു നീങ്ങി

മിന്ന് minnə *(vi)*, flash light; മിന്നൽ മിന്നി

മിരട്ട് miraTTə *(vt)*, frighten; അയാൾ എല്ലാവരെയും മിരട്ടി നോക്കി

മിശറ് miSaRə *(nn)*, red ant; കുട്ടിയെ മിശറ് കടിച്ചു

മിശിഹ miSiha *(nn)*, christ; മിശിഹയുടെ ഉയിർത്തെഴുന്നേൽപ്പിനെ ആദരിച്ചു കൊണ്ടു ക്രിസ്ത്യാനികൾ ഈസ്റ്റർ ആഘോഷിക്കുന്നു

മിശ്രം miSRaM *(nn)*, mixture; ആ ദ്രാവകത്തിന്റെ മിശ്രം ഒഴിച്ചു

മിശ്രണം miSRaNaM *(nn)*, mixing; മിശ്രണം ശരിയായ അനുപാതത്തിൽ ആയിരുന്നു

മിശ്രമായ miSRa *(adj)*, mixed; മിശ്രമായ പ്രതികരണങ്ങൾ ഉടലെടുത്തു

മിഴാവ് miZaavə *(nn)*, musical instrument of Kerala used in ottam thullal; അയാൾ മിഴാവ് കൊട്ടി

മിഴി miZi *(nn)*, eye; മിഴികളിൽ കണ്ണീർ നിറഞ്ഞു

മിഴിക്ക് miZikkə *(vt)*, look with awe; പട്ടണത്തിൽ വന്നപ്പോൾ അയാൾ മിഴിച്ചുനോക്കി

മിഴുക്ക് miZukkə *(nn)*, oilyness; അയാളുടെ മുഖത്ത് ഒരുതരം മിഴുക്കായിരുന്നു

മിറുക്ക് miRukkə *(vt)*, drink; അയാൾ ഒരു കവിൾ മിറുക്കുന്നു

മിറുമിറുക്ക് miRumiRukkə *(comp vb)*, murmer; അയാൾ എപ്പോഴും മിറുമിറുക്കുന്നു

മീട്ട് miTTə *(vt)*, play on a veena; അവൾ വീണ മീട്ടി

മീതെ miitee *(adv)*, over and above; പർവ്വതത്തിനു മീതെ പറക്കുന്ന പോർവിമാനങ്ങളെ നോക്കി നിന്നു

മീനം miinaM *(nn)*, Malayalam month; മീന മാസത്തിലെ സൂര്യൻ

മീൻചിറക് miinciRkə *(nn)*, fin; മീൻചിറകുകൾ ഇളക്കിക്കൊണ്ട് മീൻ നീന്തിക്കളിക്കുന്നു

മീമ്പിടുത്തം miinpiTuttaM *(nn),* fishing; മീമ്പിടുത്തമായിരുന്നു അവന്റെ പ്രധാന വിനോദം

മീൻ miin *(nn),* fish; മീൻ ഇവിടെ കിട്ടും

മീമാംസ miimaaMsa *(nn),* one of the six systems of Hindu philosophy; അയാൾ മീമാംസ പഠിച്ചു

മീശ miiSa *(nn),* moustache; മീശ മുളച്ചിട്ടും അവന് ബുദ്ധിവന്നില്ല

മീശചുരുട്ട് miiSacuruTTə *(vb, comp),* curl one's moustache; അയാൾ മീശചുരുട്ടി ഭീഷണിപ്പെടുത്തി

മീറ്റർ miiRRaR *(nn),* metre; എനിക്ക് ഒരു മീറ്റർ തുണി മതി

മുകർ mukarə *(vt),* kiss; അയാൾ കുഞ്ഞിന്റെ മൂർദ്ധാവിൽ മുകർന്നു

മുകളിൽ mukaLil *(adv),* up; വിമാനം മുകളിലേക്ക് പറന്നു പൊങ്ങി

മുകളിൽ mukaLil *(adv),* above; മുകളിൽ ഇരിക്കുന്ന പുസ്തകം എടുക്കൂ

മുകൾപ്പരപ്പ് mukaLpparappə *(nn,comp),* meadow; മുകൾപ്പരപ്പ് ശൂന്യമായിരുന്നു

മുകൾ mukaL *(nn),* top side; മുകൾഭാഗത്ത് കുറെ കല്ലുകൾ പറ്റിയിരുന്നു

മുകിൽ mukil *(nn),* cloud; മാനത്ത് മുകിൽ നിറഞ്ഞു

മുക്കാലി mukkaali *(nn),* stool with three legs; മുക്കാലിയിൽ കെട്ടി നൂറ് അടി കൊടുത്തു

മുക്കിറ mukKiRa *(nn),* roaring of bull; കാള മുക്കിറയിട്ടു

മുക്കുടിയൻ mukkuTiyan *(nn),* confirmed drunkard; അയാൾ ഒരു മുക്കുടിയനാണ്

മുക്കുവൻ mukkuvan *(nn),* fisherman; മുക്കുവൻ കടലിൽ മീൻ പിടിക്കുന്നു

മുക്കുറ്റി mukkuRRi *(nn),* sensitive plant (mimosa natans); മുക്കുറ്റികൾ പൂത്തു

മുക്ക് mukkə *(vt),* immerse in water; അയാൾ ആ പാത്രം വെള്ളത്തിൽ മുക്കി

മുക്ക് mukkə *(nn),* corner; ആ മുക്കിൽ വച്ച് അവർ കണ്ടുമുട്ടി

മുക്തനാക് muktanaakə *(vi),* get released; കേസിൽ നിന്നും മുക്തനായതിന്റെ സന്തോഷം അയാൾക്കു തോന്നി

മുക്തി mukti *(nn),* salvation; അയാൾക്ക് ജീവിതത്തിൽ നിന്ന് മുക്തി കിട്ടി

മുക്തിയാർ muktiyaaR *(nn),* commissioner with full powers; അയാൾ ഒരു മുക്തിയാറാണ്

മുഖം mukhaM *(nn),* face; അയാൾ മുഖം കഴുകി

മുഖംകറുപ്പിക്ക് muKhaMkaRuppikkə *(comp vb),* frown;

അദ്ദേഹം എപ്പോഴും മുഖം കറുപ്പിക്കുന്നു

മുഖംവാട് muKhaMvaaTə *(comp vb)*, face fading with tiredeness; വെയിലത്ത് കളിച്ചു വന്ന കുട്ടിയുടെ മുഖം വാടിയിരുന്നു

മുഖംവാട് muKhaMvaaTə *(comp vb)*, face fading with worry; കുട്ടിയുടെ മുഖം അതു കേട്ട് വാടി

മുഖംവീർപ്പിക്ക്

muKhaMviiRppikkə *(comp vb)*, frown; അയാൾ എപ്പോഴും മുഖം വീർപ്പിച്ചിരിക്കുന്നു

മുഖക്കണ്ണാടി mukhakkaNNaaTi *(comp nn)*, mirror; അവൾ മുഖക്കണ്ണാടിയിൽ നോക്കി

മുഖക്കുരു mukhakkuru *(comp nn)*, pimples; അയാളുടെ മുഖത്ത് മുഖക്കുരു ഉണ്ടായിരുന്നു

മുഖക്കുറിപ്പ് mukhakkuRippə *(comp nn)*, preface; പത്രാധിപർ ഒരു മുഖക്കുറിപ്പ് തയ്യാറാക്കി

മുഖച്ഛായ mukhacchaaya *(comp nn)*, facial resemblence; അയാളുടെ മുഖച്ഛായ വളരെ മാറി

മുഖദാവിൽ mukhadaavil *(adv)*, in the presence; ഞാൻ അയാളെ മുഖദാവിൽ പറഞ്ഞു

മുഖപടം mukhapaTaM *(nn)*, veil; അയാൾ ഒരു മുഖപടം കൊണ്ട് മുഖം മറച്ചിരുന്നു

മുഖപരിചയം *mukhaparicayaM (comp nn)*, personal acquaintance; എനിക്ക് അയാളെ കണ്ടിട്ട് മുഖപരിചയം തോന്നി

മുഖപ്രസംഗം mukhapRasaMgaM *(comp nn)*, editorial; പത്രാധിപർ മുഖ പ്രസംഗം എഴുതി

മുഖപ്രസാദം mukhapRasaadaM *(comp nn)*, pleasentness of face; അയാളുടെ മുഖപ്രസാദം നഷ്ടപ്പെട്ടു

മുഖംമൂടി mukhaMmuuTi *(comp nn)*, mask; മുഖംമൂടി ധരിച്ച കുറെ ആളുകൾ കടന്നുവന്നു

മുഖരിതം mukharaTaM *(adj)*, making a noisy sound; ആ പ്രദേശം ശബ്ദമുഖരിതമായിരുന്നു

മുഖവുര mukhavura *(nn)*, preface; അയാൾ മുഖവുര എഴുതി

മുഖവുര mukhavura *(nn)*, introduction; മുഖവുരയില്ലാതെ അയാൾ കാര്യം പറഞ്ഞു

മുഖശ്രീ mukhaSri *(comp nn)*, facial glory; നല്ല മുഖശ്രീയുള്ള കുട്ടിയാണവൾ

മുഖസ്തുതി mukhastuti *(comp nn)*, flattery; അയാൾക്ക് മുഖസ്തുതി ഇഷ്ടമായിരുന്നു

മുഖാന്തിരം mukhaantiraM *(adv)*, by means of; അയാൾ മുഖാന്തിരം ഞാൻ അവിടെയെത്തി

മുഖേന mukheena *(nn)*, through; അവൾ മുഖേന ഞാൻ കത്ത് കൈമാറി

മുഖ്യ mukhya *(adj)*, important; മുഖ്യമായ ചില കാര്യങ്ങൾ ഞങ്ങൾ ചർച്ച ചെയ്തു

മുഖ്യം mukhyaM *(nn)*, importance; ജീവിതത്തിൽ മുഖ്യം സ്നേഹമാണ്

മുഖ്യമന്ത്രി mukhyamantRi *(nn,comp)*, chief minister; മുഖ്യമന്ത്രി ചികിൽസക്കുവേണ്ടി അമേരിക്കയിൽ പോയി

മുഗ്ധ mugdha *(adj)*, beautiful; മുഗ്ധയായ പെൺകുട്ടിയാണ് രാധ

മുങ്ങിക്കപ്പൽ muṇṇikkappal *(nn)*, submarine; മുങ്ങിക്കപ്പൽ വെള്ളത്തിൽ മുങ്ങി

മുങ്ങ് muṇṇə *(vi)*, dive into; അയാൾ പുഴയിൽ മുങ്ങി

മുങ്ങ് muuṇṇə *(vi)*, sink; കൊച്ചു കുടിൽ വെള്ളത്തിൽ മുങ്ങിപ്പോയി

മുച്ചീട്ടുകളി mucciiTTukaLi *(nn)*, gambling; അയാൾക്ക് മുച്ചീട്ടു കളിയും ഉണ്ടായിരുന്നു

മുച്ചൂടും muccuTuM *(adv)*, wholly; മുച്ചൂടും അയാൾ എതിർത്തു

മുജ്ജന്മം mujjanmaM *(nn)*, previous birth; മുജ്ജന്മത്തിൽ അയാൾ പല പാപങ്ങൾ ചെയ്തത്രേ

മുജ്ജന്മവാസന mujjanmavaasana *(nn,comp)*, biding influence of former life; മുജ്ജന്മവാസനകൊണ്ടാണ് അയാൾ അങ്ങിനെ ചെയ്യുന്നതത്രേ

മുടക്കം muTakkaM *(nn)*, obstruction; ആ ജോലിയുടെ തുടക്കം മുതലേ മുടക്കമായിരുന്നു

മുടക്കം muTakkaM *(nn)*, holiday; ഇന്ന് കട മുടക്കമാണ്

മുടക്ക് muTakkə *(vi)*, become hindered or obstructed; അയാൾ എന്റെ വഴി മുടക്കി

മുടന്തൻ muTantan *(nn)*, lame; അയാൾ ഒരു മുടന്തനായിരുന്നു

മുടന്ത് muTantə *(vi)*, be lame; അയാൾ നടക്കുമ്പോൾ മുടന്തുന്നു

മുടി muuTi *(nn)*, hair on the head; അവൾ മുടി ചീകി

മുടി muuTi *(nn)*, crown; രാജാവ് മുടി ചൂടി

മുടി muuTi *(nn)*, peak of the mountain; മലയുടെ കൊടുമുടിയിൽ പതാക നാട്ടി

മുടിക്കെട്ട് muTikkeTTə *(nn,comp)*, tuft of hair; മുടിക്കെട്ടിൽ അവൾ പൂ ചൂടി

മുടിക്ക് muTikkə *(vt)*, destroy; അവൻ കുടിച്ച് കുടിച്ച് കുടുംബം മുടിച്ചു

മുടിക്ക് muTikkə *(vt)*, end; അയാൾ ആ പ്രവൃത്തി മുടിച്ചു

മുടിയേറ്റ് muTiyeeRRə *(nn)*, folk dance form in Kerala; അയാൾ വെള്ളായണി ഭദ്രകാളിയുടെ മുടിയേറ്റ് കണ്ടു

മുടിവ് muTivə *(nn)*, end; അയാളാണ് മുടിവിന്റെ കാരണം

മുടുക്ക് muTukkə *(vt)*, tighten; നല്ല ഉറപ്പു വരുത്തുവാൻ ഞാൻ മുടുക്കി കെട്ടി.

മുട്ട muTTa *(nn)*, egg; കോഴി മുട്ട ഒരു സമീഹൃത ആഹാരമാണ്

മുട്ടക്കരു muTTakkaru *(comp nn)*, egg yoke; മുട്ടക്കരുവിന് ഔഷധഗുണമുണ്ട്

മുട്ടൻ muTTan *(nn)*, stout person; അയാൾ ഒരു മുട്ടനായിരുന്നു

മുട്ടയിട് muTTayiTə *(vi)*, lay egg; കോഴി മുട്ടയിടുന്നു

മുട്ടാപ്പോക്ക് muTTaappookkə *(comp nn)*, obstinancy; അയാൾ ഓരോ മുട്ടാപ്പോക്ക് ന്യായങ്ങൾ പറഞ്ഞുകൊണ്ടിരുന്നു

മുട്ടാളൻ muTTaaLan *(nn)*, obstinate person; അയാൾ ഒരു മുട്ടാളനായിരുന്നു

മുട്ടുശാന്തി muTTuSaanti *(comp nn)*, temporary means for an emergency; മുട്ടുശാന്തിയ്ക്കുവേണ്ടി പച്ചില മരുന്നു അരച്ചുകലക്കി കുടിച്ചു.

മുട്ടുശാന്തി muTTuSaanti *(comp nn)*, officiate as a proxy for priest; അയാൾ ഒരു മുട്ടുശാന്തിയാണ്

മുട്ട് muTTə *(nn)*, knee; അയാളുടെ മുട്ടുകൾ വേദനിച്ചു

മുട്ട് muTTə *(nn)*, elbow; അവന്റെ കൈമുട്ടുകൾ മുറിഞ്ഞു

മുട്ട് muTTə *(nn)*, blockade; ആ പ്രശ്നത്തിന് ഒരു മുട്ടു സംഭവിച്ചു

മുട്ട് muTTə *(nn)*, support; അവൻ വാഴയ്ക്കു മുട്ടു കൊടുത്തു

മുട്ട് muTTə *(vi)*, knock; അയാൾ വാതിലിൽ മുട്ടി

മുട്ട് muTTə *(nn)*, joint; മുട്ടുകൾ നിലത്തു കുത്തി അയാൾ പ്രാർത്ഥന തുടങ്ങി

മുണ്ടകൻ muNTakan *(nn)*, kind of paddy; മുണ്ടകൻ പാടത്ത് കൊയ്ത്തു തുടങ്ങി

മുണ്ടുടുക്ക് muNTuTukkə *(vt)*, wear Mundu; അയാൾ മുണ്ട് ഉടുക്കുന്നു

മുണ്ട് muNTə *(nn)*, traditional malayalee clothing (stretch of white cloth worn wrapped round the waist like a sheet); അയാൾ മുണ്ടുടുത്തു

മുണ്ഡനം muNDanaM *(nn)*, shaving the head; അച്ഛൻ മരിച്ചപ്പോൾ അയാൾ തല മുണ്ഡനം ചെയ്തു

മുതല mutala *(nn)*, crocodile; അയാൾ ഒരു മുതലയെ കണ്ടു

മുതലായവ mutalaayava *(in)*, etc; ചക്ക, തേങ്ങ മുതലായവ വാങ്ങി

മുതലാളി mutalaaLi *(nn)*, owner; അയാൾ ആ കമ്പനിയുടെ മുതലാളിയായിരുന്നു

മുതലെടുപ്പ് mutaleTuppə *(comp nn)*, exploitation; മുതലെടുപ്പ് ആർക്കും നല്ലതല്ല

മുതലെടുപ്പ് mutaleTuppə *(comp nn)*, pooling of the annual proceeds; സർക്കാരിന് മുതലെടുപ്പനുസരിച്ച് കരം തീർത്തു

മുതൽക്കൂട്ട് mutalkkuuTTə *(comp nn)*, account of income adding to the capital; സ്വത്ത് വിറ്റ് മുതൽക്കൂട്ടി

മുതൽ mutal *(nn)*, capital; അയാൾ മുതലും പലിശയും വാങ്ങി

മുതൽ mutal *(nn)*, wealth; സമ്പന്ന രാജ്യങ്ങൾ മുതലിനു പകരം സ്വർണ്ണ നാണയങ്ങൾ സ്വരൂപിക്കുന്നു

മുതിര mutira *(nn)*, horsegram; കുതിര മുതിര തിന്നു

മുതിര് mutirə *(vi)*, get ready; അയാൾ അങ്ങിനെ ചെയ്യാൻ മുതിർന്നു

മുതു mutu *(adj)*, old and ripe; മുതുപ്രായത്തിലാണെങ്കിലും അയാൾ ഇവിടെ വരുന്നു

മുത്തം muttaM *(nn)*, kiss; അയാൾ കുട്ടിക്ക് മുത്തം കൊടുത്തു

മുത്തങ്ങ muttaŋŋa *(nn)*, cyperus rotandues, (fragrant tropical grass of the sedge family); മുത്തങ്ങ വയറിളക്കത്തിനു വളരെ നല്ല മരുന്നാണ്.

മുത്തച്ഛൻ muttacchan *(nn)*, grand father; മുത്തച്ഛൻ മുത്തശ്ശിയോട് സംസാരിക്കുന്നു

മുത്തശ്ശി muttaSSi *(nn)*, grand mother; മുത്തശ്ശി കഥകൾ പറഞ്ഞു തന്നു

മുത്താഴം muttaaZaM *(nn)*, lunch; മുത്താഴം കഴിഞ്ഞ് ഞങ്ങൾ സ്വല്പനേരം ഉറങ്ങി.

മുത്ത് muttə *(nn)*, pearl; അയാൾ ഒരു മുത്ത് വാങ്ങി

മുത്ത് muttə *(vt)*, kiss; അയാൾ കുട്ടിയെ മുത്തി

മുദ്ര mudRa *(nn)*, mark; അയാൾ ഒരു മുദ്ര കാണിച്ചു

മുദ്ര mudRa *(nn)*, sign; ഇൻഡ്യൻ കളിക്കാർ ക്രിക്കറ്റ് ജയിച്ചപ്പോൾ വിജയത്തിന്റെ മുദ്ര കാണിച്ചു

മുദ്രക്കടലാസ് mudRakkaTalaasə *(nn,comp)*, stamp paper; മുദ്രക്കടലാസ്സിൽ ഒരാൾ ഒപ്പുവെയ്ക്കുന്നു

മുദ്രണം mudRaNaM *(nn)*, printing; അവിടെയാണ് ആ പുസ്തകത്തിന്റെ മുദ്രണം നടക്കുന്നത്

മുദ്രാവാക്യം mudRaavaakyaM *(nn),* slogan; അയാൾ മുദ്രാവാക്യം വിളിച്ചു

മുദ്രിത mudRita *(adj),* sealed; മുദ്രിതമായ ഓഫീസ് തുറന്നു

മുന muna *(nn),* sharp end; ശൂലത്തിന്റെ മുനകൊണ്ട് കുത്തി

മുന muna *(nn),* nib; പേനയുടെ മുന ഒടിഞ്ഞു

മുനമ്പ് munambə *(nn),* cape; അയാൾ ആ മുനമ്പിൽ എത്തിച്ചേർന്നു

മുനി muni *(nn),* ascetic; മുനി തപസ്സു ചെയ്തു

മുനിയ് muniyə *(vt),* remain silent; അയാൾ മുനിഞ്ഞിരുന്ന് തപസ്സ് ചെയ്തു

മുനിയ് muniyə *(vt),* remain dim; അവിടെ ഒരു വിളക്ക് മുനിഞ്ഞു കത്തി

മുൻകാൽ munkalə *(in),* fore limb; മുൻകാലിൽ അടികൊണ്ടപ്പോൾ വല്ലാതെ വേദനിച്ചു.

മുൻകൈ എടുക്ക് munkaieTukkə *(vb, comp),* volunteer; എല്ലാവരും അതിനു മുൻകൈ എടുക്കണം

മുൻകോപം munkoopaM *(nn,comp),* sudden rage which will easily diminish; അയാൾക്ക് മുൻകോപം വന്നു

മുന്തിയ muntiya *(adj),* superior; വളരെ മുന്തിയ സാധനങ്ങൾ ഇവിടെ കിട്ടും

മുന്തിരി muntiri *(nn),* grape; അയാൾക്ക് മുന്തിരി ഇഷ്ടമാണ്

മുന്നറിവ് munnaRivə *(nn),* previous knowledge; അയാൾക്ക് ഒരു മുന്നറിവും ഉണ്ടായിരുന്നില്ല

മുന്നിൽ munnil *(adv),* front; മുന്നിൽ ഒരു വലിയ തടസ്സമുണ്ട്

മുന്നിറുത്തുക munniRuttuka *(comp vb),* follow a model; ആ മാതൃക മുൻനിർത്തി അയാൾ പുയിയ ഒരു രൂപം മുൻകൂർ നല്കി

മുന്നിട്ട് ഇറങ്ങ് munniTTə iRaŋŋə *(vi),* step forward; അയാൾ പെട്ടെന്ന് മുന്നിട്ടിറങ്ങി

മുന്നൂറ് munnuuRə *(nn),* three hundred; മുറിയുടെ വാടക മുന്നൂറാണ്

മുന്നേറ് munneRə *(vi),* advance; അയാൾ പഠനത്തിലൂടെ വളരെ മുന്നേറി

മുന്നേറ്റം munnaRRaM *(nn),* progress; അയാളുടെ മുന്നേറ്റം അവൻ തടഞ്ഞു

മുമ്പൻ mumban *(nn),* leader; അയാൾ ആയിരുന്നു അവരിൽ മുമ്പൻ

മുമ്പിൽ numbil *(adv),* infront; വീട്ടിനു മുമ്പിൽ നല്ലൊരു തോട്ടമുണ്ട്

മുമ്പ് mumbə *(adv)*, in olden days; മുമ്പ് വിദ്യാർഥികൾ അധ്യാപകരെ ബഹുമാനിച്ചിരുന്നു

മുൻ വിചാരം munvicaaraM *(nn,comp)*, fore thought; യാതൊരു മുൻവിചാരവുമില്ലാതെ അയാൾ പ്രവർത്തിച്ചു

മുൻഷി mun$i *(nn)*, language teacher; അയാൾ ഒരു മുൻഷിയാണ്

മുൻ mun *(adj, pfx)*, former; മുൻ മന്ത്രി അന്തരിച്ചു

മുപ്പത് muppatə *(nn,num)*, thirty; മുപ്പതു വയസ്സായിട്ടും ജോലി ഇല്ലാതെ നടക്കുന്നു

മുയൽ muyal *(nn)*, rabbit; മുയൽ വേഗത്തിൽ ഓടി

മുരടത്തം muraTattaM *(nn)*, impertinence; അയാളുടെ മുരടത്തം ആർക്കും ഇഷ്ടമായില്ല

മുരടിക്ക് muraTikkə *(vt)*, stunted growth; അയാളുടെ വാഴകൾ മുരടിച്ചു പോയി

മുരളി muraLi *(nn)*, flute; അവൾ മുരളീഗാനം കേട്ടു

മുരള് muraLə *(vi)*, reverberate; തട്ടിൻപുറത്ത് എന്തോ മുരളുന്നു

മുരിക്ക് murikkə *(nn)*, erythrina indica; മുരിക്കിൽ പൂ ഉണ്ടാകുന്നു

മുരിങ്ങ muriṉṉa *(nn)*, drum stick tree; മുരിങ്ങയിൽ മുരിങ്ങ കായ ഇല്ല

മുരിങ്ങയ്ക്ക muriṉṉayəkka *(nn)*, drumstick; മുരിങ്ങയ്ക്കായ്ക്ക് എത്രയാണ് വില

മുല mula *(nn)*, female breast; മുല കുടിക്കുന്ന കുട്ടികൾ

മുലക്കണ്ണ് mulakkaNNə *(nn,comp)*, nipple; കുട്ടി മുലക്കണ്ണ് കടിച്ചു

മുലയൂട്ട് mulayuuTTə *(comp vb)*, feed the baby with breast milk; അമ്മ കുട്ടിയെ മുലയൂട്ടി

മുല്ല mulla *(nn)*, jasmine; മുല്ലയിൽ പൂ വിടർന്നു

മുഷിയ് mu$iyə *(vi)*, become dirty; എന്റെ വസ്ത്രങ്ങൾ മുഷിഞ്ഞു

മുഷിയ് mu$iyə *(vi)*, feel bored; എനിക്ക് വല്ലാതെ മുഷിയുന്നു

മുഷ്ക്കൻ mu$kkan *(nn)*, stubborn man; അയാൾ ഒരു മുഷ്ക്കനാണ്

മുഷ്ടി mu$Ti *(nn)*, fist; അയാൾ മുഷ്ടിചുരുട്ടി ആകാശത്തേക്ക് ഇടിച്ചു

മുഷ്ടിയുദ്ധം mu$TiyuddhaM *(nn,comp)*, boxing with fist; അവർ തമ്മിൽ മുഷ്ടിയുദ്ധം നടത്തി

മുഹൂർത്തം muhuuRttaM *(nn)*, auspicious time; മുഹൂർത്തം കഴിഞ്ഞ് അയാൾ മടങ്ങി

മുള muLa *(nn)*, bamboo; മുളയിൽ പൂ വിരിഞ്ഞു

മുളക് muLakə *(nn)*, chilly; ആ കടയിൽ മുളക് വാങ്ങാൻ കിട്ടും

മുളപ്പിക്ക് muLappikkə *(vt)*, germinate; അയാൾ ആ വിത്തുകൾ മുളപ്പിക്കുന്നു

മുളയ്ക്ക് muLaykkə *(vi)*, sprout; മഴക്കാലത്ത് പുല്ലു മുളയ്ക്കുന്നു

മുൾപ്പടർപ്പ് muLppaTaRppə *(nn,comp)*, thorny bush; മുൾപ്പടർപ്പിലൂടെ അയാൾ നടന്നു വരുന്നു

മുള്ളങ്കി muLLaṅki *(nn)*, radish; അവിടെ കുറെ മുള്ളങ്കി നട്ടിരുന്നു

മുള്ളൻ muLLan *(nn)*, pangoton porcupine; മുള്ളൻ പന്നിക്ക് മുള്ളുണ്ടായിരുന്നു

മുള്ളാണി muLLaaNi *(nn)*, small nail; അയാളുടെ കാലിൽ ഒരു മുള്ളാണി തറച്ചു

മുള്ളുവേലി muLLuveeli *(nn,comp)*, thorny fence; അയാൾ ഒരു മുള്ളുവേലി കെട്ടി

മുള്ള് muLLə *(nn)*, thorn; കാലിൽ ഒരു മുള്ള് കൊണ്ടു

മുഴ muZa *(nn)*, lump; അയാളുടെ നെറ്റിയിൽ ഒരു വലിയ മുഴ ഉണ്ട്.

മുഴം muZaM *(nn)*, measure; അയാൾ ഒരു മുഴം കയറു വാങ്ങി

മുഴക്കം muZakkaM *(nn)*, echo; അയാളുടെ ശബ്ദത്തിന് നല്ല മുഴക്കമുണ്ട്

മുഴക്ക് muZakkə *(vt)*, cause to reverberate; അവിടെ എല്ലാവരും ശബ്ദം മുഴക്കി

മുഴങ്കാൽ muZaṇkaal *(nn)*, knee; മുഴങ്കാലിൽ വേദനിക്കുന്നു

മുഴയ്ക്ക് muZaykkə *(vi)*, swell as tumour; എന്റെ കാല് ഇടിച്ചപ്പോൾ മുഴച്ചു കയറി

മുഴുക് muZukə *(vi)*, get involved; അയാൾ തന്റെ ജോലിയിൽ മുഴുകി

മുഴുപ്പ് muZuppə *(adj)*, well built; നല്ല മുഴുപ്പുള്ള ശരീരമാണ് അവന്റേത്

മുഴുമിക്ക് muZumikkə *(vt)*, complete; അയാൾ ജോലി മുഴുമിക്കുന്നു

മുഴുവനാക് muZuvanaakə *(vi)*, be complete; അവന്റെ ജോലി മുഴുവനായില്ല

മുഴുവനും muZuvanuM *(adv)*, completely; അയാൾ മുഴുവനും തിന്നുതീർത്തു

മുറ muRa *(nn)*, order; കാര്യങ്ങൾ മുറ പോലെ നടന്നു

മുറം muRaM *(nn)*, winnowing fan used to sift grain; അവൾ മുറത്തിൽ അരിപാറ്റിയെടുത്തു

മുറപ്പെണ്ണ് muRappeNNə *(nn,comp)*, woman of marriagable relation;

അവൾ അയാളുടെ മുറപ്പെണ്ണാണ്

മുറയ്ക്ക് muRaykkə *(nn)*, respectively; കാര്യങ്ങൾ മുറയ്ക്ക് നടന്നു

മുറവിളി muRaviLi *(nn)*, loud cry; അയാൾ മുറവിളി കൂട്ടി

മുറി muRi *(nn)*, room; അയാൾ ഒരു മുറി തുറന്നു

മുറി muRi *(nn)*, piece; ഒരു മുറി കേക്ക് എടുത്തു.

മുറിക്ക് muRikkə *(vt)*, cut; അയാൾ പലക മുറിച്ചു

മുറിച്ചുകടക്ക് muRiccukaTakkə *(nn)*, cross; അയാൾ ഒരു നദി മുറിച്ചുകടന്നു

മുറിപ്പാട് muRipaaTə *(nn)*, scar left by a wound; അയാളുടെ ശരീരത്തിലെ മുറിപ്പാട് കണ്ടു

മുറിയ് muRiyə *(vi)*, be wounded; കുട്ടിയുടെ കൈ മുറിഞ്ഞു

മുറിയ് muRiyə *(vi)*, be torn; വനത്തിൽ വച്ച് സീതയുടെ കാലുമുറിഞ്ഞു

മുറിയ്ക്ക് muRiykkə *(vt)*, cut; മരത്തിന്റെ ഒരു കൊമ്പ് മുറിച്ചുമാറ്റി

മുറി വായ് muRivaayə *(nn)*, mouth of wound; മുറി വായിലൂടെ രക്തം പുറത്തേക്കു വരുന്നു

മുറിവ് muRivə *(nn)*, wound; മുറിവിലൂടെ രക്തം പ്രവഹിക്കുന്നു

മുറുകെ muRuke *(nn)*, tightly; അയാൾ വാതിൽ മുറുകെ അടച്ചു

മുറുക്കം muRukkaM *(nn)*, tightness; ആ കെട്ടിനു നല്ല മുറുക്കം ഉണ്ടായിരുന്നു

മുറുക്കം muRukkaM *(nn)*, closeness; അവരുടെ ബന്ധം കൂടുതൽ മുറുക്കത്തിലായി

മുറുക്കാൻ muRukkaan *(nn)*, chewing materials (combination of soda lime , betal leaf, arecanut and tobacoo); അയാൾ മുറുക്കാൻ ചവയ്ക്കുന്നു

മുറുമുറുക്ക് muRumuRukkə *(comp vb)*, murmer with anger; അയാൾ എപ്പോഴും മുറുമുറുക്കുന്നു

മുറ്റം muRRaM *(nn)*, yard round a house; കുട്ടി മുറ്റത്ത് കളിക്കുന്നു

മുറ്റ് muRRə *(vi)*, fatten; അയാൾ തിന്നു മുറ്റിയിരിക്കുന്നു

മുറ്റ് muRRə *(vi)*, mature; വാഴക്കുല മുറ്റിയപ്പോൾ വെട്ടി പഴുപ്പിച്ചു

മൂക muuka *(adj)*, dumb; മൂകമായ ഒരു നിമിഷം ഞങ്ങൾ പിന്നിട്ടു

മൂകസാക്ഷി muukasaak$i *(nn)*, mute witness; ആ കൊല നടന്നപ്പോൾ അവർ വെറും മൂക സാക്ഷികളായി നിന്നു

മൂക്കണ muukkaNa *(nn)*, girdle; കാളയ്ക്കു മൂക്കണയിട്ടു

മൂക്കള muukkLa *(nn)*, nasal mucus; കുട്ടി മൂക്കള ഒലിപ്പിച്ച്കൊണ്ട് നടക്കുന്നു

മൂക്കറ്റം muukkaRRaM *(adv)*, up to the nose (exceedingly); അയാൾ മൂക്കറ്റം കുടിച്ചു

മൂക്കുകണ്ണാടി muukkukaNNaaTi *(nn,comp)*, spectacle; അയാൾ മൂക്കുകണ്ണാടി അണിഞ്ഞു

മൂക്കുത്തി muukkuutti *(nn)*, nose ring; അവൾ മൂക്കുത്തി അണിഞ്ഞു

മൂക്കുപ്പൊടി muukkuppoTi *(nn,comp)*, snuff; അവർ മൂക്കുപ്പൊടി വലിക്കുന്നു

മൂക്ക് muukkə *(nn)*, nose; അവളുടെ മൂക്ക് മനോഹരമാണ്

മൂങ്ങ muuṉṉa *(nn)*, owl; അവിടെ ഒരു മൂങ്ങ മൂളുന്നു

മൂച്ച് muuccə *(nn)*, breath; അയാൾ ഒറ്റ മൂച്ചിന് കുടിച്ചു

മൂഞ്ച് muu~cə *(vt)*, sip; അയാൾ മാങ്ങ മൂഞ്ചി

മൂടൽമഞ്ഞ് muuTalma~~ə *(nn)*, fog; അപ്പോൾ ആ സ്ഥലമെല്ലാം മൂടൽമഞ്ഞ്കൊണ്ട് മൂടി കിടക്കുകയായിരുന്നു

മൂടി muTi *(nn)*, lid; അയാൾ മൂടി വലിച്ചു തുറന്നു

മൂട് muuTə *(vi)*, cover; അയാൾ ആ ഭരണി മൂടികൊണ്ട് മൂടി

മൂട്ട muuTTa *(nn)*, bed bug; ഈ കട്ടിലിൽ നിറയെ മൂട്ടകളാണ്

മൂഢമായ muuDhamaaya *(adj)*, idiot; അയാളുടെ മൂഢമായ പെരുമാറ്റങ്ങൾ കാരണം പുറത്തായി

മൂത്ത muutta *(adj)*, old; മൂത്ത കുട്ടിയുടെ കല്യാണം കഴിഞ്ഞു

മൂർത്തം muttaM *(nn)*, concrete; മൂർത്തമായ ഒരു വസ്തുവിനെ നമ്മൾക്ക് സ്പർശിക്കാം

മൂത്തമകൻ muuttamakan *(nn)*, eldest son; അയാളുടെ മൂത്തമകൻ ഒരു ഡോക്ടറാണ്

മൂത്തമകൾ muuttamakaL *(nn)*, eldest daughter; അയാളുടെ മൂത്തമകൾ ഒരു അധ്യാപികയാണ്

മൂത്തവൻ muuttavan *(nn)*, elder person; മൂത്തവൻ പത്താം ക്ലാസിൽ പഠിക്കുന്നു

മൂത്രം muutRaM *(nn)*, urine; മലം, മൂത്രം എന്നിവ പരിശോധിക്കപ്പെടും

മൂത്രംഒഴിക്ക് muutRaMoZikkə *(comp vb)*, urinate; കുട്ടി ഉറക്കത്തിൽ മൂത്രമൊഴിക്കുന്നു

മൂത്രാശയം muutRaaSayaM *(nn)*, urethra; മൂത്രാശയത്തിൽ ചില അസുഖങ്ങൾ വന്നു

മൂന്നാമത്തെ muunnaamtte *(nn)*, third; ഇത് മൂന്നാമത്തെ പ്രാവശ്യമാണ് അയാൾ വീഴുന്നത്

മൂന്നുംകൂട്ട് muunnuMkuuTTə *(comp vb)*, chew pan without tobacco; മൂന്നുംകൂട്ടി അയാൾ മുറുക്കി

മൂന്നുതരം muunnutaraM *(adv)*, definitely; അയാൾ മൂന്നുതരം വരുമെന്നു പറഞ്ഞു

മൂന്നുദിവസംമുമ്പ് muunnudivsaMmumbə *(nn)*, three days ago; മൂന്നുദിവസം മുമ്പ് ഞാനവനെ കണ്ടിരുന്നു

മൂന്ന് muunnə *(nn,num)*, number three; ഒന്നു പിഴച്ചാൽ മൂന്ന്

മൂപ്പിക്ക് muuppikkə *(vt)*, get ripe; പഴം അവിടെ കുലയിൽ നിർത്തി മൂപ്പിച്ചു

മൂരാച്ചി muraacci *(nn)*, bourgeois; മൂരാച്ചികളെ നീക്കാൻ അവർ സമരം ചെയ്തു

മൂരി muri *(nn)*, bull; അയാൾ ഒരു മൂരിയെ വാങ്ങി

മൂരിനിവർ murinivarə *(comp vb)*, stretch the limbs; അയാൾ നന്നായി മൂരിനിവർന്നു

മൂർഖൻ muuRkhan *(nn)*, snake (cobra); അവിടെ ഒരു മൂർഖൻ പാമ്പ് കയറി വന്നു

മൂർച്ച muuRcca *(nn)*, sharpness; നല്ല മൂർച്ചയുള്ള കത്തി വാങ്ങി

മൂർച്ചകൂട്ട് muuRccakuuTTə *(vt)*, sharpen; അവൻ കത്തിക്ക് മൂർച്ചകൂട്ടി

മൂർച്ചയില്ലാത്ത muuRccayillatta *(adj)*, blunt; മൂർച്ചയില്ലാത്ത കത്തി കൊണ്ട് എങ്ങനെ മുറിക്കും

മൂർച്ഛ muuRccha *(nn)*, fainting; അവൾ മൂർച്ഛയിൽ വീണു

മൂർത്തി muuRtti *(nn)*, statue; അവിടെ ഒരു മൂർത്തി ഉണ്ടായിരുന്നു

മൂർദ്ധാവ് muuRddhaavə *(nn)*, top of the head; അയാൾ മൂർദ്ധാവിൽ കൈവച്ചു

മൂല muula *(nn)*, corner; കുട്ടി ഒരു മൂലയിൽ ഇരുന്നു

മൂലം muulaM *(nn)*, base; അതിന്റെ മൂലത്തിൽ തന്നെ ജീർണ്ണതയുണ്ട്

മൂലം muulaM *(nn)*, root; ദശമൂലങ്ങൾ കൊണ്ട് കഷായം തയ്യാറാക്കി

മൂലകം muulakaM *(nn)*, element; ജലത്തിൽ ഹൈഡ്രജൻ , ഓക്സിജൻ എന്നീ മൂലകങ്ങൾ അടങ്ങിയിരിക്കുന്നു

മൂലകാരണം muulakaaraNaM *(comp nn)*, original reason; ആ പ്രശ്നത്തിന്റെ മൂലകാരണം എന്താണ്

മൂലഗ്രന്ഥം muulagRanthaM *(comp nn)*, original text; മൂലഗ്രന്ഥത്തിൽ

നിന്ന് പകർത്തിയെഴുതിയതാണ് ഇത്

മൂലധനം muuladhanaM *(nn)*, capital; അയാൾക്ക് മൂലധനത്തിൽ പങ്കില്ലായിരുന്നു

മൂലസ്ഥാനം muulasthaanaM *(comp nn)*, origin; മൂലസ്ഥാനത്തു തന്നെ കുഴപ്പങ്ങളുണ്ടായിരുന്നു

മൂലാധാരം muulaadhaaraM *(comp nn)*, fundamental; വസ്തുതയുടെ മൂലാധാരം രഹസ്യമായിരുന്നു

മൂല്യം muulyaM *(nn)*, value; എന്താണ് അതിന്റെ മൂല്യമെന്നറിയില്ല

മൂവന്തി muvanti *(nn)*, meeting time of day and night; മൂവന്തി നേരത്ത് അയാൾ നടന്നു

മൂവായിരം muuvayiraM *(nn)*, three thousand; മൂവായിരം പേർക്ക് ഇരിക്കാനുള്ള സൌകര്യം ഇവിടെയുണ്ട്

മൂശ muuSa *(nn)*, mould; അയാൾ മൂശയിൽ വാർത്തെടുത്തു

മൂശാരി muuSaari *(nn)*, bell metal smith; അയാൾ ഒരു മൂശാരിയാണ്

മൂള muuLa *(nn)*, brain; അവന് മൂളയിൽ ഒന്നുമില്ലത്രേ

മൂള് muuLə *(vi)*, make hissing sound; അയാൾ പറഞ്ഞതെല്ലാം കേട്ട് ഞാൻ മൂളി

മൃഗം mRəgaM *(nn)*, animal; അയാൾ മൃഗത്തെ വെറുതെ വിട്ടു

മൃഗം mRgaM *(nn)*, deer; അയാൾ മൃഗത്തിനെ വെറുതെ അടിക്കുന്നു

മൃഗതൃഷ്ണ mRəgatRə$Na *(nn)*, mirage; അവൾ മൃഗതൃഷ്ണകൾ തേടി അലഞ്ഞു

മൃഗശാല mRəgaSaala *(nn)*, zoo; മൃഗശാലയിൽ ഞങ്ങൾ പല മൃഗങ്ങളെയും കണ്ടു

മൃത mRəta *(adj)*, dead; മൃതമായ അവസ്ഥയിലായിരുന്നു ആ ലൈബ്രറി

മൃതസഞ്ജീവനി mRətasa~jiivani *(nn)*, remedy to restore life; മൃതസഞ്ജീവനി കുടിച്ച് അയാൾ പുനർ ജീവിച്ചു

മൃതി mRəti *(nn)*, death; മൃതിയിൽ നിന്ന് അമരത്വത്തിലേക്ക് നീങ്ങി

മൃത്യു mRətyu *(nn)*, death; മൃത്യുവിന്റെ കൈകളിൽ അയാൾ ലയിച്ചു

മൃദംഗം mRədaMgaM *(nn)*, kind of musical instrument like drum; അയാൾ നന്നായി മൃദംഗം വായിക്കും

മൃദു mRədu *(adj, pfx)*, soft; മൃദു ശബ്ദത്തിൽ അവൾ പാടി

മൃദുരോമം mRəduroomaM *(nn)*, wool; ചെമ്മരിയാടിന്റെ

മൃദുരോമം കൊണ്ട് കമ്പിളിനൂൽ ഉണ്ടാക്കുന്നു

മൃദുലമായ mRəduLmaaya *(adj)*, tender; മൃദുലമായ ഒരു മനസ്സിന്റെ ഉടമയായിട്ടും അവന് വളരെ പ്രശ്നങ്ങൾ നേരിടേണ്ടി വന്നു

മൃദുവായ mRəuduvaaya *(nn)*, soft; പക്ഷിയുടെ തൂവൽ വളരെ മൃദുവായതാണ്

മൃഷ്ടാന്നഭോജനം mRə$TaannabhoojanaM *(comp nn)*, food enough to fill; അയാൾ മൃഷ്ടാന്നഭോജനം കഴിച്ചു

മെച്ചം meccaM *(nn)*, excellent; അയാളുടെ അഭിനയം മെച്ചമായിരുന്നു

മെതി meti *(nn)*, threshing grain; കൊയ്ത്തും മെതിയും കഴിഞ്ഞു

മെതിയടി metiyaTi *(nn)*, wooden shoe; മുനി കാലിൽ മെതിയടി ഇട്ടു

മെത്ത metta *(nn)*, bed; അയാൾ മെത്തയിൽ കിടന്നു

മെത്രാൻ metRaan *(nn)*, bishop; ഇന്നലെ മെത്രാൻ ഇവിടെ വന്നു

മെയ് meyə *(nn)*, May; മെയ് മാസത്തിൽ ഭയങ്കരചൂടാണിവിടെ

മെയ്യ് meyyə *(nn)*, body; മെയ്യിൽ അവൾ ആഭരണങ്ങൾ അണിഞ്ഞു

മെരുക് merukə *(vi)*, tame; കാട്ടിൽ നിന്ന് കൊണ്ടുവന്ന ആന മെരുകുന്നു

മെരുക്ക് merukkə *(vt)*, tame; വളർത്തു മൃഗങ്ങളെ മെരുക്കാൻ പ്രത്യേക കഴിവുവേണം

മെലിഞ്ഞ meli~~a *(adj)*, lean; അവൻ ഒരു മെലിഞ്ഞ കുട്ടിയാണ്

മെലിയ് meliyə *(vi)*, become lean; അവന്റെ ശരീരം വല്ലാതെ മെലിയുന്നു

മെല്ലെ melle *(adv)*, slowly; മെല്ലെ മെല്ലെ ആ കുട്ടികൾ ഇഴഞ്ഞു

മെഴുകുതിരി meZuKutiri *(nn)*, candle; ഇരുട്ടത്ത് ഒരു മെഴുകുതിരി കത്തിച്ചു വയ്ക്കാം

മെഴുക് meZakə *(vt)*, wash; അവൾ പാത്രം മെഴുകി

മെഴുക് meZukə *(nn)*, wax; ആശാരി മെഴുകുരച്ച് പോളിഷ് ചെയ്തു

മെഴുക് meZukə *(nn)*, sealing wax; ഓഫീസിൽ മെഴുക് കൊണ്ട് കത്തുകൾ സീൽ ചെയ്തു

മെഴുക് meZukə *(vt)*, smear with cow dung; അമ്മ ചാണകം മെഴുകി

മെഴുക്ക് meZukkə *(nn)*, oilness; ആ വസ്ത്രത്തിൽ മെഴുക്ക് പിടിച്ചിരുന്നു

മെഴുക്കുപുരട്ടി meZukkupuraTTi *(nn,comp),* fried yam; അമ്മ മെഴുക്കുപുരട്ടി ഉണ്ടാക്കി

മേഖല meekhala *(nn),* particular area or region; അയാൾ ആ മേഖലയിലേക്ക് പിന്നീടു വന്നിട്ടില്ല

മേഘം meeghaM *(nn),* cloud; മഴ വന്നപ്പോൾ കാർമേഘങ്ങൾ വന്നു കൂടി

മേഘാവൃതം meeghavRtaM *(nn),* cloudiness; അന്തരീക്ഷം വല്ലാതെ മേഘാവൃതമായിരിക്കുന്നു

മേഞ്ഞ mee~~a *(adj),* thatched; ഇപ്പോൾ ഓലമേഞ്ഞ കെട്ടിടങ്ങൾ വളരെ കുറവാണ്

മേട meeTa *(nn),* tower; ആ മണിമേട ഞങ്ങൾ കണ്ടു

മേടിക്ക് meeTikkə *(vt),* buy; ഞാൻ പുസ്തകം മേടിച്ചു

മേത്തൻ meettan *(nn),* mohammadan; അയാൾ ഒരു മേത്തനാണ്

മേത്തരം meettaraM *(nn),* superior; ഞങ്ങൾ മേത്തരം വസ്ത്രങ്ങൾ വാങ്ങുന്നു

മേദസ്സ് meedassə *(nn),* fatness; അവരുടെ മേദസ്സ് കുറഞ്ഞു

മേധാവി meedhaavi *(nn),* leader; അയാളാണ് അവരുടെ മേധാവി

മേനക meenaka *(nn),* heavenly woman; അവൾ മേനകയാണ് എന്നാണ് അവളുടെ വിചാരം

മേനി meeni *(nn),* body; അവളുടെ മേനി കണ്ടു മയങ്ങി.

മേമ്പൊടി meemboTi *(nn),* powder to be scattered on a medicinal decoction; അയാൾ കഷായത്തിൽ മേമ്പൊടി വിതറി

മേന്മ meenma *(adj),* superior; മേന്മയുള്ള പുസ്തകങ്ങൾ ഇവിടെ കിട്ടും

മേയർ meeyaR *(nn),* mayor; ഇന്ന് മേയർ ഒരു പരിപാടി ഉദ്ഘാടനം ചെയ്യാൻ വന്നു

മേയിക്ക് meeykkə *(vt),* graze the cattle; അയാൾ കന്നുകാലികളെ വിട്ടു മേയിച്ചു.

മേയ് meeyə *(vi),* graze; പശു മേയുന്നു

മേലങ്കി meelaŋki *(nn),* cloak; അയാൾ മേലങ്കി അണിഞ്ഞു

മേലധികാരം meelaadhikaaraM *(nn),* supreme power; അയാളുടെ മേലധികാരം ആരും വകവെച്ചില്ല

മേലാൽ meelaal *(adv),* in future; മേലാൽ ഇനി ഇവിടെ വരരുത്

മേലെ meele *(adv),* above; അയാൾ ബോർഡിനു മേലെ ഒരു വരയിട്ടു

മേലെ meele *(adv),* over; പാലത്തിനു മേലെ വണ്ടികൾ പോകുന്നു

മേലോട്ട് meelooTTə *(adv),* upwards; റോക്കറ്റ് മേലോട്ട് കുതിച്ചു കയറുന്നു

മേൽക്കച്ച meelkkacca *(nn),* upper garment ; പണ്ട് രാജാവിന്റെ മുമ്പിൽ ജനങ്ങൾ മേൽക്കച്ച കെട്ടി ഓച്ചാനിച്ചു നിന്നു

മേൽക്കെട്ടി meelkkeTTi *(comp nn),* mosquito net; ഞങ്ങൾ മേൽക്കെട്ടി കെട്ടി കിടന്നു

മേൽക്കുമേൽ meelkkumeel *(adv),* one after another; മേൽക്കുമേൽ തറവാട് ക്ഷയിച്ചുവന്നു

മേൽക്കുമേൽ meelkkumeel *(adv),* one above the other; മേൽക്കുമേൽ പൂമ്പാറ്റകൾ പറന്നുപൊങ്ങി

മേൽക്കൂര meelkkuura *(nn),* roof; മേൽക്കൂരയിൽ ഒരു കിളി വന്നിരിക്കുന്നു

മേൽക്കോയ്മ meelkkooyma *(nn),* supremacy; രാജാവിന്റെ മേൽക്കോയ്മ ജനങ്ങൾ അംഗീകരിച്ചിരുന്നു.

മേൽച്ചുണ്ട് meelccuNTə *(nn),* upper lip; മേൽച്ചുണ്ടും കീഴ്ചുണ്ടും ചേർത്ത് ഓഷ്ഠ്യസ്വരങ്ങൾ പുറപ്പെടുവിക്കുന്നു

മേൽത്തട്ട് meelttaTTə *(nn),* ceiling; മേൽത്തട്ടിൽ ഒരു പല്ലി ഇരിക്കുന്നു

മേൽപ്പുര meelppura *(nn),* roof of the house; മേൽപ്പുര കെട്ടിയിരുന്നില്ല

മേൽഭാഗം meelbhaagaM *(nn),* upper portion; മേൽഭാഗത്തു കൂടി കള്ളൻ കയറി

മേൽവിലാസം meelvilaasaM *(nn),* address; അയാൾ എനിക്കു മേൽവിലാസം തന്നു

മേൽ meel *(in),* on; അയാളുടെ മേൽ എല്ലാവരും കുറ്റംചാർത്തി

മേൽ meel *(nn),* body; കുട്ടികൾ അയാളുടെമേൽ ചാടിക്കയറി.

മേശ meeSa *(nn),* table; മേശയിൽ ഭക്ഷണസാധനങ്ങൾ നിരന്നു

മേസ്ത്തിരി meesttiri *(nn),* head worker; മേസ്ത്തിരി ഇന്നലെ വന്നില്ല

മേളം meeLaM *(nn),* band of musicians; അവിടെ വലിയ മേളം നടക്കുന്നു

മേളം meeLaM *(nn),* happiness; ഓണത്തിന് എല്ലാവരും ചേർന്നത് കൊണ്ട് നല്ല മേളമായിരുന്നു

മേളിക്ക് meeLikkə *(vi),* join; അവർ അവിടെ മേളിച്ചു

മൈക്രോഫോൺ maikRoophooN *(nn,eng),* microphone; മൈക്രോഫോണിലൂടെ അയാൾ സംസാരിച്ചു

മൈതാനം maitanaM *(nn),* ground; കുട്ടികൾ മൈതാനത്തിൽ പന്തു കളിക്കുന്നു

മൈത്രി maitRi *(nn),* friendship; അയാൾ മൈത്രി ബന്ധം അവസാനിപ്പിച്ചു

മൈഥുനം maithunaM *(nn),* copulation; അവർ മൈഥുനത്തിൽ ഏർപ്പെട്ടു

മൈന maina *(nn),* mynah; അയാൾ ഒരു മൈനയെ നോക്കി

മൈനർ mainaR *(nn),* minor; അവൻ ഒരു മൈനറാണ്

മൈൻ main *(nn),* mine; മൈൻ പൊട്ടി അപകടമുണ്ടായി

മൈലാഞ്ചി mailaa~ci *(nn),* Henna (the paste of the herb which is applied by girls before marriage, very artistically, with intricate designs); അവൾ മൈലാഞ്ചി അണിഞ്ഞു

മൈലാഞ്ചിഇട് maila~ciiTə *(comp vb),* smear mehanti on the hands, legs; അവൾ കൈയ്യിൽ മൈലാഞ്ചി ഇട്ടു

മൈൽ mail *(nn),* mile; അവർ ഒരു മൈൽ നടന്നു

മോങ്ങ് mooŋŋə *(nn),* howl; വീട്ടിലെ പട്ടി രാത്രിയെല്ലാം മോങ്ങുന്നുണ്ടായിരുന്നു

മൊട്ടയടിക്ക് moTTayaTikkə *(nn),* completely shave the head; അയാൾ തല മൊട്ടയടിച്ചു

മൊട്ടുസൂചി moTTusuuci *(nn,comp),* ball pin; മൊട്ടുസൂചി കൊണ്ട് കടലാസുകൾ പിൻചെയ്തു

മൊട്ട് moTTə *(nn),* flower bud; ആ മൊട്ടു വിരിഞ്ഞു

മൊണ്ണ moNNa *(nn),* good for nothing fellow; അവൻ ഒരു മൊണ്ണയാണ്

മൊത്തം mottaM *(nn),* total; മൊത്തം എത്രപേർ വരുമെന്നറിയില്ല

മൊന്ത monata *(nn),* goglet; അവൾ ഒരു മൊന്തയിൽ വെള്ളമെടുത്തു

മൊരി mori *(nn),* dry patches on the skin; അയാളുടെ ശരീരത്തിൽ മൊരിയുണ്ടായിരുന്നു

മൊഴി moZi *(nn),* language; വായ്മൊഴി സംസാരഭാഷയാണ് വരമൊഴി എഴുത്തും

മൊഴി moZi *(nn),* evidence given in a court; അയാൾ പോലീസിന് മൊഴികൊടുത്തു

മോക്ഷം mook$aM *(nn),* salvation; അയാൾ മോക്ഷം ആഗ്രഹിച്ചു

മോങ്ങ് mooŋŋə *(vi),* groaning of the dog; പട്ടികൾ ഉച്ചത്തിൽ മോങ്ങുന്നു

മോചനം moocanaM *(nn),* liberation; അയാൾ മോചനം നേടി

മോചിപ്പിക്ക് moocippikkə *(vt),* set at liberty; അയാളെ തടവിൽ നിന്ന് മോചിപ്പിച്ചു

മോടി mooTi *(nn),* pomp; വളരെ മോടിയോടെ അയാൾ നടന്നു

മോണ mooNa *(nn)*, gum; അവന്റെ മോണ വേദനിക്കുന്നു

മോതിരം mootiraM *(nn)*, ring; വിവാഹസമയത്ത് അവർ മോതിരം കൈമാറി

മോതിരവിരൽ mootiraviral *(nn,comp)*, ring finger; അവൾ മോതിരവിരലിൽ മോതിരം അണിഞ്ഞു

മോദം moodaM *(nn)*, happiness; അവന് മോദം തോന്നി

മോന്ത moonta *(nn)*, face; ഇന്ന് അവന്റെ മോന്ത ശരിയല്ല.

മോന്ത് moontə *(vt)*, sip; അയാൾ വെള്ളം മോന്തുന്നു

മോൻ moon *(nn)*, son; അയാൾ മോനോട് പറഞ്ഞു

മോർ moorə *(nn)*, butter milk; അയാൾ മോരു കൂടിച്ചു

മോശം mooSaM *(nn)*, bad; അയാളുടെ സ്വഭാവം മോശമാണ്

മോശം mooSaM *(nn)*, bad name; പി.എസ്.സി നിയമനത്തിൽ അനധികൃതമായി പണം സമ്പാദിച്ച അയാൾ കുടുംബത്തിനു മോശം പേരുണ്ടാക്കി

മോഷണം moo$NaM *(nn)*, theft; അയാൾക്ക് മോഷണമാണ് ജോലി

മോഷ്ടാവ് moo$Taavə *(nn)*, robber; പോലീസ് മോഷ്ടാവിനെ പിടികൂടി

മോഷ്ടിക്ക് moo$Tikkə *(vt)*, rob; ആരോ ഇവിടെ നിന്നു ഒരു പേന മോഷ്ടിച്ചു

മോഹം moohaM *(nn)*, infatuation; അയാൾക്ക് അവളുടെ മേൽ അതിയായ മോഹം ഉണ്ടായിരുന്നു

മോഹം moohaM *(nn)*, desire; അയാൾക്ക് പല മോഹങ്ങളും ഉണ്ടായിരുന്നു

മോഹാലസ്യം moohaalasyaM *(nn)*, faint; അവൾക്ക് മോഹാലസ്യം വന്നു

മോഹിക്ക് moohikkə *(vi)*, have desire; അവളുടെ മോഹത്തിന് ഒരു അറുതിയുമില്ല

മോഹിനിയാട്ടം moohiniyaaTTaM *(nn)*, dance form of Kerala; അവൾ മോഹിനിയാട്ടം പഠിക്കുന്നു

മോറ് mooRə *(vt)*, wash; അവൾ പാത്രം മോറുന്നു

മൌഢ്യം mauDhyaM *(nn)*, stupidity; അയാളുടെ മൌഢ്യമെന്നല്ലാതെ എന്തു പറയാൻ

മൌനം maunaM *(nn)*, silence; അവൾ മൌനം പാലിച്ചു

മൌലവി maulavi *(nn)*, muslim scholar who is well versed in Arabic & persian; അയാൾ ഒരു മൌലവിയാണ്

മൌലിക maulika *(adj)*, fundamental; ഒരു പൌരൻ തന്റെ മൌലികാവകാശങ്ങളെക്കുറിച്ച് ബോധവാനായിരിക്കണം

മ്യൂസിയം myuusiyaM *(nn)*, museum; ആ മ്യൂസിയത്തിൽ ഞങ്ങൾ പല കാഴ്ച്ചകളും കണ്ടു

മ്ലാവ് mLaavə *(nn)*, elk; അയാൾ ഒരു മ്ലാവിനെ കണ്ടു

മ്ലേച്ഛ mleeccha *(adj)*, barbarian; വളരെ മ്ലേച്ഛമായ പെരുമാറ്റം ആയിരുന്നു അയാളുടേത്

യകൃത്ത് yakRəttə *(nn)*, liver; അയാളുടെ യകൃത്തിന് അസുഖം ബാധിച്ചിരിക്കുന്നു

യക്ഷൻ yak$an *(nn)*, demigod; ഒരു യക്ഷൻ അതു വഴി വന്നു

യജമാനൻ yajamaanan *(nn)*, lord; ജയമാനൻ ഭൃത്യനോട് കോപിച്ചു

യജുർ yajussə *(nn)*, yajurveda; അയാൾ യജുർവേദം തർജ്ജിമ ചെയ്തു

യജ്ഞം yaj~aM *(nn)*, holy sacrifice; രാജാവ് യജ്ഞം നടത്തി

യജ്ഞകർമ്മം yaj~kaRmaM *(comp nn)*, performance of a sacrifice; യജ്ഞകർമ്മത്തിൽ അവർ പങ്കെടുത്തു

യതി yati *(nn)*, yogi; അയാൾ ഒരു യതിയാണ്

യത്നം yatnaM *(nn)*, effort; ആ ജോലി ലഭിക്കാനായി അയാൾ യത്നം നടത്തി

യഥാ yathaa *(adv)*, according as; യഥാ ഗുരോ തഥാ ശിഷ്യ

യഥാകാലം yathaakaalaM *(adv)*, at the proper time; യഥാകാലം അവൾ ഒരു കുഞ്ഞിനെ പ്രസവിച്ചു

യഥാതഥം yathaatathaM *(adj)*, realistic; അയാൾ യഥാതഥമായ ഒരു കഥ പറഞ്ഞു

യഥേഷ്ടം yathee$TaM *(adv)*, as one likes; അവർ യഥേഷ്ടം സഞ്ചരിച്ചു

യഥോചിതം yathoocitaM *(adv)*, suitably; യഥോചിതം അയാളെ സൽക്കരിച്ചിരുത്തി

യദൃച്ഛയ yadRəcchayaa *(adv)*, accidentally; യദൃശ്ചയാ അയാൾ അവളെ കണ്ടുമുട്ടി

യന്ത്രം yantRaM *(nn)*, machine; ആ മുറിയിൽ വളരെയധികം യന്ത്രങ്ങളുണ്ടായിരുന്നു

യന്ത്രവല്കൃത yantRavalkRta *(adj)*, mechanised; യന്ത്രവൽകൃത ബോട്ടുകൾ ഇവിടെ ധാരാളമുണ്ട്

യമം yamaM *(nn)*, controlling; അയാൾ യമം ചെയ്തു

യമൻ yaman *(nn)*, lord yama; മരണത്തിന്റെ ദേവനാണ് യമൻ

യമുന yamuna *(nn)*, holy river yamuna; യമുനയുടെ തീരങ്ങളിൽ അവർ താമസിച്ചു

യവം yavaM *(nn)*, barley; അയാൾ യവം ഭക്ഷിച്ചു

യവന yavana *(adj)*, pertaining to Greece; യവനകഥകളിലെ സുന്ദരിയാണ് ഹെലൻ

യവനൻ yavanan *(nn)*, greek; അയാൾ ഒരു യവനനാണ്

യശസ്സ് yaSassə *(adj, pfx)*, glorious; അയാൾ ഒരു യശസ് പ്രാർഥിയാണ്

യാഗം yaagaM *(nn)*, yaga; രാജാവ് ഒരു യാഗം നടത്തി

യാഗശാല yaagaSaala *(nn)*, sacrifical hall; യാഗശാലയിൽ അയാൾ വന്നു

യാചകൻ yaacakan *(nn)*, beggar; അയാൾ ഒരു യാചകനാണ്

യാചിക്ക് yaacikkə *(vt)*, beg; അയാൾ എല്ലാവരോടും യാചിക്കുന്നു

യാതന yaatana *(nn)*, torment; അയാൾ വളരെയധികം യാതനകൾ അനുഭവിച്ചു

യാത്ര yatRa *(nn)*, journey; അയാൾ യാത്ര തുടങ്ങി

യാത്രക്കാരൻ yaatRakkaaran *(nn)*, traveller; അയാൾ ഒരു യാത്രക്കാരനാണ്

യാത്ര അയയ്ക്ക് yatRaayakkə *(vt)*, send off; അയാൾ അവളെ യാത്ര അയച്ചു

യാത്രപറയ് yaatRapaRayə *(comp vb)*, take leave; അയാൾ എല്ലാവരോടും യാത്ര പറഞ്ഞു

യാത്രയാക്ക് yaatRayaakkə *(vt)*, see off; അനുജനെ യാത്രയാക്കാൻ ഞാൻ സ്റ്റേഷനിൽ പോയി

യാഥാർത്ഥ്യം yaathaaRthyaM *(nn)*, reality; അയാൾക്ക് യാഥാർത്ഥ്യം മനസ്സിലായില്ല

യാനപാത്രം yaanapaatRaM *(nn)*, boat; അയാൾ യാനപാത്രത്തിൽ സഞ്ചരിച്ചു

യാമം yaamaM *(nn)*, period of three hours; ഓരോ യാമത്തിനും അയാൾ പ്രാർത്ഥിച്ചു

യുക്ത yukta *(adj)*, apt; വളരെ യുക്തമായ മറുപടി അയാൾ കൊടുത്തു

യുക്തം yuktaM *(nn)*, proper; അയാളുടെ ഉത്തരം യുക്തമായിരുന്നു

യുക്തി yukti *(nn)*, cleverness; അയാൾ യുക്തിപൂർവ്വം മറുപടി പറഞ്ഞു

യുക്തിഭംഗം yuktibhaMgaM *(comp nn)*, illogicality; യുക്തിഭംഗം വരാത്ത രീതിയിൽ അയാൾ നുണ പറഞ്ഞു

യുക്തിവാദം yuktivaadaM *(nn,comp)*, rationalism; അയാൾ യുക്തിവാദം പറഞ്ഞു

യുക്തിവാദി yuktivaadi *(nn)*, rationalist; അയാൾ ഒരു യുക്തിവാദിയാണ്

യുഗം yugaM *(nn)*, era; ഓരോ യുഗവും കടന്നു പോകുന്നു

യുഗ്മ yugma *(adj, pfx)*, pair; അവർ ഒരു യുഗ്മഗാനം പാടി

യുദ്ധ yuddha *(adj, pfx)*, pertaining to battle or war; അവരെ യുദ്ധഭൂമിയിൽ വച്ച് പരാജയപ്പെടുത്തി

യുദ്ധം yuddhaM *(nn)*, war; രണ്ട് ലോകമഹായുദ്ധങ്ങളെ നാം ഇതുവരെ അഭിമുഖീകരിച്ചു

യുദ്ധക്കളം yuddhakkaLaM *(nn,comp)*, battle field; ആ യുദ്ധക്കളത്തിൽ അയാൾ മരിച്ചു വീണു

യുധിഷ്ഠിരൻ yudhi$Thiran *(nn)*, eldest of pandavas; യുധിഷ്ഠിരൻ യുദ്ധത്തിൽ ജയിച്ചു

യുവ yuva *(adj, pfx)*, young; യുവ സുഹൃത്തിന് മരണം സംഭവിച്ചു

യുവജനങ്ങൾ yuvajanaNNaL *(nn)*, youth; യുവജനങ്ങൾക്കുവേണ്ടിയുള്ള പല ക്ഷേമപ്രവർത്തനങ്ങളും സർക്കാർ നടത്തുന്നു

യുവതി yuvati *(nn)*, young lady; ഒരു യുവതി ആത്മഹത്യ ചെയ്തു

യൂണിഫോറം yuNiphooRaM *(nn,eng)*, uniform; അവർ യൂണിഫോറം ധരിച്ചിരുന്നില്ല

യെൻ yen *(nn)*, yen; എത്ര യെന്നാണ് ഒരു രൂപ

യേശു yeeSu *(nn)*, jesus christ; യേശു കുരിശിൽ മരിച്ചു

യോഗം yoogaM *(nn)*, meeting; അയാൾ ഒരു യോഗത്തിൽ പങ്കെടുത്തു

യോഗം yoogaM *(nn)*, luck; അവൻ യോഗമുള്ളവൻ ആയിരുന്നു

യോഗക്കാർ yoogakkaaR *(nn,pl)*, members of an assembly; യോഗക്കാരെല്ലാം അവിടെ തടിച്ചുകൂടിയിരുന്നു

യോഗാഭ്യാസം yoogaabhyaasaM *(nn,comp)*, practice of yoga; യോഗാഭ്യാസം ചെയ്താൽ ആരോഗ്യം നിലനിർത്താം

യോഗാസനം yoogaasanaM *(nn)*, constant contemplation in different postures; യോഗാസനത്തിന് അയാൾ പോയില്ല

യോഗി yoogi *(nn)*, one who practises yoga; അയാൾ ഒരു യോഗിയാണ്

യോഗ്യം yoogyaM *(nn)*, worth; അയാൾക്ക് ആ വീട് യോഗ്യമാണ്

യോഗ്യത yoogyata *(nn)*, eligibility; അയാൾക്ക് എന്തു യോഗ്യതയാണ് ഉള്ളത് ഈ ജോലികിട്ടാൻ

യോഗ്യതാപത്രം yoogyataapatRaM *(nn,comp),* certificate of eligibility; അയാൾ യോഗ്യതാപത്രം വായിച്ചു

യോഗ്യൻ yoogyan *(nn),* fit; അയാൾ ഒരു യോഗ്യൻ തന്നെ

യോജന yoojana *(nn),* measure of distance, (equal to 9 miles); അയാൾ പല യോജന നടന്നു

യോജിക്ക് yoojikkə *(vi),* join; അയാൾ അവരോട് യോജിക്കുന്നു

യോജിക്ക് yoojikkə *(vi),* blend; രണ്ട് കമ്പികൾ തമ്മിൽ യോജിച്ച് വെൽഡ് ചെയ്തു

യോജിപ്പിക്ക് yoojippikkə *(vt),* unite; അയാൾ എല്ലാവരേയും യോജിപ്പിക്കുന്നു

യോജിപ്പിക്ക് yoojippikkə *(nn),* attach; ബദ്ധശത്രുക്കളെ തമ്മിൽ യോജിപ്പിക്കാൻ പറ്റുമോ

യോദ്ധാവ് yooddhaavə *(nn),* fighter; അയാൾ ഒരു യോദ്ധാവാണ്

യോനി yooni *(nn),* vagina (female genital organ); ഒരേ യോനിയിൽ നിന്നു പിറന്നവർ സഹോദരൻമാരാണ്

യൌവന yauvana *(adj),* prime of youth; യൌവനയുക്തയായ ഒരു സ്ത്രീയുടെ പെരുമാറ്റം നല്ലതായിരിക്കും

രംഗം raMgaM *(nn),* domain; പൊതുരംഗത്ത് പ്രവർത്തിക്കുന്നവൻ ജനതൽപരൻ ആണ്

രംഗം raMgaM *(nn),* field; യുദ്ധ രംഗത്ത് അപ്പോൾ ആരും ഇല്ലായിരുന്നു

രംഗക്കൊഴുപ്പ് raMgakkoZuppə *(nn,comp),* historionicism; രംഗക്കൊഴുപ്പുള്ള ഒരു പരിപാടിയായിരുന്നു അത്

രംഗഭൂമി raMgabhuumi *(nn,comp),* drama stage; രംഗ ഭൂമിയിൽ അവർ വന്നുചേർന്നു

രംഗമണ്ഡപം raMgamaNDapaM *(nn,comp),* drama theatre; രംഗമണ്ഡപത്തിൽ എല്ലാവരും അണിനിരന്നു

രംഭ raMbha *(nn),* celestial Nymph; അവൾ രംഭയാണ്

രക്ത rakta *(adj),* blood; രക്തത്തിന്റെ നിറം ചുവപ്പാണ്

രക്തചന്ദനം raktacandanaM *(nn),* red sandal; അവൾ രക്തചന്ദനം പുരട്ടി

രക്തച്ചൊരിച്ചിൽ raktacoriccil *(nn,comp),* blood shed; രക്തച്ചൊരിച്ചിൽ ഒഴിവാക്കാൻ പരമാവധി ശ്രമിച്ചു

രക്തബന്ധം raktabandhaM *(nn,comp),* blood relation; അവർക്കു തമ്മിൽ രക്തബന്ധമുണ്ടായിരുന്നു

രക്തസമ്മർദ്ദം raktasammaRddaM *(nn,comp),* blood pressure; അമ്മയ്ക്ക് രക്തസമ്മർദ്ദം കൂടി

രക്തസ്രാവം raktasRaavaM *(nn,comp),* bleeding; രക്തസ്രാവം നിലച്ചു

രക്താർബ്ബുദം raktaaRbudhaM *(nn,comp),* blood cancer; അയാൾക്കു രക്താർബ്ബുദം ഉണ്ടായിരുന്നു

രക്ഷ rak$a *(nn),* protection; അയാൾക്ക് രക്ഷ കിട്ടിയില്ല

രക്ഷ rak$a *(nn),* defence; രാജ്യത്തിന്റെ രക്ഷയ്ക്ക് വേണ്ടി പട്ടാളക്കാർ അതിർത്തിയിൽ കഴിയുന്നു

രക്ഷകൻ rak$akan *(nn),* protector; അവളുടെ രക്ഷകനാണ് അയാൾ

രക്ഷപ്പെട് rak$appeTə *(vi),* escape; രാമൻ അവിടെ നിന്ന് ഓടി രക്ഷപ്പെട്ടു

രക്ഷസ് rak$asə *(nn),* drakula; രക്ഷസ്സ് രക്തം കുടിക്കുമെന്ന് ജനങ്ങൾ വിശ്വസിക്കുന്നു

രക്ഷാകർതൃത്വം rak$aakaRtRtvaM *(nn,comp),* guardianship; അവളുടെ രക്ഷാകർതൃത്വം അയാൾ നിഷേധിച്ചു

രക്ഷാകർത്താവ് rak$aakaRttaavə *(nn),* guardian; രക്ഷാകർത്താവിനോടൊപ്പം കുട്ടി വന്നു

രക്ഷാധികാരം rak$aadhikaaraM *(nn),* patronage; അയാൾ സംഘടനയുടെ രക്ഷാധികാരം ഏറ്റെടുത്തു

രക്ഷാധികാരം rak$aadhikaaraM *(nn),* guardianship; സ്ക്കൂളിലെ രക്ഷാധികാരം ഹെഡ്മാസ്റ്റർക്കാണ്

രക്ഷാധികാരി rak$aadhikaari *(nn),* patron; അദ്ദേഹം സംഘടനയുടെ രക്ഷാധികാരിയാണ്

രക്ഷിക്ക് rak$ikkə *(vt),* protect; അയാൾ അവളെ രക്ഷിച്ചു

രക്ഷിക്ക് rak$ikkə *(vt),* save; അവനെ രക്ഷിക്കാൻ ആരും മുന്നോട്ടു വന്നില്ല

രചന racana *(nn),* writing; കഥയുടെ രചന പൂർത്തിയായില്ല

രചനാത്മകമായ racanaatmakamaaya *(adj),* constructive; രചനാത്മകമായ വിമർശനമാണ് വേണ്ടത്

രചയിതാവ് racayitaavə *(nn),* writer; അയാൾ ഒരു നാടക രചയിതാവാണ്

രചിക്ക് racikkə *(vt),* write; അയാൾ ഒരു കഥ രചിക്കുന്നു

രചിക്ക് racikkə *(vt),* compose; ഓ . എൻ . വി കുറുപ്പ് രചിക്കുന്ന കവിത ഞാൻ ആസ്വദിക്കും

രജതം rajataM *(nn),* silver; രജതജൂബിലി ആഘോഷിച്ചു

രജനീഗന്ധി rajaniigandhi *(nn),* night queen; രജനീഗന്ധി പൂത്തു മണം പരന്നു

രജപുത്രൻ rajaputRan *(nn)*, Rajputs; അവർ രജപുത്രന്മാർ ആണ്

രജസ്സ് rajassə *(nn)*, attribute of nature; അയാൾക്ക് രജോ ഗുണമുണ്ട്

രഞ്ജിപ്പിക്ക് ra~~jippikkə *(vt)*, reconcile; അവരെ തമ്മിൽ രഞ്ജിപ്പിക്കാൻ കഴിഞ്ഞില്ല

രഞ്ജിപ്പ് ra~~jippə *(nn)*, agreement; അവർ തമ്മിൽ രഞ്ജിപ്പിൽ എത്തി

രണം raNaM *(nn)*, battle; രണാങ്കണത്തിലെ പോർവിളികൾ കേട്ടു

രണഭൂമി raNabhuumi *(nn,comp)*, battle field; രണഭൂമിയിൽ വീര മൃത്യു വരിച്ചു

രണഭേരി raNabheeri *(nn,comp)*, battle drum; അവിടെ രണഭേരി മുഴങ്ങുന്നു

രണ്ടാംനില raNTaaMnila *(nn)*, second floor; അയാൾ രണ്ടാം നിലയിലാണ് താമസിക്കുന്നത്

രണ്ടാംമുണ്ട് raNTaaMmuNTə *(nn,comp)*, upper cloth; അദ്ദേഹം രണ്ടാം മുണ്ട് ധരിച്ചു

രണ്ടാനച്ഛൻ raNTaanacchan *(nn)*, step father; രണ്ടാനച്ഛൻ അയാളോട് സ്നേഹത്തോടെ പെരുമാറി

രണ്ടാനമ്മ raNTanamma *(nn)*, step mother; രണ്ടാനമ്മ വളരെ ക്രൂരമായി അവളോട് പെരുമാറി

രണ്ടാമത്തെ raNTaamatte *(nn)*, second; രണ്ടാമത്തെ കുട്ടിക്ക് ഒരു വയസ്സുള്ളപ്പോൾ അയാൾ തിരിച്ചുപോയി

രണ്ടാമത്തെമകൻ raNTaamattemakan *(nn)*, secondson; അയാളുടെ രണ്ടാമത്തെമകൻ ഒരു വക്കീലാണ്

രണ്ടാമത്തെമകൾ raNTamattemakaL *(nn)*, second daughter; രണ്ടാമത്തെ മകൾ ഒരു പത്രപ്രവർത്തകയാണ്

രണ്ടാമൻ raNTaaman *(nn)*, second person; അയാൾ ഈ വരിയിൽ രണ്ടാമനാണ്

രണ്ടായിരം raNTaayiraM *(nn,num)*, two thousands; രണ്ടായിരം വർഷങ്ങൾക്കു മുമ്പ് ഒരു മഹാൻ ജീവിച്ചിരുന്നു

രണ്ടും raNTuM *(nn)*, both; അവൻ പുസ്തകവും പേനയും എടുത്തു രണ്ടും അവിടെത്തന്നെ ഉപേക്ഷിക്കുകയും ചെയ്തു

രണ്ടുദിവസംകഴിഞ്ഞ് raNTudivasaMkaZi~~ə *(nn)*, two days after; രണ്ടു ദിവസം കഴിഞ്ഞ് വരും, അപ്പോൾ സംസാരിക്കാം

രണ്ടുമടങ്ങ് raNTumaTaṇṇə *(nn)*, twice; കഴിഞ്ഞമാസത്തിനേക്കാൾ ഈ മാസം രണ്ടുമടങ്ങ് വില വർദ്ധനവ് ഉണ്ടായിട്ടുണ്ട്

രണ്ട് raNTə *(nn,num)*, number two; ഒന്നും ഒന്നും രണ്ട്

രതി rati *(nn)*, sexual pleasure; രതിയുടെ വൈകൃത്യങ്ങൾ അവർ ആസ്വദിച്ചു

രത്നം ratnaM *(nn)*, precious stone; അയാൾ ഒരു രത്നം വാങ്ങി

രഥം rathaM *(nn)*, chariot; ശ്രീകൃഷ്ണൻ രഥത്തിൽ കയറി

രഥോത്സവം rathootsavaM *(nn,comp)*, car festival; അവിടെ ഒരു രഥോത്സവം നടക്കുന്നു

രന്ധ്രം randhRaM *(nn)*, cavity; അയാൾ ആ രന്ധ്ര ത്തിലൂടെ സൂക്ഷിച്ചുനോക്കി

രമണീയ ramaNiiya *(adj)*, beautiful; രമണീയമായ ഒരു ഗൃഹം അവർക്കുണ്ട്

രമിക്ക് ramikkə *(vi)*, enjoy sexually; അവർ തമ്മിൽ രമിച്ചു

രശീത് raSiitə *(nn)*, receipt; അയാൾ ഒരു രശീത് വാങ്ങി

രശ്മി raSmi *(nn)*, beam of light; സൂര്യന്റെ രശ്മിയുടെ ചൂട് വളരെ കൂടുതലാണ്

രസം rasaM *(nn)*, juice; പഴത്തിന്റെ രസം മധുരിക്കുന്നു

രസം rasaM *(nn)*, interest; നല്ല രസമുള്ള കഥ കേൾക്കാം

രസം rasaM *(nn)*, emotions; കഥകളി അനവധി രസങ്ങളുടെ കൂട്ടായ്മയാണ്

രസം rasaM *(nn)*, side dish; ഇന്ന് ഉച്ചയ്ക്ക് ഊണിന് സാമ്പാറും രസവും ഉണ്ടായിരുന്നു

രസകരമായ rasakaramaaya *(adj)*, amusing; വളരെ രസകരമായ കഥകൾ അവൻ പറയും, interesting ഞാൻ രസകരമായ കഥകൾ ഒട്ടേറെ കേട്ടിട്ടുണ്ട്

രസക്കേട് rasakkeeTə *(nn,comp)*, disgust; എനിക്ക് അതു കണ്ട് രസക്കേടു തോന്നി

രസായനം rasaayanaM *(nn)*, infallible medicine; അയാൾ ഒരു രസായനം കഴിച്ചു

രസിക്ക് rasikkə *(vi)*, enjoy; അയാൾക്ക് ആ കഥ നന്നായി രസിച്ചു

രസിപ്പിക്ക് rasippikkə *(vt)*, delight; അയാൾ കുട്ടികളെ കഥപറഞ്ഞ് രസിപ്പിക്കുന്നു

രഹസ്യം rahasyaM *(nn)*, secret; അയാൾ ഒരു രഹസ്യം പറഞ്ഞു

രഹസ്യമായി rahasyamaayi *(adv)*, secretly; വളരെ രഹസ്യമായി ചെയ്തു വരുന്ന ഒരു കാര്യമായിരുന്നു അത്

രാക് raakə *(vt)*, rub; അയാൾ കത്തി രാകി

രാക്ഷസ raak$asa *(adj)*, pertaining to a demon; അയാളുടെ രാക്ഷസമുഖം ഞാൻ കണ്ടു

രാക്ഷസൻ raak$asan *(nn)*, demon; അയാൾ ഒരു രാക്ഷസനാണ്

രാക്ഷസി raak$asi *(nn)*, demoness; അവൾ ഒരു രാക്ഷസിയാണ്

രാഗം raagaM *(nn)*, tune in music; ഓരോ രാഗവും അവർ ആലപിച്ചു

രാഗം raagaM *(nn)*, affection; രാധ രാഗവിലോലയായിരുന്നു

രാഗവിസ്താരം raagavistaraM *(comp nn)*, cadence; അവർ രാഗവിസ്താരം നടത്തി

രാജ raaja *(adj, pfx)*, pertaining to king; രാജകൊട്ടാരത്തിലേക്ക് ഞങ്ങൾ പോയി

രാജകീയ raajakiiya *(adj)*, royal; രാജകീയമായ പലതും അവിടെയുണ്ടായിരുന്നു

രാജകുമാരൻ raajakumaaran *(nn)*, prince; രാജകുമാരനെ ഞങ്ങൾ കണ്ടു

രാജകുമാരി raajakumaari *(nn)*, princess; രാജകുമാരി രാജകുമാരനെ വിവാഹം കഴിച്ചു

രാജകുലം raajakulaM *(comp nn)*, royal family; രാജകുലത്തിൽ പിറന്നവനാണ് അദ്ദേഹം

രാജദണ്ഡം raajadaNDaM *(comp nn)*, sceptre; അയാൾ രാജ ദണ്ഡം പിടിച്ചു

രാജദ്രോഹം raajadRoohaM *(comp nn)*, high treason; അയാൾ ഒരു രാജദ്രോഹം ചെയ്തു

രാജദ്രോഹി raajadRoohi *(nn)*, traitor; അയാൾ രാജദ്രോഹിയാണ്

രാജധർമ്മം raajadhaRmmaM *(comp nn)*, duties of a King; അദ്ദേഹം രാജധർമ്മം ചെയ്തു

രാജധാനി raajadhaani *(nn)*, capital city; രാജധാനിയിൽ എല്ലാവരും തടിച്ചുകൂടി

രാജനീതി raajaniiti *(comp nn)*, royal justice; അയാൾ രാജനീതി ചെയ്തില്ല

രാജൻ raajan *(nn)*, King; രാജൻ അവിടെ ഇല്ലായിരുന്നു

രാജപരമ്പര raajaparambara *(comp nn)*, line of Kings; അവർ രാജപരമ്പരയിൽപ്പെട്ടവരാണ്

രാജപാത raajapaata *(comp nn)*, royal path; രാജ പാതയിലൂടെ അവർ നടന്നു

രാജഭക്തി raajabhakti *(comp nn)*, loyalty towards the King; അവർക്ക് രാജഭക്തിയുണ്ടായിരുന്നു

രാജവീഥി raajaviithi *(comp nn)*, King's high road; രാജവീഥിയിലൂടെ അവർ നടന്നു

രാജവെമ്പാല raajavembaala *(nn)*, king cobra; അയാൾ ഒരു രാജവെമ്പാലയെ കൊന്നു

രാജാധികാരം raajaadhikaaraM *(comp nn),* King's authority; രാജാധികാരത്തെ മന്ത്രി മറികടന്നു

രാജാവ് raajaavə *(nn),* King; രാജാവ് മന്ത്രിയോട് ചോദിച്ചു

രാജി raaji *(nn),* resignation; അയാൾ രാജി സമർപ്പിച്ചു

രാജി raaji *(nn),* mutual consent; ആ കേസ് രാജിയായി

രാജിവയ്ക്ക് raajivaykkə *(comp vb),* resign; അയാൾ ജോലി രാജിവച്ചു

രാജോചിത raajoocita *(adj),* princely; രാജോചിതമായ സ്വീകരണം നൽകി

രാജ്ഞി raaj~i *(nn),* queen; രാജ്ഞി രാജ്യം ഭരിച്ചു

രാജ്യ raajya *(adj, pfx),* pertaining to country; രാജ്യകാര്യങ്ങളിൽ നിന്ന് അദ്ദേഹം വിട്ടു നിന്നു

രാജ്യം raajyaM *(nn),* country; രാജ്യം ഇന്ന് വിഘടനവാദികളുടെ കൈയ്യിലാണ്

രാജ്യതന്ത്രം raajyatantRaM *(comp nn),* politics; അയാൾ രാജ്യതന്ത്രം പഠിച്ചു

രാജ്യസഭ raajyasabha *(nn),* King's court; രാജ്യസഭയിൽ എല്ലാവരും ഒത്തുചേർന്നു

രാത്രി taatRi *(nn),* night; രാത്രി വളരെ ചെന്നിട്ടും അവർ ഉറങ്ങാതെയിരുന്നു

രാത്രികഴിച്ചുകൂട്ട് raatRikaZiccukuuTTə *(vt),* spend the night; ഇന്നലെ കൊതുകുകൾക്കിടയിൽ ഞാൻ ഒരു രാത്രി കഴിച്ചുകൂട്ടി

രാപകൽ raapakal *(comp nn),* day and night; രാപകൽ അവർ അവിടെ അധ്വാനിച്ചു

രാപ്പനി raappani *(nn),* night fever; അയാൾക്ക് രാപ്പനിയുണ്ട്

രാമച്ചം raamaccaM *(nn),* cuscus grass; രാമച്ചവിശറി പനിനീരിൽ മുക്കി

രാമായണം raamaayaNaM *(nn),* epic Ramayana; അമ്മ രാമായണം വായിക്കുന്നു

രായസം raayasaM *(nn),* scribe; അയാൾ എന്തോ രായസം എഴുതികൊണ്ടിരുന്നു

രായ്ക്കുരാമാനം raaykkuraamaanaM *(adv),* secretly at night; അവർ രാധക്കുരാമനം രക്ഷപ്പെട്ടുകളഞ്ഞു

രാവണൻ raavaNan *(nn),* king Ravana; രാമൻ രാവണനെ കൊന്നു

രാവിലെ raavile *(adv),* morning; ഞങ്ങൾ രാവിലെ പുറപ്പെട്ടു

രാവ് raavə *(nn),* night; രാവിന്റെ സൌന്ദര്യം ആസ്വദിച്ചു ഞങ്ങൾ കണ്ടു

രാശി raaSi *(nn)*, sign of zodiac; അവർ രാശി നോക്കി

രാഷ്ട്രം raa$TraM *(nn)*, kingdom; രാഷ്ട്രം ഇന്നു നേരിടുന്ന പ്രശ്നങ്ങൾ വളരെ ഗുരുതരമാണ്

രാഷ്ട്രപതി raa$TRapati *(nn)*, president; രാഷ്ട്രപതിയാണ് ഇന്ത്യയിലെ പരമാധികാരി

രാഷ്ട്രപിതാവ് raa$TRapitaavə *(comp nn)*, father of nation; മഹാത്മഗാന്ധി നമ്മുടെ രാഷ്ട്രപിതാവ് ആണ്

രാഷ്ട്രമീമാംസ raa$TRamiimaaMsa *(comp nn)*, political science; രാഷ്ട്രമീംമാസയിൽ അവർ വിശാരദയാണ്

രാഷ്ട്രീയ raa$TRiiya *(adj, pfx)*, pertaining to country; രാഷ്ട്രീയ കാര്യങ്ങൾ ഞങ്ങൾ ചർച്ച ചെയ്തു

രാഷ്ട്രീയം raa$TRiiyaM *(nn)*, politics; രാഷ്ട്രീയം ഇന്നൊരു കച്ചവടമാണ്, സർക്കാർ കാര്യം മുറപോലെ

രാഹിത്യം raahityaM *(nn)*, absence; ഇന്ന് സംസ്ക്കാരരാഹിത്യംകൊണ്ട് രാജ്യം ശ്രദ്ധിക്കപ്പെടുന്നു

രാഹു raahu *(nn)*, one of the nine planets; രാഹുവും കേതുവും ഒന്നു കൂടുമ്പോൾ നാശം ഉണ്ടാകുന്നു

രീതി riiti *(nn)*, manner; ആ രീതി അവർ പിന്തുടർന്നു

രുചി ruci *(nn)*, taste; ഭക്ഷണത്തിന്റെ രുചി നന്നായിരുന്നു

രുചികരമായ rucikaramaaya *(adj)*, delicious; രുചികരമായ ഭക്ഷണം കഴിക്കാൻ ഇവിടെ ഒരു വഴിയുമില്ല

രുചിയില്ലാത്ത ruciyillaatta *(adj)*, unsavory; രുചിയില്ലാത്ത ഭക്ഷണം കഴിച്ച് മടുത്തു

രൂക്ഷമായ ruuk$amaaya *(adj)*, severe; രൂക്ഷമായ വിമർശനങ്ങളെപ്പോലും അവൻ അതിജീവിച്ചു

രൂപ ruupa *(nn)*, currency of India, Pakistan and Srilanka; ഇത് ഇൻഡ്യയുടെ പത്തു രൂപാ കറൻസി നോട്ടാണ്

രൂപം ruupaM *(nn)*, form; പല വസ്തുക്കൾ കൊണ്ട് ഒരു രൂപം മെനഞ്ഞെടുത്തു

രൂപം ruupaM *(nn)*, shape; നല്ല ശാരീരിക രൂപം ഉള്ളവളെ മിസ്സ്.ഇൻഡ്യയായി തെരെഞ്ഞെടുത്തു

രൂപം ruupaM *(nn)*, figure; ആ രൂപം അവിടെ നിന്നും ഇളകി

രൂപം ruupaM *(nn)*, appearence; അയാളുടെ രൂപത്തിൽ നിന്നു മനസ്സിലായി അയാൾ പാവപ്പെട്ടവനാണെന്ന്

രേഖ reekha *(nn)*, line; അയാൾ ഒരു രേഖ വരച്ചു

രേഖ reekha *(nn)*, document; അയാൾ ഒരു രേഖ എഴുതി

രേഖ reekha *(nn)*, evidence; ആ കേസിന്റെ രേഖകൾ എല്ലാം തെളിയിക്കപ്പെട്ടു

രൊക്കം rokkaM *(nn)*, ready money; ഞാൻ ശമ്പളം രൊക്കമായി വാങ്ങി

രോഗം roogaM *(nn)*, disease; അയാളുടെ രോഗം എന്താണെന്ന് മനസ്സിലായില്ല

രോഗി roogi *(nn)*, patient; അയാൾ രോഗിയോട് സംസാരിച്ചു

രോദനം roodanaM *(nn)*, crying; വിശപ്പ് കൊണ്ടുള്ള അവളുടെ ദയനീയമായ രോദനം കേട്ട് ജനങ്ങൾക്ക് ദയ തോന്നി

രോമം roomaM *(nn)*, hair of the body; മൃഗത്തിന്റെ രോമം കൊണ്ട് വസ്ത്രങ്ങൾ നിർമ്മിക്കുന്നത് തെറ്റാണ്

രോഷം roo$aM *(nn)*, anger; അയാൾക്ക് രോഷം വന്നു

രൌദ്ര raudRa *(adj)*, ferocious; രൌദ്ര രൂപത്തിൽ അയാൾ ചോദിച്ചു

ലംഘിക്ക് laMghikkə *(vi)*, protest; ഗാന്ധിജിയുടെ നേതൃത്വത്തിൽ ബ്രിട്ടീഷുകാരുടെ കർശനമായ നടപടികളെ ലംഘിച്ചു

ലംബം laMbaM *(nn)*, straight line; അയാൾ ലംബമായി നടന്നു

ലക്കം lakkaM *(nn)*, number; കഴിഞ്ഞ ലക്കത്തിലേതിന്റെ തുടർച്ചയാണ് ഈ കഥ

ലക്ഷം lak$aM *(nn)*, lakh; ലക്ഷം പേർ അവിടെ വന്നു

ലക്ഷണം lakaNaM *(nn)*, characteristic mark; അയാൾ ഒരു ലക്ഷണം പറഞ്ഞു

ലക്ഷണം lakaNaM *(nn)*, feature; ലക്ഷണം കണ്ടാൽ അറിയാം അവനൊരു പാവമാണെന്ന്

ലക്ഷ്യം lak$yaM *(nn)*, aim; ഒരു ലക്ഷ്യമില്ലാത്ത യാത്രയായിരുന്നു അത്

ലക്ഷ്യമിട് lak$yamiTə *(vt)*, aim at; വേടൻ പക്ഷിയെ ലക്ഷ്യമിട്ട് അമ്പെയ്യുന്നു

ലഘു laghu *(adj)*, light; ലഘുവായ ഭക്ഷണം ഞങ്ങൾ കഴിച്ചു

ലഘുലേഖ laghuleekha *(nn)*, pamphlet; അയാൾ ഒരു ലഘുലേഖ വാങ്ങി

ലഘുവായ laghuvaaya *(adj)*, light; ഇതെല്ലാം വളരെ ലഘുവായ കാര്യങ്ങളാണോ?

ലഘൂകരിക്ക് laghuukarikkə *(vi)*, make easy; പ്രയാസങ്ങളെല്ലാം അവർ ലഘൂകരിച്ചു.

ലങ്കോട്ടി laŋkooTTi *(nn)*, kind of under cloth; അയാൾ ഒരു ലങ്കോട്ടി മാത്രം ധരിച്ചു

ലങ്കോട്ടികെട്ട് laṉkooTTikeTTə *(comp vb)*, tie the loin cloth; അയാൾ ലെങ്കോട്ടി കെട്ടുന്നു

ലജ്ജ lajja *(nn)*, bashfulness; അവൾക്ക് ലജ്ജതോന്നി

ലജ്ജിക്ക് lajjikkə *(vi)*, ashamed; അവൾ ലജ്ജിക്കുന്നു

ലജ്ജിപ്പിക്ക് lajjippikkə *(vt)*, make shame; അയാളെ ലജ്ജിപ്പിച്ച സംഭവം അവളുടെ ഒളിച്ചോട്ടം ആയിരുന്നു

ലത lata *(nn)*, vine; അവൾ ഒരു ലത പറിച്ചെടുത്തു

ലമ്പടൻ lambaTan *(nn)*, lustful person; അയാൾ ഒരു ലമ്പടനാണ്

ലബ്ധ labdha *(adj)*, acquired; ലബ്ധമായ ചില കണക്കുകൾ പരിശോധിക്കുമ്പോൾ വാസ്തവം അറിയാം

ലഭിക്ക് labhikkə *(vt)*, get; അയാൾക്ക് അതു ലഭിച്ചില്ല

ലയം layaM *(nn)*, confluence; ആ കവിതയ്ക്ക് ഒരു താളലയം ഉണ്ടായിരുന്നു

ലയനം layanaM *(nn)*, absorption; ആ വസ്തുക്കളുടെ ലയനം കഴിഞ്ഞു

ലയിക്ക് layikkə *(vi)*, be absorbed; ഭരണകാര്യങ്ങളിൽ അത്യുപ്തനായ സ്വാതിതിരുനാൾ സംഗീതത്തിൽ ലയിച്ചു

ലവംഗം lavaṉgaM *(nn)*, clove; ബിരിയാണിയിൽ ലവംഗം ചേർത്തു

ലവണം lavaNaM *(nn)*, salt; അയാൾ ലവണം രുചിച്ചുനോക്കി

ലസിക്ക് lasikkə *(vi)*, show off; അയാൾ എപ്പോഴും ലസിക്കുന്നു

ലഹരി lahari *(nn)*, intoxication; അവൻ ലഹരിക്ക് അടിമപ്പെട്ടു

ലഹരിപിടിക്ക് laharipiTikkə *(vi)*, be intoxicated; അയാൾക്ക് ലഹരി പിടിക്കുന്നു

ലഹള lahaLa *(nn)*, conflict between groups; ലഹളയിൽ നിന്ന് എല്ലാവരും ഓടി രക്ഷപ്പെട്ടു

ലളിതം laLitaM *(nn)*, simple; വളരെ ലളിതമായ കഥ അവൻ പറഞ്ഞു

ലളിതകല laLitakala *(comp nn)*, fine arts; ലളിത കലകളുടെ പ്രോത്സാഹനത്തിന് ഒരു അക്കാദമി സ്ഥാപിക്കപ്പെട്ടു

ലളിതമായ laLitamaaya *(adj)*, simple; ഏറ്റവും ലളിതമായ വിഷയങ്ങൾ മുതൽ ഏറ്റവും സങ്കീർണ്ണമായ വിഷയങ്ങൾ വരെ ഞങ്ങൾ ചർച്ച ചെയ്യുന്നു

ലാക്കുനോക്ക് laakkunookkə *(comp vb)*, look for an opportunity; അയാൾ ലാക്കു നോക്കുന്നു

ലാക്ക് laakkə *(nn)*, aim; അയാൾ അതു ലാക്കാക്കി നടന്നു

ലാക്ഷണിക laak$aNika *(adj)*, symbolic; ലാക്ഷണികമായ അർഥത്തിൽ അയാൾ പറഞ്ഞു

ലാഘവം laaghavaM *(nn)*, lightness; വളരെ ലാഘവത്തോടെ അയാൾ പറഞ്ഞു

ലാഞ്ഛന la~chana *(nn)*, sign; അതിന്റെ യാതൊരു ലാഞ്ഛനയും ഉണ്ടായിരുന്നില്ല

ലാടം laaTaM *(nn)*, horse shoe; കുതിരയ്ക്ക് ലാടം അടിക്കുന്നു

ലാത്തി laatti *(nn)*, stout stick used by policeman; അയാൾ ലാത്തി ചുഴറ്റി

ലാത്തിച്ചാർജ്ജ് laatticaaRjjə *(nn,comp)*, lathi charge; അയാൾക്ക് ലാത്തിച്ചാർജ്ജ് ഏറ്റു

ലാത്ത് laattə *(nn)*, walking to and fro leisurely; അയാൾ അവിടെ ലാത്തുന്നു

ലാഭം laabhaM *(nn)*, gain; അയാൾക്ക് ലാഭത്തിൽ നോട്ടമില്ലായിരുന്നു

ലാഭം laabhaM *(nn)*, profit; ലാഭം മാത്രം കണ്ണുനട്ട് ഒന്നും ചെയ്യാൻ പറ്റില്ല

ലായനി laayani *(nn)*, solution; അയാൾ ആ ലായനി ഉപയോഗിച്ചു

ലാലസിക്ക് laalasikkə *(vi)*, shine forth; അവൾ അവിടെ ലാലസിക്കുന്നു

ലാവ laava *(nn)*, lava; അഗ്നിപർവ്വതം പൊട്ടി ലാവ ഒഴുകുന്നു

ലാവണം laavaNaM *(nn)*, permanent appointment or job; അയാൾ പഴയ ലാവണത്തിലേക്ക് മടങ്ങി

ലാവണ്യം laavaNyaM *(nn)*, beauty; അവളുടെ ലാവണ്യം ആരേയും മോഹിപ്പിക്കുന്നതായിരുന്നു

ലാളനം laaLanaM *(nn)*, fondling; അമ്മയുടെ ലാളനം കൊണ്ട് കുട്ടി വഷളായി

ലിംഗം liMgaM *(nn)*, gender; ഗർഭസ്ഥ ശിശുവിന്റെ ലിംഗ നിർണ്ണയം നിയമം മൂലം തടഞ്ഞിട്ടുണ്ട്

ലിംഗം liMgaM *(nn)*, penis; ശിവലിംഗത്തിൽ പൂജ നടത്തി

ലിഖിതം likhitaM *(nn)*, letter; എനിക്ക് ആ ലിഖിതം കിട്ടിയില്ല

ലിഖിതം likhitaM *(nn)*, manuscript; താളിയോല ലിഖിതങ്ങൾ പാരമ്പര്യത്തെ വിളിച്ചോതുന്നു

ലിപി lipi *(nn)*, script; പല ആദിവാസിമൊഴികൾക്കും ലിപിയില്ല

ലിപ്സ്റ്റിക്ക് lipsRRikkə *(nn)*, lipstick; അവൾ ലിപ്സ്റ്റിക്ക് ഇട്ടു

ലിറ്റർ liRRaR *(nn)*, litre; ഒരു ലിറ്റർ വെളിച്ചെണ്ണ വേണം

ലീല liila *(nn)*, play; അവർ പല ലീലകളും ചെയ്തു

ലുങ്കി luṉki *(nn)*, lungi; അയാൾ ലുങ്കി ഉടുത്തിരുന്നു

ലുപ്തമായ luptamaaya *(adj)*, rare; വളരെ ലുപ്തമായ ചെലവിൽ ആ ആഘോഷം നടന്നു

ലേഖകൻ leekhakan *(nn)*, writer; ലേഖകൻ ഒരു ലേഖനമെഴുതി

ലേഖനം leekhanaM *(nn)*, article; ആ ലേഖനം നന്നായില്ല

ലേപനം leepanaM *(nn)*, ointment; ശരീരത്തിൽ എന്തോ ലേപനം പുരട്ടി

ലേബൽ leebal *(nn)*, label; കുപ്പിയുടെ പുറത്ത് ലേബൽ ഒട്ടിച്ചു

ലേലം leelaM *(nn)*, auction; അയാൾ അതു ലേലത്തിൽ വിറ്റു

ലേശം leeSaM *(nn)*, littleness; അയാൾ ലേശം കരഞ്ഞു

ലേഹ്യം leehyaM *(nn)*, health tonic; ഞാൻ ഒരു പ്രത്യേകതരം ലേഹ്യം കഴിച്ചു

ലൈംഗിക laiMgiika *(adj)*, pertaining to genital organs; ലൈംഗികമായ ആസക്തി എല്ലാ മനുഷ്യർക്കും ഉണ്ട്

ലോകം lookaM *(nn)*, world; ലോകം ചെറുതായി കൊണ്ടിരിക്കുന്നു

ലോകമര്യാദ lookamaRyaada *(comp nn)*, customs accepted in the world; ലോകമര്യാദ അയാൾക്കറിയില്ല

ലോകാവസാനം lookaavasaanaM *(comp nn)*, end of the world; ലോകാവസാനം വരെ ഗാന്ധിജി ഓർക്കപ്പെടും

ലോക looka *(adj)*, pertaining to the world; ലോകകാര്യങ്ങളിൽ ശ്രദ്ധയില്ല

ലോചനം looccanaM *(nn)*, eye; അവൾ തന്റെ നീലലോചനങ്ങളിൽ മഷിയെഴുതി

ലോഭം loobhaM *(nn)*, stinginess; അതിന് യാതൊരു ലോഭവും ഇല്ലായിരുന്നു

ലോലം loolaM *(nn)*, lean; ആ രൂപം വളരെ ലോലമായിരുന്നു

ലോലമായ loolamaaya *(adj)*, thin; ലോലമായ ഒരു ഇലയാണിത്

ലോഹ looha *(adj)*, metalic; ലോഹരൂപത്തിലുള്ള ഒരു പ്രതിമയാണിത്

ലോഹം loohaM *(nn)*, metal; ഇരുമ്പ് ഒരു ലോഹമാണ്

വംശം vaMSaM *(nn)*, race; വംശത്തിന്റെ നാശം സംഭവിക്കുന്നു

വംശപരമ്പര vaMSaparambara *(nn,comp),* genealogy; ഈ വംശപരമ്പരയിൽപെട്ടവരാണ് ഇവർ

വക vaka *(nn),* property; ദേവസ്വത്തിന്റെ വകകൾ കൈയേറി

വകിര് vakirə *(vt),* comb the hair into both sides; അവൾ മുടി വകിരുന്നു

വകുപ്പ് vakuppə *(nn),* parting of the hair; അവളുടെ തലയിലെ വകുപ്പ് ഭംഗിയുള്ളതായിരുന്നു

വകുപ്പ് vakuppə *(nn),* department; വിദ്യാഭ്യാസ വകുപ്പിന്റെ മേധാവി സെക്രട്ടറിയാണ്

വക്കാലത്ത് vakkalattə *(nn),* advocating for others; അയാൾ വക്കാലത്തു പറയാൻ വന്നിരിക്കുന്നു

വക്കീൽ vakkiil *(nn),* advocate; അയാൾ ഒരു വക്കീലാണ്

വക്ക് vakkə *(nn),* border; മേശയുടെ വക്കിൽ പോറൽ ഏറ്റു

വക്ക് vakkə *(vt),* cause to dry by exposure; സാധാരണ വക്കിയ വാഴയിലയിൽ ചോറ് കെട്ടും

വക്രതം vakRtaM *(nn),* face; ഓമന വക്രതമിതെത്ര രമ്യം

വക്ര vakRa *(adj),* crooked; വക്രബുദ്ധിയുള്ള ഒരു മനുഷ്യനാണയാൾ

വക്രോക്തി vakRookti *(nn),* equivocation; വക്രോക്തി കാവ്യജീവിതമാണെന്ന് കുന്തകൻ പറയുന്നു

വക്ഷസ്സ് vak$assə *(nn),* chest; അയാളുടെ വക്ഷസ്സിൽ അവൾ ചാഞ്ഞു

വങ്കത്തരം vaṇkattaraM *(nn),* stupidity; അയാളുടെ വങ്കത്തരം കേട്ട് എല്ലാവരും ചിരിച്ചു

വങ്കൻ vaṇkan *(nn),* stupid fellow; അയാൾ ഒരു പടുവങ്കനാണ്

വചനം vacanaM *(nn),* word; ആദിയിൽ വചനം ഉണ്ടായിരുന്നു

വചനം vacanaM *(nn),* sentence; വചിക്കുന്നത് വചനമാണ്

വചനം vacanaM *(nn),* number; നാമങ്ങളെ ഏകവചനം, ബഹുവചനം എന്നിങ്ങനെ തരം തിരിക്കുന്നു

വചസ്സ് vacassə *(nn),* speech; ആ വചസ്സ് അയാൾ കേട്ടു

വചിക്ക് vacikkə *(nn),* speak; അയാൾ അവളോട് വചിച്ചു

വച്ചരശ് vaccaraSə *(nn),* kind of check in chess with rooke; രാജാവിന് വച്ചരശു വച്ചു

വജ്രം vajRaM *(nn),* diamond; വജ്രം വിലയേറിയതാണ്

വഞ്ചകൻ va~cakan *(nn),* deceitful man; അയാൾ ഒരു വഞ്ചകനാണ്

വഞ്ചന va~cana *(nn)*, deceiet; വഞ്ചനയുടെ കഥകൾ അയാൾ പറഞ്ഞു

വഞ്ചി va~ci *(nn)*, large boat; വഞ്ചി തുഴഞ്ഞ് അവർ അക്കരെ എത്തി

വഞ്ചിക്ക് va~cikkə *(vb)*, cheat; അയാൾ എല്ലാവരെയും വഞ്ചിക്കുന്നു

വട vaTa *(nn)*, eatable roasted in oil; കുട്ടി ഒരു വട തിന്നു

വടം vaTaM *(nn)*, banyan tree; ഒരു വടവൃക്ഷത്തിനു ചുവട്ടിൽ ഇരുന്നു

വടം vaTaM *(nn)*, thick rope for dragging timber; അയാൾ ഒരു വടം കൊണ്ട് മരക്കട്ടി വലിച്ചു

വടക്കിനി vaTakkini *(nn)*, northern room of a traditional house especially for ladies; അമ്മ വടക്കിനിയിൽ ഇരിക്കുന്നു

വടക്ക് vaTakkə *(nn)*, north; വീടിന്റെ വടക്കു വശത്ത് ഒരു മാവു നിൽക്കുന്നുണ്ട്

വടി lvaTi *(nn)*, stick; അയാൾ ഒരു വടിയെടുത്ത് അടിച്ചു

വടിക്ക് vaTikkə *(vt)*, decant; അമ്മ ചോറ് വടിച്ചെടുത്തു

വടിക്ക് vaTikkə *(vt)*, shave; അയാൾ മുഖം വടിക്കുന്നു

വടിവ് vaTivə *(nn)*, shape of the body; അവളുടെ ശരീരത്തിന്റെ വടിവ് കാണാൻ അഴകുള്ളതാണ്

വടു vaTu *(nn)*, scar; അയാളുടെ മുഖത്ത് വടുക്കളുണ്ടായിരുന്നു

വട്ട vaTTa *(nn)*, common gum tree; പറമ്പിൽ ഒരു വട്ടമരം നിൽക്കുന്നു

വട്ടം vaTTaM *(nn)*, circle; പോലീസുകാരൻ ആ വട്ടത്തിൽ നിന്നു

വട്ടംതിരിയ് vaTTaMtiriyə *(vi)*, turn round; പമ്പരം വട്ടംതിരിഞ്ഞ് നിലത്തു പതിച്ചു

വട്ടത്തിലുള്ള vaTTattiluLLa *(adj)*, round; വട്ടത്തിലുള്ള മേശയുടെ മുകളിൽ കപ്പുകൾ ഉണ്ട്

വട്ടി vaTTi *(nn)*, basket made of palm leaves etc; ജോലിക്കാരി ഒരു വട്ടിയിൽ കരിയില ശേഖരിച്ചു

വട്ടി vaTTi *(nn)*, interest; അയാൾ വട്ടിക്ക് പണം വാങ്ങി

വട്ടിളം vaTTiLaM *(nn)*, large cooking vessel; ഒരു വലിയ വട്ടിളം അവിടെ ഉണ്ടായിരുന്നു

വട്ട് vaTTə *(nn)*, marble; കുട്ടി വട്ട് കളിക്കുന്നു

വട്ട് vaTTə *(nn)*, madness; അവന് വട്ടാണെന്ന് എല്ലാവരും പറയുന്നു

വണക്കം vaNakkaM *(nn)*, reverence; അയാൾ അധ്യാപകന് വണക്കം പറഞ്ഞു

വണങ്ങ് vaNaṉṉə *(vt)*, bow the head in reverence; അയാൾ എല്ലാവരേയും വണങ്ങി

വണിക്ക് vaNikkə *(nn)*, trader; അയാൾ ഒരു വണിക്കാണ്

വണ്ടി vaNTi *(nn)*, carriage; അയാൾ വണ്ടി നിറയെ കല്ലുകൊണ്ടു വന്നു

വണ്ടിക്കാരൻ vaNTikkaaran *(nn)*, driver; വണ്ടിക്കാരൻ വണ്ടി ഓടിക്കുന്നു

വണ്ട് vaNTə *(nn)*, black beetle; പൂവിൽ വണ്ടു വന്നിരുന്നു

വണ്ണ vaNNa *(nn)*, calf of the leg; അയാളുടെ വണ്ണയിൽ വേദനിക്കുന്നു

വണ്ണം vaNNaM *(nn)*, stoutness; അവർക്ക് നല്ല വണ്ണമുണ്ടായിരുന്നു

വണ്ണാൻ vaNNaan *(nn)*, washerman; അയാൾ വണ്ണാനാണ്

വണ്ണിക്ക് vaNNikkə *(vi)*, grow stout; അയാളുടെ ശരീരം നന്നായി വണ്ണിക്കുന്നു

വത്സരം vatsaraM *(nn)*, year; ഒരു വത്സരം കൂടി കഴിഞ്ഞു

വത്സല vatsala *(adj)*, affectionate; അവൻ അയാളുടെ വത്സലപുത്രനാണ്

വദനം vadanaM *(nn)*, face; അവൾ പ്രസന്ന വദനയായിരുന്നു

വധം vadhaM *(nn)*, killing; ഇൻഡ്യയിൽ ഗോവധം നിരോധിച്ചിരിക്കുന്നു

വധിക്ക് vadhikkə *(vt)*, kill; പ്രസിഡണ്ടിനെ വധിച്ചു

വധു vadhu *(nn)*, bride; വധൂവരന്മാർ വന്നു കഴിഞ്ഞു

വനം vanaM *(nn)*, forest; ഒരു വനത്തിൽ ഒരു സിംഹം ഉണ്ടായിരുന്നു

വനജ്യോത്സന vanajootsana *(nn)*, kind of climbing jasmine; വനജ്യോത്സനയുടെ അടുത്ത് മാമ്പേട നിന്നു

വനവാസം vanavaasaM *(nn,comp)*, forest dwelling; പാണ്ഡവന്മാർ വനവാസം ചെയ്തു

വനിത vanita *(nn)*, woman; വനിതകൾക്ക് സമൂഹത്തിൽ അർഹമായ സ്ഥാനം ലഭിക്കണം

വന്ദനം vandanaM *(nn)*, salutation; അയാൾ വന്ദനം പറഞ്ഞു

വന്ദിക്ക് vandikkə *(vt)*, worship; അയാൾ എല്ലാവരെയും വന്ദിക്കുന്നു

വന്ദ്യൻ vandyan *(nn)*, venerable person; അയാൾ വന്ദ്യനായ ഒരു മനുഷ്യനാണ്

വന്ധ്യംകരണം vandhyaMkaraNaM *(nn)*, sterlisation; അയാൾ വന്ധ്യംകരണം നടത്തി

വന്ധ്യ vandhya *(adj)*, sterile; അവൾ വന്ധ്യയായ ഒരു സ്ത്രീയായിരുന്നു

വന്ധ്യത vandhyata *(nn)*, sterility; വന്ധ്യതയുടെ കാരണങ്ങൾ പലതാണ്

വമ്പ് vambə *(nn)*, boasting; അയാൾ എപ്പോഴും വമ്പു പറയുന്നു

വന്യ vanya *(adj)*, pertaining to forest; വന്യമൃഗങ്ങൾ സൈരം വിഹരിക്കുന്നു

വമിക്ക് vamikkə *(vt)*, vomit; വാഹനങ്ങളിൽ നിന്നു പുക വമിക്കുന്നു

വയനാട് vayanaaTə *(nn)*, hilly tract wayanad; ധാരാളം കാടുകളും മേടുകളും നിറഞ്ഞ പ്രദേശമാണ് വയനാട്

വയമ്പ് vayambə *(nn)*, medicinal root; അയാൾ വയമ്പ് കഴിച്ചു

വയർ vayaR *(nn)*, wire; ഒരു വയറിലൂടെ വൈദ്യുതി പ്രവഹിച്ചു

വയലറ്റ് vayalaRRə *(nn)*, violet; വയലറ്റ് നിറമുള്ള പൂക്കളായിരുന്നു ആ പൂന്തോട്ടത്തിൽ നിറയെ

വയൽ vayal *(nn)*, paddy field; അയാൾ വയൽ ഉഴുതു

വയസ്സൻ vayassan *(nn)*, old man; അയാൾ ഒരു വയസ്സനാണ്

വയസ്സറിയിക്ക് vayassaRiyikkə *(vi)*, attain puberty; വയസ്സറിയിച്ച പെൺകുട്ടിയെ കാണാൻ ബന്ധുക്കൾ വന്നു

വയസ്സുകാലം vayassukaalaM *(nn)*, old age; വയസ്സുകാലത്ത് ഇനി എന്തു ചെയ്യാനാണ്

വയസ്സ് vayassə *(nn)*, age; അയാൾ നൂറു വയസ്സുവരെ ജീവിച്ചു

വയറൻ vayaRan *(nn)*, man with hung belly; അയാൾ ഒരു വയറനാണ്

വയറിളക് vayaRiLakə *(vi)*, loose motion; അവന് ഭക്ഷണം ശരിയാകാത്തത് കൊണ്ട് വയറിളകുന്നു

വയറുകടി vayaRukaTi *(nn)*, dysentery; കുട്ടിക്ക് വയറുകടിയാണത്രേ

വയറുകത്ത് vyRukattə *(nn,comp)*, buring sensation due to hunger; കുട്ടി വയറുകത്തുന്നെന്നു പറഞ്ഞു

വയറുവേദന vayaRuveedana *(nn,comp)*, stomach ache; വയറുവേദന കൊണ്ട് അയാൾ പുളഞ്ഞു

വയറ് vayaRə *(nn)*, stomach; അയാൾ ഭക്ഷണം കഴിഞ്ഞ് വയർ തടവി

വയറ്റാട്ടി vayaRRaaTTi *(nn)*, midwife; വയറ്റാട്ടി വരുന്നതിനു മുമ്പ് പ്രസവിച്ചു

വയറ്റിളക്കം vayaRRiLakkaM *(nn)*, diarrhoea; ഹോട്ടൽ ഭക്ഷണം

കൊണ്ട് എനിക്ക് വയറ്റിളക്കം ബാധിച്ചു

വയോധികൻ vayoodhikan *(nn)*, venerable old man; അയാൾ ഒരു വയോധികനാണ്

വയ്ക്കോൽ തുറു vykkoolturu *(nn,comp)*, hay stack; വയ്ക്കോൽ തുറു പറമ്പിൽ നിൽക്കുന്നു

വയ്ക്കോൽ vykkool *(nn)*, hay; വയ്ക്കോൽ കൊണ്ടു പുരമേഞ്ഞു

വയ്ക്ക് vaykkə *(vi)*, place; ഇവിടെ പുസ്തകം വയ്ക്കുക

വയ്ക്ക് vaykkə *(vt)*, construct; വീടുവയ്ക്കുക

വയ്ക്ക് vaykkə *(vt)*, prepare; കറി വയ്ക്കുക

വയ്യ vayya *(nn)*, be unable; എനിക്കു തീരെ വയ്യ

വയ്യാവേലി vayyaveeli *(nn)*, unnecessary trouble; വെറുതെയിരുന്ന വയ്യാവേലി തലയിൽ വലിച്ച് കയറ്റേണ്ട

വര vara *(nn)*, line; അയാൾ ഒരു വര വരച്ചു

വരണം varaNaM *(nn)*, please come; വരണം ഇരിക്കണം

വരണ്ട varaNTa *(adj)*, scorched; വരണ്ട മണ്ണിലൂടെ അയാൾ നടന്നു

വരണ്ട് varaNTə *(vt)*, gather and pile up; അയാൾ നിലം വരണ്ടിനോക്കി

വരമ്പ് varambə *(nn)*, small ridge in fields; വരമ്പിലൂടെ അവർ നടന്നു

വരൻ varan *(nn)*, bridegroom; വരൻ വധുവിന്റെ കഴുത്തിൽ വരണമാല്യം അണിഞ്ഞു

വരമൊഴി varamoZi *(nn)*, written language; അയാൾ വരമൊഴിയിൽ സംസാരിക്കുന്നു

വരയൻ varayan *(adj)*, striped; ഒരു വരയൻ കുതിര വന്നു

വരെവരെ varevare *(adv)*, gradually; വരെവരെ ചെറുപ്പമായി വരികയാണോ

വരവുചെലവ് varavucelavə *(nn,comp)*, income and expenditure; വരവുചെലവു കണക്കുകൾ ഞങ്ങൾ പരിശോധിച്ചു

വരവ് varavə *(nn)*, arrival; അയാളുടെ വരവിന് ഞങ്ങൾ കാത്തു

വരവ് varavə *(nn)*, income; അയാൾക്ക് ഹോട്ടലിൽ നിന്നുള്ള വരവ് കുറഞ്ഞു

വരൾച്ച varaLcca *(nn)*, femine; ഇവിടമെല്ലാം വരൾച്ചബാധിത പ്രദേശമായി പ്രഖ്യാപിച്ചിരിക്കുന്നു

വരാത്ത varaatta *(adj)*, not arriving; ഇന്നലെ വരാത്ത പേപ്പർ ഇന്ന് വന്നിരിക്കുന്നു

വരാന്ത varaanta *(nn)*, veranda; അയാൾ ഒരു വരാന്തയിൽ ഇരുന്നു

വരാഹം varaahaM *(nn)*, pig; ലോഹ വരാഹത്തിന്റെ വായിൽ അമ്പെയ്തു

വരി vari *(nn)*, line; ഒരു വരിയിൽ അവർ ഇരുന്നു

വരി vari *(nn)*, row; പിൻവരിയിൽ ഇരിക്കുന്നവർ ശ്രദ്ധിക്കൂ

വരി vari *(nn)*, subscription; മാസവരിസംഖ്യ അടച്ചു

വരിക്കച്ചക്ക varikkaccakka *(nn)*, kind of jack fruit; വരിക്കപ്ലാവിൽ വരിക്കച്ചക്കയുണ്ടാകുന്നു

വരിക്ക് varikkə *(vt)*, choose; അവൾ അയാളെ വരിച്ചു

വരിഞ്ഞുകെട്ട് vari~~ukeTTə *(comp vb)*, bind tightly with strings; അയാൾ കയറുകൊണ്ട് വരിഞ്ഞുകെട്ടി

വരിയ് variyə *(vt)*, tie rope or strings; അയാൾ ഒരു കയറുകൊണ്ട് കെട്ടി വരിഞ്ഞു

വരിഉടയ്ക്ക് variuTaykkə *(vt)*, castrate; ചിലർ വളർത്തു മൃഗങ്ങളുടെ വരി ഉടയ്ക്കുന്നു

വരുതി varuti *(nn)*, command; അയാൾ അവളുടെ വരുതിയിൽ നിന്നു

വരുത്തം varuttaM *(nn)*, affliction; അയാൾക്ക് വരുത്തമായിരുന്നു

വരുത്ത് varuttə *(vt)*, make somebody come; അയാൾ അങ്ങോട്ടുപോകാതെ തന്നെ ക്ലാർക്കിനെ ഇങ്ങോട്ടു വരുത്തി

വരുമാനം varumaanaM *(nn)*, income; അയാളുടെ വരുമാനം കുറഞ്ഞു

വരെ vare *(adv)*, till; ഇന്നു മുതൽ നാളെ വരെ

വരെ vare *(adv)*, until; അവനുവേണ്ടി രാത്രിവരെ കാത്തിരുന്നു

വർ varə *(vi)*, come; അയാൾ നാളെ വരുന്നു

വർക്കത്തം vaRkkattaM *(nn)*, grace; അവൾ ഒരു വർക്കത്തം കെട്ടവൾ ആണ്

വർഗ്ഗം vaRkkaM *(nn)*, race; അയാൾ ആ വർഗ്ഗത്തിൽപെട്ടവനാണ്

വർഗ്ഗം vaRggaM *(nn)*, tribe; തോഡർ ഒരു ഗിരിവർഗ്ഗ ജനതയാണ്

വർഗ്ഗീയ vaRggiiya *(adj)*, pertaining to group, class, race etc; വർഗ്ഗീയമായ ചിന്താഗതികൾ ഉപേക്ഷിക്കണം

വർഗ്ഗീയത vaRggiiyata *(nn)*, communalism; അയാൾ വർഗ്ഗീയത പ്രോത്സാഹിപ്പിച്ചില്ല

വർജ്ജനം vaRjjanaM *(nn)*, giving up; അയാൾ പുതുവത്സര ദിവസം മദ്യവർജ്ജനം ചെയ്യാൻ തീരുമാനിച്ചു

വർണ്ണം vaRNNaM *(nn)*, colour; വർണ്ണത്തിന്റെ പേരിൽ ജനങ്ങൾ തമ്മിൽ പൊരുതാൻ പാടില്ല

വർണ്ണന vaRNNana *(nn)*, description; അയാൾ ഓരോ വർണ്ണനകൾ നടത്തി

വർണ്ണിക്ക് vaRNNikkə *(vt)*, narrate; കവിതയിലെ വർണ്ണനകൾ ആനന്ദാനുഭൂതി വളർത്തി

വർത്തകൻ vaRttakan *(nn)*, merchant; അയാൾ ഒരു വർത്തകനാണ്

വർത്തമാനം vaRttamaana *(adj)*, pertaining to the present; വർത്തമാനകാല യാഥാർത്ഥ്യങ്ങളുമായി അയാൾ പൊരുത്തപ്പെട്ടു

വർത്തമാനം vaRttamaanaM *(nn)*, talking; അവർ വർത്തമാനം പറഞ്ഞു

വർത്തമാനം vaRttamaanaM *(nn)*, present; അയാൾ വർത്തമാനത്തിൽ ജീവിക്കുന്നു

വർത്തമാനപ്പത്രം vaRttamaanappatRaM *(nn)*, news paper; കാലത്ത് വർത്തമാനപ്പത്രം വന്നില്ല

വർത്തിക്ക് vaRttikkə *(vb)*, reside; അവർ അവിടെ സമാധാനമായി വർത്തിക്കുന്നു

വർദ്ധക vaRdhaka *(adj)*, enhancing; അവൾ സൌന്ദര്യവർദ്ധക വസ്തുക്കൾ ഉപയോഗിച്ചു

വർദ്ധന vaRddhana *(adj)*, increasing; വർദ്ധന നിരക്കിൽ അവർ സാധനങ്ങൾ വാങ്ങി

വർദ്ധിക്ക് vaRddhikkə *(vi)*, increase; ഇപ്പോൾ ശമ്പളം വർദ്ധിച്ചു

വർദ്ധിപ്പിക്ക് vaRddhippikkə *(vt)*, increase; അവർ ശമ്പളം വർദ്ധിപ്പിച്ചു

വർഷ vaR$a *(adj)*, pertaining to rain; ഒരു വർഷകാലത്തിന്റെ ഓർമ്മകൾ അവളിൽ പെയ്തിറങ്ങി

വർഷം vaR$aM *(nn)*, year; ഞാൻ ഇവിടെ വന്നിട്ട് ഒരു വർഷം കഴിഞ്ഞു

വർഷം vaR$aM *(nn)*, rain; വർഷം പെയ്തു

വർഷംതോറും vaR$aMtooRuM *(adv)*, annually; വർഷംതോറും ഓരോ പുതിയ കാര്യങ്ങൾ ഇവിടെ സംഭവിക്കുന്നു

വർഷിക്ക് vaR$ikkə *(vt)*, shower; ആരോ പൂക്കൾ വർഷിക്കുന്നു

വല vala *(nn)*, net; അയാൾ വല വീശുന്നു

വലങ്കൈ valaṅkai *(nn)*, right hand; അവൻ എന്റെ വലങ്കൈയാണ്

വലത്ത് valattə *(adj)*, right; വലത്തെ കവിളിൽ ഒരു മറുകുണ്ട്

വലയം valayaM *(nn)*, ring; അയാൾ ഒരു വലയം ഭേദിച്ചു

വലയം valayaM *(nn)*, cycle; ആ വലയത്തിൽ നിന്ന് അയാൾക്ക് പുറത്തുവരാൻ കഴിഞ്ഞില്ല

വലയ് valayə *(vi)*, be worried; അയാൾ പണത്തിനു വേണ്ടി വലഞ്ഞു

വലി vali *(nn)*, spasm; അയാൾക്ക് കൈയിൽ വലിയാണ്

വലി vali *(nn)*, dragging and pulling; അവർ തമ്മിൽ വടം വലി നടക്കുന്നു

വലിക്ക് valikkə *(vt)*, draw; അയാൾ വെള്ളം വലിക്കുന്നു

വലിക്ക് valikkə *(vt)*, pull off; കുട്ടികൾ കയറുപിടിച്ചു വലിക്കുന്നു

വലിക്ക് valikkə *(vt)*, pull; ആ വാതിൽ ഇങ്ങോട്ടു വലിക്കൂ

വലിപ്പം valippaM *(nn)*, greatness; അയാൾ എപ്പോഴും വലിപ്പം പറയുന്നു

വലിപ്പം valippaM *(nn)*, vastness; ആ മുറിയുടെ വലിപ്പം വളരെ വലുതായിരിക്കുന്നു

വലിപ്പ് valippə *(nn)*, drawer of a table; അയാൾ വലിപ്പ് തുറന്നു

വലിയ valiya *(adj)*, big; വളരെ വലിയ ഒരു പാത്രമായിരുന്നു അത്

വലിയ valiya *(adj)*, great; അദ്ദേഹം ഒരു വലിയ മനുഷ്യനായിരുന്നു

വലിയ് valiyə *(vb)*, extend; റബ്ബർ വലിയുന്നു

വലുത് valutə *(nn)*, that which is big; ആ വീട് വലുതാണ്

വൽക്കലം valkkalaM *(nn)*, cloth made of the bark of the tree; മുനി വൽക്കലണിഞ്ഞു

വല്ല valla *(adv)*, any; ഇവിടെ ശാസ്ത്രസംബന്ധിയായ വല്ല പുസ്തകങ്ങളുമുണ്ടോ

വല്ലി valli *(nn)*, vine; ഒരു വല്ലിയിൽ പിടിച്ച് അവൾ നിന്നു

വല്ലപ്പോഴും vallappooZuM *(adv)*, occasionaly; വല്ലപ്പോഴും അയാൾ ഇവിടെ വരുന്നു

വല്ലപ്രകാരവും vallapRakaaravuM *(adv)*, by any means; അയാൾ വല്ല പ്രകാരവും അതു പറഞ്ഞു ഒപ്പിച്ചു

വല്ലവൻ vallavan *(nn)*, somebody; അയാൾ വല്ലവനും വേണ്ടി എഴുതി കൊടുക്കുന്നു

വവ്വാൽ vavvaal *(nn)*, bat; വവ്വാൽ പറന്നു നടക്കുന്നു

വശം vaSaM *(nn)*, side; എനിക്ക് ആ വശത്ത് ഇരിക്കണം

വശം vaSaM *(nn)*, possession; എന്റെ കൈവശം ഉള്ള രൂപ ഞാൻ അവന് കൊടുക്കട്ടെ

വശീകരണം vaSiikaraNaM *(nn)*, enticement; അയാൾ ചില വശീകരണ തന്ത്രങ്ങളും ചെയ്തു

വശ്യ vaSya *(adj)*, enticing; അവൾ വശ്യമായ നോട്ടം കൊണ്ട് അവനെ കീഴ്പ്പെടുത്തി

വഷളത്തരം va$aLattaraM *(nn)*, wickedness; അയാളുടെ വഷളത്തരം എല്ലാവരും വെറുത്തു

വഷളൻ va$aLan *(nn)*, depraved man; അയാൾ ഒരു വഷളനാണ്

വഷൾ va$aL *(adj)*, bad; അയാളുടെ വഷൾ സ്വഭാവം എനിക്കു പിടിച്ചില്ല

വസതി vasati *(nn)*, bungalow; മന്ത്രിയുടെ വസതിയുടെ പേര് കൃഷ്ണ എന്നാണ്

വസന്ത vasanta *(adj)*, pertaing to the spring season; ഒരു വസന്തകാലത്തിന്റെ സ്മരണകളെ ഉണർത്തുന്ന പുസ്തകമായിരുന്നത്

വസന്തം vasantaM *(nn)*, spring; വസന്ത കാലത്ത് പൂക്കളെല്ലാം വിടരുന്നു

വസിക്ക് vasikkə *(vi)*, dwell; അയാൾ അവിടെ വസിക്കുന്നു

വസൂരി vasuuri *(nn)*, small pox; വസൂരി തീരെ നിർമ്മാർജനം ചെയ്തുവത്രേ

വസൂൽ vasuul *(nn)*, collection; അയാൾ എല്ലാം വസൂലാക്കി

വസ്തു vastu *(nn)*, landed property; അയാൾ ആ വസ്തുക്കൾ പിടിച്ചെടുത്തു

വസ്തു vastu *(nn)*, matter; ഒരു വസ്തുവിന് സ്ഥിതിചെയ്യാൻ സ്ഥലം ആവശ്യമാണ്

വസ്തു vastu *(nn)*, object; ആ വസ്തുവിന്റെ വിലയെത്രയാണ്

വസ്തുത vastuta *(nn)*, fact; വസ്തുതകളെ പലതും അയാൾ മറച്ചുവച്ചു

വസ്ത്രം vastRaM *(nn)*, cloth; അവൾ വസ്ത്രം ധരിക്കുന്നു

വസ്സി vassi *(nn)*, vase; അയാൾ ഒരു വസ്സി നിറയെ പൂക്കൾ വച്ച് അലങ്കരിച്ചു

വഹിക്ക് vahikkə *(vt)*, carry; സാധനങ്ങൾ വഹിക്കുന്ന ലോറികൾ തടഞ്ഞിട്ടു

വഹിക്ക് vahikkə *(vt)*, bear; ഈ പാർട്ടിയുടെ ചെലവ് ഞാൻ വഹിക്കാം

വഹിക്ക് vahikkə *(vt)*, hold ; അമ്പലത്തിലെ വിഗ്രഹം പൂജാരി തോളിൽ വച്ച് വഹിച്ചു കൊണ്ടുപോകുന്നു

വഹിയാ vahiyaa *(vi),* cannot; അവൾക്കു വഹിയാ എന്നു പറഞ്ഞു

വള vaLa *(nn),* bangle; അവൾ വള അണിഞ്ഞു

വളം valaM *(nn),* manure; അയാൾ സസ്യങ്ങൾക്കു വളമിട്ടു

വളക്കുഴി vaLakkuZi *(nn),* dung pit; അയാൾ വളക്കുഴിയിൽ നിന്നു വളംമെടുത്തു

വളഞ്ഞ vaLa~~a *(adj),* crooked; അയാളുടെ വളഞ്ഞ ബുദ്ധി നല്ല കാര്യത്തിനു പ്രയോഗിക്കണം

വളഞ്ഞ vaLa~~a *(adj),* curved; ആ വഴി വളഞ്ഞതായിരുന്നു

വളഞ്ഞ vLa~~a *(adj),* bent; ഒരു വളഞ്ഞവടികൊണ്ട് അയാൾ കാട്ടുമൃഗത്തെ നേരിട്ടു

വളപ്പ് vaLappə *(nn),* compound; അയാൾ വളപ്പിലൂടെ ചുറ്റി നടന്നു

വളയം vaLayaM *(nn),* ring; അയാൾ വളയം പിടിച്ച് തൂങ്ങുന്നു

വളയം vaLayaM *(nn),* bracelet; സിക്കുകാർ ഇരുമ്പ് വളയം കൈയ്യിൽ ധരിക്കാറുണ്ട്

വളയ് vaLayə *(vi),* bend; കമ്പി വളയുന്നു

വളയ് vaLayə *(nn),* surround; അക്രമികൾ ആ വീടു വളഞ്ഞു

വളയ്ക്ക് vaLayəkkə *(vt),* bend; ചെമ്പ് കമ്പി വളരെ വേഗം വളയ്ക്കാൻ കഴിയുന്നു

വളരെ vaLare *(adj),* very; വളരെ ഭയങ്കരമായ ഒരു അപകടമാണ് അവിടെ നടന്നത്

വളരെ vaLare *(adj),* extremely; ഇന്ന് വളരെ ചൂടുള്ള ദിവസമാണ്

വളർ vaLarə *(vi),* grow; ചെടികൾ വളരുന്നു

വളർച്ച vaLaRcca *(nn),* growth; കുട്ടികളുടെ വളർച്ച മുരടിച്ചു

വളർത്ത് vaLaRttə *(vt),* bring up; രാമൻ ഒരു കുട്ടിയെ വളർത്തി

വളർന്ന vaLaRnna *(nn),* grown up; വളർന്ന കുട്ടികൾ കളിക്കുന്നു

വളവ് vaLavə *(nn),* bend; അയാൾ ആ വളവു നീക്കി

വളവ് vaLavə *(nn),* curve; ഈ റോഡിലെ അടുത്ത വളവിലാണ് അപകടമുണ്ടായത്

വളി vaLi *(nn),* fart; അയാൾ വളി വിട്ടു

വളിക്ക് vaLikkə *(vi),* ferment; ഭക്ഷണം വളിക്കുന്നു

വളിക്ക് vaLikkə *(vi),* be puzzled; അവന്റെ മുഖം വളിച്ചു

വള്ളം vaLLaM *(nn),* boat; വള്ളത്തിൽ യാത്ര ചെയ്യാൻ അയാൾക്കു ഭയമാണ്

വള്ളംകളി vaLLaMkaLi *(nn)*, boat race; അയാൾ വള്ളം കളി കണ്ടു

വള്ളക്കാരൻ vaLLakkaaran *(nn)*, boatman; വള്ളക്കാരൻ വള്ളം തുഴഞ്ഞു

വള്ളി vaLLi *(nn)*, creeper; അയാൾ വള്ളിയിൽ പിടിച്ചു

വള്ളി vaLLi *(nn)*, rope; അയാൾ അത് ഒരു വള്ളികൊണ്ട് കെട്ടി മുറുക്കി

വള്ളിക്കൊടി vaLLikkoTi *(nn)*, vine; വള്ളിക്കൊടി മരത്തിന്റെ തടിയിൽ ചുറ്റിവളരുന്നു

വഴക്കം vaZakkaM *(nn)*, practice; ക്ലാസിൽ പഠിപ്പിക്കുന്നതിന് നല്ല വഴക്കമുണ്ടായിരുന്നു

വഴക്കാളി vaZakkaaLi *(nn)*, quarrel monger; അയാൾ ഒരു വഴക്കാളിയാണ്

വഴക്ക് vaZakkə *(nn)*, quarrel; അവർ തമ്മിൽ എപ്പോഴും വഴക്കാണ്

വഴങ്ങ് vaZaṉṉə *(vb)*, subdue; അയാൾ പറഞ്ഞതുപോലെ അവൾ വഴങ്ങി

വഴനയില vazanayila *(nn)*, laurus cassia; ആയില്യം പൂജയ്ക്ക് വഴനയിലയിൽ അപ്പം ചുട്ടു

വഴി vaZi *(nn)*, path; അയാൾക്ക് വഴിയൊന്നും നിശ്ചയമില്ലായിരുന്നു

വഴികാണിക്ക് vaZikaaNikkə *(vt)*, guide; സഞ്ചാരികൾക്ക് വഴികാണിച്ചുകൊടുത്തു

വഴിപാട് vaZipaaTə *(nn)*, offering to a temple as prayed before; ക്ഷേത്രത്തിൽ വഴിപാട് നടത്തി

വഴിപിഴപ്പിക്ക് vaZipiZappikkə *(vt)*, seduce; അയാൾ അവളെ വഴിപിഴപ്പിച്ചു

വഴിപോക്കൻ vaZipookkan *(nn)*, traveller; ഒരു വഴിപോക്കൻ അതു വഴി പോയി

വഴിമുട്ടിക്ക് vaZimuTTikkə *(comp vb)*, obstruction in his growth; എല്ലാവരും കൂടി അയാളെ വഴിമുട്ടിക്കാൻ ശ്രമിച്ചു

വഴിയിൽ vaZiyil *(nn)*, on the mid way; വഴിയിൽ അദ്ദേഹത്തെ കണ്ടു

വഴിയേ vaZiyee *(adv)*, in course of time; സത്യം വഴിയേ മനസ്സിലാകും

വഴിവിട് vaZiviTə *(vi)*, give way; രാജാവിനു കടന്നുപോകാൻ വഴിവിട്ടു കൊടുക്കൂ

വഴുതനങ്ങ vZutanṉa *(nn)*, brinjal; വഴുതനങ്ങ ഇവിടെ കിട്ടില്ല

വഴുത് vaZutə *(vi)*, slip off; അയാളുടെ കാൽ വഴുതി

വറുക്ക് vaRakkə *(vt)*, fry; അമ്മ മീൻ വറുക്കുന്നു

വറ്റ് vaRaTTə *(adj)*, dried; അമ്മ വറ്റു തേങ്ങ എടുത്തു

വറള് vaRaLə *(vi)*, dry up; എന്റെ നാവു വറളുന്നു

വറ്റൽ vaRRal *(nn)*, fried vegetables; അയാൾ കടയിൽ നിന്ന് ഏത്തയ്ക്കാ വറ്റൽ വാങ്ങി

വാ vaa *(in)*, come; അയാൾ വാ എന്നു വിളിച്ചു

വാ vaa *(nn)*, mouth; വായിൽ വെള്ളിക്കരണ്ടിയുമായി ജനിച്ചവർ

വാക vaaka *(nn)*, acacia Odoratissima; വാക മരത്തിൽ ഒരു കിളി ഇരുന്നു

വാക്കത്തി vaakkatti *(nn)*, large knife; അവൻ വാക്കത്തി കൊണ്ട് വെട്ടി

വാക്കുതർക്കം vaakkutaRkkaM *(comp nn)*, verbal dispute; അയാൾ എപ്പോഴും വാക്കുതർക്കമുണ്ടാക്കുന്നു

വാക്ക് vaakkə *(nn)*, speech; അയാൾ വാക്കു തെറ്റിച്ചില്ല

വാക്ക് vaakkə *(nn,)*, word; വാക്ക് ഏറ്റവും ശക്തിയുള്ള ആയുധമാണ്

വാക്യം vaakyaM *(nn)*, sentence; അയാൾ ഒരു വാക്യം പോലും ശരിയായി എഴുതിയില്ല

വാഗ്വിലാസം vaagvilaasaM *(nn)*, effective speech; അയാളുടെ വാഗ്വിലാസങ്ങളിൽ എല്ലാവരും വീണു

വാഗ്ദാനംചെയ്യ് vaagdaanaMceyyə *(vt)*, promise; രാഷ്ട്രീയക്കാർ എപ്പോഴും എന്തെങ്കിലും വാഗ്ദാനം ചെയ്യുന്നു

വാഗ്മി vaagmi *(nn)*, eloquent man; അയാൾ ഒരു വാഗ്മിയാണ്

വാഗ്മിത്വം vaagmitvaM *(nn)*, eloquence; അയാളുടെ വാഗ്മിത്വം എല്ലാവരും പ്രശംസിച്ചു

വാഗ്വാദം vaagvaadaM *(nn)*, verbal dispute; അയാൾ പലരോടും വാഗ്വാദം നടത്തി

വാങ്ക് vaaŋkə *(nn)*, calling to pray; അയാൾ വാങ്കു വിളിക്കുന്നു

വാങ്ങിക്ക് vaaŋŋikkə *(vt)*, buy; അയാൾ ഒരു പുസ്തകം വാങ്ങിക്കുന്നു

വാചകം vaacakaM *(nn)*, word; അയാൾ ഒരു വാചകം പറഞ്ഞു

വാചാല vaacaala *(adj)*, talking much; അവളുടെ മിഴികൾ വാചാലമായിരുന്നു

വാചാലത vaacaalata *(nn)*, fluency of speech; അയാളുടെ വാചാലതയിൽ അവൾ വീണു

വാചാലൻ vaacaalan *(nn)*, talkative man; അയാൾ ഒരു വാചാലനാണ്

വാച്ച് vaaccə *(nn)*, watch; രമ വാച്ചു കെട്ടി

വാച്ച്കെട്ട് vaaccukeTTə *(nn,comp)*, wear watch; അവൻ വാച്ചുകെട്ടുന്നു

വാഞ്ഛ vaa~cha *(nn)*, desire; അയാൾക്ക് ജീവിതവാഞ്ഛയില്ലായിരുന്നു

വാടക vaaTaka *(nn)*, rent; അയാൾ വാടകയ്ക്ക് വീടു വാങ്ങി

വാട് vaaTə *(vi)*, fade; പൂക്കൾ വാടുന്നു

വാട്ട് vaaTTə *(vt)*, cause to fade; ഇല വാട്ടി ഭക്ഷണം പൊതിഞ്ഞുകെട്ടി

വാണം vaaNaM *(nn)*, kind of firecrackers; അയാൾ ഒരു വാണം തൊടുത്തുവിട്ടു

വാണിഭം vaaNibhaM *(nn)*, trade; അയാൾ വാണിഭത്തിൽ ശ്രദ്ധിച്ചു

വാണിയം vaaNiyaM *(nn)*, commerce; അയാൾക്ക് വാണിയ ജോലിയായിരുന്നു

വാണിയൻ vaaNiyan *(nn)*, caste in Kerala, (oil mongers); അയാൾ ഒരു വാണിയനാണ്

വാതം vaataM *(nn)*, rheumatism; അമ്മയ്ക്ക് വാതമുണ്ടായിരുന്നു

വാതകം vaatakaM *(nn)*, gas; അയാൾ വാതകം ശ്വസിച്ചു

വാതപ്പനി vaatappani *(comp nn)*, rheumatic fever; അയാൾക്ക് വാതപ്പനി വന്നു

വാതിൽപ്പടി vaatilppaTi *(nn)*, door sill; അയാൾ വാതിൽപ്പടിയിൽ ചാരിയിരുന്നു

വാതിൽ vaatil *(nn)*, door; വാതിലിൽ ആരോ മുട്ടുന്നു

വാത്ത് vaattə *(nn)*, duck; അയാൾ ഒരു വാത്തിനെ വാങ്ങി

വാത്സല്യം vaatsalyaM *(nn)*, fondness; അയാൾക്ക് മക്കളോട് വാത്സല്യം തോന്നി

വാത്സല്ലിക്ക് vaatsallikkə *(vb)*, fondle; അമ്മ കുട്ടികളെ വാത്സല്ലിക്കുന്നു

വാദം vaadaM *(nn)*, argument; ജഡ്ജി വാദം കേട്ടു

വാദി vaadi *(nn)*, petitioner; അയാൾ വാദിയാണ്

വാദ്ധ്യാർ vaaddhyaaR *(nn)*, teacher; അയാൾ എന്റെ വാദ്ധ്യാരാണ്

വാദ്യ vaadya *(adj)*, pertaining to musical instrument; അയാൾ വാദ്യോപകരണങ്ങൾ വാങ്ങി

വാദ്യം vaadyaM *(nn)*, musical instrument; അയാൾക്ക് വാദ്യങ്ങൾ അറിയാമായിരുന്നു

വാനം vaanaM *(nn)*, sky; വാനത്തു പറവകൾ പറന്നു

വാനം vaanaM *(nn)*, foundation work of a building; പുതിയ വീടിന് വാനം മാന്തി

വാനപ്രസ്ഥം vaanapRasthaM *(nn)*, third stage of life; അവർ വാനപ്രസ്ഥത്തിനു പുറപ്പെട്ടു

വാനരൻ vaanaran *(nn)*, monkey; വാനരനിൽ നിന്ന് മനുഷ്യൻ ഉണ്ടായി

വാപ്പ vaappa *(nn)*, father; അദ്ദേഹം എന്റെ വാപ്പയാണ്

വാമ vaama *(adj)*, pertaining to the left; അവർ എന്റെ വാമഭാഗത്ത് വന്നിരുന്നു

വാമനൻ vaamanan *(nn)*, dwarf; അയാൾ ഒരു വാമനനാണ്

വാമൊഴി vaamoZi *(nn)*, spoken language; അയാൾ വാമൊഴിയിൽ പറഞ്ഞു

വായ vaaya *(nn)*, mouth; വായ കീറിയ തമ്പുരാൻ ഇരയും തരും

വായന vaayana *(nn)*, reading; അയാൾക്ക് വായനാശീലമുണ്ടായിരുന്നു

വായനക്കാരൻ vaayanakkaaran *(nn)*, reader; അയാൾ നല്ല വായനക്കാരനാണ്

വായാടി vaayaaTi *(nn)*, talkative person; അയാൾ വലിയ വായാടിയാണ്

വായിക്ക് vaayikkə *(vt)*, read; അയാൾ ഒരു പുസ്തകം വായിക്കുന്നു

വായിലാക്ക് vaayilakkə *(nn)*, hold a thing in mouth; തവള ചെറുപ്രാണിയെ ഒറ്റയടിക്ക് വായിലാക്കി

വായു vaayu *(nn)*, air; ജീവൻ നിലനിർത്താൻ വായു വേണം

വായ് vaayə *(nn)*, mouth; മുതല വായ് തുറന്നു

വായ്ക്കരി vaaykkari *(nn)*, soaked rice placed between lips of a dead body; വായ്ക്കരിയിടാൻ പോലും കഴിഞ്ഞില്ല

വായ്ക്ക് vaaykkə *(vi)*, increase; വസന്ത കാലത്തിൽ വേലിയിൽ വർണ്ണങ്ങൾ വായ്ക്കുന്നു

വായ്ത്തല vaayttala *(nn)*, sharp edge of a knife; അയാൾ വാളിന്റെ വായ്ത്തല കൊണ്ട് മുറിച്ചു

വായ്പ vaaypa *(nn)*, loan; അയാൾ എനിക്കു വായ്പ തന്നു

വായ്പാട്ട് vaaypaaTTə *(nn)*, vocal music; ചെന്പൈ വായ്പാട്ടു പാടി

വായ്പൊളിക്ക് vaaypolikkə *(vi)*, look with awe; സ്വാതന്ത്ര്യ ദിനാചരണ ഉത്സവദിവസം പോർവിമാനങ്ങൾ ഉയർന്നു പൊങ്ങിയപ്പോൾ ജനങ്ങൾ വായ്പൊളിച്ചിരുന്നു

വായ്പൊളിച്ച്ഇരിക്ക് vaayəpoLiccəirikkə *(comp vb)*, sit with mouth wide opened; ആ അത്ഭുതം കണ്ട് കുട്ടി വാപൊളിച്ച് ഇരിക്കുന്നു

വാര vaara *(nn)*, yard; അവൾ ഒരു വാര തുണി വാങ്ങി

വാര vaaraM *(nn)*, landlords share of the produce of cultivation;

പാട്ടക്കാരൻ വാരം കൊടുത്തു

വാരം vaaraM *(nn),* week; അയാൾ ഒരു വാരം കഴിഞ്ഞു മടങ്ങി

വാരഫലം vaaraphalaM *(nn),* astrological prediction of each day the week; അയാൾക്ക് വാരഫലത്തിൽ വിശ്വാസമുണ്ടായിരുന്നു

വാരൽ vaaral *(nn),* seizing; പോലീസുകാർ കടകൾ റെയ്ഡ് ചെയ്തപ്പോൾ തൂത്തുവാരൽ നടത്തി

വാരി vaari *(nn),* long strip of bamboo used for thatching binding fences; അയാൾ ഒരു വാരിയെടുത്തു കൊണ്ടുവന്നു

വാരിക vaarika *(nn,),* weekly; എന്റെ കവിത വാരികയിൽ പ്രസിദ്ധീകരിച്ചു

വാർ vaarə *(vt),* collect with both hands; അയാൾ ആ മണ്ണു വാരി

വാർക്ക് vaaRkkə *(vt),* pour out water from boiled rice or vegetables; അമ്മ അരി വാർക്കുന്നു

വാർച്ച vaaRcca *(nn),* flow; രക്തത്തിന്റെ വാർച്ച നിന്നു

വാർത്ത vaaRtta *(nn),* news; ആ വാർത്ത കാട്ടുതീ പോലെ പടർന്നു

വാർദ്ധക്യം vaaRdhakyaM *(nn),* old age; അയാൾക്ക് വാർദ്ധക്യമാണ്

വാർപ്പ് vaaRppə *(nn),* big metal vessel; അയാൾ ആ വാർപ്പ് വാങ്ങി

വാലാട്ടിപ്പക്ഷി vaalaaTTippak$i *(adj),* tail bird; വാലാട്ടിപ്പക്ഷി ചിലയ്ക്കുന്നു

വാല് vaalə *(nn),* tail; കുരങ്ങന്റെ വാല് മുറിഞ്ഞു

വാല്യക്കാരൻ vaalyakkaaran *(nn),* servant; അയാൾ ഒരു വാല്യക്കാരനാണ്

വാവൽ vaaval *(nn),* bat; വാവൽ മരത്തിൽ തലകീഴായി തൂങ്ങിക്കിടക്കുന്നു

വാവ് vaavə *(nn),* change of the moon; വാവു ദിവസം അയാൾക്ക് അസുഖം വരുന്നു

വാവിട്ടുകരയ് vaviTTukaryə *(comp vb),* wail; കുട്ടിവല്ലാതെ വാവിട്ടു കരയുന്നു

വാശി vaaSi *(nn),* obstinacy; അയാൾക്ക് എപ്പോഴും വാശിയാണ്

വാശിപിടിക്ക് vaaSipiTikkə *(vi),* be adamant; കൊച്ചുകുട്ടികൾ വാശിപിടിക്കുന്നു

വാസം vasaM *(nn),* residing; അയാളുടെ വാസം അവിടെയാണ്

വാസന vaasana *(nn),* smell; അയാൾക്ക് പൂവിന്റെ വാസന ഇഷ്ടമാണ്

വാസ്തവ vaastava *(adj),* pertaining to real; അയാൾ വാസ്തവ

വിരുദ്ധമായ ചില കാര്യങ്ങൾ പറഞ്ഞു

വാസ്തുവിദ്യ vaastuvidya *(nn)*, art of constructing building; അയാൾ വാസ്തു വിദ്യയിൽ വിശാരദനാണ്

വാഹനം vaahanaM *(nn)*, vehicle; ഞാൻ ഒരു വാഹനത്തിൽ കയറി

വാളരിങ്ങ vaaLriṉṉa *(nn)*, sword beans; വാളരിങ്ങ കൊണ്ട് ഒരു കറിവച്ചു

വാൾ vaaL *(nn)*, sword; അയാൾ വാളുകൊണ്ട് വെട്ടി

വാഴ vaaZa *(nn)*, plantain tree; അയാൾ വാഴ നട്ടു

വാഴപ്പഴം vaaZappaZaM *(nn)*, banana; വാഴപ്പഴം ഇവിടെ കേരളത്തിൽ സുലഭമാണ്

വാഴയ്ക്ക vaaZyəkkaə *(nn)*, unriped plantain; വാഴയ്ക്ക കൊണ്ടുള്ള കറി എനിക്കിഷ്ടമാണ്

വാഴ് vaaZə *(vi)*, reign; രാജാവ് നാടു വാഴുന്നു

വാഴ്ച vaaZca *(nn)*, reign; രാജാവിന്റെ വാഴ്ച അവസാനിച്ചു

വാഴ്ത്ത് vaaZttə *(vt)*, praise; അയാളെ എല്ലാവരും വാഴ്ത്തി

വാഴ്വ് vaaZvə *(nn)*, life; വാഴ്വേ മായം

വാറണ്ട് vaaRaNTə *(nn)*, warrant; വാറണ്ടില്ലാതെ അറസ്റ്റു ചെയ്തു

വാറ് vaaRə *(nn)*, leather strap; അയാൾ ഒരു വാറു കെട്ടി

വികടൻ vikaTan *(nn)*, disturber; അയാൾ ഒരു വികടനാണ്

വികർഷണം vikaR$aNaM *(nn)*, pulling apart; കാന്തത്തിലെ സമാനധ്രുവങ്ങൾക്ക് വികർഷണം സംഭവിക്കുന്നു

വികല vikala *(adj)*, abnormal; വികലമായ ഒരു പെരുമാറ്റമാണയാളുടേത്

വികസനം vikasanaM *(nn)*, development; വികസനം തേടുന്ന മലബാറിൽ പുതിയ തീവണ്ടികൾ ഓടിത്തുടങ്ങി

വികസിക്ക് vikasikkə *(vi)*, develop; ഈ സ്ഥലം വളരെ വികസിച്ചു

വികസിക്ക് vikasikkə *(vi)*, open as a flower; പൂക്കൾ വികസിക്കുന്നു

വികസിത vikasita *(adj)*, developed; അമേരിക്ക ഒരു വികസിതരാജ്യമാണ്

വികസ്വര vikasvara *(adj)*, developing; വികസ്വരരാജ്യങ്ങളുടെ പട്ടികയിൽ ഭാരതമുണ്ട്

വികാരം vikaaraM *(nn)*, emotion; അയാൾക്ക് പെട്ടെന്ന് വികാരമുണ്ടാകുന്നു

വികാരി vikaari *(nn)*, vicar; അദ്ദേഹം പള്ളിയുടെ വികാരിയാണ്

വികാസം vikaasaM *(nn)*, expansion; നഗരങ്ങൾക്ക് വികാസം സംഭവിച്ചുകൊണ്ടിരിക്കുന്നു

വികൃതം vikRtaM *(nn)*, awkardness; ആ ചിത്രം വികൃതമാണ്

വികൃതം vikRtaM *(nn)*, ugliness; അവന്റെ രൂപം വളരെ വികൃതമായിരുന്നു

വികേന്ദ്രീകരണം vikeendRiikaraNaM *(nn)*, decentralisation; അധികാരത്തിന്റെ വികേന്ദ്രീകരണം അത്യാവശ്യമാണ്

വികേന്ദ്രീകരിക്ക് vikeendRiikarikkə *(vt)*, decentralise; അധികാരം വികേന്ദ്രീകരിക്കുന്നു

വിക്ക് vikkə *(nn)*, stammering; അയാൾക്ക് സംസാരിക്കുമ്പോൾ വിക്കുണ്ടായിരുന്നു

വിക്രമം vikRamaM *(nn)*, vailiant action; അയാൾ പല വിക്രമങ്ങളും കാട്ടി

വിക്രയം vikRayaM *(nn)*, sale; അയാൾ സ്വന്തം വീടുൾപ്പെടെ പലതും വിക്രയം നടത്തി

വിക്ഷേപം vik$eepaM *(nn)*, launching; ഐ.എസ്.ആർ.ഒ റോക്കറ്റ് വിക്ഷേപം നടത്തി

വിക്ഷേപിക്ക് vik$eepikkə *(vt)*, launch; തുമ്പയിൽ നിന്ന് ഒരു റോക്കറ്റ് വിക്ഷേപിച്ചു

വിക്ഷോഭം vik$oobhaM *(nn)*, agitation; ഇവിടെ വലിയ വിക്ഷോഭം നടക്കുന്നു

വിക്ഷോഭം vik$oobhaM *(nn)*, mental agitation; അവൻ കുടുംബ പ്രശ്നം കാരണം വല്ലാതെ വിക്ഷോഭത്തിലാണ്

വിഖ്യാതി vikhyaati *(nn)*, fame; വളരെ വിഖ്യാതി നേടിയ പുസ്തകമാണ് ഫാൾ ഓഫ് എ സ്പാരോ

വിഗണിക്ക് vigaNikkə *(vt)*, ignore; അയാൾ അവളെ വിഗണിച്ചു

വിഗ്രഹം vigRahaM *(nn)*, idol; അയാൾ വിഗ്രഹത്തിൽ മാലചാർത്തി

വിഘടനം vighaTanaM *(nn)*, disintergration; അയാൾ രാജ്യത്തിന്റെ വിഘടനം നടത്തി

വിഘാതം vighaataM *(nn)*, obstacle; അയാൾ പല വിഘാതങ്ങളും സൃഷ്ടിച്ചു

വിങ്ങ് viṇṇə *(vi)*, sob with pain; അവൾ വിങ്ങിവിങ്ങിക്കരഞ്ഞു

വിങ്ങ് viṇṇə *(vi)*, swell up; നീരു കൊണ്ട് അവളുടെ ദേഹം വല്ലാതെ വിങ്ങി

വിചക്ഷണൻ vicak$aNan *(nn),* expert; അയാൾ ഒരു വിദ്യാഭ്യാസ വിചക്ഷണനാണ്

വിചാരം vicaaraM *(nn),* thought; താൻ മഹാനാണെന്നാണ് അയാളുടെ വിചാരം

വിചാരണ vicaaraNa *(nn),* investigation; പോലീസ് സംഭവസ്ഥലത്തെ വിചാരണ കഴിഞ്ഞ് തടവുപുള്ളിയെ കൊണ്ടുപോയി

വിചിത്ര vicitRa *(adj),* wonderful; വളരെ വിചിത്രമായ ഒരു കഥയാണത്

വിചിന്തനം vicintanaM *(nn),* deliberation; അയാൾ അതിനെപ്പറ്റി വിചിന്തനം നടത്തി

വിച്ഛേദനം viccheedanaM *(nn),* cutting off; ശ്രീകൃഷ്ണൻ നരകാസുരന്റെ ശിരസ്സ് വിച്ഛേദനം ചെയ്തു

വിജന vijana *(adj),* lonely; വിജനമായ ഒരു സ്ഥലത്ത് ഞാനിരുന്നു

വിജനത vijanata *(nn),* lonliness; ഈ വിജനത ഒരു ശാപമാണ്

വിജയം vijayaM *(nn),* victory; അയാൾ വിജയം നേടി

വിജയിക്ക് vijayikkə *(vt),* succed; ശ്രദ്ധയോടെ നീങ്ങുമ്പോൾ എവിടെയും വിജയിക്കുന്നു

വിജാഗിരി vijaagiri *(nn),* hinge; ജനലിന്റെ വിജാഗിരി ഇളകിപ്പോയി

വിജാതീയ vijaatiiya *(adj),* belonging to different caste; വിജാതീയന്മാരോട് അയാൾ സംസാരിച്ചു

വിജേതാവ് vijeetaavə *(nn),* victor; അയാൾ വിജേതാവാണ്

വിജ്ഞൻ vij~an *(nn),* intelligent man; അയാൾ ഒരു നല്ല വിജ്ഞനാണ്.

വിജ്ഞാനം vij~aanaM *(nn),* knowledge; വിജ്ഞാനം സമ്പാദ്യമാണ്

വിജ്ഞാപനം vij~aahanaM *(nn),* announcement; അവിടെ ഒരു വിജ്ഞാപനം എഴുതി ഒട്ടിച്ചിരിക്കുന്നു

വിജ്ഞാപനം vij~aahanaM *(nn),* instruction; സർക്കാർ തെരെഞ്ഞെടുപ്പു വിജ്ഞാപനം പുറപ്പെടുവിച്ചു

വിജ്ഞേയ vij~eeya *(adj),* known; വളരെ വിജ്ഞേയമായ ഒരു ലേഖനമാണത്

വിട viTa *(nn),* farewell; അയാൾ വിട ചൊല്ലി

വിടകൊള്ളു viTakoLLə *(comp vb),* get oneself dismissed; അയാൾ വിട കൊള്ളുന്നു

വിടർ viTarə *(vi),* blossom; പൂക്കൾ വിടരുന്നു

വിടവ് viTavə *(nn)*, gap; അയാൾ വിടവിലൂടെ നുഴഞ്ഞു കയറി

വിടാതെ viTaatee *(adv)*, without leaving; അയാൾ അവളെ വിടാതെ പിടികൂടി

വിടുതൽ viTutal *(nn)*, release; അയാൾക്ക് വിടുതൽ ലഭിച്ചു

വിട് viTə *(vt)*, let go; അയാൾ പക്ഷിയെ വെറുതെ വിട്ടു

വിട്ടുകളയ് viTTukaLayə *(vt)*, abandon; അയാൾ ആ പക്ഷിയെ വിട്ടുകളഞ്ഞു

വിട്ട്കൊടുക്ക് viTTəkoTukkə *(vt)*, deliver; തർക്കസ്ഥലം അയാൾ ഒടുവിൽ വിട്ടു കൊടുത്തു

വിട്ട്പോക് viTTəkoTukkə *(vt)*, leave; അയാൾ ഒടുവിൽ സ്ഥലം വിട്ടുപോയി

വിഡ്ഢി viDDhi *(nn)*, fool; അയാൾ ഒരു വിഡ്ഢിയാണ്

വിഡ്ഢിത്തം viDDhittaM *(nn)*, foolishness; അയാൾ ഒരു വിഡ്ഢിത്തം പറഞ്ഞു

വിഡ്ഢിയാക്ക് viDDhiyaakkə *(vi)*, make fool of; മറ്റുള്ളവർ അയാളെ വെറുതെ വിഡ്ഢിയാക്കുന്നു

വിതയ്ക്ക് vitaykkə *(vt)*, sow seed; വിതയ്ക്കുന്നതു കൊയ്യുന്നു

വിതരണം vitaraNaM *(nn)*, distribution; റേഷനരി വിതരണം നിർത്തി വച്ചു

വിതരണംചെയ്യ് vitaraNaMceyyə *(vt)*, issue; അംഗങ്ങൾക്ക് ലഘുരേഖ വിതരണം ചെയ്തു

വിതർക്കം vitaRkkaM *(nn)*, dispute; അവർ പല വിതർക്കങ്ങളും പറഞ്ഞു

വിതറ് vitaRə *(nn)*, scatter; അയാൾ കുറേ പൊടി വിതറി

വിതുമ്പ് vitumbə *(vt)*, cry; അവൾ വിതുമ്പുന്നു

വിത്തം vittaM *(nn)*, wealth; വിത്തത്തിനുവേണ്ടി മനുഷ്യൻ പാടുപെടുന്നു

വിത്ത് vittə *(nn)*, seed; വയലിൽ വിത്ത് വിതച്ചു

വിദഗ്ദ്ധ vidagddha *(adj)*, skilful; വിദഗ്ധമായ ഒരു പണിയാണത്

വിദഗ്ദ്ധൻ vidagddhan *(nn)*, expert; അയാൾ ഒരു വിദഗ്ദ്ധനാണ്

വിദൂര viduura *(adj)*, far off; വിദൂരമായ ഒരു സ്ഥലത്ത് ഞാൻ ചെന്നു

വിദേശം videeSaM *(nn)*, foreign country; അയാൾ വിദേശത്തേയ്ക്ക് പോകുന്നു

വിദേശി videeSi *(nn)*, foreigner; നിങ്ങൾ ഇന്ത്യയിൽ ഒരു വിദേശിയല്ലല്ലോ

വിദ്യ vidya *(nn)*, knowledge; വിദ്യയാണ് ആയുധം

വിദ്യ vidya *(nn)*, trick; അയാൾ ഒരു വിദ്യ പ്രയോഗിച്ചു

വിദ്യാഭ്യാസം vidyaabhyaasaM *(nn)*, education; വിദ്യാഭ്യാസം മൂല്യാധിഷ്ഠിതമായിരിക്കണം

വിദ്യാരംഭം vidyaaraMbhaM *(nn)*, begining of education; വിദ്യാരംഭത്തിന് ഗുരു വന്നു

വിദ്യാർഥി vidyaaRthi *(nn)*, student; അയാൾ ഒരു വിദ്യാർത്ഥിയാണ്

വിദ്യാലയം vidyaalayaM *(nn)*, school; അത് എന്റെ വിദ്യാലയമാണ്

വിദ്യുത്ച്ഛക്തി vidutcchakti *(nn)*, electricity; വിദ്യുത്ച്ഛക്തി അപകട കാരിയാണ്

വിദ്വൽ vidval *(adj)*, scholarly; വിദ്വൽസദസ്സുകളിൽ അയാൾ അലഞ്ഞു നടന്നു

വിദ്വാൻ vidvaan *(nn)*, scholar; അയാൾ ഒരു വിദ്വാനാണ്

വിദ്വേഷം vidvee$aM *(nn)*, contempt; വിദ്വേഷമുള്ളിടത്ത് സ്നേഹമില്ല

വിദ്വേഷിക്ക് vidvee$ikkə *(vt)*, despise with extreme contempt; അയാൾ എല്ലാവരോടും വിദ്വേഷിക്കുന്നു

വിധം vidhaM *(nn,pfx)*, manner; അയാൾ ആ വിധം പറഞ്ഞു

വിധവ vidhava *(nn)*, widow; വിവാഹം കഴിഞ്ഞ് രണ്ടു വർഷത്തിനകം അവൾ വിധവയായി

വിധാതാവ് vidhaataavə *(nn)*, god, (creator); അദ്ദേഹം വിധാതാവാണ്

വിധായക vidhaayaka *(adj)*, ruling; ഈശ്വരൻ വിധായകമായ ശക്തിയാണ്

വിധി vidhi *(nn)*, judgement; അയാൾ വിധി കാത്ത് ഇരുന്നു

വിധി vidhi *(nn)*, fate; അവന് വിധിയിൽ വിശ്വാസമില്ല

വിധിക്ക് vidhikkə *(vt)*, sentence; അയാളെ തടവു ശിക്ഷയ്ക്കു വിധിച്ചു

വിധു vidhu *(nn)*, moon; ശരത്ക്കാലത്തിലെ വിധു സുന്ദരനാണ്

വിധേയ videeya *(adj)*, obedient; വിധേയമായ ഒരു മനസ്സാണവന്റേത്

വിധേയൻ vidheeyan *(nn)*, obedient; അയാൾ എന്നും വിധേയനാണ്

വിധ്വംസക vidhvaMsaka *(adj)*, subversive; വിധ്വംസക പ്രവർത്തനങ്ങളിൽ അയാൾ മുഴുകി

വിധ്വംസനം vidhvaasanaM *(nn)*, annihilation; അയാളുടെ പ്രവർത്തന രീതി വിധ്വംസനമായിരുന്നു

വിന vina *(nn)*, misfortune; താൻ ചെയ്തത് തനിക്കു തന്നെ വിനയായി

വിനമ്ര vinamRa *(adj)*, with head bending down; അവൾ വിനമ്ര മുഖിയായി നിന്നു

വിനയം vinayaM *(nn)*, modesty; അയാൾ വിനയം ഭാവിച്ചു

വിനാശം vinaaSaM *(nn)*, destruction; അയാൾ വിനാശത്തെ തടഞ്ഞു

വിനിമയം vinimayaM *(nn)*, exchange; അയാൾ പണം വിനിമയം ചെയ്തു

വിനിയോഗം viniyoogaM *(nn)*, use; അവൻ ആ അവസരം വിനിയോഗം ചെയ്തില്ല

വിനിർഗമിക്ക് viniRggamikkə *(vt)*, go out; അവൻ സഭയിൽ നിന്നും വിനിർഗമിച്ചു

വിനീത viniita *(adj)*, humble; അവൻ ഒരു വിനീത വിദ്യാർഥിയാണ്

വിനീതൻ viniitan *(nn)*, humble man; അയാൾ വളരെ വിനീതനാണ്

വിനോദം vinoodaM *(nn)*, amusement; അവൾ പല വിനോദങ്ങളിൽ ഏർപ്പെട്ടു

വിന്യസിക്ക് vinyasikkə *(vt)*, arrange; ആ കല്ലുകൾ മനോഹരമായി വിന്യസിക്കുന്നു

വിന്യാസം vinyaasaM *(nn)*, arrangement; അതിന്റെ വിന്യാസം മനോഹരമാണ്

വിപണനം vipaNanaM *(nn)*, trade; വിപണനത്തിനുള്ള സാധ്യതകൾ ഇപ്പോൾ കുറവാണ്

വിപണി vipaNi *(nn)*, market place; അയാൾ വിപണികളിൽ സാധനങ്ങൾ വിൽക്കുന്നു

വിപണിസ്ഥലം vipaNisthalaM *(nn)*, plaza; വിപണിസ്ഥലത്ത് എപ്പോഴും ബഹളം തന്നെ

വിപരീത vipariita *(adj)*, opposite; വിപരീത ധ്രുവങ്ങളിൽ അവർ ജീവിക്കുന്നു

വിപൽ vipal *(adj)*, pertaining to danger; ഒരു വിപൽ സന്ദേശമാണ് എനിക്കു പറയാനുള്ളത്

വിപുല vipula *(adj)*, extensive; വിപുലമായ വായനയുടെ അഭാവമാണ് ഇപ്പോൾ നേരിടുന്നത്

വിപ്രതിപത്തി vivRatipatti *(nn)*, disgust; അയാൾക്ക് ആ വിഷയത്തോട് വിപ്രതിപത്തി തോന്നി

വിപ്ലവം viplavaM *(nn)*, revolution; അവർ ഒരു വിപ്ലവം ജയിച്ചു

വിഫലമായ viphalamaaya *(adj)*, fruitless; അയാൾ വിഫലമായ ചില ശ്രമങ്ങൾ നടത്തി

വിഭജനം vibhajanaM *(nn)*, partition; വിഭജനത്തിനുശേഷം അവർ ഇന്ത്യയിലേക്ക് വന്നു

വിഭജിക്ക് vibhajikkə *(vt)*, divide; രാജ്യത്തെ പലതായി വിഭജിക്കുന്നു

വിഭവം vibhavaM *(nn)*, substance; അയാൾ വിഭവങ്ങൾ നിരത്തി

വിഭാഗം vibhaagaM *(nn)*, division; ആ വിഭാഗത്തിൽപ്പെട്ട പുസ്തകങ്ങൾ ഇവിടെയില്ല.

വിഭാഗിക്ക് vibhaagikkə *(vt)*, divide; രാജ്യത്തെ പലതായി വിഭാഗിക്കാം.

വിഭാഗീയ vibhaagiiya *(adj)*, sectarial; വിഭാഗീയ ചിന്താഗതികൾ അവസാനിപ്പിക്കണം.

വിഭിന്ന vibhinna *(adj)*, different; വിഭിന്ന സ്ഥലങ്ങളിലുള്ള മനുഷ്യർ ഇവിടെ വരുന്നു.

വിഭ്രമം vibRamaM *(nn)*, embarrassment; അയാളുടെ വിഭ്രമം കണ്ട് ഞാൻ ശ്രദ്ധിച്ചു.

വിഭ്രാന്തി vibhRaanti *(nn)*, hallucination; അയാൾക്ക് എപ്പോഴും വിഭ്രാന്തിയാണ്.

വിമത vimata *(nn)*, rebel; വിമത പക്ഷത്തു നിന്നു ചിലർ ഇങ്ങോട്ടു വന്നു.

വിമർശനം vimaRSanaM *(nn)*, criticism; ആ വിമർശനം പലർക്കും ഇഷ്ടപ്പെട്ടില്ല.

വിമർശകൻ vimaRSakan *(nn)*, critic; വിമർശകൻ സത്യസന്ധമായി വിമർശിച്ചു.

വിമല vimala *(adj)*, pure; വിമലമായ ഹൃദയമാണ് അവളുടേത്

വിമാനം vimaanaM *(nn)*, aeroplane; അയാൾ വിമാനം പറത്തി

വിമാനത്താവളം vimaanattaavaLaM *(nn)*, airport; വിമാനത്താവളം ഇവിടെ നിന്ന് വളരെ അകലെയാണ്

വിമുക്ത vimukta *(adj)*, released; വിമുക്തഭടന്മാർക്ക് പല ആനുകൂല്യങ്ങളും ഉണ്ട്.

വിമുക്തനാക് vimuktanaakə *(vb)*, feel relieved; ആ അടിമത്തത്തിൽ നിന്ന് വിമുക്തനാവാൻ അയാൾക്കു കഴിഞ്ഞില്ല

വിമുഖ vimukha *(adj)*, disgusted; അയാളുടെ വിമുഖമായ പ്രവൃത്തി ആർക്കും ഇഷ്ടപ്പെട്ടില്ല

വിമോചനം vimoocanaM *(nn)*, liberation; വിമോചനം ആഗ്രഹിക്കുന്ന മനുഷ്യർ ജയിലറകളിൽ ഉണ്ട്

വിമ്മിട്ടം vimmiTTaM *(nn)*, difficulty of breathing; അയാൾക്ക് വിമ്മിട്ടം അനുഭവപ്പെട്ടു

വിയർക്ക് viyaRkkə *(vi)*, sweat; അയാൾക്ക് ശരീരമെല്ലാം വിയർക്കുന്നു.

വിയർപ്പ് viyaRppa *(nn)*, perspiration; അയാളുടെ ശരീരം മുഴുവൻ വിയർപ്പാണ്.

വിയോഗം viyoogaM *(nn),* separation; അവന്റെ വിയോഗം എല്ലാവരേയും ദുഃഖിപ്പിച്ചു.

വിയോജിക്ക് viyoojikkə *(nn),* disagree; അയാൾ ആ അഭിപ്രായത്തോട് വിയോജിച്ചു.

വിര vira *(nn),* worm; മണ്ണിലൂടെ വിരകൾ ഇഴഞ്ഞു നടക്കുന്നു

വിരക്തി virakti *(nn),* aversion; അവന് ജീവിതത്തോട് വിരക്തിതോന്നി.

വിരചിക്ക് viracikkə *(vt),* make; അവൻ ഒരു പുതിയ കവിത രചിച്ചു

വിരട്ട് viraTTə *(nn),* frighten; അവനെ വിരട്ടാൻ അയാൾ ശ്രമിച്ചു.

വിരൽ viral *(nn),* finger; വിരലിൽ മോതിരം അണിഞ്ഞു

വിരസത virasata *(nn),* dislike; അയാൾക്ക് വിരസത തോന്നി

വിരഹം virahaM *(nn),* separation of husband and wife; യക്ഷൻ വിരഹം അനുഭവിച്ചു.

വിരളമായി viraLamaayi *(adv),* rarely; വളരെ വിരളമായി മാത്രം അയാൾ ഇവിടെ വരുന്നു.

വിരാമം viraamaM *(nn),* stop; അയാൾ യുദ്ധത്തിനു വിരാമമിട്ടു.

വിരിപ്പ് viripp*ə* *(nn),* bed sheet; അയാൾ കട്ടിലിൽ ഒരു വിരിപ്പ് വിരിച്ചു

വിരിയ് viriyə *(vi),* blossom; ഒരു പൂ വിരിയുന്നു

വിരുതൻ virutan *(nn),* skilful person; അവൻ വലിയ വിരുതനാണ്.

വിരുത് virutə *(nn),* dexterity; അയാൾ ഒരു വിരുതു കാട്ടി

വിരുദ്ധ viruddha *(adj),* contrary; അയാൾ വിരുദ്ധമായ ചില കാര്യങ്ങൾ പറഞ്ഞു.

വിരുന്ന് virunn*ə* *(nn),* feast; വിരുന്നിന് എല്ലാവരും വന്നിരുന്നു

വില vila *(nn),* price; ആ പുസ്തകത്തിന്റെ വില നൂറുരൂപയാണ്

വിലകുറഞ്ഞ vilakuRa~~a *(adj),* cheap; വിലകുറഞ്ഞ വസ്തുക്കൾ കൊണ്ട് നിർമ്മിച്ചതായിരുന്നു ആ വീട്

വിലയേറിയ vilayeeRiya *(adj),* expensive; അയാൾ വിലയേറിയ ഒരു ആഢംബര കാർ വാങ്ങി

വിലയേറിയ vilayeeRiya *(adj),* precious; വിലയേറിയ ഒരു ജീവനാണ് അതിന് പ്രതിഫലമായി കൊടുക്കേണ്ടിവന്നത്

വില്ലൻചുമ villancuma *(nn),* whooping cough; വില്ലൻ ചുമകൊണ്ട് കുട്ടി കഷ്ടപ്പെടുന്നു

വില്ല് villə *(nn)*, bow; രാമൻ വില്ലു കുലച്ചു

വിവരമുള്ള vivaramuLLa *(adj)*, knowledgable; പലകാര്യങ്ങളെപ്പറ്റിയും വിവരമുള്ള ഒരാളായിരുന്നു അദ്ദേഹം

വിവരിക്ക് vivarikkə *(vt)*, narrate; ഞാൻ ഒരു കഥ വിവരിക്കുകയാണ്

വിവാഹം vivaahaM *(nn)*, marriage; വിവാഹം സ്വർഗ്ഗത്തിൽ നടക്കുന്നു

വിവാഹച്ചടങ്ങ് vivaahccaTaṉṉə *(nn)*, marriage ceremony; ഞാൻ ഒരു സുഹൃത്തിന്റെ വിവാഹച്ചടങ്ങിൽ പങ്കെടുത്തു

വിശക്ക് viSkkə *(vi)*, be hungry; അവന് നന്നായി വിശക്കുന്നുണ്ട്

വിശപ്പ് viSappə *(nn)*, hunger; എനിക്ക് വല്ലാത്ത വിശപ്പു തോന്നി

വിശറി viSaRi *(nn)*, fan; അമ്മ വിശറികൊണ്ട് വീശുന്നു

വിശാലമായ viSaalamaaya *(adj)*, wide; വിശാലമായ മൈതാനമാണിത്

വിശാലമായ viSaalamaaya *(adj)*, broad; വളരെ വിശാലമായ മനസ്സാണ് അവന്റേത്

വിശ്രമം viSRamaM *(nn)*, rest; ജോലി ചെയ്യുന്നവർക്ക് വിശ്രമം ആവശ്യമാണ്

വിശ്വസിക്ക് viSvasikkə *(vt)*, believe; ആരെയെങ്കിലും ഒരാളെ വിശ്വസിക്കണ്ടേ

വിശ്വസ്തനായ viSvasthanaaya *(adj)*, honest; ഹരിശ്ചന്ദ്രൻ വിശ്വസ്തനായ ഒരു രാജാവായിരുന്നു

വിശ്വാസം viSvaasaM *(nn)*, belief; അയാൾക്ക് ആരെയും വിശ്വാസ മില്ലായിരുന്നു

വിഷം vi$aM *(nn)*, poison; മദ്യം വിഷമാണ്

വിഷമിക്ക് vi$amikkə *(vi)*, be worried; ജീവിതത്തിൽ ഏറെ വിഷമിച്ചിട്ടുള്ളവനാണ് അയാൾ

വിഷൂചിക vi$uucika *(nn)*, cholera; വിഷൂചിക ബാധിച്ച് കുറേകുട്ടികൾ മരിച്ചു

വിസ്തീർണ്ണം visətiiRNNaM *(nn)*, area; ആ സ്ഥലത്തിന്റെ വിസ്തീർണ്ണം എനിക്കറിയില്ല

വിളക്ക് viLakkə *(nn)*, lamp; കറണ്ടുപോയി, വിളക്കു കത്തിക്കൂ

വിളയ് viLayə *(vi)*, get ripe; മരത്തിൽ കായ്കൾ വിളഞ്ഞു

വിളർച്ച viLaRcca *(nn)*, anaemia; വിളർച്ച ബാധിച്ച മുഖം കാരണം മഞ്ഞളിച്ചു കാണുന്നു

വിളവ് viLavə *(nn),* crop; ഇക്കൊല്ലത്തെ വിളവ് വളരെ മോശമാണ്

വിളിക്ക് viLikkə *(vt),* call; ആരോ എന്നെ വിളിക്കുന്നു

വിഴുങ്ങ് viZuŋŋə *(vt),* swallow; രാമൻ പഴം വിഴുങ്ങുന്നു

വിറക് viRakə *(nn),* fire wood; വിറക് ഇവിടെ കിട്ടാൻ വളരെ ബുദ്ധിമുട്ടാണ്

വിറയ്ക്ക് viRykkə *(vi),* tremble; അയാളുടെ ശരീരം തണുപ്പുകൊണ്ട് വിറച്ചു

വീക്കം viikkaM *(nn),* swelling; ശരീരത്തിന്റെ വീക്കം കൂടി വരുന്നു

വീങ്ങ് viiŋŋə *(vi),* swell; അസുഖം കൊണ്ട് കുട്ടിയുടെ മുഖമെല്ലാം വീങ്ങി

വീടുപണി viiTupaNi *(nn),* construction job; അയാൾ വീടുപണി ചെയ്യുന്നു

വീട് viiTə *(nn),* house; വീട്ടിൽ ആരും ഉണ്ടായിരുന്നില്ല

വീണ്ടും viiNTuM *(adv),* again; അയാൾ വീണ്ടും വീണ്ടും ചോദിച്ചു

വീതം viitaM *(nn),* share; നൂറുരൂപ വീതം ഓരോരുത്തർക്കും വീതിച്ചു നൽകി

വീതി viiti *(nn),* breadth; വീതി കൂടിയ ഒരു മുറിയാണ് എനിക്കു വേണ്ടത്

വീപ്പ viippa *(nn),* barrel; ഒരു വീപ്പയിൽ കുറെ സാധനങ്ങൾ നിറച്ചു

വീർക്ക് viiRkkə *(vi),* swell; ശരീരം മുഴുവൻ വീർക്കുന്നു

വീഴ് viiZə *(vi),* fall; മേശപ്പുറത്ത് നിന്ന് പാത്രം താഴെ വീഴുന്നു

വീഴ് viiZə *(vi),* fall down; അവൻ മുറ്റത്ത് വീണു

വൃക്ക vRkka *(nn),* kidney; രക്തം ശുദ്ധീകരിക്കുകയാണ് വൃക്കകളുടെ ധർമ്മം

വ്രണം vRəNaM *(nn),* wound; മനസ്സിലേറ്റ വ്രണം മായ്ക്കാൻ പ്രയാസമാണ്

വൃത്തം vRəttaM *(nn),* circle; ബോർഡിൽ ചോക്കുകൊണ്ട് ഒരു വൃത്തം വരച്ചു

വൃത്തം vRəttaM *(nn,),* meter; കവിതയുടെ താളനിയമങ്ങളാണ് വൃത്തം

വൃത്തികെട്ട vRəttikeTTa *(adj),* dirty; വൃത്തികെട്ട പെരുമാറ്റം കൊണ്ടാണ് അയാളെ എല്ലാവരും വെറുത്തത്

വൃത്തിയാക്കൽ vRəttiyaaKKal *(nn),* cleaning; രാവിലെ തന്നെ വീടു മുഴുവൻ വൃത്തിയാക്കൽ കഴിഞ്ഞു

വൃത്തിയുള്ള vRəttiyuLLa *(adj)*, clean; ആ വീട് വളരെ വൃത്തിയുള്ളതായിരുന്നു

വൃഷണം vR$NaM *(nn)*, testicle; വൃഷണത്തെ ബാധിക്കുന്ന ഒരു രോഗം പ്രത്യുൽപ്പാദനത്തെ ബാധിക്കും

വെച്ചുകെട്ട് veccukeTTə *(comp vb)*, tie with medicine; രാജൻ വെച്ചു കോട്ടൻ കെട്ടുന്നു

വെഞ്ചാമരം ve~caamaraM *(nn)*, royal fan made of hair of white chamari deer; ഉത്സവത്തിന് ആലവട്ടവും വെഞ്ചാമരവും ഉണ്ട്

വെടിനിർത്ത് veTiniRttə *(vi)*, cease fire; ഇരു രാജ്യങ്ങളും വെടി നിർത്താൻ തയ്യാറായി

വെടിയുണ്ട veTiyuNTa *(nn)*, bullet; തോക്കിൽ നിന്ന് വെടിയുണ്ട ചീറി പാഞ്ഞു

വെടിവെക്ക് veTivekkə *(vt)*, shoot; ആ പക്ഷിയെ അയാൾ വെടിവെച്ചു

വെട്ടിക്കുറയ്ക്ക് veTTikkuRaykkə *(vt)*, cut short; പഴയ നികുതികളെല്ലാം വെട്ടിക്കുറയ്ക്കാൻ സർക്കാർ തീരുമാനിച്ചു

വെണ്ടയ്ക്ക veNTayəkka *(nn)*, ladys finger; അമ്മ വെണ്ടയ്ക്ക അരിയുന്നു

വെന്തിങ്ങ ventiṉṉa *(nn)*, worn by a christian man around the neck tied to a thread; തോമസ് വെന്തിങ്ങ ഇട്ടിരുന്നു

വെല്ലുവിളിക്ക് velluviLikkə *(vt)*, challenge; തന്നെ ജയിക്കാൻ ആരെങ്കിലുമുണ്ടോ എന്ന് അയാൾ വെല്ലുവിളിച്ചു

വെളിക്കെറങ്ങ് veLikkeRaṉṉə *(comp vb)*, defecate; കുട്ടി വെളിക്കെറങ്ങാൻ പോയി

വെളുത്ത veLutta *(adj)*, white; കറുത്തപശു വെളുത്ത പാലു തരുന്നു

വെള്ളം veLLaM *(nn)*, water; മനുഷ്യന് അത്യാവശ്യമായ ഒരു വസ്തുവാണ് വെള്ളം

വെള്ളച്ചാട്ടം veLLaccaTTaM *(nn)*, waterfall; ഇത് പ്രകൃതിദത്തമായ വെള്ളച്ചാട്ടമാണ്

വെള്ളപ്പൊക്കം veLLappokkaM *(nn)*, flood; ഇക്കഴിഞ്ഞ വെള്ളപ്പൊക്കത്തിലാണ് ഇത്രയേറെ നാശനഷ്ടങ്ങൾ സംഭവിച്ചത്

വെള്ളരിക്ക veLLarikka *(nn)*, cucumber; വെള്ളരിയ്ക്ക ഒന്നിന് എത്രയാണ് വില?

വെള്ളി velli *(nn)*, silver; വെള്ളി വെളുത്ത നിറമുള്ള ലോഹമാണ്

വെള്ളിയാഴ്ച veLLiyaaZcca *(nn)*, Friday; വെള്ളിയാഴ്ച 10 നും 11 നും ഇടയ്ക്കാണ് വിവാഹമുഹൂർത്തം

വെളെളഴുത്ത് veLLaZuttə *(nn)*, be affected by cataract; അയാൾക്ക് വെളെളഴുത്തുണ്ടായിരുന്നു

വെറുക്ക് veRukkə *(vi)*, hate; രാജനെ എല്ലാവരും വെറുക്കുന്നു

വെറുപ്പുളവാക്കുന്ന veRuppuLavaakkunna *(adj)*, cause dislike; അയാളുടെ ഭാവവും നോട്ടവും വെറുപ്പുളവാക്കുന്നതായിരുന്നു

വേഗത veegata *(nn)*, speed; നല്ല വേഗതയിലായിരുന്നു കാറോടിച്ചിരുന്നത്

വേഗത്തിലുള്ള veegattiluLLa *(adj)*, fast; വേഗത്തിലുള്ള ഓട്ടം കൊണ്ട് തളർന്നുപോയി

വേച്ചുവേച്ച്നടക്ക് veecuveecunaTakkə *(comp vb)*, walk with faltering steps; അയാൾ വേച്ചുവേച്ചു നടക്കുന്നു

വേട്ട veeTa *(nn)*, hunting; അയാൾ വേട്ട കഴിഞ്ഞ് മടങ്ങി വന്നു

വേട്ടക്കാരൻ veeTTakkaaran *(nn)*, hunter; വേട്ടക്കാരൻ വേട്ടയ്ക്കു പോകുന്നു

വേണ്ടത്ര veeNTatRa *(adj)*, sufficient; വേണ്ടത്ര ഭക്ഷണം കിട്ടാതെ എത്രയോപേർ മരിക്കുന്നു

വേണ്ടി veeNTi *(in)*, for; രമേശ് എനിക്കുവേണ്ടി അതു ചെയ്തുതന്നു

വേദനയുള്ള veedanayuLLa *(adj)*, painful; വളരെ വേദനയുള്ള കാര്യമാണത്

വേദനിക്ക് vedanikkə *(nn)*, pain; ശക്തമായ അടികൊണ്ട് എനിക്കു വല്ലാതെ വേദനിച്ചു

വേനൽക്കാലം veenalkkaalaM *(nn)*, summer; വേനൽക്കാലത്ത് ചെടികൾ ഉണങ്ങിപ്പോകുന്നു

വേപ്പ് veeppə *(nn)*, neem tree; വേപ്പ് ഒരു ഔഷധസസ്യമാണ്

വേര് veerə *(nn)*, root; മരത്തിന്റെ വേര് മുറിഞ്ഞു

വേർപെട് veeRpeTə *(vi)*, depart; നല്ല ബന്ധം നമുക്കൊരിക്കലും വേർപെടുത്താനാവില്ല

വേർപെടുത്ത് veeRpeTuttə *(nn)*, separate; സയാമീസ് ഇരട്ടകളെ വേർപെടുത്തി

വേലക്കാരൻ veelakkaaran *(nn)*, servant; വേലക്കാരൻ വേല ചെയ്യുന്നു

വേലക്കാരി veelakkaari *(nn)*, maid servant; വേലക്കാരി പാചകം ചെയ്യുന്നു

വേലി veeli *(nn)*, fence; വീടിനു ചുറ്റും ഒരു വേലി കെട്ടി

വേലിയിറക്കം veeliyiRakkaM *(nn)*, low tide; വേലിയിറക്കം കഴിഞ്ഞാൽ മീൻപിടിക്കാം

വൈകിപ്പോയ vaikippooya *(adj)*, late; സ്ക്കൂളിൽ എത്താൻ വൈകിപ്പോയ കുട്ടികളെ അധ്യാപകൻ ശാസിച്ചു

വൈദഗ്ധ്യമില്ലാത്ത vaidagdhyamillaatta *(adj)*, unskillful; അയാൾ ഒരു വൈദഗ്ധ്യമില്ലാത്ത ഡോക്ടർ ആണ്

വൈദഗ്ധ്യമുള്ള vaidgdhyamuLLa *(adj)*, skillful; വൈദഗ്ധ്യമുള്ള ഡോക്ടർ രോഗിയെ പരിശോധിക്കുന്നു

വൈദ്യുതവിളക്ക് vaidyutaviLakkə *(nn)*, electric lamp; വൈദ്യുത വിളക്കിൽ നിന്ന് വളരെ നേരിയ പ്രകാശം മാത്രമേ വരുന്നുള്ളു

വൈദ്യുതി vaidyuti *(nn)*, electricity; അവരുടെ ഗ്രാമത്തിൽ ഇതു വരെയും വൈദ്യുതി എത്തിയിട്ടില്ല

വ്യക്തിത്വം vyaktitvaM *(nn)*, personality; അയാളുടെ വ്യക്തിത്വത്തെ ചോദ്യം ചെയ്തത് അയാൾക്കിഷ്ടപ്പെട്ടില്ല

വ്യക്തമായ vyaktamaaya *(adj)*, clear; വ്യക്തമായ തെളിവുകൾ ഇല്ലാത്തതുകൊണ്ട് കേസ് തള്ളിക്കളഞ്ഞു

വ്യത്യസ്തമായ vyatyastamaaya *(adj)*, different; വളരെ വ്യത്യസ്തമായ ഒരു കഥയാണ് ഞാൻ പറയാൻ പോകുന്നത്

വ്യവസായി vyavasaayi *(nn)*, merchant; അയാൾ ഒരു വ്യവസായിയുടെ മകനായിരുന്നു

വ്യവസ്ഥ vyavastha *(nn)*, condition; എല്ലാ വ്യവസ്ഥകളും അംഗീകരിച്ചാൽ മാത്രമേ വരാൻ പറ്റൂ

വ്യസനിക്ക് vyasanikkə *(vi)*, pity; മധുവിന്റെ പരാജയത്തിൽ എനിക്കു വ്യസനമുണ്ട്

വ്യാകരണം vyaakaraNaM *(nn)*, grammar; വ്യാകരണമില്ലാത്ത ഭാഷയില്ല

വ്യാപാരം vyaapaaraM *(nn)*, business; അയാളുടെ വ്യാപാരമെല്ലാം പെട്ടെന്നു തകർന്നു

വ്യാപിക്ക് vyaapikkə *(nn)*, spread; പുക വീടു നിറയെ വ്യാപിച്ചു

വ്യാഴാഴ്ച vyaZaaZca *(nn)*, thursday; വ്യാഴാഴ്ച രാത്രിയിൽ നമ്മളിവിടുന്ന് പുറപ്പെടും

ശംഖ് SaMkhə *(nn)*, conch; ശ്രീകൃഷ്ണൻ ശംഖ് വിളിച്ചു

ശകാരിക്ക് Sakaarikkə *(vt)*, scold; അമ്മ രാധയെ എപ്പോഴും ശകാരിക്കുന്നു

ശക്തിഹീനമാക് Saktihiinamaakə *(vt)*, paralyze; അദ്ദേഹത്തിന്റെ ഞരമ്പുകളെല്ലാം ശക്തിഹീനമായിത്തീർന്നു

ശങ്കിക്ക് Saṇkikkə *(vt)*, hesitate; അവൾ വാതിൽപ്പടിക്കൽ ശങ്കിച്ചുനിന്നു

ശത്രു SatRu *(nn)*, enemy; അവർ രണ്ടുപേരും ബദ്ധശത്രുക്കളാണ്

ശനിയാഴ്ച SaniyaaZca *(nn)*, saturday; ശനിയാഴ്ച അയാൾ ഇവിടെ എത്തും

ശമ്പളം SambaLaM *(nn)*, salary; ആദ്യത്തെ മാസത്തെ ശമ്പളം കിട്ടി

ശപഥംചെയ്യ് SapthaMceyyə *(vt)*, take oath; താൻ ഒരിക്കലും പക്ഷിയെ വിട്ടുകൊടുക്കില്ലെന്ന് നായകൻ ശപഥം ചെയ്തു

ശപിക്ക് Sapikkə *(vt)*, curse; ദുർവ്വാസാവ് ശകുന്തളയെ ശപിക്കുന്നു

ശബ്ദം SabdaM *(nn)*, noise; വാഹനങ്ങളുടെ ശബ്ദംകൊണ്ട് മറ്റൊന്നും കേൾക്കാൻ പറ്റിയില്ല

ശബ്ദം Sabdam *(nn)*, sound; ഞാൻ യാതൊരു ശബ്ദവും കേൾക്കുന്നില്ല

ശബ്ദായമായ Sabdaayamaaya *(adj)*, noisy; ശബ്ദായമായ അന്തരീക്ഷത്തെ നിശബ്ദമാക്കാൻ അയാൾക്കു കഴിഞ്ഞു

ശരൽക്കാലം SaralkkaalaM *(nn)*, autumn; ശരൽക്കാലം വന്ന് കടന്നു പോയതറിഞ്ഞില്ല

ശരി Sari *(in)*, alright; ശരി, ഇനി പിന്നെ കാണാം

ശരി Sari *(in)*, ok; അതെ, അത് ശരി ആണ്

ശരി Sari *(in)*, right; അവൻ പറഞ്ഞതു ശരിയാണ്

ശരിയായ Sariyaya *(adj)*, correct; ഇതു ശരിയായ വിലയാണ്

ശരീരം SariiraM *(nn)*, body; ശരീരത്തിന് നല്ല സുഖമില്ല

ശവം SavaM *(nn)*, corpse; മൃഗത്തിന്റെ ശവം മറവുചെയ്തു

ശവസംസ്ക്കാരം SavasaMskkaaraM *(nn)*, funeral ceremony; മരിച്ച വ്യക്തിയുടെ ശവസംസ്ക്കാരം പെട്ടെന്നു തന്നെ നടത്തി

ശാന്തമായ Santamaaya *(adj)*, calm; ശാന്തമായ വാക്കും ധീരമായ പ്രവൃത്തിയുമാണ് അദ്ദേഹത്തിന്റെ പ്രത്യേകതകൾ

ശിക്ഷ Sik$a *(nn)*, punishment; അയാൾ തെറ്റുചെയ്തു ശിക്ഷയും അനുഭവിച്ചു

ശിക്ഷിക്ക് Sik$ikkə *(vt)*, punish; അമ്മ മകനെ ശിക്ഷിക്കുന്നു

ശിഖരം SikharaM *(nn)*, branch; മരത്തിന്റെ ശിഖരം ഒടിഞ്ഞു വീണു

ശിപായി Sipaayi *(nn)*, soldier; ശിപായി ലഹള സമയത്ത് പലരും തടങ്കലിലായി.

ശില്പം SilppaM *(nn),* seculpture; ശില്പി ഒരു ശില്പമുണ്ടാക്കുന്നു

ശില്പകല Silpakala *(nn,comp),* art of sculpture; ശില്പകലകൾക്കു പ്രസിദ്ധമാണ് മഹാബലിപുരം

ശിശു SiSu *(nn),* infant; ശിശുവിന് ആറുമാസം പ്രായമുള്ളപ്പോൾ അച്ഛൻ മടങ്ങിപ്പോയി

ശീമച്ചക്ക Siimaccakka *(nn),* bread fruit; എനിക്ക് ശീമച്ചക്ക ഇഷ്ടമാണ്

ശീമപ്ലാവ് Siimaplavə *(nn),* jack fruit tree; ശീമപ്ലാവിന്റ ചുവട്ടിൽ ഒരു പാമ്പുണ്ടായിരുന്നു

ശീലം SiilaM *(nn),* habit; പുകവലി അയാളുടെ ശീലമാണ്

ശീലിക്ക് Siilikkə *(nn),* be accustomed to; അവൾ പുതിയ വീട്ടിലെ കാര്യങ്ങളെല്ലാം ശീലിച്ചു കഴിഞ്ഞു

ശുപാർശ ചെയ്യ് SupaRSaceyyə *(vt),* recommend; ആരോ അയാൾക്കു വേണ്ടി ശുപാർശ ചെയ്തു

ശേഖരിക്ക് Seekharikkə *(vt),* gather; അവൾ പൂക്കളെല്ലാം ശേഖരിക്കുന്നു

ശേഷം See$aM *(adv),* after; പെൻഷൻ പറ്റിയശേഷം അയാൾ പുതിയ ഒരു വീടു വച്ചു

ശൈലി Saili *(nn),* idiom; അവന്റെ ശൈലി എനിക്കിഷ്ടമല്ല

ശൈശവം SaiSavaM *(nn),* childhood; ശൈശവത്തിൽ തന്നെ അവൻ അനാഥനായി

ശോഭനമായ Soobhanamaaya *(adj),* prosperous; ശോഭനമായ ഭാവിയെപ്പറ്റി ഉൽക്കണ്ഠപ്പെടരുത്

ശ്രദ്ധയോടെ SRaddhayooTe *(adv),* attentively; കുട്ടി ശ്രദ്ധയോടെ പാഠങ്ങൾ കേട്ടു

ശ്രമിക്ക് SRamikkə *(vi),* try; അയാൾ പല ജോലികൾക്കും ശ്രമിച്ചു നോക്കി

ശ്രീ Srii *(nn),* mister; ശ്രീ എം.ടി.വാസുദേവൻനായർ ചടങ്ങിൽ അധ്യക്ഷത വഹിച്ചു

ശ്രീമതി Sriimati *(nn),* mrs; ശ്രീമതി ഇന്ദിരാഗാന്ധിയുടെ മൂത്തമകനായിരുന്നു പിന്നീട് പ്രധാനമന്ത്രിയായത്.

ശ്വസിക്ക് Svasikkə *(vi),* breathe; അല്പം ശുദ്ധവായു ശ്വസിക്കാമെന്നുകരുതി

ശ്വാസകോശം SvaasakooSaM *(nn),* lung; ശ്വാസകോശത്തിൽ അനവധി ചെറിയ അറകളുണ്ട്

ഷർട്ട് $aRTTə *(nn),* shirt; അയാൾ ഷർട്ട് ഇട്ടു

ഷൂ $uu *(nn),* shoe; അയാൾ തന്റെ ഷൂ അഴിച്ചു വച്ചു

ഷൂസ് $uusə *(nn)*, shoes; ടോം ഷൂസ് ഇടുന്നു

ഷൂസ്ഇട് $uusəiTə *(comp vb)*, wear the shoes; അയാൾ ഷൂസ് ഇടുന്നു

സംക്രമണം saMkRamaNaM *(nn)*, conflation; വികാരങ്ങളുടെ സംക്രമണമാണ് കവിത

സംഖ്യ SaMkhya *(nn)*, number; പത്തിൽ താഴെയുള്ള ഒരു സംഖ്യ പറയൂ

സംഗതി saMgati *(nn)*, case; എല്ലാ സംഗതികളും അയാൾ പറഞ്ഞിരുന്നു

സംഗീതം saMgiitaM *(nn)*, music; സംഗീതം മനസ്സിനു സുഖം പകരുന്നു

സംഗീതോപകരണം saMgiitoopkraNaM *(nn)*, musical instrument; അയാൾക്ക് സംഗീതോപകരണങ്ങൾ വലിയ ഇഷ്ടമാണ്

സംതൃപ്തനാക് saMtRəptanaakə *(vi)*, satisfy; മനുഷ്യൻ ഒരിക്കലും സംതൃപ്തനാകുന്നില്ല

സംതൃപ്തി saMtRpti *(nn)*, contentment; അയാൾക്ക് തന്റെ ജീവിതത്തിൽ സംതൃപ്തി തോന്നി

സംബന്ധം sambandhaM *(nn)*, marriage; അയാൾ ഒരു സംബന്ധം ചെയ്തു

സംബന്ധം SaMbandhaM *(nn)*, relation; അയാളുടെ സംബന്ധത്തിൽപ്പെട്ട ഒരു സ്ത്രീയാണത്

സംബന്ധിക്ക് saMbandhikkə *(vi)*, participate; ഞാൻ അയാളുടെ വിവാഹത്തിനു സംബന്ധിച്ചു

സംഭരിക്ക് saMbharikkə *(vi)*, pile up; ഇവിടെ ധാന്യങ്ങൾ സംഭരിച്ചു വയ്ക്കുന്നു

സംഭവം saMbhavaM *(nn)*, incident; ആ സംഭവം നടക്കുമ്പോൾ അവിടെ വേറെ ആരും ഇല്ലായിരുന്നു

സംഭവം saMbhavaM *(nn)*, incident; ആ സംഭവം നടന്നു അര മണിക്കൂർ കഴിഞ്ഞാണ് അയാൾ പോയത്

സംഭവിക്ക് saMbhavikkə *(vi)*, happen; അങ്ങനെ സംഭവിച്ചത് ആരുടേയും കുറ്റം കൊണ്ടല്ല

സംഭാവ്യം saMbhaavyaM *(nn)*, possibility of happening; അത് തികച്ചും സംഭാവ്യമാണ്

സംഭാവന saMbhaavana *(nn)*, contribution; അയാൾ അവൾക്കു സംഭാവന നൽകിയില്ല

സംഭാവ്യത saMbhaavyata *(nn)*, probability of happening; അതിന്റെ സംഭാവ്യത അയാൾ ചോദ്യം ചെയ്തു

സംഭാഷണം saMbhaa$aNaM *(nn)*, conversation; അവർ സംഭാഷണത്തിൽ ഏർപ്പെട്ടു

സംഭോഗം saMbhoogaM *(nn)*, sexual intercourse; അവർ സംഭോഗത്തിൽ ഏർപ്പെട്ടു

സംഭ്രമം saMbhRamaM *(nn)*, fear; അവന് സംഭ്രമം തോന്നി

സംഭ്രമിക്ക് saMbhRamikkə *(vi)*, be confused; അവൾ വല്ലാതെ സംഭ്രമിക്കുന്നു

സംഭ്രാന്തി saMbhRaanti *(nn)*, fear; അയാൾക്ക് സംഭ്രാന്തി തോന്നി

സംയമനം saMyamanaM *(nn)*, restraining; അവർ സംയമനം പാലിച്ചു

സംയുക്ത saMyukta *(adj)*, joint; സംയുക്തമായ ഒരു സംരംഭമാണ്

സംയോജനം saMyoojanaM *(nn)*, mixing; ആ പദാർത്ഥങ്ങളുടെ സംയോജനം മൂലം അതു സംഭവിച്ചു

സംരംഭം saMraMbhaM *(nn)*, enterprise; അവിടെ ഒരു ഫാക്ടറി തുടങ്ങുന്ന സംരംഭം പൊളിഞ്ഞു

സംരക്ഷകൻ saMrak$akan *(nn)*, protector; ദൈവം നമ്മുടെ സംരക്ഷകനാണെന്ന് നമ്മൾ വിശ്വസിക്കുന്നു

സംരക്ഷണം saMrak$aNaM *(nn)*, protection; അയാൾക്ക് സംരക്ഷണം വേണമെന്ന് ആവശ്യപ്പെട്ടു

സംരക്ഷിക്ക് saMrak$ikkə *(vt)*, protect; വന്യമൃഗങ്ങളെ ഇവിടെ സംരക്ഷിക്കുന്നു

സംരക്ഷിക്ക് saMrak$ikkə *(vt)*, preserve; നമ്മുടെ രാജ്യത്തിലുള്ള പൈതൃക വസ്തുക്കൾ സംരക്ഷിക്കുന്നു

സംവരണം saMvaraNaM *(nn)*, reservation; സംവരണം തുടരാൻ കഴിഞ്ഞില്ല

സംവാദം saMvaadaM *(nn)*, discussion; അവൻ സംവാദത്തിൽ ഏർപ്പെട്ടു

സംവിധാനം saMvidhaanaM *(nn)*, direction; ഭരതൻ എന്ന ചിത്രകാരൻ കാഞ്ചനസീത സംവിധാനം ചെയ്തു

സംശയം saMSayaM *(nn)*, suspicion; അയാൾക്ക് അത്തരമൊരു സംശയം തോന്നി

സംശയാസ്പദമായ saMSayaaspadamaaya *(adj)*, suspicious; സംശയാസ്പദമായ സാഹചര്യത്തിൽ രണ്ടുപേർ പിടിക്കപ്പെട്ടു

സംശയിക്ക് saMSayikkə *(vt)*, hesitate; ഭാര്യക്കു ഭർത്താവിനെ വല്ലാത്ത സംശയമായിരുന്നു

സംസാരം saMsaaraM *(nn)*, speech; അയാളുടെ സംസാരം എനിക്കു പിടിച്ചില്ല

സംസാരിക്ക് saMsaarikkə *(vi)*, speak; അവൾ എപ്പോഴും സംസാരിക്കുന്നു

സംസ്കൃതം saMskRtaM *(nn),* sanskrit language; അയാൾ സംസ്കൃതം പഠിച്ചു

സംസ്കൃതി saMskRti *(nn),* culture; അയാൾക്ക് സംസ്കൃതിയെപ്പറ്റി അറിയില്ല

സംസ്ക്കാരം saMskkaaraM *(nn),* culture; സംസ്ക്കാരമില്ലാത്ത ജനതയുണ്ടോ?

സംസ്ക്കാരം saMskkaaraM *(nn),* burial; ശവസംസ്ക്കാരം കഴിഞ്ഞ് ഞങ്ങൾ മടങ്ങി

സംസ്ഥാനം saMsthaanaM *(nn),* state; അയാൾ തന്റെ സംസ്ഥാനം വിട്ടു

സംഹരണം saMharaNaM *(nn),* destroying; മൃഗങ്ങളുടെ സംഹരണം മൃഗീയമാണ്

സംഹാരം saMhaaraM *(nn),* annihilation; സംഹാരം പാപമാണ്

സങ്കടപ്പെട് saṇkaTappeTə *(vi),* grieve; അതുസാരമില്ലല്ലോ, എന്തിനിങ്ങനെ സങ്കടപ്പെടുന്നു?

സങ്കീർണ്ണമായ saṇkiiRNNamaaya *(adj),* complicated; വളരെ സങ്കീർണ്ണമായ ഒരു പ്രശ്നമാണ് അവളുടേത്

സങ്കേതം saṇkeetaM *(nn),* shelter; ഒരു സങ്കേതത്തിൽ അവർ ഒളിച്ചിരുന്നു.

സഞ്ചാരി sa~caari *(nn),* traveller; ഫാഹിയാൻ ചീനയിൽ നിന്നു വന്ന ഒരു സഞ്ചാരിയായിരുന്നു

സഞ്ചി sa~ci *(nn),* bag; സഞ്ചി നിറയെ പഴങ്ങൾ ഉണ്ട്

സത്ത് sattə *(nn),* essence; മുന്തിരിയുടെ സത്തെടുത്ത് മരുന്നായി ഉപയോഗിക്കുന്നു

സത്യം satyaM *(nn),* truth; സത്യം പറയുന്നതുകൊണ്ട് ദോഷമൊന്നും വരാനില്ല

സത്യസന്ധമായി satyasandhamaayi *(adv),* truthfully; സത്യസന്ധമായി ജീവിക്കുന്ന ഒരു മനുഷ്യനാണ് അയാൾ

സധൈര്യം sadhaiRyaM *(nn),* firmness; അയാൾ സധൈര്യം പ്രശ്നങ്ങളെ നേരിടുന്നു

സദുപദേശം sadupadeeSaM *(nn),* good advice; സദുപദേശം ഉപയോഗിച്ച് അയാൾ കാര്യങ്ങൾ നേടി

സദ്യ sadya *(nn),* feast; കല്യാണത്തിന് സദ്യ വളമ്പി

സന്തത santata *(adj),* incessant; സന്തത പരമ്പരയായി അവർ കച്ചവടക്കാരാണ്

സന്തതി santati *(nn),* off spring; അയാളുടെ ഗുണം സന്തതിയിലും കാണുമായിരിക്കും

സന്താനം santaanaM *(nn),* offspring; അവർക്ക് സന്താനങ്ങൾ ഉണ്ടായിരുന്നില്ല

സന്താപം santaapaM *(nn),* sorrow; കുട്ടി മരിച്ചപ്പോഴുള്ള സന്താപം തീർക്കാൻ എല്ലാവരും ഒത്തുചേർന്നു

സന്തുഷ്ടമായ santu$Tamaaya *(adj),* gratified; സന്തുഷ്ടമായ കുടുംബജീവിതം അയാൾ ആഗ്രഹിച്ചു

സന്തുഷ്ടി santu$Ti *(nn),* contentment; അയാൾക്ക് ജീവിതത്തിൽ സന്തുഷ്ടി കിട്ടിയില്ല

സന്തോഷം santoo$aM *(nn),* pleasure; കുട്ടിക്ക് സന്തോഷം തോന്നുന്നു

സന്തോഷമുള്ള santoo$amuLLa *(adj),* happy; സന്തോഷമുള്ള കാര്യങ്ങൾ കേൾക്കാൻ എല്ലാവർക്കും താൽപര്യം തന്നെ

സന്തോഷിക്ക് santoo$ikkə *(vb),* rejoice; ഇത് സന്തോഷിക്കാനുള്ള അവസരമല്ല

സന്ദർഭം sandaRbhaM *(nn),* occasion; സന്ദർഭങ്ങൾ ശരിക്കും വിനിയോഗിക്കണം

സന്ദർശനം sandaRSanaM *(nn),* visit; പ്രസിഡണ്ടിന്റെ സന്ദർശനം വരുന്ന ദിവസങ്ങളിൽ ഉണ്ടാകും

സന്ദർശിക്ക് sandaRSikkə *(vt),* visit; വിനോദസഞ്ചാരികൾ കേരളം സന്ദർശിക്കുന്നു

സന്ദിഗ്ദ്ധ sandigddha *(adj),* critical; സന്ദിഗ്ദ്ധ ഘട്ടങ്ങളിൽ അയാൾ സഹായിക്കാൻ എത്തി

സന്ദേശം sandeeSaM *(nn),* message; യക്ഷൻ മേഘത്തോട് സന്ദേശം പറഞ്ഞു കൊടുത്തു

സന്ദേഹം sandeehaM *(nn),* doubt; അയാൾക്ക് അക്കാര്യത്തിൽ സന്ദേഹം തോന്നി

സന്ധി sandhi *(nn),* conjunction; ഏതോ ഒരു സന്ധിയിൽ ഞങ്ങൾ കണ്ടുമുട്ടി

സന്ധിക്ക് sandhikkə *(vi),* meet; അവർ തമ്മിൽ വീണ്ടും സന്ധിച്ചു

സന്ധ്യ sandhya *(nn),* evening; സന്ധ്യയായി വിളക്കുവച്ചു

സന്നദ്ധ sannaddha *(adj),* voluntary; സന്നദ്ധ സംഘടനകൾ ഇപ്പോൾ കുറവാണ്

സന്നദ്ധഭടൻ sannaddhabhaTan *(nn,comp),* volunteer; അയാൾ ഒരു സന്നദ്ധഭടനാണ്

സന്നദ്ധസൈന്യം sannaddhasainyaM *(nn,comp),* volunteer corps; അയാൾ ഒരു സന്നദ്ധസൈന്യം രൂപീകരിച്ചു

സന്നാഹം sannaahaM *(nn),* prepartion for war; യുദ്ധത്തിനു വേണ്ട സന്നാഹങ്ങൾ പൂർത്തിയായി

സന്നിധാനം sannidhaanaM *(nn),* nearness; അയാൾ ഈശ്വരന്റെ സന്നിധാനത്തിൽ വന്നു

സന്നിധി sannidhi *(nn)*, proximity; ദൈവത്തിൻ സന്നിധിയിൽ എല്ലാവരും ഒരു പോലെയാണ്

സന്നിനായകം sanninaayakaM *(nn)*, ayurvedic medicine; അമ്മ സന്നിനായകം പുരട്ടി

സമ്പർക്കം sambaRkkaM *(vt)*, contact; കമ്പിയില്ലാ കമ്പി വഴി നമ്മൾ സമ്പർക്കം പുലർത്തി

സമ്പാദിക്ക് sambaadikkə *(vt)*, earn; അയാൾ കുറേ പണം സമ്പാദിക്കുന്നു

സമ്പ്രദായം sambRdaayaM *(nn)*, tradition; കുഗ്രമങ്ങളിൽ താമസിക്കുന്നവർ പഴയ സമ്പ്രദായങ്ങൾ വിട്ട് ജീവിക്കുന്നില്ല

സന്മാർഗ്ഗം sanmaaRggaM *(nn,comp)*, good path; അവർ സന്മാർഗ്ഗത്തിൽ ചരിച്ചു

സന്ന്യാസം sanyaasaM *(nn)*, asceticism; അയാൾ സന്ന്യാസം വരിച്ചു

സന്ന്യാസി sanyaasi *(nn)*, ascetic; അയാൾ ഒരു സന്ന്യാസിയായി ജീവിക്കാൻ തീരുമാനിച്ചു

സപ്ത sapta *(adj)*, pertaining to the number seven; സപ്തപദികൾ പാടി

സപ്തതി saptati *(nn)*, seventy; അയാളുടെ സപ്തതി ആഘോഷിച്ചു

സഭ sabha *(nn)*, assembly; അയാൾ സഭയിൽ പ്രവേശിച്ചു

സഭ്യ sabya *(adj, pfx)*, decent; അവൻ സഭ്യമായ വാക്കുകളേ പറയൂ

സഭ്യത sabhyata *(nn)*, decency; സഭ്യതയില്ലാത്ത സംസാരം കൊണ്ട് അവൻ ചീത്തപ്പേര് സമ്പാദിച്ചു

സമം samaM *(nn)*, equality; ആ പ്രവൃത്തികൾ സമമാണ്

സമകാലിക samakaalika *(adj)*, contemporary; സമകാലികമായ ഒരു കവിതയാണത്

സമക്ഷം samak$aM *(nn)*, infront of; അയാൾ മന്ത്രിസമക്ഷം നിവേദനം സമർപ്പിച്ചു

സമഗ്രമായ samagRamaaya *(adj)*, complete; സമഗ്രമായ ഒരു ദർശനമാണ് നമുക്കാവശ്യം

സമചതുരം samacaturaM *(nn)*, quardilateral with equal angles; ഒരു സമചതുരത്തിന്റെ വശങ്ങളുടെ നീളം തുല്യമായിരിക്കും

സമചിത്തത samacittata *(nn)*, evenmindedness; അയാൾക്ക് സമചിത്തത നഷ്ടപ്പെട്ടു

സമഞ്ജസ samajjasa *(adj)*, proper; വളരെ സമഞ്ജസമായ ഒരഭിപ്രായം പറഞ്ഞു

സാ മട്ട് saa maTTə *(nn)*, in a slow manner; അയാൾ സാ മട്ടിൽ എഴുതുന്നു

സമന്വയം samanvayaM *(nn)*, mutal relation; സംസ്കാരങ്ങളുടെ സമന്വയം ജനങ്ങളെ ഇണക്കുന്നു

സമന്വയിക്ക് samanvayikkə *(vt)*, join; രണ്ട് സംസ്ക്കാരങ്ങൾ തമ്മിൽ സമന്വയിക്കുന്നു

സമയം samayaM *(nn)*, time; അയാൾ സമയത്തെപ്പറ്റി ബോധവനായിരുന്നില്ല

സമയംഎന്തായി samyaMentaayi *(in)*, what time is it; സമയംഎന്തായി

സമരം samaraM *(nn)*, strike; അവർ സമരം ചെയ്തു

സമർത്ഥമായ samaRtthaMaaya *(adj)*, skilful; സമർത്ഥമായ മറുപടി

സമർപ്പണം samaRppaNaM *(nn)*, dedication; അയാൾ പുസ്തകം അച്ഛനു സമർപ്പണം ചെയ്തു

സമർപ്പിക്ക് samaRppikkə *(vt)*, dedicate completely; അവൾ പുസ്തകം അയാൾക്കു സമർപ്പിച്ചു

സമതലം samatalaM *(nn)*, plain; സമതലത്തിൽ നെൽകൃഷി ചെയ്യുന്നു

സമഷ്ടി sama$Ti *(nn)*, multitude of all; അയാൾ ഒരു സമഷ്ടിവാദിയാണ്

സമസ്തം samastaM *(nn)*, whole; ലോകാ സമസ്താ സുഖിനോ ഭവന്തു

സമസ്യ samasya *(nn)*, problem; അത് ഒരു സമസ്യയാണ്.

സമാജം samaajaM *(nn)*, association; അവർ കേരളസമാജത്തിലേക്കു പോയി

സമാദരിക്ക് samaadarikkə *(vt)*, respect; ഞങ്ങൾ കഴിഞ്ഞ പരിപാടിയിൽ ദേശീയ അവാർഡ് നേടിയ അധ്യാപികയെ സമാദരിച്ചു

സമാധാനം samaadhaanaM *(nn)*, mental peace; അയാൾ സമാധാനം ആഗ്രഹിച്ചു

സമാധി smaadhi *(nn)*, death of a holy person; സ്വാമി സമാധിയടഞ്ഞു

സമാധി smaadhi *(nn)*, tomb of a venerable person; വള്ളത്തോളിന്റെ സമാധിയിൽ പുഷ്പങ്ങൾ അർപ്പിച്ചു

സമാന samaana *(adj)*, equal; സമാനമായ ഹൃദയമുള്ളവർ സുഹൃത്തുക്കളാണ്

സമാന്തര samaantara *(adj)*, parallel; സമാന്തരമായ പാളങ്ങൾ ഒരിക്കലും മുട്ടുന്നില്ല

സമാശ്രയിക്ക് samaanSRayikkə *(vt)*, depend upon; ജനങ്ങൾ രാഷ്ട്രീയക്കാരെ സമാശ്രയിക്കുന്നു

സമാപിക്ക് samaapikkə *(vi)*, end; ആ യോഗം സമാപിച്ചു

സമാപ്തി samaapti *(nn),* end; ആ യോഗത്തിന്റെ സമാപ്തിക്ക് ശേഷം ജനങ്ങൾ കൈയ്യടിച്ചു

സമാവേശിക്ക് samaaveeSikkə *(vi),* enter; ആ വിഗ്രഹം ക്ഷേത്രത്തിലേക്ക് സമാവേശിച്ചു

സമാശ്വസിക്ക് samaaSvasikkə *(vi),* console oneself; അയാൾ എല്ലാം കേട്ട് സമാശ്വസിച്ചു

സമാശ്വസിപ്പിക്ക് samaasvasippikkə *(vt),* console somebody; പെട്ടെന്ന് ധനനഷ്ടമുണ്ടായ സുഹൃത്തിനെ പറഞ്ഞ് സമാശ്വസിപ്പിച്ചു

സമാസം samaasaM *(nn),* formation of compound words; അത് തൽപുരുഷ സമാസമാണ്

സമാസിക്ക് samaasikkə *(vt),* form a compound; രണ്ടു പദങ്ങൾ സമാസിച്ചു

സമാഹരിക്ക് samaaharikkə *(vt),* gather together; അവർ ഒ . എൻ . വി കുറുപ്പിന്റെ കവിതകൾ സമാഹരിച്ചു

സമിതി samiti *(nn),* organisation; അവർ ഒരു സമിതി രൂപീകരിച്ചു

സമീകരണം samiikaraNaM *(nn),* equalisation; രാസവസ്തുക്കളുടെ സമീകരണത്തിലൂടെ അനുപാതം നിയന്ത്രിച്ചു

സമീക്ഷ samiik$a *(nn),* thorough investigation; അയാൾ ആ കേസിന്റെ പൂർണ്ണ സമീക്ഷ നടത്തി

സമീപ samiipa *(adj, pfx),* proximiate; സമീപപ്രദേശങ്ങളിൽ നിന്നു വന്നവർ അവിടെ അണിനിരന്നു

സമീപനം samiipanaM *(nn),* approach; അയാളുടെ സമീപനം എനിക്കിഷ്ടമായില്ല

സമീപിക്ക് samiipikkə *(vt),* approach; അയാൾ ആ വീടിനെ സമീപിച്ചു

സമുചിതമായ samucitamaaya *(adj),* proper; അവൻ സമുചിതമായ മറുപടി പറഞ്ഞു

സമുദായം samudaayaM *(nn),* community; അയാൾ സമുദായത്തോട് ഏറ്റുമുട്ടി

സമുദായിക samudaayika *(adj),* pertaining to community; സാമുദായിക കാര്യങ്ങളിൽ അയാൾ ശ്രദ്ധിച്ചില്ല

സമുദ്രം samudRa *(nn),* ocean; ആ സമുദ്രം നിറയെ മുത്തുകളായിരുന്നു

സമൂഹം samuuhaM *(nn),* society; സമൂഹത്തോടുള്ള കടപ്പാട് തീർക്കാൻ അവൻ പലതും ചെയ്തു

സമൃദ്ധ samRddha *(adj),* abundant; വളരെ സമൃദ്ധമായ മുടിയുടെ ഉടമയാണവൾ

സമൃദ്ധമായ samRəddhamaaya *(adj),* rich; സമൃദ്ധമായ അറിവിന്റെ ഉത്തമ ഉദാഹരണമായിരുന്നു അദ്ദേഹം

സമൃദ്ധി samRddhi *(nn),* plenty; സമൃദ്ധിയുടെ നാളുകൾ കഴിഞ്ഞു

സമേതം sameetaM *(in),* accompanied by; അയാൾ കുടുംബസമേതം പുറപ്പെട്ടു

സമ്മതം sammtaM *(nn),* consent; അയാൾക്ക് സമ്മതം കിട്ടിയില്ല

സമ്മർദ്ദം sammaRddhaM *(nn),* pressure; രക്തസമ്മർദ്ദംകൊണ്ട് അയാൾ കഷ്ടപ്പെട്ടു

സമ്മാനം sammaanaM *(nn),* prize; യൂത്ത് ഫെസ്റ്റിവലിന് കോഴിക്കോട് ജില്ലയ്ക്ക് ഒന്നാം സമ്മാനം കിട്ടി

സമ്മാനം sammaanaM *(nn),* present; പിറന്നാളിന് അമ്മാവൻ എനിക്ക് ഒരു സമ്മാനം തന്നു

സമ്മാനിക്ക് sammaanikkə *(vt),* present; ഞാൻ അവന് ഒരു പുസ്തകം സമ്മാനിച്ചു

സമ്മിശ്ര sammisRa *(adj),* mixed up with; കോടതിവിധിയ്ക്ക് ശേഷം സമ്മിശ്രമായ പ്രതികരണങ്ങൾ ഉണ്ടായി

സമ്മേളനം sammeeLanaM *(nn),* union meeting; അയാൾ ഒരു സമ്മേളനത്തിനു പുറപ്പെട്ടു

സമ്മേളിക്ക് sammeeLikkə *(vt),* assemble; അവർ അവിടെ സമ്മേളിച്ചു

സരണി saraNi *(nn),* path; സാഹിത്യത്തിന്റെ വിവിധ സരണിയിലൂടെ സഞ്ചരിച്ചാൽ നമ്മൾക്ക് പലതും മനസ്സിലാക്കാം

സരസ് sarasə *(nn),* large pool; കാശ്മീരിലെ സരസ്സുകളിൽ ബോട്ട് യാത്ര ചെയ്യാം

സരോജം saroojaM *(nn),* lotus; തടാകത്തിൽ സരോജം പൊട്ടി വിടർന്നു നിൽക്കുന്നു

സരോവരം sarittə *(nn),* pond; ഞങ്ങൾ നൈനിത്താലിലെ സരോവരത്തിലൂടെ യാത്ര ചെയ്തു

സർക്കാർ saRkkaaR *(nn),* government; സർക്കാർകാര്യം മുറപോലെ

സർക്കാർ ആഫീസ് saRkkaaRaaphiisə *(nn),* government office; സർക്കാർ ആഫീസുകൾ ഇന്നു തുറക്കില്ല

സർഗ്ഗം saRggaM *(nn),* canto; ഭാഗവതത്തിൽ പന്ത്രണ്ട് സർഗ്ഗങ്ങൾ ഉണ്ട്

സർപ്പം saRppaM *(nn),* serpent; സർപ്പം കൊത്തി കുട്ടി മരിച്ചു

സർവ്വ saRvva *(adj),* whole; സർവ്വാഭരണങ്ങളും അവൾ അണിഞ്ഞു

സർവ്വകലാശാല saRvvakalaaSaala *(nn),* university; സർവ്വകലാശാലയുടെ വൈസ്.ചാൻസലർ ഉദ്ഘാടനം ചെയ്തു

സർവ്വജ്ഞൻ saRvvaj~an *(nn),* omniscient; ഡോ.എസ്.രാധാകൃഷ്ണൻ തത്ത്വശാസ്ത്രത്തിൽ സർവ്വജ്ഞൻ ആയിരുന്നു

സർവ്വത്ര saRvvatRa *(adv),* every where; വെള്ളം വെള്ളം സർവ്വത്ര വെള്ളം എന്നു പറയാം, പക്ഷെ കുടിക്കാൻ ഒരു തുള്ളിയില്ല

സർവ്വസംഗപരിത്യാഗി saRvvasaMgaparityaagi *(nn),* quietist; അയാൾ ഒരു സർവ്വസംഗപരിത്യാഗിയാണ്

സർവ്വസ്വം saRvvasvaM *(nn),* whole; അവളുടെ ആഭരണങ്ങൾ സർവ്വസ്വം പണയം വച്ചു

സർവ്വാധികാരി saRvvaadhikaari *(nn),* monarch; അയാൾ ഒരു സർവ്വാധികാരിയെപ്പോലെ പെരുമാറി

സർവ്വാധിപത്യം saRvvaadhipatyaM *(nn),* supreme power; അയാളുടെ സർവ്വാധിപത്യം ആരും അംഗീകരിച്ചില്ല

സലാം salaaM *(nn),* gesture of salutation; അതിർത്തി കാക്കുന്ന പട്ടാളക്കാർ സലാം ചെയ്ത് ഗേറ്റടച്ചു

സവാരി savaari *(nn),* riding; അയാൾ കുതിരപ്പുറത്ത് സവാരി ചെയ്തു

സഹ saha *(adj, pfx),* co; സഹമന്ത്രിമാരോട് മുഖ്യൻ അഭിപ്രായം ചോദിച്ചു

സഹകരണം sahakaraNaM *(nn),* co-operation; സഹകരണം അത്യാവശ്യമാണ്

സഹകരണസംഘം sahakaraNasaMghaM *(nn,comp),* co-operative society; സഹകരണ സംഘങ്ങൾ പലതും പൊളിഞ്ഞു

സഹകരിക്ക് sahakarikkə *(vi),* co-operate; അവർ തമ്മിൽ സഹകരിക്കാൻ തയ്യാറായി

സഹതപിക്ക് sahatapikkə *(vt),* sympathize; അയാളുടെ പാപ്പരത്തമോർത്ത് നമുക്ക് സഹതപിക്കാം

സഹതാപം sahataapaM *(nn),* symphathy; അയാളുടെ ദയനീയ സ്ഥിതി കണ്ട് സഹതാപം തോന്നി

സഹധർമ്മിണി sahadhaRmmiNi *(nn),* wife; അയാളുടെ സഹധർമ്മിണിയ്ക്ക് ഒരു പുതിയ ജോലി കിട്ടി

സഹനീയ sahaniiya *(adj),* sufferable; വളരെ സഹനീയമായ ഒരു സംഭവമാണത്

സഹപാഠി sahapaaThi *(nn),* class mate; അയാൾ എന്റെ സഹപാഠിയാണ്

സഹവർത്തിത്വം sahavaRttitvaM *(nn)*, co-existence; ജനങ്ങൾ സഹവർത്തിത്വത്തിന് പഠിക്കണം

സഹവസിക്ക് sahavasikkə *(vi)*, live with; ഇവിടെ സഹവസിക്കുന്ന ജനങ്ങൾ മനുഷ്യ സ്നേഹികൾ ആണ്

സഹവാസം sahavaasaM *(nn)*, living together; അവർ ഇവിടെ സഹവാസം ചെയ്യുന്നു

സഹായം sahaayaM *(nn)*, aid; അയാളുടെ സഹായം ആരും ചോദിച്ചില്ല

സഹായിക്ക് sahaayikkə *(vt)*, help; അദ്ദേഹം എല്ലാവരേയും സഹായിക്കുന്നു

സഹിക്ക് sahikkə *(vi)*, suffer; മനുഷ്യൻ എല്ലാ കഷ്ടപ്പാടുകളും സഹിക്കുന്നു

സഹിത sahita *(nn)*, accompained by; മന്ത്രി സഹിതം എത്തിയ പത്രക്കാർ റിപ്പോർട്ട് എഴുതി

സഹൃദയ sahRdaya *(adj)*, person with literary sensibility; അയാൾ സഹൃദയനായ ഒരു കലാകാരനാണ്

സഹോദരൻ sahoodaran *(nn)*, brother; എന്റെ സഹോദരൻ അധ്യാപകനാണ്

സഹോദരി sahoodari *(nn)*, sister; ഇവൾ എന്റെ സഹോദരിയാണ്

സാംക്രമിക saaMkRamika *(adj)*, contagious; സാംക്രമിക രോഗം പെട്ടെന്നു പടർന്നു പിടിച്ചു

സാംസ്ക്കാരിക saaMskkaarika *(adj)*, cultural; സാംസ്ക്കാരിക കാര്യങ്ങളിൽ അയാൾ ശ്രദ്ധിച്ചു

സാകൂതം saakutaM *(adv)*, diligently; അവൾ ആ കുട്ടിയെ സാകൂതം നോക്കി

സാക്ഷര saak$ara *(adj)*, literate; സാക്ഷരകേരളം സുന്ദരകേരളം

സാക്ഷി saak$i *(nn)*, witness; സാക്ഷി വന്നില്ല വാദം നടന്നില്ല

സാഗരം saagaraM *(nn)*, ocean; ഇൻഡ്യയുടെ തെക്കേ അറ്റത്താണ് ഹിന്ദുമഹാസാഗരം

സാങ്കല്പിക saaṇkalpika *(adj)*, imaginary; സാങ്കല്പികമായ ഒരു ദ്വീപാണത്

സാങ്കേതിക saaṇkeetika *(adj)*, technical; സാങ്കേതിക വികസനത്തിലൂടെ രാജ്യം പുരോഗമിച്ചു

സാജാത്യം saajaatyaM *(nn)*, similarity; അവർ തമ്മിൽ സാജാത്യമുണ്ടായിരുന്നു

സാത്ത്വിക saattvika *(adj)*, possessing the attribute of satva; സാത്ത്വികഗുണമുള്ളവർ പൊതുവേ ശാന്തസ്വഭാവക്കാരാണ്

സാദരം saadaraM *(adv)*, respectfully; അയാൾ സാദരം വണങ്ങി

സാധനം sadhanaM *(nn)*, thing; അവൻ സാധനങ്ങൾ വാങ്ങുവാൻ കടയിൽപോയി

സാധനം sadhanaM *(nn)*, article; എന്തെല്ലാം സാധനങ്ങൾ ആണ് അയാൾ വാങ്ങിക്കൂട്ടിയിരിക്കുന്നത്

സാധാരണ sadharaNa *(adj)*, ordinary; സാധാരണ ബസ്സിലാണ് ഞാൻ പോയത്

സാധാരണമായ saadhaaraNamaaya *(adj)*, normal; വളരെ സാധാരണമായ കാര്യങ്ങളാണ് ഞാൻ പറയാറുള്ളത്

സാധിക്ക് saadhikkə *(vt)*, accomplish; അയാൾക്ക് ഒന്നും സാധിച്ചില്ല

സാധിക്ക് saadhikkə *(vi)*, possible; എനിക്ക് അതു ചെയ്യാൻ സാധിക്കില്ല

സാധിക്ക് saadhikkə *(vi)*, can; എനിക്ക് കന്നഡ സംസാരിക്കാൻ സാധിക്കും

സാധു saadhu *(nn)*, innocent person; അയാൾ ഒരു സാധുവാണ്

സാധു saadhu *(nn)*, saint; അയാൾ അലഞ്ഞു നടക്കുന്ന ഒരു സാധുവാണ്

സാധ്യ saadhya *(adj)*, possible; സാധ്യമായ എല്ലാം അവർ പരിശോധിച്ചു

സാന്ത്വനം saantvanaM *(vt)*, console; അച്ഛനമ്മമാരെ നഷ്ടപ്പെട്ട കുട്ടിയെ സാന്ത്വനപ്പെടുത്തി

സാന്ദ്രത saandRata *(nn)*, density; ജലത്തിനേക്കാൾ സാന്ദ്രത കൂടിയ ദ്രാവകം ഏതാണ്

സാന്നിദ്ധ്യം saanniddhyaM *(nn)*, presence; അയാളുടെ സാന്നിദ്ധ്യം അവർക്ക് ഇഷ്ടപ്പെട്ടില്ല

സാമ്പത്തിക saambattika *(adj)*, financial; സാമ്പത്തിക രംഗത്ത് മാന്ദ്യം അനുഭവപ്പെട്ടു

സാഫല്യം saaphalyaM *(nn)*, fruitfulness; അവാർഡ് കിട്ടിയപ്പോൾ അവൾക്ക് ജന്മസാഫല്യം കിട്ടിയതു പോലെ തോന്നി

സാമഗ്രി saamagRi *(nn)*, material; അയാൾ എല്ലാസാമഗ്രികളും തയ്യാറാക്കിവച്ചു

സാമാർഥ്യം saamaRtthyaM *(nn)*, skill; അയാളുടെ സാമാർഥ്യം കൊണ്ട് ജീവൻ രക്ഷപ്പെട്ടു

സാമാനം saamaanaM *(nn)*, goods; അയാൾ വീട്ടിനു വേണ്ടിയുള്ള സാമാനങ്ങൾ വാങ്ങി

സാമാന്യ saamaanya *(adj)*, common; അദ്ദേഹം സാമാന്യ ജനങ്ങൾക്കിടയിൽ ജീവിക്കുന്നു

സാമീപ്യം maamiipyaM *(nn)*, state of being near; അവളുടെ സാമീപ്യം പോലും വെറുപ്പുളവാക്കുന്നു

സാമൂഹ്യ saamuuhya *(adj),* social; സാമൂഹ്യ ജീവിയാണ് മനുഷ്യൻ

സാമ്യം saamyaM *(nn),* similarity; ഈ വീടിനോട് സാമ്യമുള്ള വേറെ വീടില്ല

സാമ്രാജ്യം saamRaajyaM *(nn),* empire; അയാൾ സാമ്രാജ്യങ്ങൾ അടക്കി വാണു

സായാഹ്നം saayaahnaM *(nn),* evening; അയാൾ ആ സായാഹ്നം കൂടി ഇവിടെ ചിലവഴിച്ചു

സായുജ്യം saayuujyaM *(nn),* salvation; ജോലി ചെയ്തു തീർന്നപ്പോൾ അയാൾക്ക് സായുജ്യം അടഞ്ഞു

സാരഥി saarathi *(nn),* charioteer; കൃഷ്ണൻ അർജ്ജുനന്റെ സാരഥിയാണ്

സാരമാക്ക് saaramaakkə *(vt),* take or consider seriously; ഇൻഡ്യ പറഞ്ഞതൊന്നും അവർ സാരമാക്കിയില്ല

സാരി saari *(nn),* saree; അവൾ സാരി ഉടുക്കുന്നു

സാരിഉടുക്ക് saariuTukkə *(vi),* wear saree; സീത സാരി ഉടുക്കുന്നു

സാർവ്വ saaRvva *(adj),* general; സാർവ്വലൌകികമായ ചില കാര്യങ്ങളുണ്ട്

സാവധാനം savadhaanaM *(adv),* slowly; വൃദ്ധൻ സാവധാനം നടന്നു

സാവധാനത്തിൽ savdhaanttil *(adv),* gradually; ഇന്ത്യയിൽ സാവധാനത്തിൽ മരണനിരക്ക് കുറഞ്ഞു വരികയാണ്

സാഷ്ടാംഗം saa$TaaMgaM *(adv),* prostratingly; അയാൾ ഈശ്വരനെ സാഷ്ടാംഗം പ്രണമിച്ചു

സാഹചര്യം saahacaryaM *(nn),* circumstance; അയാൾ സാഹചര്യത്തിനനുസരിച്ച് നീങ്ങുന്നു

സാഹസം saahasaM *(nn),* adventure; അയാൾ ഒരു സാഹസം കാട്ടി

സാഹിത്യം sahityaM *(nn),* literature; സാഹിത്യം അയാൾക്കിഷ്ടമാണ്

സാഹിത്യകാരൻ saahithyakaaran *(nn),* writer; സാഹിത്യകാരൻ ദന്ത ഗോപുരവാസിയാകരുത്

സാഹിത്യകാരി sahityakari *(nn),* woman writer; രാജലക്ഷ്മി ഒരു സാഹിത്യകാരിയായിരുന്നു

സിംഹം siMhaM *(nn),* lion; സിംഹം കാട്ടിലെ രാജാവ്

സിംഹാവലോകനം siMhaavalookanaM *(nn),* retrospective view; അയാൾ ഒരു സിംഹാവലോകനം നടത്തി

സിംഹാസനം siMhaasanaM *(nn),* royal throne; രാജാവ് സിംഹാസനത്തിൽ ഇരുന്നു

സിദ്ധ siddha *(adj),* achieved; അയാൾ സിദ്ധമായ ജ്ഞാനം

കൊണ്ട് പല നാട്ടു വൈദ്യങ്ങളും പ്രയോഗിച്ചു

സിദ്ധാന്തം siddhaantaM *(nn)*, theory; അയാൾ ചില സിദ്ധാന്തങ്ങൾ പറഞ്ഞു

സിദ്ധി siddhi *(nn)*, accomplishment; വൈദ്യകല അയാളുടെ പ്രത്യേക സിദ്ധിയാണത്

സിനിമാശാല sinimaaSaala *(nn)*, theatre; സിനിമാശാലയിൽ ഇന്നു പ്രദർശനമില്ല

സിന്ദൂരം sinduuraM *(nn)*, vermilion; അവൾ സിന്ദൂരം തൊട്ടു

സിമന്റ് simanRə *(nn)*, cement; നല്ല സിമന്റുകൊണ്ട് നിർമ്മിച്ചതാണ് ആ പാലം

സിര sira *(nn)*, artery; അയാളുടെ സിരകളിൽ ചുടുരക്തം ഓടുന്നു

സിൽബന്തി silbanti *(nn)*, attender; അയാളുടെ സിൽബന്തിയാണ് അവൻ

സീൽക്കാരം siilkkaaraM *(nn)*, hissing sound; മൂർഖൻ പാമ്പിന്റെ സീൽക്കാരം അവിടെ നിന്നുണ്ടായിരുന്നു

സുകൃതം sukRtaM *(nn)*, virtuous act; അവൾ സുകൃതം ചെയ്തവളാണ്

സുഖംപ്രാപിക്ക്

sukhaMpRaapikkə *(vb)*, recover; അസുഖം മാറി സുഖം പ്രാപിക്കാൻ കുറേ ദിവസങ്ങളെടുത്തു

സുഖകരമായ sukhkakaramaya *(adj)*, pleasant; സുഖകരമായ ആ ഗാനത്തിൽ ഞാൻ ലയിച്ചിരുന്നു

സുഖകരമായ sukhkakaramaya *(adj)*, agreeble; ഇപ്പോൾ ഇവിടെ സുഖകരമായ കാലാവസ്ഥയാണ്

സുഖകരമായ sukhkakaramaya *(adj)*, cosy; അവർ സുഖകരമായ മെത്തയിൽ കിടന്നുറങ്ങി

സുഖക്കേട് sukhakeeTə *(nn)*, illness; അയാൾക്ക് സുഖക്കേട് ബാധിച്ചു

സുഖപ്പെടുത്ത് sukhappeTuttə *(vt)*, cure; അമ്മയുടെ അസുഖം വേഗം സുഖപ്പെടുത്തി

സുഖപ്രദമായ sukhapRadamaaya *(adj)*, comfortable; ഗ്രാമജീവിതം സുഖപ്രദമായതാണ്

സുഗന്ധം sugandhaM *(nn)*, fragrance; പൂവിനു സുഗന്ധമുള്ളത് കൊണ്ട് പൂമ്പാറ്റകൾ ചുറ്റും പറക്കുന്നു

സുദിനം sudinaM *(nn)*, good day; അന്നൊരു സുദിനമായിരുന്നു

സുദീർഘ sudiiRgha *(adj)*, lengthy; സുദീർഘമായ യാത്ര കഴിഞ്ഞു അവർ മടങ്ങിയെത്തി

സുന്ദരം sundaraM *(adj)*, beautiful; സുന്ദരമായ ഒരു ദൃശ്യം കണ്ട് മനസ്സിന് സന്തോഷമായി

സുന്ദരമായ sundaramaaya *(adj),* lovely; അവന് സുന്ദരമായ ഒരു വീടുണ്ട്

സുന്നത്ത് sunnattə *(nn),* circumcision; മുസ്ലീം കുട്ടികൾക്ക് സുന്നത്ത് നടത്താറുണ്ട്

സുപരിചിതമായ supariciitamaaya *(adj),* familiar; എനിക്ക് സുപരിചിതമായ ഒരു സ്ഥലമാണ് കോഴിക്കോട്

സുപ്രഭാതം supRabhaataM *(nn),* good morning; സുപ്രഭാതം പൊട്ടി വിടർന്നു

സുഭിക്ഷം subhi$aM *(nn),* plentitude; അയാളുടെ ജീവിതം സുഭിക്ഷമാണ്

സുമാറ് sumaaRə *(adv),* approximately; സുമാറ് ആറു കിലോ മിറ്റെങ്കിലും നടക്കണം

സുരക്ഷിതമായ surak$itamaaya *(adj),* safe; വളരെ സുരക്ഷിതമായ ഒരു പ്രദേശമാണിത്

സുവർണ്ണ suvaRNNa *(adj),* golden; സുവർണ്ണസ്വപ്നങ്ങൾ അവൾ താലോലിച്ചു

സുഹൃത്ത് suhRttə *(nn),* friend; അവൻ എന്റെ സുഹൃത്താണ്

സൂക്ഷ്മം suuk$maM *(nn),* exactness; ആ കണക്ക് സൂക്ഷ്മമാണ്

സൂക്ഷിക്ക് suuk$ikkə *(vt),* take care of; അയാൾ പണം സൂക്ഷിക്കുന്നു

സൂക്ഷിക്ക് suuk$ikkə *(vt),* be prudent; എല്ലാ കാര്യങ്ങളും അയാൾ ഭദ്രമായി സൂക്ഷിക്കാറുണ്ടായിരുന്നു

സൂക്ഷിക്ക് suuk$ikkə *(vt),* keep; പല കാര്യങ്ങളും രഹസ്യമായി സൂക്ഷിച്ചു

സൂക്ഷിക്ക് suuk$ikkə *(vt),* preserve; അയാൾ സാധനങ്ങളെല്ലാം ഇവിടെ സൂക്ഷിക്കുന്നു

സൂക്ഷ്മ suuk$ma *(adj, pfx),* minute; ആ സ്വർണ്ണാഭരണത്തിന്റെ പണി വളരെ സൂക്ഷ്മമായതാണ്

സൂചന suucana *(nn),* hint; വിജയത്തിന്റെ സൂചനകളൊന്നുമില്ലായിരുന്നു

സൂചന suucana *(nn),* symbol; കറുപ്പ് ദുഃഖത്തിന്റെ സൂചനയാണ്

സൂചി suuci *(nn),* stitching needle; അയാൾ സൂചി കുത്തി

സൂചിപ്പിക്ക് suucippikkə *(vt),* give hint; അയാൾ പലതും സൂചിപ്പിച്ചു

സൂത്രം suutRaM *(nn),* trick; അവിടെ നിന്നും രക്ഷപ്പെടുന്നതിന് പല സൂത്രങ്ങളും ചെയ്തു

സൂത്രശാലിയായ suutRaSaaliyaaya *(adj),* cunning; ഏറ്റവും സൂത്രശാലിയായ മനുഷ്യനാണ് അയാൾ എന്ന് എനിക്കു തീർച്ചയായി

സൂപ്പ് suuppə *(nn)*, soup; അയാൾ സൂപ്പ് കുടിക്കുന്നു

സൂര്യൻ suuRyan *(nn)*, sun; സൂര്യൻ ജ്വലിക്കുന്നു

സൃഷ്ടി sR$Ti *(nn)*, creation; സൃഷ്ടിയുടെ നോവ് അമ്മയ്ക്ക് മാത്രമേ അറിയൂ

സൃഷ്ടാവ് sRə$Taavə *(nn)*, creator; സൃഷ്ടാവ് സൃഷ്ടി നടത്തി

സെന്റു senRə *(nn)*, cent; ഒരു സെന്റു ഭൂമി വേണം

സെപ്തംബർ septaMbaR *(nn)*, september; സെപ്തംബർ മാസത്തിൽ വിവാഹം നടന്നു

സെമിത്തേരി samitteeri *(nn)*, cemetery; സെമിത്തേരിയിൽ ശവം അടക്കി

സേന seena *(nn)*, army; ആ സേന പാളയം വിട്ടു

സേവപിടിക്ക് seevapitikkə *(vt)*, crow catching; അയാൾ സേവപിടിക്കാൻ മിടുക്കനാണ്

സേവനം seevanaM *(nn)*, service; പ്രൈവറ്റ് ആശുപത്രിയിലെ നഴ്സുമാരുടെ സേവനം രോഗികൾക്ക് ആശ്വാസം ഉണ്ടാക്കുന്നു

സേവിക്ക് seevikkə *(vt)*, serve; ഭൃത്യൻ യജമാനനെ സേവിക്കുന്നു

സേവിക്ക് seevikkə *(vt)*, drink; വൈദ്യൻ കൽപിച്ചത് മാതിരി രണ്ടു നേരം മരുന്നു സേവിക്കണം

സേവിക്ക് seevikkə *(vt)*, saving; ബാങ്കിൽ നിക്ഷേപിച്ച്, സേവനപദ്ധതിയിൽ ചേരാം

സൈക്കിൾ saikkiL *(nn)*, bicycle; ഒരു വഴിയാത്രക്കാരനെ സൈക്കിൾ തട്ടിയിട്ടു

സൈദ്ധാന്തിക saiddhaantika *(adj)*, pertaining to doctrine; സൈദ്ധാന്തികമായ കാര്യങ്ങളിൽ അവർ തമ്മിൽ തെറ്റി

സൈനികൻ sainikan *(nn)*, soldier; സൈനികൻ യുദ്ധത്തിൽ ജയിച്ചു

സൈന്യം sainyaM *(nn)*, army; സൈന്യം തോറ്റു മടങ്ങി

സോക്സ് sookəsə *(nn)*, socks; ടോം സോക്സ് ഇടുന്നു

സോദര soodara *(adj)*, born of the same womb; സോദരരേ, നിങ്ങൾ ഒത്തുചേരുവിൻ

സൌകര്യം saukaRyaM *(nn)*, convenience; അയാൾക്ക് വേണ്ട സൌകര്യങ്ങൾ ചെയ്തു കൊടുത്തു

സൌകര്യപ്രദമായ saukryapRadamaaya *(adj)*, convenient; വളരെ സൌകര്യപ്രദമായ ഒരു മുറിയാണിത്.

സൌഖ്യം saukhyaM *(nn)*, happiness; അയാൾക്ക് സൌഖ്യമാണത്രെ

സൌജന്യം saujanyaM *(nn)*, free gift; അവൻ ആരുടേയും സൌജന്യം വാങ്ങാറില്ല

സൌധം saudhaM *(nn)*, large storied buildings; അയാൾ ആ സൌധത്തിൽ താമസിക്കുന്നു

സൌന്ദര്യം saundaRyaM *(nn)*, beauty; സൌന്ദര്യം പെണ്ണിന് മാറ്റുകൂട്ടുന്നു

സൌന്ദര്യം saundaryam *(nn)*, beauty; സൌന്ദര്യം ആത്മനിഷ്ഠമാണ്

സൌഭാഗ്യം saubhaagyaM *(nn)*, fortune; സൌഭാഗ്യം ഇഷ്ടപെടാത്ത ആരുണ്ട്

സൌമനസ്യം saumanasyaM *(nn)*, kind hearterdness; അയാളുടെ സൌമനസ്യം കൊണ്ട് അവിടെ നിന്നു രക്ഷപ്പെട്ടു

സൌഹാർദ്ദം sauhaaRddaM *(nn)*, cordiality; അവർ തമ്മിൽ സൌഹാർദ്ദത്തിൽ ആയിരുന്നു

സൌഹൃദം sauhRdaM *(nn)*, friendly relation; അവരുടെ സൌഹൃദം പൂത്തുലഞ്ഞു

സ്ക്കൂൾ skkooL *(nn)*, school; ഇളയകുട്ടി സ്ക്കൂളിൽ പഠിക്കുന്നു

സ്ഖലനം skhalanaM *(nn)*, exudation; അയാൾക്ക് സ്ഖലനം ഉണ്ടായി

സ്തംഭനം sətaMbhanaM(hRədaya) *(nn)*, stop; ജാഥക്കാർ വന്നപ്പോൾ റോഡ് ഗതാഗതം സ്തംഭനത്തിലായി

സ്തംഭിക്ക് staMbhikkə *(vb)*, stand stupified; അയാൾ ആ ദൃശ്യം കണ്ട് സ്തംഭിച്ച് നിന്നു

സ്തനം stanaM *(nn)*, breast; അവൾക്ക് സ്തനത്തിൽ വേദനയുണ്ടായി

സ്തബ്ധ stabdha *(adj)*, stunned; അയാൾ അതുകേട്ട് സ്തബ്ധനായി നിന്നു പോയി

സ്തുതി stuti *(vt)*, eulogize; അവൻ എപ്പോഴും സ്തുതി പാടുന്നു

സ്തോത്രം stootRaM *(nn)*, hymn; തിരുവമ്പാവയിൽ ശിവനെ പ്രശംസിക്കുന്ന സ്തോത്രങ്ങൾ ഉണ്ട്

സ്ത്രീ stRii *(nn)*, woman; സ്ത്രീ ശക്തിയുടെ പര്യായമാണ്

സ്ഥലം sathalaM *(nn)*, place; ഈ സ്ഥലം എനിക്ക് പരിചയമില്ല

സ്ഥലം sthalaM *(nn)*, ground; ഈ സ്ഥലം വിലയ്ക്കു വാങ്ങാൻ വിചാരിക്കുന്നു

സ്ഥലവാസി sthalavaasi *(nn)*, inhabitant; അയാൾ ഈ സ്ഥലവാസിയാണ്

സ്ഥാനം sthaanaM *(nn)*, place; ഈ സ്ഥാനത്തു നിന്നു ഞാൻ പിന്മാറി

സ്ഥാനം sthaanaM *(nn)*, position; അദ്ദേഹം ഡയറക്ടർ സ്ഥാനത്ത് നിന്ന് ഒഴിഞ്ഞു മാറി

സ്ഥാനംമാറ്റ് sthaanaMmaaRRə *(vt)*, change ones place; സർക്കാർ ഉദ്യോഗസ്ഥന്മാരെ പലരേയും സ്ഥാനം മാറ്റി

സ്ഥാപക sthaapaka *(adj)*, founder; അയാളാണ് ഇതിന്റെ സ്ഥാപക പ്രസിഡണ്ട്

സ്ഥാപനം sthaapanaM *(nn)*, establishment; അയാൾ ആ സ്ഥാപനം ഉൽഘാടനം ചെയ്തു

സ്ഥാപിക്ക് sthaapikkə *(vt)*, establish an institute; അയാൾ ആ സ്ഥാപനം സ്ഥാപിച്ചു

സ്ഥാപിതതാൽപര്യം sthaapittalpaRyaM *(nn,comp)*, vested interest; അവരുടെ സ്ഥാപിതതാൽപര്യങ്ങൾ സംരക്ഷിക്കപ്പെട്ടില്ല

സ്ഥായി sthaayi *(nn)*, permanent ; സ്ഥായിയായ ഗുണം മനുഷ്യനു വേണം

സ്ഥാവര sthaavara *(adj)*, immovable; സ്ഥാവര ജംഗമസ്വത്തുക്കൾ പിടിച്ചെടുത്തു

സ്ഥിതി sthiti *(nn)*, state of existing; അവരുടെ സ്ഥിതി ശോചനീയമാണ്

സ്ഥിരപ്പെടുത്ത് sthirappedutə *(vi)*, make permanent; അയാളെ ജോലിയിൽ സ്ഥിരപ്പെടുത്തി

സ്ഥൂല sthuula *(adj)*, bulky; സ്ഥൂലമായ ഒരു പ്രതിമയാണത്

സ്നാനം snaanaM *(nn)*, bathing; അവൾ സ്നാനം ചെയ്തു

സ്നേഹം sneehaM *(nn)*, affection; സ്നേഹമെന്നത് വിശുദ്ധമായ ഒരു വികാരമാണ്

സ്നേഹിക്ക് sneehikkə *(vt)*, love; തന്നെപ്പോലെ തന്റെ അയൽക്കാരേയും സ്നേഹിക്കുക

സ്നേഹിതൻ sneehitan *(nn)*, friend; അയാൾ എന്റെ സ്നേഹിതനാണ്

സ്പന്ദനം spandanaM *(nn)*, vibration; ഡോക്ടർ ഹൃദയത്തിന്റെ സ്പന്ദനം പരിശോധിച്ചു

സ്പർദ്ധ spaRddha *(nn)*, malice; അവർ തമ്മിലുണ്ടായിരുന്ന സ്പർദ്ധ തീർന്നു

സ്പർശം spaRSaM *(nn)*, sense of touch; കുഷ്ഠരോഗികളുടെ സ്പർശന ശക്തി നശിച്ചു പോകുന്നു

സ്പഷ്ടമാക് spa$Tamaakə *(nn)*, become evident; അയാൾ വരില്ലെന്ന് സ്പഷ്ടമായി

സ്ഫടികം sphaTikaM *(nn)*, glass; സ്ഫടിക പാത്രത്തിൽ മത്സ്യങ്ങൾ ജീവിക്കുന്നു

സ്ഫുട sphuTa *(adj)*, clear; വളരെ സ്ഫുടമായ കൈയ്യക്ഷരത്തിൽ എഴുതി വച്ചു

സ്ഫുരണം sphuraNaM *(nn)*, glittering; ലോഹത്തിന്റെ

സ്ഫുരണം കാരണം മുറിയിൽ പ്രകാശം പരന്നു

സ്ഫോടക sphooTaka *(adj),* explosive; സ്ഫോടക വസ്തുക്കൾ പൊട്ടിത്തെറിച്ചു

സ്മരണ smaraNa *(nn),* memory; അയാൾ സ്മരണകൾ അയവിറക്കി

സ്മരണിക smaraNika *(nn),* souvenir; മഹാകവിയുടെ ഷഷ്ടിപൂർത്തിയോടനുബന്ധിച്ച് ഒരു സ്മരണിക പുറത്തിറക്കി

സ്മാരകം səmarakaM *(adj),* memorial; അവിടെ ഒരു സ്മാരകം പണിതു

സ്മാരകദിനം smaarakadinaM *(nn),* memorial day; രാഷ്ട്രപിതാവിന്റെ ചരമവാർഷികം രക്തസാക്ഷിദിനമായും സ്മാരകദിനമായും ആചരിക്കുന്നു

സ്മിതം smitaM *(nn),* smile; അവളുടെ സ്മിതം മനോഹരം ആണ്

സ്രവിക്ക് sRavikkə *(vi),* flow out; രക്തം സ്രവിക്കുന്നു

സ്വകാര്യം svakaaRyaM *(nn),* secret; അയാൾ ഒരു സ്വകാര്യം പറഞ്ഞു

സ്വച്ഛന്ദ svacchanda *(adj),* unrestrained; സ്വച്ഛന്ദമായ മൃത്യുവിനെ അയാൾ വരിച്ചു

സ്വജനം svajanaM *(nn),* own folk; സ്വജനത്തോട് കൂറുകാണിക്കാത്തവൻ ഉണ്ടോ?

സ്വതന്ത്രമായ svantRamaaya *(adj),* independent; അയാൾ സ്വതന്ത്രമായ ജീവിതം ഇഷ്ടപ്പെടുന്നു

സ്വത്ത് svattə *(nn),* property (movable and Immovable); അയാൾ സ്വത്ത് പണയം വച്ചു

സ്വദേശം svadeeSaM *(nn),* native land; അയാളുടെ സ്വദേശം കേരളമാണ്?

സ്വന്തം svantaM *(nn),* one, s own; ഈ വീട് എന്റെ സ്വന്തം ആണ്

സ്വന്തം svantaM *(nn),* self; സ്വന്തം അമ്മ അടുത്തുള്ളപ്പോൾ കുട്ടി കരയുന്നില്ല

സ്വന്തമാക് svantmaaə *(vi),* become own; ഇപ്പോൾ ആ വീട് അയാൾക്ക് സ്വന്തമായി

സ്വപ്നം svapnaM *(nn),* dream; അവൾ സ്വപ്നം കാണുന്നു

സ്വഭാവം svabhaavaM *(nn),* character; അയാളുടെ സ്വഭാവം എങ്ങിനെയുള്ളതാണെന്നറിയില്ല

സ്വമേധയാ svameedhayaa *(adv),* be ones own free will; അയാൾ സ്വമേധയാ പറഞ്ഞു

സ്വയം svayaM *(nn),* oneself; എല്ലാ കാര്യങ്ങളും സ്വയം ചെയ്യണം

സ്വയംപര്യാപ്തത svayaMparyaaptata *(nn)*, self sufficiency; ആ ഗ്രാമത്തിന് സ്വയം പര്യാപ്തതയില്ല

സ്വയംവരം svayaMvaraM *(nn)*, girl choosing her husband by her own accord; അവളുടെ സ്വയംവരത്തിന് എല്ലാവരും വന്നു

സ്വരം svaraM *(nn)*, sound; അവന്റെ സ്വരം നന്നായിരുന്നു

സ്വരൂപിക്ക് svaruupikkə *(vt)*, collect; അയാൾ പണം സ്വരൂപിക്കുന്നു

സ്വർഗ്ഗം svaRggaM *(nn)*, heaven; സ്വർഗ്ഗവും നരകവും എന്ന ആശയം മനുഷ്യ സൃഷ്ടിയാണ്

സ്വർണ്ണം svaRNNaM *(nn)*, gold; സ്വർണ്ണം വിലപിടിപ്പുള്ള ലോഹമാണ്

സ്വല്പം svalpaM *(adv)*, little; അയാൾ സ്വല്പം മാത്രം സംസാരിക്കുന്നു

സ്വസ്ഥമായി svasthamaayi *(adv)*, peacefully; അയാൾ സ്വസ്ഥമായി ജീവിച്ചു

സ്വാഗതം svaagataM *(nn)*, welcome; അയാൾ സ്വാഗതം പറഞ്ഞു

സ്വാതന്ത്ര്യം svaatantRiyaM *(nn)*, freedom; ജയിൽപുള്ളികൾ സ്വാതന്ത്ര്യം മോഹിച്ചു

സ്വാദ് svaadə *(nn)*, taste; ഭക്ഷണത്തിന് നല്ല സ്വാദുണ്ടായിരുന്നു

സ്വാധീന svaadhiina *(adj)*, influence; അയാളുടെ സ്വാധീനത്തിലുള്ള ആളുകൾ നല്ലവരല്ല

സ്വാധീനം svadhiinaM *(nn)*, influence; ഇംഗ്ലീഷ് കവികളുടെ സ്വാധീനം അയാളുടെ കവിതകളിൽ കാണാം

സ്വാനുഭവം svaanubhavaM *(nn,comp)*, personal experience; സ്വാനുഭവത്തിൽ നിന്നാണ് നാം പലതും പഠിക്കുന്നത്

സ്വാഭാവിക svaabhaavika *(adj)*, natural; സംസാരിക്കാനുള്ള കഴിവ് മനുഷ്യന്റെ സ്വാഭാവികമായ ഒരു ശേഷിയാണ്

സ്വാഭാവികമായ svaabhaavikmaaya *(adj)*, spontaneously; വികാരങ്ങളുടെ സ്വാഭാവികമായ കവിഞ്ഞൊഴുക്കാണ് കവിത

സ്വാഭാവികമായി svaabhaavikamaayi *(adv),* naturally; സ്വാഭാവികമായി ജനങ്ങൾ സന്തോഷം ഇഷ്ടപ്പെടുന്നു

സ്വാഭിപ്രായം svaabhipRaayaM *(nn,comp),* self opinion; സ്വാഭിപ്രായം അയാൾ പറഞ്ഞില്ല

സ്വാമി svaami *(nn),* master; സ്വാമി ഇന്നലെ വന്നു

സ്വായത്തമായ svaayattamaaya *(adj),* self acquired; സ്വായത്തമായ അറിവുകളുടെ വെളിച്ചത്തിൽ അയാൾ പുരോഗമിച്ചു

സ്വാർത്ഥമായ svaaRtthamaaya *(adj),* selfish; സ്വാർത്ഥമായ മനസ്സിന്റെ ഉടമയാണ് അയാൾ

സ്വാസ്ഥ്യം svaasthyaM *(nn),* mental peace; മറ്റുള്ളവരെ ശല്യപ്പെടുത്തിക്കൊണ്ടിരുന്ന അയാൾക്ക് സ്വാസ്ഥ്യം നഷ്ടപ്പെട്ടു

സ്വീകരണം sviikaraNaM *(nn),* reception; അയാൾക്ക് സ്വീകരണം ലഭിച്ചില്ല

സ്വീകരിക്ക് sviikarikkə *(vt),* receive; അദ്ദേഹത്തെ സ്വീകരിക്കാൻ വലിയ ജനക്കൂട്ടമുണ്ടായിരുന്നു

സ്വേച്ഛ sveeccha *(nn),* self will; അയാൾ സ്വേച്ഛമായ പലതും ചെയ്തു

സ്വൈരം svairaM *(adv),* as one likes; മൃഗങ്ങൾ കാട്ടിൽ സ്വൈരം വിഹരിക്കുന്നു

സ്റ്റേഷൻ sRRee$an *(nn),* station; എന്ത് സ്റ്റേഷൻ, റെയിൽവേ സ്റ്റേഷനോ, പോലീസ് സ്റ്റേഷനോ?

ഹംസം haMsaM *(nn),* swan; അവൾ ഹംസത്തിന്റെ ചിത്രം വരച്ചു

ഹജ്ജ് hajjə *(nn),* pilgrimage to mecca; അവർ ഹജ്ജിന് പുറപ്പെട്ടു

ഹഠയോഗം haThayoogaM *(nn,comp),* kind of tough yoga; അദ്ദേഹത്തിന് ഹഠയോഗം ചെയ്യാനറിയാമായിരുന്നു

ഹതഭാഗ്യൻ hatabhaagyan *(adj),* unlucky person; അയാൾ ഒരു ഹതഭാഗ്യനാണ്

ഹന്ത hanta *(int),* alas; ഹന്ത താഴുന്നു, താഴുന്നു

ഹരി hari *(nn),* vishnu; ഹരിഹരപുത്രനായ അയ്യപ്പന്റെ സന്നിധിയിൽ ധാരാളം പേർ പോകുന്നു

ഹരിക്ക് harikkə *(vt)*, divide; അവർ ഹരിച്ച് ഗുണിച്ച് എണ്ണം നോക്കി

ഹരിണി hariNi *(nn)*, deer; സിംഹത്തിന്റെ ഗുഹയിൽ ഒരു ഹരിണി പോയത് പോലെ

ഹരിത harita *(adj)*, green; ഹരിത ഭൂമിയിലൂടെ ഞങ്ങൾ നടന്നു

ഹരിതവിപ്ലവം haritaviplavaM *(nn,comp)*, green revolution; ഹരിതവിപ്ലവം നടന്നതിനു ശേഷം ഭക്ഷ്യ ക്ഷാമം കുറഞ്ഞു

ഹർജി haRji *(nn)*, suit; സുപ്രീം കോടതിയിൽ ഒരു ഹർജി ഫയൽ ചെയ്തു

ഹർത്താൽ haRttaal *(nn)*, harthal; ഇവിടെ ഹർത്താൽ ആചരിക്കുന്നു

ഹർമ്മ്യം haRmmyaM *(nn)*, palace; കൃഷ്ണദേവരായർ ഹമ്പിയിൽ ഒരു ഹർമ്മ്യം പണിതു

ഹർഷ haR$a *(adj)*, pertaining to joy or happiness; അവൾ ഹർഷബാഷ്പം തൂകി

ഹൽവാ halvaa *(nn)*, sweetmeat; അമ്മ ഹൽവാ ഉണ്ടാക്കി

ഹവിൽദാർ havildaaR *(nn)*, havildar; അയാൾ പോലീസിൽ ഒരു ഹവിൽദാറാണ്

ഹവ്വ havva *(nn)*, eve; ആദം ഹവ്വയോടു കൂടി ജീവിച്ചു

ഹസിക്ക് hasikkə *(vi)*, laugh by ridicule; അയാളെ എല്ലാവരും ഹസിച്ചു

ഹാജർ haajaR *(nn)*, presence; അയാൾ ഹാജർ വിളിച്ചു

ഹാജി haaji *(nn)*, one who has performed Haj; അയാൾ ഹാജിയായി തീർന്നു

ഹാനി haani *(nn)*, destruction; മൃഗങ്ങൾക്ക് ഹാനി സംഭവിച്ചുകൊണ്ടിരിക്കുന്നു

ഹാർദ്ദം haaRddaM *(nn)*, affection; അവർ ഹാർദ്ദികമായി അതിഥികളെ സ്വീകരിച്ചു

ഹാർമോണിയം haRmooNiyaM *(nn)*, musical instrument; അയാൾക്ക് നന്നായി ഹാർമോണിയം വായിക്കാനറിയാം

ഹാസം haasaM *(nn)*, laughter; അയാളുടെ ഉഗ്രമായ ഹാസം സ്ഥിരമായി

ടിവയിൽ വന്നു കൊണ്ടിരുന്നു

ഹാസ്യ haasya *(adj)*, humourous; ഹാസ്യകൃതികൾ എഴുതിയ ഇ.വി.കൃഷ്ണപിള്ളയെ ജനങ്ങൾ എന്നും സ്മരിക്കുന്നു

ഹിംസ hiMsa *(nn)*, violence; ഹിംസ അരുത് ബുദ്ധൻ പറഞ്ഞു

ഹിംസ്രം hiMsRaM *(nn)*, wild animals; ഹിംസ്രമൃഗങ്ങൾ കാട്ടിൽ ധാരാളമുണ്ട്

ഹിത hita *(adj)*, desired; ഹിതമായ മറുപടി പറയുക

ഹിന്ദു hindu *(nn)*, Hindu; അയാൾ ഹിന്ദുവാണ്

ഹിപ്പി hippi *(nn)*, member of a sect of young folk with a gipsy character; അയാൾ ഹിപ്പിയെപ്പോലെ നടക്കുന്നു

ഹിമം himaM *(nn)*, snow; ഹിമം തൂങ്ങുന്ന രാത്രികൾ മനോഹരമാണ്

ഹിമപാതം himapaataM *(nn)*, avalanche; ഹിമപാതം കൊണ്ട് അതു വഴിയുള്ള യാത്ര ദുഃസ്സഹമായി തീർന്നു

ഹിമവാൻ himavaan *(nn)*, mount Himalaya; ഹിമവാന്റെ മടിത്തട്ടിലൂടെ ഞങ്ങൾ നടന്നു

ഹീന hiina *(adj)*, mean; വളരെ ഹീനമായ പെരുമാറ്റമാണ് അയാളുടേത്

ഹീനവൃത്തി hiinavRtti *(nn,comp)*, mean action; അയാൾ പല ഹീനവൃത്തികളും ചെയ്തു

ഹുക്കാ hukkaa *(nn)*, hookah; അയാൾ ഹുക്കാ വലിച്ചു

ഹുങ്ക് huŋkə *(nn)*, arrogance and pride; അവന്റെ ഹുങ്ക് അസ്തമിച്ചു

ഹുണ്ടി huNTi *(nn)*, cash collection box; അയാൾ ഒരു ഹുണ്ടിയിൽ പണമിട്ടു

ഹൂറി huRi *(nn)*, nymph of the muhammedan paradise; അവൾ ഒരു ഹൂറിയാണ്

ഹൃദയം hRdayaM *(nn)*, heart; അവളുടെ ഹൃദയം നിർമലമാണ്

ഹൃദ്രോഗം hRədrogaM *(nn,comp)*, heart disease; ഹൃദ്രോഗം ബാധിച്ച അയാളെ ശസ്ത്രക്രിയയ്ക്ക് വിധേയനാക്കി

ഹെക്ടർ hekəTaR *(nn)*, hectare; ഒരു ഹെക്ടർ സ്ഥലത്ത് റബ്ബർ നട്ടു

ഹേതു heetu *(nn)*, cause motive; എന്താണ് ഇതിന്റെ ഹേതു?

ഹേമന്തം heemantaM *(nn)*, winter season; ഹേമന്തത്തിലെ രാത്രികളിൽ മഞ്ഞു പൊഴിയുന്നു

ഹോട്ടൽ hooTTal *(nn)*, hotel; ഞാൻ ഹോട്ടലിൽ നിന്നു ഭക്ഷണം കഴിക്കാറില്ലായിരുന്നു

ഹോമം hoomaM *(nn)*, offering made with fire; അയാൾ ഹോമം നടത്തി

ഹോമിക്ക് hoomikkə *(vi)*, destroy completely by wantoness; അയാളുടെ സമ്പാദ്യങ്ങൾ എല്ലാം അവസാനം ഹോമിച്ചു

ഹോശാന hooSaana *(nn)*, hosanna; അവർ ഹോശാന പാടി

ഹ്രസ്വ hRasva *(adj)*, short; വിദേശത്ത് ഹ്രസ്വമായ ഒരു പഠനത്തിന് ശേഷം അയാൾ തിരിച്ചെത്തി

ഹ്രസ്വദൃഷ്ടി hRsvadR$Ti *(nn,comp)*, short sight; അയാൾക്ക് ഹ്രസ്വദൃഷ്ടിയുണ്ട്

ളോഹ Looha *(nn)*, long cloth worn by christian priests; അദ്ദേഹം ളോഹ ധരിച്ചു

റംസാൻ RaMsaan *(nn)*, month according to muslim calander; റംസാൻ പ്രമാണിച്ച് ഹോട്ടലുകൾ അടച്ചു

റദ്ദാക്ക് Raddaakkə *(vt)*, cancel; അയാൾ ആ തീരുമാനം റദ്ദാക്കി

റബ്ബർ RabbaR *(nn)*, rubber; കുന്നിൽ ചെരുവുകളിലാണ് റബ്ബർ തഴച്ചു വളരുക

റവ Rava *(nn)*, small particles of grains of wheat; റവ കൊണ്ടുള്ള പലഹാരങ്ങൾ നന്നായിരിക്കും

റാക്ക് Raakkə *(nn)*, arrack; അയാൾ റാക്കു കുടിച്ചു

റാഞ്ച് Raa~cə *(vt)*, snatch away; പരുന്ത് കോഴിക്കുഞ്ഞിനെ റാഞ്ചി

റാട്ട് RaaTTə *(nn)*, spinning wheel; റാട്ടിൽ നൂല് നൂറ്റു

റാണി RaaNi *(nn)*, queen; റാണി രാജാവിനോട് പിണങ്ങി

റാത്തൽ Raattal *(nn)*, pound; ഒരു റാത്തൽ മാംസം മുറിച്ചെടുത്തു

റാന്തൽ Rantal *(nn)*, lantern; അവിടെ ഒരു റാന്തൽ വിളക്കു കത്തുന്നു

റാൻ Raan *(int)*, word uttered as a marker of obedience towards a king; അയാൾ എപ്പോഴും റാൻ മൂളുന്നു

റിക്ഷാ Rik$aa *(nn)*, rickshaw; അയാൾ ഒരു റിക്ഷയിൽ കയറി

റുപ്പിക Ruppika *(nn)*, Rupee; അ ു റുപ്പികയുടെ ഒരു നോട്ടാണിത്

റൂമാൽ Ruumaal *(nn)*, hand kerchief; അവൾ റൂമാൽ കൊണ്ട് മുഖം തുടച്ചു

റെയിൽവേ Reyilve *(nn)*, railway; ഈ റെയിൽവേ സ്റ്റേഷനിൽ ട്രെയിൻ നിർത്തില്ല

റെയ്സർ RaisaR *(vt)*, razor; അയാൾ റെയ്സർ കൊണ്ട് താടിവടിക്കുന്നു

റേഡിയോ ReeDiyo *(nn)*, radio; റേഡിയോയിൽ വാർത്തകൾ കേൾക്കുന്നു

റൊട്ടി RoTTi *(nn)*, bread; അയാൾ റൊട്ടി ഭക്ഷിച്ചു

റോന്ത് Roontə *(nn)*, patroling; പോലീസുകാർ എപ്പോഴും റോന്തു ചുറ്റുന്നു

റോസ് Roosə *(nn)*, rose; റോസ്നിറമുള്ള പുഷ്പങ്ങൾ അവനിഷ്ടമായിരുന്നു

റൌക്ക Raukka *(nn)*, kind of old fashioned female jacket; അവർ റൌക്ക ധരിച്ചിരുന്നു

WITH BIDIRECTIONAL-CD